# ക്രിസ്തുവിന്റെ

# ചരമകാലം

മല്ലനാട്ട് ജോൺ

BRARY
GALORE

# THE

# LAST DAYS OF CHRIST.

BY

*ANTONY JOHN, B. A., MAYYANAD.*

# ക്രിസ്തുവിൻെറ ചരമകാലം.

മയ്യനാട്ടു് എ. ജോൺ, ബി. എ.

HOUSE OF STUDIES. T.O.C.D. MANGALORE
DHARMARAM COLLEGE LIBRARY, BANGALORE. 2144
DEFINITORY T.O.C. CALICUT No. 4007 LIBRARY.

MANNANAM
PRINTED AT THE ST. JOSEPH'S PRESS.
1935.

As. 12.) (൧൨ ണ.

K04
M455

# മുഖവുര.

ക്രിസ്തുവിന്റെ ജീവിതത്തിലെ അവസാനദിവസങ്ങളിലെ സംഭവങ്ങൾ പൂർണ്ണമായും വിശദമായും വിവരിക്കുന്ന ഈ പുസ്തകം എന്റെ 'ശ്രീയേശുക്രിസ്തു' എന്ന ജീവചരിത്രത്തിലെ ഒടുവിലത്തെ അദ്ധ്യായങ്ങളെ പ്രത്യേകമായി അച്ചടിപ്പിച്ചിട്ടുള്ളതാണ്. അതിലെ ഒന്നാം അദ്ധ്യായംമുതൽ ൨൮-ാമത്തേതുവരെയു ള്ള ഭാഗം സംക്ഷേപിച്ചതാണ് ഇതിലെ ഒന്നാമത്തെ അദ്ധ്യായം. സ്തുചരിതത്തിൽ ഏററവും ഹൃദയസ്പൃശ്കമായ ഈ ഭാഗം ഇങ്ങ നെ പ്രത്യേകം ഒരു പുസ്തകമായി പ്രസിദ്ധപ്പെടുത്തുന്നത് അനു തമായിപ്പോവുകയില്ലെന്നു വിശ്വസിക്കുന്നു.

മയ്യനാട്, }
22- 2- '35. }

ആന്റണി ജോൺ.

---

**Imprimatur.**

† JAMES KALACHERRY,
Bp. of Changanacherry.

*Changanacherry,* }
*2— 3— 1935.* }

XXVI . 150
വ ന്ന



HOUSE OF STUDIES. T.O.C.D. MANGALORE

# ക്രിസ്തുവിന്റെ ചരമകാലം.

## അദ്ധ്യായം ൧.

### ചരമഘട്ടംവരെയുള്ള ജീവിതകഥാസംക്ഷേപം.

ഏഷ്യാ ഭൂഖണ്ഡത്തിന്റെ വടക്കുപടിഞ്ഞാറെ ഭാഗത്തു സ്ഥിതിചെയ്യുന്ന പലസ്തീനാരാജ്യത്തിൽ യൂദയാ ദേശത്തു ബെത്ലേം എന്ന നഗരത്തിന്റെ പ്രാന്തത്തിൽ കാലിത്തൊഴുത്തായി ഉപയോഗിക്കപ്പെട്ടിരുന്ന ഒരു ഗുഹയിൽ 19 ശതവൎഷങ്ങൾക്കുമുമ്പ് ലോകോദ്ധാരകനായ ശ്രീയേശുക്രിസ്തു ഭൂജനനംചെയ്തു. യേശുവിന്റെ മാതാവായ കന്യകാമേരി പൂൎണ്ണഗൎഭിണിയായിരുന്നപ്പോൾ സ്വഭൎത്താവായ ജോസഫിനോടൊരുമിച്ച് റോമാസാമ്രാജ്യമൊട്ടുക്കുള്ള ഒരു ജനസംഖ്യക്കണക്കെടുപ്പു പ്രമാണിച്ചു സ്വദേശമായ ഗലീലേയായിലെ നസറെത്ത് എന്ന ഗ്രാമംവിട്ടു സ്വവംശസ്ഥാപകനായ ദാവീദ് രാജാവിന്റെ ആസ്ഥാനമായിരുന്ന പ്രസ്തുത പട്ടണത്തിൽ വന്നുചേരുന്നതിനു സംഗതിയായി. ആസന്നപ്രസവയായിരുന്ന ആ സാധ്വീമണിക്കു അവിടെ മറ്റുയാതൊരു അഭയസ്ഥാനവും ലഭിക്കായ്കയാലത്രെ കന്നുകാലികളുടെ വിശ്രമസ്ഥലമായിരുന്ന മേൽപറഞ്ഞ ഗുഹയെ അവർ ശരണീകരിക്കുന്നതി

നും അവിടെവെച്ച് ലോകോത്തരസമ്രാട്ടായ ഈശ്വരസുതനെ പ്രസവിക്കുന്നതിനും ഇടയായതു്.

യേശുവിന്റെ ഗർഭോത്ഭവവും ഭൂജനനവും പ്രകൃത്യതീതമായ വിധത്തിലായിരുന്നു. മേരിയുടെയും ജോസഫിന്റെയും ഗൃഹസ്ഥാശ്രമജീവിതത്തിനു ഒരു അനന്യസാധാരണത്വമുണ്ടായിരുന്നു; അവർ ആജീവനാന്തം ബ്രഹ്മചര്യം അനുഷ്ഠിച്ചിരുന്നു. ദൈവത്തിൽനിന്നു, കന്യാത്വത്തിനു ഭംഗംവരാതെ, അത്ഭുതകരമായിട്ടായിരുന്നു മേരിക്കു ഗർഭാധാനമുണ്ടായതു്. അതുപോലെ, അവരുടെ പ്രസവവും സ്ത്രീസഹജമായ വേദനയൊന്നും കൂടാതെ അത്ഭുതാവഹമായിട്ടായിരുന്നു.

ലോകരക്ഷ ചെയ്യുന്നതിനായി ദൈവം അവതീർണ്ണനായിരിക്കുന്ന സുവിശേഷം മാലാഖാമാർ ബത്‌ലേമിനടുത്തുണ്ടായിരുന്നവെന്ന ഏതാനും ആട്ടിടയന്മാരെ അറിയിക്കുകയും അവർ വന്നു ദിവ്യശിശുവിനെ ആരാധിക്കുകയും പരിചരിക്കുകയും ചെയ്തു. എട്ടാംദിവസം ശിശുവിനു യഹൂദാചാരപ്രകാരമുള്ള ഛേദനകർമ്മം ചെയ്യപ്പെട്ടതോടുകൂടി യേശുവെന്ന അർത്ഥവത്തായ നാമം നൽകപ്പെട്ടു. നാല്പതാംദിവസം ശുദ്ധീകരണാചാരവും നിർവ്വഹിക്കപ്പെട്ടു! ജനനവിവരമറിഞ്ഞു് മൂന്നു പൌരസ്ത്യരാജർഷികൾ വളരെ ദൂരം യാത്രചെയ്തുവന്നു ദിവ്യശിശുവിനെ ആരാധിക്കുകയും ദിവ്യാവതാരത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്തിട്ടു മടങ്ങിപ്പോയി. ലോകജേതാവായ ഒരു രാജാവിന്റെ ജനനത്തെപ്പററി ഈ രാജർഷികളിൽനിന്നു അറിവുകിട്ടിയ ഹേറോദേസ്സ് രാജാവു്, ആ ദിവ്യശിശു ആരാണെന്നു സൂക്ഷ്മമായി അറിയാൻ സാധിക്കാഞ്ഞതിനാൽ, അസൂയയാലും ഭയത്താലും വിവശനായി, ബെത്‌ലേമിലുള്ള സ്തനന്ധയരായ സകല ശിശുക്കളേയും വധിപ്പിച്ചു. ഈ ഖലനായ രാജാവിന്റെ അസുരോദ്ദേശ്യം ദിവ്യവെളിപാടിനാൽ ജോസഫ് മുൻകൂട്ടി അറിഞ്ഞതുകൊണ്ടു ദിവ്യശിശുവും മാതാവുമായി ഈജിപ്തിലേക്കു പലായനം ചെയ്യുകയും അവിടെ കുറേക്കാലം താമസിക്കുകയും ചെയ്തു. ഹേറോദേസ്സിന്റെ മരണശേഷം തിരുക്കുടുംബം സ്വദേശമായ ഗലീലേയായിലേക്കു മടങ്ങിപ്പോയി.

അവിടെ നസറെത്തിൽ യേശു ഒരു സാധാരണശിശുവിനെപ്പോലെ വളർന്നു. അദ്ദേഹത്തിന്റെ ബാല്യവും യൌവ്വനവും മാ

താപിതാക്കന്മാരോടുകൂടി സ്വഭവനത്തിൽ തന്നെ കഴിച്ചുകൂട്ടി. അദ്ദേഹം കേവലം ഒരു ബാലനായിരുന്നപ്പോൾ, പന്ത്രണ്ടാമത്തെ വയസ്സിൽ, യറുശലേം ദേവാലയത്തിൽവച്ചു യഹൂദവേദപണ്ഡിതന്മാരോടു വാദപ്രതിവാദം ചെയ്തു തൻെറ അസാധാരണത്വം പ്രദശിപ്പിച്ചുവെന്നും മുപ്പതാമത്തെ വയസ്സുവരെ വളത്തച്ഛനായ ജോസഫിനോടും 'സഹോദരരാ'യ യൂദാസ്സ്, ജേംസ്സ് തുടങ്ങിയ കൊച്ചമ്മയുടെ മക്കളോടുംകൂടി ആശാരിപ്പണിചെയ്തു ദൃഷ്ടാന്തയോഗ്യമായവിധം കാലയാപനം ചെയ്തുവെന്നുമല്ലാതെ അദ്ദേഹത്തിൻെറ ധമ്മപ്രസ്ഥാനം ആരംഭിക്കുന്നതുവരെയുള്ള ജീവിതത്തെപ്പററി നമുക്കു വിശ്വാസയോഗ്യമായി യാതൊന്നും അറിയാൻ പാടില്ല.

യേശുവിൻെറ സമകാലികനായി യോഹന്നാൻ എന്നൊരു അവധൂതനുണ്ടായിരുന്നു. അദ്ദേഹത്തിൻെറ മാതാപിതാക്കന്മാരായ എലിസബെത്തും സഖരിയായും കന്യകാമറിയത്തിൻെറ ചാർച്ചക്കാരായിരുന്നു. യേശുവിനേക്കാൾ ആറുമാസത്തെ മൂപ്പുണ്ടായിരുന്ന അദ്ദേഹം ചെറുപ്പംമുതലേ വാനപ്രസ്ഥാശ്രമം അവലംബിക്കുകയും ഭഗവാൻ ദിവ്യോദ്യോഗം ആരംഭിക്കുന്നതിനു മുമ്പായി അതിനു മുന്നോടിയായി യോർദാൻ നദീതീരത്തു പ്രത്യക്ഷനായി ജ്ഞാനസ്നാപനപ്രസ്ഥാനത്താൽ തൻെറ പിൻഗാമിയായ ആ മഹാപുരുഷനുവേണ്ടി മാഗ്ഗസജ്ജീകരണം ചെയ്യുകയും ചെയ്തു.

ക്രിസ്തു മററുള്ളവരോടൊപ്പം യോഹന്നാനാൽ ജ്ഞാനസ്നാപനം ചെയ്യപ്പെട്ടശേഷം തൻെറ ദിവ്യോദ്യോഗനിവ്വഹണത്തിൻെറ പ്രാരംഭമായി നാല്പതു ദിവസം മരുഭൂമിയിൽ ഉപവസിച്ചും ഏകാന്തധ്യാനനിരതനായും ജീവിച്ചു. അവിടെവച്ചുണ്ടായ പിശാചിൻെറ ശക്തിമത്തായ പ്രലോഭനങ്ങളെ അദ്ദേഹം നിശ്ശേഷം ജയിക്കുകയും നരകസാമ്രാജ്യത്തിൻെറ അധഃപതനം അസന്നിഗ്ദ്ധമായി പ്രഖ്യാപനം ചെയ്യുകയുംചെയ്തു. ഈ ഉപവാസത്തിനും തപസ്സിനും ശേഷം, ഒരു ദിവസം യോഹന്നാൻ സ്വശിഷ്യന്മാരോടുകൂടി യോർദാൻ നദീതീരത്തുവച്ച് യേശുവിനെ കാണുകയും ആ പരമപുരുഷൻെറ ദിവ്യത്വം അവക്കു വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. അതനുസരിച്ച് അവരിൽ രണ്ടുപേർ— അൻഡ്രൂവും ജോണും— ക്രിസ്തുവിനെ അനുഗമിച്ചു. ഏതാനും ദിവസങ്ങൾക്കുള്ളിൽ അൻഡ്രൂവിൻെറ

സഹോദരനായ സൈമനും ക്രിസ്തുവിൻെറ ശിഷ്യസംഘത്തിൽ ചേൎന്നു. ഇവർ മൂന്നുപേരും ജനാസറെത്തു തടാകത്തിൻെറ തിരത്തുള്ള മീൻപിടിത്തക്കാരായിരുന്നു. ഇവരിൽ സൈമനെ ദീൎഘനേരം സൂക്ഷിച്ചു നോക്കിക്കൊണ്ടു് ഭഗവാൻ ഇങ്ങനെ പറഞ്ഞു: "നീ യോനാസ്സിൻെറ മകനായ സൈമൻ ആകുന്നു. മേലാൽ നി കേഫാസ്സ്— പീററർ— എന്നു വിളിക്കപ്പെടും." അതായതു, നി സൈമൻ—ഭീരുവും ബലഹീനനുമായ പ്രാവിൻകുഞ്ഞാകുന്നു. എന്നാൽ ഇനിമേൽ നീ കേഫാസ്സ്— പ്രാവിൻെറ അഭയസ്ഥാനമായ പാറപോലെ അഭേദ്യനും ഉറപ്പുള്ളവനുമാകുന്നു. ഇങ്ങനെ അദ്ദേഹം സൈമനിൽ തൻെറ തിരുസ്സഭാമന്ദിരത്തിൻെറ അസ്ഥിവാരമാകാനുള്ള പാറക്കല്ലിനെ പ്രഥമദൃഷ്ടിയിൽ തന്നെ കണ്ടു.

യോർദാൻ നദിതിരത്തുള്ള ഒരു വസതിയിൽ ഈവിധം ക്രൈസ്തവതിരുസ്സഭ സംജാതമായി. ഏറെത്താമസിയാതെ ഫിലിപ്പ് എന്നും നഥാനിയൽ എന്നും രണ്ടുപേർകൂടി ക്രിസ്തുവിൻെറ ശിഷ്യസംഘത്തിൽചേൎന്നു. ഈ അഞ്ചു ശിഷ്യന്മാരോടുകൂടി അദ്ദേഹം നസറെത്തിലുള്ള സ്വഭവനത്തിൽവന്നു. മാതാവു് അവിടെയില്ലെന്നും കാനായിൽ ഒരു വിവാഹയടിയന്തരത്തിൽ സംബന്ധിക്കുവാൻ പോയിരിക്കുകയാണെന്നും അറിഞ്ഞു് അദ്ദേഹം അനുയായികളോടുകൂടി അവിടേക്കുപോയി. കല്യാണവിരുന്നിനു വീഞ്ഞു തികയാതെവന്നപ്പോൾ മാതാവിൻെറ അപേക്ഷയെ അനുസരിച്ചു് അദ്ദേഹം അത്ഭുതകരമായി വെള്ളം വീഞ്ഞാക്കിക്കൊടുത്തു. ഇതു് അദ്ദേഹത്തിൻെറ ദിവ്യതയെ പ്രകാശിപ്പിച്ച ഒന്നാമത്തെ അത്ഭുതമായിരുന്നു.

കാനായിൽനിന്നു മടങ്ങി നസറെത്തിൽവന്നിട്ടു അദ്ദേഹം അവിടെ ഏതാനുംദിവസമേ താമസിച്ചുള്ളു. "അതിൻെറശേഷം അദ്ദേഹം അമ്മയോടും സഹോദരന്മാരോടും ശിഷ്യന്മാരോടുംകൂടി കാഫർനാമിലേക്കുപോയി" (ജോൺ 2- 12.) അവിടെ അദ്ദേഹം ജനങ്ങൾക്കു ധർമ്മോപദേശംചെയ്തും അത്ഭുതങ്ങൾ പ്രവൎത്തിച്ചും കുറച്ചുനാൾ കഴിച്ചുകൂട്ടിയ ശേഷം, പെസഹാപ്പെരുന്നാൾ പ്രമാണിച്ചു, യെരൂശലേമിലേക്കുപോയി. അവിടത്തെ ദേവാലയത്തെ പുരോഹിതന്മാരും വ്യാപാരികളുംകൂടി ഒരു ചന്തസ്ഥലമാക്കി മലിനപ്പെടുത്തിയിരിക്കുന്ന കാഴ്ച യേശുവിനെ അമർ

ഷാകുലനാക്കുകയും അദ്ദേഹം വ്യാപാരികളെയെല്ലാം അധികാരപൂർവ്വം അവിടെനിന്നു വിരട്ടിയോടിക്കുകയുംചെയ്തു. ഇത്തരം ഒരു കൃത്യത്തിന് അദ്ദേഹത്തിന് എന്തു് അധികാരമുണ്ടെന്നു പുരോഹിതന്മാർ ചോദിച്ചതിനു, "ഈ ക്ഷേത്രത്തെ മറിച്ചിട്ടാൽ ഞാൻ മൂന്നുദിവസംകൊണ്ടു് അതിനെ വീണ്ടും ഉയർത്തിനിർത്തും" എന്നു ഭഗവാൻ പറഞ്ഞ മറുപടി അവർ തെററിദ്ധരിച്ചു. ഈ ക്ഷേത്രമെന്നു അദ്ദേഹം പറഞ്ഞതു തൻെറ ശരീരത്തെക്കുറിച്ചാണെന്നു് അവർ മനസ്സിലാക്കാതെ അവരുടെ ജാത്യഭിമാനസ്തംഭമായ അ മഹാദേവാലയത്തെ അദ്ദേഹം നശിപ്പിക്കുമെന്നും മൂന്നുദിവസംകൊണ്ടു പുന:സ്ഥാപിക്കുമെന്നും വമ്പുപറഞ്ഞതായി ധരിച്ചിട്ടു് ഒടുവിൽ ഈ വാക്യത്തെ ഒരു ദൈവദൂഷണമായി വ്യാഖ്യാനിച്ചു് അവർ അദ്ദേഹത്തിൻെറമേൽ അപരാധാരോപണം ചെയ്യുന്നതായി നമുക്കുകാണാം. ഈ പെസഹാപെരുനാൾ സംബന്ധിച്ചു് യെരൂശലേമിൽ താമസിച്ചദിവസങ്ങളിൽ ധർമ്മോപദേശങ്ങൾകൊണ്ടും അത്ഭുതപ്രവൃത്തികൾകൊണ്ടും അദ്ദേഹം ജനങ്ങളുടെ ശ്രദ്ധയെ സമാകർഷിച്ചിരുന്നു. നിക്കോദിമസ്സ് എന്ന സുപ്രസിദ്ധനായ യഹൂദവേദപണ്ഡിതൻ യേശുവുമായി ഒരു രഹസ്യമായകൂടിക്കാഴ്ച നടത്തുകയും അതിൻെറ ഫലമായി ആ ദിവ്യഗുരുവിൻെറ ശിഷ്യത്വപ്രാപ്തിക്കുള്ള ഭാഗ്യം ഭീരുതയാൽ അയാൾക്കുണ്ടായില്ലെങ്കിലും അയാൾ അപ്പോൾമുതൽ ഭഗവാനോടു് അത്യന്തം ഭക്ത്യാദരങ്ങളുള്ളവനായിത്തീർന്നു.

അധികം താമസിയാതെ യേശു യെരൂശലേം നഗരംവിട്ടു് അതിനു ചുററുമുള്ള യൂദയാദേശമൊട്ടുക്ക എട്ടുമാസക്കാലം ധർമ്മപ്രചാരണംചെയ്തു സഞ്ചരിച്ചു. പാപപരിഹാരേച്ഛുക്കളായി തന്നെ സമീപിച്ച അനവധി ജനങ്ങളെ ഈ സന്ദർഭത്തിൽ അദ്ദേഹം സാക്ഷാൽ പരിശുദ്ധാത്മാവിനെക്കൊണ്ടു ജ്ഞാനസ്നാപനംചെയ്തു. സ്നാപകയോഹന്നാൻ അവസാനമായി യേശുവിൻെറ ഈശ്വരത്വത്തിനു സാക്ഷ്യംവഹിച്ചു. അവധൂതനായ ഈ ധർമ്മദൂതനെ ഹെറോദേസ്സ് അന്തിപ്പാസ് തൻെറ ദുർമ്മാർഗ്ഗജീവിതത്തെ അദ്ദേഹം പരസ്യമായി ശാസിച്ചുവെന്ന വിരോധം നിമിത്തം, ബന്ധനസ്ഥനാക്കി കാരാഗൃഹത്തിൽ താമസിപ്പിക്കുകയും കുറെക്കഴിഞ്ഞപ്പോൾ തൻെറ ഭോഗിനിയായ ഹെറോദ്യായുടെ ദുഷ്പ്രേരണയ്ക്കു വശംവദനായി വധിപ്പിക്കുകയുംചെയ്തു.

സ്ഥാപകയോഹന്നാൻെറ ബന്ധനത്തെപ്പററി അറിഞ്ഞപ്പോൾ ക്രിസ്തു ഗലീലേയായിലേക്ക് യാത്രയായി. അദ്ദേഹം ശിഷ്യന്മാരോടുകൂടി സമേരിയാ വഴിയായിരുന്നു യാത്രചെയ്തതു്. സിഖേം പട്ടണത്തിനു സമീപമുള്ള ഒരു കിണററിന്നരികിൽ അദ്ദേഹം വിശ്രമിച്ചുകൊണ്ടിരുന്നപ്പോൾ ഒരു പാപിനിയായ സമേരിയാക്കാരി അവിടെവെള്ളംകോരാൻ വരുകയും അദ്ദേഹവുമായുണ്ടായ സംഭാഷണത്തിൻെറ ഫലമായി അവൾക്കു ഹൃദയപരിവത്തനമുണ്ടായി അപ്പോൾ മുതൽ അവൾ ഭഗവദ്ഭക്തയായിത്തീരുകയുംചെയ്തു. അവളെത്തുടർന്നു അനവധി സമേരിയാക്കാർ ക്രിസ്തുവിൻെറ അനുയായികളായിത്തീർന്നു.

യേശു വഴിമദ്ധ്യേ പലയിടങ്ങളിലും താമസിക്കുകയും പ്രാത്ഥനാലയങ്ങളിൽ പ്രസംഗിക്കുകയുംചെയ്തു. ഒടുവിൽ അദ്ദേഹം സ്വദേശമായ നസറെത്തിൽ വന്നുചേന്നു. അടുത്ത ശബ്ബദ്ദിവസം അദ്ദേഹം അവിടത്തെ പ്രാത്ഥനാലയത്തിൽ പ്രസംഗിച്ചുകൊണ്ടു നിന്നപ്പോൾ ശ്രോതാക്കൾ അദ്ദേഹം അവരുടെ ദൂഷ്യങ്ങളെ തുറന്നു പ്രസ്താവിച്ചതിനാൽ കോപാന്ധരായി, അദ്ദേഹത്തെ തൂക്കിയെടുത്തു അടുത്തുള്ള ഒരു കുന്നിൻെറ മുകളിൽ കൊണ്ടുപോയി അതിൻെറ കിഴക്കാംതൂക്കായ വശത്തുകൂടി നെട്ടം താഴോട്ടു് എറിയുന്നതിനു് ഉദ്യമിച്ചു. എന്നാൽ അവരുടെ ഇടയിൽകൂടി ക്രിസ്തു യഥേഷ്ടം കടന്നു് അദ്ദേഹത്തിനു പോകാനുള്ള വഴിയേ പോയി. അങ്ങനെ, തലചായ്ക്കാൻപോലും ഇടമില്ലാതെ ഭഗവാൻ സ്വദേശികളായ ഈ നസ്രാണികൾ അവജ്ഞാപൂവ്വം തിരസ്കരിച്ച പരിരക്ഷയെ അന്യക്കു പ്രദാനം ചെയ്യുന്നതിനായി പുറപ്പെട്ടു.

നസറെത്തിൽനിന്നു നിഷ്കാസിതനായ യേശു കുറെക്കാലം കാനായിൽ താമസിച്ചു. അവിടെവച്ചു് കാഫർനാമിൽനിന്നു വന്ന ഒരു യഹൂദപ്രഭുവിൻെറ അപേക്ഷയനുസരിച്ചു് അയാളുടെ ആസന്നമരണനായ പുത്രനെ തൻെറ വാക്കിൻെറ ശക്തിയാൽ മാത്രം അദ്ദേഹം സുഖപ്പെടുത്തി. യഥാകാലം ഭഗവാൻ കാനാവിട്ടിട്ടു, ജനാസറെത്തു തടാകത്തിൻെറ തീരപ്രദേശത്തു ആസ്ഥാനം ഉറപ്പിച്ചു. കാഫർനാം കേന്ദ്രമാക്കി അദ്ദേഹം ധമ്മപ്രചാരണം ഊർജ്ജിതമായി ആരംഭിച്ചു. ഒരു ശബ്ബദ്ദിവസം അദ്ദേഹം

ഭൂതബാധിതനായ ഒരുവൻെറ ബാധയെ ഒററ വാക്കുകൊണ്ടു ഒഴിക്കുകയും സൈമൻപീററിൻെറ അമ്മായിയമ്മയുടെ വിഷമജ്വരത്തെ സ്പശനംകൊണ്ടുമാത്രം സുഖപ്പെടുത്തുകയുംചെയ്തു. ഇതിനെത്തുടൎന്നു ശബത്താചാരം അവസാനിച്ചശേഷം രാത്രി ആ ദിവ്യനായ ഭിഷഗ്വരൻെറ അടുക്കൽ അസംഖ്യം രോഗികൾ വരികയും അവരെയെല്ലാം അദ്ദേഹം അത്ഭുതകരമായി രോഗവിമുക്തരാക്കുകയും ചെയ്തു.

അനന്തരം ശിഷ്യന്മാരാൽ അനുഗതനായി ക്രിസ്തു ഗലിലേയാ ഒട്ടുക്കു സഞ്ചരിച്ച്, ജപാലയങ്ങളിൽ പഠിപ്പിക്കുകയും സുവിശേഷം പ്രസംഗിക്കുകയും രോഗികളെ അത്ഭുതകരമായി സുഖപ്പെടുത്തുകയുംചെയ്തു. ഏററവും പാവപ്പെട്ട കുഗ്രാമങ്ങൾപോലും അദ്ദേഹത്തിനു വിട്ടുപോയില്ല. അക്ഷീണമായ സഹനശക്തിയോടും, അന്യാദൃശമായ കരുണയോടും സമബുദ്ധിയോടും എല്ലാവരുടെയും മേൽ ദിവ്യാനുഗ്രഹങ്ങളെ അദ്ദേഹം ധാരാളമായി വഷിച്ചു. അക്ഷയമായ അനുകമ്പയോടെ ഏതു തീരാവ്യാധിക്കാരെയും ഉല്ലാസരാക്കി, അവരുടെ ആത്മശരീരങ്ങളെ ഒന്നുപോലെ ആരോഗ്യസംയുക്തങ്ങളാക്കിയും തൻെറ സാന്നിദ്ധ്യപരിമളം നാനാഭാഗങ്ങളിലും വിസരിപ്പിച്ചും അദ്ദേഹം ഗ്രാമം തോറും സഞ്ചരിച്ചു. ഈ ഘട്ടത്തിലായിരുന്നു യഹൂദന്മാരാൽ അത്യന്തം അവഹേളിക്കപ്പെട്ടിരുന്ന ചുങ്കക്കാരിൽ (Publicans) ഒരുവനായ ലേവിയെ (മാത്യുവിനെ) ദിവ്യഗുരു ശിഷ്യനായി സ്വീകരിച്ചതു്.

ക്രിസ്തു ലോകസേവനം ആരംഭിച്ചിട്ടു കൊല്ലം ഒന്നു തികഞ്ഞു. രണ്ടാമത്തെ പെസഹാകാലം സമീപിച്ചു. ഗലിലേയായിലെ മതപ്രചാരണസംരംഭം തല്ക്കാലം നിറുത്തിവച്ചിട്ട് ഒരു തീൎത്ഥയാത്രാസംഘത്തോടു ചേൎന്നു യേശു യെറുശലേമിലേക്കു പോയി. യഹൂദരുടെ ജാതിയസഭയായ സൻഹെദ്രിമിൻെറ അംഗങ്ങളായ വേദപണ്ഡിതന്മാരും പുരോഹിതന്മാരും, ക്രിസ്തു അവരുടെ അനാചാരങ്ങളെയും അഴിമതികളെയും ശക്തിമത്തായി പ്രതിഷേധിക്കുക പതിവായതുകൊണ്ടു, അദ്ദേഹത്തിൻെറ ഉഗ്രവൈരികളായിത്തീൎന്നിരുന്നു. അവർ അദ്ദേഹത്തിൻെറ പ്രസംഗങ്ങളിലും പ്രവൃത്തികളിലും നിയമവിരുദ്ധമായി എന്തെങ്കിലും കണ്ടുപിടിക്കുന്നതിനു ദത്തശ്രദ്ധരായിരുന്നു. ഒരു ശബത്തുദിവസം

ഭഗവാൻ ബെത്സേദാ എന്ന കുളത്തിൻെറ തിരത്തു ൩൮ കൊല്ലം കിടന്നു കഷ്ടപ്പെട്ടിരുന്ന ഒരു പക്ഷവാതരോഗിയെ അത്ഭുതകരമായി സുഖപ്പെടുത്തി. ഇതിനാൽ ശബത്താചാരത്തെ അദ്ദേഹം അവഗണിച്ചുവെന്നു് ആക്ഷേപിച്ച തൻെറ വൈരികളോടു് 'മനുഷ്യൻ ശബത്തിനു വേണ്ടിയല്ലാ, ശബത്തു മനുഷ്യനു വേണ്ടിയാണു്" എന്നു അദ്ദേഹം സമാധാനം പറഞ്ഞു് അവരുടെ ആചാരനിഷ്കൃഷ്ടയുടെ അൎത്ഥശൂന്യതയെ പ്രസ്പഷ്ടമാക്കി. ഇത്തരത്തിലുള്ള ക്രിസ്തുവിൻെറ ഉത്തരങ്ങൾ അവരുടെ വിരോധത്തെയും കോപത്തെയും വൎദ്ധിപ്പിച്ചു. അവർ അദ്ദേഹത്തെ ഒരു ഭക്തിവിഹീനനും ദൈവദൂഷകനുമായി ഗണിച്ചു. അപ്പോൾ മുതൽ അവർ അദ്ദേഹത്തിനു ജീവഹാനി വരുത്തുന്നതിനു ഐദംപൎയ്യേണ ശ്രമിച്ചുതുടങ്ങി. ദാംഭികരായ ഫരിസ്യരും വേദപണ്ഡിതന്മാരായ സ്ക്രൈബുകളും ലോകായതികന്മാരായ സദ്ദൂച്യരുമായിരുന്നു ഭഗവാൻെറ ഈ ശത്രുക്കളിൽ അഗ്രഗണ്യന്മാർ. അദ്ദേഹം എവിടെപ്പോയാലും— ശിഷ്യന്മാരോടുകൂടി വിജനസ്ഥലങ്ങളിൽ സ്വസ്ഥനായിരിക്കുമ്പോഴും റോഡുകളിലും പാടങ്ങളിലുംകൂടി സഞ്ചരിക്കുമ്പോഴും— ജനതതിയെ അദ്ദേഹവുമായി പിണക്കുന്നതിനു സദാ ഉദ്യുക്തരായ അവരുടെ ചാരന്മാർ അദ്ദേഹത്തിൻെറ പിന്നാലെ ഉണ്ടായിരുന്നു.

പെസ്ഹാ പെരുന്നാൾ കഴിഞ്ഞു് അടുത്ത ശബത്തിവസം ഭഗവാൻ ശിഷ്യന്മാരുമായി ഗലീലേയായിലേക്കു മടങ്ങിപ്പോയി. അവിടെ ശത്രുക്കൾ ഹെറോദേസിൻെറ ആനുകൂല്യത്തോടുകൂടി അദ്ദേഹത്തെ ഉപദ്രവിക്കുന്നതിനു് ഉദ്യമിക്കുകയാൽ അദ്ദേഹം ജനാസറെത്തു തടാകം കടന്നു മറുകരയുള്ള ഫിലിപ്പിൻെറ രാജ്യത്തു തല്ക്കാലത്തേക്കു അഭയം പ്രാപിക്കേണ്ടി വന്നു. ശത്രുക്കളുടെ ക്ഷോഭം ഒരുവിധം ശമിച്ചപ്പോൾ അദ്ദേഹം വീണ്ടും ഗലീലേയായിൽ പ്രത്യക്ഷീഭവിച്ചു് ജനങ്ങൾക്കു ധൎമ്മോപദേശം ചെയ്യുന്നതിലും രോഗികളെ സുഖപ്പെടുത്തുന്നതിലും വ്യാപൃതനായി. ഒരുദിവസം ഈ വിധം ധൎമ്മശുശ്രൂഷചെയ്തു ക്ഷീണിച്ചു രാത്രി ഒരു മലയിൽ വിശ്രമിക്കാൻ പോയി. പ്രഭാതത്തിൽ തൻെറ ശിഷ്യന്മാരെ അടുത്തു വിളിച്ചുവരുത്തുകയും, "അവരിൽ നിന്നു പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു് അവൎക്കു് അപ്പോസ്തലന്മാർ എന്നു നാമകരണം ചെയ്യുകയും ചെയ്തു." പീററർ, അൻഡ്രൂ, ജേംസ്സു,

ജോൺ, ഫിലിപ്പ്, ബർത്തോലമ്യൂ, മാത്യൂ, ജേംസ്സ്, യൂദാ, തോമസ്സ്, സൈമൺ, യൂദാസ്സ് ഇസ്കാരിയോത്ത് എന്നിവരായിരുന്നു ഈ അപ്പോസ്തലസംഘത്തിലെ പന്ത്രണ്ട് അംഗങ്ങൾ. ഇതിനെത്തുടൎന്ന്, അദ്ദേഹം വിശ്രമിച്ച ചെറുകുന്നിന്റെ മുകളിൽ നിന്നുകൊണ്ടു, തന്റെ തിരുവായ് മൊഴികൾ കേൾക്കുന്നതിനു ദത്തകൎണ്ണരായി താഴെയുള്ള മൈതാനത്തു വന്നുകൂടിയിരുന്ന ജനസഞ്ചയത്തെ അഭിമുഖീകരിച്ചു ഗിരിഗീതയെന്നു സുവിദിതമായിത്തീൎന്നിരിക്കുന്ന ധൎമ്മോപദേശങ്ങളെ പ്രസംഗരൂപേണ പ്രഖ്യാപനം ചെയ്തു.

ഈ പ്രസംഗത്തിനുശേഷം ഭഗവാൻ കാഫർനാമിലേക്കു മടങ്ങിപ്പോയി. ഈ സന്ദൎഭത്തിൽ അദ്ദേഹം തന്നിൽ സംപൂൎണ്ണമായി വിശ്വസിച്ച ഒരു ശതാധിപനായ റോമാക്കാരന്റെ ഭൃത്യനെ അത്ഭുതകരമായി സുഖപ്പെടുത്തി. അധികം താമസിയാതെ കാഫർനാമിൽനിന്നു അദ്ദേഹം മുപ്പതുമൈൽ അകലമുള്ള നായിം എന്ന പട്ടണത്തിലേക്കുപോയി. തന്റെ യശഃസൂൎയ്യൻ അത്യുച്ചത്തിൽ അത്യുജ്ജ്വലമായി പരിലസിച്ചുകൊണ്ടിരുന്ന ഇക്കാലത്ത് ഭഗവാൻ സഞ്ചരിച്ച സ്ഥലങ്ങളിലെല്ലാം വിശ്വാസപൂൎണ്ണവും ഉത്സാഹഭരിതവുമായ ഒരു വലിയ ജനാവലി അദ്ദേഹത്തെ അനുഗമിച്ചിരുന്നു. അദ്ദേഹം നായിം പട്ടണത്തെ സമീപിച്ചപ്പോൾ ഒരു വിധവയുടെ ഏകപുത്രന്റെ പ്രേതം സംസ്കാരത്തിനായി കൊണ്ടുപോകപ്പെടുന്നതുകണ്ട് അനുകമ്പാകുലനായി അവനെ തന്റെ വാക്കിന്റെ ശക്തിയാൽ പുനരുജ്ജീവിപ്പിച്ചു. നായിമിൽ സൈമൺ എന്നു പേരായ ഒരു ഫരിസ്യൻ യേശുവിനെ വിരുന്നിനു ക്ഷണിച്ചു. വിരുന്നുശാലയിൽവച്ചു, ദുൎമ്മാൎഗ്ഗജീവിതംകൊണ്ടു കുപ്രസിദ്ധയായിത്തീൎന്നിരുന്ന മഹാവേശ്യയായ മഗ്ദലേനാമറിയം പശ്ചാത്താപപരവശയായി ആ കരുണാകരനെ ശരണംപ്രാപിക്കുകയും അദ്ദേഹം അവൾക്കു പരിപൂൎണ്ണമായ പാപമോക്ഷം പ്രദാനം ചെയ്യുകയുംചെയ്തു. ആ സമയംമുതൽ അവൾ ക്രിസ്തുവിന്റെ അതിഭക്തയായ ഒരു അനുഗാമിനിയായിത്തീൎന്ന്, അന്യാദൃശമായ ജീവിതപവിത്രതകൊണ്ടും തപോനിഷ്ഠകൊണ്ടും ലോകത്തെ വിസ്മയിപ്പിച്ചു.

ഇതിനകം ക്രിസ്തുവിന്റെ ശത്രുക്കൾ സംഖ്യയിലും ശക്തിയിലും വളരെവൎദ്ധിച്ചു. അപസ്ഥ്പ്ന്മാർ അദ്ദേഹത്തെ സൎവത്ര പിന്തുടൎന്നു. ഇപ്പോൾ മുതലായിരുന്നു അദ്ദേഹം അന്യാപദേശ

ങ്ങൾവഴി ധമ്മോപദേശംചെയ്യ തുടങ്ങിയത്തു. ഒരിക്കൽ അദ്ദേഹം ജനാസറത്തിൻെറ മറുകരയുള്ള ടീരിയായിൽ വിശ്രമിക്കുന്നതിനായി ശിഷ്യന്മാരോടുകൂടി ഒരു വള്ളത്തിൽ കായൽകടന്നപ്പോൾ വള്ളം ഒരു വലിയ കൊടുംകാററിലകപ്പെട്ടു മുങ്ങിപ്പോകാൻഭാവിച്ചു. തത്സമയം അതിൽ ഉറങ്ങിക്കിടന്നിരുന്ന ഭഗവാൻ സംഭ്രാന്തരായ ശിഷ്യന്മാരുടെ സഹായാഭ്യത്ഥന കേട്ടുണന്ന് തൻെറ വാക്കിൻെറ ശക്തിയാൽ ചണ്ഡമാരുതനെ ശമിപ്പിക്കുകയും സമുദ്രത്തെ ശാന്തമാക്കുകയുംചെയ്യു. വള്ളം കരയ്ക്കടുത്തപ്പോൾ ബീഭത്സനായ ഒരു പിശാചഗ്രസ്തൻ യേശുവിൻെറ അടുക്കൽ ഓടിവരുകയും അദ്ദേഹം അവനെ ബാധയിൽനിന്നു വിമോചിപ്പിക്കുകയുംചെയ്യു. അപ്പോൾമുതൽ ഇവൻ ടീരിയായിലെ അപ്പോസ്തലനായി ആ പ്രദേശമൊട്ടുക്കു ക്രിസ്തുധമ്മം പ്രചരിപ്പിച്ചു.

ടീരിയായിൽ തനിക്കു വിശ്രമം സാദ്ധ്യമല്ലെന്നുകണ്ടു യേശു ഉടൻതന്നെ കാഫർനാമിലേക്കു മടങ്ങിപ്പോന്നു. ഒരു യഹൂദപ്രഭുവായ ജയിറസ്സിൻെറ ആസന്നമരണയായ പുത്രിയെ കാണുന്നതിനായി ഭഗവാൻ ഒരു വലിയ പുരുഷാരത്താൽ അനുഗതനായി പോയപ്പോൾ വഴിമദ്ധ്യേവച്ച് രക്തസ്രാവപീഡിതയായ ഒരു രോഗിണി അദ്ദേഹത്തിൻെറ മേലങ്കിയുടെ അററത്തു തൊടുകയും ഉടൻ പരിപൂണ്ണസുഖം പ്രാപിക്കുകയുംചെയ്യു. അദ്ദേഹം ജയിറസ്സിൻെറ വസതിയിൽ എത്തിയപ്പോൾ അയാളുടെ പുത്രി മരിച്ചു കഴിഞ്ഞിരുന്നുവെങ്കിലും അദ്ദേഹം അവളെ പുനരുജ്ജീവിപ്പിച്ചു.

ജയിറസ്സിൻെറ മന്ദിരത്തിൽനിന്നു യേശു തൻെറ ദിവ്യോദ്യോഗനിർവഹണാത്ഥം ഗലീലേയാദേശമൊട്ടുക്ക് ഒരിക്കൽക്കൂടി ചുററിസ്സഞ്ചരിക്കുന്നതിനായി പുറപ്പെട്ടു. ഇതിനുമുമ്പു രണ്ടുപ്രാവശ്യം അദ്ദേഹം ആ നാട്ടിലെ ഏററവും ചെറിയ ഗ്രാമങ്ങളിൽപോലുംപോയി മതം പ്രസംഗിച്ചിരുന്നു. ഇത്തവണയും സ്വദേശമായ നസറത്തിലുണ്ടായ അനുഭവം അദ്ദേഹത്തിന് എത്രയും മമ്മഭേദകമായിരുന്നു. അദ്ദേഹം ആ സ്ഥലം അവസാനമായി വിട്ടുപിരിഞ്ഞു; മററു പട്ടണങ്ങളിലും ഗ്രാമങ്ങളിലും സഞ്ചരിച്ചു ധമ്മപ്രചാരണംചെയ്യു. ഈ പര്യടനം അവസാനിക്കുന്നതിനുമുമ്പ് അദ്ദേഹം അപ്പോസ്തലന്മാരെ സമീപത്തു വിളിച്ച് അവരുടെ അത്യുൽകൃഷ്ടമായ ഉദ്യോഗത്തെയും തൽസംബന്ധമായ ചുമതലക

ളെയും അവരെ സുവ്യക്തമായി ഗ്രഹിപ്പിച്ചിട്ട് അവരെ ഈരണ്ടു പേരായി ഓരോ വഴിക്കു തന്റെ ധൎമ്മദൂതന്മാരായി അയച്ചു.

അപ്പോസ്തലന്മാർ അധികം താമസിയാതെ അവരുടെ ധൎമ്മദൌത്യം നിർവഹിച്ചിട്ടു മടങ്ങിവന്നു. ക്രിസ്തു അവരുമായി ജനാസറത്തു തടാകത്തിന്റെ വടക്കേത്തീരത്തുള്ള വിജനപ്രദേശത്തു വിശ്രമിക്കുന്നതിനായിപ്പോയി. അവിടെ ചെന്നപ്പോൾ ഒരു വലിയ ജനാവലി അദ്ദേഹത്തിന്റെ ചുററും വന്നുകൂടി. ആ ദിവസം മുഴുവനും "അദ്ദേഹം അവരോടു ദൈവരാജ്യത്തെപ്പററി സംസാരിക്കുകയും അവരുടെ ഇടയിലുണ്ടായിരുന്ന രോഗികളെയെല്ലാം സുഖപ്പെടുത്തുകയും ചെയ്തു." നേരം ഇരുട്ടിയപ്പോൾ, അയ്യായിരത്തിൽപരം വരുന്ന ആ ജനസമൂഹത്തിനു ആഹാരമുണ്ടാക്കുന്ന സംഗതി എല്ലാവരെയും വളരെ വിഷമിപ്പിച്ചു. അപ്പോൾ അഖണ്ഡശക്തിയുടെ അവതാരമായ ക്രിസ്തുഭഗവാൻ അവിടെക്കിട്ടിയ അഞ്ചപ്പവും രണ്ടുമീനുംകൊണ്ടു ആ അയ്യായിരം പേൎക്കും സൌഹിത്യപ്രദമായ ഭോജനം നൽകി അദ്ദേഹത്തിന്റെ ദിവ്യത്വം പ്രകാശിപ്പിച്ചു. ആനന്ദഭരിതമായ ജനതതിയുടെ ബഹളത്തെ ഭയന്ന് അദ്ദേഹം ശിഷ്യന്മാരോടു അപ്പോൾതന്നെ ഒരു വള്ളത്തിൽ കയറി ബത്സെയിദായിലേക്കു പോകുന്നതിന് ആജ്ഞാപിച്ചു. പാതിരാത്രി കഴിഞ്ഞുണ്ടായ ഒരു കൊടുങ്കാററിലകപ്പെട്ടു അവരുടെ വള്ളം മുങ്ങിപ്പോകുമെന്നുള്ളദിക്കായി. യേശു അത്ഭുതകരമായി വെള്ളത്തിനുമീതേക്കൂടി നടന്നുചെന്നു വള്ളത്തിൽ കയറി കാററുശമിപ്പിച്ചു അവരെ രക്ഷപ്പെടുത്തി. വള്ളം കാഫർനാമിൽ എത്തി അദ്ദേഹം കരയ്ക്കിറങ്ങിയപ്പോൾ ജനതതി ഉത്സാഹപൂൎവ്വം അദ്ദേഹത്തെ സ്വീകരിച്ചു. അടുത്തദിവസം പ്രാർത്ഥനാലയത്തിൽ വച്ച് അദ്ദേഹം സ്ഥാപിക്കാനിരുന്ന 'ദിവ്യകാരുണ്യം' (കുർബ്ബാന) എന്ന ദിവ്യവരപ്രസാദസ്രോതസ്സിനെ (ക്രൂദാശയെ) പ്രതിശ്രവം ചെയ്തു. തന്റെ മാംസരക്തങ്ങളെ അവൎക്കു നിത്യജീവപ്രദമായ ഭക്ഷണപാനീയങ്ങളായി അദ്ദേഹം പ്രദാനം ചെയ്യുമെന്നു പറഞ്ഞതു് അവൎക്കു ദുർഗ്രഹമായിരുന്നു. അദ്ദേഹം അവരോടു മനുഷ്യമാംസം തിന്നുന്നതിനും മനുഷ്യരക്തം കുടിക്കുന്നതിനും അവശ്യപ്പെടുമെന്നു ധരിച്ച് അവർ ഭയാക്രാന്തരായി അദ്ദേഹത്തെ വിട്ടുപിരിഞ്ഞു. "ഇതിനുശേഷം അദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ഒട്ടുവളരെപ്പേർ അദ്ദേഹത്തിന്റെ സംഘത്തിൽ നിന്നുമാറുകയും അദ്ദേഹത്തെ അനുഗമിക്കാതിരിക്കുകയും ചെയ്തു." അപ്പോസ്തല

ന്മാരിൽ ഒരുവനായ യൂദാസ് ഇസ്കറിയോത്തിൻെറ വിശ്വാസരഹിതമായ അന്തരംഗത്തെ ക്രിസ്തുവിൻെറ ദിവ്യചക്ഷുസ്സ ഈ സന്ദർഭത്തിൽ ദർശിച്ചു. "നിങ്ങളിൽ ഒരുത്തൻ ഒരു പിശാചാകുന്നു" എന്നു അദ്ദേഹം അവനെ ഉദ്ദേശിച്ചു പറഞ്ഞു.

യേശുവിൻെറ മരണത്തിന് ഇനി ഒരു സംവത്സരം മാത്രമേയുള്ളു. ഈ വർഷത്തിൻെറ ആരംഭം അപ്രസന്നവും ആപൽസൂചകവുമായിരുന്നു. അദ്ദേഹത്തിൻെറ ഏററവും കൂടുതൽ ശ്രദ്ധയ്ക്കു വിഷയമായ യൂദേയാനാട്ട് അദ്ദേഹത്തോട് ഏററവും കൂടുതൽ ശത്രുതയോടു വർത്തിക്കുന്നു. "അദ്ദേഹം മേലാൽ അവിടെ സഞ്ചരിക്കുകയില്ല. എന്തെന്നാൽ യഹൂദർ അദ്ദേഹത്തെ കൊല്ലുന്നതിനായി തിരഞ്ഞു." (ജോൺ vii.) യരുശലെമിൽ അദ്ദേഹത്തിനു പ്രവേശനം നിരോധിക്കപ്പെട്ടിരുന്നു. അവിടെ അപ്പോൾ പെസഹാഘോഷം നടക്കുകയായിരുന്നു. എന്നാൽ അദ്ദേഹത്തിനു സ്വജനങ്ങളുടെ ഇടയിൽ ചെല്ലുന്നതിനു നിവൃത്തിയുണ്ടായിരുന്നില്ല. ഗലീലേയാ അദ്ദേഹത്തിൽ നിന്നു പിന്തിരിഞ്ഞുകളഞ്ഞു. കാഫർനാം രോഷാകുലമായി അദ്ദേഹത്തോടു പിറുപിറുത്തു. ഫിലിപ്പിൻെറ രാജ്യത്തിൽകൂടി കടന്നു യോർദാൻെറ മറുകരയുള്ള വിജാതീയരുടെ ഒരു ദേശത്തു അലഞ്ഞുതിരിയുകയല്ലാതെ അദ്ദേഹത്തിനു ഗത്യന്തരമുണ്ടായിരുന്നില്ല. തൻെറ ദിവ്യോദ്യോഗം നിർവ്വഹിക്കപ്പെട്ടതോടുകൂടി താൻ സ്വമേധയാ ശത്രുക്കൾക്കു പിടികൊടുക്കുന്ന ദിവസംവരെ അദ്ദേഹം ഒരു പട്ടണത്തിൽനിന്നു വേറൊരു പട്ടണത്തിലേക്കും, ഒരു വനത്തിൽ നിന്നു വനാന്തരത്തിലേക്കും അവരാൽ വിദ്രാവണം ചെയ്യപ്പെടുന്നതായി നാം കാണുന്നു.

യേശു ഇങ്ങനെ വിജാതീയരുടെ ദേശങ്ങളിൽ പ്രവാസം ചെയ്ത കാലത്ത് അസാമാന്യമായ വിശ്വാസം പ്രദർശിപ്പിച്ച ഒരു കാനാൻകാരിയുടെ മകളെ അത്ഭുതകരമായി സുഖപ്പെടുത്തി. അദ്ദേഹം ഒരുദിവസം ദെക്കാപ്പൊലീസ്സിലുള്ള ഒരു കുന്നിൻചരുവിൽ വിശ്രമിച്ചുകൊണ്ടിരുന്നപ്പോൾ, ജാനപദന്മാരുടെ ഒരു വലിയ സമൂഹം അദ്ദേഹത്തിൻെറ അടുക്കൽ വന്നു. അവരുടെ കൂട്ടത്തിലുണ്ടായിരുന്ന ഒട്ടുവളരെ തീരാവ്യാധിക്കാരെ അദ്ദേഹം സുഖപ്പെടുത്തി. നാലായിരത്തിൽപരം വരുന്ന ആ പുരുഷാരം മൂന്നുദിവസം അദ്ദേഹത്തോടുകൂടി ആ വനാന്തരത്തിൽ താമസിച്ചു. ഭക്ഷ

ണസാധനങ്ങൾ തീൎന്നപോയപ്പോൾ ഭഗവാൻ ഏഴപ്പവും ഏതാനും ചെറിയ മത്സ്യങ്ങളുംകൊണ്ടു അവൎക്കെല്ലാം മൃഷ്ടാന്നമായി അഹാരം കൊടുത്തു.

ഒരുദിവസം അദ്ദേഹം വേറൊരു വനാന്തരത്തിൽവച്ചു, "ഞാൻ, മനുഷ്യപുത്രനായ ഞാൻ ആരാകുന്നുവെന്നാണ് അവർ (ജനങ്ങൾ) പറയുന്നതു?" എന്നു ശിഷ്യന്മാരോടു ചോദിച്ചു. ഇതിനു ലഭിച്ച പ്രത്യുക്തി പരിതാപകരമായിരുന്നു. യേശുവിനെ ഇതുവരെ ഇസ്രായലിൽ ആരും മ്ശിഹായായി അംഗീകരിച്ചിരുന്നില്ലെന്നു അപ്പോസ്തലന്മാർ സംവദിച്ചു. അധികംപേരും അദ്ദേഹം ഒരു പുതിയ ദീൎഘദൎശിയാണെന്നു സങ്കല്പിച്ചു. എന്നാലും ആരുംതന്നെ ആ പുരുഷോത്തമൻ സാക്ഷാൽ ആരായിരുന്നുവെന്നു ഗ്രഹിച്ചില്ല. ഏതാനും മഹത്തായ അത്ഭുതങ്ങൾ അദ്ദേഹത്തിൻെറ മ്ശിഹാത്വത്തെ പ്രഖ്യാപനം ചെയ്തുവെങ്കിലും അവ നൈശാന്ധകാരത്തെ ക്ഷണനേരംമാത്രം പ്രകാശിപ്പിക്കുന്ന ചഞ്ചലമായ മിന്നൽപ്രഭപോലെയായിരുന്നു; യൂദയാദേശമൊട്ടുക്ക് ആ ദിവ്യജ്യോതിസ്സ് ക്രൂരിരുട്ടിൽ പ്രകാശിച്ചു; എന്നാൽ ആ തമോഭാരം അതിനെ അവധാരണം ചെയ്തില്ല.

"നിങ്ങളോ, നിങ്ങൾ ഞാൻ ആരാണെന്നാകുന്നു പറയുന്നത്?" എന്നു യേശു വീണ്ടും ചോദിച്ചു.

ഇതിനു ശൈമൺ പീററർ ഒട്ടും ക്രുസൽക്രുടാതെ എല്ലാവൎക്കും വേണ്ടി മറുപടി പറഞ്ഞു:— "അങ്ങ് ചൈതന്യമൂൎത്തിയായ ഈശ്വരൻെറ കുമാരൻ ക്രിസ്തുവാകുന്നു." വിശ്വാസപൂൎണ്ണമായ ഈ ഉത്തരം കേട്ട ഭഗവാൻ സന്തുഷ്ടനായി ശൈമനോട് ഇപ്രകാരം പറഞ്ഞു: "നീ പീററർ (പാറ) ആകുന്നു. ഈ പാറയിന്മേൽ ഞാൻ എൻെറ സംഘത്തെ സ്ഥാപിക്കും. നരകകവാടങ്ങൾ അതിന് എതിരായി ബലപ്പെടുകയില്ല. സ്വൎഗ്ഗരാജ്യത്തിൻെറ താക്കോലുകൾ നിന്നെ ഞാൻ ഏല്പിക്കും. ഭൂലോകത്തു നീ കെട്ടുന്നതെല്ലാം സ്വർലോകത്തും കെട്ടപ്പെടും; ഭൂലോകത്തു നീ അഴിക്കുന്നതെല്ലാം സ്വർലോകത്തും അഴിക്കപ്പെടും." ഈ വചനങ്ങളാൽ പീറററിനു അപ്പോസ്തലസംഘത്തിൻെറ അദ്ധ്യക്ഷ്യം പ്രദത്തമാവുകയും ക്രിസ്തുവിൻെറ സംഘമാകുന്ന മഹാ മന്ദിരം അദ്ദേഹത്തിൻെറ മേൽ സ്ഥാപിതമാവുകയും ചെയ്തു.

പ്രസ്തുത സംഭവം നടന്ന ഒരാഴ്ചകഴിഞ്ഞു യേശു താബോർ മലയിൽവച്ചു രൂപാന്തരീഭൂതനാവുകയും അപ്പോൾ പീററിനും, ജോണിനും, ജേംസ്സിനും ഭഗവാൻെറ വിശ്വരൂപദർശനമുണ്ടാവുകയുംചെയ്തു. അനന്തരം അദ്ദേഹം കാഫർനാമിലേക്കു മടങ്ങിവന്നു വസന്തകാലമായപ്പോൾ ശിഷ്യന്മാരോടുകൂടി ഉപകാരികാമഹോത്സവം പ്രമാണിച്ചു യെരൂശലേമിലേക്കു പോയി. അവിടെവച്ച് ഒരു വ്യഭിചാരിണിയെ ഏതാനും ഫരിസ്യന്മാർ പിടികൂടി യേശുവിൻെറ അടുക്കൽ കൊണ്ടുവന്ന്, അവൾ കല്ലെറിഞ്ഞു കൊല്ലപ്പെടേണ്ടതാണെന്നു വാദിച്ചപ്പോൾ, പശ്ചാത്താപപരവശയായ അവൾക്കു അദ്ദേഹം പാപവിമോചനം നൽകി, മേലാൽ പാപം ചെയ്യരുതെന്നുള്ള ഉപദേശത്തോടുകൂടി അവളെ വിട്ടയച്ചു.

യേശു പിരിയാദേശത്ത് ഒരു പ്രാവശ്യംകൂടി ധർമ്മപ്രചാരണത്തിന്നായി പര്യടനംചെയ്തുകൊണ്ടിരുന്നപ്പോൾ, ബഥനിയിൽ മേരിയുടേയും മാർത്തായുടേയും സഹോദരനായ ലാസറസ്സ് മരിച്ചുപോയി എന്നുള്ള വിവരം അറിഞ്ഞു, അവിടെപോയി; സഹോദരിമാരുടെ വിശ്വാസപൂർണ്ണമായ അഭ്യർത്ഥനയനുസരിച്ചു അദ്ദേഹം പരേതനെ പുനർജ്ജീവിപ്പിച്ചു കല്ലറയിൽനിന്നു പുനരുത്ഥാപനംചെയ്തു. ഒട്ടധികം യഹൂദർ ഈ അത്ഭുതം കണ്ടിട്ടു യേശുവിൽ വിശ്വസിച്ചു. എന്നാൽ ഈ സംഭവം അറിഞ്ഞു സൻഹെദ്രിൻ മഹാസഭാംഗങ്ങൾ അത്യന്തം പരിഭ്രമിച്ചു. പെസഹാ പെരുന്നാൾ വളരെ സമീപിച്ചിരുന്നു. നാനാഭാഗങ്ങളിൽ നിന്നും അസംഖ്യം ജനങ്ങൾ യെരൂശലേമിലേക്കു പുറപ്പെട്ടുതുടങ്ങി. പുണ്യനഗരിയുടെ ഇത്ര അടുക്കൽ വന്ന് ഇത്തരം ഒരു അത്ഭുതം പ്രവർത്തിച്ചതിൽ ഈ നസ്രായക്കാരൻെറ ഉദ്ദേശ്യമെന്തു? താൻ രാജാവാണെന്നു പ്രഖ്യാപനംചെയ്തിട്ട്, യഹൂദന്മാരെ റോമൻ ഭരണാധികാരികൾക്കു വിപരീതമായി ഇളക്കിവിടുന്നതിന് ഉദ്യമിക്കുകയാണോ? ഏതാദൃശങ്ങളായ ആശങ്കകളാൽ പരിഭ്രാന്തചിത്തരായി അവർ ജാതിയസഭയുടെ ഒരു മഹായോഗം ഉടൻ വിളിച്ചുകൂട്ടി. "എല്ലാവരും നശിക്കുന്നതിനേക്കാൾ എല്ലാവർക്കും വേണ്ടി ഒരു മനുഷ്യൻ മരിക്കുന്നതു നല്ലതാണ്" എന്നുള്ള മഹാപുരോഹിതനായ കൈഫാസ്സിൻെറ അഭിപ്രായം അനുസരിച്ച് യേശുവിനെ വധിക്കുന്നതിനു അ

മഹായോഗം തീർച്ചപ്പെടുത്തി. അപ്പോൾ മുതൽ ആ നിശ്ചയം നടപ്പിൽ വരുത്തുന്നതിനു സൻഹെദ്രിൻ സഭ സർവശക്തികളും ഉപയോഗിച്ചു ശ്രമിച്ചുതുടങ്ങി.

# അദ്ധ്യായം ൨.

## യേശുവിന്റെ വിജയം.

### I.

### യേശു യറുശലേമിൽ പ്രവേശിക്കുന്നു.

(ജോൺ xi. 55-57; xii. 12-19; മാർക്ക് xi. 1-11. ലൂക്ക് xix. 29-44; xxi. 37-38; xxi, 1-11.)

സൻഹെദ്രിൻ സഭാംഗങ്ങൾക്കു യേശുവിനെ യറുശലേമിൽനിന്നു വിദ്രാവണം ചെയ്യാൻ സാധിച്ചുവെങ്കിലും, അവക്കു അദ്ദേഹത്തിന്റെ അപദാനങ്ങളെപ്പററിയുള്ള സ്മരണയേയൊ, സംഭാഷണത്തിന്റെ അധികാരവ്യാപ്തതയേയൊ, ഹൃദയാ ഒട്ടുക്കു ഇപ്പോൾ സുവിഖ്യാതമായിത്തീർന്നിരിക്കുന്ന നാമധേയത്തെയോ പ്രമാർജ്ജനം ചെയ്യുന്നതിനു കഴിഞ്ഞില്ല. അദ്ദേഹം തന്റെ ചരമമംഗലത്തിലെ ഏതാനും ദിവസങ്ങൾ എഫ്രേം മരുഭൂമിയിൽ കഴിച്ചുകൂട്ടുന്നതിനു പോയശേഷം, അനവധി യഹൂദർ പെസഹാസ്സു മുമ്പായി ശുദ്ധീകരണാർത്ഥം ദേവാലയത്തിൽ വന്നിട്ടുണ്ടായിരുന്നു. അവർ അവിടെയെത്തിയ സമയം മുതൽ അദ്ദേഹത്തെ കാണുന്നതിന് അത്യുൽക്കണ്ഠയോടെ അന്വേഷിച്ചു തുടങ്ങി. അദ്ദേഹം യറുശലേമിൽ ഇല്ലെന്നും, എവിടെയുണ്ടെന്ന് ആക്കും അറിഞ്ഞുകൂടെന്നും മനസ്സിലായപ്പോൾ അവക്ക് അത്യധികമായ നിരാശതയുണ്ടായി.

പ്രക്ഷാളനങ്ങൾക്കായും ബലികമ്മങ്ങൾക്കായും ദേവാലയപ്രമുഖങ്ങളിൽ കൂടിനിന്ന ജനാവലിയുടെ സംഭാഷണം മുഴവനും ആ യുവദീഘദശിയെപ്പററി ആയിരുന്നു.

"നിങ്ങൾ എന്തു വിചാരിക്കുന്നു, അദ്ദേഹം വരികയി

ല്ലെന്നുള്ളതു പരമാൎത്ഥമെന്നോ?" എന്ന് അവർ പരസ്പരം ചോദിച്ചു.

സൻഹെദ്രിൻസഭക്കാൎക്ക് ഈ സംസാരം കേൾക്കാമായിരുന്നു. അവർ ജനങ്ങളുടെ ഇടയിലുള്ള ക്ഷോഭത്തിന്റെ സ്വഭാവം അതുമൂലം മനസ്സിലാക്കുകയും, ഉത്സവത്തിനു വളരെ ഉപദ്രവകരമായി തീൎന്നേക്കുമായിരുന്ന യേശുവിന്റെ സാന്നിദ്ധ്യം അവിടെ ഇല്ലാതാക്കിയതിൽ കൃതകൃത്യരായി, അവർ സ്വയം അഭിനന്ദിക്കുകയും ചെയ്തു.

അവരുടെ ഈ പ്രമോദം സ്വല്പകാലംമാത്രമേ നിലനിന്നുള്ളു; എന്തെന്നാൽ പെസഹാസ്സു് ഇനി ആറുദിവസം മാത്രമുണ്ടായിരുന്നപ്പോൾ ഭഗവാൻ യറുശലേമിലേക്കു വരുന്നുവെന്നുള്ള വൎത്തമാനം എല്ലായിടത്തും പരന്നു. അന്നു ശബത്‌ദിവസമായതുകൊണ്ടു ജനങ്ങൾക്ക് അദ്ദേഹത്തെ എതിരേല്ക്കുന്നതിനായി പട്ടണത്തിനു വെളിക്ക് ഓടിയെത്താൻ കഴിഞ്ഞില്ല; എന്നാൽ സൂൎയ്യാസ്തമയമായതോടുകൂടി ശബദ്സ്വസ്ഥത അവസാനിക്കുകയാൽ അനേകംപേർ ബഥനിവരെ പോയി. "അവർ അവിടെ പോയതു യേശുവിനെ ഉദ്ദേശിച്ചു മാത്രമായിരുന്നില്ല; പിന്നെയോ, ലാസറസ്സിനെ ഉദ്ദേശിച്ചുമായിരുന്നു". മരിച്ചു കല്ലറയിൽ സംസ്കരിക്കപ്പെട്ടശേഷം അവിടെനിന്നു പുനരുത്ഥാപിതനായ ആ മനുഷ്യനെ കാണുന്നതിനു് അവൎക്കു സീമാതീതമായ കുതൂഹലമുണ്ടായിരുന്നു. അവർ അവനെ കണ്ടു സംതൃപ്തരും വിസ്മയവിവശരുമായി; യേശുവിന്റെ വാക്കിന്റെ ദിവ്യശക്തിക്കു വിധേയരായി അതു രാത്രിതന്നെ അവർ അദ്ദേഹത്തിൽ പൂൎണ്ണവിശ്വാസത്തോടുകൂടി യറുശലേമിൽ മടങ്ങിവന്നു. അവരുടെ കൂട്ടത്തിൽ ഏതാനും പ്രമുഖന്മാരുമുണ്ടായിരുന്നു. ഈ വസ്തുത സൻഹെദ്രിൻസഭാംഗങ്ങളിൽ സവിശേഷമായ നീരസം ഉളവാക്കി. മഹാപുരോഹിതന്മാരും, വിശേഷിച്ചു മരിച്ചവരുടെ പുനരുത്ഥാപനത്തിൽ വിശ്വാസരഹിതരായ സദ്ദൂച്യരും ഈ പ്രമുഖന്മാർ ഏതാദൃശമായ ഒരു പ്രക്ഷോഭണത്തിനു കാരണക്കാരായതിൽ അത്യന്തം കോപവശരായി. അവരുടെ ബുദ്ധിയിൽ ഇതിനു് ഒരു അവസാനമുണ്ടാക്കുന്നതിനു് ഒരു മാൎഗ്ഗമേ തോന്നിയുള്ളു. അതു് ആ പുനരുജ്ജീവിപ്പിക്കപ്പെട്ട മനുഷ്യന്റെ നിഗ്രഹമായിരുന്നു; അതു നിൎവ്വഹിക്കുന്നതിനു് അവർ തീൎച്ചപ്പെടുത്തുകയും ചെയ്തു. എന്നാൽ വിഷമതരമായ കൃത്യാന്തരങ്ങൾ അവൎക്കു ഉടൻ നേരിട്ടു.

അടുത്തദിവസം യേശു വിശുദ്ധനഗരത്തിൽ പ്രവേശിക്കുമെന്നു ള്ള വർത്തമാനം സർവ്വവിദിതമായി. ഈ വാർത്ത കേട്ടു, ജനങ്ങൾ ആസകലം ഇളകിവശായി; എല്ലാവരും ഭഗവാനെ സ്വീകരിക്കുന്നതിനുവേണ്ട ഒരുക്കങ്ങൾ ചെയ്തു.

യേശു യഥാനിശ്ചയം അടുത്തദിവസം യരൂശലേമിലേക്കു യാത്ര തുടരുന്നതിനായി തന്റെ മിത്രങ്ങളുടെ വസതി വിട്ടു. അദ്ദേഹം രാജപാതയിൽ കൂടി പോകാതെ ഒലിവസ്സലയെ ബഥനിയുമായി യോജിപ്പിക്കുന്ന കുന്നുംപ്രദേശത്തെ കടന്നുപോകുന്ന ഒററടിപ്പാതയെ അവലംബിച്ചു. ഗ്രാമവീഥികൾക്കു സാന്ദ്രഛായയെ പ്രദാനംചെയ്യുന്ന ദീർഘങ്ങളായ താലവൃക്ഷപംക്തികളുടെ ഇടയിൽകൂടി കടന്നുചെന്നപ്പോൾ, ഭഗവാൻ വലത്തുഭാഗത്തു സ്വല്പം അകലെയായി അങ്ങുമിങ്ങും അത്തിവൃക്ഷങ്ങൾ നിൽക്കുന്ന കൽപ്രദേശങ്ങളുടെ മദ്ധ്യത്തു ഫലപൂർണ്ണങ്ങളായ മുന്തിരിത്തോട്ടങ്ങളാൽ സംവരണം ചെയ്യപ്പെട്ട ബെത്ഫെജ് (അത്തിനികേതം) എന്ന സ്ഥലം കണ്ടു. അദ്ദേഹവും അനുചരസംഘവും അവിടെ നിന്നിട്ട്, രണ്ടു ശിഷ്യന്മാരെ മുമ്പോട്ടയച്ചു.

"നമ്മുടെ മുമ്പിൽ കാണുന്ന ആ ഗ്രാമത്തിൽ ചെല്ലുക. നിങ്ങൾ അവിടെ ചെല്ലുമ്പോൾ, ഇതിനുമുമ്പു ആരും കയറിയിട്ടില്ലാത്തതായ ഒരു കഴുതയേയും അതിന്റെ കുട്ടിയേയും കാണും. അവയെ അഴിച്ച് എന്റെ അടുക്കൽ കൊണ്ടുവരുവിൻ. 'നിങ്ങൾ എന്തുചെയ്യുന്നു?' എന്നു നിങ്ങളോട് ആരെങ്കിലും ചോദിക്കുന്നുവെങ്കിൽ, 'സ്വാമിക്ക് അവയെ ആവശ്യമുണ്ട്' എന്നു പറയുക; ഉടൻ അവർ അവയെ വിട്ടയക്കും," എന്ന് അദ്ദേഹം പറഞ്ഞു.

യേശു പ്രവചിച്ചതുപോലെ തന്നെ എല്ലാം സംഭവിച്ചു; അവിടെ ഒരു ഊടുവഴിയിൽ ഒരു പെൺകഴുതയെ അതിന്റെ കുട്ടിയോടുകൂടി കെട്ടിയിരിക്കുന്നതു് അവർ കണ്ടു. അവർ അവയെ അഴിച്ചു. "നിങ്ങൾ എന്തു ചെയ്യുന്നു?" എന്നു സമീപസ്ഥരിൽ ചിലർ ചോദിച്ചു; അപ്പോൾ അവർ യേശു നിർദ്ദേശിച്ച സമാധാനം പറയുകയും, അവർ അവയെ വിട്ടയക്കുകയും ചെയ്തു.

അവർ മടങ്ങിവരുന്നതുവരെ അപ്പോസ്തലന്മാർ അക്ഷമരായി കാക്കുകയായിരുന്നു. ഇസ്രായൽരാജകുടുംബത്തിലെ പ്രത്യേക വാഹനമൃഗമായിരുന്ന കഴുതയെത്തന്നെ തങ്ങളുടെ ഗുരുവും വാഹനമാക്കാൻ ഒരുങ്ങുന്നതു വിജയസൂചകമാകുന്നുവെന്ന

വിചാരിച്ച്, അവർ പ്രമുദിതചിത്തരായി. മ്ശിഹാ പ്രത്യക്ഷനാകുന്നത് ഗർവ്വഭാവുകനായിട്ടായിരിക്കുമെന്നു യഹൂദരുടെ ഇടയിൽ ഒരു പാരമ്പര്യവിശ്വാസമുണ്ടായിരുന്നു.

"അങ്ങനെ അവസാനത്ത്, തൻെറ യാഥാർത്ഥ്യം ഗോപനം ചെയ്യുന്നതിൽ ഇതുവരെ അതിജാഗരൂകനായിരുന്ന നമ്മുടെ ഗുരുനാഥൻ പ്രത്യക്ഷനായി തൻെറ സാമ്രാജ്യം സ്ഥാപിക്കാനുള്ള സമയം സമാഗതമായിരിക്കുന്നു," എന്ന് അവർ മനനം ചെയ്തു.

ഈ ഗലീലേയാക്കാർ കൂലംകഷമായ ആഹ്ലാദത്താലും ഉത്സാഹത്താലും പരവശരായി, തങ്ങളുടെ മേലങ്കികളെ വലിച്ചുകീറി, അവയെക്കൊണ്ട് ആ കഴുതയെ കഴിയുന്നത്ര മോടിയായി അലങ്കരിച്ചു; അനന്തരം അവരുടെ ഗുരുനാഥനെ അതിൻെറ പുറത്തു ഇരുത്തീട്ട്, അദ്ദേഹത്തിൻെറ ചുററും കൂട്ടംകൂട്ടമായിനിന്നു, ജയജയഘോഷങ്ങളും ആർപ്പുവിളികളുംകൊണ്ട് ആകാശമണ്ഡലം മുഖരീകരിച്ചു. "അവരുടെ ഈ പ്രവൃത്തിയിൽ അന്തർഭവിച്ചിരുന്ന പരമാർത്ഥം അവർ അറിഞ്ഞില്ല; എന്നാൽ ഈ സംഗതികളെല്ലാം മുൻകൂട്ടി എഴുതപ്പെട്ടിട്ടുണ്ടായിരുന്നുവെന്നും, അവർ അവയെ നിറവേററുകയാണ് ചെയ്യുതെന്നും യേശു ദിവംഗതനായശേഷം അവർ അനുസ്മരിച്ചു," എന്നു സെയിൻറ് ജോൺ പ്രസ്താവിക്കുന്നു. സഖേരിയാദീർഘദർശി വളരെ പണ്ടേതന്നെ ഇങ്ങനെ പ്രവചിച്ചിട്ടുണ്ടായിരുന്നു:

"സിയോൻെറ പുത്രിയേ, നീ അത്യന്തം സന്തോഷിക്കുക! ഓ! യരുശലേമിൻെറ പുത്രിയേ, നീ സന്തോഷോദ്ഘോഷം മുഴക്കുക! കണ്ടാലും, നിൻെറ രാജാവ് നിൻെറ അടുക്കൽ വരുന്നു; വിനീതനായും ശാന്തനായും അദ്ദേഹം ഒരു കഴുതയുടെയും അതിൻെറ കുട്ടിയുടെയും പുറത്തു കയറി യാത്രചെയ്യുന്നു."

യേശുവും പരിവാരവും യരുശലേമിലേക്കു മന്ദംമന്ദം പുരോഗമനം ചെയ്യുന്നു. ബഥനിയിൽനിന്നു കൂട്ടംകൂട്ടമായി വന്നുകൊണ്ടിരുന്ന ജനങ്ങൾ ശിഷ്യരോടൊപ്പം ആനന്ദഭരിതരാകുന്നു. ചിലർ തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ച്, അദ്ദേഹം നടന്നുപോകേണ്ട വഴിയെ അലങ്കരിക്കുന്നു; മററുചിലർ അത്തി, ഒലിവ് മുതലായ വൃക്ഷങ്ങളിലെ ഇലകൾ നിറഞ്ഞ കൊമ്പുകൾ ഒടിച്ചു വഴിയിൽ നിരത്തിയിടുന്നു. എല്ലാവരും ലാസറസ്സിൻെറ

പുനരുത്ഥാപനം തുടങ്ങിയുള്ള യേശുവിന്റെ അത്ഭുതകരങ്ങളായ അവദാനങ്ങളെ അഹമഹമികയാ കൊണ്ടാടുന്നു.

ഭഗവാൻ പ്രശാന്തഗംഭീരനായി തരണംചെയ്തുകൊണ്ടിരുന്ന ഈ പാത ഒലിവെത്തുഗിരിയുടെ സാനുപ്രദേശത്തെ അതിക്രമിച്ചു, വേഗത്തിൽ അതിന്റെ അഗ്രത്തിൽ എത്തുന്നു. ഇവിടെനിന്നു നോക്കുന്ന ഒരുവന്, അസ്പൃഷ്ടദൃശ്യങ്ങളായ കുല്യകളുടെ മുകളിലായി ഉയൎന്നുനില്ക്കുന്ന അദഭ്രശുഭ്രങ്ങളായ പ്രാകാരങ്ങളാൽ സംവരണം ചെയ്യപ്പെടുന്ന വിശുദ്ധനഗരി പരിപൂൎണ്ണമായി അക്ഷിലക്ഷീഭവിക്കുന്നു. യോർദാനിൽനിന്ന് ഈവഴി വരുന്ന ഒരു പഥികന് ഇപ്പോഴും ഈ കാഴ്ച ആശ്ചൎയ്യജനകമാണെങ്കിലും അക്കാലത്തു് അതു് അവൎണ്ണനീയമാംവണ്ണം വിസ്മയനീയതരമായിരുന്നു; അന്നു യറൂശലേമിനെ അഭിവീക്ഷിക്കുന്ന ഒരുവനു പൗരസ്ത്യലോകത്തെ മഹാത്ഭുതങ്ങളിൽ ഒന്നായിരുന്നു ദൃശ്യമായതു്. പ്രാകാരങ്ങൾ, ഗോപുരങ്ങൾ, കൊത്തളങ്ങൾ ഇവകളാൽ സമാവൃതമായി, പ്രൗഢരമണീയങ്ങളായ പ്രാസാദങ്ങളാലും ഹൎമ്മ്യങ്ങളാലും പരിഭൂഷിതമായി, നിതാന്തചേതോഹരമായി പരിലസിച്ച ഈ നഗരം, അതിന്റെ മഹിമമുഴുവനും ഒരേനോട്ടത്തിൽ സമഗ്രമായി ദൃശ്യമാംവണ്ണം അപശ്ചിമപൂൎവ്വം സുദീൎഘമായി സ്ഥിതിചെയ്തിരുന്നു. ദേവാലയത്തിന്റെ സ്വൎണ്ണമയമായ പടലങ്ങളിലും ശ്വേതശ്ലക്ഷ്ണശിലാനിൎമ്മിതങ്ങളായ പ്രാകാരങ്ങളിലും ആദിത്യകിരണങ്ങൾ പ്രതിഫലിക്കുമ്പോഴുണ്ടാകുന്ന ജാജ്വല്യമാനതയാൽ ദക്ഷിണഭാഗത്തുനിന്ന് അങ്ങോട്ടു നോക്കുന്ന നേത്രങ്ങൾ അന്ധീഭവിക്കുമായിരുന്നു. അതിസുന്ദരമായ ഈ ദൎശനം അപ്പോസ്തലന്മാരുടെ നയനങ്ങൾക്കുണ്ടായപ്പോൾ അവർ ആനന്ദപുളകിതശരീരരായി ഈവിധം ജയജയഘോഷം ചെയ്തു.

"ദാവീദിന്റെസുതൻ വിജയിപ്പതാക!
ജഗദീശന്റെ നാമത്തിൽ ആഗമിക്കുന്ന
ഇസ്രായേൽരാജാവ് അനുഗൃഹീതനായിബ് ഭവിപ്പതാക!
സമാഗതമായിരിക്കുന്ന നമ്മുടെ പിതാവായ ദാവീദിന്റെ
രാജ്യവും അനുഗൃഹീതമായി ഭവിപ്പതാക!
സ്വർലോകത്തിന്റെ അത്യുന്നതസ്ഥാനങ്ങളിൽ
സൎവ്വമംഗളങ്ങളും ശാന്തിയും മഹത്വവും ഭവിപ്പതാക!

ഈ സന്തോഷോദ്ഘോഷങ്ങൾക്കിടയിൽ യേശു മാത്രം തൂഷ്ണീകനായിരുന്നു. അദ്ദേഹം നിന്നു, താൻ മരിക്കാൻപോകുന്ന ആ നഗരത്തെ അവലോകനം ചെയ്തു. സിയോണിനു കൃതഘ്നതയുടെ പരിപൂർണ്ണമായ ഫലം സിദ്ധിച്ചു; ഭഗവാൻ അവളെപ്പററി ഉച്ചത്തിൽ വിലപിച്ചു:

"നിനക്ക് ഇനിയും അവശേഷിച്ചിരിക്കുന്ന ഈ ദിവസത്തിലെങ്കിലും നിനക്കു ശാന്തിയെ പ്രദാനം ചെയ്യാൻ പര്യാപ്തമായതു് എന്താണെന്ന് നീ അറിഞ്ഞിരുന്നുവെങ്കിൽ! എന്നാൽ ഇപ്പോൾ ഇതെല്ലാം നിൻെറ കണ്ണുകളിൽനിന്നു മറയ്ക്കപ്പെട്ടിരിക്കുന്നു. ദൈവം നിന്നെ സന്ദർശിച്ചിരിക്കുന്ന സമയം നീ അറിയാതിരിക്കുന്നതിനാൽ, നിൻെറ ശത്രുക്കൾ നിന്നെ കിടങ്ങുകളെക്കൊണ്ട് ഉപരോധിക്കുകയും, വെളിക്കുപോകാൻ സമ്മതിക്കാതെ എല്ലാവശത്തുംകൂടി ഞെരുക്കുകയും, നിന്നെയും നിൻെറ സന്തതികളെയും നശിപ്പിക്കുകയും, നിൻെറ കുഞ്ഞുങ്ങളെ നിൻെറ മുമ്പാകെ ഇട്ടുതന്നെ ചവുട്ടിമെതിക്കുകയും, നിന്നിൽ ഒരു കല്ലിനുമേൽ ഒരു കല്ലും വച്ചേക്കാൻ സമ്മതിക്കാതിരിക്കുകയും ചെയ്യുന്ന ഒരു സമയം വരും."

ഈ അത്യാഹിതം യേശു അല്ലാതെ വേറെയാരും അപ്പോൾ മുൻകൂട്ടി കണ്ടിരുന്നില്ല. ശിഷ്യന്മാർ അദ്ദേഹം പരിദേവനംചെയ്യുന്നതു കാണുകയും, അദ്ദേഹത്തിൻെറ പ്രവചനങ്ങൾ കേൾക്കുകയും, ക്ഷണനേരം അസ്വാസ്ഥ്യവിഹ്വലരാവുകയും ചെയ്തുവെങ്കിലും, അവരുടെ ഉത്സാഹത്തിനും പ്രമോദത്തിനും ഒട്ടും കുറവുവന്നില്ല. ഭഗവാനെ വ്യാകുലീഭൂതനായും കണ്ണുനീർ ധാരധാരയായി പൊഴിക്കുന്നവനായും അവർ ഇതിനുമുമ്പും പലപ്രാവശ്യവും കണ്ടിട്ടുണ്ടായിരുന്നതുകൊണ്ട് ഇപ്പോൾ അവർക്കു വിശേഷവിധിയായി ഒന്നും തോന്നിയില്ല!

ഈ ഹർഷഘോഷങ്ങളും കോലാഹലങ്ങളും ദാവീദിൻെറ പുത്രൻെറ ആഗമനത്തെ എല്ലായിടവും പ്രസിദ്ധീകരിച്ചു. താഴ്വരയിലുള്ള വീടുകളിൽനിന്നും സമീപസ്ഥലങ്ങളിൽ അടിച്ചിരുന്ന തീർത്ഥയാത്രക്കാരുടെ കൂടാരങ്ങളിൽനിന്നും ഒരു വലിയ ജനസമൂഹം കരങ്ങളിൽ തരുശാഖകൾ വഹിച്ചുംകൊണ്ട്, അദ്ദേഹത്തെ എതിരേല്ക്കുന്നതിന് ഉല്ലാസഭരിതമായി പുറപ്പെട്ടു. അനന്തരം രണ്ടുസംഘങ്ങളും സമ്മേളിക്കുകയും, ഒരുമിച്ചു യറൂശലേമിൽ ഒരു സംഘം രക്ഷാനാഥൻെറ മുമ്പായും, മറേറതു പിമ്പായും, ഹ

രിതവൎണ്ണങ്ങളായ തരുശാഖകളെ ഡോളായിതമാക്കിയും, ഹൊസാന്നാഘോഷങ്ങളാൽ വായുമണ്ഡലം മുഖരിതമാക്കിയും— പ്രയാണംചെയ്യുകയുംചെയ്തു.

"ഹൊസാനാ!" എന്ന് അവർ അനുപദം ഉച്ചൈസ്സരം ഘോഷിച്ചു. പുരുഷാരം നിമിഷംപ്രതി വൎദ്ധിച്ചുവന്നു. സ്തോത്രങ്ങൾ, സ്തവങ്ങൾ, ഗീതങ്ങൾ, ജയജയഘോഷങ്ങൾ, ഇത്യാദി ആൎഭാടങ്ങളാൽ ചിരപ്രതീക്ഷിതമായ തങ്ങളുടെ രാജാധിരാജന്റെ നഗരപ്രവേശത്തെ അവർ യഥാശക്തി മോടിപിടിപ്പിച്ചു.

ഇതെല്ലാം കണ്ടു ഫരിസ്യർ അമ്പരന്നു. ജനങ്ങളുടെ ഈ പ്രക്ഷോഭബഹളങ്ങളെ ആൎക്കു നിയന്ത്രിക്കാൻ കഴിയും? ഒരു മ്ശിഹാ, ദാവീദിന്റെ പുത്രൻ, ഇങ്ങനെ പരസ്യമായി പ്രഖ്യാപിക്കപ്പെടുന്നതിനെപ്പററി റോമൻമാർ എന്തു വിചാരിക്കും? അവൎക്ക് അതു് ഇഷ്ടമായിരിക്കുമോ? ഈ രാജത്വപ്രഖ്യാപനത്തിന്റെ ദുൎന്നിവാരങ്ങളായ ഫലങ്ങൾ നവനവങ്ങളും അനവസിതങ്ങളുമായ രാജദ്രോഹങ്ങളും ബഹളങ്ങളുമല്ലാതെ മറെറന്താണ്? അത്യുത്സാഹവിവശമായിരിക്കുന്ന ഈ ജനതതിയോടു നേരിട്ടിടയുന്നതിനു ധൈൎയ്യപ്പെടാതെ അവർ യേശുവിനെ സമീപിച്ചു, പറഞ്ഞു:

"ഗുരോ! അങ്ങേയുടെ ശിഷ്യന്മാരെ നിയന്ത്രിക്കുക."

"അവർ മൌനം അവലംബിക്കുന്നുവെങ്കിൽ, ഈ കല്ലുകൾപോലും ശബ്ദമുണ്ടാക്കും," എന്നായിരുന്നു യേശുവിന്റെ സമാധാനം.

അനന്തരം അദ്ദേഹം പട്ടണത്തിൽ പ്രവേശിച്ചു. അവിടെ സൎവ്വത്ര ബഹളമായിരുന്നു.

"ഇതു് ആരാകുന്നു?" എന്നു ചിലർ ചോദിക്കുന്നു.

"അതു് നസറെത്തിലെ ദീൎഘദൎശിയായ യേശുവാണ്!" എന്നു മററുചിലർ മറുപടി പറയുന്നു.

"ലാസറസ്സിനെ മരിച്ചശേഷം ഉയിൎപ്പിച്ചതും ശവകുടിരത്തിൽനിന്ന് ഉദ്ധരിച്ചതും അദ്ദേഹമാണെന്ന് ഈ വലിയ ജനസമൂഹം സാക്ഷ്യം നൽകി. അദ്ദേഹം ആ അത്ഭുതം ചെയ്തുവെന്നു കേട്ടറിഞ്ഞതുകൊണ്ടായിരുന്നു അവർ അദ്ദേഹത്തിന്റെ ചുററും കൂട്ടംകൂട്ടമായി വന്നുകൂടിയതു്." (ജോൺ xii, ൧൭—൧൮.)

"കണ്ടാലും, നമ്മെക്കൊണ്ടൊന്നും സാധിക്കുന്നില്ല. ലോ

കം മുഴുവനും വന്നു, അവൻെറ പിന്നാലെ ഓടി എത്തുന്നു!" എന്നു ഫരീസ്യർ പരസ്പരം പറഞ്ഞു.

ഇങ്ങനെ രാജയോഗ്യമായ വിധത്തിൽ ജനങ്ങൾ യേശുവിനെ ദേവാലയഗിരിവരെ അനുഗമിച്ചു. അവിടെവച്ചു ഘോഷയാത്ര അവസാനിച്ചു, ജനങ്ങൾ പിരിഞ്ഞു; എന്തെന്നാൽ അവരെ യാത്രാവേഷത്തിൽ പാദങ്ങളിൽ പൊടിയോടുകൂടി ദൈവാരാധനസ്ഥലത്തു പ്രവേശിക്കുന്നതിനു യഹൂദന്മാർ അനുവദിച്ചില്ല.

അതിനാൽ ഭഗവാൻ ഏകനായി ദേവാലയത്തിൽ പ്രവേശിച്ചു; മൂന്നു വൎഷത്തിനുമുമ്പ് അദ്ദേഹം അവിടെ കണ്ടിരുന്ന കാഴ്ചകൾതന്നെയാണ് ഇപ്പോഴും കണ്ടതു്. അത്യാഗ്രഹവും ലോഭവും ഭക്തിബഹുമാനങ്ങളെ അതിലംഘിച്ചിരുന്നു; പ്രാവുകളുടെ കൂട്ടുകളും, ആടുമാടുകളുടെ പററങ്ങളും, പണവ്യാപാരികളുടെ മേശകളും പൂമുഖങ്ങളെ നിബിഡീകരിച്ചു; ശ്രീകോവിലിൻെറ പരിസരങ്ങൾവരെ അവ വ്യാപിച്ചിരുന്നു. ഈ സന്ദൎഭത്തിൽ, ബലിമൃഗങ്ങളെ വാങ്ങാനുള്ള സമയമായിരുന്നതിനാൽ, വ്യാപാര ബഹളങ്ങൾ സാധാരണയിൽ കവിഞ്ഞു വൎദ്ധിച്ചിരുന്നു.

യേശു "എല്ലാം സൂക്ഷിച്ചുനോക്കി". ഇപ്പോഴത്തേക്ക് അദ്ദേഹം ഒന്നും ചെയ്തില്ല; നേരം വൈകിവരുന്നു; തനിക്ക് ആ പട്ടണത്തിൽനിന്നു വേഗം യാത്രയാകണം. അദ്ദേഹത്തിൻെറ പ്രാബല്യം അനുദിനം വൎദ്ധിച്ചുവരുന്നതു കണ്ടു, സൻഹെദ്രിൻസഭക്കാൎക്ക് അദ്ദേഹത്തോടു സഹിക്കവഹിയാത്ത കോപമുണ്ടായിരുന്നു. പകൽ സമയം അദ്ദേഹത്തോടു വൈരനിൎയ്യാതനത്തിനു് അസൌകൎയ്യമായിരുന്നതിനാൽ രാത്രി വരട്ടെ എന്ന് അവർ വിചാരിച്ചു. പട്ടണം മുഴുവനും ഉറങ്ങിക്കഴിയുമ്പോൾ ഈ നസ്രാണിയെ പെട്ടെന്നു പിടികൂടുന്നതു് ഏററവും സുകരമായിരിക്കും. യേശു ഈ അപകടം മുൻകൂട്ടി കണ്ടു്, അപ്പോസ്തലന്മാരോടുകൂടി ബഥനിയിലേക്കു പോയി.

അദ്ദേഹം ഈ ഗ്രാമംവരെ പോയിരിക്കുമോ? ഇല്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു; ഈ രാത്രിയിലും അടുത്ത മൂന്നു രാത്രികളിലും രക്ഷാനാഥനു ലാസറസ്സിൻെറ വീട്ടിൽ അപൽഭയം കൂടാതെ താമസിക്കാൻ സാധിക്കുമായിരുന്നില്ല; അതു് അപസപ്പ്ന്മാരുടെ പ്രത്യേക ശ്രദ്ധയ്ക്കു വിഷയമായി ഭവിച്ചിരുന്നു. ഏകാന്തവും വിവിക്തവുമായ ഓലിവേത്തു മലയുടെ ഉപത്യകക

ളിൽ അലഞ്ഞു തിരിഞ്ഞിട്ട്, അദ്ദേഹം ശിഷ്യന്മാരാൽ ആവൃതനായി, വെറും നിലത്തെ ശയ്യയാക്കി. അദ്ദേഹത്തിന്റെ സ്വന്തം വചനപ്രകാരം, "മനുഷ്യപുത്രനു തല ചാച്ചാൻ ഇടമില്ലായിരുന്നു."

## II.

### വിശുദ്ധസോമവാരം.

(മാർക്ക് xi. 12-19; മാത്യു xxi. 12-19;
ലൂക്ക് xix, 45-48; ജോൺ xii, 20-50.)

പിറേറ ദിവസം പ്രഭാതത്തിൽ യേശു ബഥനിയുടെ സമീപപ്രദേശത്തുനിന്ന് ശിഷ്യന്മാരോടുകൂടി യറുശലേമിലേക്കു മടങ്ങിവന്നു. തലേരാത്രി ആ വിജനപ്രദേശത്ത് ആഹാരത്തിനു യാതൊന്നും കിട്ടാൻ തരമില്ലാതിരുന്നതിനാൽ അദ്ദേഹം പട്ടിണിയായിരുന്നു; അതുകൊണ്ടു മാൎഗ്ഗമദ്ധ്യേ അദ്ദേഹത്തിനു വലിയ വിശപ്പുണ്ടായി. അദ്ദേഹം കഴിഞ്ഞുപോയ 'വിളകൾ' ഇപ്പോൾ ശൂന്യമായികിടക്കുന്നുവെങ്കിലും, അക്കാലത്തു വൃക്ഷങ്ങളെകൊണ്ടു നിറഞ്ഞിരുന്നു; വഴിയുടെ ഇരുവശങ്ങളിലും വിശേഷിച്ച് അത്തിമരങ്ങൾ നിരന്നു നിന്നിരുന്നു. വളരെ കൊഴുത്ത ധാരാളം ശാഖകളോടും ഇലകളോടും കൂടിയ ഒരു മരം ഒററതിരിഞ്ഞു നില്ക്കുന്നതു് അദ്ദേഹം കണ്ടു. അദ്ദേഹം അതിന്റെ അടുക്കൽ ചെന്ന്, അതിൽ അത്തിപ്പഴങ്ങളുണ്ടോ എന്നു നോക്കി; അതിൽ ഒന്നുപോലും ഇല്ലായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു:

"മേലാൽ ഒരിക്കലും നിന്നിൽ കായ് പിടിക്കാതെ പോകട്ടെ!"

അപ്പോൾമുതൽ ആ അത്തിമരം വാടി ഉണങ്ങിപ്പോകാൻ തുടങ്ങി.

സമ്മാനത്തിനോ ശിക്ഷയ്ക്കോ അർഹമല്ലാത്ത കേവലം ഒരു മരത്തെ സംബന്ധിച്ചാണെങ്കിൽ, ഈ അഭിഷംഗം ആശ്ചൎയ്യകരമായിരിക്കുന്നു: എന്നാൽ അതു ദാംഭികന്മാരെ സംബന്ധിച്ച ഭയങ്കരമായ ഒരു വിധിയായിരുന്നു; അത്തിമരം അവരെ പ്രതിനിധീകരിച്ചതേയുള്ളു. തങ്ങളുടെ ദൗഷ്ട്യത്തെയും കാപട്യത്തെയും ഗോപനം ചെയ്യുന്നതിന്നായി അവർ പുറമേ വലിയ മത

ഭക്തിയും സദാചാരതല്പരതയും ഭാവിക്കുന്നു. യഹൂദജനവർഗ്ഗത്തിന് ആകമാനം ഈ ശാപം പററുന്നതായിരുന്നു. കരുണാനിധിയായ ഭഗവാൻ ഇത്തരം ഒരു കഷ്ടംകൈ ഇതിനുമുമ്പ് ഒരിക്കലും പ്രയോഗിച്ചിട്ടുണ്ടായിരുന്നില്ല; ശഠരായ യഹൂദരിൽ ദൈവഭയം ജനിപ്പിക്കുന്നതിന് ഇത്രയും കാലം ശ്രമിച്ചിട്ടും ഒരു ഫലവുമില്ലെന്നു കണ്ടതിലുണ്ടായ നൈരാശ്യം നിമിത്തം ഇപ്പോൾ അദ്ദേഹം അതിനു നിർബന്ധിതനായതാണ്. ഇപ്പോൾതന്നെയും അദ്ദേഹം മനുഷ്യനോടുള്ള കാരുണ്യാതിരേകത്താൽ അവനെ തൻെറ ശാപത്തിന് വിഷയമാക്കാതെ ബോധരഹിതമായ ഒരു സൃഷ്ട്യന്തരത്തെ അവനു പകരം ബലികഴിക്കുന്നു.

അനന്തരം യരൂശലേമിൽ തനിക്ക് ഒരു കർത്തവ്യകർമ്മം നിർവ്വഹിക്കാനുണ്ടെന്ന് അദ്ദേഹം ഓർമ്മിച്ചു. തലേദിവസം സായാഹ്നത്തിൽ അദ്ദേഹം ദേവാലയത്തിൽ കണ്ട കാഴ്ച അദ്ദേഹത്തെ കോപവശനാക്കിയിരുന്നു; ദേവാലയത്തെ അശുദ്ധപ്പെടുത്തുന്നവരെ ഒരു പ്രാവശ്യംകൂടെ തൻെറ അധികാരം പ്രയോഗിച്ച് പഠിപ്പിക്കണമെന്ന് അദ്ദേഹം അപ്പോൾതന്നെ തീർച്ചപ്പെടുത്തിയിരുന്നു. നേരം പുലർച്ചയായിരുന്നില്ലെങ്കിലും അതിൻെറ വളവുകളെല്ലാം വ്യാപാരികളെയും മൃഗങ്ങളെയുംകൊണ്ടു നിറഞ്ഞുകഴിഞ്ഞു. അദ്ദേഹം മുമ്പൊരു പ്രാവശ്യം ചെയ്തിട്ടുണ്ടായിരുന്നതുപോലെ ഇപ്പോഴും ഒരു ചാട്ടകൊണ്ടു വില്ക്കുന്നവരെയും വാങ്ങുന്നവരെയും അടിച്ചുപായിക്കുകയും, പണമേശകളേയും പ്രാക്കൂടുകളെയും തട്ടിമറിച്ചിടുകയുംചെയ്തു.

"എൻെറ ആലയം പ്രാർത്ഥനാലയം ആകുന്നു, എന്ന് എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ നിങ്ങൾ അതിനെ ഒരു തസ്കരസങ്കേതമാക്കിത്തീർത്തിരിക്കുന്നു," എന്ന് അദ്ദേഹം പറഞ്ഞു.

അദ്ദേഹത്തിൻെറ മുമ്പിൽ ഭയവേപിതരായി, അവർ വിരണ്ടോടി. ദേവാലയത്തിൽ സാർവ്വഭൗമനായി അദ്ദേഹം മാത്രം ശേഷിച്ചു. "ഒരു മനുഷ്യനെയും ഒരു അശുദ്ധമായ പാത്രം വഹിച്ചുകൊണ്ടുപോലും അദ്ദേഹം ദേവാലയത്തിൽ കൂടി കടന്നുപോകാൻ അനുവദിച്ചില്ല." അവിടെനിന്ന് ഇപ്പോൾ ഓടിക്കപ്പെട്ട യഹൂദന്മാർ ദൂരെ എവിടെയോ മറഞ്ഞുവെങ്കിലും കുരുടരും മുടന്തരും അദ്ദേഹത്തിൻെറ അടുക്കൽ വരികയും, അദ്ദേഹം അവരെ സുഖപ്പെടുത്തുകയും ചെയ്തു. ജനസാമാന്യം അദ്ദേഹത്തിൻെറ വചനാമൃതം ആസ്വദിക്കുന്നതിന് അദ്ദേഹത്തി

ന്റെ ചുററും തിങ്ങിക്കൂട്ടുകയും ആനന്ദാത്ഭുതങ്ങളാൽ വിവശരാവുകയും ചെയ്തു.

ഒരു ചന്തസ്ഥലംപോലെ ആരവവും ബഹളവും കൊണ്ടു ശബ്ദായമാനമായിരുന്ന ദേവാലയത്തിലെങ്ങും പെട്ടെന്നു നിശ്ശബ്ദതയും പ്രശാന്തതയും വ്യാപിച്ചു. എല്ലാവരും ചിന്താമഗ്നരായതുപോലെ കാണപ്പെട്ടു. കുട്ടികൾപോലും ആ നൈശ്ചല്യം കണ്ട് അന്ധാളിച്ചുപോയി; എങ്കിലും കഴിഞ്ഞ രാത്രിയിലെ ആ ഘോഷങ്ങളെ അനുസ്മരിച്ച് അപ്പോൾ ക്രിസ്തുവിനെ അധികരിച്ചുണ്ടായ ജയജയഘോഷങ്ങളും നൃത്തഗീതങ്ങളും അവർ ഇപ്പോൾ ആവർത്തിച്ചു.

"ഹൊസാനാ! ദാവീദിന്റെ പുത്രൻ ജയിക്കട്ടെ," എന്ന് ആ ബാലസമൂഹം ഘോഷിച്ചു. അവരുടെ ഈ ബാലയോഗ്യമായ ഘോഷങ്ങൾ ഭഗവാന്റെ ശത്രുക്കളെ കോപിപ്പിച്ചു. അവർ മഹാപുരോഹിതന്മാർ, വേദശാസ്ത്രികൾ, ന്യായാധിപതികൾ തുടങ്ങി എല്ലാവരും—അവിടെ സന്നിഹിതരായിരുന്നു. അവർ സ്പർദ്ധാകലുഷിതവും അത്യുഗ്രവുമായ വീക്ഷണങ്ങൾ അദ്ദേഹത്തിന്റെ നേർക്ക് അയച്ചു. ദൈവത്തിന്റെ ഈ യുവപരിചാരകന്മാർ, അവരുടെ സ്വന്തം കുട്ടികൾ, നസ്രാണിയെപ്പററി സ്തോത്രഗീതങ്ങൾ പാടുന്നതു കേട്ടപ്പോൾ അവർക്ക് അസഹനീയമായ ക്രോധമുണ്ടായി.

"ഇവർ എന്തു പറയുന്നുവെന്നു നീ കേൾക്കുന്നോ?" എന്ന് അവർ യേശുവിനോടു ചോദിച്ചു.

"അതേ, ശിശുക്കളുടെയും മുലകുടിമാറാത്ത കുഞ്ഞുങ്ങളുടെയും അധരങ്ങളിൽനിന്നു പരമമായ സ്തുതി നിർമ്മിച്ചിരിക്കുന്നു," എന്ന് നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ? എന്നായിരുന്നു യേശുവിന്റെ മറുപടി.

യേശു പ്രസ്തുതദിവസം ഇങ്ങനെ കഴിച്ചുകൂട്ടി. അന്നു ഭഗവാൻ ദേവാലയത്തിൽ പ്രത്യക്ഷനായതു മാലാഖയുടെപ്രവചനപ്രകാരം അവിടെ സർവ്വാധിപത്യം പരിപാലിക്കുന്നതിനായിരുന്നു. തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത സംഗതികളാൽ ആശ്ചര്യഭരിതരായി, വിജാതീയരുടെ പൂമുഖങ്ങളിൽ നിന്നിരുന്ന ഏതാനും ഗ്രീക്കുകാർ ഫിലിപ്പിനെ സമീപിച്ച്, ഇങ്ങനെ അപേക്ഷിച്ചു:

"ശ്രീമൻ, ഞങ്ങൾ യേശുവിനെ കാണുന്നതിനാഗ്രഹിക്കുന്നു."

ഈ ജനങ്ങൾ എവിടെനിന്നു വന്നു? അവർക്കു യേശുവിനെ കാണുന്നതിനുള്ള ആവശ്യമെന്തായിരുന്നു? അവർ എഡേസ്സായിലെ രാജാവായ അബ്ഗർ പഞ്ചമൻെറ പ്രതിനിധികളായിരുന്നുവെന്നും, ആ രാജാവു യൂദയായിൽ യേശുവിനെ സംവരണം ചെയ്യുന്ന ആപത്തുകളെപ്പററി അറിഞ്ഞിട്ടു, തൻെറ രാജ്യത്തിൽ അദ്ദേഹത്തിന് അഭയം നൽകാൻ ആഗ്രഹിച്ചുവെന്നും, ഭഗവാൻ പ്രത്യുപകാരമായി അയാളുടെ കുഷ്ഠരോഗം സുഖപ്പെടുത്തുകയും, അയാൾക്ക് ഒരു സന്ദേശം അയക്കുകയും ചെയ്തുവെന്നും, അതു് ഇപ്പോഴും അർമേനിയായിലെ പഴയ രേഖകളുടെ കൂട്ടത്തിലുണ്ടെന്നും ഘോഷിക്കുന്ന ഒരു ഐതിഹ്യമുണ്ട്. ഈ സംഗതികൾ വാസ്തവമാണോ അല്ലയോ എന്നു നിർണ്ണയിക്കാൻ നിവ്വാഹമില്ലെങ്കിലും, ഈ വിദേശീയർ ദൂരസ്ഥമായ ഒരു രാജ്യത്തുനിന്നു വന്ന യഹൂദേതരരാണെന്ന് അവയിൽനിന്നു സ്പഷ്ടമാവുകയാൽ അവ ഇവിടെ പ്രസ്താവയോഗ്യങ്ങളാണ്.

ഫിലിപ്പ്—ഫിലിപ്പിൻെറ ഗ്രീക്കുനാമധേയമായിരിക്കണം അയാളെ സമീപിക്കുന്നതിന് അവരെ ആകർഷിച്ചതു്—എന്തു ചെയ്യണമെന്ന് അറിയാതെ കുഴങ്ങുകയാൽ അൻഡ്രൂവിനോട് ഈ സംഗതിയെ അറിയിച്ചു. അവർ രണ്ടുപേരുംകൂടി രക്ഷാനാഥൻെറ അടുക്കൽ പോയി, ആ വിജാതീയരുടെ നിവേദനം അദ്ദേഹത്തെ ഉണർത്തിച്ചു.

അദ്ദേഹം അവരുടെ വരവിനെ പ്രതീക്ഷിച്ചിരുന്നുവെന്നുള്ളതു് അദ്ദേഹത്തിൻെറ മറുപടി തെളിയിക്കുന്നു:—

"മനുഷ്യപുത്രൻ വാഴ്ത്തപ്പെടാനുള്ള സമയം ആസന്നമായിരിക്കുന്നു."

തൻെറ സാമ്രാജ്യം ലോകമൊട്ടുക്ക് അചിരേണ വ്യാപിപ്പിക്കപ്പെടുമെന്ന് അദ്ദേഹം തദ്ദ്വാരാ സൂചിപ്പിക്കുകയും, അതിൽ തൻെറ ചാരിതാത്ഥ്യം പ്രകാശിപ്പിക്കുകയും ചെയ്തു. എന്നാൽ ഈ വിജയം നേടുന്നതിന് ആവശ്യകമായ തൻെറ പരമമായ പരിത്യാഗത്തെപ്പററി ഓത്തപ്പോൾ സത്വരം സമീപിച്ചുവരുന്ന തൻെറ പീഡാനുഭവവും മരണവും അദ്ദേഹത്തെ അസ്വസ്ഥചിത്തനാക്കി.

"എൻെറ ആത്മാവ് ഇപ്പോൾ അസ്വസ്ഥമായിരിക്കുന്നു.

ഞാൻ എന്തു പറയേണ്ടു?" എന്തു ചെയ്യണമെന്നും പറയണമെന്നും അറിയാതെ അദ്ദേഹം വിഷമിക്കുന്നതുപോലെ നെട്ടവീപ്പിട്ടുകയും, സ്വർഗ്ഗീയസഹായം അഭ്യർത്ഥിക്കുകയും ചെയ്തു.

"പിതാവെ, എന്നെ ഈ വിഷമഘട്ടത്തിൽ രക്ഷിക്കണേ!" ഉത്തരക്ഷണത്തിൽ തൻെറ മാനുഷമായ ബലക്ഷയത്തെ ജയിച്ചിട്ട് അദ്ദേഹം പറഞ്ഞു:

"എന്നാൽ ഞാൻ ഈ വിഷമഘട്ടത്തിനായി വന്നതാണ്. പിതാവെ, അങ്ങേ നാമത്തെ വാഴ്ത്തേണമേ."

ഉടനെ ഉയരെനിന്ന് ഒരു ആകാശവാണി മുഴങ്ങി:—

"ഞാൻ അതിനെ വാഴ്ത്തിയിട്ടുണ്ട്; വീണ്ടും അതിനെ ഞാൻ വാഴ്ത്തുകയും ചെയ്യും."

മുമ്പു യോർദാൻനദിയിലും താബോർമലയിലും വച്ചെന്നതുപോലെ സ്വർഗ്ഗീയപിതാവു തൻെറ സുതൻെറ മഹത്ത്വത്തെ മുൻകൂട്ടി പ്രഖ്യാപനം ചെയ്യുകയായിരുന്നു.

അദ്ദേഹത്തിൻെറ ദിവ്യത്വത്തിൻെറ ഈ ഉപലക്ഷണം അപ്പോൾ അവധാരണംചെയ്യപ്പെട്ടില്ല.

„അതു് ഇടിമുഴക്കമായിരുന്നു," എന്നു ജനതതി നിലവിളിച്ചു; "ഒരു ദൈവദൂതൻ അദ്ദേഹത്തോടു സംസാരിച്ചു," എന്നും ചിലർ ഘോഷിച്ചു.

"ഈ അശരീരിവാക്ക് എനിക്കുവേണ്ടിയല്ല, നിങ്ങൾക്കുവേണ്ടിയാണ്," എന്നു യേശു പറഞ്ഞു.

ഇതിനാൽ ഉപലക്ഷിതമായ പരമരഹസ്യത്തെ അദ്ദേഹം വിശദീകരിച്ചു. ലോകം പരിശുദ്ധാത്മാവിനാൽ വിധിക്കപ്പെടുകയും അതിൻെറ പാപങ്ങൾക്കായി ശിക്ഷിക്കപ്പെടുകയും ചെയ്യുന്നതിനാൽ ലോകത്തു് ഇപ്പോൾ പ്രഭുവായി വാഴുന്ന സാത്താൻ താമസിയാതെ ബഹിഷ്കൃതനാകും. എന്നാൽ ക്രിസ്തുവാകട്ടെ സ്വർഗ്ഗത്തേക്ക് ഉയർത്തപ്പെടുകയും, അപ്പോൾ അദ്ദേഹം എല്ലാമനുഷ്യരേയും തൻെറ അടുക്കലേക്ക് ആകർഷിക്കുകയും ചെയ്യും. „ഇപ്പോൾ അദ്ദേഹം ഇതു പറഞ്ഞതു് അദ്ദേഹം എന്തുമരണമാണ് മരിക്കാനിരിക്കുന്നതെന്നു പ്രസ്താവിക്കാനായിരുന്നു."

ജനസാമാന്യത്തിന് ഈ തത്ത്വങ്ങൾ ദുർഗ്രഹങ്ങളായിരുന്നു. അവർ രക്ഷാനാഥനെ ചോദ്യങ്ങൾകൊണ്ടു മുട്ടിക്കാൻ തുടങ്ങി. "മനുഷ്യപുത്രൻ ഭൂമിയിൽനിന്ന് ഉയർത്തപ്പെടും," എന്ന് അദ്ദേഹം പറഞ്ഞതിൻെറ അർത്ഥം എന്തു്? ഇതു കുരിശുമര

ണത്തെ സൂചിപ്പിച്ചോ? അങ്ങനെയാണെങ്കിൽ അദ്ദേഹം മനുഷ്യപുത്രൻ എന്നു വിളിക്കപ്പെടുന്നതെങ്ങനെ? അതു മ്ശിഹായുടെ ഒരു സ്ഥാനപ്പേരാണല്ലോ; മ്ശിഹായുടെ ഭരണം അനന്തമായിരിക്കുമെന്നു സങ്കീൎത്തനകാരൻ പ്രഖ്യാപനം ചെയ്തിട്ടുമുണ്ട്.

യേശു ദീൎഘമായ വാദപ്രതിവാദത്തിനൊരുങ്ങാതെ, ഇനിയും സ്വല്പനേരത്തേക്കുകൂടി വെളിച്ചം അവരോടുകൂടി ഉണ്ടായിരിക്കുമെന്നു ശ്രോതാക്കളെ അനുസ്മരിപ്പിച്ചു.

"വെളിച്ചം നിങ്ങൾക്കുണ്ടായിരിക്കുമ്പോൾ തന്നെ, നിങ്ങൾ വെളിച്ചത്തിൻെറ സന്തതികളായിബ് ഭവിക്കത്തക്കവണ്ണം അതിൽ വിശ്വസിച്ചുകൊള്ളുവിൻ," എന്ന് അദ്ദേഹം പറഞ്ഞു.

ഈ വാക്കുകൾ യേശു ജനങ്ങളോടു പറഞ്ഞതായിരുന്നു. എന്നാൽ യേശുവും ആ ഗ്രീക്കുകാരും തമ്മിൽ അനന്തരം എന്തു നടന്നു? വി. ജോൺ അതിനെപ്പററി ഒന്നും പ്രസ്താവിക്കുന്നില്ല. ഈ സന്ദൎശകന്മാർ "പെരുനാളിൽ പങ്കുകൊള്ളാൻ വന്നുചേൎന്നു," എന്നു മാത്രം അദ്ദേഹം പറയുന്നു. മാഗി എന്നു പറയപ്പെടുന്ന പൌരസ്ത്യപുരോഹിതന്മാരുടെ ഹൃദയങ്ങളെ പ്രകാശിപ്പിച്ച ആ ദിവ്യജ്യോതിസ്സുതന്നെ ഇവൎക്കും യഹൂദവേദത്തിൻെറ മാഹാത്മ്യം ആദ്യം വെളിപ്പെടുത്തിക്കൊടുത്തിരുന്നു. എന്നാൽ യറൂശലേമിൽ വന്നുകഴിഞ്ഞപ്പോൾ അവിടെ യേശുവിനേക്കാൾ മഹത്തരമായി ഒന്നും കാണുന്നതിന് അവൎക്കു കഴിഞ്ഞില്ല. അതിനാൽ അവർ നിഷ്കളങ്കവും ഏകതാനവുമായ ഹൃദയത്തോടെ അദ്ദേഹത്തെ തിരക്കിവന്നു. പൌരസ്ത്യലോകം മുമ്പ് അദ്ദേഹത്തിൻെറ തൊട്ടിലിൽവന്നു മുട്ടുകുത്തി, അദ്ദേഹത്തെ ആരാധിച്ചുകഴിഞ്ഞു; ഇപ്പോൾ പാശ്ചാത്യലോകവും ഈ ഗ്രീക്കുകാർ വഴി അദ്ദേഹത്തിൻെറ കുരിശിൻെറ മുമ്പാകെ നമസ്കരിക്കുന്നതിനും വന്ദിക്കുന്നതിനും വന്നിരിക്കുന്നു.

യേശുവും പ്രസ്തുത വിജാതീയരും തമ്മിലുണ്ടായ സമാഗമമാണ് സെയിൻറു ജോൺ പ്രസ്താവിക്കുന്ന തൻെറ ഗുരുനാഥൻെറ മതപ്രസംഗകാലത്തെ അവസാനസംഭവം. ഈ സന്ദൎഭത്തിൽ അദ്ദേഹം ആ ദിവ്യഗുരുവിൻെറ അത്യദ്ധ്വാനത്തിൻെറ ഫലം ഇത്ര മോശമായിപ്പോയതിനെപ്പററി പരിതപിക്കുന്നു. അദ്ദേഹത്തിൻെറ ധൎമ്മോപദേശങ്ങൾ അനേകംപേരുടെ വിസ്മയപൂൎവ്വമായ പ്രശംസക്കു പാത്രീഭവിച്ചിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ; പല സ്ഥലങ്ങളിലുംവച്ചു തൻെറ വാഗ്വിലാസംകൊണ്ടു

നിരവധി ജനങ്ങളെ— അവരെ മാനസാന്തരപ്പെടുത്തിയില്ലെങ്കിലും— അപഹൃതചിത്തവൃത്തികളാക്കുന്നതിന്ന് അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. ഇസയാസ്സ് ദീൎഘദൎശിയുടെ പ്രവചനം നിവ്വഹിക്കപ്പെട്ടു. മൂന്നുവൎഷക്കാലം മുഴുവനും ഇസ്രായൽ അദ്ദേഹത്തെ കണ്ടുകൊണ്ടിരുന്നുവെങ്കിലും അദ്ദേഹത്തെ തിരിച്ചറിഞ്ഞില്ല; കേട്ടുകൊണ്ടിരുന്നുവെങ്കിലും മനസ്സിലാക്കിയില്ല; ഇക്കാലമെല്ലാം അപരിഹാൎയ്യമാംവണ്ണം അതിൻെറ ഹൃദയകാഠിന്യം ഉത്തരോത്തരം വദ്ധിച്ചുവന്നതേയുള്ളൂ.

"സത്യമായി ഇതു ദീൎഘദൎശി, ക്രിസ്തുവിൻെറ മാഹാത്മ്യം കണ്ടിട്ട്, അദ്ദേഹത്തെപ്പററി ഈ വാക്കുകൾ പറഞ്ഞപ്പോൾ പ്രവചിച്ചിട്ടുണ്ടായിരുന്നതായിരുന്നു." ഈ സാൎവ്വത്രികമായ അന്ധതയ്ക്കിടയിൽ ഏതാനും പ്രഭുക്കന്മാർ യേശുവിൽ വിശ്വസിച്ചിരുന്നു; എന്നാൽ അവരും ജപാലയത്തിൽനിന്നു ബഹിഷ്കൃതരാക്കപ്പെട്ടുമെന്നുള്ള ഭയംനിമിത്തം അവരുടെ വിശ്വാസത്തെ തുറന്നു പ്രസ്താവിച്ചില്ല. "മനുഷ്യരുടെ മാഹാത്മ്യം ദൈവത്തിൻെറ മാഹാത്മ്യത്തെക്കാൾ അവൎക്കു പ്രിയതരമായിരുന്നു."

---

# അദ്ധ്യായം ൩.

## യേശുവിൻെറ മതപ്രസംഗകാലത്തിൻെറ അവസാനദിവസം.

### I.

### യേശുവും സൻഹെദ്രിൻസഭാംഗങ്ങളും— മുന്തിരിത്തോട്ടക്കാരെയും വിവാഹഘോഷക്കാരെയും സംബന്ധിച്ച അന്യാപദേശങ്ങൾ.

(മാൎക്ക് xi; 20–23; xii, 1–12; മാത്യു xxi, 20–46; xxii, 1–14; ലൂക്ക് xx, 1–19.)

ഈ രാത്രിയും പട്ടണത്തിനു വെളിക്കുതന്നെ കഴിച്ചുകൂട്ടിയിട്ട്, അടുത്തദിവസം കാലത്തെ യേശു വീണ്ടും ദേവാലയത്തി

ലേക്ക് അവസാനമായി മടങ്ങിവന്നു. വഴിയരികെവച്ച് ഇന്നലെ അദ്ദേഹം ശപിച്ച അത്തിവൃക്ഷം ആമൂലാഗ്രം ഉണങ്ങി വരണ്ടു നിന്നിരുന്നു. പീററായിരുന്നു അതു് ആദ്യം കണ്ടതു്.

"ഗുരോ, അങ്ങോട്ടു നോക്കുക! അങ്ങു ശപിച്ച അത്തിമരം ഉണങ്ങിപ്പോയിരിക്കുന്നു," എന്നു പീററർ പറഞ്ഞു.

ഈ വൃക്ഷം ഇത്ര ക്ഷണം നശിച്ചുപോയതിൽ അപ്പോസ്തലന്മാർ അത്ഭുതപ്പെട്ടു. അതിൽനിന്നു പഠിക്കേണ്ട പാഠം എന്താണെന്നു് ഇന്നലെ യേശു അവക്കു പറഞ്ഞുകൊടുത്തതു് അവർ മറന്നുപോയി. ക്രിസ്തുവിൻെറ ലഘുതമമായ വാക്കിനുപോലുമുള്ള വിസ്മയാവഹമായ ശക്തിയെ ഓത്തു് അവർ അമ്പരന്നു. അവരുടെ വിചാരഗതിക്കനുരൂപമായി അദ്ദേഹം ദൈവത്തിൻെറ സർവ്വശക്തതയെപ്പററി അവരോടു് ഉപന്യസിക്കുകയും, അവക്കും താദൃശമായ ശക്തി സമ്പാദിക്കാൻ കഴിയുമെന്നു് അവരോടു പറയുകയുംചെയ്തു.

"സത്യമായി, നിങ്ങൾക്കു വിശ്വാസമുണ്ടെങ്കിലും അതു ചലിക്കാതിരിക്കുമെങ്കിലും, നിങ്ങൾ ഒരു അത്തിമരത്തെ ഉണക്കുകമാത്രമല്ല, ഈ പർവ്വതത്തോടെ 'വേരോടെ പിഴുതു കടലിൽ വീഴുക' എന്നു പറയുമെങ്കിൽ അതും ഉടൻ നിർവഹിക്കപ്പെടും."

അദ്ദേഹം പ്രവർത്തിച്ച അത്ഭുതം കണ്ടു് ആശ്ചര്യപരതന്ത്രരായ അപ്പോസ്തലന്മാർ, അവക്കും അപ്രകാരം ചെയ്യാൻ കഴിയുമെന്നു് അദ്ദേഹം പറഞ്ഞുകേട്ടപ്പോൾ വിസ്മയാധിക്യത്താൽ മൂകീഭവിച്ചുപോയി. അവർ ഭഗവാൻ ചൂണ്ടിക്കാണിച്ച ഒലിവേത്തുമലയെ നോക്കി, അതിനെ അവക്കു് ഇളക്കാൻ കഴിയുന്നതെങ്ങനെ എന്നു് അമ്പരന്നു നിന്നു. യേശു തൻെറ ആശയത്തെ വിശദീകരിച്ചു:

"നിങ്ങൾ പ്രാർത്ഥനയിൽ ചോദിക്കുന്ന എല്ലാ സംഗതികളും, വിശ്വസിക്കമാത്രം ചെയ്താൽ, നിങ്ങൾക്കു സിദ്ധിക്കും."

വിശ്വാസത്താൽ ആത്മാവു് ദിവ്യശക്തിയിൽ ഒരു ഭാഗിയാകുന്നുവെന്നതിനു സംശയമില്ല. എന്നാൽ ഭഗവാൻ പ്രതിപാദിക്കുന്ന ഈ വിശ്വാസം സ്നേഹമില്ലെങ്കിൽ നിഷ്പ്രയോജനമാണു്. ഈ തത്ത്വത്തെ, സ്നേഹത്തിലും ക്ഷമാശീലത്തിലും നിന്നു് ഉൽഭൂതമാകാത്ത പ്രാർത്ഥന ഫലപ്രദമാകയില്ലെന്നു പറഞ്ഞു്, അദ്ദേഹം പ്രകാശിപ്പിക്കുന്നു.

"നിങ്ങൾ പ്രാർത്ഥിക്കാൻ തുടങ്ങുമ്പോൾ ആർക്കെങ്കിലും വിപരീതമായി നിങ്ങൾക്ക് എന്തെങ്കിലുമുണ്ടെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവു നിങ്ങളുടെ അപരാധങ്ങളെയും നിങ്ങളോടു ക്ഷമിക്കുന്നതിനായി, അതിനെ അവനോടും പൊറുക്കുക. നിങ്ങൾ അവനോട്ട് ക്ഷമിക്കുകയില്ലെങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളുടെ അപരാധങ്ങളെ നിങ്ങളോടും ക്ഷമിക്കുകയില്ല".

ഈ വിധം സംഭാഷണം ചെയ്തു്, അവർ യറൂശലേം നഗരത്തിൻെറ കവാടങ്ങൾ കടന്നു്, ദേവാലയത്തിലെത്തി. അപ്പോൾ അവിടെ ആൾക്കൂട്ടം അധികം ഉണ്ടായിരുന്നില്ല. താൻ കണ്ട ജനങ്ങളോടു തൻെറ ധർമ്മസിദ്ധാന്തങ്ങളെ അദ്ദേഹം ഉപദേശിക്കാൻ ഭാവിച്ചപ്പോൾ, ഒട്ടധികം പൌരപ്രധാനന്മാരുടെ ഒരു സംഘം അദ്ദേഹത്തെ സമീപിച്ചു. സൻഹെദ്രിൻസഭയുടെ എല്ലാ കക്ഷികളുടെയും—മഹാപുരോഹിതന്മാരുടെയും, വേദശാസ്ത്രികളുടെയും ജ്യായാന്മാരുടെയും— പ്രതിനിധികൾ അക്കൂട്ടത്തിലുണ്ടായിരുന്നു. കഴിഞ്ഞ ഏതാനും ദിവസങ്ങളിൽ ഈ ഗലീലേയാക്കാരനു ജനങ്ങളിൽനിന്നു കിട്ടിക്കൊണ്ടിരുന്ന ബഹുമതികളെയും അദ്ദേഹത്തിൻെറ ഒന്നിനൊന്നു വർദ്ധിച്ചുവന്ന പ്രാബല്യത്തെയും കണ്ടു രോഷാകുലരായി, ഇവർ അദ്ദേഹത്തെ അഭിയോഗം ചെയ്യുന്നതിനു നേരിട്ടുവന്നു. തങ്ങളുടെ സാന്നിദ്ധ്യം ജനസാമാന്യത്തിനു ഭയജനകമായിരിക്കുമെന്നു് അവർ വിചാരിച്ചു; വാസ്തവത്തിൽ അവരുടെ അഭ്യാഗമനത്തിൽ ആൾക്കൂട്ടം ഒരുവശത്തേക്ക് ഒതുങ്ങിനിന്നു.

അവർ ചോദിച്ചു: "ഈ സംഗതികൾ ചെയ്യുന്നതിനു തനിക്കു എന്തധികാരമുണ്ട്?" ജനങ്ങളെ പഠിപ്പിക്കുന്നതിനും ദേവാലയത്തിൽ അധികാരം പ്രയോഗിക്കുന്നതിനും "തനിക്കു ആരു് അധികാരം തന്നു?"

"ഞാനും നിങ്ങളോട്ട് ഒരു ചോദ്യം ചോദിക്കാം. നിങ്ങൾ എന്നോടു സമാധാനം പറയുമെങ്കിൽ, ഈ സംഗതികൾ ചെയ്യുന്നതിന് എനിക്കു എന്തധികാരമുണ്ടെന്നു ഞാൻ നിങ്ങളോടു പറയാം. യോഹന്നാൻെറ ജ്ഞാനസ്നാനം ആരിൽനിന്നായിരുന്നു? സ്വർഗ്ഗത്തുനിന്നോ, മനുഷ്യരിൽനിന്നോ?" എന്നു യേശു ചോദിച്ചു.

സൻഹെദ്രിൻപ്രതിനിധികൾ വിഷമിച്ചു: അവർ ആരെ വിസ്തരിച്ചു വിധിക്കാൻ വന്നുവോ, ആ മനുഷ്യൻ അവരെ വിസ്തരിക്കുന്നു.

"എന്നോട്ട് സമാധാനം പറയുക", എന്നു അദ്ദേഹം വീണ്ടും പറഞ്ഞു.

അവരെക്കൊണ്ടു മറുപടി പറയിക്കാനുള്ള അദ്ദേഹത്തിൻെറ ശ്രമം നിഷ്ഫലമായിരുന്നു. അദ്ദേഹത്തിൻെറ പ്രശ്നത്തിൻെറ പരിണാമം എന്തായിരിക്കുമെന്ന് അവർക്കു നല്ലവണ്ണം അറിയാമായിരുന്നു. എന്തെന്നാൽ യോഹന്നാൻ യൂദയാ ഒട്ടുക്ക് അറിയത്തക്കവണ്ണം യേശുക്രിസ്തു തന്നെക്കാൾ വലിയവനാണെന്നു സാക്ഷ്യം നൽകിയിട്ടുണ്ടായിരുന്നു.

അവർ പരസ്പരം ജല്പിച്ചു: "'അതു സ്വർഗ്ഗത്തുനിന്നായിരുന്നു' എന്നു നാം പറയുകയാണെങ്കിൽ, 'നിങ്ങൾ എന്തുകൊണ്ട് അവനെ വിശ്വസിക്കുന്നില്ല?' എന്നു അദ്ദേഹം നമ്മോടു ചോദിക്കും. 'അതു മനുഷ്യരിൽനിന്നാകുന്നു' എന്ന് നാം പറയുന്നുവെങ്കിൽ, ജനങ്ങൾ നമ്മെ കല്ലെറിയും." എല്ലാവരും യോഹന്നാനെ സാക്ഷാൽ ഒരു ദീഘദശിയായി ഗണിച്ചിരുന്നു. അദ്ദേഹത്തിൻെറ വാക്കുകളെ നിഷേധിക്കുന്നതു് ആക്കും ആപൽകരമായിരുന്നു. അതുകൊണ്ടു സൻഹെദ്രിൻപ്രതിനിധികൾ ജനങ്ങളുടെ ലഹളയെ ഭയന്നു്, അവരുടെ പരാജയത്തെ സമ്മതിക്കുന്നതിനു നിബദ്ധരായി; "ഞങ്ങൾക്കു് അതിനെപ്പററി യാതൊന്നും അറിഞ്ഞുകൂടാ," എന്നു് അവർ പറഞ്ഞു.

അവക്ക് അതിനെപ്പററി ഒന്നും അറിഞ്ഞുകൂടാ! സകല സംഗതികളെയും വ്യാഖ്യാനിക്കുന്നതിനും വിധിക്കുന്നതിനുമുള്ള അവകാശവും, ദിവ്യപ്രബുദ്ധനായ ദീഘദശിയെ ജനങ്ങളെ വഞ്ചിക്കുന്ന കള്ളന്മാരിൽനിന്നു തിരിച്ചറിയുന്നതിനുള്ള ശക്തിയും അവക്കു മാത്രമുള്ളതാണെന്നു് അഭിമാനിക്കുന്ന ഇസ്രായലിലെ ഗുരുഭൂതന്മാരായ അവക്കു, തൻെറ മേഘനിർഘോഷസമാനമായ സ്വരംകൊണ്ടു യൂദയായെ ഞെട്ടിക്കുകയും, അജ്ഞരായ ജനസാമാന്യത്തെ മാത്രമല്ല വേദപണ്ഡിതന്മാരെയും യറുശലേമിലെ മഹാ പ്രഭുക്കന്മാരെയുംകൂടി യോർദാനിലേക്ക് അഭ്യാകഷിക്കുകയും ചെയ്ത ആ മനുഷ്യൻ ആരാണെന്നു പറയുന്നതിനു കഴിഞ്ഞില്ല! അവരുടെ ഈ പ്രത്യക്ഷമായ പരാഭവം കണ്ടു് യേശു പറഞ്ഞു:

"എന്തധികാരത്തിന്മേൽ ഞാൻ ഈ കാര്യങ്ങൾ ചെയ്യുന്നുവെന്നു ഞാൻ നിങ്ങളോടും പറയുന്നില്ല."

ഈ വേദപണ്ഡിതന്മാരെയും ശാസ്ത്രികളെയും മൂകരാക്കിയശേഷം യേശു പിന്തിരിഞ്ഞു, ജനങ്ങളോടുള്ള ഉപദേശം ടർന്നു.

അദ്ദേഹം അവരോടു ചോദിച്ചു: "നിങ്ങൾ ഇതിനെപ്പററി എന്തു വിചാരിക്കുന്നു? ഒരു മനുഷ്യനു രണ്ടു പുത്രന്മാരുണ്ടായിരുന്നു; അയാൾ മൂത്തവൻെറ അടുക്കൽ വന്ന്, 'എൻെറ മകനെ, ഇന്ന് എൻെറ മുന്തിരിത്തോട്ടത്തിൽ പോയി വേലചെയ്യുക' എന്ന് പറഞ്ഞു. 'എനിക്കു മനസ്സില്ല' എന്ന് അവൻ ഉത്തരം പറഞ്ഞു; എന്നാൽ പിന്നീടു പശ്ചാത്താപമുണ്ടായി, അവൻ പോയി.

"രണ്ടാമൻെറ അടുക്കൽ വന്ന്, അയാൾ അപ്രകാരം തന്നെ പറഞ്ഞു. 'അപ്പാ ഞാൻ പോകാം,' എന്ന് അവൻ മറുപടിപറഞ്ഞു; എങ്കിലും അവൻ പോയില്ല.

"ഈ രണ്ടുപേരിൽ ആരാണു തൻെറ പിതാവിൻെറ ഇഷ്ടത്തെ അനുവർത്തിച്ചതു്?"

"ഒന്നാമൻ" എന്നു ജനതതി ഏകകണ്ഠമായി ഉദ്ഘോഷിച്ചു.

ഈ അഭിപ്രായപ്രകടനത്താൽ അവർ മനസ്സറിയാതെ സൻഹെദ്രിൻസഭയുടെ നയത്തെയും രീതികളെയും പ്രതിഷേധിച്ചു. എന്തെന്നാൽ സംഭാഷണംകൊണ്ട് പുറമേ അനുസരണം ഭാവിക്കുകയും, പ്രവൃത്തികൊണ്ട് അനാദരിക്കുകയും ചെയ്യുന്ന ദാംഭികനായ പുത്രനോട് ആ സഭയുടെ അംഗങ്ങളെയാണ് അദ്ദേഹം ഉപമിച്ചതു്. അനന്തരം വേശ്യകളും ചുങ്കക്കാരും അവർക്കു മുമ്പായി സ്വർല്ലോകത്തു പോകുമെന്നും അദ്ദേഹം പറഞ്ഞു. ആ പാപികളായ വേശ്യകളും ചുങ്കക്കാരും യോഹന്നാൻെറ വചോബലത്തിനു് അധീനരായി മാനസാന്തരപ്പെട്ടു; എന്നാൽ ഈ ജനപ്രധാനന്മാരാകട്ടെ യോഹന്നാൻെറ ധർമ്മോപദേശങ്ങളുടെ പരിപൂർണ്ണതയേയും, മാഹാത്മ്യത്തേയും, അദ്ദേഹത്തിൻെറ ജീവിതപവിത്രതയേയും, പരമമായ ത്യാഗത്തേയും കണ്ടിട്ടും, അവർ ആകർഷിക്കപ്പെടുകയോ വിശ്വസിക്കുകയോ ചെയ്തില്ല.

എന്നാൽ ഈ വിശ്വാസരാഹിത്യവും ഹൃദയകാഠിന്യവും ഇപ്പോൾ അവർ ചെയ്യാൻ ആലോചിക്കുന്ന മഹാപാതകത്തോടു താരതമ്യപ്പെടുത്തുമ്പോൾ എത്ര ലഘുതരം, എത്ര നിസ്സാരം! അതിൻെറ കാർഷ്ണ്യത്തെ പ്രത്യക്ഷീകരിക്കുന്നതിനായി അദ്ദേഹം വേറൊരു് അന്യാപദേശം ഉപയോഗിച്ചു. അക്കാലത്തു യരൂശ

ലേമിൻെറ പരിസരങ്ങളിൽ ധാരാളമായി ഉണ്ടായിരുന്ന മുന്തിരിത്തോട്ടങ്ങളിൽ ഒന്നിനെ അദ്ദേഹം വൎണ്ണിക്കുന്നു. അതിൻെറ ഉടമസ്ഥൻ അതിൽ മുന്തിരിച്ചെടികൾ വച്ചു പിടിപ്പിക്കുകയും, കന്നുകാലികളുടെ ശല്യമുണ്ടാകാതിരിക്കാനായി ഉറപ്പുള്ള വേലി കെട്ടി, അതിനെ ഭദ്രമായി സൂക്ഷിക്കുകയും ചെയ്തു; ഒരു കാവൽക്കാരനെ ഏല്പ്പെടുത്തി, അവനു് ഇരിക്കുന്നതിനായി ഒരു ഗോപുരം കെട്ടി; ദ്രാക്ഷാരസം എടുക്കുന്നതിനും സംഭരിക്കുന്നതിനും വേണ്ട ഉപകരണങ്ങളെല്ലാം ഉണ്ടാക്കി. ആ തോട്ടത്തിൻെറ പരിപൂൎണ്ണതയ്ക്കു് യാതൊരു കുറവുമുണ്ടായിരുന്നില്ല. ഇങ്ങനെ വേണ്ടതൊക്കെ ചെയ്തശേഷം തോട്ടം കുടിയാന്മാരെ പാട്ടത്തിനു് ഏൽപ്പിച്ചിട്ടു്, ഉടമസ്ഥൻ ദേശാന്തരത്തിൽ താമസിക്കുന്നതിനു പോയി. അനന്തരം യഥാകാലം പാട്ടം വാങ്ങുന്നതിനായി അദ്ദേഹം തൻെറ ഭൃത്യന്മാരെ അയച്ചു. എന്നാൽ കുടിയാന്മാർ ഈ ദൂതന്മാരിൽ ചിലരെ അടിക്കുകയും, കൊല്ലുകയും, മററുള്ളവരെ കല്ലെറിയുകയും ചെയ്തു. വീണ്ടുംവീണ്ടും ഒട്ടധികം ആളുകളെ അദ്ദേഹം അയച്ചിട്ടും, അവൎക്കെല്ലാവൎക്കും അതേ അനുഭവംതന്നെ സിദ്ധിച്ചു.

ഇതു യഹൂദന്മാരുടെ ചരിത്രമല്ലാതെ പിന്നെ എന്താണു്? അവരെപ്പററിയാണല്ലോ വി. സ്റ്റീഫൻ ഇപ്രകാരം യഥാൎത്ഥമായി പറഞ്ഞിരിക്കുന്നതു്:

"ദിൎഘദൎശികളിൽ ആരെയാണു നിങ്ങളുടെ പിതാക്കന്മാർ പീഡിപ്പിച്ചിട്ടില്ലാത്തതു്? സത്യസ്വരൂപൻെറ വരവിനെ പ്രഖ്യാപനം ചെയ്ത ആ മഹാത്മാക്കളെ അവർ വധിച്ചു; ആ സത്യസ്വരൂപനെത്തന്നെയും ഇപ്പോൾ നിങ്ങൾ കൈവെടിയുകയും വധിക്കുകയും ചെയ്തിരിക്കുന്നു."

ഈ അന്യാപദേശത്തിൻെറ ബാക്കിയുള്ള ഭാഗം സൻഹെദ്രിൻസഭക്കാർ മൂന്നുദിവസം കഴിഞ്ഞു പ്രവൎത്തിക്കാൻപോകുന്നതിനെ സ്പഷ്ടതരമായി കാണിക്കുന്നു.

പ്രസ്തുത തോട്ടത്തിൻെറ ഉടമസ്ഥനു് ഒരു മകനേ ഉണ്ടായിരുന്നുള്ളു; ആ ഏകപുത്രൻ അദ്ദേഹത്തിൻെറ വാത്സല്യഭാജനമായിരുന്നു.

"ഞാൻ എന്തു ചെയ്യേണ്ടു? ഞാൻ എൻെറ പ്രിയ പുത്രനെ അവരുടെ അടുക്കൽ അയക്കും; പക്ഷെ അവനെ കാണുമ്പോൾ അവൎക്കു് അവനോടു് ആദരം ഉണ്ടാകുമായിരിക്കും," എന്നു് അദ്ദേഹം വിചാരിച്ചു.

അങ്ങനെ ജന്മിയുടെ ഏകകുമാരൻതന്നെ പ്രേഷിതനായപ്പോൾ കുടിയാന്മാർ അദ്ദേഹത്തെ കണ്ടിട്ട് ഇപ്രകാരം അന്യോന്യം പറഞ്ഞു:

"ഇതു് അവകാശിയാകുന്നു. വരുവിൻ, നമുക്ക് അവനെ കൊല്ലാം. അപ്പോൾ അവൻെറ അവകാശം നമ്മുടേതാകും."

അപ്രകാരം അവർ അവനെ പിടികൂടി, തോട്ടത്തിനു വെളിക്കു വലിച്ചുകൊണ്ടുപോയി, കൊന്നുകളഞ്ഞു.

"അതുകൊണ്ടു തോട്ടത്തിൻെറ ഉടമസ്ഥൻ വരുമ്പോൾ ഈ കുടിയാന്മാരോട് എന്തു ചെയ്യും?" എന്നു ചോദിച്ചുകൊണ്ടു, യേശു സൻഹെദ്രിൻസഭാംഗങ്ങളുടെ നേരെ സൂക്ഷിച്ചുനോക്കി.

എന്നാൽ അവരുടെ ചിന്ത മുഴുവനും ജനങ്ങളുടെ ശ്രദ്ധയെ അവരിൽനിന്നു മാററുന്നതെങ്ങനെ എന്നായിരുന്നു; കഥയിലെ കുടിയാന്മാർ അവരാണെന്നുള്ളതു് ആരും ധരിക്കാതിരിക്കാനായി അവർ ഉടൻ അവരുടെ അപരാധത്തെ നിർദ്ദാക്ഷിണ്യമായി ആക്ഷേപിച്ചു.

അവർ പറഞ്ഞു: "അദ്ദേഹം ഈ ദുഷ്ടന്മാരായ മനുഷ്യരെ അവരുടെ ദുഷ്ടതയനുസരിച്ചു ശിക്ഷിക്കും; അദ്ദേഹം അവരെ വധിപ്പിച്ചിട്ടു, തൻെറ തോട്ടത്തെ ഇതരന്മാരെ ഏൽപ്പിക്കും."

"ദൈവമെ, രക്ഷിക്കണേ!" എന്നു്, ഈ മുന്തിരിത്തോട്ടം ഇസ്രായേലാണെന്നു ഗ്രഹിക്കുകയും, തങ്ങളുടെ നേതാക്കന്മാർ ഇപ്പോൾ തന്നത്താൻ ശപിക്കുന്നതു കേൾക്കുകയും ചെയ്തു ജനങ്ങൾ നിലവിളിച്ചു. യേശു അവർ സ്വയമെ വിധിച്ച ഈ വിധിയെ സ്ഥിരീകരിച്ചതേയുള്ളു.

സങ്കീർത്തനകാരൻെറ ദീർഘദർശനമനുസരിച്ചു ദൈവത്തിൻെറ തിരുസ്സഭ സ്ഥാപിക്കുന്നതിനായി മനുഷ്യരാൽ ആദ്യം തിരസ്കരിക്കപ്പെട്ട കല്ലു്, അതിനുശേഷം യഹൂദരും വിജാതീയരും ഏകോപിച്ചു് ഒരു നവമായ പ്രാസാദത്തെ പണിയുന്നതിനുള്ള ബലവത്തായ അടിസ്ഥാനമായിത്തീരേണ്ടതാണു്. ഈ മൂലക്കല്ലു് യേശുവാകുന്നു; അദ്ദേഹത്തിൻെറ വിനിതമായ ജനനവും സ്ഥിതിയും ഇസ്രായേലിലെ പ്രഭുക്കന്മാൎക്കു ദുസ്സഹവും അപൽക്കരവുമായ ഒരു പ്രതിബന്ധമായിരുന്നു. ഈ ഊക്കൻപാറയിൽ വന്നു മുട്ടിത്തകൎന്നു, ക്ഷണംക്ഷണമായി മുറിഞ്ഞുപോയ അവൎക്കു ദുരിതം! എങ്കിലും തങ്ങളുടെ വീഴ്ചയെ പരിഹരിക്കുന്നതിനു്, ഒരിക്കൽക്കൂടി എഴുന്നേൽക്കുന്നതിനു്, അവൎക്ക് ഇനിയും സമയവും സൗ

കഴ്ച്ചവുമുണ്ട്; എന്നാൽ തങ്ങളുടെ പാതകത്തെ അവർ പൂർത്തിയാക്കുന്നുവെങ്കിൽ ആ പാറ അവരുടെമേൽ വീണ്, അവരെ ഞെരിച്ചു തകൎത്തു്, ഏററവും നിസ്സാരമായ കാററിനും അടിച്ചു പറത്തിക്കൊണ്ടുപോകത്തക്കവണ്ണം പൊടിയാക്കിക്കളയും.

"ദൈവരാജ്യം നിങ്ങളിൽനിന്ന് എടുക്കപ്പെടുകയും, അതിനെ ഫലപ്രദമാക്കുന്ന ജനങ്ങൾക്കു പ്രദാനംചെയ്യപ്പെടുകയും ചെയ്യും," എന്നു ഭഗവാൻ പറഞ്ഞു.

യേശുവിൻെറ ഈ അവസാനവചനങ്ങൾ തെററിദ്ധരിക്കാൻ നിവൃത്തിയില്ലാത്തവണ്ണം സുവ്യക്തമായിരുന്നു. "പുരോഹിതപ്രമാണികളും ഫരിസ്യരും തങ്ങളെപ്പററിയാണ് അദ്ദേഹം സംസാരിക്കുന്നതെന്നു ഗ്രഹിക്കുകയും, അദ്ദേഹത്തെ പിടികൂടുന്നതിനുള്ള ഉപായം ആലോചിക്കുകയും ചെയ്തു; എന്നാൽ അദ്ദേഹത്തെ ഒരു ദീർഘദർശിയായി ആദരിച്ച ജനങ്ങളെ അവർ ഇപ്പോഴും ഭയപ്പെട്ടു." അനന്തരം അദ്ദേഹം അവരുടെ ഈ ദുരാലോചനകളുടെയെല്ലാം ഫലം എന്തായിരിക്കുമെന്ന് അവരോടു പറഞ്ഞു.

ഇതിന്നായി അദ്ദേഹം ഇതിനുമുമ്പു പലപ്പോഴും ഉപയോഗിച്ചിട്ടുള്ള ഉദാഹരണംതന്നെ ഇപ്പോഴും സ്വീകരിച്ചു. മുമ്പൊരിക്കൽ അവരുടെ ദണ്ഡനാർഹതയെ കാണിക്കുന്നതിനായി അദ്ദേഹം കല്യാണവിരുന്നിനെപ്പററിയുള്ള കഥ പറഞ്ഞപ്പോഴത്തെ സ്ഥിതിമുഴുവനും ഇപ്പോൾ മാറിപ്പോയിരിക്കുന്നു. ഇതുവരെ ഒതുക്കിവെയ്ക്കപ്പെട്ടിരുന്ന വിദ്വേഷം ഇപ്പോൾ അണപൊട്ടി ഒഴുകുന്നു. മുമ്പു ക്രിസ്തുവിനെ വിരുന്നിനു ക്ഷണിച്ചിട്ടുണ്ടായിരുന്ന ആ ഫരിസ്യർ ഇപ്പോൾ അദ്ദേഹത്തിൻെറ ചുററും യറൂശലേമിൽ വന്നുകൂടിയിരിക്കുന്നതു് അദ്ദേഹത്തെ സൌകൎയ്യത്തിനു പിടികൂടി കൊല്ലുന്നതിനു മാത്രമായിരുന്നു.

ഈ പരിതാപകരമായ അവസ്ഥാന്തരങ്ങളെല്ലാം വിവാഹോത്സവത്തെപ്പററിയുള്ള രണ്ടാമത്തെ കഥയിൽ പ്രതിഫലിച്ചിട്ടുണ്ട്. ഇപ്പോഴത്തെ രംഗം പ്രൌഢവും ഐശ്വൎയ്യസമൃദ്ധവുമാകുന്നു; സാധാരണ ഒരു മനുഷ്യനല്ല വിരുന്നിനായി ആളുകളെ ക്ഷണിക്കുന്നതു് — ഒരു രാജാവു തൻെറ കുമാരൻെറ വിവാഹമഹോത്സവം കൊണ്ടാടുന്നു. ആദ്യത്തെ വിരുന്നിനു ക്ഷണിക്കപ്പെട്ടവർ സമൎയ്യാദം ഒഴിവുകഴിവുകൾ പറഞ്ഞു മാറിക്കളഞ്ഞു; എന്നാൽ രണ്ടാമത്തേതിനു വിളിക്കപ്പെട്ടവർ രാജഭൃത്യന്മാരെ ല

ജ്ജാകരമായി ഉപദ്രവിക്കുകയും, ചിലർ അവരെ പീഡിപ്പിച്ചു, കൊല്ലുകയും ചെയ്യുന്നു. ഇത്തരം അതിനീചങ്ങളായ അപരാധങ്ങൾക്കും കുറ്റംകൈകൾക്കും ശരിയായ ശിക്ഷ നൽകപ്പെടണം. ആദ്യത്തെ കഥയിൽ അപരാധികൾ സദ്യയിൽനിന്നു ബഹിഷ്കൃതരായതേയുള്ളു; എന്നാൽ രണ്ടാമത്തേതിൽ അവർ കഠിനമായി ശിക്ഷിക്കപ്പെടുന്നു. രാജാവു് "തൻെറ സൈന്യങ്ങളെ അയച്ചു കൊലപാതകികളെയൊക്കെ നശിപ്പിക്കുകയും, അവരുടെ പട്ടണത്തെ ദഹിപ്പിച്ചുകളയുകയും ചെയ്യുന്നു." എത്ര ഭയജനകമായ ദീർഘദർശനം! കഷ്ടം, യറുശലേം തങ്ങളുടെ മുമ്പാകെ ദഹിച്ചു ചാമ്പലായി കിടന്നപ്പോഴും യഹൂദർ അതു മനസ്സിലാക്കിയില്ല.

ഈ അധമന്മാരിൽനിന്നു തിരിഞ്ഞിട്ടു, യേശു തൻെറ ശിഷ്യന്മാരായ അപ്പോസ്തലന്മാരാൽ തിരുസ്സഭയിലേക്ക് ആനീതരാകുന്ന മററു അതിഥികളേപ്പററി പ്രതിപാദിച്ചു; എന്തെന്നാൽ അദ്ദേഹം അവരോടു വിരുന്നുശാലയെ നിറയ്ക്കുന്നതിനായി, 'അവർ കണ്ടെത്തുന്നതെല്ലാം, നല്ലതായാലും ചീത്തയായാലും, ശേഖരിക്കണമെന്നു് ആജ്ഞാപിച്ചിരുന്നു.' എന്നാൽ യേശുവിനോടു കൂടി വിരുന്നുണ്ണുന്നതിനായി ക്ഷണിക്കപ്പെട്ടാൽ മാത്രംപോരാ, താദൃശമായ ഒരു ബഹുമതിക്ക് ഒരുത്തൻ അർഹനാകുന്നതിനു് അത്യുന്നതമായ ആ പദവിയെ അർഹിക്കത്തക്കവണ്ണം സൽഗുണങ്ങൾ അവനില്ലെങ്കിൽ അവൻെറ അവസ്ഥ ഇപ്രകാരമായിരിക്കും: "രാജാവു് അതിഥികളെ കാണാൻ ചെന്നപ്പോൾ കല്യാണോചിതമായ ഉടുപ്പു ധരിച്ചിട്ടില്ലാത്ത ഒരുവൻ സന്നിഹിതനായിരിക്കുന്നതു് അദ്ദേഹം കാണുന്നു. അപ്പോൾ അദ്ദേഹം അവനോടു പറയുന്നു:

"സ്നേഹിതാ, കല്യാണയോഗ്യമായ വസ്ത്രം ധരിക്കാതെ നീ ഇവിടെ പ്രവേശിച്ചതെങ്ങനെ?"

"അതിനു് അവനു സമാധാനം പറയാനൊന്നുമുണ്ടായിരുന്നില്ല.

"അപ്പോൾ അദ്ദേഹം തൻെറ കിങ്കരന്മാരോടു പറയുന്നു:

" 'അവൻെറ കൈയും കാലും കെട്ടി, വെളിക്ക് ഇരുട്ടത്തു് എറിയുക'.

"അപ്പോൾ അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടായിരിക്കും."

ഈ അന്യാപദേശത്തിന് ഒരു അനുബന്ധമായി, "ഒട്ടധികംപേർ വിളിക്കപ്പെടുന്നു; എന്നാൽ കുറേപ്പേർ തിരഞ്ഞെടുക്കപ്പെടുന്നു," എന്ന് അദ്ദേഹം ഇതിനു മുമ്പു പല പ്രാവശ്യവും പറഞ്ഞിട്ടുള്ളതിനെ ആവൎത്തിക്കുകമാത്രം ചെയ്തു.

## II.

### സീസ്സറിൻെറ ദീനാരം.

(മാൎക്ക് xii, 13-17; മാത്യു xxii, 15-22; ലൂക്ക് xx, 20-26.)

സൻഹെദ്രിൻ പ്രതിനിധികൾ ഈ അന്യാപദേശത്തിൻെറ അവസാനംവരെ കേൾക്കുന്നതിനു നിന്നില്ല; തങ്ങളുടെ സ്വന്തം ശ്രമങ്ങൾകൊണ്ടു ക്രിസ്തുവിനെ പാട്ടിലാക്കുന്ന വിഷയത്തിൽ ഭഗ്നാശയരായെങ്കിലും, അദ്ദേഹത്തിൻെറ ശത്രുക്കളെയെല്ലാം സംയോജിപ്പിച്ച്, അദ്ദേഹത്തിൻെറ അധഃപതനത്തിനായി പൂൎവ്വാധികം ഊൎജ്ജസ്വലമായി വേലചെയ്യുന്നതിനു കൃതപ്രതിജ്ഞരായി, അവിടെനിന്നു നിൎഗ്ഗമിച്ചു. അവർ ഉടൻ അതിനെപ്പററി കൂടിയാലോചനനടത്തി. യേശുവിനെപ്പററിയുള്ള ഭയം അവരുടെ മററു സകലവികാരങ്ങളെയും അധഃകരിച്ചു. ഗലീലേയായിൽ ഹെറോദേസ്സിൻെറ കക്ഷിയുമായുണ്ടായിരുന്ന സഖ്യത്തെ നവീകരിക്കുന്നതിന് അവർ തീർച്ചപ്പെടുത്തി. ദേവാലയത്തിൽ അവർ കണ്ട ഹെറോദ്യന്മാരുടെയെല്ലാം സഹകരണത്തെ അഭ്യൎത്ഥിച്ചു. റോമൻഗവൺമെൻറിൻെറ അനുകൂലകക്ഷിക്കാരായ ഇവരോടു സഹജമായി ഉള്ള ദ്വേഷത്തേയും അവജ്ഞയേയും വിസ്മരിച്ചിട്ടു, ഫരീസ്യർ ഈ ഘട്ടത്തിൽ അവരുമായി കൂടിച്ചേൎന്ന്, അവരെ തങ്ങളുടെ ദുരുദ്ദേശ്യങ്ങളുടെ നിൎവ്വഹണത്തിന് ഒരു ഉപകരണമാക്കിയെടുക്കുന്നതിന് ഒട്ടും മടിച്ചില്ല.

ക്രിസ്തുവിനോട്ട് ഒരു ചോദ്യം ചോദിക്കണമെന്നും, അതിൻെറ ഉത്തരം എന്തുതന്നെയായാലും അതു് അദ്ദേഹത്തിന് ആപൽക്കരമാക്കിത്തീൎക്കണമെന്നുമായിരുന്നു അവരുടെ ഇപ്പോഴത്തെ ആലോചന. മതാസക്തരിൽ ആരെയെങ്കിലുംകൊണ്ടു് അത്തരം ഒരു ചോദ്യം ചോദിപ്പിച്ചാൽ യേശുവിനു സംശയമുണ്ടാകും; അദ്ദേഹത്തെ അകപ്പെടുത്തുന്നതിനു തങ്ങൾ വയ്ക്കുന്ന കുരുക്കുകളെ അദ്ദേഹം ഒററവാക്കുകൊണ്ടു ശിഥിലമാക്കിക്കളയുമെന്നു ശത്രുക്ക

ൾക്കു നല്ലവണ്ണം അറിയാമായിരുന്നു. എന്നാൽ ഹെറോദ്യന്മാരെ കൊണ്ട് അദ്ദേഹവുമായി സംസാരിപ്പിച്ചാൽ ആ യുവഗുരു യാതൊരു സംശയവും കരുതലുമില്ലാതെ അവരുടെ വലയിൽ ചാടിക്കുരുങ്ങിപ്പോകാനിടയുണ്ട്. മതസംബന്ധമായ വല്ല വിവാദവും ഉണ്ടാവുകയാണെങ്കിൽ ആ വിഷയത്തിൽ അപ്രശസ്തന്മാരായ ഹെറോദ്യന്മാരെ സഹായിക്കാൻ സുവിദിതന്മാരായ പ്രമാണികന്മാരല്ലെങ്കിലും കൗടില്യത്തിൽ അതിവിദഗ്ദ്ധന്മാരായ തങ്ങളുടെ ഏതാനും ശിഷ്യന്മാരെക്കൂടി സൻഹെദ്രിൻസഭക്കാർ നിയമിച്ചു. ഈ അതിനീചമായ ഉദ്യമത്തിൽ ഹെറോദ്യന്മാരുടെ പങ്ക് അവർ സത്യതല്പരന്മാരുടേയും ന്യായസ്ഥന്മാരുടേയും വേഷത്തിൽ സത്യം അന്വേഷിച്ചറിയുന്നതിൽ ഉൽകണ്ഠിതന്മാരെന്നു നടിച്ചു, സംഭാഷണം ചെയ്യുകയും, യേശുവിനെ ആകസ്മികമായി പിടികൂടുന്നതിനു തക്കം നോക്കി ഇരിക്കുകയും ചെയ്യുകയെന്നുള്ളതായിരുന്നു.

ഹെറോദ്യന്മാർ ഒരു വാദപ്രതിവാദത്തിൽ ഏർപ്പെട്ടിരിക്കുന്നതായി ഭാവിച്ചു, യേശുവിനെ സമീപിച്ച്, അദ്ദേഹം അവരുടെ മാദ്ധ്യസ്ഥ്യം വഹിക്കണമെന്ന് അപേക്ഷിച്ചു.

അവർ അത്യാദരഭാവത്തോടെ യേശുവിനോടു പറഞ്ഞു: "ഗുരോ അങ്ങു സത്യഭാഷിയാണെന്നും, ആരുതന്നെയായാലും ഒരുത്തൻെറയും വശംപിടിക്കയില്ലെന്നും ഞങ്ങൾക്ക് അറിയാം; എന്തെന്നാൽ അങ്ങ് ആളുകളുടെ വലിപ്പച്ചെറുപ്പത്തെപ്പററി ഗണിക്കാതെ ദിവ്യമാർഗ്ഗത്തെ അകളങ്കമായി പഠിപ്പിക്കുന്നു. നാം സീസ്സറിനു കപ്പം കൊടുക്കുന്നതു നിയമാനുസൃതമാണോ, അല്ലയോ?."

ഇപ്രാവശ്യം യേശുവിനു രക്ഷപ്പെടാൻ സാധിക്കയില്ലെന്ന് അവർ വിചാരിച്ചു. കപ്പം നിഷിദ്ധമാണെന്നു വിധിക്കയാണെങ്കിൽ അദ്ദേഹം റോമാക്കാരുടെ വിരോധത്തിനു പാത്രമാകും; അതു നിയമാനുസൃതമാണെന്നു തീരുമാനിക്കയാണെങ്കിൽ അദ്ദേഹം യഹൂദന്മാരുടെ കോപത്തിനിടയാകും. ഈ കുടിലപ്രയോഗം വ്യക്തമായി കണ്ടിട്ടു, യേശു ഹെറോദ്യന്മാരെ അനുഗമിച്ച വേദശാസ്ത്രികളുടെ നേരെ തിരിഞ്ഞു, പറഞ്ഞു:

"ദാംഭികന്മാരെ, എന്തുകൊണ്ടു നിങ്ങൾ എന്നെ പരിക്ഷിക്കുന്നു? നിങ്ങൾ കപ്പം കൊടുക്കുന്നതായ ആ നാണയം എൻെറ അടുക്കൽ കൊണ്ടുവരുവിൻ."

വേദശാസ്ത്രികൾക്ക വിഗ്രഹങ്ങൾ കൊത്തിയിട്ടുള്ള നാണയങ്ങൾ കൈവശം വച്ചേക്കാൻ പാടില്ലായിരുന്നു. അതു കൊണ്ടു അട്ടത്തുള്ള പണവ്യാപാരികളിൽ നിന്നോ മറേറാ ഒരു നാണയം വാങ്ങേണ്ടിവന്നു. അങ്ങനെ യേശുവിൻെറ കൈയിൽ കൊടുക്കപ്പെട്ടതു റോമാക്കാർ യൂദയായിൽ അനുവദിച്ചിട്ടുണ്ടായിരുന്ന ചക്രവത്തിയുടെ രൂപമില്ലാതെ പേരുമാത്രമുള്ള ആ പ്രത്യേക നാണയമായിരുന്നില്ല; യാദൃശ്ചികമായി അതു് ഒരു സാക്ഷാൽ റോമൻദിനാരമായിരുന്നു. അതിൻെറ ഒരു വശത്തു തിബേരിയസ്സിൻെറ രൂപവും, 'തിബേരിയസ്സ് സിസ്സർ ദിവ്യനായ ആഗസ്റ്റസ്സിൻെറ പുത്രൻ' എന്ന അക്ഷരങ്ങളും കൊത്തപ്പെട്ടിരുന്നതു യേശു ഫരിസ്യൎക്കു കാണിച്ചുകൊടുത്തു.

"ഇതു് ആരുടെ രൂപവും മുദ്രയുമാകുന്നു?" എന്നു ഭഗവാൻ അവരോടു ചോദിച്ചു.

"സീസ്സറിൻേറതു്," എന്നു് അവർ പറഞ്ഞു.

ഈ പ്രത്യുത്തരത്തിൽ അവരുടെ അഭിപ്രായഖണ്ഡനവും ഗർഭിതമായിരുന്നു. അവരുടെ ഗുരുശ്രേഷ്ഠന്മാരുടെ ബോധനം അനുസരിച്ച്, ഒരു സമ്റാട്ടിൻെറ നാണയം സ്വീകരിക്കുന്നവൻ അയാളുടെ അധികാരത്തെയും സമ്മതിക്കുന്നു. ഫരിസ്യന്മാർ സകല വ്യാപാരങ്ങളിലും സിസ്സറിൻെറ നാണയം ഉപയോഗിച്ചിരുന്നു. ചക്രവത്തിയുടെ ഭരണംമൂലമുള്ള ഗുണങ്ങൾ അനുഭവിച്ചശേഷം അതിനു് ആവശ്യമുള്ള ചിലവിൽ പങ്കു, നിയമപ്രകാരം കൊടുക്കേണ്ടതു, കൊടുക്കാതിരിക്കുന്നതിനു് എന്തു ന്യായമുണ്ടു്?

"സിസ്സറിൻേറതു സിസ്സറിനും, ദൈവത്തിൻേറതു ദൈവത്തിനും കൊടുക്കുക," എന്നു യേശു യുക്തിയുക്തമായി പറഞ്ഞു.

സിസ്സറിൻെറ പങ്കു് എന്താണെന്നും, ദൈവത്തിൻേറതു് എന്താണെന്നും ഇതിനാൽ തീരുമാനിക്കപ്പെട്ടു. കരവും അനുസരണവും ലോകത്തെ രാജാക്കന്മാൎക്കു കൊടുക്കണം; ആത്മാവു ദൈവത്തിൻെറ വകയാകുന്നു.

ക്രിസ്തുവിനെ സംഭാഷണത്തിൽ കുടുക്കുന്നതിനോ, ജനതതിയെ അദ്ദേഹവുമായി പിണക്കുന്നതിനോ സാധിക്കയില്ലെന്നു ഫരീസ്യന്മാർക്കു് ഇപ്പോൾ തീർച്ചയായി; അവർ അഭിഭൂതരായി മടങ്ങി. മൂന്നു ദിവസം കഴിഞ്ഞപ്പോൾ പിലാത്തോസ്സിൻെറ കോടതിയിൽ ഈ സംഭാഷണം ഉദ്ധരിക്കപ്പെട്ടു; പക്ഷെ അദ്ദേഹത്തിൻെറ വാക്കുകളെ അവർ അവിടെ പാടേ മാററിക്കളഞ്ഞു:—

"ഈ മനുഷ്യൻ സീസ്സറിനു കരം കൊടുക്കരുതെന്നു ജനങ്ങളെ വിലക്കുന്നതായി ഞങ്ങൾ കണ്ടു," എന്ന് അവർ അപ്പോൾ പറഞ്ഞു.

## III.

### യേശുവും സദ്ദൂച്യരും—മഹാശാസനം—ക്രിസ്തു, ദാവീദിന്റെ കുമാരൻ.

(മാർക്ക് xii. 18-37; മാത്യു xii. 23-46; ലൂക്ക് xx. 27-45.)

ഈ നവപരാജയം സൻഹെഡ്രിൻസഭക്കാരെ ഭഗ്നോത്സാഹരാക്കി; അവരിൽ അധികംപേരും ഈ നിഷ്ഫലമായ ഉദ്യമത്തിൽനിന്നു വിരമിച്ചു. എങ്കിലും ധൈര്യവാന്മാരായ മററു ചിലർ വിജയം കിട്ടുമെന്നുള്ള പ്രത്യാശയിൽ അവരുടെ ശ്രമങ്ങളെ തുടൎന്നു. ഇവർ തങ്ങളുടെ സുഖഭോഗതത്പരതയാലും പരമ്പരാചാരങ്ങളെപ്പററിയുള്ള അവജ്ഞയാലും യഹൂദരുടെ ഇടയിൽ സുവിദിതന്മാരായ സദ്ദൂച്യരായിരുന്നു. ഇതുവരെ അവർ യേശുവിനെ സംബന്ധിച്ച കാൎയ്യങ്ങളിൽനിന്നു സഗൎവ്വം പിൻമാറി നിൽക്കുകയായിരുന്നു; ആ പാരമ്പൎയ്യധ്വംസകനോടു തൎക്കിക്കുകയും എതിൎക്കുകയും ചെയ്യേണ്ട ആവശ്യം ഫരിസ്യൎക്കേ ഉണ്ടായിരുന്നുള്ളു എങ്കിലും ഈ കഴിഞ്ഞ ഏതാനും ദിവസങ്ങളിലെ സംഭവങ്ങൾ അവരെ ഭയപ്പെടുത്തി; റോമാക്കാരുമായുള്ള സഖ്യത്തിനും തങ്ങളുടെ സുഖലോലുപതത്വത്തിനും ബാധകമാകത്തക്കവണ്ണം വല്ല വിപ്ലവവുമുണ്ടായേക്കാമെന്ന് അവർ ശങ്കിച്ചു. തങ്ങളുടെ എതൃകക്ഷിക്കാരായ ഫരീസ്യർ ഇത്രയും കാലം ശ്രമിച്ചിട്ടും പററാതിരുന്ന ഒരു കാൎയ്യത്തിൽ പ്രവേശിച്ചു, വിജയംനേടണമെന്നുള്ള മത്സരബുദ്ധിയും ക്രിസ്തുവിനു വിപരീതമായി ഇറങ്ങുന്നതിന് ഇപ്പോൾ അവരെ പ്രേരിപ്പിച്ചു. ശരീരത്തിന്റെ പുനരുത്ഥാനത്തെപ്പററി ഒരു വിവാദം തുടങ്ങിയാൽ അവരുടെ ആക്ഷേപങ്ങൾക്കു സമാധാനം പറയുവാൻ യേശുവിനു സാധിക്കുകയില്ലെന്നും, അദ്ദേഹത്തെ അടിപ്പെടുത്തിക്കളയാമെന്നും ഒരു ഗൎവ്വം അവൎക്കുണ്ടായിരുന്നു.

അവർ ആദരഭാവത്തോടെ യേശുവിനെ സമീപിച്ചു പറഞ്ഞു:—

"ഗുരോ, 'സന്താനങ്ങളില്ലാതെ ഒരുവൻ മരിച്ചാൽ അ

വൻെറ സഹോദരൻ അവൻെറ ഭാൎയ്യയെ വിവാഹം ചെയ്തു്, അവനു സന്താനങ്ങളെ ഉൽപദിപ്പിക്കട്ടെ എന്നു മോസസ്സു പറയുന്നു. ഞങ്ങളുടെ അയൽപക്കത്തു ഏഴ് സഹോദരന്മാരുണ്ടായിരുന്നു; ഒന്നാമൻ വിവാഹം ചെയ്തശേഷം മരിച്ചു; അവനു സന്താനങ്ങളില്ലാതിരുന്നതിനാൽ അവൻെറ ഭാൎയ്യയെ അവൻെറ സഹോദരൻ പരിഗ്രഹിച്ചു. ഇപ്രകാരം ഏഴുപേരും മാറിമാറി അവളെ വിവാഹം ചെയ്യാൻ ഇടയായി. എല്ലാവരും മരിച്ച ശേഷം അവളും മരിക്കുന്നു. പുനരുത്ഥാനത്തിൽ അവൾ ഈ ഏഴുപേരിൽ ആരുടെ ഭാൎയ്യ ആയിരിക്കും—ഇവിടെവച്ചു് അവരെക്കെല്ലാവൎക്കും അവൾ ഭാൎയ്യയായിരുന്നുവല്ലോ—?"

തങ്ങളുടെ യുക്തിക്കനുരൂപമാംവണ്ണം ഈ കഥ ഏററവും സാരഗൎഭമാണെന്നു് ഇന്ദ്രിയഗോചരമല്ലാത്ത ഒരു ജീവിതത്തെയൊ സൗഭാഗ്യത്തെയൊ ഊഹിക്കാൻപോലും സാധിക്കാത്ത ലോകായതികന്മാർ ഭ്രമിച്ചേക്കാം. ഏഴു ഭൎത്താക്കന്മാരിൽ ഒന്നാമൻ അവൻെറ ഭാൎയ്യയെ വീണ്ടും പ്രാപിക്കും എന്ന ഫരിസ്യരുടെ അഭിപ്രായത്തെ സദ്ദൂച്യർ പരിഹസിക്കുകയും, ശരീരത്തോടുകൂടി സൎവ്വവും നശിക്കുന്നുവെന്നു അവർ വിശ്വസിക്കുകയും ചെയ്തു.

യേശുവിൻെറ മറുവടി എത്ര ഉൽകൃഷ്ടതരമായിരുന്നു! അവരുടെ മന്ദഹൃദയങ്ങൾ ഒരിക്കലും നിരൂപിച്ചിട്ടില്ലാത്ത മുക്തന്മാരുടെ ജീവിതത്തെപ്പററി അവർ ധ്യാനിക്കട്ടെ എന്നു വിചാരിച്ചു്, അദ്ദേഹം ക്ഷണനേരത്തേക്കു സ്വൎഗ്ഗവാതിലുകളെ തുറന്നിട്ടു.

അദ്ദേഹം പറഞ്ഞു: "ഈ ജീവിതത്തിൽ പുരുഷന്മാർ ഭാൎയ്യമാരെ സ്വീകരിക്കുകയും, സ്ത്രീകൾ ഭൎത്താക്കന്മാരെ സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ ആമുഷ്മികജീവിതത്തിനും പുനരുത്ഥാപനത്തിനും യോഗ്യരെന്നു വിധിക്കപ്പെടുന്നവരുടെ ഇടയിൽ അങ്ങനെയല്ല. അവരെല്ലാവരും ദൈവദൂതന്മാരെപ്പോലെ അമരന്മാർ, ദൈവത്തിൻെറ ശിശുക്കൾ, പുനരുത്ഥാനത്തിൻെറ ശിശുക്കൾ, ആകുന്നു." അനശ്വരമായ വിധത്തിൽ നവജാതരായ ഈ സിദ്ധന്മാർ, മാലാഖമാരെപ്പോലെ, സ്വവൎഗ്ഗവൃദ്ധിയെ പരിപാലിക്കുന്നതിനു വിവാഹം ചെയ്യേണ്ട ആവശ്യമില്ലെന്നും, ശരീരത്തിൽനിന്നോ ആത്മാവിൽനിന്നോ യാതൊന്നും മേലാൽ നശിക്കയില്ലെന്നും, സൎവ്വവും ഈശ്വരമയമായിരിക്കുമെന്നും ഭഗവാൻ സമൎത്ഥിച്ചു.

അദ്ദേഹം സദ്ദൂച്യരോടു, ഫരിസ്യരോടു കാണിച്ചതിനേക്കാൾ കൂടുതൽ അനുകമ്പയോടെ സംഭാഷണംചെയ്തു. ഈ പുതിയ വിവാദികളുടെ ആക്ഷേപങ്ങളിൽ അന്തർഭവിച്ചിരുന്നതു ദൗഷ്ട്യത്തെക്കാൾ ദംഭമാണെന്ന് അദ്ദേഹം കണ്ടു. പ്രകൃത്യതീതമായ ജീവിതത്തിൻെറ യാഥാർത്ഥ്യത്തെ അപലപിക്കുന്നതിനു ഹേതുവായ അവരുടെ ആന്ധ്യത്തെപ്പററി സഹതാപാകുലനായി, അദ്ദേഹം അവരുടെ പ്രമാദത്തിനു രണ്ടു കാരണങ്ങൾ കാണിച്ചുകൊടുത്തു. ഒന്ന്, മനുഷ്യരുടെ ബുദ്ധിക്ക് അതീതമായ സംഗതികളെ ചെയ്യാൻ കഴിയുന്നവനും, ചെയ്തിട്ടുള്ളവനുമായ ഈശ്വരൻെറ ശക്തിയെ അവർ തെററിദ്ധരിക്കുന്നതു്; മറേറതു് അവർ ഇനിയും വേദാഗമങ്ങളെ ശരിയായി മനസ്സിലാക്കിയിട്ടില്ലെന്നുള്ളതും, അവയെ അവരുടെ ലൌകികമനഃസ്ഥിതിക്ക് അനുരൂപമാംവണ്ണം നികൃഷ്ടമാക്കിക്കളഞ്ഞിരിക്കുന്നതും. മരിച്ചവർ വീണ്ടും ഉയിക്കുമെന്ന് അവർ വായിച്ചിട്ടില്ലെന്നു പറയുന്നതെങ്ങനെ? മോസസ്സ വളരെ പണ്ടേതന്നെ അവക്ക് അതു വെളിപ്പെടുത്തിക്കൊടുത്തിട്ടില്ലായിരുന്നോ? സദൂച്യർ മററു ദീർഘദർശികൾക്കു മോസസ്സിനുള്ളതുപോലെ പ്രാമാണ്യം കല്പിച്ചിട്ടില്ലായിരുന്നതിനാൽ യേശു അവരുടെ സാക്ഷ്യത്തെ ഉദ്ധരിച്ചില്ല.

"മരിച്ചവർ വീണ്ടും ഉയിക്കുമോ, ഇല്ലയോ എന്നുള്ളതിനെപ്പററി നിങ്ങൾ മോസസ്സിൻെറ പുസ്തകത്തിൽ, "ഞാൻ അബ്രാഹമിൻെറ ദൈവം, ഇസാക്കിൻെറ ദൈവം, ജേക്കബിൻെറ ദൈവം ആകുന്നു", എന്നു ദൈവം അദ്ദേഹത്തോടു് എങ്ങനെ പറഞ്ഞുവെന്നു നിങ്ങൾ വായിച്ചിട്ടില്ലേ?" ഈ പിതാക്കന്മാർ ശവകുടീരങ്ങളിൽ സംസ്കരിക്കപ്പെട്ടിരിക്കുന്ന വിശീർണ്ണമായ ശരീരാവശിഷ്ടങ്ങൾ മാത്രമായിരുന്നുവെങ്കിൽ, യഹോവാ ഈ അപരനാമത്തെ സ്വീകരിച്ച്, അചേതനമായ ഒരു കൈ മണ്ണിൻെറ ദൈവമെന്നു തന്നത്താൻ വിളിക്കുമായിരുന്നില്ല. അതുകൊണ്ട് ഈ മനുഷ്യരുടെ ഏതോ ഒന്ന് അവരുടെ മരണാനന്തരം ജീവിച്ചിരിക്കുകയും, അതു ദൈവത്തിന് അനന്തകാലത്തേക്കും കാണാവുന്നതായിരിക്കുകയും ചെയ്യണം; "എന്തെന്നാൽ ദൈവം മരിച്ചവരുടെ ദൈവമല്ല, ജീവിച്ചിരിക്കുന്നവരുടേതാണ്." അനന്തരം അദ്ദേഹം ഇസ്രായേലിലെ ആദിമപിതാക്കന്മാരെപ്പററി മനുഷ്യവർഗ്ഗത്തെ ഒട്ടുക്കു വ്യാപിക്കത്തക്കവണ്ണം ഇങ്ങനെ പറഞ്ഞു:

"എല്ലാവരും ദൈവത്തിൻെറ മുമ്പാകെ ജീവിക്കുന്നു.

അതുകൊണ്ടു നിങ്ങൾക്കു വല്യതായ അബദ്ധം പററിയിരിക്കുന്നു.''

ഈ പുതിയ തർക്കം കേട്ടുകൊണ്ടുനിന്ന ജനങ്ങൾ യേശുവിൻെറ വാഗ്വൈഭവം കണ്ട് ആശ്ചര്യപരതന്ത്രരായിപ്പോയി; വേദശാസ്ത്രികളിൽ ചിലർ അവരുടെ പ്രമോദത്തെ പ്രദർശിപ്പിച്ചു; ഒരാൾ ക്രിസ്തുവിൻെറ പ്രസ്ഥാനത്തെപ്പററി കൂടുതലായി അറിയുന്നതിനു ജിജ്ഞാസുവായി, അദ്ദേഹത്തെ സമീപിച്ച്, ഇങ്ങനെ ചോദിച്ചു:

"ഗുരോ, പ്രമാണങ്ങളിൽ പ്രഥമഗണനീയമായതു് ഏതാണ്?''

അക്കാലത്തു ചിന്താശീലരായ ഏവരുടേയും ശ്രദ്ധയ്ക്കു വിഷയമായി ഭവിച്ചിരുന്ന പ്രമേയങ്ങളിൽ ഒന്നായിരുന്നു ഇതു്. പ്രാർത്ഥനാലയങ്ങളിലെ ശുഷ്കങ്ങളായ വാദപ്രതിവാദങ്ങൾ അവക്കു നീരസപ്രദങ്ങളായിരുന്നു. വേദപുസ്തകത്തോടുള്ള അധികമായ ഭക്തി നിമിത്തം ഇസ്രായലിലെ ഗുരുനാഥന്മാർ അതിനെ പ്രത്യക്ഷരം വ്യാഖ്യാനിച്ച്, അതിലടങ്ങിയിരുന്ന ധർമ്മോപദേശങ്ങളെ നിരർത്ഥകങ്ങളും ഫലശൂന്യങ്ങളുമാക്കിത്തീർത്തിരുന്നു. ചിലക്കു പാരമ്പര്യവിധികൾ മോസസ്സിൻെറ കല്പനകളെക്കാൾ പ്രധാനതരങ്ങളായിരുന്നു; മററു ചിലക്കു ഫരിസ്യരുടെ 'മാമൂലുകൾ' അക്ഷരംപ്രതി അനുഷ്ഠേയങ്ങളായിരുന്നു. അതിനാൽ, ശരി ഏതാണെന്നു തീരുമാനിക്കുന്നതിനു പ്രസ്തുത വേദശാസ്ത്രി യേശുവിനോട് അപേക്ഷിച്ചു.

ഭഗവാൻെറ മറുവടി അവരുടെ സംശയങ്ങളെ നിശ്ശേഷം നിവാരണം ചെയ്തു. അദ്ദേഹം തൻെറ ശ്രോതാക്കളുടെ നെററിപ്പട്ടങ്ങളെ ചൂണ്ടിക്കാണിച്ചു. അവയിൽ ഓരോന്നിലും ഭക്തന്മാരായ ഇസ്രായൽക്കാർ ദിവസം രണ്ടുപ്രാവശ്യം ചൊല്ലുന്ന ഈ ജപം മുദ്രിതമായിരുന്നു:— "ഓ, ഇസ്രായൽ, നീ ശ്രദ്ധിച്ചു കേൾക്കുക, നിൻെറ ദൈവമായ ജഗൽകർത്താവ് ഏകദൈവമാകുന്നു; നീ നിൻെറ ദൈവമായ ആ സർവ്വേശ്വരനെ നിൻെറ മുഴുവൻ ഹൃദയത്തോടും, മുഴുവൻ ആത്മാവോടും, മുഴുവൻ മനസ്സോടും, മുഴുവൻ ശക്തിയോടും സ്നേഹിക്കണം."

"അതാ! ഒന്നാമത്തെ പ്രമാണം, തത്തുല്യമായ രണ്ടാമത്തേതു് ഇതാകുന്നു: നീ നിൻെറ അയൽവാസിയെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം. ഇവയെക്കാൾ മഹത്തരമായ കല്പന വേറേ ഇല്ല'' എന്നു രക്ഷാനാഥൻ പറഞ്ഞു.

ഇസ്രായലിലെ അക്കാലത്തെ ഗുരുഭ്രതന്മാരുടെ ചൈതന്യരഹിതങ്ങളായ ബോധനങ്ങളാകുന്ന കാർമേഘപടലങ്ങളാൽ സമാവൃതമായിരുന്ന യഹൂദന്മാരുടെ ഹൃദയനഭോമണ്ഡലത്തിൽ ഈ വാക്കുകൾ എത്ര ഊക്കേറിയ പ്രകാശകിരണങ്ങളെയാണ് പ്രവഷിച്ചതെന്നു നമുക്കു ഊഹിക്കാൻപോലും സാധിക്കുകയില്ല. അവരിൽ നിഷ്കപടഹൃദയന്മാർ അവയിലടങ്ങിയിരുന്ന സത്യം എളുപ്പം ഗ്രഹിച്ചു: വേദം മുഴുവനും യേശു ഒററവാക്കിൽ സംഗ്രഹിച്ചു—ധമ്മങ്ങളെയെല്ലാം ഏകധമ്മത്തിൽ അന്തഭ്വിപ്പിച്ചു— സ്നേഹം, സകലവും സ്നേഹം: സവ്വോപരി ദൈവത്തെ സ്നേഹിക്കണം; തന്നെത്താൻ സ്നേഹിക്കുന്നതുപോലെ അന്യനേയും സ്നേഹിക്കണം. മോക്ഷസിദ്ധിക്കായി അറിവില്ലാത്തവരും ബലഹീനരും വലിയ ബുദ്ധിമുട്ടുകൾ സഹിക്കണമെന്നു ഭഗവാൻ വിധിച്ചില്ല; അവർ വേദപുസ്തകങ്ങളെ പരിശോധിക്കണമെന്നുതന്നെയും അദ്ദേഹം നിർബന്ധിച്ചില്ല. മനുഷ്യവഗ്ഗത്തിനുള്ള സകല വേദങ്ങളും ദീഘദശ്നങ്ങളും ഇതിൽ അന്തർഭവിച്ചിരിക്കുന്നു. അവർ ദൈവത്തേയും സമസൃഷ്ടികളേയും സ്നേഹിക്കണം.

താൻ വേദപുസ്തകങ്ങളിൽനിന്നു പഠിച്ച തത്ത്വങ്ങളെയെല്ലാം സ്ഥിരികരിക്കുന്ന ഈ മഹാശാസനത്താൽ ആകൃഷ്ടനായി, ആ വേദശാസ്ത്രി തന്റെ അഹ്ളാദഭാരത്തെ പ്രകടിപ്പിച്ചു.

"ഗുരോ, അങ്ങ് ഉചിതമായി സംസാരിച്ചിരിക്കുന്നു," എന്ന് അയാൾ ഉദ്ഘോഷിച്ചു.

അനന്തരം അയാൾ ഭഗവാന്റെ വാക്കുകളെ ഓരോന്നായി ആവത്തിച്ചു:—

"സത്യമായി ദൈവം ഏകമാകുന്നു. അദ്ദേഹം അല്ലാതെ വേറെ ആരുമില്ല! അദ്ദേഹം പൂണ്ണഹൃദയത്തോടും, പൂണ്ണബുദ്ധിയോടും, പൂണ്ണാത്മാവോടും, പൂണ്ണശക്തിയോടും സ്നേഹിക്കപ്പെടണം......നമ്മുടെ അയൽവാസിയെ നമ്മെപ്പോലെതന്നെ സ്നേഹിക്കുന്നത് എല്ലാ ബലികളേയും പൂജകളേയുംകാൾ ഉൽകൃഷ്ടതരമാകുന്നു."

ക്രിസ്തുവിന്റെയും ഓസിയുടെയും ഈ വാക്കുകളുടെ സംഘടനം ആ വേദശാസ്ത്രി വൈദികഗ്രന്ഥങ്ങളെ ഏററം ശ്രദ്ധയോടെ അദ്ധ്യയനം ചെയ്തിരുന്നുവെന്നു പ്രദ്യോതിപ്പിക്കുന്നു. അമ്മാതിരി അകളങ്കമായ ഔത്സുക്യം യേശുവിനു ഹൃദയാവർജ്ജകമായിരുന്നു. അദ്ദേഹം അയാളുടെ പ്രത്യുത്തരത്തിൽ പ്രത്യ

ക്ഷമായിരുന്ന പരിജ്ഞാനത്തെയും സഹൃദയത്വത്തെയും പ്രശംസിക്കുകയും അയാൾക്കു പരിപൂർണ്ണമായ പ്രകാശം സിദ്ധിക്കുന്നതിനു വേണ്ട മാർഗ്ഗങ്ങളെ ഉപദേശിച്ചുകൊടുക്കുകയും ചെയ്തു.

"താൻ സ്വർഗ്ഗീയരാജ്യത്തിൽ നിന്ന് അകലെയല്ല," എന്ന് അദ്ദേഹം അയാളോടു പറഞ്ഞു.

ഈ സംഭാഷണം ഫരീസ്യരുടെ ചെവിയിലെത്തി. അവരുടെയും അവരുടെ പ്രണിധികളുടെയും ശ്രമങ്ങളെല്ലാം വിഫലീഭവിച്ചുവെന്നു കണ്ടപ്പോൾ അവർ പൂർവ്വാധികം പ്രക്ഷുബ്ധരായി സംഘംകൂടി നിന്ന് തങ്ങൾക്കു പരസ്യമായി വിജയകരമായി എതിർക്കുന്നതിനു സാധിക്കുകയില്ലെന്ന് അസന്ദിഗ്ദ്ധമാംവണ്ണം തീർച്ചപ്പെട്ടുപോയ ആ മഹാപുരുഷനെ വ്യഗ്രതയോടെ നിരീക്ഷണം ചെയ്യുകയായിരുന്നു.

യേശുവിന് അവർ അടുക്കലുണ്ടെന്ന് അറിയാമായിരുന്നു. അവരിൽനിന്ന് ഇങ്ങോട്ടു ചോദ്യമൊന്നുമുണ്ടാകുന്നതിനുമുമ്പു തന്നെ അദ്ദേഹം അവരോടു സംഭാഷണം തുടങ്ങി;

"നിങ്ങൾ ക്രിസ്തുവിനെപ്പററി എന്തു വിചാരിക്കുന്നു? അദ്ദേഹം ആരുടെ പുത്രനാകുന്നു?" എന്ന് അദ്ദേഹം അവരോടു ചോദിച്ചു.

"ദാവീദിന്റെ," എന്ന് അവർ ഉത്തരം പറഞ്ഞു. യേശു ഇങ്ങനെ പ്രതിസമാധാനം പറഞ്ഞു:—

"അപ്പോൾ ഈശ്വരപ്രബുദ്ധനായ ദാവീദ് അദ്ദേഹത്തെ തന്റെ ഈശൻ എന്ന് അഭിസംബോധനം ചെയ്യുന്നതെങ്ങനെ?

"ഈശൻ എന്റെ ഈശനോടു പറഞ്ഞു:

'ഞാൻ നിന്റെ ശത്രുക്കളെ നിനക്ക് ഒരു പാദപീഠമെന്നപോലെ അധഃപതിപ്പിക്കുന്നതുവരെ നീ എന്റെ വലത്തുഭാഗത്തിരിക്കുക!'

"ദാവീദ് അദ്ദേഹത്തെ തന്റെ ഈശൻ എന്നു വിളിക്കുന്നുവെങ്കിൽ അദ്ദേഹം ദാവീദിന്റെ മകനാകുന്നതെങ്ങനെ?"

യേശുവിന്റെ സാക്ഷാത്തായ ഉത്ഭവം സമ്മതിക്കാതെ ഈ പ്രശ്നത്തിനു സമാധാനം പറയുന്നതിന് അവർക്കു കഴിയുമായിരുന്നില്ല. ശാരീരികമായി ദാവീദിന്റെ ആത്മജനായിരുന്നുവെങ്കിലും, അദ്ദേഹം അയാളുടെ ആദ്യന്തവിഹീനനായ ഈശ

നം സ്വാമിയുമാണ്. എങ്കിലും ദുർമ്മദം നിമിത്തം അന്ധരായിരുന്നതിനാൽ അവർ മൌനം അവലംബിച്ചു; എന്നാൽ "ജനസാമാന്യമാകട്ടെ അദ്ദേഹത്തെ സന്തോഷപൂർവ്വം ചെവിക്കൊണ്ടു." അന്നു പൂർവ്വാഹ്നത്തിൽ നടന്ന വാദപ്രതിവാദങ്ങൾക്കശേഷം യേശുവിനോടു തക്കിക്കുന്നതിനു് ആരും മുതിർന്നില്ല; അദ്ദേഹത്തിന്റെ ഉപദേശത്തെ ഖണ്ഡിക്കുന്നതിനേക്കാൾ വളരെ എളുപ്പം അദ്ദേഹത്തെ നശിപ്പിക്കുന്നതിനാണെന്നു് അവർ ഇപ്പോൾ മനസ്സിലാക്കിക്കഴിഞ്ഞിരുന്നു.

## IV.

### ഫരീസ്യപ്രഭൃതികൾ കഠിനമായി ശാസിക്കപ്പെടുന്നു.

(മാത്യു xxiii, 1- 39; മാർക്ക് xxii, 38- 40; ലൂക്ക് xx, 45- 47.)

അനന്തരം യേശു ജനസമൂഹത്തെ നോക്കി ഇസ്രായലിലെ പ്രഭുവർഗ്ഗത്തെ അവസാനമായി നിർദാക്ഷിണ്യമായി ശാസിച്ചു:—

"ശാസ്ത്രികളും ഫരീസ്യരും മോസസ്സിന്റെ ആസനത്തിൽ ഉപവിഷ്ടരായിരിക്കുന്നു. അതുകൊണ്ടു നിങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ; അവർ നിങ്ങളോടു പറയുന്നതെല്ലാം നിങ്ങൾ ചെയ്യുവിൻ; എന്നാൽ അവർ ചെയ്യുന്നതുപോലെ ചെയ്യരുതു്. എന്തെന്നാൽ അവർ പറയുന്നു, പ്രവൃത്തിക്കുന്നില്ല.

"അവർ ഭാരമുള്ളതും ദുർവഹവുമായ ചുമടുകളെ കൂട്ടിക്കെട്ടി, മനുഷ്യരുടെ തോളുകളിൽ വച്ചുകൊടുക്കുന്നു; എന്നാൽ തങ്ങളുടെ വിരലിന്റെ അററംകൊണ്ടുപോലും അവയെ അനക്കുന്നതിനു് അവർ തയ്യാറില്ല.

"അവർ തങ്ങളുടെ പ്രവൃത്തികളെല്ലാം മനുഷ്യരാൽ കാണപ്പെടുന്നതിനായി ചെയ്യുന്നു; അതിന്നായി അവർ തങ്ങളുടെ നെററിപ്പട്ടകളുടെ വീതി കൂട്ടുകയും, വസ്ത്രങ്ങളെ മോടിപിടിപ്പിക്കുകയും ചെയ്യുന്നു.

"സദ്യകളിലും പ്രാർത്ഥനാലയങ്ങളിലും പ്രഥമസ്ഥാനങ്ങൾ സിദ്ധിക്കുന്നതിനും തെരുവീഥികളിൽ മനുഷ്യരാൽ വന്ദിക്കപ്പെടുന്നതിനും, 'ഗുരു' എന്നു വിളിക്കപ്പെടുന്നതിനും അവർ ആഗ്രഹിക്കുന്നു.

"എന്നാൽ നിങ്ങൾ ഗുരു എന്നു വിളിക്കപ്പെടരുതു്; എന്തു കൊണ്ടെന്നാൽ നിങ്ങളുടെ ഉപദേഷ്ടാവു് ഏകനും, നിങ്ങൾ എല്ലാവരും സഹോദരന്മാരും ആകുന്നു.

"ഭൂമിയിൽ ആരെയും നിങ്ങളുടെ പിതാവു് എന്നു വിളിക്കരുതു്; എന്തെന്നാൽ നിങ്ങളുടെ പിതാവു് ഏകനും, അദ്ദേഹം സ്വർഗ്ഗത്തും ആകുന്നു.

"നിങ്ങൾ നേതാക്കന്മാർ എന്നും വിളിക്കപ്പെടരുതു്; എന്തെന്നാൽ നിങ്ങളുടെ നേതാവു് ഏകൻ, ക്രിസ്തു, ആകുന്നു.

"നിങ്ങളുടെ ഇടയിൽ ഏററവും വലിയവനായവൻ നിങ്ങളുടെ ദാസനായിരിക്കണം.

"തന്നത്താൻ ഉയർത്തുന്ന ഏവനും താഴ്ത്തപ്പെട്ടും; എന്നാൽ തന്നത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെട്ടും."

ക്രിസ്തുവിൻെറ ഈ നവീനാദർശങ്ങളാൽ ഭരിക്കപ്പെടുന്ന മനുഷ്യസമുദായത്തിൻെറ സ്ഥിതി ദംഭവും കാപട്യവും നിറഞ്ഞ യഹൂദസമുദായത്തിൻേറതിനേക്കാൾ എത്ര ഉൽകൃഷ്ടതരമായിരിക്കുന്നു! സാക്ഷാൽ ക്രൈസ്തവസമുദായത്തിൽ സ്വർഗ്ഗത്തു വാഴുന്ന ഒരു യജമാനൻ, ഒരു പിതാവു, മാത്രമേയുള്ളൂ; അതിൻെറ ഏകോപദേഷ്ടാവു ക്രിസ്തുവാകുന്നു. അതിൻെറ അംഗങ്ങളെല്ലാവരും സഹോദരന്മാരും, അവരിൽ ഏററവും വലിയവൻ എല്ലാവരുടെയും പരിചാരകനും ആണു്; അവരിൽ ഏററവും എളിമയുള്ളവനു് ഏററവും ഉന്നതമായ സ്ഥാനം നൽകപ്പെടുന്നു. ഇത്ര പരിപൂർണ്ണമായ ഒരു അവസ്ഥയാണു് ഫരീസ്യർ അവജ്ഞാപൂർവ്വം തിരസ്കരിക്കുന്നതു്! അവർ അവക്കും, അവരുടെ ജാതിക്കും നാശകരമായ അധർമ്മങ്ങളിലും ദുരാചാരങ്ങളിലും അചലമായി ഉറച്ചുപോയിരിക്കുന്നു! അമ്മാതിരി ദൌഷ്ട്യം യേശുവിനു സഹിക്കാവതല്ല. ദത്തകർണ്ണവും, വിസ്മയപാരവശ്യത്താൽ മൂകീഭൂതവുമായ ജനതതിയുടെ നടുവിൽനിന്നുംകൊണ്ടു്, അദ്ദേഹം ഇസ്രായലിലെ പ്രഭുക്കന്മാരെയും, വേദപണ്ഡിതന്മാരെയും, വൈദികശ്രേഷ്ഠന്മാരെയും അധികരിച്ചുള്ള ആ അഭിഷംഗങ്ങളെ എട്ടു പ്രാവശ്യം ആമ്റേഡനം ചെയ്തു:

"ദാംഭികന്മാരായ വേദശാസ്ത്രികളെ, ഫരീസ്യരെ, നിങ്ങൾക്കു ദുരിതം! നിങ്ങൾ ജ്ഞാനഭണ്ഡാരത്തിൻെറ താക്കോൽ കരസ്ഥമാക്കിയിട്ടു്, സ്വർഗ്ഗരാജ്യത്തെ മനുഷ്യക്കു വിപരീതമായി അടയ്ക്കുന്നതിനു മാത്രം നിങ്ങൾ അതിനെ ഉപയോഗിച്ചിരിക്കുന്നു!

നിങ്ങളോ അതിൽ പ്രവേശിക്കുന്നില്ല. എന്നാൽ മററുള്ളവർ പ്രവേശിക്കുന്നതിനു ഒട്ടും സമ്മതിക്കുന്നുമില്ല.

"ദാംഭികന്മാരായ വേദശാസ്ത്രികളെ, ഫരീസ്യരെ, നിങ്ങൾക്കു ദുരിതം! നിങ്ങൾ ദീർഘനേരം പ്രാർത്ഥിക്കുന്നുവെന്ന നാട്യത്തിൽ നിങ്ങൾ വിധവകളുടെ ഭവനങ്ങളെ വിഴുങ്ങിക്കളയുന്നു. അതുകൊണ്ടു നിങ്ങളുടെ വിധി ഭയങ്കരതരമായിരിക്കും.

"ദാംഭികന്മാരായ വേദശാസ്ത്രികളെ, ഫരീസ്യരെ, നിങ്ങൾക്കു ദുരിതം! നിങ്ങൾ ഒരുവനെ നിങ്ങളുടെ മതത്തിൽ ചേർക്കുന്നതിനായി കരയും കടലും ചുററിയോടുന്നു. എന്നാൽ അവൻ നിങ്ങളുടെ മതം അവലംബിച്ചുകഴിയുമ്പോൾ അവനെ നിങ്ങൾ നിങ്ങളേക്കാൾ രണ്ടുമടങ്ങു നരകയോഗ്യനാക്കിത്തീർക്കുന്നു.

"അന്ധരായ നേതാക്കന്മാരേ, നിങ്ങൾക്കു ദുരിതം! എന്തെന്നാൽ നിങ്ങൾ പറയുന്നു: 'ഒരു മനുഷ്യൻ ദേവാലയത്തെക്കൊണ്ട് ആണയിട്ടാൽ അതു സാരമല്ല; എന്നാൽ അവൻ ദേവാലയത്തിലെ സ്വർണ്ണംകൊണ്ട് ആണയിട്ടാൽ അവൻ ബന്ധിതനാകുന്നു.' കുരുടരും മൂഢരുമായ മനുഷ്യരെ! ഏതു് വലുതു്, സ്വർണ്ണമോ, സ്വർണ്ണത്തെ പവിത്രീകരിക്കുന്ന ദേവാലയമോ?..... ദേവാലയത്തെക്കൊണ്ടു് ആണയിടുന്നവൻ ദേവാലയത്തെക്കൊണ്ടും, അതിനെ അധിവസിക്കുന്നവനെക്കൊണ്ടും ആണയിടുന്നു.

"ദാംഭികന്മാരായ വേദശാസ്ത്രികളെ, ഫരീസ്യരെ, നിങ്ങൾക്കു ദുരിതം! എന്തെന്നാൽ, നിങ്ങൾ തുളസിയിലും, ശതകുപ്പയിലും, ജീരകത്തിലും പോലും ദശാംശം കൊടുക്കുകയും വേദത്തിലെ ഗുരുതരങ്ങളായ സംഗതികളെ– നീതിയെയും, കരുണയെയും, വിശ്വാസത്തെയും– അവഗണിക്കുകയും ചെയ്യുന്നു. ഈ സംഗതികളെ നിങ്ങൾ നിർവഹിക്കുകയും, മററുള്ളവയെ അവഗണിക്കാതിരിക്കുകയുമത്രെ വേണ്ടിയിരുന്നതു്. നിങ്ങൾ ഒരു കൊതുകിനെ ഭദ്രമായി അരിച്ചുകളയുകയും, ഒട്ടകത്തെ മുഴുവനെ വിഴുങ്ങുകയും ചെയ്യുന്ന കുരുടരായ വഴികാട്ടികളാകുന്നു.

"ദാംഭികന്മാരായ വേദശാസ്ത്രികളെ, ഫരീസ്യരെ, നിങ്ങൾക്കു ദുരിതം! നിങ്ങൾ പാനപാത്രത്തിൻെറയും ഭക്ഷണപാത്രത്തിൻെറയും പുറം വെടിപ്പാക്കുന്നു; എന്നാൽ അകം ചൗര്യവും, അശുദ്ധിയുംകൊണ്ടു നിറഞ്ഞിരിക്കുന്നു. അന്ധനായ ഫരീസ്യാ, നീ പാനപാത്രത്തിൻെറയും ഭക്ഷണപാത്രത്തിൻെറയും പുറം ശുദ്ധമാക്കുന്നതിനു മുമ്പ് അവയുടെ അകം വൃത്തിയാക്കുക.

"ദാംഭികന്മാരായ വേദശാസ്ത്രികളെ, ഫരീസ്യരെ, നിങ്ങൾക്ക ദുരിതം! നിങ്ങൾ വെള്ളയടിക്കപ്പെട്ട ശവകുടിരങ്ങൾക്ക സദൃശരാകുന്നു; അവ പുറമേ രമണീയങ്ങളായി കാണപ്പെടുന്നു; അവയുടെ ഉള്ളോ മരിച്ച മനുഷ്യരുടെ അസ്ഥികൾകൊണ്ടും എല്ലാത്തരം അശുദ്ധികൾകൊണ്ടും നിറഞ്ഞിരിക്കുന്നു. അപ്രകാരം തന്നെ നിങ്ങളും പുറമെ മനുഷ്യക്ക നീതിമാന്മാരായി കാണപ്പെടുന്നു; ഉള്ളിലോ നിങ്ങൾ ദംഭവും ദൗഷ്ട്യവുംകൊണ്ടു നിറഞ്ഞിരിക്കുന്നു.

"ദാംഭികന്മാരായ വേദശാസ്ത്രികളെ, ഫരീസ്യരെ, നിങ്ങൾക്ക ദുരിതം! നിങ്ങൾ ദീഘദശികളുടെ കല്ലറകളെ പണിയുകയും, നീതിമാന്മാരുടെ സ്മാരകങ്ങളെ അലങ്കരിക്കുകയും ചെയ്യുകയും 'ഞങ്ങൾ ഞങ്ങളുടെ പിതാക്കന്മാരുടെ കാലത്തു ജീവിച്ചിരുന്നുവെങ്കിൽ ദീർഘദശികളുടെ വധത്തിൽ ഞങ്ങൾ അവരുടെ സഹകാരികളാകുമായിരുന്നില്ല!' എന്നു പറയുകയും ചെയ്യുന്നു. അകയാൽ നിങ്ങൾ അവരെ കൊന്നവരുടെ സന്തതികളാണെന്നു നിങ്ങൾതന്നെ ഏററു പറയുന്നു. നിങ്ങളുടെ പിതാക്കന്മാരുടെ മഹാപാതകത്തെ നിങ്ങൾ പൂത്തിയാക്കുവിൻ! സപ്പങ്ങളെ, അണലിസന്തതികളെ, നിങ്ങൾ നരകവിധിയിൽനിന്ന് എങ്ങനെ രക്ഷപ്പെടും? എന്തെന്നാൽ ഇതാ ഞാൻ നിങ്ങൾക്കായി ദീഘദശികളെയും, ജ്ഞാനികളെയും, വിജ്ഞാനികളെയും അയക്കുന്നു; ചിലരെ നിങ്ങൾ കൊല്ലുന്നു, മററുള്ളവരെ നിങ്ങൾ കുരിശിൽ തറയ്ക്കുന്നു; നിങ്ങൾ അവരെ പ്രാത്ഥനാലയങ്ങളിൽവച്ചു പ്രഹരിക്കുകയും,പട്ടണംതോറും ഉപദ്രവിച്ചു വിദ്രാവണം ചെയ്യുകയും ചെയ്യുന്നു; തദ്ദ്വാരാ നീതിമാനായ അബേലിൻെറ രക്തംമുതൽ നിങ്ങൾ ദേവാലയത്തിൻെറയും ബലിപീഠത്തിൻെറയും മദ്ധ്യേവച്ചു കൊന്ന സഖേരിയാ (ബരക്കിയാസ്സിൻെറ പുത്രൻ)യുടെ രക്തംവരെ ഭൂമിയിൽ ചൊരിയിക്കപ്പെട്ട നിർദോഷമായ രക്തമെല്ലാം നിങ്ങളുടെമേൽ വന്നു വീഴും. ഇവയെല്ലാം ഈ തലമുറയ്ക്കുതന്നെ പററുമെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു."

ശാന്തസ്വഭാവനായ യേശുവിൽനിന്നു നിഷ്ക്രമിച്ച ഈ വചനങ്ങൾ അദ്ദേഹത്തിന് അനുചിതമാംവണ്ണം ഭയങ്കരവും നിർദ്ദാക്ഷിണ്യവുമായി നമുക്ക തോന്നുന്നുവെങ്കിലും അദ്ദേഹം സീയോൻെറ വിശ്വാസരാഹിത്യത്തെ ശപിക്കുകയല്ല, അതിനേപ്പററി

വിലപിക്കുകയത്രെ ചെയ്യുതെന്നു സ്പഷ്ടമാണ്. ഈ പ്രഭാഷണത്തിൻെറ ഉപസംഹാരം അദ്ദേഹത്തിൻെറ ഹൃദയസ്ഥിതിയെ സ്പഷ്ടതരമായി പ്രകാശിപ്പിക്കുന്നു. ഈ കരുണാമസൃണമായ ശാസനവചനങ്ങൾ മുമ്പൊരിക്കൽ നാം അദ്ദേഹത്തിൻെറ അധരങ്ങളിൽനിന്നു കേട്ടിട്ടുണ്ട്:—

"യറുശലേം! യറുശലേം! ദീഘദശികളെ കൊല്ലുകയും, നിൻെറ അടുക്കൽ അയക്കപ്പെട്ടുന്നവരെ കല്ലെറിയുകയും ചെയ്യുന്ന നിൻെറ മക്കളെ, ഒരു പിടക്കോഴി അതിൻെറ കുഞ്ഞുങ്ങളെ ചിറകിൻകീഴ് ഒരുമിച്ചു ചേത്തണച്ചു നിറുത്തുന്നതുപോലെ, ഒരുമിച്ചു ചേത്തണെയ്ക്കുന്നതിനു ഞാൻ എത്ര പ്രാവശ്യം മനസ്സുവച്ചു; എങ്കിലും നിനക്കു മനസ്സില്ല! ഇതാ, നഗരം ശൂന്യമാക്കപ്പെടുവാൻ പോകുന്നു. സവ്വേശ്വരൻെറ നാമത്തിൽ വരുന്നവൻ അനുഗൃഹീതനാകുന്നു എന്നു നിങ്ങൾ പറയുന്നതുവരെ മേലാൽ നിങ്ങൾ എന്നെ കാണുകയില്ലെന്നു ഞാൻ നിങ്ങളോടു പറയുന്നു".

ഇതു ദൈവഹന്താക്കളായ ഈ ജാതിക്കാക്ക് എത്ര ദുഃഖസമ്മിളിതമായ ഒരു ആശ്വാസം! അവരുടെ അവസാന സന്തതി അത്യന്ത വിദൂരമായ കാലാന്തരത്തിൽ മാത്രമേ മാനസാന്തരപ്പെടുകയുള്ളു; അപ്പോൾ അവർ അവരുടെ പൂവ്വപിതാക്കന്മാരുടെ പാതകത്തെപ്പററി വിലപിക്കും. അദ്ദേഹത്തിൻെറ സംഭാഷണത്തെ കേട്ടുകൊണ്ടു നിന്നവരും, തങ്ങളുടെ മരണത്തിനു മുമ്പായി ദേവാലയം നശിപ്പിക്കപ്പെട്ടുന്നതും തങ്ങളുടെ സമുദായം ഭൂലോകമെങ്ങും ചിതറിക്കപ്പെട്ടുന്നതും കാണാനിരിക്കുന്നവരുമായ ഈ യഹൂദക്കു ഭാവിയിൽ ഏവംവിധമായ ഒരു പ്രത്യാശയ്ക്കു മാത്രമേ വകയുണ്ടായിരുന്നുള്ളു.

# അദ്ധ്യായം ൪.

## അന്തിമദീർഘദർശനങ്ങൾ.

(മാർക്ക് xii, 41-44; xiii, 1- 37: xiv, 1-2; 10-11; ലൂക്ക് xxi, 1-36; xxii, 1–6; മാത്യു xxiv, 1- 51; xxv, 1- 46; xxvi. 1-5; 14-16.)

ഫരിസ്യരുടെ ദുഷ്ടതയേയും ദംഭത്തേയുംപററി യേശു ഈവിധം അനുക്രോശിച്ചതു ശ്രീകോവിലിന്റെ അടുക്കൽ നിന്നായിരുന്നു. ഈ മുകൾത്തട്ടിൽനിന്ന് ഇറങ്ങി വിജാതീയൎക്കായുള്ള മണ്ഡപത്തിലേക്കു വരുന്നതിനു മുമ്പായി, സ്ത്രീകൾക്കും പ്രവേശിക്കാവുന്ന ശ്രീഭണ്ഡാരശാലയിൽ നേർച്ചപ്പെട്ടികൾക്ക് അഭിമുഖമായി അദ്ദേഹം സ്വല്പനേരം ഇരുന്നു. വിപുലങ്ങളായ ഈ മൂന്നുപേടകങ്ങൾ, തങ്ങളുടെ വിലയേറിയ പ്രാഭൃതങ്ങളെ അവയിൽ സാടോപം നിക്ഷേപിക്കുന്ന ധനികരായ യഹൂദരാൽ സംവരണം ചെയ്യപ്പെട്ടിരുന്നു. അവരുടെ പിന്നിൽനിന്ന് ഒരു സാധുവായ വിധവ മുക്കാലണ വിലപിടിക്കുന്ന രണ്ടു തുട്ടുകാശു എത്രയും സങ്കോചത്തോടുകൂടി അവയിലൊന്നിൽ ഇട്ടു: "അതു അവളുടെ സർവ്വസ്വമായിരുന്നു." ഈ വസ്തുത രക്ഷാനാഥനു് അറിയാമായിരുന്നു.

അദ്ദേഹം ഉടൻ ശിഷ്യന്മാരെ വിളിച്ച് ആ വിനീതയായ സാധുസ്ത്രീയെ ചൂണ്ടിക്കാണിച്ച്, "വാസ്തവത്തിൽ ഈ പാവപ്പെട്ട വിധവ മററുള്ളവരെല്ലാവരെയുംകാൾ കൂടുതൽ കൊടുത്തിരിക്കുന്നു. അവർ അവരുടെ സമൃദ്ധമായ ധനത്തിന്റെ ഒരോഹരിമാത്രമേ നേർച്ചയിട്ടിട്ടുള്ളു; എന്നാൽ അവളാകട്ടെ അവളുടെ അഷ്ടിക്കുള്ളതുമുഴുവനും ദാനം ചെയ്തിരിക്കുന്നു," എന്നു പറഞ്ഞു.

രക്ഷാനാഥൻ എഴുന്നേററു മണ്ഡപത്തിലേക്കുള്ള അങ്കണത്തിൽകൂടി നടന്നു. ശിഷ്യന്മാർ അദ്ദേഹത്തെ പിന്തുടൎന്നു; അവർ ആ ഈശ്വരസത്മത്തിന്റെ രാമണീയകപൗഷ്കല്യത്തെ നോക്കി രസിച്ചു; വിശേഷിച്ച് അതിന്റെ നാശത്തെപ്പററി യേശു സ്വല്പം മുമ്പു പ്രഖ്യാപിച്ച ദീർഘദർശനം അവൎക്കു കുതൂഹലജനകമായിരുന്നു. ഈ മഹാപ്രാസാദത്തിന്റെ ഓരോ അംശ

വും— ശിലാവിശേഷങ്ങൾ, സ്തംഭങ്ങൾ, കുട്ടിമങ്ങൾ, ഗോപുരങ്ങൾ, ഇത്യാദി സകലവും-- അവക്കു നയനാഭിരാമങ്ങളായിരുന്നു. ഉപരിഭാഗത്തായി ഒരു ശ്വേതശ്ലക്ഷ്ണശിലാസമുച്ചയം എന്നപോലെ സമുന്നതമായി, ശ്രീകോവിലിൻെറ സ്വൎണ്ണഖചിതമായ മുഖത്താൽ വിരാജമാനമായി പരിലസിക്കുന്ന ചന്ദ്രശാലകളും ശിരോഗൃഹങ്ങളും സ്ഥിതിചെയ്തു.

ശിഷ്യന്മാരിലൊരാൾ യേശുവിനെ വിളിച്ചുനിറുത്തിയിട്ടു പറഞ്ഞു: "ഗുരോ! ഇതാ! ഈ കല്ലുകളെ നോക്കുക! എന്തു പണിവിശേഷം!" മററുള്ളവർ ഈ മഹാസൗധം ഇസ്രായൽജനങ്ങളുടെ ഔദാര്യത്തിൻെറയും മതഭക്തിയുടെയും ഫലമാണെന്നു പറഞ്ഞു; എല്ലാവരും ലോകത്തിലെ മഹാത്ഭുതങ്ങളിൽ ഒന്നും യഹൂദക്കു് അതുലാഭിമാനഹേതുവുമായ ഈ ജാതീയമഹാസ്ഥാപനത്തിൻെറ ശാശ്വതത്വത്തിനുവേണ്ടി ജഗദീശനെ പ്രാൎത്ഥിച്ചു: എന്നാൽ അതിൻെറ വിധി ദുൎന്നിവാരമായിരുന്നു; യേശുവിനു് അതിനെ ഒന്നുകൂടെ വീക്ഷിക്കുകയല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല.

"ഈ മഹാസൗധങ്ങളിലൊന്നിലും കല്ലിന്മേൽ കല്ലിരിക്കുകയില്ലെന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു," എന്നു് അദ്ദേഹം പറഞ്ഞു.

ഏവംവിധമായിരുന്ന യേശു ആ ദേവാലയത്തോടു യാത്രപറഞ്ഞതു്. മുപ്പത്തഞ്ചുകൊല്ലം കഴിഞ്ഞപ്പോൾ അതു തീപിടിച്ചു ചാമ്പലായിപ്പോയി. അതിൻെറശേഷം അതിനെ വീണ്ടും പണിയുന്നതിനുള്ള ശ്രമങ്ങളൊന്നും ഫലിച്ചില്ല. ക്രിസ്തുവിൻെറ ഈ ദീൎഘദൎശനത്തെ അവാസ്തവമാക്കുന്നതിനായുള്ള മതദ്രോഹിയായ ജൂലിയൻ ചക്രവൎത്തിയുടെ സാഹസങ്ങൾ നിശ്ശേഷം നിഷ്പ്രയോജനമായിബ്ഭവിച്ചു; ദൈവകരങ്ങളാൽ നിക്ഷിപ്തമായിരുന്ന ആ ക്ഷേത്രാവശിഷ്ടങ്ങളിൽനിന്നു് അഗ്നിജ്വാല ഉദ്വമിക്കുകയും,വേലക്കാർ ഭയാന്ധരായി വിരണ്ടോടുകയുംചെയ്തു. ദേവാലയത്തിൻെറ നാശം പരിപൂൎണ്ണമായിരിക്കണമെന്നും അതു് 'എന്നേക്കും ശൂന്യമായിരിക്കണമെന്നും' വിധിക്കപ്പെട്ടു പോയിരുന്നു.

യേശുവും ശിഷ്യസംഘവും ദേവാലയം വിട്ടു്, കെഡ്റൺഗോർജ് കടന്നു, ഒലിവെത്തുമല കയറി. മുകളിലെത്തിയപ്പോൾ അദ്ദേഹം ഇരുന്നു്, ബഥനിയിലേക്കു പോകുന്നതിനു മുമ്പാ

യി, യരൂശലേം നഗരത്തെ ചിന്താപരവശമായി ഒന്നുകൂടി അഭിവീക്ഷിച്ചു; ഇനി അതിൽ അദ്ദേഹം പ്രവേശിക്കുന്നതു വധിക്കപ്പെടുന്നതിനായിട്ടുമാത്രമായിരുന്നു. ഈ ശിഖരത്തിലിരുന്നപ്പോൾ തൻെറ സമാസന്നമായിരുന്ന പീഡാനുഭവത്തിൻെറ രംഗം മുഴുവനും അദ്ദേഹത്തിൻെറ നേത്രങ്ങൾക്കു ഗോചരീഭവിച്ചു: നേരെ താഴെയായി, ഗത്സെമിനി സ്ഥിതിചെയ്തു; കുറെഅകലെ സീയോൻ മലയിൽ മഹാപുരോഹിതന്മാരുടെ മേടകളും ഹെറോദേസ്സിൻെറ അരമനയും പരിശോഭിച്ചു; അദ്ദേഹത്തിനഭിമുഖമായി ദേവാലയത്തിൻെറ സമീപത്തു പീലാത്തോസ്സിൻെറ കച്ചേരി കാണപ്പെട്ടു; വളരെ ദൂരെത്തായി കല്വാരിയും ശവകുടീരസ്ഥാനവും അദ്ദേഹത്തിനു കാണാമായിരുന്നു.

കുറേനേരം ശിഷ്യന്മാർ ഗുരുനാഥൻെറ നിശ്ശബ്ദമായ പ്രണിധാനത്തെ ആദരിച്ചു; എന്നാൽ അവരിൽ ഏതാനുംപേർ, സ്വല്പംമുമ്പു കേട്ട സംഗതികളാൽ അസ്വസ്ഥചിത്തരായി, അദ്ദേഹത്തെ സമീപിച്ചു. അവർ പീററും, ജേംസും, ജോണും, ആൻഡ്രൂവുമായിരുന്നു. അദ്ദേഹത്തിൻെറ അവസാനവചനങ്ങളിൽ അന്തർഭവിച്ചിരുന്ന നിഗൂഢസത്യത്തെ വിശദമാക്കുന്നതിന് അവർ ആവശ്യപ്പെട്ടു.

"ഈ സംഗതികളെല്ലാം എപ്പോൾ സംഭവിക്കും? "അദ്ദേഹത്തിൻെറ വരവിൻെറയും കാലാവസാനത്തിൻെറയും അടയാളം എന്തായിരിക്കും?"

യേശു അവരുടെ ചോദ്യങ്ങൾക്കു തൃപ്തികരമായ മറുവടി പറഞ്ഞില്ല; എന്തെന്നാൽ അവർ അറിയാനാഗ്രഹിച്ച ആ കാലം ദൈവത്തിൻെറ ഒരു പരമരഹസ്യമായിരുന്നു. എങ്കിലും ഭാവിയെപ്പററി അവക്കു ജ്ഞേയങ്ങളായ വസ്തുതകളെ—യഹൂദസമുദായത്തിൻെറ ആസന്നമായ നാശത്തെയും ലോകത്തിൻെറ ഭയങ്കരതരമായ അവസാനത്തെയും—അദ്ദേഹം വിശദീകരിച്ചു. ഈ രണ്ടു ദുരദൃഷ്ടങ്ങളെയും ഒരുമിച്ചുചേർത്തു ഭഗവാൻ പറഞ്ഞതു് ഒരു ഉദ്ദേശ്യത്തോടുകൂടി ആയിരുന്നു. യഹൂദരുടെ അന്ധവിശ്വാസങ്ങൾക്കു വശഗരായിരുന്ന തൻെറ ശിഷ്യന്മാക്കു യരൂശലേം സർവ്വസ്വമായിരുന്നുവെന്നും, അതിൻെറ നാശവും ലോകത്തിൻെറ നാശവും അവക്ക് ഒന്നായിരുന്നുവെന്നും അദ്ദേഹത്തിന് അറിയാമായിരുന്നു. ഈ തെററിദ്ധാരണയുടെ ഫലമായി, വാസ്തവത്തിൽ യരൂശലേമിൻെറ നാശം സംഭവിച്ചതുവരെ അവർ ലോകാവ

സാനവും വ്യഗ്രതയോടെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ദീർഘദശനത്തിന്റെ ഉദ്ദേശ്യം ഭാവിയെ പ്രകാശിപ്പിക്കുക എന്നതിനേക്കാൾ അവക്ക് ഒരു പാഠം നൽകുക എന്നതായിരുന്നു. വെറും ഒരു ജിജ്ഞാസയെ തൃപ്തിപ്പെടുത്തുന്നതിനോ, ഭാവികാലത്തെ സുവ്യക്തമായി അവക്കു കാണിച്ചുകൊടുത്തു അവരെ അധൈര്യപ്പെടുത്തുന്നതിനോ, ഉദ്ധതരാക്കുന്നതിനോ അദ്ദേഹം വിചാരിച്ചില്ല. അതുകൊണ്ടായിരുന്നു അദ്ദേഹം തന്റെ ആശയത്തെ പലപ്രകാരത്തിലും സാദൃശ്യമുള്ള സംഭവങ്ങൾ കൂട്ടിച്ചേർത്തും, എല്ലാ പ്രവൃത്തികളും എന്നും വർത്തമാനമായും അനേകയുഗങ്ങൾ ഒരു നിമിഷമെന്നപോലെയും കാണുന്ന സർവ്വദശിക്ക് അനുരൂപമായ വിധത്തിലും ആലങ്കാരിക ഭാഷയിൽ സംവരണം ചെയ്തതു്. അപ്പോസ്തലന്മാർ അനന്തരകാലത്ത് ഈ ദീഘദശനത്തെ രേഖപ്പെടുത്തിയ രീതിക്കും കാരണം ഇതുതന്നെ ആയിരുന്നു. യേശുവിന്റെ എത്രയും ശരിയായ വ്യാഖ്യാതാക്കളായ അവർ സ്വശിഷ്യന്മാക്കു രണ്ടു ലോകാലോകങ്ങളെ കാണിച്ചുകൊടുത്തു; ഒന്നു വളരെ അടുക്കലും മറേറതു വളരെ വളരെ ദൂരത്തായി ഭൂമിയുടെ അറുതിയിലും സ്ഥിതിചെയ്യുന്നു; എങ്കിലും ഈ രണ്ടു ചക്രവാളങ്ങൾക്കും പരസ്പരം വേർതിരിച്ചറിയാൻ സാധിക്കാത്തവണ്ണം അത്യധികം സാമ്യമുണ്ടു്.

പ്രസ്തുത ദീഘദശനം ഈ രൂപത്തെ അവലംബിച്ചുകാണുന്നതു വി: മാത്യുവിന്റെയും മാക്കിന്റെയും സുവിശേഷങ്ങളിലാണു്. വി. ലൂക്കോസ്സിന്റെ ഗ്രന്ഥത്തിൽ ഈ രണ്ടു ഭയങ്കരങ്ങളായ അത്യയങ്ങളും വെവ്വേറെയായും സ്പഷ്ടതരമായും വിവരിക്കപ്പെട്ടിട്ടുണ്ടു്. അതിൽ ഈ വ്യത്യാസത്തെ ദ്യോതിപ്പിക്കുന്ന രക്ഷാനാഥന്റെ ഭാഷ കുറേക്കൂടി ശ്രദ്ധാപൂർവ്വം ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു, വി: ലൂക്കോസ്സിന്റെ സാക്ഷ്യത്തെ അസ്പദമാക്കിയാണു യേശുവിന്റെ ഈ അന്തിമ ദീഘദശനങ്ങളെപ്പററി ഇവിടെ പ്രതിപാദിക്കാൻ പോകുന്നതു്.

യേശു ആദ്യമായി യറൂശലേമിന്റെ അധഃപതനത്തിനു മുമ്പുള്ള സംഭവങ്ങളെ വെളിപ്പെടുത്തുന്നു: കള്ളദീഘദശികൾ യൂദയായെ വഞ്ചിക്കുന്നു; യുദ്ധങ്ങൾ, സാംക്രമികരോഗങ്ങൾ, ക്ഷാമങ്ങൾ, ഭൂകമ്പങ്ങൾ മുതലായി അനവധി മഹാപീഡകൾ ഉണ്ടാകുന്നു; അനന്തരം "സങ്കടങ്ങളുടെ ആരംഭം" ആകുന്നു. അതായതു നവജാതമായ തിരുസ്സഭയെ അരിഷ്ടതകളും ഞെരുക്ക

ങ്ങളും ബാധിക്കുന്നു; അപ്പോൾ ബലഹീനരായവർ ശത്രുക്കളുടെ അക്രമണങ്ങൾക്ക് അടിമപ്പെട്ടുപോകുകയും, സഹോദരൻ സഹോദരനെ നിഷേധിക്കുകയും, അപ്പൻ മക്കളെ ഒററിക്കൊടുക്കുകയും, നികൃഷ്ടമായ മററനേകം അധർമ്മങ്ങൾ പ്രവർത്തിക്കപ്പെടുകയും, "ഹൃദയങ്ങൾ സ്നേഹശൂന്യങ്ങളായി വഞ്ചകക്കശങ്ങളായിത്തീരുകയും" ചെയ്യും; എന്നാൽ ഈ സമയമെല്ലാം ദുഷ്ടത കൂടിവരുന്തോറും വിശ്വാസവും വർദ്ധിക്കുന്നു; "സുവിശേഷം ലോകമൊട്ടുക്കു പ്രസംഗിക്കപ്പെടുകയും," എല്ലാവർക്കും അറിയിക്കപ്പെടുകയും ചെയ്യുന്നു. ഏവംവിധമായിരിക്കണം തിരുസ്സഭയുടെ പ്രാരംഭഘട്ടം.

യേശു തുടർന്നുപറഞ്ഞു: "അപ്പോഴേക്കു പ്രളയം വന്നുകഴിയും. പുണ്യനഗരിയിലെ ശൂന്യതയും അഴിമതിയും നിങ്ങൾ കാണുമ്പോൾ,—യറുശലേമിനെ പരിരംഭണം ചെയ്യുന്ന സൈന്യങ്ങളെ നിങ്ങൾ വീക്ഷണംചെയ്യുമ്പോൾ,—അതിന്റെ നാശം അടുത്തിരിക്കുന്നുവെന്ന് അറിഞ്ഞുകൊള്ളുവിൻ. അപ്പോൾ യൂദയായിലുള്ളവർ മലകളിലേക്കു പലായനം ചെയ്യട്ടെ; പുരമുകളിൽ ഇരിക്കുന്നവൻ അവന്റെ വസതിയിൽനിന്ന് എന്തെങ്കിലും എടുക്കുന്നതിനു ഇറങ്ങി വരുകയോ, ഏലായിൽ നിൽക്കുന്നവൻ തന്റെ ഉടുപ്പിനായി മടങ്ങിപ്പോകുകയോ ചെയ്യാതിരിക്കട്ടെ. ആ ദിവസങ്ങളിൽ ശിശുക്കളോടുകൂടിയ സ്ത്രീകൾക്കും മുലകൊടുക്കുന്നവർക്കും കഷ്ടം! നിങ്ങളുടെ വിദ്രവം വർഷകാലത്തോ ശബ്ബത്തിവസമോ സംഭവിക്കാതിരിക്കുവാൻ പ്രാർത്ഥിക്കുവിൻ; എന്തെന്നാൽ ലോകാരംഭംമുതൽ ഇതുവരെ ഒരിക്കലും ഉണ്ടായിട്ടില്ലാത്തതും, ഇനി ഉണ്ടാകാത്തതുമായ ഒരു വലിയ അത്യാഹിതം അപ്പോൾ ഉണ്ടാകും."

ഈ ദീർഘദർശനത്തിന്റെ ഓരോ വരിയും ഭാവികാലത്തിന്റെ ഉജ്ജ്വലമായ ഒരു ചിത്രമായിരുന്നു. യറുശലേം നഗരത്തിന്റെ അധ്വംസനം അത്യാസന്നമായിരുന്ന കാലത്തു ജനതാമദ്ധ്യത്തിൽ ദാംഭികന്മാർക്കും ചതിയന്മാർക്കുമുണ്ടായിരുന്ന പ്രാബല്യം അന്യാദൃശമായിരുന്നു. ദൈവദാസ്സിന്റെ നിമന്ത്രണം അനുസരിച്ചു ജനങ്ങൾ, തങ്ങൾ അടുത്തുചെല്ലുമ്പോൾ യോർദാൻ നദി മാറിക്കൊടുക്കുമെന്നുള്ള പൂർണ്ണവിശ്വാസത്തോടുകൂടി, തങ്ങളുടെ സാമാനങ്ങളോടുകൂടി അതിലേക്ക് ഓടിപ്പോയി; മുപ്പതിനായിരം യഹൂദന്മാർ ഒരു കള്ളദീർഘദർശിയുടെ നേതൃത്വത്തിൽ

മരുഭൂമിയിലേക്ക ധാവനംചെയ്തു് ഒലിവെത്തുമലയിൽ കയറി, പണ്ടു ജെരിക്കോയിലെന്നോണം, ഇവിടെയും നഗരഭിത്തികൾ ഇടിഞ്ഞുവീഴുന്നതു കാത്തുനിന്നു. അഭിചാരകനായ സൈമനും അവൻെറ അത്ഭുതാഭാസങ്ങളെ പ്രവൎത്തിച്ചുകൊണ്ടിരുന്നു; കുറച്ചുകാലെയായി ഗവുലോൺകാരനായ യൂദാസ്സിൻെറ രണ്ടു പുത്രന്മാർ തങ്ങളുടെ പിതാവിൻെറ രാജദ്രോഹപ്രസ്ഥാനത്തെ നവീകരിച്ചതിനു കുരിശിൽ തറച്ചു വധിക്കപ്പെട്ടു.

ഈ ബഹളങ്ങളാൽ യൂദയാരാജ്യം അചിരേണ കമ്പിതമാകും. കലിഗുലായുടെയും ക്ലോഡിയസ്സിൻെറയും ഭരണകാലത്തും വിപ്ലവം തുടൎന്നുകൊണ്ടിരുന്നു; നീറോചക്രവൎത്തിയുടെ കാലത്തു് അതു പൂൎവ്വാധികം ശക്തിമത്തരമായിത്തീൎന്നു; "യുദ്ധത്തെപ്പററിയുള്ള കിംവദന്തികൾക്കുശേഷം യുദ്ധംതന്നെ ഉണ്ടായി." അപ്പോഴത്തെ പീഡനങ്ങളെയും ദുരദൃഷ്ടങ്ങളെയും വൎണ്ണിക്കുന്ന യഹൂദചരിത്രകാരൻ ജോസഫസ്സു് അവ തൻെറ രാജ്യത്തിൻെറ പരിപൂൎണ്ണനാശത്തിൻെറ മുൻഗാമികളായിരുന്നുവെന്നു പറയുന്നു. റോമാക്കാരുടെ അതിപ്രശസ്തന്മാരായ നേതാക്കന്മാർ ഭയവിഹ്വലരായി; അവരുടെ പട്ടണങ്ങൾ രണ്ടു കക്ഷികളായിത്തിരിഞ്ഞു; അവർ സംഭ്രാന്തരായി പരസ്പരം പൊരുതു. എല്ലാദേശങ്ങളിലും –ഗാളിലും, ജൎമ്മനിയിലും, ബ്രിട്ടനിയിലും, പാൎസ്യൻസാമ്റാജ്യത്തിൻെറ പരിസരങ്ങളിലും– രക്തം ധരികധരികയായി പ്രവഹിച്ചു. ഖഡ്ഗപാതത്തിൽനിന്നു രക്ഷപ്പെട്ടവർ മററു ആപത്തുകളിൽ കുടുങ്ങി; ക്ലോഡിയസ്സിൻെറ കാലത്തു ക്ഷാമം സുസ്ഥിരമായ ഒരു ദുരവസ്ഥയായിരുന്നു; ഒരൊററ വസന്തൎത്തുവിൽ റോമിൽമാത്രം മുപ്പതിനായിരം ജനങ്ങൾ ക്ഷാമബാധയാൽ മരിച്ചു, അതേസമയം തന്നെ വിദിതങ്ങളായ എല്ലാരാജ്യങ്ങളിലും ഭൂകമ്പമുണ്ടായി; പല സ്ഥലങ്ങളിലും അഗ്നിപൎവ്വതങ്ങൾ പൊട്ടിത്തെറിച്ചു; ഇങ്ങനെ യരൂശലേമിൽ മാത്രമല്ല, റോമാസാമ്റാജ്യമൊട്ടുക്കു സംഭവിച്ച നാശങ്ങൾ അവൎണ്ണനീയങ്ങളായിരുന്നു. ഇവയ്ക്കെല്ലാം പ്രതീകാരമായിട്ടെന്നവണ്ണം റോമായിലെ അധികാരികൾ ക്രിസ്തുവിൻെറ അനുയായികളെ നിഷ്ഠുരണം മൎദ്ദിച്ചു; ചിലരെ അവർ കുരിശിൽ തറച്ചുകൊന്നു; മററുചിലരെ അവർ ഹിംസ്രമൃഗങ്ങളുടെ മുമ്പിൽ ഇട്ടുകൊടുത്തു. ഒട്ടധികംപേരെ അവർ കീലും, എണ്ണയും പുരട്ടി, ഗ്രീഷ്മകാലത്തെ സായന്തനമഹോത്സവസമയത്തു തീകൊളുത്തിവിടുകയും, അവ ജീവനുള്ള പന്ത

ങ്ങളെപ്പോലെ നീറോവിൻെറ ഉദ്യാനങ്ങളെ പ്രകാശിപ്പിക്കുകയും ചെയ്തു. തീർച്ചയായും യേശുവിൻെറ ദീഘ്ഘദശ്ശനപ്രകാരം, അദ്ദേഹത്തിൻെറ ശിഷ്യന്മാരെ സംഹരിച്ചുകളയത്തക്കവണ്ണം അശാമ്യമായ ഒരു വിദ്വേഷം മനുഷ്യവഗ്ഗമൊട്ടുക്കു ബാധിച്ചിരുന്നതുപോലെ തോന്നുന്നു.

ഈ ദീർഘദശ്ശനം യരുശലേമിനെ സംബന്ധിച്ചു പ്രത്യക്ഷരം നിവ്വഹിക്കപ്പെട്ടു. ആ പട്ടണം അവമർദ്ദിക്കപ്പെടുകയും യഹൂദകരങ്ങളാൽ വിശുദ്ധനഗരം മലിനീകൃതമായാൽ ഉടൻതന്നെ ദേവാലയം ദഹിപ്പിക്കപ്പെടുകയും ചെയ്യുമെന്നു പ്രവചിക്കുന്ന ഒരു ഐതിഹ്യം ജോസഫസ്സ് രേഖപ്പെടുത്തിയിട്ടുണ്ട്. "മതഭ്രാന്തന്മാർ ഈ ദീർഘദർശനത്തിൽ വിശ്വസിച്ചില്ലെങ്കിലും അവർ അതിനെ നിറവേററി," എന്നു പ്രസ്തുത ചരിത്രകാരൻ പറയുന്നു. സെസ്റ്റിയസ്സിൻെറ സൈന്യം വിശുദ്ധനഗരത്തെ അവരോധിച്ചപ്പോൾ ദേവാലയം അവരുടെ അഭയസ്ഥാനവും, അവരുടെ നിഷ്ഠുരമായ സ്വേച്ഛാപ്രഭുത്വത്തിൻെറവിഹാരരംഗവും ആയിത്തീർന്നു. അതിൻെറ മുററങ്ങളെ അവർ പോക്കളമാക്കിയെന്നുമാത്രമല്ല, അവർ വിശുദ്ധകമ്മങ്ങളെ പരിഹാസമായി അനുകരിക്കുകയും, ഒരു പുരോഹിതസാർവഭൗമനെ തിരഞ്ഞെടുക്കുന്നതിനായി നറുക്കിടുകയും ചെയ്തു. നറുക്കു പുരോഹിതവഗ്ഗത്തിൽ പെടാത്ത ഒരു ഗ്രാമീണനു വന്നു; അവനെ അവർ ചെങ്കോലും മുടിയും ധരിപ്പിച്ചു ദുഃഖപരവശരായ പുരോഹിതന്മാരുടെ മുമ്പാകെ വച്ചു വിശുദ്ധകമ്മങ്ങളെ അനുഷ്ഠിക്കുന്നതിനു നിർബ്ബന്ധിച്ചു.

ഇപ്രകാരമായിരുന്നു "ശൂന്യതയും, മലിനതയും" ദേവാലയത്തിൽ പ്രവേശിപ്പിക്കപ്പെട്ടതു്. ഈ പ്രമാദരഹിതമായ ലക്ഷണം കണ്ടപ്പോൾ ശിഷ്യന്മാർ, ശിസ്റ്റാലായിലെ ജോൺ യരുശലേംപുരദ്വാരങ്ങൾ അടസ്ക്കുന്നതിനു മുമ്പായി, പലായനംചെയ്തു. പ്രാണരക്ഷണാത്ഥം ഓടിപ്പോയ ഈ സാധുക്കളെ നഗരത്തിനു ചുററുമുണ്ടായിരുന്ന തസ്കരസംഘങ്ങൾ കൊന്നൊടുക്കി. റൈറററസ്സിൻെറ സൈന്യം പട്ടണത്തിൽനിന്ന് ആരും വെളിക്കുപോകാതെ, അതിനെ യൂദയായുടെ ശവക്കോട്ടയാക്കത്തക്കവണ്ണം, നിരോധിച്ചു. യോർദാൻെറ മറുകരെയുള്ള അഭയസ്ഥാനങ്ങളിൽ ഒളിച്ചിരുന്നവർ യരുശലേംനഗരം ആ 'വൻകോപത്തിനു' ഇരയാകുന്നതും, അതിൻെറ ഭയങ്കരമായ അഭ്യാസാദനത്തിൽ യേശുവിൻെറ ദീഘ്ഘദശ്ശനം നിവ്വഹിക്കപ്പെടുന്നതും കണ്ടു. ഏഴുമാസക്കാ

ലംകൊണ്ടു പത്തുലക്ഷത്തിൽപരം ജനങ്ങൾ മരിച്ചു; "വാളിനിരയാകാത്തവർ വിജാതീയരാൽ തടവുകാരായി കൊണ്ടുപോകപ്പെട്ടു." നിരോധന "കാലം ദീർഘിച്ചിരുന്നുവെങ്കിൽ ഒരൊററ മനുഷ്യനും രക്ഷപ്പെട്ടുമായിരുന്നില്ല; അങ്ങനെ ചെയ്യാതിരുന്നതു 'നീതിമാന്മാരെ' പ്രതി ആയിരുന്നു." സ്വരക്ഷയ്ക്കുവേണ്ട ഒരുക്കങ്ങൾ യഹൂദർ ചെയ്തിരുന്നില്ല. അവക്കു ഭക്ഷണസാധനങ്ങൾ ഇല്ലാതായിപ്പോയി; റോമാക്കാരുടെ വരവു അപ്രതീക്ഷിതവുമായിരുന്നു. എല്ലാംകൊണ്ടും യരൂശലേമിൻെറ അധഃപതനം ആശ്ചര്യകരമാംവണ്ണം അവിളംബേന സംഭവിച്ചു. റൈററസ്സ് സമ്മതിച്ചു പറഞ്ഞതുപോലെ, ദൈവംതന്നെയും ശത്രുപക്ഷത്തിൽ ചേന്നു യുദ്ധംചെയ്യുകയും, യഹൂദന്മാരെ നിശ്ശേഷം തോൽപിക്കുകയും ചെയ്തു.

അക്രൈസ്തവ ചരിത്രകാരന്മാരിൽനിന്നു് ഉദ്ധരിക്കപ്പെട്ട ഈ വിവരണം യേശുവിൻെറ ദീർഘദശ്നങ്ങൾ ഒന്നൊഴിയാതെ നിവ്വഹിക്കപ്പെട്ടുവെന്നുള്ളതിനു അനിഷേധ്യമായ സാക്ഷ്യം വഹിക്കുന്നുണ്ടു്. സകല ജാതിക്കാരുടെയും പരിരക്ഷ പരിപക്വമാകുന്ന കാലംവരെ യരൂശലേം വിജാതീയരാൽ അവമർദ്ദിക്കപ്പെട്ടുമെന്നും അദ്ദേഹം പ്രവചിച്ചിരുന്നു. ഇതിൻെറ നിവ്വഹണം ഈ പത്തൊൻപതു ശതാബ്ദങ്ങളിലെയും ചരിത്രം സാക്ഷീകരിക്കുന്നു.

ഇതെല്ലാം നടന്നശേഷം ക്രിസ്തു ദിവ്യചക്ഷുസ്സുകൊണ്ടു് ദശിച്ച ആ ലോകാവസാനം ഉണ്ടാകുന്നു. അപ്പോൾ വൃദ്ധയായ ലോകത്തിൻെറ രാമണീയകം മുഴുവനും നശിക്കുന്നു. നക്ഷത്രങ്ങൾ കാഴ്ചയിൽനിന്നു മറയുന്നു; സമുദ്രത്തിൻെറയും അതിലെ ഫേനമയമായ ജലപ്രളയത്തിൻെറയും ആരവം കേട്ടു് ജനങ്ങൾ വ്യസനാക്രാന്തരായി പരിദേവനം ചെയ്യുന്നു; ആകാശത്തിലെ ശക്തികൾക്കു സ്ഥാനഭ്രംശമുണ്ടാകുന്നു; മനുഷ്യപുത്രൻെറ ഉപലക്ഷണമായ കുരിശു നഭോമണ്ഡലത്തിൽ പ്രത്യക്ഷമാകുന്നു; ക്രിസ്തുതന്നെ മഹാബലത്തോടും പ്രതാപമഹിമകളോടുംകൂടി മേഘങ്ങളിൽ ഇറങ്ങിവരുന്നു; മനുഷ്യവർഗ്ഗം മുഴുവനും ദൈവദൂതൻെറ കാഹളധ്വനിയാൽ ഉണരുന്നു; ശ്യാമളവർണ്ണമായ ഗൃദ്ധ്രനിവഹങ്ങൾ പാപിഷ്ഠമായ ലോകത്തിൽ, ഒരു പരിത്യക്തമായ മൃതശരീരത്തിന്മേലെന്നോണം, ആപതിക്കുന്നു; ഈ ഭയങ്കരമായ കാഴ്ചകൾ മുഴുവനും നമ്മുടെ ദൃഷ്ടിപഥത്തിൽ വിദ്യുൽപ്രതാപത്തിൻെറ വേഗത്തിൽ ആവിർഭവിക്കും.

ഈ പ്രപഞ്ചത്തിൻെറ പ്രളയകാലം ഏവംവിധമായിരിക്കും. അതിൻെറ സകലയടയാളങ്ങളെയും യേശു, "അത്തിവൃക്ഷത്തിൻെറ ഇലകൾ ഗ്രീഷ്മകാലത്തിൻെറ വരവിനെ ദ്യോതിപ്പിക്കുന്നതുപോലെ" അത്ര സ്പഷ്ടമായി പ്രഖ്യാപനംചെയ്തു. എന്നാൽ അതിൻെറ ദിവസവും മണിക്കൂറും അദ്ദേഹം തീർച്ചപ്പെടുത്തിപ്പറഞ്ഞില്ല; സ്വർല്ലോകത്തുള്ള മാലാഖാമാർക്കും, മനുഷ്യനായിരിക്കുന്നിടത്തോളംകാലം ദൈവപുത്രനുതന്നെയും അതിനെപ്പററി യാതൊന്നും അറിഞ്ഞുകൂടായെന്ന് അദ്ദേഹം പ്രസ്താവിച്ചു; അത് പിതാവിനു മാത്രമറിയാവുന്ന ഒരു രഹസ്യമായിത്തന്നെയിരിക്കണം. ഈ സംഭവങ്ങളുണ്ടാകുന്നതുവരെ യഹൂദവർഗ്ഗത്തിന് നിർമ്മൂലനാശമുണ്ടാകയില്ല. ക്രിസ്ത്യാനികളാകട്ടെ ഈ വിധിദിവസത്തെ പ്രതീക്ഷിച്ചുകൊണ്ട് ജീവിക്കണം. വ്യഗ്രതകൂടാതെ, വിശ്വാസസ്ഥൈര്യത്തോടുകൂടി മോക്ഷസിദ്ധിയുടെ ഈ മുന്നോടികൾക്കു സന്തോഷപൂർവ്വം സ്വാഗതം പറയുന്നതിന് സന്നദ്ധരായി, പ്രശാന്തമനസ്കരായി, അവർ കാലചക്രവാളത്തെ സദാ നിരീക്ഷിച്ചുകൊണ്ടിരിക്കണം.

അദ്ദേഹം അവരോടു പറയുന്നു: "ശ്രദ്ധിക്കുവിൻ, ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ; എന്തെന്നാൽ സമയം എപ്പോഴാണെന്നു നിങ്ങൾ അറിയുന്നില്ല. ഒരാൾ ഒരു ദീർഘയാത്രയ്ക്ക് ഒരുങ്ങുമ്പോൾ വീട്ടുകാര്യങ്ങൾ ഭൃത്യന്മാരെ, ഓരോരുത്തനും ചെയ്യേണ്ട വേലകൾ എന്താണെന്നു നിർദ്ദേശിച്ചിട്ട്, ഏൽപ്പിക്കുകയും കാവൽക്കാരനോട് ജാഗരൂകനായിരിക്കാൻ കല്പിക്കുകയും ചെയ്യുന്നതുപോലെ ആയിരിക്കും അപ്പോൾ സംഭവിക്കുന്നത്. നിങ്ങൾ, ആകയാൽ, ഉണർന്നിരിക്കുവിൻ; എന്തെന്നാൽ യജമാനൻ എപ്പോൾ വരുമെന്നു—വയ്യിട്ടോ, പാതിരായ്ക്കോ, കോഴികൂവുമ്പോഴോ, കാലത്തോ എപ്പോൾ വരുമെന്നു— നിങ്ങൾ അറിയുന്നില്ല. അല്ലെങ്കിൽ, അദ്ദേഹം പെട്ടെന്നു വരുകയും നിങ്ങൾ ഉറങ്ങുന്നതായി കണ്ടുപിടിക്കുകയും ചെയ്യും. 'ജാഗരൂകനായിരിക്കു!' എന്നു ഞാൻ നിങ്ങളോടു പറയുന്നത് എല്ലാവരോടും പറയുന്നു."

ക്രിസ്തുവിൻെറ ദീർഘദർശനത്തിൽനിന്നു ക്രിസ്ത്യാനികൾ പഠിക്കേണ്ട പാഠം ഇതാണ്. അതുകൊണ്ടായിരുന്നു ഈ പ്രഥമപാഠം അവരുടെ ഹൃദയത്തെ അവഗാഹിക്കത്തക്കവണ്ണം, അനേകം ഉപമകളും അന്യാപദേശങ്ങളും വഴിയായി, അത്ര ദീർഘനേരം ജാഗരൂകതയെപ്പററി അദ്ദേഹം ഉപന്യസിച്ചത്. "അ

ദിവസങ്ങൾ നോഹയുടെ ദിവസങ്ങൾപോലെ ആയിരിക്കും. എല്ലാ മനുഷ്യരും അശനപാനമൈഥുനങ്ങളിൽ വ്യാപൃതരായിരിക്കുമ്പോൾ പെട്ടെന്നു പ്രളയം അവരെയെല്ലാം അഭിഗ്രസിക്കും". അതു "പക്ഷി കുരുക്കിലകപ്പെടുന്നതുപോലെയോ," അഥവാ "മിന്നൽ മേഘത്തെ പിളക്കുന്നതുപോലെയോ ആയിരിക്കും." ഈ ദൃഷ്ടാന്തങ്ങൾക്കു പുറമെ അദ്ദേഹം മുമ്പു പറഞ്ഞിട്ടുള്ള പല ഉപമാകഥകളും ഇപ്പോൾ ആവൎത്തിച്ചു. എന്നാൽ ശിഷ്യന്മാൎക്ക് ഏററവും ഹൃദ്യമായിരുന്നതു് അദ്ദേഹം കന്യകകളെ സംബന്ധിച്ച് പുതുതായി പറഞ്ഞ അന്യാപദേശം ആയിരുന്നു.

വധുവിനു വിവാഹഘോഷയാത്രയിൽ അവളെ അനുഗമിക്കുന്നതിനായി പത്തു സഖികളുണ്ട്. അവർ വൈകുംനേരത്തു വധുവിന്റെ ഗൃഹത്തിൽ വന്നുചേരുന്നു. അഞ്ചുപേർ ബുദ്ധിയുള്ളവരും, അഞ്ചുപേർ ബുദ്ധിശൂന്യകളും ആണ്. മൂഢികൾ അവരുടെ വിളക്കുകളിൽ എണ്ണ കുറവാണെന്നും, അതു് വേഗം അണഞ്ഞുപോകുമെന്നും ഓൎമ്മിക്കാത്തതിനാൽ അവൎക്കു വേണ്ടിയ എണ്ണ യഥാകാലം വാങ്ങിവെയ്ക്കുന്നില്ല. അൎദ്ധരാത്രിയായപ്പോൾ "മണവാളനെ കാണ്മവിൻ, അവനെ എതിരേല്ക്കുന്നതിനു മുമ്പോട്ടുപോകുവിൻ!" എന്ന ശബ്ദം ദൂരെനിന്നു അവർ കേൾക്കുന്നു.

പത്തു കന്യകകളും എഴുനേററു് അവരുടെ ദീപങ്ങൾ സജ്ജീകരിക്കാൻ ഭാവിക്കുന്നു. അപ്പോൾ മൂഢികൾ ബുദ്ധിമതികളോടു പറയുന്നു: "നിങ്ങളുടെ എണ്ണയിൽ കുറച്ചു ഞങ്ങൾക്കും തരിക; എന്തെന്നാൽ ഞങ്ങളുടെ വിളക്കുകൾ അണഞ്ഞുപോയിരിക്കുന്നു."

"ഞങ്ങളുടെ എണ്ണയിൽ പങ്കു നിങ്ങൾക്കു തന്നാൽ, നിങ്ങൾക്കും ഞങ്ങൾക്കും തികയാതെ വരുമെന്നു ഞങ്ങൾ ഭയപ്പെടുന്നു," എന്നായിരുന്നു ബുദ്ധിമതികളുടെ മറുപടി.

അങ്ങനെ മൂഢികൾ എണ്ണ വാങ്ങാൻ പോകുമ്പോൾ മണവാളൻ വരുന്നു. ഒരുങ്ങിയിരുന്നവർ അവനോടുകൂടി അകത്തേക്കു പ്രവേശിക്കുകയും, വാതിൽ അടയ്ക്കപ്പെടുകയും ചെയ്യുന്നു. അധികനേരം കഴിയുന്നതിനു മുമ്പു മൂഢികൾ മടങ്ങിവന്നു, "പ്രഭോ, പ്രഭോ, ഞങ്ങൾക്കു വാതിൽ തുറന്നു തരിക" എന്നു വിളിച്ചുപറയുന്നു.

"ഞാൻ നിങ്ങളെ അറിയുകയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു," എന്ന് അവൻ പ്രതിവചിക്കുന്നു.

"അതുകൊണ്ടു ജാഗരൂകരായിരിക്കുക, എന്തെന്നാൽ നിങ്ങൾ ആ ദിവസമോ, മണിക്കൂറോ അറിയുന്നില്ല," എന്നു പറഞ്ഞു ദിവ്യഗുരു തൻെറ കഥയെ ഉപസംഹരിച്ചു.

അനന്തരം അവസാനവിധിയെപ്പററി വിവരിച്ചു പറഞ്ഞ്, അദ്ദേഹം ദീർഘദർശനത്തെ പൂർത്തിയാക്കി. തൻെറ സിംഹാസനത്തിൽ ഉപവിഷ്ടനായി, പാരിഷദന്മാരാൽ പരിവൃതനായി എഴുന്നരുളുന്ന സ്വർഗ്ഗീയസമ്രാട്ടിൻെറ സന്നിധിയിൽ ഭൂലോകത്തെ സകല ജാതിക്കാരും സമ്മേളിക്കുകയും, അപ്പോൾ അദ്ദേഹം ഒരു അജപാലൻ ചെമ്മരിയാടുകളെ കോലാടുകളിൽ നിന്നു വേർതിരിക്കുന്നതുപോലെ, അവരെ തരംതിരിച്ചു, ചെമ്മരിയാടുകളെ തൻെറ വലത്തുഭാഗത്തും, കോലാടുകളെ ഇടത്തുഭാഗത്തും നിറുത്തുകയും ചെയ്യുന്നു. അപ്പോൾ വലത്തുഭാഗത്തു നില്ക്കുന്നവർ അദ്ദേഹത്തിൻെറ സ്നേഹമസൃണങ്ങളായ വചനങ്ങളാൽ പ്രമുദിതരാകുന്നു:—

"വരുവിൻ, എൻെറ പിതാവിനാൽ അനുഗ്രഹിതരായ നിങ്ങൾ വന്നു, ലോകാരംഭത്തിനു മുമ്പേ നിങ്ങൾക്കായി സജ്ജീകൃതമായ മോക്ഷരാജ്യം നിങ്ങളുടെ തനതാക്കുവിൻ."

അതേസമയം തന്നെ തൻെറ ഇടതുഭാഗത്തു നില്ക്കുന്ന കോലാടുകളോട് അദ്ദേഹം ഈ ശാപവചനത്തെ ആക്രോശിക്കും:–

"ശപിക്കപ്പെട്ടവരായ നിങ്ങൾ എന്നിൽനിന്നു പിരിഞ്ഞു, ചൈത്താനും അവൻെറ ഭൂതഗണങ്ങൾക്കുമായി ഒരുക്കപ്പെട്ടിട്ടുള്ള അനന്തമായ അഗ്നിയിലേക്കു പോകുവിൻ"

അനന്തരം സ്വർല്ലോകവും ഭൂലോകവും തമ്മിൽ പ്രശാന്തഗംഭീരമായ ഒരു സംവാദമുണ്ടാകയും, ദൈവംതന്നെ തൻെറ സിദ്ധന്മാരുടെ മാഹാത്മ്യത്തെ പ്രകാശിപ്പിക്കയും ചെയ്യും.

"എനിക്കു വിശപ്പുണ്ടായിരുന്നു, അപ്പോൾ നിങ്ങൾ എനിക്കു ഭക്ഷണം തന്നു; എനിക്കു ദാഹമുണ്ടായിരുന്നു, അപ്പോൾ നിങ്ങൾ എനിക്ക് കുടിക്കാൻ തന്നു; എനിക്കു വീടില്ലായിരുന്നു, അപ്പോൾ നിങ്ങൾ എനിക്ക് അഭയം തന്നു; ഞാൻ നഗ്നനായിരുന്നു, അപ്പോൾ നിങ്ങൾ എനിക്ക് ഉടുപ്പു തന്നു; ഞാൻ രോഗിയായിരുന്നു, അപ്പോൾ നിങ്ങൾ എന്നെ സന്ദർശിച്ചു; ഞാൻ കാരാഗൃഹത്തിൽ കിടന്നു, അപ്പോൾ നിങ്ങൾ എന്നെ വന്നുകണ്ടു," എന്ന് അദ്ദേഹം അവരോടു പറയും.

ഇത്തരം സ്തുതികൾ കേട്ട് ആനന്ദവിവശരായും ദിവ്യാനുഗ്രഹം മാത്രമാണ് തങ്ങളെ മോക്ഷസൗഭാഗ്യത്തിന് അർഹരാക്കിയതെന്ന പൂർണ്ണമായി വിശ്വസിച്ചും ആ സാത്വികന്മാർ വിനയത്തോടെ ഇപ്രകാരം പറയും:—

"പ്രഭോ, അങ്ങയെ ക്ഷുധാർത്തനായി ഞങ്ങൾ എപ്പോൾ കണ്ടു? അങ്ങേക്ക് എപ്പോൾ ഞങ്ങൾ ഭക്ഷണം തന്നു?"

അപ്പോൾ ആ രാജരാജേശ്വരൻ പറയും: "സത്യമായി, എൻെറ സഹോദരന്മാരിൽ ഏററവും ചെറിയവനോടു നിങ്ങൾ അപ്രകാരം ചെയ്ത ഓരോ സമയവും നിങ്ങൾ എന്നോടും ചെയ്തു."

അങ്ങനെ സജ്ജനങ്ങൾ നിത്യമോക്ഷാനന്ദവും, ദുർജ്ജനങ്ങൾ നിത്യദണ്ഡനവും അനുഭവിക്കും.

അനന്തരം യേശു തൻെറ ദീർഘമായ പ്രഭാഷണത്തെ ഉപസംഹരിച്ചു.

"പെസഹാസ്സ് ഇനി രണ്ടു ദിവസമേയുള്ളു എന്നും, മനുഷ്യപുത്രൻ കുരിശുവധത്തിനായി ഏല്പിക്കപ്പെടുമെന്നും നിങ്ങൾക്ക് അറിയാം," എന്ന് അദ്ദേഹം പറഞ്ഞു.

ഈ വാക്കുകളാൽ ആ സമയം യരൂശലേമിൽ തനിക്കു വിപരീതമായി നടക്കുന്ന ദ്രോഹോദ്യമങ്ങളെപ്പററി അദ്ദേഹം ശിഷ്യന്മാരെ അനുസ്മരിപ്പിച്ചു. ക്രിസ്തുവിൻെറ വേർപാട് വാസ്തവത്തിൽ പരാജിതരും പരാഭൂതരുമായ ശത്രുക്കൾക്കു സ്വച്ഛന്ദത നൽകി. വൈരനിര്യാതനമാർഗ്ഗങ്ങളെപ്പററിയുള്ള കൂടിയാലോചന ഒരു ദിവസംപോലും മാററിവെയ്ക്കുന്നതിന് അവർക്കു നിവൃത്തിയുണ്ടായിരുന്നില്ല. ഫരിസ്യർ, സദൂച്ച്യർ, പുരോഹിതന്മാർ, വേദശാസ്ത്രികൾ, ജ്യായാന്മാർ ഇവരെല്ലാവരും തങ്ങളുടെ ലജ്ജാകരമായ സ്ഥിതിയെ പരസ്യമായി പ്രദർശിപ്പിച്ചവനും, തങ്ങളുടെ ജീവിതഗതിക്കു സർവ്വപ്രകാരേണയും ഒരു പ്രതിബന്ധമായിത്തീർന്നിരിക്കുന്നവനുമായ ഈ അഹംകാരിയെ ഇസ്രായലിൽനിന്നു നിഷ്കാസനം ചെയ്യുന്നതിനു കൃതപ്രതിജ്ഞരായി.

സിയോൺഗിരിയുടെ ദക്ഷിണഭാഗത്തായി മഹാപുരോഹിതന്മാരുടെ നികേതമായ ഒരു മഹാസൗധം പരിശോഭിച്ചിരുന്നു; അവിടെയായിരുന്നു യേശുവിൻെറ വിരോധികൾ യോഗം കൂടിയതു്; കൈഫാസ്സ് അതിൽ ആദ്ധ്യക്ഷ്യം വഹിച്ചു. ഫരിസ്യർ ആ സമ്മേളനത്തിൽ അവരുടെ സഹജമായ മതതീക്ഷ്ണതയെ

പ്രകടിപ്പിച്ചു; മഹാപുരോഹിതന്മാർ ആത്മിയകാര്യങ്ങളെപ്പററിയുള്ള അവരുടെ അവജ്ഞാനത്തെ പ്രത്യക്ഷപ്പെടുത്തി; ഹെറോദേസ്സിൻെറ പാർശ്വവർത്തികൾ അവരുടെ രാഷ്ട്രിയപദ്ധതികളെ പരിപോഷിപ്പിക്കുന്നതിനും ശ്രമിച്ചു. പാസ്സാക്കപ്പെട്ട നിശ്ചയം ഏതാദൃശമായ ഒരു സഭയ്ക്കു് അനുരൂപം തന്നെയായിരുന്നു. ജനതതിയെപ്പററിയുള്ള ഭയംകാരണം, ഉത്സവാഘോഷങ്ങൾ അവസാനിക്കുന്നതുവരെ അടങ്ങിയിരിക്കുന്നതിനും അതിനു ശേഷം ക്രിസ്തുവിനെ പെട്ടെന്നു പിടികൂടി വധിക്കുന്നതിനും അവർ തീച്ച്പ്പെടുത്തി. എന്നാൽ അപ്രതീക്ഷിതമായ ഒരു സംഭവം ഈ നിശ്ചയങ്ങൾക്കു ഭേദം വരുത്തുകയും, സംഗതികളെ ത്വരിതപ്പെടുത്തുകയും ചെയ്തു.

യൂദാസ്സ് ഒലിവെസ്സുമലയിലേക്കു യേശുവിനെ അനുഗമിച്ചിരുന്നില്ല. അവൻ ദേവാലയത്തിൻെറ പൂമുഖത്തു നിന്നപ്പോൾ ദേവാലയവേത്രിസംഘം, പ്രഭുക്കന്മാരോടു വിജയകരമായി എതിക്കത്തക്കവണ്ണം ധൈര്യവും ശേഷിയുമുണ്ടായ ഈ വിപ്ലവകാരിയെ അറസ്ററു ചെയ്യുന്നതിനുള്ള മാർഗ്ഗത്തെപ്പററി വാദപ്രതിവാദം ചെയ്യുന്നതു കേട്ടു.

അവൻ അവരോടു ചോദിച്ചു: "നിങ്ങൾ എനിക്ക് എന്തു തരും? ഞാൻ അദ്ദേഹത്തെ പിടിച്ചു, നിങ്ങളെ ഏൾപ്പിക്കാം?.

അവൻ നസറായൽക്കാരൻെറ അനുചരന്മാരായ പന്ത്രണ്ടുപേരിൽ ഒരുവനാണെന്നു് അവക്കു മനസ്സിലായി; ഉടൻ അവർ ഈ വിവരം സൻഹെദ്രിൻസഭക്കാരെ അറിച്ചു.

അവർ ഈ ഉപായത്തെ ഏററവും സന്തോഷത്തോടെ സ്വീകരിച്ചു. യൂദാസ്സ് സത്വരം ആ യോഗത്തിൽ ആനീതനാവുകയും, അവൻെറ കരാർ സ്ഥിരപ്പെടുത്തി, പ്രതിഫലത്തിനായി കൈനീട്ടുകയും ചെയ്തു. അധമനായ ഒരു അടിമവ്യാപരിയെപ്പോലെതന്നെ അവനെ അവർ പരിഗണിച്ചു; പ്രതിഫലത്തെപ്പററി ഏറെനേരം തക്കിച്ചശേഷം, ആ യഹൂദർ ഒരു അടിമയുടെ വിലയായ മുപ്പതു ഷേക്കൽ (ഏകദേശം നാലുപവൻ) അവനു വച്ചുനീട്ടി. ഈ തുക എത്രയും നിസ്സാരമായിരുന്നുവെങ്കിലും, ആ അപ്പോസ്തലൻ അത്യാശയോടെ വാങ്ങി. ആ നിമിഷംമുതൽ "സാത്താൻ അവനിൽ ആവേശിച്ചു," എന്നു വി. ലൂക്കോസ്സു പറയുന്നു. രണ്ടു ദിവസം കഴിഞ്ഞു യൂദാസ്സ് അവൻെറ ദൈവത്തെ ഒററിക്കൊടുക്കുകയും ചെയ്തു.

# അദ്ധ്യായം ൫.

## അന്തിമഭോജനം.

### I.

### പെസഹാ സംബന്ധിച്ച അനുഷ്ഠാനങ്ങൾ.

യേശു ഘോഷിച്ച ഒടുവിലത്തെ പെസഹാ പ്രമാണിച്ചു നടത്തപ്പെട്ട ആ സായന്തനസഹഭോജനത്തെപ്പററി പ്രതിപാദിക്കുന്ന ഘട്ടത്തിൽ അതിൻെറ അർത്ഥഗർഭമായ ചടങ്ങുകളെ വിവരിക്കുന്നതു് പ്രയോജനകരമായിരിക്കും. അദ്ദേഹത്തിൻെറ സംഭാഷണത്തിൽ അവയെപ്പററി ധാരാളം സൂചനകൾ ഉള്ളതുകൊണ്ടു് യഹൂദന്മാരുടെ ആചാരങ്ങളെ നല്ലവണ്ണം പരിചയിച്ചിട്ടില്ലാത്ത ഒരുവനു് അദ്ദേഹത്തിൻെറ വാക്കുകളുടെ അർത്ഥം ശരിയായി ഗ്രഹിക്കുന്നതിനു സാധിക്കയില്ല.

'പെസഹാ' എന്ന ഹിബ്രുപദത്തിൻെറ അർത്ഥം കടന്നുപോവുക എന്നാണു്. ഈജിപ്തിലെ അടിമത്തത്തിൽനിന്നു വിമുക്തരായി ഇസ്രായേൽക്കാർ അവിടെനിന്നു പുറപ്പെട്ട രാത്രിയിൽ ദൈവകല്പനപ്രകാരം അവരുടെ വീടുകളുടെ വാതിലുകളെ കുഞ്ഞാട്ടിൻെറ രക്തംകൊണ്ടു് അടയാളപ്പെടുത്തിയിരുന്നതിനാൽ, ഈജിപ്തുകാരുടെ കടിഞ്ഞൂൽസന്താനങ്ങളെ സംഹരിച്ചിരുന്ന ദൈവദൂതൻ ആ വീടുകളെ വിട്ടു് കടന്നുപോയിരുന്നു. ഈ അനന്യലഭ്യമായ ഈശ്വരാനുകൂല്യത്തിൻെറസ്മാരകമായി ആണ്ടുതോറും 'പെസഹാ' അഥവാ 'കടന്നുപോവുക' എന്ന അന്വർത്ഥനാമമായ മഹോത്സവത്തെ അവർ കൊണ്ടാടിയിരുന്നു. അന്നത്തെ പലായനത്തിൻെറ ബദ്ധപ്പാടുനിമിത്തം അവർ പുളിപ്പിക്കാത്ത മാവുകൊണ്ടുണ്ടാക്കിയ അപ്പം ഭക്ഷിക്കേണ്ടിവന്നതിൻെറ ഓർമ്മക്കായി ഈ പെസഹാകാലത്തിൽ എല്ലാ ഇസ്രായേൽ ഭവനങ്ങളിലും ഓരോ ആട്ടിൻകുട്ടിയെ ചുട്ടു് ദൈവത്തിനു നിവേദിക്കുകയും, അതിനെ പുളിപ്പിക്കാത്ത അപ്പത്തോടുകൂടി ഭക്ഷിക്കുകയും ചെയ്യണമെന്നു വിധിക്കപ്പെട്ടിരുന്നു. ഈ തിരുനാൾ ഏഴുദിവസത്തേക്കു നീണ്ടുനിന്നിരുന്നു.

"ഇസ്രായേലിൻെറ മഹാമഹ"ത്തിനു് ആദ്യകാലത്തുണ്ടായിരുന്ന അനാഡംബരത്വം ക്രിസ്തുവിൻെറ കാലത്തു കാണപ്പെട്ടി

രുന്നില്ല. മുൻകാലങ്ങളിൽ യഹൂദർ അര മുറുക്കികെട്ടി, കരങ്ങളിൽ വടികളോടും പാദങ്ങളിൽ പാദുകങ്ങളോടുംകൂടി നിന്നുകൊണ്ടു, ധൃതിയായി, കുഞ്ഞാടിന്റെ മാംസവും, അസ്വാദിഷ്ഠങ്ങളായ സസ്യങ്ങളും, അസംസ്ക്കൃതമായ റൊട്ടിയും തിന്നുന്ന സമ്പ്രദായം അപ്പോൾ ഉണ്ടായിരുന്നില്ല. ഈ പുരാതനനടപടികൾ അവരുടെ അടിമത്തത്തിനുമുമ്പുതന്നെ ഭേദപ്പെട്ടുപോയിരിക്കുമോ? യഹൂദർ ബാബിലോണിൽ പ്രവസിച്ച കാലത്തായിരിക്കുമോ ഈ പരിഷ്കാരം ആവിർഭവിച്ചതു്? ഇതിനെപ്പററി നമുക്ക് ഒററിവുമില്ല. എങ്കിലും അവരുടെ പ്രത്യാഗമനശേഷം പ്രബലമായിത്തീർന്ന വേദശാസ്ത്രികളുടെ നവീനപ്രസ്ഥാനങ്ങൾ, മററെല്ലാ യഹൂദസ്ഥാപനങ്ങളിലെന്നപോലെ, ഈ പെസഹാഭോജന് വിഷയത്തിലും പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിരിക്കണമെന്നുള്ളതു് തീർച്ചയാണ്. പ്രാചീനസമ്പ്രദായങ്ങളെ പുനഃസ്ഥാപിക്കുന്നുവെന്ന ഭാവത്തിൽ അവർ അവയെ വികൃതപ്പെടുത്തുകയും, അഭേദ്യങ്ങളായ നിയമങ്ങളാൽ കക്ശമാക്കുകയുംചെയ്തു. തൽമൂദ് എന്ന പുരാതന യഹൂദഗ്രന്ഥത്തിലും അതിന്റെ ഭാഷ്യങ്ങളിലും വിവരിക്കപ്പെട്ടിരിക്കുന്ന ഈ അവിശാലങ്ങളായ സമ്പ്രദായങ്ങളാണ് യേശുവിന്റെ കാലത്തു പ്രചാരത്തിലിരുന്നതു്.

നൈസാൻമാസം പതിന്നാലാംതീയതി വൈകുന്നേരം അനേകം കുടുംബങ്ങൾ വേദവിധിപ്രകാരമുള്ള ആ ഭോജനത്തിൽ ഭാഗഭാക്കുകളാകുന്നതിന് ഒരു സ്ഥലത്തു സമ്മേളിക്കുന്നു. തീച്ചൂളയിൽവച്ചു വേവിക്കപ്പെട്ട കുഞ്ഞാടിനെ സൂക്ഷിച്ചിരുന്ന സമ്പ്രദായം ദീർഘദർശനത്തെ ദ്യോതിപ്പിക്കുന്നതായിരുന്നു. ആ കുഞ്ഞാടു എളുപ്പം പൂട്ടുവിടിക്കാത്ത ഒരുതരം വിശേഷമായ രണ്ടു തടികളോടു ചേർത്തുവച്ച്—ഒന്നു നീളത്തിലും, മറേറതു കുരിശിന്റെ ആകൃതിയിൽ രണ്ടു പശത്തോട്ടും നീട്ടപ്പെട്ടിരുന്ന അതിന്റെ മുൻകാലുകളിൽ കുറുകെയും— ബന്ധിക്കപ്പെട്ടിരുന്നു. ഇതെല്ലാം, ആട്ടിന്റെ എല്ലൊന്നും ഒടിയാതിരിക്കത്തവണ്ണം, അതിസൂക്ഷ്മമായും ശ്രദ്ധാപൂർവ്വവും നിർവ്വഹിക്കപ്പെടേണ്ടതായിരുന്നു. ഇതിൽ അല്പമെങ്കിലും പിശകു ചെയ്യുന്നവർക്കുള്ള ശിക്ഷ ഒരു തോൽവാറുകൊണ്ടു നാല്പതു് അടിയായിരുന്നു.

സന്ധ്യയാകുമ്പോൾ അതിഥികൾ— അവരുടെ എണ്ണം പത്തുമുതൽ ഇരുപതുവരെ ആയിരിക്കും— അധികം പൊക്കമില്ലാത്ത മഞ്ചങ്ങളിൽ ഉപവേശിക്കുന്നു. അവരുടെ ഇടതുകൈ ഒരു ഉപ

ധാനത്തിൽ വിശ്രമിക്കുകയും, വലതുകൈ ഭോജനങ്ങൾ എത്തി യെടുക്കുന്നതിനു സന്നദ്ധമായിരിക്കുകയും ചെയ്യുന്നു. ഭക്ഷണസ മയത്തു യഥേഷ്ടം സുഖമായി സ്ഥിതിചെയ്യുന്നതു് അടിമകളല്ലാ ത്ത എല്ലാവരുടേയും വിശേഷാവകാശമായി ഗണിക്കപ്പെട്ടിരു ന്നു. അതുകൊണ്ടു തങ്ങളുടെ പാരതന്ത്ര്യവിമോചനസ്മാരകമായ ഈ മഹോത്സവത്തിൽ ഇസ്രായൽക്കാർ യാതൊരു വിധത്തിലും പരാധീനത ബാധിച്ചിട്ടില്ലാത്തവരെപ്പോലെ വർത്തിക്കുകയെന്നു ള്ളതു സമുചിതം തന്നെ.

ആദ്യമായി ഗൃഹനായകൻ സ്വല്പം വെള്ളം കലർത്തിയ ഒരുകോപ്പ ദ്രാക്ഷാരസം എടുക്കുന്നു.

„മുന്തിരിപ്പഴം സൃഷ്ടിച്ച ജഗദീശൻ അനുഗൃഹീതനാക ട്ടെ," എന്നു് അയാൾ ആശംസിക്കുന്നു.

അനന്തരം അതിഥികൾ ഓരോരുത്തനും ഈ പാത്ര ത്തിൽനിന്നു പാനം ചെയ്യുന്നു. തിരുവത്താഴത്തിൻെറ ആരംഭ ത്തിൽ യേശുവിനാൽ അനുഗ്രഹിക്കപ്പെട്ടതായി വി. ലൂക്ക പ്ര സ്താവിക്കുന്ന പാനപാത്രം ഇതായിരുന്നു.

ഇതു കഴിഞ്ഞ ഉടൻ ഒരു വലിയ പാത്രം നിറച്ച വെള്ള വും ഒരു തുവാലയും കൈകഴുകുന്നതിനായി ഓരോരുത്തരുടെയും അടുക്കൽ മാറിമാറി കൊണ്ടുചെല്ലുന്നു. വി. ജോൺ പ്രസ്താവിക്കു ന്ന പാദപ്രക്ഷാളനം പക്ഷെ ഈ ചടങ്ങിനോടു സംബന്ധിച്ച തായിരിക്കും. ഈ ധാവനകർമ്മങ്ങൾ അവസാനിച്ചശേഷം എ ല്ലാവരും അവരവരുടെ സ്ഥാനങ്ങളിൽ വീണ്ടും ഉപവിഷ്ടരാകുന്നു.

വിവിധങ്ങളായ ആഹാരസാധനങ്ങൾ മേശപ്പുറത്തു നി രന്നിരിക്കുന്നു; കുഞ്ഞാടിൻെറ ഒരുവശത്തു, ഈജിപ്തിലെ സങ്കട ങ്ങളെ അനുസ്മരിപ്പിക്കുന്നതിനായി കയ്പുള്ള സസ്യങ്ങൾ വ ച്ചിരിക്കുന്നു; മറേറവശത്തിരിക്കുന്ന'പൊങ്ങി'യിട്ടില്ലാത്തതും സ്വാ ദില്ലാത്തതുമായ നേർത്ത റൊട്ടി, മാവു പൊങ്ങിക്കുന്നതിനുപോ ലും സമയം കിട്ടാതെയുള്ള ഇസ്രായൽക്കാരുടെ പെട്ടെന്നുള്ള പലായനത്തെ ഓർമ്മിപ്പിക്കുന്നു. അവസാനമായി ഒരു വിശേഷമാ യ അവദംശം കാണപ്പെടുന്നു; അതു് അനേകം പഴവർഗ്ഗങ്ങൾ ചേർത്തിട്ടുള്ളതും, വിനാഗിരിയിൽ സുഗന്ധദ്രവ്യങ്ങളിട്ടു പചിക്ക പ്പെട്ടിട്ടുള്ളതുമായ രക്തവർണ്ണത്തിലുള്ള ഒരു രസാളയാകുന്നു; ഇ തിൻെറയും പ്രകൃതിയും വർണ്ണവും അർത്ഥവത്താണു്. പലപ്പോ ഴും ചെമ്മരിയാട്ടിൻകുട്ടിയോടുകൂടി കോലാട്ടിൻകുട്ടിയോ, വലിയ

ആടോ ഉണ്ടായിരിക്കും; സാധാരണമായി ഇതിനെ അവർ അട്ട ത്തദിവസങ്ങളിലേക്ക സൂക്ഷിച്ചു വച്ചേക്കും. ഗൃഹനായകൻ, ഭക്ഷണസാധനങ്ങൾ നിരന്നാലുടൻ തന്നെ, സസ്യങ്ങളെ എട്ടു ത്തു, ലോകത്തുള്ള നല്ലസാധനങ്ങളെ സൃഷ്ടിച്ചതിനായി ദൈവ ത്തിന്ന് നന്ദിപറഞ്ഞുകൊണ്ടു, പ്രസ്തുത വിശിഷ്ടാവദംശത്തിൽ മുക്കുന്നു. അനന്തരം എല്ലാവരും ഭക്ഷണം കഴിച്ചു തുടങ്ങുന്നു.

വീണ്ടും ഒരു കോപ്പ ദ്രാക്ഷാരസംക്രുടി വിതരണം ചെ യ്യപ്പെടുന്നു. ക്രുട്ടത്തിൽ ഏററവും പ്രായംകുറഞ്ഞവൻ ഈ ചട ങ്ങുകളിൽ ഗർഭിതമായിരിക്കുന്ന അൎത്ഥത്തെ വിവരിക്കുന്നതിനു ഗൃഹനാഥനോട്ട് അപേക്ഷിക്കുന്നു. അയാൾ തൻെറ പ്രതിവച നത്തിൻെറ ഗാംഭീൎയ്യം വൎദ്ധിപ്പിക്കുന്നതിനായി ഭോജ്യങ്ങളിരിക്കു ന്ന പാത്രങ്ങൾ ഓരോന്നായി എല്ലാവരും കാണത്തക്കവണ്ണം ഉയ ൎത്തിപ്പിടിച്ചു, ഓരോന്നിൻെറയും സൂചനകൾ വിസ്തരിച്ചുപറയു ന്നു. ദൈവകോപം ശമിപ്പിക്കുന്നതിനായി ചെമ്മരിയാട്ടിൻ കു ട്ടിയെ ബലികഴിക്കുന്നു; അപ്പോൾ നിഗ്രഹോദ്യതനായ ദൈവ ദൂതൻ ഇസ്രായലിലെ ആദ്യജാതരായ ശിശുക്കളെ ഹനിക്കാ തെ കടന്നുപോകുന്നു; സങ്കടസൂചകമായ അപ്പം അവരുടെ വി ദ്രവസംഭ്രമത്തിനിടയിൽ ഭുജിക്കപ്പെടുന്നു; സസ്യങ്ങൾ, അവർ വിജയശ്രീയോടെ രക്ഷപ്പെട്ടുപോന്ന അടിമത്തം പോലെ, അ സ്വാദിഷ്ടമായിരിക്കുന്നു.

"ഏവംവിധങ്ങളായ അത്ഭുതങ്ങൾക്കായി, നമ്മുടെ സ ങ്കടത്തെ സന്തോഷമാക്കുകയും ഇരുട്ടിനെ വെളിച്ചമാക്കുകയും ചെയ്തിരിക്കുന്ന സൎവ്വേശ്വരനെ നാം വാഴ്ത്തുകയും പുകഴ്ത്തുകയും ചെയ്യുന്നതു് സമുചിതമായിരിക്കുന്നു; അദ്ദേഹത്തിനുമാത്രം നാം 'ഹല്ലേലൂയാ'സ്തവം പാടുന്നതു് സമഞ്ജസമായിരിക്കുന്നു," എന്നു് അയാൾ തുടൎന്നുപറയുന്നു.

അനന്തരം എല്ലാവരും ഈശ്വരസ്തോത്രം പാടുന്നു:– "യ ഹോവായുടെ ദാസന്മാരേ, നിങ്ങൾ സ്തവങ്ങൾ പാടുവിൻ, നി ങ്ങളുടെ ദൈവത്തിൻെറ നാമത്തെ നിങ്ങൾ വാഴ്ത്തുവിൻ! ഇ പ്പോൾ മുതൽ എന്നേയ്ക്കും സൎവ്വേശ്വരൻെറ നാമം അനുഗൃഹീത മാകട്ടെ! സൂൎയ്യോദയം മുതൽ അസ്തമയംവരെ സൎവ്വേശ്വരൻെറ നാമം വാഴ്ത്തപ്പെടേണ്ടതാണല്ലോ!"

അങ്ങനെ അവർ അടുത്ത സങ്കീൎത്തനത്തിൻെറ അവ സാനംവരെ പാടുന്നു.

"ഓ, സമുദ്രമെ, നീ എന്തുകൊണ്ട് ഓടിക്കളഞ്ഞു? ഓ, യോർദാനെ, നീ എന്തുകൊണ്ട് പിന്തിരിഞ്ഞുപോകുന്നു? പർവ്വതങ്ങളെ, നിങ്ങൾ കോലാട്ടിൻ കുട്ടികളെപ്പോലെയും, ചെറുകുന്നുകളെ, നിങ്ങൾ ചെമ്മരിയാട്ടിൻകുട്ടികളെപ്പോലെയും തുള്ളുന്നത് എന്തുകൊണ്ട്?

"ജഗദീശൻെറ സന്നിധിയിൽ, യാക്കോബിൻെറ ദൈവത്തിൻെറ സന്നിധിയിൽ, ഓ, ഭൂമിയെ, വിറയ്ക്കുക.

"എന്തെന്നാൽ അദ്ദേഹം പാറകളെ ഉറവുകളാക്കുകയും കല്ലുകളെ സജീവജലമുള്ള ഊററുകളാക്കുകയും ചെയ്യുന്നു."

ഈ സന്തോഷഗാനങ്ങൾക്കിടയിൽ അവർ രണ്ടാമത്തെ കോപ്പയും കുടിച്ചൊഴിക്കുന്നു. അനന്തരം ഗൃഹനായകൻ റൊട്ടി എടുത്തു മുറിച്ച് ആശീർവ്വദിച്ചശേഷം വിതരണം ചെയ്യുന്നു. അതു സങ്കടസൂചകമായ ഭോജനമാണെന്നുള്ള അനുസ്മരണ എല്ലാവർക്കും ഉണ്ടെന്നു കാണിക്കുന്നതിനായി അവർ ഓരോ കഷണംമാത്രം എടുത്ത്, ആ വിശിഷ്ടാവദംശത്തിൽ മുക്കി, മലക്കറികൾക്കുട്ടി ഭക്ഷിക്കുന്നു. അതിൻെറശേഷം ആട്ടിൻകുട്ടിയുടെ മാംസം കണ്ടിച്ചു വീതിക്കുന്നു; അതു മുഴുവനും അവർ തിന്നുതീർക്കുന്നു.

അനന്തരം ഗൃഹനാഥൻ മൂന്നാമത്തും ഒരു കോപ്പ ദ്രാക്ഷാരസം ഒഴിക്കുന്നു. ഈ ആശീർവ്വാദിയായ ചഷകത്തിലെ ദ്രാക്ഷാരസമായിരിക്കണം ക്രിസ്തു ദിവ്യരക്തമായി രൂപാന്തരപ്പെടുത്തിയത്. ഇതുംകൂടി കുടിച്ചുതീർത്താൽ ഉടൻ അവർ ഈശപരസ്തവത്തിലെ അവസാനഗീതങ്ങൾ ആലപിക്കുന്നു; അപ്പോൾ അവരുടെ നന്ദിനിറഞ്ഞ ഹൃദയങ്ങൾ പ്രമോദപരവശമാകുന്നു:—

"മഹത്വം ഞങ്ങൾക്കുള്ളതല്ല, പ്രഭോ, ഞങ്ങൾക്കുള്ളതല്ല, ഓ! കരുണയുടെയും സത്യത്തിൻെറയും ഉൽപത്തിസ്ഥാനമെ! അങ്ങേയുടെ നാമത്തിനുള്ളതാണ്! 'നിങ്ങളുടെ ദൈവം എവിടെയുണ്ട്'? എന്നു സർവ്വജാതികളും വന്നു നമ്മോടു ചോദിക്കട്ടെ; നമ്മുടെ ദൈവം സ്വർഗ്ഗത്തുണ്ട്. അദ്ദേഹത്തിനു മനസ്സാകുന്നതദ്ദേഹം ചെയ്യുന്നു. യഹോവാ എനിക്കു ചെയ്ത ഉപകാരങ്ങൾക്കായി ഞാൻ അദ്ദേഹത്തിനു പകരമെന്തുചെയ്യും? ഞാൻ ഈ പരിരക്ഷാകരമായ കംസത്തെ ഉയർത്തിപ്പിടിച്ച്, അദ്ദേഹത്തിൻെറ നാമം ജപിക്കും. അതെ, യഹോവാ, ഞാൻ അങ്ങയുടെ അടിമയാകുന്നു; അങ്ങേയുടെ അടിമയും, അങ്ങേയുടെ പരിചാരികയുടെ മകനുമാകുന്നു.

"എൻെറ വിലങ്ങുകളെ അങ്ങു തുണ്ടുതുണ്ടായി പൊട്ടിച്ചുകളഞ്ഞിരിക്കുന്നു. അങ്ങേക്കു ഞാൻ ഒരു ഗീതാഞ്ജലി സമൎപ്പിക്കും. സ്തുതിയിൽ ഞാൻ ഈശ്വരനാമത്തെ കീൎത്തിക്കും!"

അനന്തരം അവർ പരമാനന്ദവിവശരായി സൎവ്വലോകത്തെയും സാക്ഷാൽ ജഗദീശനെ സേവിക്കുന്നതിനായി നിമന്ത്രണം ചെയ്യുന്നു:

"ഓ,സൎവ്വജനവൎഗ്ഗങ്ങളെ, നിങ്ങൾ യഹോവായെ വാഴ്ത്തുവിൻ, സൎവ്വജാതികളെ, അദ്ദേഹത്തിൻെറ നാമത്തെ പുകഴ്ത്തുവിൻ, എന്തെന്നാൽ അദ്ദേഹത്തിൻെറ സ്നേഹം ഞങ്ങളുടെ ഉടയിൽ സൎവ്വശക്തമായിരിക്കുകയും, അദ്ദേഹത്തിൻെറ സത്യം ശാശ്വതമായിരിക്കുകയും ചെയ്യുന്നു! യഹോവായെ സ്തുതിപ്പിൻ!"

നാലാമത്തും ഒരു കോപ്പ ദ്രാക്ഷാരസം എല്ലാവരും കുടിച്ച് ആ സഹഭോജനത്തെ ഉപസംഹരിക്കുന്നു.

ഏവംവിധമായ ഒരു പെസഹാസദ്ധിയായിരുന്നു യേശു ഇപ്പോൾ ആഘോഷിച്ചതു്. ഈ വിവരണം സുവിശേഷകാരൻെറ ആഖ്യാനത്തെ അദ്ധ്യാഹരിക്കുന്നതിനും, യഹൂദരുടെ ഈ അൎത്ഥഗൎഭമായ അനുഷ്ഠാനം നമ്മുടെ പരിശുദ്ധതമമായ ദിവ്യപൂജയായി (വി. കുർബാനയായി) പരിണമിച്ചതെങ്ങനെയെന്നു മനസ്സിലാക്കുന്നതിനും നമ്മെ സഹായിക്കുന്നു.

### യേശു ആഘോഷിച്ച

### അവസാനത്തെ പെസഹാമഹോത്സവം.

(മാത്തു xxvi, 17-25; മാൎക്ക് xiv, 12-21; ലൂക്ക xvii, 7-18; ജോൺ xiii, 1-22)

ബുധനാഴ്ച, മുഴുവനും യേശു ദേവാലയത്തിലോ, യരുശലേമിലോ പ്രത്യക്ഷനായില്ല. വ്യാഴാഴ്ച കാലത്തു് അപ്പോസ്തലന്മാർ അദ്ദേഹത്തോടു് അവൎക്കു പെസഹാഭോജനം കഴിക്കാനുള്ള സ്ഥലം എവിടെയാണെന്നു ചോദിച്ചു. എന്തെന്നാൽ, "അന്നു പിഷ്ടാമ്ലരഹിതമായ അപൂപം ഭുജിക്കേണ്ട ഒന്നാമത്തെ ദിവസമായിരുന്നു."

യൂദാസ്സാണു സാധാരണമായി അവരുടെ പൗരോഗവനെങ്കിലും, അവനെ അവഗണിച്ചിട്ട്, യേശു പീററിനേയും ജോണിനേയും വിളിച്ചു പറഞ്ഞു:

"പോയി, ആവശ്യമുള്ളതിനെ ഒരുക്കുക."

"അതു ഞങ്ങൾ എവിടെ വച്ചു തയാറാക്കണമെന്നാണ് അങ്ങു കല്പിക്കുന്നതു്?" എന്നു അവർ അദ്ദേഹത്തോടു ചോദിച്ചു; യരൂശലേമിൽ എവിടെയും അവർക്ക് അപത്തിനു വകയുണ്ടായിരുന്നുവെന്ന് അവർക്കറിയാമായിരുന്നു.

"പട്ടണത്തിലേക്കു പോകുവിൻ; അവിടെ പ്രവേശിക്കുമ്പോൾ ഒരു കുടം വെള്ളം കൊണ്ടുപോകുന്ന ഒരു മനുഷ്യനെ നിങ്ങൾ കാണും. നിങ്ങൾ അവനെ പിന്തുടരണം; അവനു പോകേണ്ട വീട്ടിൽ എത്തുമ്പോൾ ആ ഗൃഹനായകനോടു ഇങ്ങനെ പറയണം: "ഞങ്ങളുടെ ഗുരുനാഥൻ ഇപ്രകാരം പറയുന്നു: എൻെറ സമയം അത്യാസന്നമായിരിക്കുന്നു; താങ്കളുടെ വീട്ടിൽ വച്ച് എനിക്ക് എൻെറ ശിഷ്യന്മാരോടുകൂടി പെസഹാഭോജനം നടത്തണം. എനിക്കു പെസഹാഭക്ഷണത്തിനുള്ള മുറി എവിടെ?" അപ്പോൾ അയാൾതന്നെ മഞ്ചങ്ങളിട്ടും മററും മുൻകൂട്ടി തയാർചെയ്തിട്ടുള്ള ഒരു ശിരോഗൃഹം നിങ്ങൾക്കു കാണിച്ചുതരും. ആവശ്യമുള്ളതെല്ലാം നിങ്ങൾ അവിടെ ഒരുക്കുക," എന്നു് അദ്ദേഹം മറുപടി പറഞ്ഞു.

പീററും ജോണും ഈ നിയോഗത്തെ ശിരസാവഹിച്ചു; പട്ടണത്തിൻെറ പ്രവേശനദ്വാരത്തു് സീലോവെന്ന ഉറവിൽനിന്നു വെള്ളം എടുത്തുകൊണ്ടുവരുന്ന ഒരു മനുഷ്യനെ അവർ കണ്ടു; അവൻെറ പിന്നാലെ ചെന്നപ്പോൾ അവർ പ്രസ്തുത ഗൃഹനായകനെയും കണ്ടു. അതു് അപ്പോസ്തലന്മാർക്ക് അതുവരെ അജ്ഞാതനായിരുന്ന ക്രിസ്തുവിൻെറ ഏതോ ഒരു ശിഷ്യനായിരുന്നു. പെസഹാ ശരിയായി അനുഷ്ഠിക്കുന്നതിനു നിർബന്ധിതനാകയാൽ അദ്ദേഹം ആ മിത്രത്തോടു് അയാളുടെ ഭവനം തനിക്ക് ഉപയോഗയോഗ്യമാക്കുന്നതിനു വേണ്ട ഏർപ്പാടു മുൻകൂട്ടി ചെയ്തിരുന്നു.

ദിവ്യകാരുണ്യസമ്പത്തിയാൽ പവിത്രീകൃതമായ ഈ ശിരോഗൃഹം നവജാതമായ തിരുസ്സഭയുടെ സവിശേഷമായ ഭക്ത്യാദരങ്ങൾക്കു പാത്രീഭവിച്ചു; അതായിരുന്നു അതിനു് ആദ്യമായി ലഭിച്ച അഭയസ്ഥാനം. പുനരുത്ഥാനം ചെയ്ത രക്ഷാനാഥൻ തൻെറ നൈരാശ്യഗ്രസ്തരായ ശിഷ്യന്മാരെ കണ്ടതും, അപ്പോസ്തലന്മാർ പരിശുദ്ധാത്മാവിന്റെ വരവിനെ കാത്തിരുന്നതും, ദൈവദൂതനാൽ വിമോചിതനായ ശേഷം വി. പീററർ ത

ൻെറ സതീൎത്ഥ്യരെ പ്രാൎത്ഥനയിൽ വ്യാപൃതരായിക്കണ്ടതും ഈ ശാലയിലായിരുന്നു. ആധുനികകാലത്തു തെക്കനിന്നു യരൂശലേമിലേക്കു ചെല്ലുന്ന ഒരു പഥികൻ ഈ അതിഥിശാലയുടെ സ്ഥാനത്തെ സൂചിപ്പിക്കുന്ന ഒരു സ്തൂപിക നില്ക്കുന്നതു കാണുന്നു. അതിനോട് അനുബന്ധിച്ച്, അതിവിശാലമായ ഒരു ഹാൾ ഉണ്ട്; അതിനു മദ്ധ്യയുഗങ്ങളിൽ പല ഭേദഗതികളും ചെയ്യപ്പെട്ടുവെങ്കിലും, വി. സിറിൻ നാലാംനൂററാണ്ടിൽ അഭിവന്ദിച്ചതും, യരൂശലേമിൻെറ അധഃപതനകാലത്തു നശിപ്പിക്കപ്പെടാതെ രക്ഷപ്പെട്ട ഏതാനും കെട്ടിടങ്ങളിൽ ഒന്നാണെന്നു വി. എപിഫാനിയസ് പ്രസ്താവിക്കുന്നതുമായ ശാലാവിശേഷം അതുതന്നെയാണ്.

എന്നാൽ യേശുവിൻെറ കാലത്തും, പ്രസ്തുത പെസഹാദിവസവും നമ്മുടെ ചരിത്രകാരന്മാരുടെ ഭാവനാസൃഷ്ടങ്ങളായ അതിൻെറ പ്രതാപമഹിമകൾ ഒന്നുംതന്നെ അതിനുണ്ടായിരുന്നില്ല. യഹൂദഗൃഹങ്ങളെപ്പററി നമുക്കറിയാവുന്നതുവച്ചു നോക്കുകയാണെങ്കിൽ, അതു വെളുത്ത ചുവരുകളോടുകൂടിയ ഒരു മുറിയായിരുന്നുവെന്നു നമുക്ക് ഊഹിക്കാം; നടുവിലായി പലനിറത്തിലുള്ള ചായം തേച്ചു പകിട്ടു പിടിപ്പിച്ചിട്ടുള്ള ഒരു മേശയുണ്ട്; മററു വശങ്ങളിൽ മഞ്ചങ്ങൾ നിരത്തിയിട്ടുണ്ട്. സാമാന്യമായിഇത്തരത്തിലുള്ള ഒരു വിരുന്നുശാലയിലായിരുന്നു യേശു അന്നു സായാഹ്നത്തിൽ പ്രവേശിച്ചതു്. അപ്പോസ്തലന്മാർ പന്ത്രണ്ടുപേരും അദ്ദേഹത്തിൻെറ കൂടെ ഉണ്ടായിരുന്നു; അവർ അദ്ദേഹത്തിനു ചുററും അവരവരുടെ സ്ഥാനങ്ങളിൽ ഇരുന്നു. ജോൺ അദ്ദേഹത്തിൻെറ വലത്തു ഭാഗത്തു വളരെ അടുത്തിരുന്നു. ആ പ്രിയതമനായ ശിഷ്യൻെറ സമീപത്തിൽ പീററും യേശുവിൽനിന്നു വളരെ അകലെയല്ലാതെ യൂദാസ്സും ഉപവേശിച്ചു.

ചിരപ്രതീക്ഷിതമായ സമയം സമാഗതമായി; യേശുവിൻെറ ഹൃദയം ഹൎഷാധിക്യത്താൽ ത്രസിച്ചു.

"കഷ്ടപ്പാടുകൾ അനുഭവിക്കുന്നതിനു മുമ്പായി നിങ്ങളോടുകൂടി ഈ പെസഹാഭോജനം കഴിക്കുന്നതിനു ഞാൻ വളരെ വളരെ ആഗ്രഹിച്ചിരുന്നു," എന്ന് അദ്ദേഹം പറഞ്ഞു.

എങ്കിലും പുരാതനസംഭവങ്ങളെ അനുസ്മരിപ്പിക്കുന്ന ഒരു ചടങ്ങു നിൎവ്വഹിക്കുന്നതിനല്ല, ദിവ്യകാരുണ്യസ്രോതസ്സായ ഒ

രു യഥാർത്ഥ ബലി ചെയ്യുന്നതിനാണ് താൻ അത്ര തീവ്രമായി അഭിലഷിച്ചതെന്ന് അപ്പോസ്തലന്മാരെ ഗ്രഹിപ്പിക്കുന്നതിനായി അദ്ദേഹം തുടൎന്നു പറഞ്ഞു:

"ഞാൻ ഈ പെസഹാഭോജനം, അതിൽ വ്യവഹിതമായിരിക്കുന്ന തത്ത്വം ദൈവരാജ്യത്തിൽ നിവ്വഹിക്കപ്പെടുന്നതുവരെ, മേലാൽ ഒരിക്കലും കഴിക്കയില്ലെന്നു സത്യമായി ഞാൻ നിങ്ങളോടു പറയുന്നു."

ഇതിനകം സഹഭോജനത്തിൻെറ ഉപക്രമസൂചകമായ ഒയിൻപാത്രം നിറയ്ക്കപ്പെട്ടു. ശിഷ്യന്മാരുടെ കൈയിൽനിന്ന് അതിനെ വാങ്ങി, യേശു മുറപ്രകാരമുള്ള ആശീൎവ്വാദം ഉച്ചരിക്കുകയും അധരങ്ങൾകൊണ്ടു വീഞ്ഞിനെ സ്പൎശിക്കുകയും ചെയ്തശേഷം, ശിഷ്യന്മാൎക്കു തിരിച്ചുകൊടുത്തു.

"ഇതിനെ നിങ്ങൾ ഭാഗിച്ചെടുത്തുകൊൾക; എന്നെ സംബന്ധിച്ചു പറയുകയാണെങ്കിൽ, മേലാൽ ദൈവത്തിൻെറ രാജ്യം സമാഗമിക്കുന്നതുവരെ ദ്രാക്ഷാരസം ഞാൻ കുടിക്കുകയില്ല," എന്ന് അദ്ദേഹം പറഞ്ഞു.

യേശു ഇവിടെ ദിവ്യപൂജയെ അല്ല, സ്വൎഗ്ഗീയപരമാനന്ദത്തെയാണ് സൂചിപ്പിച്ചതു്; താൻ സ്വൎഗ്ഗത്തുവച്ചല്ലാതെ ഇനി കുടിക്കയില്ലെന്നു പറഞ്ഞ ആ ദ്രാക്ഷാരസം സങ്കീൎത്തനകാരൻ വളരെക്കാലത്തിനുമുമ്പ് അത്യാൎത്തിയോടെ മോഹിച്ച പരമാനന്ദനിൎവൃതിയെ പ്രതിനിധീകരിച്ചു:—

"ഹാ! എൻെറ ആത്മാവിനെ ആനന്ദലഹരിയാൽ പരവശമാക്കിയ എൻെറ പാനപാത്രം എത്ര മനോഹരം!"

(സങ്കീ. xxii, 5.)

ആ ശാശ്വതമായ പരമാനന്ദത്തെപ്പററിയുള്ള ചിന്ത ലോകത്തു് അദ്ദേഹം പിട്ടുപിരിയാൻപോകുന്ന ജനങ്ങളെ വിസ്മരിക്കത്തക്കവണ്ണം അദ്ദേഹത്തെ ഗ്രസിച്ചിരുന്നില്ല. "തൻെറ സമയം വന്നുകഴിഞ്ഞുവെന്നും താൻ ഈ ലോകത്തുനിന്നു തൻെറ പിതാവിൻെറ അടുക്കലേക്കു പോകണമെന്നും അറിയാമായിരുന്നതിനാലും, ലോകത്തുള്ള തൻെറ ജനങ്ങളെ താൻ സ്നേഹിച്ചിരുന്നതിനാലും അദ്ദേഹം അവരെ അവസാനംവരെ സ്നേഹിച്ചു." അദ്ദേഹം അവരെ നിസ്സീമമായി സ്നേഹിച്ചതുകൊണ്ടു സകല മനുഷ്യഹൃദയങ്ങളെയും ആനന്ദാമൃതം ആസ്വാദിപ്പിക്കുന്നതിനായി തൻെറ അനന്തസ്നേഹസ്രോതസ്സായ ഒരു അത്ഭുതം പ്രവൃത്തി

കുന്നതിനായി, തന്റെ സർവ്വശക്തതയെ പ്രയോഗിച്ചു. ഈ സമ്പ്രദാനത്തിന്റെ സാഹചര്യങ്ങൾ പ്രശാന്തഗംഭീരങ്ങളായിരുന്നു. സെയിൻറ് ജോൺ അവയെ സമ്യക്കായി വിവരിക്കുന്നതിൽ ഔത്സുക്യം പ്രദർശിപ്പിക്കുന്നു. പെസഹാസദ്യ സമാരംഭിച്ചുകഴിഞ്ഞു; സാത്താൻ യൂദാസ്സ് ഇസ്കരിയത്തിന്റെ യജമാനനായി അവിടെ സന്നിഹിതനായിരിക്കുന്നു; ആ ഭക്ഷണശാലയുടെ മുകളിലായി സ്വർഗ്ഗം യേശുവിന്റെ അവേക്ഷണത്തിനായി ഉദ്ഘാടനം ചെയ്യപ്പെട്ടിരിക്കുന്നു; "തന്റെ പിതാവു സകലവും തന്റെ കരങ്ങളിൽ ഭരമേല്പിച്ചിരിക്കുന്നുവെന്ന്" അദ്ദേഹം അവിടെ സുവ്യക്തമായി കാണുന്നു. "സകലവും," അതെ, സിദ്ധന്മാരുടെ മുദ്ര വഹിച്ചിരിക്കുന്ന തിരുസ്സഭയുടെ സകല അനുഗ്രഹീതരായ അംഗങ്ങളും, അദ്ദേഹത്തിൽ നിർല്ലീനമായിരിക്കുന്നു. "താൻ ദൈവത്തിൽനിന്നു വന്നിരിക്കുന്നുവെന്നും, ദൈവത്തിങ്കലേക്കു മടങ്ങിപ്പോകുന്നുവെന്നും തനിക്ക് അറിയാവുന്നതുകൊണ്ട്" മനുഷ്യവർഗ്ഗത്തിനായി തന്റെ സ്നേഹത്തിന്റെ പരമമായ ലക്ഷ്യം പ്രദാനംചെയ്യുകയല്ലാതെ കരണീയാന്തരം ഇനി യാതൊന്നുമില്ല. എന്നാൽ, ആദ്യമായി, താൻ മനുഷ്യനായവതരിച്ചതും അവരുടെ ഭക്ഷണപാനീയമാകാൻ തുനിയുന്നതും എത്രത്തോളം സ്വയം താഴ്ത്തിയിട്ടാണെന്ന് അവർക്കു സ്പഷ്ടമായി കാണിച്ചുകൊടുക്കുന്നതിനായി അദ്ദേഹം അവരുടെ മുമ്പാകെ ഏററവും വിനീതനാകാൻ ആഗ്രഹിക്കുന്നു.

ഈ വിശുദ്ധഭോജനത്തിന്റെ ചടങ്ങനുസരിച്ച്, അതിഥികൾ കൈകഴുകേണ്ട സമയം വന്നപ്പോൾ, യേശു എഴുന്നേററ്, മേലങ്കി മാററിവച്ചിട്ട്, ഒരു തോർത്തുമുണ്ട് എടുത്ത് അരയിൽ കെട്ടി; അനന്തരം ഒരു വലിയ പാത്രത്തിൽ വെള്ളം പകർന്നു, തന്റെ ശിഷ്യന്മാരുടെ പാദങ്ങളെ കഴുകി അരയിൽ കെട്ടിയിരുന്ന തോർത്തുമുണ്ടുകൊണ്ട് തുടയ്ക്കുന്നതിനു അദ്ദേഹം തയാറായി.

ദിവ്യഗുരു തന്റെ മുമ്പാകെ മുട്ടുകുത്തുന്നതു കണ്ടപ്പോൾ പീററർ എന്തുചെയ്യണമെന്നറിയാതെ വിഷമിച്ചു.

"എന്തു! സ്വാമിൻ! അങ്ങ് എന്റെ പാദങ്ങളെ കഴുകാൻപോകുന്നോ!" എന്നു അയാൾ ആശ്ചര്യോദ്ഘോഷംചെയ്തു.

"ഞാൻ എന്തുചെയ്യാൻ ആഗ്രഹിക്കുന്നുവെന്നു നിനക്ക് ഇപ്പോൾ അറിഞ്ഞുകൂടാ; എന്നാൽ നീ താമസിയാതെ അറിയും," എന്നു ഭഗവാൻ മറുവടിപറഞ്ഞു.

അങ്ങനെ പാപമാലിന്യങ്ങളെ പ്രമാർജ്ജനം ചെയ്യുന്ന പരിത്രാണകൃത്യത്തിൻെറ ഒരു ഉപലക്ഷണം മാത്രമാണ് ഈ പ്രക്ഷാളനമെന്ന് അദ്ദേഹം അയാളെ മനസ്സിലാക്കി. എന്നാൽ പീററർ തൻെറ ഗുരുനാഥൻെറ പരാഭവമല്ലാതെ മറെറാന്നും അതിൽ കണ്ടില്ല.

"ഒരിക്കലും പാടില്ല, ഒരിക്കലും അങ്ങ് എൻെറ പാദങ്ങളെ കഴുകാൻ പാടില്ല," എന്നു പീററർ ആമ്രേഡനം ചെയ്തു.

ഈ ശാഠ്യപൂർവ്വമായ പ്രതിഷേധത്തെ ഉപശമിപ്പിക്കുന്നതിനായി യേശു അയാളോടു പറഞ്ഞു:

"ഞാൻ നിന്നെ കഴുകുന്നില്ലെങ്കിൽ, നിനക്ക് എന്നോടു യാതൊരു കാർയ്യവും ഉണ്ടായിരിക്കയില്ല."

പീററർ ഉടൻ ഇതിൻെറ വിവക്ഷിതം പൂർണ്ണമായി ഗ്രഹിച്ചു; സഹജമായ ഊർജ്ജസ്വലതയോടെ അയാൾ ഉദ്ഘോഷിച്ചു:

"സ്വാമിൻ, എൻെറ പാദങ്ങൾ മാത്രമല്ല, എൻെറ കൈകളും തലയും കൂടി കഴുകിക്കൊള്ളുക."

അപ്പോസ്തലൻെറ ജ്വലിക്കുന്ന പ്രസരിപ്പിനെ സ്വല്പം ആററുന്നതിനായി യേശു പറഞ്ഞു:

"സ്നാനം കഴിഞ്ഞു വരുന്നവർ അവരുടെ പാദങ്ങളിലെ പൊടി കഴുകിക്കളഞ്ഞാൽ മാത്രം മതി, അവരുടെ ഏതു മാലിന്യവും ശുദ്ധീകരിക്കപ്പെടും."

അപ്പോസ്തലന്മാരെ സംബന്ധിച്ചിടത്തോളം അപ്പോൾ തന്നെയും ഇതു് ഏററവും ശരിയായിരിക്കുന്നു; അവരുടെ ഗുരുതരങ്ങളായ പാപങ്ങളെല്ലാം പ്രക്ഷാളനം ചെയ്യപ്പെട്ടിരിക്കയാൽ, അവരുടെ രക്ഷാനാഥൻെറ മേശയെ സമീപിക്കുന്നതിനുമുമ്പായി അവർ തങ്ങളുടെ ആത്മാവിൽ പററിയ ലഘുതരങ്ങളായ കളങ്കങ്ങളെ ശുദ്ധീകരിച്ചാൽ മാത്രം മതി. എന്നാൽ, അവരുടെ കൂട്ടത്തിൽ ഒരു അശുദ്ധസത്വമുണ്ടായിരുന്നു; യൂദാസ്സിൻെറ പേരു പ്രസ്താവിക്കാതെ താൻ അവൻെറ ദ്രോഹോദ്യമത്തെ അറിഞ്ഞിരിക്കുന്നുവെന്നു ഒരു അസ്പഷ്ടമായ സൂചനയാൽ ഭഗവാൻ അവനെ മുൻകൂട്ടി ഗ്രഹിപ്പിച്ചു.

"നിങ്ങളും ശുദ്ധിയുള്ളവരാകുന്നു; എന്നാൽ എല്ലാവരും അല്ല."

എന്നിട്ടും ആ സ്വാമിദ്രോഹിക്കു വിപ്രതിസാരമുണ്ടായില്ല; ഭഗവാൻ അവൻെറ അടുക്കൽ വന്ന് അവൻെറ പാദങ്ങളിൽ വെള്ളം ഒഴിക്കുന്നതിനും കൈകൾകൊണ്ട് അവയെ തുടെയ്ക്കുന്നതിനും അവൻ ഒട്ടും സങ്കോചമില്ലാതെ അനുവദിച്ചു.

പ്രക്ഷാളനകർമ്മം അവസാനിച്ചപ്പോൾ യേശു തൻെറ മേലങ്കിയെ വീണ്ടും ധരിച്ച്, മഞ്ചത്തിൽ സ്വസ്ഥാനത്തെ അവലംബിച്ചു.

"ഞാൻ ഇപ്പോൾ നിങ്ങൾക്കായി ചെയ്തിരിക്കുന്നത്, എന്താണെന്നു നിങ്ങൾക്കു അറിയാമോ? നിങ്ങൾ എന്നെ 'സ്വാമിൻ" 'പ്രഭോ' എന്നിങ്ങനെ വിളിക്കുന്നു; അതു ശരിയാണ്, ഞാൻ തത്താദൃശൻതന്നെ. അപ്പോൾ, നിങ്ങളുടെ സ്വാമിയും പ്രഭുവുമായ ഞാൻ നിങ്ങളുടെ പാദങ്ങളെ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങളെ കഴുകേണ്ടതാണ്. ഞാൻ നിങ്ങളോടു പ്രവർത്തിച്ചതുപോലെ നിങ്ങളും പ്രവർത്തിക്കുന്നതിനായി ഞാൻ നിങ്ങൾക്കൊരു മാതൃക കാണിച്ചുതന്നിരിക്കുന്നു," എന്ന് അദ്ദേഹം പറഞ്ഞു.

"ഞാൻ നിങ്ങളോടു പ്രവർത്തിച്ചതു" എന്നല്ല, "ഞാൻ നിങ്ങളോടു പ്രവർത്തിച്ചതുപോലെ" എന്നാണ് ഭഗവാൻ പറഞ്ഞതു്. കേവലം ആ പ്രവൃത്തിയെ അല്ല, യേശുവിൻെറ നിരഹംകാരതയേയും സ്വാർത്ഥത്യാഗത്തേയുമാണ് നാം അനുകരിക്കേണ്ടതു്. ഈ പാദപ്രക്ഷാളനം അദ്ദേഹത്തിൻെറ ഉദ്യോഗത്തിൻെറ സ്വഭാവത്തെ അഭിവ്യഞ്ജിപ്പിക്കുന്നു; തനിക്കു സ്വതഃസിദ്ധമായുള്ള പ്രതാപമഹിമകളെയെല്ലാം സന്ത്യജിച്ചിട്ടു, മനുഷ്യഹൃദയങ്ങളെ പരിശുദ്ധീകരിക്കുന്നതിനായി അദ്ദേഹം ഒരു ദാസൻെറ വേഷത്തിൽ ലോകത്ത് അവതീർണ്ണനായിരിക്കുന്നു. പരിപൂർണ്ണമായ സ്വാർത്ഥത്യാഗമാണ് ക്രിസ്തു അപ്പോസ്തലന്മാർക്കു നൽകിയ നിയമം. ഈ നിയമം നൽകുന്നതിനു തനിക്കു അവകാശമുണ്ടെന്നും അദ്ദേഹം പറഞ്ഞു; എന്തെന്നാൽ ദാസൻ യജമാനൻെറ മുകളിലല്ല; അതുപോലെ പ്രേഷിതനും പ്രേഷകനെക്കാൾ വലിയവനല്ല. ഈ സംഗതികൾ നിങ്ങൾക്കു മനസ്സിലാകുന്നുവെങ്കിൽ നിങ്ങൾ അനുഗൃഹീതരായിരിക്കും; നിങ്ങൾ അവയെ ചെയ്യുന്നുവെങ്കിലൊ നിങ്ങൾ ഏററവും അനുഗൃഹീതരായിരിക്കും!"

"'എന്നോടുകൂടി മേശയിൽ ഒരുമിച്ചിരുന്നുണ്ണുന്നവൻ എ

ന്നെ തൊഴിക്കുന്നതിനായി അവൻെറ പാദങ്ങളെ പൊക്കും', എന്ന വേദോക്തി നിർവഹിക്കപ്പെടണം."

ഭഗവാൻ ഇവിടെ സൂചിപ്പിച്ചതു ദാവീദിൻെറ അമാത്യനായ അക്കിറോഫെലിൻെറ സ്വാമിദ്രോഹത്തെയായിരുന്നു; ഈ പണ്ഡിതശ്രേഷ്ഠൻ അയാളുടെ യജമാനനോടൊരുമിച്ചിരുന്നു പലപ്പോഴും ഭക്ഷണം കഴിച്ചിരുന്നുവെങ്കിലും അബ്സലോമിൻെറ രാജദ്രോഹത്തിൽ ഭാഗഭാക്കായി. അതു വെളിക്കായി വിഫലീഭവിച്ചപ്പോൾ അയാൾ നൈരാശ്യത്താൽ തൂങ്ങിച്ചത്തുകളഞ്ഞു. യേശു ഈ സംഭവത്തെപ്പററി അപ്പോസ്തലന്മാരെ അനുസ്മരിപ്പിച്ചതു് അവരിൽ ഒരുത്തൻെറ സ്വാമിദ്രോഹംനിമിത്തം അവരുടെ വിശ്വാസത്തിനു ശൈഥില്യം വന്നുപോകാതിരിക്കാനായിരുന്നു.

"ആ സംഗതി നിറവേറുമ്പോൾ ഞാൻ ആരാണെന്നു നിങ്ങൾക്കു മനസ്സിലാകുന്നതിനായി, ഇപ്പോഴേതന്നെ, ഞാൻ നിങ്ങളോട്ട് അറിയിക്കുന്നു," എന്ന് അദ്ദേഹം പറഞ്ഞു.

യൂദാസ്സിൻെറ ഈ മഹാപാതകോദ്യമത്തെപ്പററിയും തൻമൂലം അവനു നഷ്ടമായിരിക്കുന്ന അസുലഭമായ സൗഭാഗ്യത്തെപ്പററിയും അദ്ദേഹം അത്യന്തം സഹതാപപൂർവ്വം ഉപന്യസിച്ചു. "ക്രിസ്തുവിൻെറ അപ്പോസ്തലന്മാരിൽ ഒരുവനെ സ്വീകരിക്കുന്നവർ ക്രിസ്തുവിനെയും, തദ്ദ്വാരാ അദ്ദേഹത്തെ അയച്ച സ്വർഗ്ഗീയപിതാവിനെയും സ്വീകരിക്കുന്നു." അപ്പോസ്തലന്മാരുടെ ഉദ്യോഗം അത്ര ശ്രേഷ്ഠവും ദിവ്യവുമാണ്. യൂദാസ്സ് ഇത്ര അനർഘമായ ഒരു സ്ഥാനത്തെയാണ് വ്യഭിചരിപ്പിക്കാൻ ഉദ്യമിക്കുന്നതു്. ക്രിസ്തു "അസ്വസ്ഥചിത്തനായി". ക്ഷണനേരത്തേക്ക് അദ്ദേഹം, ഭാവിയെ മറച്ചിരുന്ന യവനികയെ നീക്കുന്നതിന് കുറഞ്ഞൊന്ന് അറച്ചതുപോലെ, തൂഷ്ണീകനായിരുന്നു. എങ്കിലും ഏറെ താമസിയാതെ അദ്ദേഹം ഉച്ചത്തിൽ പറഞ്ഞു.

"സത്യമായി, അതെ, സത്യമായി നിങ്ങളിൽ ഒരുവൻ എന്നെ ഒററിക്കൊടുക്കും; അവൻ ഇപ്പോഴും എന്നോടുകൂടി ഭക്ഷണം കഴിക്കുന്നു."

ഇതു കേട്ട വിസ്മയാന്ധരായ ശിഷ്യന്മാർ, അദ്ദേഹം ആരെപ്പററിയായിരിക്കും സംസാരിക്കുന്നതെന്ന് അറിയാതെ, പരസ്പരം നോക്കി; അവരുടെ അന്ധാളിപ്പിൽ ഓരോരുത്തനും, "സ്വാമിൻ, അതു ഞാനാണോ?" എന്നു ചോദിച്ചു. യൂദാസ്സുമാത്രം ഒന്നും മിണ്ടാതിരുന്നു.

"അതു പന്ത്രണ്ടുപേരിൽ ഒരുത്തനാകുന്നു; എന്നോടുകൂടി പാത്രത്തിൽ കൈ ഇടുന്ന ആ മനുഷ്യൻ എന്നെ ഒററിക്കൊടുക്കും," എന്നു യേശു മറുപടി പറഞ്ഞു.

ആ സമയം ശിഷ്യന്മാരിൽ അനേകംപേർ പാത്രത്തിൽ കൈ ഇട്ടിരുന്നുവെന്നുള്ളതു തീർച്ചയാണ്; അതുകൊണ്ടു സ്വാമിദ്രോഹി ആരാണെന്നുള്ളതിനെപ്പററിയുള്ള സൂചന അപ്പോഴും അസ്പഷ്ടമായിരുന്നതേയുള്ളു. എങ്കിലും ദിവ്യഗുരു ആ പാപിഷ്ഠനായ മനുഷ്യനെ, അവസാനമായി ഒരിക്കൽകൂടി, ഭവിതവ്യതയെപ്പററിയും അവൻ പതിക്കാൻ പോകുന്ന താമിസ്രമായ കൂപത്തെപ്പററിയും ഓർമ്മിപ്പിച്ചു

"മനുഷ്യപുത്രൻ, അവനെപ്പററി എഴുതപ്പെട്ടിട്ടുള്ളതനുസരിച്ചു, പോകുകതന്നെ ചെയ്യും; എന്നാൽ മനുഷ്യപുത്രനെ ഒററിക്കൊടുക്കുന്ന ആ മനുഷ്യനു ദുരിതം! ആ മനുഷ്യൻ ജനിക്കാതിരുന്നുവെങ്കിൽ അവനു നല്ലതായിരുന്നു," എന്ന് അദ്ദേഹം പറഞ്ഞു.

ഈ പരുഷവചനങ്ങളാൽ ഭയവിഹ്വലരായ അപ്പോസ്തലന്മാർ രക്ഷാനാഥനോടു വീണ്ടും അദ്ദേഹം ആരെപ്പററിയാണു സംസാരിക്കുന്നതെന്നു ചോദിക്കുന്നതിനു ധൈര്യപ്പെട്ടില്ല; അവർ പരസ്പരം അനുസന്ധാനം ചെയ്യുതേയുള്ളു. എന്നിട്ട് ആരും യൂദാസ്സിനെ സംശയിച്ചില്ല. ഒടുവിൽ ആ സ്വാമിദ്രോഹിയും മററുള്ളവരെ അനുകരിച്ചു ചോദിച്ചു.

"ഗുരോ, അതു ഞാനാണോ?"

"നീ അതു പറഞ്ഞുകഴിഞ്ഞിരിക്കുന്നു; നീ ആകുന്നു അവൻ," എന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി.

തുലോം പതിഞ്ഞ സ്വരത്തിൽ പറഞ്ഞ ഈ പ്രത്യുത്തരം യൂദാസ്സല്ലാതെ വേറെ ആരും കേട്ടില്ല. സ്വാമിദ്രോഹചിന്തയിൽ നിർല്ലീനമായിരുന്ന അവൻെറ ഹൃദയം വജ്രകക്കശമായിപ്പോയിരുന്നു. തൻെറ തിരുശരീരവും തിരുരക്തവും തൻെറ സന്നിധിയിൽ വച്ചുതന്നെ മലിനീകരിക്കപ്പെടുമെന്നുള്ള പരിപൂർണ്ണമായ ഉറപ്പോടുകൂടിയായിരുന്നു യേശു ദിവ്യകാരുണ്യസ്രോതസ്സായ അപ്പത്തെ തൻെറ തൃക്കരങ്ങളിൽ എടുത്തതു്. ഏറെനാൾ കഴിഞ്ഞു രക്ഷാനാഥൻ വി. പൌലൂസിന് അന്തിമഭോജനത്തിൻെറ സാഹചര്യങ്ങളെ വെളിപ്പെടുത്തിക്കൊടുത്തപ്പോൾ, ആ ദുരിതപൂർണ്ണമായ രാത്രിയിലെ സംഭവങ്ങളെപ്പററിയാണ് അദ്ദേ

ഹം ആ ധൎമ്മവീരനോട് ആദ്യമായി പ്രസ്താവിച്ചതു്; എന്തെന്നാൽ, "ഒററികൊടുക്കപ്പെട്ട രാത്രിയായിരുന്നു അദ്ദേഹം അപ്പം തിന്നതു്."

## III.

## 'ദിവ്യകാരുണ്യ'സ്ഥാപനം.

(മാത്യു xxvi, 26–29; മാൎക്ക് xiv, 22-25; ലൂക്ക് xxii, 19-23; ജോൺ xiii, 23-30)

പെസഹാഭോജനം അവസാനിക്കാറായി. "അവർ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ യേശു അമ്ളവിജൃംഭിതമല്ലാത്ത ആ പിഷ്ടകങ്ങളിൽ ഒന്നെടുത്തു, നന്ദിപറഞ്ഞിട്ടു്, അതിനെ ആശീർവദിച്ചു." പെസഹായുടെ അനുഷ്ഠാനവിധിയനുസാരിച്ചു്, അപ്പം, തിന്നുന്നതിനു മുമ്പു, മുറിക്കപ്പെടണമെന്നുണ്ടായിരുന്നു. അതുകൊണ്ടു യേശു കൈയിലിരുന്ന അപ്പത്തെ ഭാഗിച്ചു്, അപ്പോസ്തലന്മാൎക്കു കൊടുത്തു.

"നിങ്ങൾ വാങ്ങിത്തിന്നുവിൻ; ഇതു നിങ്ങൾക്കായി തരപ്പെടുന്ന, നിങ്ങളെപ്രതി മനുഷ്യരുടെ പ്രഹരങ്ങളാൽ നുറുക്കപ്പെടുന്ന, എൻെറ ശരീരമാകുന്നു," എന്നു് അദ്ദേഹം പറഞ്ഞു.

ഈ വാക്കുകൾ കേട്ടപ്പോൾ ഗാഢമായ നിശ്ശബ്ദത ആ സദസ്സിൽ വ്യാപിച്ചു. ഈ നിശ്ശബ്ദതയ്ക്കു കാരണം വിസ്മയപാരവശ്യം മാത്രമായിരുന്നില്ല; വിനയാന്വിതമായ വിശ്വാസവും ഭക്തിയുംകൂടിയായിരുന്നു; എന്തെന്നാൽ അവിടെ ഉണ്ടായിരുന്നവരെല്ലാവരും തടാകതീരത്തുവച്ചു മുമ്പു ഭഗവാൻ ചെയ്ത പ്രതിശ്രവം നല്ലവണ്ണം ഓൎക്കുന്നുണ്ടായിരുന്നു; "ഞാൻ നിങ്ങൾക്കു തരാനിരിക്കുന്ന അപ്പം ലോകജീവനായുള്ള എൻെറ ശരീരമായിരിക്കും. എൻെറ ശരീരം യഥാൎത്ഥമായ ഭോജ്യവും എൻെറ രക്തം യഥാൎത്ഥമായ പാനീയവുമായിരിക്കും." അന്നു കാഫർനാമിലെ ജനങ്ങൾ അപലപിച്ചതുപോലെ യൂദാസ്സ് ഇപ്പോൾ, പക്ഷെ, പിറുപിറുത്തിരിക്കാമെങ്കിലും, മററു ശിഷ്യന്മാരുടെ ഇടയിൽ യാതൊരു് അവിശ്വാസലാഞ്ഛനയുമുണ്ടായിരുന്നില്ല. മേലാൽ അവൎക്കു സംശയത്തിനു വകയില്ലായിരുന്നു; അവൎക്കു യേശുവിൻെറ ഈ വാക്കുകൾ നിരൎത്ഥകമായ ഒരു അലങ്കാരമോ, ദുർഗ്രഹമായ ഒരു രൂ

പകമോ ആയിരുന്നില്ല. അപ്പത്തിൻെറ ആകൃതിയിൽ മനുഷ്യരൂപമവലംബിച്ച അവരുടെ ദൈവത്തിൻെറ മാംസം അവിടെ അവരുടെ മുമ്പാകെ സന്നിഹിതമായിരിക്കുന്നുവെന്ന് അവ പ്രഖ്യാപനംചെയ്തു.

നുറുക്കിയശേഷം യേശുവിൻെറ ശരീരമായി മാററപ്പെട്ട അപ്പം ഇപ്പോൾ മേശപ്പുറത്ത് ഒരു പാത്രത്തിലിരിക്കയായിരുന്നു. ഓരോരുത്തനും അതിൽ ഓരോ കഷണം ലഭിച്ചു; ഈ ഇദംപ്രഥമമായ 'ദിവ്യകാരുണ്യ'ഭോജനത്തിൽ പരിശുദ്ധഹൃദയന്മാരോടുകൂടി അധമനായ ഒരു ദൈവദ്രോഹിയും ഭാഗഭാക്കായിരുന്നു; എന്നാൽ ആ പുണ്യാത്മാക്കളാകട്ടെ, ദൈവവുമായുള്ള പരിപൂതസംയോഗത്തിൽനിന്ന് ഉദ്ഭൂതമായ പരമാനന്ദനിർവൃതിയിൽ നിമഗ്നരായിപ്പോയി. "മാനുഷമായ സ്നേഹത്തിൻെറ പാരവശ്യത്തിൽ ഏതു മാതാവാണ്, ഏതു കാമുകനാണ്, തൻെറ സ്നേഹഭാജനവുമായി ഏതുവിധേനയെങ്കിലും ഒന്നിക്കുന്നതിനുള്ള, പരിപൂർണ്ണമായ അനാഷംഗമുണ്ടാകുന്നതിനുള്ള, മോഹം അനുഭവിച്ചിട്ടില്ലാത്തതു്? പ്രേമഭാജനത്തെ ഭുജിക്കുന്നതുകൊണ്ട് അവൻെറ, അല്ലെങ്കിൽ അവളുടെ, ആത്മാവും ശരീരവും സ്വായത്തമാക്കി, രണ്ടുപേരും ഒന്നിച്ച്, അഭേദവും അദ്വയവുമായ അവസ്ഥയിൽ പരമമായ സൗഭാഗ്യം അനുഭവിക്കാൻ കഴിയുമെന്നു പ്രേമവിവശമായ ഹൃദയമുള്ള മാതാവും കാമുകനും ഭ്രമിച്ചുപോകുന്നു. ദിവ്യസ്നേഹാധിക്യമുള്ളവർക്കാകട്ടെ, അതു് ഒരു മഹത്തായ അത്ഭുതത്താൽ സാക്ഷാൽകരിക്കപ്പെടുന്നു: "എടുത്തുതിന്നുക! ഇതു് എൻെറ ശരീരമാകുന്നു; ഭക്ഷിച്ചു നീ സൗഹിത്യം അനുഭവിക്കുക; നീ ഉൾക്കൊള്ളുന്നതു് എൻെറ ശരീരത്തിൻെറ ഒരു കഷണമല്ല, പിന്നെയോ, അതു മുഴുവനുമാകുന്നു."

പരിപൂർണ്ണമായ ത്യാഗം യേശു അവക്കായി അനുഷ്ഠിച്ചു; അതിനെ സ്ഥിരികരിക്കുന്നതിനായി, അദ്ദേഹം, ഒയിൻപാത്രത്തെ ആശീർവദിക്കുന്നതിനു മുമ്പായിത്തന്നെ, "ഇതു് എൻെറ ഓർമ്മയ്ക്കായി ചെയ്യുക," എന്നു കൂടി പറഞ്ഞു. അതായതു്, ദിവ്യപൂജചെയ്യുകയും ദിവ്യകാരുണ്യം ഉൾക്കൊള്ളുകയും ചെയ്യുമ്പോഴൊക്കെ എൻെറ മരണത്തെ ഓർമ്മിപ്പിക്കുകയും, പ്രഖ്യാപിക്കുകയും ചെയ്യുന്നതിനായി, "ഇതു നിങ്ങൾ ചെയ്തുകൊൾവിൻ." അതായതു, ഞാൻ ഈ ദിവ്യകാരുണ്യം (കർബാന) മനുഷ്യവർഗ്ഗത്തോടുള്ള എൻെറ അനന്തസ്നേഹം മൂലം സ്ഥാപിക്കുകയും, ഇതി

നെ ആത്മബലിയായി സമപ്പിക്കുകയും, കൈക്കൊള്ളുകയും, നിങ്ങൾക്കു ഭാഗിച്ചു തരികയും ചെയ്തിരിക്കുന്നതുപോലെ നിങ്ങളും നിങ്ങൾക്കു സമ്പ്രദത്തമായിരിക്കുന്ന വൈദികാധികാരപ്രകാരം ആ വിധം ചെയ്തുകൊൾവിൻ.

തൻെറ മരണത്തെ പരിപൂൎണ്ണമായി പ്രതിബിംബിപ്പിക്കുന്നതിനായി അദ്ദേഹം തൻെറ രക്തവും ദ്രാക്ഷാരസരൂപത്തിൽ അവക്കു കൊടുത്തു. പെസഹാഭോജനം അവസാനിച്ചു. മൂന്നാമത്തെ കോപ്പ—ഉപസംഹാരഗീതങ്ങൾ പാടുന്നതിനു മുമ്പായി കുടിച്ചൊഴിക്കേണ്ട ആശിർവാദചഷകം—നിറയ്ക്കപ്പെട്ടു. യേശു അതു കൈയിലെടുത്ത്, ആശീർവദിച്ച് അപ്പോസ്തലന്മാക്കു കൊടുത്തു.

അദ്ദേഹം പറഞ്ഞു: "നിങ്ങളെല്ലാവരും ഇതു കുടിക്കുവിൻ; പാപവിമോചനാൎത്ഥം അനേകംപേർക്കായി ചിന്താനിരിക്കുന്ന എൻെറ ഈ രക്തം ബലിയുടെ രക്തം ആകുന്നു." ഈ വചനങ്ങളെ വി. മാക്ക് ഇങ്ങനെ സംക്ഷേപിക്കുന്നു; "ഈ പാനപാത്രം നിങ്ങൾക്കുവേണ്ടി ചിന്താനിരിക്കുന്ന എൻെറ രക്തത്താലുള്ള അഭിനവവേദമാകുന്നു."

ഈ പാത്രത്തിലുള്ളതു നവീനാഗമത്തിനു പരിപൂത്തി വരുത്തുന്നതിനായി അചിരണേ പ്രവഹിക്കാനുള്ള രക്തവിശേഷമാകുന്നു. അതിനെ പാനംചെയ്യുന്നവക്ക് അനന്തജീവിതം സംശ്രുതമായിരിക്കുന്നു.

"സത്യമായി ഞാൻ എൻെറ പിതാവിൻെറ രാജ്യത്തുവച്ചു നിങ്ങളോടുകൂടി കുടിക്കുന്നുവരെ, ഈ ദ്രാക്ഷാരസം മേലാൽ പാനംചെയ്യുകയില്ല; എന്നാൽ നിങ്ങളോ, നിങ്ങൾ അതു കുടിക്കുമ്പോഴൊക്കെ എൻെറ ഓമ്മയ്ക്കായി അതു ചെയ്യുവിൻ."

യേശു ഈ വാക്കുകൾ പറഞ്ഞു തീന്നപ്പോൾ യൂദാസ്സു നോക്കുന്നതു കണ്ടു. "എന്നോടുകൂടി മേശയ്ക്കിരിക്കുന്ന ആ സ്വാമിദ്രോഹിയുടെ കരത്തെ കാണുക!" എന്ന് അദ്ദേഹം പറഞ്ഞു. ദൈവദ്രോഹകരമായ ആ ഘോരകമ്മത്തെ പ്രതിഷേധിച്ചു, യേശു അനുഭാഷണം ചെയ്തു:—

"മനുഷ്യപുത്രൻ ദൈവവിധിയനുസരിച്ചു നിയ്യാണം ചെയ്യുന്നു; എന്നാൽ ആരു് അവനെ ഒററിക്കൊടുക്കുന്നുവോ, അവനു ദുരിതം!"

ഈ ഉപക്രോശം കേട്ടപ്പോൾ അപ്പോസ്തലന്മാർ ഭയവി

ഹ-ലരാവുകയും അവരിലാരാണ് ആ പാതകം ചെയ്യാൻ പോകുന്നതെന്നു വീണ്ടും ചോദിക്കുകയും ചെയ്തു.

അപ്പോൾ അവരിൽ യേശുവിൻെറ പ്രിയഭാജനമായ ഒരുത്തൻ തൻെറ ഗുരുവിൻെറ മാറിൽ ചാരിക്കിടന്നുകൊണ്ടു് അദ്ദേഹത്തിൻെറ മുഖത്തുനോക്കി വല്ലതും മനസ്സിലാക്കാൻ ശ്രമിച്ചു. ജോണിൻെറ അടുപ്പം കണ്ടു്, അയാൾക്കു കള്ളനാരാണെന്നു മനസ്സിലായിരിക്കുമെന്നു വിചാരിച്ചു, പീററർ പതുക്കെ ചോദിച്ചു:

"അതു് ആരാകുന്നു?"

എന്നാൽ ജോണും പീററിനെപ്പോലെ ഈ കാര്യത്തിൽ അജ്ഞൻ തന്നെയായിരുന്നു. "ഗുരോ, അതു് ആരാകുന്നു?" എന്നു ജോൺ ചോദിച്ചു.

"ഈ പാനപാത്രത്തിൽ മുക്കിയ അപ്പക്കഷണം ഞാൻ ആക്കു വച്ചുനീട്ടുന്നുവോ, അവൻതന്നെ" എന്നു പറഞ്ഞുകൊണ്ടു യേശു ഒരു അപ്പക്കഷണം നനച്ചു, സൈമൻെറ മകനും കിരിയോത്തുകാരനുമായ യൂദാസ്സിനു കൊടുത്തു. "ആ അപ്പക്കഷണത്തോടുകൂടി സാത്താൻ അവനിൽ നിവേശിച്ചു."

"നീ ചെയ്യാനിരിക്കുന്നതു നീ വേഗം ചെയ്യുക," എന്നു യേശു അവനോടു പറഞ്ഞു.

അപ്പോസ്തലന്മാർ ഈ വാക്കുകൾ കേട്ടു എങ്കിലും യൂദാസ്സ് അവരുടെ ഖജാൻജിയായിരുന്നതുകൊണ്ടു, "പെരുനാളിനു ആവശ്യമുള്ളതു വാങ്ങുന്നതിനോ, സാധുക്കൾക്കു വല്ലതും ധർമ്മം ചെയ്യുന്നതിനോ ആയിരിക്കും അദ്ദേഹം ആജ്ഞാപിച്ചതെന്നു് അവർ വിചാരിച്ചു. ജോണിനുമാത്രം അവിടെ എന്തു സംഭവിച്ചെന്നു് അറിയാമായിരുന്നു; ആ സ്വാമിദ്രോഹി അപ്പം വാങ്ങിയ ഉടൻ എഴുന്നേററു ഭോജനശാലയിൽനിന്നു തിരോഭവിക്കുന്നതു് അയാൾ കണ്ടു. "അപ്പോൾ രാത്രിയായിരുന്നു," എന്നു ജോൺ പറയുന്നു. ശാശ്വതമായ അന്ധതാമിസ്രത്തിൽ അന്തർധാനം ചെയ്യുന്നതിനായി യൂദാസ്സ് അവിടെനിന്നു നിർഗ്ഗമിച്ചു.

## IV

### പീററിൻെറ അധഃപതനം പ്രവചിക്കപ്പെടുന്നു.

(ജോൺ xiii, 31-38; ലൂക്കു് xxii, 24-36.)

യൂദാസ്സ് പോയിക്കഴിഞ്ഞപ്പോൾ ലോകരക്ഷയെപ്പററിയല്ലാതെ മററു യാതൊന്നിനെയും സംബന്ധിച്ചു ഭഗവാൻ ചി

ന്തിച്ചില്ല; അവൻെറ അതിനിഷ്ഠുരമായ പാതകകമ്മംതന്നെയും ഈശ്വരമാഹാത്മ്യത്തെ വദ്ധിപ്പിക്കുന്നതിനു പയ്യാപ്തമായിരുന്നു. ഈ ലോകോദ്ധാരണകമ്മത്തിൻെറ പരിപൂത്തിയെ ദശിച്ചിട്ട്, അദ്ദേഹത്തിൻെറ ഹൃദയം ആനന്ദഭരിതമായി.

അദ്ദേഹം പറഞ്ഞു: "ഇപ്പോൾ മനുഷ്യപുത്രൻ വാഴ്ത്തപ്പെട്ടിരിക്കുന്നു; തദ്ദ്വാരാ ദൈവവും വാഴ്ത്തപ്പെട്ടിരിക്കുന്നു. സ്വയമേ വാഴ്ത്തുന്നതിന് അദ്ദേഹം ഇനി താമസിപ്പിക്കുകയുമില്ല."

ഈ വാക്കുകളുടെ വിവക്ഷിതം പരിപൂണ്ണമായി ഗ്രഹിക്കുന്നതിന് അപ്പോസ്തലന്മാക്കു കഴിഞ്ഞില്ലെങ്കിലും അവ തങ്ങളുടെ ഗുരുവിൻെറ മരണത്തെ സൂചിപ്പിച്ചുവെന്ന് അവക്കു തോന്നി. അപ്പോൾ അവക്ക് അതിരററ വ്യസനമുണ്ടായി; ക്രിസ്തു അവരെ പുത്രനിവ്വിശേഷമായ വാത്സല്യത്തോടെ സമാശ്വസിപ്പിച്ചു.

"എൻെറ കുഞ്ഞുമക്കളെ, ഞാൻ അല്പകാലംകൂടി മാത്രമേ നിങ്ങളോടുകൂടി ഉണ്ടായിരിക്കയുള്ളു. നിങ്ങൾ എന്നെ അന്വേഷിക്കും; യഹൂദന്മാരോടു ഞാൻ പോകുന്നിടത്തു് അവക്കു വരാൻ സാധിക്കയില്ലെന്നു പറഞ്ഞതുപോലെ ഞാൻ നിങ്ങളോടും പറയുന്നു. അന്യന്മാരാൽ നിങ്ങളും സ്നേഹിക്കപ്പെടുന്നതിനായി, ഞാൻ നിങ്ങളെ സ്നേഹിക്കുന്നതുപോലെ നിങ്ങൾ പരസ്പരം സ്നേഹിക്കണമെന്ന് ഒരു പുതിയ കല്പന നിങ്ങൾക്കു ഞാൻ തരുന്നു; ഇതിനാൽ, നിങ്ങൾ പരസ്പരം സ്നേഹിക്കുന്നുവെങ്കിൽ നിങ്ങൾ എൻെറ ശിഷ്യന്മാരാകുന്നുവെന്ന് എല്ലാ മനുഷ്യരും അറിയും."

ഈ ദിവ്യതത്ത്വത്തിൻെറ മാഹാത്മ്യം അപ്പോസ്തലന്മാർ സമ്യക്കായി അവധാരണംചെയ്തു; കാലാന്തരത്തിൽ അവർ യഹൂദമതസിദ്ധാന്തങ്ങളെ അതിക്രമിച്ചിട്ടു മനുഷ്യവഗ്ഗമാസകലത്തെയും സഹോദരഭാവേന അംഗീകരിക്കുകയും, ആത്മനിവ്വിശേഷം എല്ലാവരെയും സ്നേഹിക്കുകയും, അത്ഭുതപൂവ്വമായ ഒരു സമാധാനവും ആനന്ദവും ലോകത്തു വ്യാപരിപ്പിക്കുകയും ചെയ്തു.

ഈ നവീനസിദ്ധാന്തത്തിൻെറ അർത്ഥത്തെപ്പററി അവർ മനനം ചെയ്യുന്നതിനായി യേശു മിണ്ടാതിരുന്നു; എന്നാൽ പീററർ ആ ചിന്താകുലമായ നിശ്ശബ്ദതയെ വേഗം ഭഞ്ജിച്ചു. താൻ ഇതുവരെ കേട്ടുകൊണ്ടിരുന്ന സംഗതികളിൽ ഒന്നുമാത്രമേ അയാളുടെ മനസ്സിൽ മുന്നിട്ടു നിന്നുള്ളു. ഗുരുനാഥൻ തങ്ങ

ളുടെ ഇടയിൽനിന്നു വേർപെടാൻ പോകുന്നുവെന്ന വിചാരമായിരുന്നു അതു്.

"സ്വാമിൻ, അങ്ങു് എവിടേക്കു പോകുന്നു?" എന്നു് അയാൾ ചോദിച്ചു.

"ഞാൻ പോകുന്നിടത്തു നിനക്കു് ഇപ്പോൾ എന്നെ പിന്തുടരാൻ സാധിക്കയില്ല; പിന്നീടു നിനക്കു് എന്റെ പിന്നാലെ വരാം," എന്നു യേശു മറുപടി പറഞ്ഞു.

ഈ വാക്കുകൾ പീററിനെ സംബന്ധിച്ച ഭാവിയെ അനാച്ഛാദനം ചെയ്തു. ആത്മസംഭാവനയാലും ഔദ്ധത്യത്താലും അയാൾ അധഃപതിക്കും; വിനയത്താലും ശാലീനതയാലും അയാൾ ആത്മപരിത്യാഗം ചെയ്യുകയും, ധർമ്മവീരമകുടം ധരിക്കുകയും ചെയ്യും. എന്നാൽ പീററിനു് ഇപ്പോഴും ഇതെല്ലാം നിർദ്ധാരണം ചെയ്യുന്നതിനു കഴിഞ്ഞില്ല.

"എനിക്കു് ഇപ്പോൾ അങ്ങയെ പിന്തുടരുന്നതിനു സാധിക്കാത്തതു് എന്തുകൊണ്ടു്? എന്റെ ജീവനെ ഞാൻ അങ്ങേക്കുവേണ്ടി ബലികഴിക്കും," എന്നു പീററർ പറഞ്ഞു.

"നീ നിന്റെ ജീവൻ എനിക്കുവേണ്ടി ഉപേക്ഷിക്കുമെന്നോ! സത്യമായി, അതെ, സത്യമായി, ഞാൻ നിന്നോടു പറയുന്നു: 'നീ മൂന്നു പ്രാവശ്യം എന്നെ നിഷേധിക്കുന്നതുവരെ കോഴി കൂവുകയില്ല,' എന്നായിരുന്നു യേശുവിന്റെ പ്രതിവാക്യം. അനന്തരം വീണ്ടും ഭഗവാൻ മൗനം അവലംബിച്ചു.

ഈ പ്രവചനം പീററിനെ അഭിഭൂതനാക്കി; ഭഗവാൻ അയാളെ ഉയർത്തി വച്ചിരുന്ന അത്യുന്നതസ്ഥാനത്തുനിന്നു പെട്ടെന്നു് അധഃപതിപ്പിച്ചതുപോലെ അയാൾ വിഗതോത്സാഹനായി. മററുള്ള അപ്പോസ്തലന്മാരും ഈ പ്രസ്താവനയെ ആവിധം തന്നെയായിരുന്നു മനസ്സിലാക്കിയതു്. സൈമൻ മേലാൽ അനർഹനായി ഗണിക്കപ്പെട്ട തങ്ങളുടെ സംഘത്തിന്റെ പ്രമാണിസ്ഥാനത്തിനു തങ്ങളിലാരാണു് അവകാശിയെന്നു് അവർ പരസ്പരം ചോദിക്കാൻ തുടങ്ങി. ഈ വാഗ്വാദം ഒരു മത്സരമായി പരിണമിക്കുകയും, ഏതാനും നിമിഷങ്ങൾക്കു മുമ്പു് അവരെ പരമാനന്ദപ്രദമായ സാഹോദര്യത്തിൽ താൻ സംയോജിപ്പിച്ച ആ സദസ്സിൽവച്ചുതന്നെ അവരുടെ സ്വാർത്ഥതയും അവിനയവും മൂലമുളവായ ഒരു സംരംഭത്തെ ശമിപ്പിക്കുന്നതിനു യേശു പണിപ്പെടേണ്ടിവരികയുംചെയ്തു.

"രാജാക്കന്മാർ തങ്ങളുടെ പ്രജകളോടു യജമാനന്മാരെന്നപോലെ ആജ്ഞാപിക്കുന്നു; ജനങ്ങളുടെമേൽ അധികാരമുള്ളവർ അവരുടെ ഉപകർത്താക്കന്മാരെന്നു വിളിക്കപ്പെടുന്നതിനു ആഗ്രഹിക്കുന്നു. എന്നാൽ നിങ്ങൾ അപ്രകാരം ചെയ്യരുത്. നിങ്ങളിൽ ഏററവും വലിയവൻ ഏററവും ചെറിയവനായിരിക്കട്ടെ; നിങ്ങളിൽ ഒന്നാമൻ എല്ലാവരുടെ ദാസനുമായിരിക്കട്ടെ. ആരാണു വലിയവൻ, ഉണ്ണാനിരിക്കുന്നവനോ, വിളമ്പുന്നവനൊ? ഉണ്ണാനിരിക്കുന്നവനല്ലയോ? എങ്കിലും ഞാൻ നിങ്ങളുടെ ഇടയിൽ ഒരു ദാസനെപ്പോലെയുമായിരുന്നു."

വിനയത്തെപ്പററിയുള്ള ക്രിസ്തുവിൻെറ സംഭാഷണവും മാതൃകയും ലൗകികമാനസരായ ആ മനുഷ്യരെ ഒട്ടും സ്പർശിച്ചില്ല. അതുകൊണ്ടായിരിക്കണം അദ്ദേഹം തൻെറ കഷ്ടതകളിൽ ഭാഗികളാകുന്നവക്ക് ഉപശ്രുതമായിരിക്കുന്ന സമ്മാനങ്ങളെപ്പററി അപ്പോൾ അവരോടു പ്രസ്താവിച്ചതു്. അവക്കായി ഒരു രാജ്യം സജ്ജീകരിക്കപ്പെട്ടിരിക്കുന്നു; ആ രാജ്യത്തു് എല്ലാവക്കും ഉണ്ണുകയും കുടിക്കുകയും ചെയ്യാവുന്ന കേമമായ സദ്യകളും മററും ഉണ്ടായിരിക്കും; അതുപോലെ അവിടെ സിംഹാസനങ്ങളും മററുമുണ്ടായിരിക്കും; അദ്ദേഹത്തോടുകൂടി അവിടെ ഉപവിഷ്ടരായി, അവർ ഇസ്രായേലിലെ പന്ത്രണ്ടു വർഗ്ഗങ്ങളെ വിധിക്കും.

ഈ അഭ്യുപഗമങ്ങളെ അപ്പോസ്തലന്മാർ നിഗ്ഗബ്ദമായ സന്തോഷത്തോടെ കേട്ടു. പീററും അവരോടൊപ്പം അവയെ സശ്രദ്ധം ചെവിക്കൊണ്ടുവെങ്കിലും ക്രിസ്തുവിൻെറ ദീഘദശനത്താൽ ഭഗ്നാശയനായിരുന്നു. ഗുരുനാഥൻ അയാളുടെ ദീനതയെ കണ്ടു.

"സൈമൺ, സൈമൺ, സാത്താൻ നിന്നെ കോതമ്പിനെന്നപോലെ പാററുന്നതിനു ആഗ്രഹിച്ചിരിക്കുന്നു. എന്നാൽ നിൻെറ വിശ്വാസം നശിച്ചുപോകാതിരിക്കുന്നതിനായി ഞാൻ നിനക്കുവേണ്ടി പ്രാത്ഥിച്ചിട്ടുണ്ട്. നീയും മുറപ്രകാരം നിൻെറ സഹോദരന്മാക്കു വിശ്വാസസ്ഥൈയ്യത്തെ പ്രദാനം ചെയ്യുക," എന്നു് അദ്ദേഹം പറഞ്ഞു.

അപ്പോസ്തലസാവ്വഭൗമൻെറ ഉത്സാഹത്തെ പുനജ്ജീവിപ്പിക്കുന്നതിനു വേണ്ടതൊക്കെ ഭഗവാൻ ചെയ്തു. പീററിനുവേണ്ടി പ്രത്യേകരീതിയിൽ പ്രാത്ഥിക്കുകമാത്രംകൊണ്ടു സംതൃപ്തനാകാതെ, അദ്ദേഹം ആ ശിഷ്യപ്രധാനനു മററു ശിഷ്യന്മാരുടെയും

ശക്തിയെ വദ്ധിപ്പിക്കത്തക്കവണ്ണവും സത്യത്തിൻെറ പ്രമാദരഹിതനായ പ്രകാശകനാകത്തക്കവണ്ണവും അഭേദ്യവും സുസ്ഥിരവുമായ വിശ്വാസത്തെ പ്രതിജ്ഞചെയ്യുകകൂടി ചെയ്തു. ഈ ദിവ്യവരങ്ങൾക്ക പകരമായി അപ്പോസ്തലപ്രമാണി തൻെറ അനുപമമായ മഹത്വത്തിന് അനുരൂപമായ വിധത്തിൽ വിനയസ്വഭാവനുമായിരിക്കണമെന്നു മാത്രമെ അദ്ദേഹം ആവശ്യപ്പെട്ടുള്ളു.

ഇതെല്ലാം ഗ്രഹിക്കുന്നതിനു പീററിന് ഇപ്പോഴും കഴിഞ്ഞില്ല. അയാൾ പിന്നെയും ഉദ്ധതനായി, തൻെറ ധൈര്യവീര്യങ്ങളെപ്പററി ആത്മപ്രശംസചെയ്തു.

"ഗുരോ, ഞാൻ അങ്ങയോടുകൂടി കാരാഗൃഹത്തിൽ പോകുന്നതിനും മരിക്കുന്നതിനും സന്നദ്ധനാണ്," എന്ന് പീററർ പറഞ്ഞു.

അപ്പോൾ ഒരിക്കൽകൂടി യേശു പീററിൻെറ അധഃപതനത്തെ പ്രവചിച്ചു:

"പീററർ"—ഇപ്രാവശ്യം അദ്ദേഹം അയാളിൽനിന്നു തക്കാലം നിഷ്ഫലമായി പ്രതീക്ഷിക്കുന്ന സ്ഥിരതയേയും ദാർഢ്യത്തേയും അനുസ്മരിപ്പിക്കുന്നതിനായി ആ അത്ഥവത്തായ പേരു വിളിച്ചുപറഞ്ഞു— "പീററർ, നീ എന്നെ അറിയുകയില്ലെന്നു നീ മൂന്നുതവണ പറയുന്നതുവരെ ഇന്നു കോഴി കൂവുകയില്ല."

എന്നാൽ അപ്പോസ്തലനേതാവു മാത്രമല്ല അപ്രകാരം ശാസിക്കപ്പെട്ടതു്: ആട്ടിൻകൂട്ടം ചിതറിക്കപ്പെടുകയും, ആട്ടിടയനില്ലാതാവുകയും ചെയ്യും. ഇതിനെപ്പററി യേശു അവരെ ഇപ്പോൾ അറിയിച്ചു.

"മടിശ്ശീലയോ, പൊക്കണമോ, ചെരിപ്പുകളോ ഇല്ലാതെ ഞാൻ നിങ്ങളെ അയച്ചപ്പോൾ നിങ്ങൾക്ക വല്ല കുറവുമുണ്ടായിരുന്നോ?", എന്നു് അദ്ദേഹം ചോദിച്ചു.

"ഒന്നുമില്ലായിരുന്നു, സ്വാമിൻ!"

"എന്നാൽ ഇപ്പോൾ മടിശ്ശീലയോ പൊക്കണമോ ഉള്ളവൻ അവയെ വിററു വാൾ വാങ്ങുന്നതിനായി എടുക്കട്ടെ; അവയൊന്നുമില്ലാത്തവൻ മററു സകലവും, അവൻെറ ഉടുപ്പുപോലും, അതിനായി വില്ക്കട്ടെ; എന്തെന്നാൽ മ്ശിഹായെപ്പററി ഇസ്രായേൽ ദീഘദശനം ചെയ്തിരുന്നതു് ഇപ്പോൾ എന്നിൽ

നിർവഹിക്കപ്പെടാൻ പോകുന്നു: "അവൻ ദുഷ്ടന്മാരുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടു."

ആത്മീയമായ ഒരു ആയോധനത്തിനു സന്നദ്ധരായിരിക്കുന്നതിന് അവരോടു നിഷ്കൃഷ്ടിക്കുന്ന ഒരു വിജ്ഞാപനമായിട്ടായിരുന്നു യേശു ഇങ്ങനെ പറഞ്ഞതു്. എന്നാൽ അപ്പോസ്തലന്മാർ ഏതോ അത്യാസന്നമായിരുന്ന ആപത്തിനെ, ഖഡ്ഗപ്രയോഗം ആവശ്യപ്പെടുന്ന ഏതോ വിപ്ലവത്തെ, അദ്ദേഹം സൂചിപ്പിച്ചുവെന്നു ധരിച്ചു.

"സ്വാമിൻ, നോക്കുക, ഞങ്ങൾക്ക് ഇവിടെ രണ്ടു വാളുണ്ട്," എന്നു് അവർ ഉദ്ഘോഷിച്ചു.

സ്വപ്രേത്ര തൻെറ ആശയത്തെ തെററിദ്ധരിക്കുന്നതിനു പ്രവണമായ അവരുടെ മനസ്ഥിതികണ്ടു നിർവ്വിണ്ണനായി, അദ്ദേഹം ഖഡ്ഗങ്ങളെ ദൂരെ മാററിവയ്പിച്ചു.

"അതു മതി," എന്നു് അദ്ദേഹം പറഞ്ഞു.

സംഭാഷണവിഷയം മാററിയിട്ടു, മേലാൽ അവരുടെ ഹൃദയങ്ങളെ ബലവത്തരമാക്കുന്നതിനുമാത്രം അദ്ദേഹം ഏകതാനമായി ശ്രമിച്ചു.

# അദ്ധ്യായം ൯.

## യേശുവിൻെറ അന്തിമപ്രഭാഷണങ്ങൾ.

### I.

### അന്തിമഭോജനാനന്തരം ചെയ്യപ്പെട്ട പ്രഭാഷണം.

(ജോൺ xiv; മാത്യു xxvi, 30; മാർക്ക് xiv, 26.)

ഇപ്പോൾ ഇവിടെ വിവരിക്കാൻപോകുന്ന പെസഹാഭോജനം സംബന്ധിച്ചു നടന്ന സംഗതികളെപ്പററി ആദിമ ക്രിസ്ത്യാനികൾക്കു പക്ഷെ മിക്കവാറും യാതൊരറിവും ഉണ്ടായിരുന്നിരിക്കയില്ല; എന്നാൽ ഒന്നാംനൂററാണ്ടിൻെറ അവസാനത്തു സുവിശേഷകാരനായ ജോൺ പെസഹാഭോജനം കഴിഞ്ഞശേ

ഷം ഭഗവാൻ നൽകിയ ഉപദേശങ്ങളെ ക്രോഡീകരിച്ചു, തന്റെ മുൻഗാമികളുടെ സാക്ഷ്യത്തെ പരിപൂൎണ്ണമാക്കി. നമുക്കു ദുൎഗ്രഹമായി യാതൊന്നും ഉണ്ടാകാതിരിക്കത്തക്കവണ്ണം അവയെ അനുവാഖ്യാനം ചെയ്യണമെങ്കിൽ, ലേഖകൻ തന്റെ ലേഖനത്തിൽ അപ്പോഴത്തെ സാഹചര്യങ്ങളേയും പരിസ്ഥിതികളെയും—വക്താവിന്റെ നോട്ടം, സ്വരഭേദങ്ങൾ, അംഗ്യങ്ങൾ തുടങ്ങിയ സകല ചേഷ്ടിതങ്ങളെയും—ഒന്നൊഴിയാതെ പ്രതിബിംബിപ്പിക്കണം. ഇതു് അത്ര സുകരമല്ല. എന്നാൽ മനുഷ്യസംഭാഷണത്തെ യഥാസ്ഥിതി രേഖപ്പെടുത്തുന്നതിനു തൂലികയ്ക്കുള്ള അപ്രാപ്തതയ്ക്കുപുറമെ വേറൊരു സംഗതികൂടി ജോണിന്റെ അനുവാഖ്യാനത്തെ സുഗമമല്ലാതാക്കിത്തീൎത്തിട്ടുണ്ടു്. അദ്ദേഹത്തിന്റെ സുവിശേഷം ആദ്യന്തം ക്രിസ്തുവിന്റെ ഈശ്വരത്വത്തെ പ്രകാശിപ്പിക്കുകയും; സ്ഥാപിക്കുകയും ചെയ്യണമെന്നുള്ള സൎവ്വപ്രധാനമായ ഉദ്ദേശ്യത്തോടുകൂടി രചിക്കപ്പെട്ടതാണ്. അതുകൊണ്ടു് അതിനാവശ്യമുള്ള വാക്യങ്ങളെമാത്രമെ അദ്ദേഹം ഓൎമ്മിക്കുകയും രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളു; തന്റെ ഉദ്ദേശ്യത്തിനോ ബുദ്ധിക്കോ അനുരൂപമല്ലാതിരുന്ന ഇതരവിശേഷങ്ങൾ—അവയെ അറിഞ്ഞിരുന്നാൽ നമുക്കു വളരെ സന്തോഷപ്രദമാകുമായിരുന്നെങ്കിലും—അദ്ദേഹം വിട്ടുകളഞ്ഞു. അഥവാ, കാലവിളംബംകൊണ്ടു പ്രസ്തുത ദിവ്യബോധനങ്ങൾ അപൂൎണ്ണമായും അസ്പഷ്ടമായും മാത്രമെ അദ്ദേഹത്തിന്റെ ഓൎമ്മയിൽ ഉണ്ടായിരുന്നിരിക്കയുള്ളു; പ്രാധാന്യംകുറഞ്ഞ വരികളുംമററും അദ്ദേഹത്തിന്റെ സ്മൃതിഫലകത്തിൽനിന്നു മാഞ്ഞുപോയിരുന്നിരിക്കാം; അതുകൊണ്ടായിരിക്കും നിശ്ചിതമായ ഒരു രൂപവും പരസ്പരസംബന്ധവും അദ്ദേഹത്തിന്റെ ചിത്രത്തിനു പ്രത്യക്ഷത്തിൽ ഉണ്ടെന്നു നമുക്കു തോന്നാത്തതു്. എങ്കിലും ചില സാരമായ രേഖകൾ അങ്ങുമിങ്ങും നല്ലവണ്ണം തെളിഞ്ഞുപ്രകാശിക്കുന്നുണ്ടു്; ഏതാനും ദിവ്യോക്തികൾ സൎവോപരി സ്ഫുടമായും സ്വച്ഛമായും കാണാവുന്നതാണ്. ദിവ്യഗുരുവിന്റെ നിൎയ്യാണശേഷം. ആ പ്രിയതമനായ ശിഷ്യൻ സദാ ഭക്തിപൂൎവ്വം ധ്യാനിക്കാറുണ്ടായിരുന്ന ഈ സുഭാഷിതങ്ങളെ തിരുസ്സഭയ്ക്കായി അദ്ദേഹം സംഭാവന ചെയ്തിരിക്കുന്നു.

അദ്ദേഹം രേഖപ്പെടുത്തുന്ന സംഭാഷണങ്ങളിൽ ഒന്നാമത്തേതു പ്രസ്തുത ഭോജനശാലയിൽവെച്ചു നടന്നതായിരുന്നു. അടുത്തു

സംഭവിക്കാൻപോകുന്ന സംഗതികൾക്കു തൻെറ ശിഷ്യന്മാരുടെ മനസ്സിനെ സന്നദ്ധമാക്കുന്നതിന് ഉത്സുകനായിരുന്ന രക്ഷാനാഥൻ അവരോടു നിർഭയം ദൈവത്തിൽ വിശ്വസിക്കുന്നതിന് ആജ്ഞാപിക്കുകയും, തൻെറ പിതാവിൻെറ രാജ്യത്തു ധാരാളമായുള്ള പരമാനന്ദപ്രദങ്ങളായ മനോഹരഹർമ്മ്യങ്ങളിലൊന്നിനെ അവൎക്കായി ഒരുക്കുന്നതിനാണ് അദ്ദേഹം അവരെ വിട്ടുപോകാൻ പോകുന്നതെന്നു പറയുകയും ചെയ്തു.

"അങ്ങനെ അല്ലായിരുന്നുവെങ്കിൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു; എന്തെന്നാൽ ഞാൻ നിങ്ങൾക്കായി ഒരു സ്ഥലം ഒരുക്കുന്നതിനായി പോകുന്നു. ഞാൻ പോയി നിങ്ങൾക്കായി ഒരു സ്ഥലം ഒരുക്കിയശേഷം, ഞാൻ ഇരിക്കുന്നിടത്തു നിങ്ങളും ഇരിക്കേണ്ടതിന്, ഞാൻ മടങ്ങിവന്നു, നിങ്ങളെ എൻെറ അടുക്കൽ ചേർത്തുകൊള്ളും. ഞാൻ എവിടേക്ക് പോകുന്നുഎന്നു നിങ്ങൾക്കറിയാം; വഴിയും നിങ്ങൾക്കറിയാം," എന്നുകൂടി യേശു പറഞ്ഞു.

"സ്വാമിൻ, അങ്ങ് എവിടേക്കു പോകുന്നുവെന്നു ഞങ്ങൾക്ക് അറിഞ്ഞുകൂടാ; പിന്നെ വഴി എങ്ങനെ ഞങ്ങൾ അറിയും?" എന്നു തോമസ്സു പറഞ്ഞു.

"ഞാൻ മാൎഗ്ഗവും, സത്യവും, ജീവനുമാകുന്നു. ഞാൻമാൎഗ്ഗമായിട്ടല്ലാതെ ആരും പിതാവിൻെറ അടുക്കലേക്കു വരുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞിരുന്നുവെങ്കിൽ എൻെറ പിതാവിനെയും അറിയുമായിരുന്നു; ഇപ്പോൾതന്നെയും നിങ്ങൾ അദ്ദേഹത്തെ അറിയുകയും കണ്ടിരിക്കുകയുംചെയ്യുന്നു," എന്നു യേശു പ്രതിവചിച്ചു.

"സ്വാമിൻ, അങ്ങേയുടെ പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരിക; ഞങ്ങൾക്ക് അതുമതി," എന്നു ഫിലിപ്പ് യുക്തിപൂൎവ്വം പറഞ്ഞു.

യഹൂദരുടെ ലൌകിക മാഹാത്മ്യങ്ങളെപ്പററിയുള്ള സ്വപ്നങ്ങളിൽ നിമഗ്നനായിരുന്ന ആ അപ്പോസ്തലൻ എന്തായിരിക്കും അപ്പോൾ പ്രതിക്ഷിച്ചതു? പത്മരാഗാദിരത്നങ്ങളാൽ അലംകൃതമായി, പ്രോജ്വലമായി വിരാജിക്കുന്ന യഹോവായുടെ പാദപീഠമോ, പൎവ്വതശിഖരത്തിൽനിന്നു പ്രത്യാഗമിച്ചപ്പോൾ മോസസ്സിനെ സംവരണം ചെയ്തിരുന്ന പരിവേഷത്തെപ്പോലെ അവൎക്കു നയനോത്സവമായ വല്ല ദീപപ്രദൎശനമോ, അതോ, മററുവല്ല സ്വൎഗ്ഗീയമായ വെളിപാടൊ ആയിരിക്കുമെന്നുള്ളതിനു സംശയമില്ല. താൻ ദൈവപുത്രനെ അനുഗമിച്ചു മൂന്നുവൎഷക്കാലമായിട്ടും,

ഫിലിപ്പിനു ക്രിസ്തുവും പിതാവും ഒന്നാണെന്ന് ഇനിയും മനസ്സിലായിട്ടില്ലായിരുന്നു.

ഈ അന്ധ്യം കണ്ടിട്ടു, രക്ഷാനാഥന് അനല്പമായ വ്യസനമുണ്ടായി. "ഞാൻ ഇത്രയുംകാലം നിങ്ങളോടുകൂടി ഉണ്ടായിരുന്നു; എന്നിട്ടു ഇനിയും നീ എന്നെ അറിയുന്നില്ലേ! ഫിലിപ്പേ, എന്നെ കാണുന്നവൻ എൻെറ പിതാവിനെ കാണുന്നു," എന്ന് അദ്ദേഹം ഉദീരണംചെയ്യുകയും, തൻെറ വാക്കുകളും പ്രവൃത്തികളും തന്നെ തൻെറ ദിവ്യത്വത്തെ പ്രകാശിപ്പിക്കത്തക്കവണ്ണം അത്ര മഹനീയങ്ങളാണെന്ന് സ്പഷ്ടമായി കാണിച്ചുകൊടുക്കുകയും ചെയ്തു.

അനന്തരം, എല്ലാവരോടുമായി, താൻ അവരെ അനാഥരായി ഇട്ടേച്ചുപോവുകയില്ലെന്നും, അവരുടെ അടുക്കൽ മടങ്ങിവരുമെന്നും, തൻെറ പിതാവുവഴിയായി പരിശുദ്ധാത്മാവിനെ അവരുടെ സഹായത്തിനായി അയക്കുമെന്നും അദ്ദേഹം പ്രതിജ്ഞചെയ്തു. ഈ സത്യാത്മാവ് അവരുടെ ഇടയിൽ എന്നേയ്ക്കും നിവസിക്കുകയും, അവരുടെ ഗുരു ചെയ്തിട്ടുള്ളതുപോലുള്ളതോ, അവയെക്കാൾ മഹത്തരങ്ങളോ ആയ അപദാനങ്ങൾ പ്രവൃത്തിക്കത്തക്കവണ്ണം വിസ്മയാവഹങ്ങളായ സിദ്ധികൾ അവർക്കു നൽകുകയും, മേലാൽ അവർ തൻെറ നാമത്തിൽ അഭ്യർത്ഥിക്കുന്നതെല്ലാം അവർക്കു സിദ്ധിക്കുകയും ചെയ്യും. സർവ്വോപരി, തൻെറ പുനരുത്ഥാനശേഷം അവർ തന്നേപ്പോലെ ദിവ്യമായ ഒരു ജീവിതം നയിക്കുമെന്നും അദ്ദേഹം ഉറപ്പു പറഞ്ഞു.

"ഞാൻ ജീവിക്കുന്നു, നിങ്ങൾ ജീവിക്കും. ആ ദിവസം ഞാൻ എൻെറ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും ആണെന്നു നിങ്ങൾ അറിയും."

ഈ ദിവ്യാനുഗ്രഹങ്ങൾ അവർക്കു ലഭിക്കുന്നതു ഒരൊററ വ്യവസ്ഥയിന്മേലാണ്: അവർ രക്ഷാനാഥൻെറ കല്പനകളെ ശിരസാ വഹിച്ച്, അവർക്കു അദ്ദേഹത്തോടുള്ള സ്നേഹത്തെ തെളിയിക്കണം.

"എന്തെന്നാൽ എന്നെ സ്നേഹിക്കുന്നവനെ എൻെറ പിതാവു സ്നേഹിക്കും; ഞാനും അവനെ സ്നേഹിക്കുകയും, അവനോടുള്ള എൻെറ സ്നേഹത്തെ പ്രത്യക്ഷീകരിക്കുകയും ചെയ്യും," എന്നു യേശു പറഞ്ഞു.

ഇവിടെ പന്ത്രണ്ടുപേരിലൊരുവൻ വീണ്ടും സംശയം

പ്രദർശിപ്പിച്ചു; അതു യൂദാസ്സ (കിരിയോത്തുകാരനല്ല, യേശുവിൻെറ ഒരു ചാർച്ചക്കാരനായ യൂദാസ്സ ലെബെവൃസ്സ്)ആയിരുന്നു.

"ഗുരോ, ഇതു് എന്തു പുതിയ സംഗതിയാകുന്നു? അങ്ങു് അങ്ങയെ ലോകത്തിനു വെളിപ്പെടുത്താതെ ഞങ്ങൾക്കു് വെളിപ്പെടുത്തുന്നതെന്തുകൊണ്ടാണു്?" എന്നു് അയാൾ ചോദിച്ചു.

ഇന്ദ്രിയഗോചരമല്ലാത്ത മഹത്ത്വം മ്ശിഹായുടെ ആഗമനത്തെപ്പററി യൂദാസ്സിനുണ്ടായിരുന്ന സങ്കല്പത്തിനു് അനുരൂപമല്ലായിരുന്നെന്നു് ഇവിടെ പ്രത്യക്ഷമാണു്. പ്രതാപമഹിമകളാൽ പരിവേഷ്ടിതനായി, വിജാതീയരുടെ ഭയങ്കരനായ വിധികർത്താവായി, ജനങ്ങളെ വിസ്മയപാരതന്ത്ര്യരാക്കത്തക്കവണ്ണം ഐശ്വൎയ്യപൂൎണ്ണവും പ്രബലവുമായ ഒരു മഹാസാമ്രാജ്യത്തിൻെറ രാജരാജേശ്വരനായി, ജഗജ്ജേതാവായി എഴുന്നരുളുന്ന ഒരു പരിത്രാതാവാണു് അയാളുടെ ഭാവനയിൽ നിരൂപണം ചെയ്യപ്പെട്ടിരുന്നതു്.

ഈ ഭ്രമങ്ങളെ യേശു അവഗണിച്ചിട്ടു, പ്രഭാഷണം തുടൎന്നു:

"എന്നെ സ്നേഹിക്കുന്നവൻ എൻെറ വാക്കിനെ ആദരിക്കും; എൻെറ പിതാവു് അവനെ സ്നേഹിക്കും; ഞങ്ങൾ അവൻെറ അടുക്കൽ വരുകയും, ഞങ്ങൾ അവനിൽ നിവസിക്കുകയും ചെയ്യും."

പരിശുദ്ധരായ ജനങ്ങളുടെ ഇടയിൽ ദൈവം ഇങ്ങനെ അധിവസിക്കുമെന്നുള്ളതു മ്ശിഹായുടെ അവതാരത്തെ ദ്യോതിപ്പിക്കുന്ന അത്ഭുതങ്ങളിൽ ഒന്നായിരുന്നു. യഹൂദർ ഈ അടയാളത്തെ നോക്കിനോക്കിയിരുന്നു; പുണ്യസ്ഥലത്തെ ഈ കാലമെല്ലാം സമാവരണം ചെയ്തിരുന്ന മേഘപടലത്തിനു പകരം മോസസ്സിൻെറ പ്രതിശ്രുവപ്രകാരം യഹോവതന്നെ തൻെറ സ്വൎഗ്ഗീയപ്രഭാവത്തോടുകൂടി തങ്ങളുടെ ഇടയിൽ കുടികൊള്ളുന്നതിനു പ്രത്യക്ഷനാകുന്നതു് അവർ എപ്പോഴും പ്രതീക്ഷിച്ചുകൊണ്ടിരുന്നു.

യേശു ഈ ദിർഘദൎശനത്തിൻെറസാക്ഷാത്തായ അൎത്ഥം അവൎക്കു പറഞ്ഞുകൊടുത്തു: ദൈവം തന്നെ സ്നേഹിക്കുന്നവരുടെ ഹൃദയങ്ങളിലത്രെ നിവസിക്കുന്നതു്; അവരുടെ ഭക്തിക്കു സമ്മാനമായി അദ്ദേഹം അവൎക്കു വെളിപ്പെടുന്നു.

ഇത്തരം സമുന്നതങ്ങളായ തത്ത്വങ്ങളെ ഗ്രഹിക്കുന്നതിനു തക്ക പ്രാഗത്ഭ്യം ഇനിയും അപ്പോസ്തലന്മാൎക്കു് ഉണ്ടായിട്ടില്ലെന്നു

യേശുവിനു അറിയാമായിരുന്നു. അതുകൊണ്ട് അദ്ദേഹം തുടൎന്നു പറഞ്ഞു:—

"ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരുന്നപ്പോൾ ഈ സംഗതികൾ ഞാൻ നിങ്ങളോടു പറഞ്ഞിട്ടുണ്ട്; എന്നാൽ എൻെറ പിതാവ് എൻെറ നാമത്തിൽ നിങ്ങൾക്കായി അയക്കാനിരിക്കുന്ന ആശ്വാസപ്രദനായ പരിശുദ്ധാത്മാവ് എല്ലാകാൎയ്യങ്ങളെയും നിങ്ങളെ പഠിപ്പിക്കുകയും, ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ള എല്ലാ സംഗതികളെയും നിങ്ങളുടെ ഓൎമ്മയിൽ കൊണ്ടുവരികയും ചെയ്യും."

തൻെറ വേൎപാടിനു മുമ്പായി രക്ഷകനു കൂട്ടരപ്പായി ഒന്നും ദാനം ചെയ്യാനില്ലായിരുന്നതിനാൽ, വിയോഗാവസരത്തിലെന്നപോലെ, അദ്ദേഹം അവരോടു മംഗളാശംസാരൂപത്തിൽ ഇങ്ങനെ അഭാഷണം ചെയ്തു:

"ഞാൻ എൻെറ സമാധാനം നിങ്ങൾക്കായി തരുന്നു. ലോകം തരുന്നതുപോലുള്ള സമാധാനമല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകയോ, ഭയവികലമാകയോ ചെയ്യരുത്. 'ഞാൻ പോകുന്നു' എന്നു ഞാൻ നിങ്ങളോടു പറഞ്ഞതു നിങ്ങൾ കേട്ടിരിക്കുന്നു; എന്നാൽ നിങ്ങളുടെ അടുക്കൽ മടങ്ങി വരുന്നതിനായിട്ടാണു ഞാൻ പോകുന്നത്. നിങ്ങൾ എന്നെ സ്നേഹിക്കുന്നുവെങ്കിൽ ഞാൻ എൻെറ പിതാവിൻെറ അടുക്കൽ പോകുന്നതിനെപ്പററി നിങ്ങൾ സന്തോഷിക്കും; എന്തെന്നാൽ എൻെറ പിതാവു എന്നേക്കാൾ വലിയവനാകുന്നു. ഇതു സംഭവിക്കുന്നതിനുമുമ്പു ഞാൻ നിങ്ങളോടു ഇതു പറയുന്നത്, ഇതു സംഭവിക്കുമ്പോൾ നിങ്ങൾ വിശ്വസിക്കുന്നതിനായിട്ടാകുന്നു. നിങ്ങളോടു സംസാരിക്കുന്നതിന് എനിക്കു ഇനി സ്വല്പനേരം കൂടിയേയുള്ളു; എന്തെന്നാൽ ഈ ലോകത്തിൻെറ പ്രഭു അടുത്തു വരുന്നു."

യൂദാസ്സിനെപ്പററിയായിരുന്നു ഭഗവാൻ ഇങ്ങനെ പ്രസ്താവിച്ചത്. സാത്താനാൽ നിശ്ശേഷം അഭിഗ്രസ്തനായി ആ് ഖലശിരോമണി പ്രശാന്തമായ ഭോജനശാലയിലേക്കു പ്രത്യാഗമിക്കുന്നത് അദ്ദേഹം കണ്ടു.

"അവൻ വരുന്നു, ഈ ലോകത്തിൻെറ പ്രഭു വരുന്നു! എന്നാൽ അവന് എൻെറ മേൽ അധികാരമൊന്നും ഇല്ല. എങ്കിലും ഞാൻ എൻെറ പിതാവിനെ സ്നേഹിക്കുന്നുവെന്നും, അദ്ദേഹം

എന്നോട്ട് അജ്ഞാപിച്ചതിനെ ഞാൻ ചെയ്യുന്നുവെന്നും ലോകം അറിയുന്നതിനായി ഇതു സംഭവിക്കണം," എന്നു അദ്ദേഹം ഉദ്ഘോഷിച്ചു.

അനന്തരം അദ്ദേഹം എഴുന്നേററ് അപ്പോസ്തലന്മാരോട്, "വരുവിൻ! എഴുന്നേൽക്കുവിൻ, നമുക്ക് ഇവിടെനിന്നു പോകാം," എന്നു പറഞ്ഞു.

പെസഹാഭോജനത്തിൻെറ ഉപസംഹാരസങ്കീർത്തനം എല്ലാവരും എഴുന്നേററുനിന്നു പാടി. അനന്തരം ശിഷ്യന്മാരാൽ അനുഗതനായി, യേശു പട്ടണത്തിനു വെളിക്കു പോകുന്നതിനായി പുറപ്പെട്ടു.

ii.

ഗത്സെമനിയിലേക്കു പോകുന്നവഴിനടന്ന സംഭാഷണം.

(ജോൺ xv, xvi; മാത്യൂ xxvi, 31-35; മാർക്ക് 27-31.)

യേശുവും ശിഷ്യസംഘവും ഗത്സെമനിയെന്ന ഉദ്യാനത്തിലേക്കുള്ള വഴിയേ നടന്നു. പ്രാർത്ഥനയ്ക്കായി അദ്ദേഹം അവിടെ പോവുക പതിവുണ്ടായിരുന്നു. അവർ സിയോണിൻെറ ദക്ഷിണഭാഗത്തു സ്ഥിതിചെയ്തിരുന്ന പ്രസ്തുത ഭോജനശാലയിൽനിന്നു ഒലിവുമലയിലേക്കുള്ള ഏററവും കുറുക്കുവഴിയെ പുറപ്പെട്ട് നഗരത്തിൻെറ തെക്കുവശത്തുള്ള കവാടങ്ങളിലൊന്നിൽ കൂടി ആയിരിക്കണം കടന്നു പോയതു്. അവിടെനിന്ന് അവക്കു കെദ്രോൺതാഴ്വരയിലേക്ക് എളുപ്പം കടക്കാമായിരുന്നു. 'കന്യകാപ്രസ്രവണ'വും സീലോവെന്ന ഉറവും ഈ വഴിയരുകിലായിരുന്നു. സമീപസ്ഥമായ ഒഫേൽമലംചരിവുകൾ അക്കാലത്തു മനോഹരങ്ങളായ പ്രമദാവനങ്ങളാൽ അലങ്കരണം ചെയ്യപ്പെട്ടിരുന്നു. വഴിനീളെ ഉഭയപാർശ്വങ്ങളിലും ധാരാളമായി കാണപ്പെട്ട മുന്തിരിത്തോട്ടങ്ങൾ യേശു ശിഷ്യന്മാരോടുചെയ്ത അവസാന പ്രഭാഷണത്തിനു ചമൽക്കാരോദ്ദീപകമായിത്തീന്നു. നഗരത്തിനു പുറത്തായപ്പോൾ കുറേ ദൂരംവരെ എല്ലാം അദ്ദേഹത്തിനു ഹൃദ്യമാംവണ്ണം ഏകാന്തവും നിശ്ശബ്ദവുമായിരുന്നു; വഴിയരികിൽ ഒരു മുന്തിരിത്തോട്ടം കണ്ടു്, അദ്ദേഹം അല്പനേരം നിന്നു. ദൈവരാജ്യത്തെ മുന്തിരിത്തോട്ടങ്ങളോട് ഉപമിക്കുന്നതു ഭഗവാനു രസകരമായിരുന്നു. ഈ സമയം ദ്രാക്ഷാലതകൾ

അവയുടെ ഹരിതദളാംബരത്താൽ പരിവേഷ്ടിതമായിരിക്കുന്നു; കോതിയിട്ടിരിക്കുന്ന ശാഖകൾ തറയിൽ ചിതറിക്കിടക്കുന്നു; അവയിൽ അധികഭാഗം വെയിൽകൊണ്ടുണങ്ങിയിരിക്കുന്നു; ബാക്കിയുള്ളതിന് ഇപ്പോഴും പച്ചനിറം പോയിട്ടില്ല. ഉച്ചസ്ഥനായ സുധാകരനും, കൊയ്ത്തുകാലത്തു സദാ ജ്വലിച്ചുകൊണ്ടിരിക്കുന്ന അഗ്നികുണ്ഡങ്ങളും ആ പ്രദേശത്തെ രമണീയമാംവണ്ണം പ്രകാശിപ്പിച്ചിരിക്കുന്നു. പ്രസ്തുത മധുരസാരാമത്തെ അഭിവീക്ഷിച്ചിട്ട്, യേശു ശിഷ്യന്മാരോട് ഇപ്രകാരം പറഞ്ഞു:—

"ഞാൻ സത്യമായ മുന്തിരിവള്ളിയും, എന്റെ പിതാവു മുന്തിരിത്തോട്ടക്കാരനും, നിങ്ങൾ അതിന്റെ ശാഖകളും ആകുന്നു. നിങ്ങൾ എന്നിലും ഞാൻ നിങ്ങളിലും നിവസിക്കണം; എന്തെന്നാൽ ശാഖ, സ്കന്ധത്തിൽ വളർന്നില്ക്കുന്നുവെങ്കിൽ മാത്രമേ, ഫലപ്രദമാകയുള്ളു; അതുപോലെ നിങ്ങളും എന്നിൽ നിവസിച്ചില്ലെങ്കിൽ ഫലപ്രദരാകയില്ല."

"മുറിച്ചു തോട്ടത്തിനു വെളിക്ക് എറിയപ്പെട്ടകയും, തീയിലിട്ട് എന്നെന്നേക്കും ദഹിപ്പിക്കപ്പെടുന്നതിനായി ശേഖരിക്കപ്പെട്ടകയും ചെയ്തിരിക്കുന്ന ആ ഫലശൂന്യമായ ശാഖകളെ" ചൂണ്ടിക്കാണിച്ച്, ഈ രൂപകത്തെ അദ്ദേഹം വികസിപ്പിച്ചു. എന്നാൽ, "ഫലഭരമായ ശാഖയെ" സ്വർഗ്ഗസ്ഥനായ ഉദ്യാനപാലകൻ പരിചരിച്ച് അതിനു കൂടുതൽ പോഷണം നൽകുകയും, ആവശ്യമില്ലാത്ത ഇലകളെയും അതിന്റെ പൂർണ്ണമായ വളർച്ചയ്ക്കും ഫലപ്രദത്വത്തിനും ഹാനികരമായ പൂക്കളെയും ഇറുത്തുകളയുകയും ചെയ്യുന്നു. തന്റെ തിരുസ്സഭയായ തായ്മരത്തോട് അവർ എന്നും സംയുക്തരായിരിക്കണമെന്ന് അദ്ദേഹം നിഷ്കർഷിച്ചു; അതിനു മതിയായ കാരണങ്ങളും അദ്ദേഹം പറഞ്ഞു: ഒന്നാമതായി തന്റെ പിതാവിന്റെ മഹത്ത്വം; അതു കഴിഞ്ഞാൽ ഏതാദൃശമായ ഏകമതിത്വത്തോടുകൂടി ചെയ്യപ്പെടുന്ന പ്രാർത്ഥനകളെല്ലാം സഫലമാകുമെന്നുള്ള ആശ്വാസകരമായ ഉറപ്പ്; അവസാനമായി തങ്ങളുടെ രക്ഷാനാഥനോടുള്ള ഈ അഭേദ്യവും സഭക്തികവുമായ അനുഷംഗത്തിൽനിന്നുളവാകുന്ന പരമാനന്ദനിർവൃതി.

അതുപോലെതന്നെ അവർ തന്റെ ആദർശത്തെ അനുകരിച്ചു പരസ്പരം പ്രാണനിർവിശേഷം സ്നേഹിക്കണമെന്നും അദ്ദേഹം അവരോട് അനുശാസിച്ചു. ഇതായിരുന്നു "അദ്ദേഹ

ത്തിന്റെ സർവ്വോത്തമമായ ധർമ്മശാസനം." എന്തെന്നാൽ, "തന്റെ സ്നേഹിതന്മാർക്കുവേണ്ടി ജീവത്യാഗംകൂടി ചെയ്യത്തക്കവണ്ണമുള്ള സ്നേഹത്തെക്കാൾ ഉൽകൃഷ്ടതരമായ സ്നേഹം ഒരു മനുഷ്യനുണ്ടായിരിക്കാൻ സാധിക്കയില്ല." ഈ മനോഹരമായ സന്ദേശത്തെ പ്രസിദ്ധീകരിച്ചശേഷം, തന്റെ പിതാവിന്റെ നിയോഗമനുസരിച്ച തനിക്ക് അവരെ അറിയിക്കാനുള്ളതെല്ലാം അറിയിച്ചുകഴിഞ്ഞുവെന്നും; കല്പനകളെ അനുസരിക്കുന്നവരെ തന്റെ ഭൃത്യന്മാരായിട്ടല്ല, വാത്സല്യമുള്ള സ്നേഹിതന്മാരായും, തന്റെ മുന്തിരിത്തോട്ടത്തിൽ വളൎന്നു ശാശ്വതമായ ഫലങ്ങളെ പ്രദാനം ചെയ്യുന്നതിനു തിരഞ്ഞെടുക്കപ്പെട്ടവരായുമാണു താൻ ഗണിക്കുന്നതെന്നും അദ്ദേഹം പ്രസ്താവിച്ചു.

ഒരു ക്രിസ്ത്യാനി സകല മനുഷ്യരെയും ആത്മതുല്യം സ്നേഹിക്കണമെന്നുള്ളതു നിർബന്ധിതമാണെങ്കിലും, അവന്റെ സ്നേഹം നിഷ്കാമവുമായിരിക്കണം. അതിനു പ്രതിഫലമായി അവനു ലോകത്തു യാതൊന്നും കിട്ടിയെന്നുവരികയില്ല; അവൻ ലോകത്തിന്റെ ദുസ്സഹമായ വിദ്വേഷത്തിനു പാത്രീഭൂതനായി എന്നും വരാം. അക്ഷന്തവ്യമായ ഈ വിദ്വേഷം സ്വനാമവാഹികളായ എല്ലാവരെയും ബാധിക്കുമെന്നും, തദ്ദ്വാരാ തന്റെ പിതാവിനെയും തന്നെയും അതു വേദനിപ്പിക്കുമെന്നും യേശു അപ്പോസ്തലന്മാരോടു പ്രവചിച്ചു.

"ലോകം നിങ്ങളെ വെറുക്കുന്നുവെങ്കിൽ അതു് ആദ്യം എന്നെ വെറുത്തുവെന്നു് അറിയുക. നിങ്ങൾ ലോകത്തിനു വിധേയരായിരുന്നുവെങ്കിൽ, സ്വന്തമായുള്ളതിനെ സ്നേഹിക്കുന്ന ലോകം നിങ്ങളെ സ്നേഹിക്കുമായിരുന്നു. എന്നാൽ നിങ്ങൾ ലോകത്തിനു വിധേയരല്ലാത്തതിനാലും, നിങ്ങളെ ലോകരുടെ ഇടയിൽനിന്നു ഞാൻ തിരഞ്ഞെടുത്തിരിക്കുന്നതിനാലും ലോകം നിങ്ങളെ വെറുക്കുന്നു. 'ഭൃത്യൻ യജമാനനേക്കാൾ വലിയവനല്ല,' എന്നു ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളതു് ഓർത്തുകൊൾക. അവർ എന്നെ മർദ്ദിച്ചതുപോലെ നിങ്ങളെയും മർദ്ദിക്കും. അവർ എന്റെ വാക്കിനെ എങ്ങനെ പരിപാലിച്ചുവോ, അതുപോലെ നിങ്ങളുടെ വാക്കിനെയും പരിപാലിക്കും," എന്നു് അദ്ദേഹം സവ്യഥം പറഞ്ഞു.

അവർ അനുഭവിക്കാനിരുന്ന പീഡകളേയും അവമർദ്ദനങ്ങളേയുംപററി മുൻകൂട്ടി അറിയിച്ചശേഷം അദ്ദേഹം അവയുടെ കഠോരതയെയും നൈഷ്ഫല്യത്തെയും അവരെ വൎണ്ണിച്ചു

കേൾപ്പിച്ചു; ഇതരമതാനുയായികൾ അവരോടു ബദ്ധവൈരം വൈരമാറുകയും, അവരെ നിശ്ശേഷം നശിപ്പിക്കുന്നതിനു സൎവ്വ ശക്തികളും ഉപയോഗിക്കുകയും ചെയ്യും; പ്രാൎത്ഥനാലയങ്ങളിൽ അവൎക്കു പ്രവേശനം നിരോധിക്കപ്പെടും; അവരെ ഏതുവിധേനയും നശിപ്പിക്കുന്നതു ദൈവത്തിനു അഭിമതമായിരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ലോകം അവൎണ്ണനീയമായ അക്രമങ്ങളും ദുഷ്ടതകളും അവരോടു പ്രവൎത്തിക്കും.

"ഈ സംഗതികളെപ്പറ്റി ഞാൻ നിങ്ങളോടു പ്രസ്താവിച്ചിരിക്കുന്നതു സമയം വരുമ്പോൾ അവയെക്കുറിച്ചു ഞാൻ നിങ്ങളോടു മുൻകൂട്ടി അറിയിച്ചിട്ടുണ്ട് എന്നു നിങ്ങൾ ഓൎക്കുന്നതിനാകുന്നു. ഞാൻ ആരംഭത്തിൽ നിങ്ങളോടു പറയാതിരുന്നുവെങ്കിൽ, അതു ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരുന്നതുകൊണ്ടാണ്; എന്നാൽ ഇപ്പോൾ ഞാൻ എന്നെ അയച്ചവൻെറ പക്കലേക്കു പോകുന്നു."

ശിഷ്യഗണത്തോടു അവരുടെ ഭവിഷ്യത്‌വിധാനുഭവങ്ങളെപ്പറ്റി അദ്ദേഹം പ്രസ്താവിച്ചതു് ഇദംപ്രഥമമായിട്ടായിരുന്നില്ല; എന്നാൽ ലോകമാസകലം അവൎക്കു വിപരീതമായി ക്ഷോഭിക്കുമെന്നും, വിജാതീയർ മാത്രമല്ല, ഇസ്രായലിൻെറ സന്തതികളും അവരെ ദ്വേഷിക്കുമെന്നും, അവരെക്കൊല്ലുന്നതു് ഈശ്വരവിഹിതമായി ഗണിക്കപ്പെടുമെന്നും അദ്ദേഹം മുമ്പു വെളിപ്പെടുത്തിയിട്ടില്ലായിരുന്നു.

"ഞാൻ പോകുന്നു; ഇപ്പോൾ നിങ്ങളിൽ ആരും ഞാൻ എവിടെ പോകുന്നുവെന്നു ചോദിക്കുന്നില്ല; ഈ സംഗതികൾ ഞാൻ നിങ്ങളോടു പ്രസ്താവിച്ചതുകൊണ്ടു നിങ്ങളുടെ ഹൃദയം വ്യസനംകൊണ്ടു നിറഞ്ഞിരിക്കുന്നു. ഞാൻ പോകുന്നതു നിങ്ങൾക്കു നല്ലതാകുന്നുവെന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു; എന്തെന്നാൽ ഞാൻ പോകുന്നില്ലെങ്കിൽ ആശ്വാസപ്രദൻ നിങ്ങളുടെ അടുക്കൽ വരുകയില്ല; പോകുന്നുവെങ്കിൽ ഞാൻ അദ്ദേഹത്തെ നിങ്ങളുടെ അടുക്കൽ അയക്കും," എന്നു് അദ്ദേഹം അനുഭാഷണം ചെയ്തു.

അനന്തരം അദ്ദേഹം ദിവ്യാത്മാവിൻെറ ഉദ്യോഗത്തെ വിശദീകരിച്ചു; "ലോകം യേശുവിൽ വിശ്വസിക്കാതിരുന്നതുമൂലം അതിനുണ്ടായ പാപത്തെപ്പറ്റി അതിനെ ഉദ്ബോധിപ്പിക്കുന്നതിനും," "തൻെറ പിതാവിൻെറ സന്നിധിയിൽ മനുഷ്യദ

ഷ്ടിക്ക് അഗോചരമായ ഒരു മഹിമയെ പ്രാപിക്കുന്നതിനായി പ്രത്യാഗതനായിരിക്കുന്ന" യേശുവിൻെറ ധമ്മത്തെ സംസ്ഥാപിക്കുന്നതിനും, ലോകപ്രഭുവായ സാത്താനു പണ്ടേതന്നെ നൽകപ്പെട്ട വിധിയെ തുടന്നു് ലോകത്തെപ്പററിയുള്ള വിധിയെ സ്ഥിരീകരിക്കുന്നതിനും പരിശുദ്ധാത്മാവു വരും.

"എനിക്ക് ഇനിയും അനേകം സംഗതികൾ നിങ്ങളോടു പറയേണ്ടതുണ്ട്; എന്നാൽ അവയെ വഹിക്കുന്നതിനു് ഇപ്പോൾ നിങ്ങൾക്കു കഴിവില്ല. അതുകൊണ്ടു സത്യാത്മാവു വരുമ്പോൾ അദ്ദേഹം എല്ലാ സത്യവും നിങ്ങളെ പഠിപ്പിക്കും. അദ്ദേഹം സ്വന്തമായി ഒന്നും പറയുകയില്ല. താൻ കേൾക്കുന്നവയെല്ലാം നിങ്ങളോടു പറയുകയും, വരാനുള്ളവയെ നിങ്ങളെ അറിയിക്കുകയും ചെയ്യും; പിതാവിനുള്ളതു സകലവും എൻേറതാകുന്നു; അതുകൊണ്ടത്രേ അദ്ദേഹം എൻേറതിൽനിന്നു് എടുക്കുകയും അതിനെ നിങ്ങളെ അറിയിക്കുകയും ചെയ്യുമെന്നു ഞാൻ നിങ്ങളോടു പറഞ്ഞതു്." "അദ്ദേഹം എൻെറ മഹിമയെ വദ്ധിപ്പിക്കും." ദൈവത്തിൻെറ അഭ്യന്തരസ്ഥിതിയെ വെളിപ്പെടുത്തുന്ന ഈ വാക്കുകൾ ഈശ്വരൻെറ ത്രിത്വത്തെയും, അതിൻെറ ശക്തിവ്യത്യാസങ്ങളെയും, പരസ്പരസംബന്ധത്തെയും പ്രകാശിപ്പിക്കുന്നു.

ഇത്തരം അതിഗഹനങ്ങളായ തത്വങ്ങളെപ്പററി യേശു കൂടുതലായി പ്രതിപാദിച്ചില്ല; സ്വഗ്ഗീയപ്രകാശത്തിൻെറ ഏതാനും കിരണങ്ങളെ മാത്രമേ അദ്ദേഹം ആവിഷ്കരിച്ചുള്ളൂ. അനന്തരം കഷ്ടകാലം മാത്രമല്ല, ആശ്വാസാവഹമായ കാലവും അത്യാസന്നമായിരിക്കുന്നുവെന്നു് അവരെ അനുസ്മരിപ്പിച്ചുകൊണ്ടു് അദ്ദേഹം ആ സുദീഘമായ സംഭാഷണത്തെ അവസാനിപ്പിച്ചു:

"അല്പനേരം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല; പിന്നെയും അല്പനേരം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണും; എന്തെന്നാൽ ഞാൻ എൻെറ പിതാവിൻെറ അടുക്കൽ പോകുന്നു."

അദ്ദേഹം ഗത്സെമനിയിലേക്കുള്ള യാത്ര തുടന്നു. അപ്പോസ്തലന്മാർ അദ്ദേഹം ഒടുവിൽ പറഞ്ഞ വചനങ്ങളുടെ അത്ഥം മനസ്സിലാകാതെ വളരെ കുഴങ്ങി.

'കുറച്ചു സമയംകൂടി കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല; വീണ്ടും കുറച്ചു സമയംകൂടി കഴിഞ്ഞാൽ നിങ്ങൾ എന്നെ

കാണും; അതും ഞാൻ എൻെറ പിതാവിൻെറ അടുക്കൽ പോകുന്നതുകൊണ്ടാകുന്നു,' എന്ന് അദ്ദേഹം പറയുന്നതിൻെറ അൎത്ഥമെന്തു?" എന്ന് അവർ പതിഞ്ഞ സ്വരത്തിൽ പരസ്പരം പറഞ്ഞു.

"അല്പനേരം" എന്നതു് അവരെ വിഷമിപ്പിച്ചു. യേശുവിൻെറ കുരിശു് അദ്ദേഹത്തിൻെറ വിജയമായിരിക്കുമെന്ന് അവക്കു മുൻകൂട്ടി കാണാൻ എങ്ങനെ കഴിയും? യാതൊരുവിധത്തിലും ഊഹിക്കാൻ നിവൃത്തിയില്ലാതെ അവർ ഭഗവാനോടുതന്നെ ചോദിക്കുന്നതിനു അടുത്തുചെന്നു; എന്നാൽ അദ്ദേഹം അവരുടെ സംശയം മനസ്സിലാക്കി.

അദ്ദേഹം പറഞ്ഞു: 'അല്പനേരം കഴിഞ്ഞാൽ നിങ്ങൾ എന്നെ കാണുകയില്ല; അല്പനേരം കഴിഞ്ഞാൽ നിങ്ങൾ കാണും' എന്നതിൻെറ അൎത്ഥം എന്തായിരിക്കുമെന്നു നിങ്ങൾ പരസ്പരം ചോദിക്കുന്നു. നിങ്ങൾ വിലപിക്കുകയും പരിദേവിക്കുകയും ചെയ്യുമെന്നും, എന്നാൽ ലോകം സന്തോഷിക്കുമെന്നും, നിങ്ങൾ വ്യസനിക്കുകയും നിങ്ങളുടെ വ്യസനം സന്തോഷമായിത്തീരുകയും ചെയ്യുമെന്നും സത്യമായി ഞാൻ നിങ്ങളോടു പറയുന്നു. ഒരു സ്ത്രീ അവൾക്കു പ്രസവവേദന ഉണ്ടാകുമ്പോൾ പ്രസവസമയം വന്നിരിക്കുന്നതുകൊണ്ടു ഖേദിക്കുന്നു; എന്നാൽ അവൾ ഒരു മകനെ പ്രസവിച്ചശേഷം അവൾ അവളുടെ കഷ്ടപ്പാടുകളെ ഓൎക്കുന്നില്ല; എന്തെന്നാൽ അവൾമൂലം ഒരു ആൺകുട്ടി ഭൂജാതനാകുന്നതോൎത്തു് അവൾ സന്തോഷിക്കുന്നു. അതുപോലെ നിങ്ങൾക്കും ദുഃഖമുണ്ടാകും; എന്നാൽ ഞാൻ നിങ്ങളെ വീണ്ടും കാണുകയും, അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കുകയും ചെയ്യും: നിങ്ങളുടെ സന്തോഷം ആരും നിങ്ങളിൽനിന്ന് അപഹരിക്കയുമില്ല."

അനന്തരം തൻെറ പുനരുത്ഥാനശേഷം അവരുടെ ആത്മാവിന്നു് അനുഭവയോഗ്യമായ പരമാനന്ദത്തെ അദ്ദേഹം വൎണ്ണിക്കുന്നു:

"ആ ദിവസം യാതൊന്നിനെയുംസംബന്ധിച്ചു നിങ്ങൾ എന്നോടു ചോദിക്കയില്ല; നിങ്ങൾ എൻെറ നാമത്തിൽ എൻെറ പിതാവിനോടു് എന്തെങ്കിലും ചോദിച്ചാൽ അദ്ദേഹം നിങ്ങൾക്കു തരുമെന്നു സത്യമായി, അതെ, സത്യമായി, ഞാൻ നിങ്ങളോടു പറയുന്നു. ഇതുവരെ നിങ്ങൾ എൻെറ നാമത്തിൽ ഒന്നും ചോദിച്ചിട്ടില്ല; ചോദിക്കുക, നിങ്ങളുടെ ആനന്ദം പരിപൂൎണ്ണമാകത്തക്കവണ്ണം നിങ്ങൾക്കു നിങ്ങളുടെ അഭീഷ്ടം സിദ്ധിക്കും."

യേശുവിൻെറ നാമത്തിലുള്ള ഈ പ്രാത്ഥന അദ്ദേഹത്തിൻെറ സ്വഗ്ഗാരോഹണത്തിനുമുമ്പ് അസംഗതമാണെങ്കിലും, അതു ക്രിസ്ത്യാനികളുടെ ഒരു പ്രത്യേകാവകാശമാണ്. അതിനു ശേഷം അവർ പരിശുദ്ധാത്മാവിനു വശംവദരാവുകയും, ദൈവഹൃദയത്തെ അവർ കൈവശപ്പെടുത്തുകയും ചെയ്യും.

"അവർ യേശുവിനെ കാണാതിരിക്കുകയും കുറച്ചു കഴിഞ്ഞു വീണ്ടും കാണുകയും ചെയ്യും," എന്ന് അദ്ദേഹം പറഞ്ഞതിൻെറ അത്ഥം അപ്പോസ്തലന്മാക്കു വിശദമാക്കിക്കൊടുത്തശേഷം, 'തൻെറ പിതാവിൻെറ അടുക്കലേക്കുള്ള ആ പ്രത്യാഗമനത്തിൽ' അന്തർഭവിച്ചിരിക്കുന്നതെന്താണെന്ന് അദ്ദേഹം സ്പഷ്ടമാക്കി.

"ഇതുവരെ ഞാൻ അലങ്കാരങ്ങളും അന്യാപദേശങ്ങളും ഉപയോഗിച്ചു, നിങ്ങളോടു സംസാരിച്ചു; ഇതാ! ഇനി ഞാൻ ആ വിധം സംസാരിക്കയില്ല; ഞാൻ എൻെറ പിതാവിനെപ്പററി നിങ്ങളോടു തുറന്നു പ്രസ്താവിക്കും."

താൻ ഭൂലോകത്തു മനുഷ്യനായി അവതരിച്ചുവെങ്കിലും തൻെറ പിതാവിൻെറ ഹൃദയത്തിൽ ദൈവമായിത്തന്നെ എല്ലാപ്പോഴും നിവസിച്ചിരുന്നുവെന്നും, പിതാവിൽനിന്ന് അവതീണ്ണനായിരിക്കയാൽ അദ്ദേഹവുമായി മേലാൽ വേർപെട്ടിരിക്കയില്ലെന്നും അദ്ദേഹം അനേകം പ്രാവശ്യം അവരെ പഠിപ്പിച്ചിട്ടുള്ളതിനെ ഇപ്പോൾ പരാവത്തനം ചെയ്തു. പുനരുത്ഥാനം ചെയ്തു യേശു തൻെറ മഹിമയെ വീണ്ടും പ്രാപിക്കും. അദ്ദേഹം മനുഷ്യവഗ്ഗത്തെ ദിവ്യാനുഗ്രഹത്താൽ ശുദ്ധീകരിച്ചിട്ടു, തൻെറ പക്കലേക്കു സമാകഷിക്കും. അദ്ദേഹം തൻെറ പിതാവിനോട് അവക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കേണ്ട ആവശ്യകത ഇല്ലാതാകത്തക്കവണ്ണം ഈ പുനരൈക്യം അത്ര പരിപൂണ്ണമായിരുന്നു. അവർ ക്രിസ്തുവിനെ സ്നേഹിക്കുകയും, "അദ്ദേഹം ദൈവത്തിൽനിന്നു വന്നവനാ"ണെന്നു വിശ്വസിക്കുകയും ചെയ്കയാൽ പിതാവു തന്നെ അവരെ സ്നേഹിക്കുന്നു.

"ഞാൻ ദൈവത്തിൽനിന്ന് ഉൽപദിച്ചു, ലോകത്തു വന്നിരിക്കുന്നു; ഇപ്പോൾ ഞാൻ ലോകത്തെ വിട്ടു, എൻെറ പിതാവിൻെറ അടുക്കലേക്കു മടങ്ങിപ്പോകുന്നു," എന്ന് അദ്ദേഹം പറഞ്ഞു.

ശിഷ്യന്മാർ ഈ വചനങ്ങളെ നല്ലവണ്ണം ഗ്രഹിച്ചാലും ഇല്ലെങ്കിലും ഭഗവാൻ അവരുടെ വിശ്വാസത്തെ പ്രശംസിക്കു

ന്നതു കേട്ട്, അവർ വളരെ സന്തോഷിച്ചു. സത്യം മുഴുവനും സ്വയംപ്രത്യക്ഷവും നിസ്സന്ദേഹവുമാകുന്ന സമയം വന്നുകഴിഞ്ഞു വെന്ന് അവർ വിശ്വസിച്ചു.

"ഈ സമയം അങ്ങു ഞങ്ങളോടു സ്പഷ്ടമായി സംസാരിച്ചിരിക്കുന്നു. അങ്ങ് ഇപ്പോൾ അലങ്കാരഭാഷയിൽ സംസാരിക്കുന്നില്ല. അങ്ങേക്ക് എല്ലാ സംഗതികളും അറിയാമെന്നും, ആരെങ്കിലും അങ്ങേ അനുസന്ധാനം ചെയ്യേണ്ട ആവശ്യമില്ലെന്നും ഇപ്പോൾ ഞങ്ങൾ അറിയുന്നു, അങ്ങു ദൈവത്തിൽനിന്നു വന്നവനാണെന്ന് ഇതിനാൽ ഞങ്ങൾ വിശ്വസിക്കുന്നു," എന്നു അവർ പറഞ്ഞു.

അവരുടെ ഹൃദയത്തിൽ അല്പമെങ്കിലും വിശ്വാസം മുളപ്പിക്കുന്നതിന് എന്തു പ്രയാസം നേരിട്ടുവെന്നുനിരൂപിച്ച് യേശു ഇപ്രകാരം മറുപടി പറഞ്ഞു:—

"അതെ, നിങ്ങൾ ഇപ്പോൾ വിശ്വസിക്കുന്നു; എന്നാൽ നിങ്ങളിൽ ഓരോരുത്തനും അവനവന്റെ വീടുകളിലേക്കു ചിതറിപ്പോകുന്ന സമയം വരുന്നു, അതെ, വന്നുകഴിഞ്ഞിരിക്കുന്നു; അപ്പോൾ നിങ്ങൾ എന്നെ തനിയെ വിട്ടേക്കും." നയനങ്ങളെ സ്വർഗ്ഗത്തേക്കുയർത്തിയിട്ടു, "തനിയേയോ! ഞാൻ ഒരിക്കലും തനിയെ ആവുകയില്ല, എന്തെന്നാൽ എന്റെ പിതാവ് എന്നോടുകൂടി ഉണ്ട്," എന്ന് അദ്ദേഹം ആത്മഗതംപോലെ ഉദീരണംചെയ്തു.

ഈ പ്രവചനത്തെ സംബന്ധിച്ച് വി. ജോൺ അധികമൊന്നും പറയുന്നില്ലെങ്കിലും, മററു സാക്ഷികൾ അതിനെ സവിസ്തരം രേഖപ്പെടുത്തിയിരിക്കുന്നു. ഗത്സെമനിയിലേക്കു പോകുംവഴി ആയിരുന്നു യേശു തന്നെ അനുഗമിച്ച ശിഷ്യന്മാരോട് ഈ സംഗതികൾ പറഞ്ഞതെന്നു വി. മാത്യു പറയുന്നു:

"ഈ രാത്രി നിങ്ങൾക്കെല്ലാവർക്കും ഞാൻ ഇടർച്ചയ്ക്കും വഴുതലിനും കാരണമാകും; എന്തെന്നാൽ, 'ഞാൻ ആട്ടിടയനെ അടിക്കുകയും ആടുകൾ ദൂരെ ചിതറിപ്പോവുകയും ചെയ്യും" എന്ന് എഴുതപ്പെട്ടിരിക്കുന്നു; എന്നാൽ പുനരുത്ഥാനം ചെയ്തശേഷം ഞാൻ നിങ്ങൾക്കു മുമ്പായി ഗലീലേയായിലേക്കു പോകും."

പിററർ, താൻ ഇടറുമെന്നു സ്വല്പം മുമ്പു ദിവ്യഗുരു പ്രവചിച്ചതിനെ നിശ്ശേഷം വിസ്മരിച്ചിട്ട്, ഉടൻ ഇപ്രകാരം ഘോഷിച്ചു:

"അങ്ങേയുടെ കാര്യത്തിൽ എല്ലാവരും ഇടറിയാലും, ഞാൻ ഒരിക്കലും ഇടറുകയില്ല."

യേശു അവസാനമായി ഒരിക്കൽക്കൂടി അഹങ്കാരത്തിൻെറ ഫലത്തെപ്പററി ആ അപ്പോസ്തലനോട്ട പ്രവചിച്ചു:

"സത്യമായി ഞാൻ ഇതു നിന്നോട്ട പറയുന്നു: ഇന്നു, അതെ, ഈ രാത്രിതന്നെ, രണ്ടുപ്രാവശ്യം കോഴികൂവുന്നതിനു മുമ്പു മൂന്നുപ്രാവശ്യം നീ എന്നെ നിഷേധിച്ചുകഴിയും."

എന്നിട്ടും പീററർ നമ്റമനസ്കനാകാതെ, സത്യസ്വരൂപൻെറ വചനങ്ങളെ അസത്യവൽകരിക്കാൻ തനിക്കു കഴിയുമെന്നുള്ള മട്ടിൽ, പ്രലപനങ്ങൾ തുടൎന്നുകൊണ്ടിരുന്നു:

"ഞാൻ അങ്ങയോടുകൂടി മരിക്കണമെന്നിരുന്നാലും ഞാൻ അങ്ങേ നിഷേധിക്കുകയില്ല."

മററു അപ്പോസ്തലന്മാരും പീറററിൻെറ വാക്കുകളെ ആവൎത്തിച്ചുപറഞ്ഞു.

ഇവരുടെ ഈ ഊൎജസ്വലമായ ആത്മവിശ്വാസം അചഞ്ചലമാണെന്നു കണ്ടിട്ട്, അവരുടെ ബലഹീനതയെപ്പററി ആത്മബോധമുണ്ടാകുമ്പോൾ അവർ അധൈര്യപ്പെടാതിരിക്കുന്നതിനുവേണ്ട ഉപദേശം ഭഗവാൻ നൽകി; അവർ എത്രതന്നെ അത്ത്യവകൃഷ്ടരും നിസ്സഹായരുമായിപ്പോയാലും, അവൎക്കു തന്നിൽ സദാതനമായ വിശ്വാസമുണ്ടായിരിക്കണമെന്ന് അദ്ദേഹം പ്രത്യേകം നിഷ്കൎഷിച്ചു.

"നിങ്ങൾ എന്നിൽ ശാന്തിപ്രാപിക്കുന്നതിനായി ഈ സംഗതികൾ ഞാൻ നിങ്ങളോട്ട പറഞ്ഞതാണ്; ഈ ലോകത്തു നിങ്ങൾക്ക് അപാരമായ ദുഃഖങ്ങളുണ്ടാകും; എന്നാൽ ധൈര്യവാന്മാരായിരിക്കുക; ഞാൻ ലോകത്തെ ജയിച്ചു."

## III

### യേശുവിൻെറ പ്രാൎത്ഥന.

(ജോൺ xvii)

യേശുവും അപ്പോസ്തലന്മാരും ഇപ്പോൾ ഗത്സെമനിയിലേക്കുള്ള റോഡ് കെദ്രോൺ നദിയെ തരണംചെയ്യുന്ന പാലത്തിൽ എത്തിക്കഴിഞ്ഞു. ഇവിടെവച്ചായിരുന്നു താഴെ നാം ഉദ്ധരിക്കാൻപോകുന്ന ഭഗവാൻെറ പ്രാൎത്ഥന നടന്നതു്; അതു കഴിഞ്ഞ ഉടൻ അദ്ദേഹം ആ പുഴ കടക്കുന്നതായി നാം കാണുന്നു. ഈ സ്ഥാനത്തു് പുഴയുടെ തടത്തിൻെറ വീതി കുറഞ്ഞു, മോറിയാമലയുടെയും ഒലിവുമലയുടെയും ഇടയിൽക്കൂടി പെട്ടെന്ന് അ

ത്തു താഴോട്ടു പതിക്കുകയും, പിന്നീട് അതു വെള്ളം നിശ്ശേഷം വററിയ ഒരു കുണ്ടു മാത്രമായിത്തീരുകയും ചെയ്യുന്നു. പാറക്കല്ലുകൾ നിറഞ്ഞ ഈ തടത്തിൽ ജലപ്രവാഹങ്ങൾ നിപതിച്ചിരുന്നില്ല; ദേവാലയത്തിൽനിന്നു വരുന്ന ബലിരക്തംകലൎന്ന ജലം മാത്രം, ഇന്നത്തേപ്പോലെ അന്നും അവിടെ ധാരാളമായി ഉണ്ടായിരുന്ന ശവകുടീരങ്ങൾക്കിടയിൽക്കൂടി ഒഴുകിയിരുന്നു. വൈരശുദ്ധിക്കായി ഏതു വഴിപോക്കനും കല്ലെറിയുന്ന അബ്സലോമിന്റെ കല്ലറ, ദാവീദ് തന്റെ കലഹോദ്യതനായ പുത്രനാൽ വിദ്രാവണം ചെയ്യപ്പെട്ടതിനെയും ഇപ്പോൾ യേശു നില്ക്കുന്ന സ്ഥലത്തുക്കൂടി ആ ഇരുട്ടടഞ്ഞ മലയിടുക്കിനെ തരണംചെയ്തതിനെയും അനുസ്മരിപ്പിക്കുന്നു; അഥേലിയാ ദേവാലയത്തിൽനിന്നു വലിച്ചിഴച്ചുകൊണ്ടുപോകപ്പെട്ടതും ഇതിലേയായിരുന്നു. അവസാനമായി കെഡ്റോൻതടം ദേവാലയത്തെ അശുദ്ധമാക്കുന്ന മലിനസാധനങ്ങളെയെല്ലാം യഹൂദഭക്തന്മാർ ഇട്ടു ദഹിപ്പിക്കുന്ന ഒരു കിടങ്ങായും, പേരില്ലാത്തതും നിന്ദ്യവുമായ ശവകുടീരങ്ങൾക്കുമാത്രം യോഗ്യമായ ഒരു അശുദ്ധസ്ഥലമായും, ദുർഗന്ധവും അന്ധകാരവും നിറഞ്ഞ ഒരു ദൃശ്യമായും, യറുമിയാ ദീർഘദൎശി പറയുന്നതുപോലെ, ശക്തിമത്തായ ഒരു മാരണരംഗമായും തീൎന്നു.

യേശു അഗാധവും അന്ധകാരമയവുമായ ഈ വിവരത്തിൽ നിന്നു് നയനങ്ങളെ ഉച്ചസ്ഥനായ സ്വപിതാവിങ്കലേക്ക് ഉന്നമിപ്പിക്കുകയും, ആത്മബലി സമീപിക്കുംതോറും തന്റെ ഹൃദയത്തിലുണ്ടാകുന്ന വികാരങ്ങളെ സമ്യക്കായി പ്രകാശിപ്പിക്കുന്ന ഒരു പ്രാൎത്ഥനയെ സമൎപ്പിക്കുകയും ചെയ്തു. അതിൽ അദ്ദേഹം അന്നു കഴിഞ്ഞ പെസഹാഭോജനത്തിനും കാൽവരിയിലെ അവസാനയജ്ഞത്തിനും മദ്ധ്യേ, കത്തിവയ്ക്കാൻ തയാറാക്കി നിറുത്തിയിരിക്കുന്ന ഒരു ബലിമൃഗമായി പ്രതിബിംബിക്കുന്നു; തന്നെയും തന്റെ അപ്പോസ്തലന്മാരെയും, വിശ്വാസംകൊണ്ടു തന്നോടു സംയുക്തരായിരിക്കുന്ന എല്ലാവരെയും ഒന്നായി അദ്ദേഹം ദൈവത്തിനു സമൎപ്പിക്കുന്നു.

"പിതാവെ, സമയം വന്നുകഴിഞ്ഞിരിക്കുന്നു; അങ്ങേയുടെ പുത്രൻ അങ്ങേ മഹത്വപ്പെടുത്തുന്നതിനായും, അങ്ങു് അവന് എല്ലാ മനുഷ്യരുടെയുംമേൽ അധികാരം കൊടുത്തിരിക്കുന്നതിനാൽ അങ്ങു് അവന്റെ പക്കൽ ഏൾപ്പിച്ചിട്ടുള്ളവൎക്കു നിത്യജീ

വൻ കൊടുക്കുന്നതിനായും അങ്ങേയുടെ പുത്രനെ അങ്ങു മഹത്വപ്പെടുത്തേണമെ. ഏകസത്യദൈവമായ അങ്ങേയും, അങ്ങ് അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതാകുന്നു നിത്യജീവൻ; ഞാൻ അങ്ങയെ ഭൂലോകത്തു മഹത്വപ്പെടുത്തിയിട്ടുണ്ട്; അങ്ങ് എന്നെ ഏല്പിച്ചതായ ഉദ്യോഗം മുഴുവനും ഞാൻ നിർവ്വഹിച്ചിട്ടുണ്ട്. ഇപ്പോൾ, ഓ, പിതാവെ, ഭൂലോകമുണ്ടാകുന്നതിനുമുമ്പേ എനിക്ക് അങ്ങയിലുണ്ടായിരുന്ന മഹത്വംകൊണ്ട് എന്നെ അങ്ങു മഹത്വപ്പെടുത്തേണമെ."

ഇവിടെ യേശു തനിക്കുവേണ്ടിയുള്ള പ്രാർത്ഥന മതിയാക്കി. ബലിയായ അദ്ദേഹത്തിനു തൻെറ പരിത്യാഗത്തെ പൂർത്തിയാക്കേണ്ട ആവശ്യമേ ഉണ്ടായിരുന്നുള്ളു. എങ്കിലും എല്ലാവരും ഈ ദുഃഖപൂർണ്ണമായ ലോകത്തെ അപ്പോൾ വേർപെടുന്നില്ലെന്നുള്ളതു ഭഗവാൻ വിസ്മരിച്ചില്ല. തൻെറ സ്നേഹപൂർവ്വമായ പരിചരണത്താൽ സംസ്കൃതരായ അപ്പോസ്തലന്മാരെപ്പററി അദ്ദേഹം തൻെറ പിതാവിനെ ഓർമ്മിപ്പിച്ചപ്പോൾ അദ്ദേഹത്തിൻെറ വീക്ഷണം അവരുടെമേൽ പതിച്ചു.

"ലോകത്തുനിന്നു പിൻവലിച്ച് അങ്ങ് എനിക്കു തന്നിരിക്കുന്ന മനുഷ്യർക്കു, ഞാൻ അങ്ങേയുടെ നാമത്തെ വെളിപ്പെടുത്തിക്കൊടുത്തിരിക്കുന്നു; അവർ അങ്ങേക്കുള്ളവരായിരുന്നു. എനിക്കായി അവരെ അങ്ങുതന്നു; അവർ അങ്ങേയുടെ വചനം പരിപാലിക്കയും ചെയ്തിരിക്കുന്നു. അങ്ങ് എനിക്കു തന്നിട്ടുള്ളതൊക്കയും അങ്ങേയിൽനിന്നു വരുന്നുവെന്ന് ഇപ്പോൾതന്നെയും അവർ അറിയുന്നു; എന്തുകൊണ്ടെന്നാൽ അങ്ങ് എനിക്കു തന്ന വചനങ്ങളെ ഞാൻ അവർക്കു കൊടുക്കുകയും, അവർ അവയെ സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. ഞാൻ അങ്ങേയിൽനിന്നു പുറപ്പെട്ടുവന്നിരിക്കുന്നുവെന്നു സത്യമായി അവർ അറിഞ്ഞിരിക്കുന്നു; അങ്ങ് എന്നെ അയച്ചുവെന്നും അവർ വിശ്വസിച്ചിരിക്കുന്നു. അവർക്കായിട്ടത്രെ ഞാൻ പ്രാർത്ഥിക്കുന്നത്. ലോകത്തിനുവേണ്ടിയല്ല. അങ്ങ് എനിക്കു തന്നിരിക്കുന്നവർക്കുവേണ്ടിയാണു ഞാൻ പ്രാർത്ഥിക്കുന്നത്; എന്തെന്നാൽ അവർ അങ്ങേക്കുള്ളവരും, ഞാൻ അവരിൽ മഹത്വപ്പെട്ടിരിക്കുന്നവനും ആകുന്നു. ഇനിമേൽ ഞാൻ ലോകത്തിരിക്കുന്നില്ല; ഞാൻ അങ്ങേ അടുക്കലേക്കു വരുന്നു; എന്നാൽ അവരോ, അവർ ഇനിയും ലോകത്തുതന്നെ ഇരിക്കുന്നു. പരിശുദ്ധ പിതാവേ, നമ്മൾ ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നാ

യിരിക്കുന്നതിനായി, അങ്ങ് എനിക്കു തന്നിരിക്കുന്നതായ അങ്ങേയുടെ നാമത്തെ ഇവർ ഏററുപറയുന്നതിൽ സ്ഥിരവിശ്വാസരായി അങ്ങ് ഇവരെ കാത്തുകൊള്ളേണമെ. ഞാൻ ലോകത്ത് അവരോടുകൂടിയിരുന്നപ്പോൾ അങ്ങ് എനിക്കു തന്ന നാമത്തിൽ ഏകീകൃതരാക്കി ഞാൻ അവരെ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഞാൻ അവരെ സൂക്ഷിച്ചിട്ടുണ്ട്; വേദവാക്യം നിർവ്വഹിക്കപ്പെടുന്നതിനായി വിനാശത്തിൻെറ സന്തതിയല്ലാതെ, അവരിലാരും നശിച്ചുപോയിട്ടുമില്ല. ഞാൻ ഇപ്പോൾ അങ്ങേയുടെ അടുക്കൽ വരുന്നു; ഞാൻ ഈ സംഗതികൾ പറയുന്നതു, അവർ ലോകത്തിരിക്കുമ്പോൾതന്നെ, എൻെറ ആനന്ദപരിപൂർണ്ണത അവരിലും ഉണ്ടാകുന്നതിനാണ്. ഞാൻ അങ്ങേയുടെ വചനം അവക്കു കൊടുത്തിട്ടുണ്ട്; ഞാൻ സംസാരിയല്ലാത്തതുപോലെ അവരും സംസാരികളല്ലാത്തതിനാൽ ലോകം അവരെ വെറുത്തിരിക്കുന്നു. അങ്ങ് അവരെ ലോകത്തുനിന്ന് എടുക്കേണമെന്നല്ല, അവർ തിന്മയിൽ അകപ്പെടാതെ സൂക്ഷിക്കണമെന്നത്രെ ഞാൻ പ്രാർത്ഥിക്കുന്നതു്. ഞാൻ സംസാരി അല്ലാത്തതുപോലെ അവരും സംസാരികളല്ല. സത്യത്തിൻെറ—അങ്ങേയുടെ വചനമാകുന്ന ആ സത്യത്തിൻെറ— പ്രചാരണകൃത്യത്തിൽ അവരെ പ്രതിഷ്ഠിക്കേണമെ. അങ്ങ് എന്നെ ലോകത്തേക്ക് അയച്ചിരിക്കുന്നതുപോലെ ഞാനും അവരെ ലോകത്തേക്ക് അയച്ചിരിക്കുന്നു. അവർ സത്യപ്രചാരണത്തിൽ പ്രതിഷ്ഠിതരാകുന്നതിനായി അവക്കുവേണ്ടി ഞാൻ ആത്മത്യാഗം ചെയ്യുന്നു. ഞാൻ അവക്കുവേണ്ടി മാത്രമല്ല, അവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുമെന്നുള്ളവക്കുംവേണ്ടി—പിതാവെ, അങ്ങ് എന്നിലും ഞാൻ അങ്ങേയിലും എന്നപോലെ അവരെല്ലാവരും ഒന്നായിരിക്കുന്നതിനും, അങ്ങ് എന്നെ അയച്ചിരിക്കുന്നുവെന്നു ലോകം വിശ്വസിക്കുന്നതിനായി അവർ, അതുപോലെ, നമ്മിലും ഒന്നായിരിക്കുന്നതിനും— ഞാൻ പ്രാർത്ഥിക്കുന്നു. അത്രയുമല്ല, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കേണ്ടതിനും, ഞാൻ അവരിലും, അങ്ങ് എന്നിലും ആയിരിക്കുന്നതിനും; അവർ ഐക്യത്തിൽ പരിപൂർണ്ണരാക്കപ്പെടുന്നതിനും, അതുമൂലം, അങ്ങ് എന്നെ അയച്ചിരിക്കുന്നുവെന്നും, അങ്ങ് എന്നെ സ്നേഹിക്കുന്നതുപോലെ അവരെയും സ്നേഹിക്കുന്നുവെന്നും ലോകം അറിയുന്നതിനുവേണ്ടി അങ്ങ് എനിക്കു തന്ന മഹത്വം ഞാൻ അവക്കു നൽകിയിരിക്കുന്നു. പിതാവെ, ലോകസൃ

ഷ്ടിക്കുമുമ്പു അങ്ങ് എന്നെ സ്നേഹിച്ചിരിക്കകൊണ്ട്, അങ്ങ് എനിക്കു തന്നിരിക്കുന്ന മഹത്വത്തെ അങ്ങ് എനിക്കു തന്നിട്ടുള്ളവർ കാണേണ്ടതിനു ഞാൻ ഇരിക്കുന്നേടത്തു് എന്നോടുകൂടി അവരും ഇരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നീതിയുള്ള പിതാവേ, ലോകം അങ്ങേ അറിഞ്ഞിട്ടില്ല; ഞാനോ അങ്ങേ അറിഞ്ഞിരിക്കുന്നു; അങ്ങ് എന്നെ അയച്ചുവെന്ന് ഇവരും അറിഞ്ഞിരിക്കുന്നു. അങ്ങേക്ക് എന്നോടുള്ള സ്നേഹം അവരിലുണ്ടാകുവാനും, ഞാൻ അവരിൽ സ്ഥിതിചെയ്യാനുമായി അങ്ങയുടെനാമത്തെ ഞാൻ അവരെ അറിയിച്ചു; ഇനിയും അറിയിക്കുകയും ചെയ്യും."

ഇതിൽകൂടുതലായി അവക്കു കൊടുക്കാൻ യേശുവിനു ഒന്നും ഉണ്ടായിരുന്നില്ല. പ്രാത്ഥന അവസാനിച്ചശേഷം ഭഗവാൻ കെദ്രോൺ തരണംചെയ്തു.

---

# അദ്ധ്യായം ൧.

## ഗത് സെമിനി.

(ജോൺ xviii, 1-13; മാത്യു xxvi, 36-56; മാക്ക് xiv, 32-52; ലൂക്ക് xxii. 39-59.)

കെദ്രോണിൻെറ മറുകരയിൽ മലംചരിവിൻെറ അടിവാരത്തായി ഒലിവുവൃക്ഷങ്ങളാൽ ആച് ഛാദിതമായ ഒരു ഉദ്യാനം സ്ഥിതി ചെയ്യുന്നു; മുമ്പ് അവിടെ ഒരു ഒലിവുപ്രെസ്സ് സ്ഥാപിക്കപ്പെട്ടിരുന്നതിനാൽ അതിനു ഗത് സെമിനി എന്ന പേരു കിട്ടി. അവ്യാഹതമായ ഏകാന്തതയും നിശ്ശബ്ദതയും വ്യാപിച്ചിരുന്ന ഈ സ്ഥലത്തു യേശു ദിനാന്തത്തിൽ യെറുശലേമിൽനിന്നു ബഥനിയിലേക്കു മടങ്ങിപ്പോകുമ്പോഴൊക്കെ രാത്രികാലങ്ങൾ കഴിച്ചുകൂട്ടുക പതിവുണ്ടായിരുന്നു. യൂദാസ്സിനു് ഇതു നല്ലവണ്ണം അറിയാമായിരുന്നു: അതുകൊണ്ടായിരുന്നു ഏതാനും മണിക്കൂറുകൾ കഴിഞ്ഞപ്പോൾ യേശുവിനെ തിരക്കിപ്പിടികൂടുന്നതിനു നിയുക്തമായ സംഘത്തെ അവൻ ആ തോട്ടത്തിലേക്കുതന്നെ നിസ്സന്ദേഹം നയിച്ചതു്.

യേശു ഉദ്യാനത്തിൽ പ്രവേശിച്ചമാത്രയിൽ തന്നെ മരണവേദനപോലെ ദുസ്സഹമായ ഒരു വേദന അനുഭവിച്ചു.

"ഞാൻ അവിടെപ്പോയി പ്രാർത്ഥിക്കുവോളം, നിങ്ങൾ ഇവിടെ ഇരിക്കുവിൻ," എന്ന് അദ്ദേഹം ശിഷ്യന്മാരോടു പറഞ്ഞു. അപ്പോസ്തലന്മാർക്കു വിശ്രമം നൽകിയെന്നു ഐതിഹ്യം ഘോഷിക്കുന്ന ഒരു പാറ ഉദ്യാനകവാടത്തിനു സമീപം ഇപ്പോഴും സ്ഥിതിചെയ്യുന്നു.

പീററും, ജേംസ്സും, ജോണും തന്നെ അനുഗമിക്കുന്നതിനു ഭഗവാൻ അനുവദിച്ചു; തൻെറ പീഡകളിൽ ശരിയായ ഒരു പങ്ക് അവക്കും സിദ്ധിക്കുമെന്ന് അദ്ദേഹം സംശ്രവം ചെയ്തിരുന്നു. തോട്ടത്തിൻെറ ഏററവും ഇരുട്ടടഞ്ഞ ഒരു മൂലയിലേക്കു മരങ്ങൾക്കിടയിൽക്കൂടി അദ്ദേഹം അവരെ കൊണ്ടുപോയി. ഇത്ര വ്യസനാക്രാന്തനായി അദ്ദേഹത്തെ അപ്പോസ്തലന്മാർ മുമ്പൊരിക്കലും കണ്ടിട്ടില്ലായിരുന്നു.

അദ്ദേഹം അനുഗാമികളെ നിറുത്തിയിട്ടു, സവ്യഥം പറഞ്ഞു: "എൻെറ ആത്മാവു ദുഃഖനിമഗ്നമായിരിക്കുന്നു! നിങ്ങൾ ഇവിടെ ഉണൎന്നിരുന്നു പ്രാർത്ഥിക്കുവിൻ."

അനന്തരം അദ്ദേഹം അവിടെനിന്നു നൂറുഗജം അകലെപ്പോയി മുട്ടുകുത്തി, അവാങ്മുഖനായി വീണു പ്രാർത്ഥിച്ചു:— "പിതാവെ, എല്ലാ കാര്യങ്ങളും അങ്ങേക്കു സാദ്ധ്യമാണ്; ഈ പാനപാത്രം എന്നിൽനിന്നു നീക്കിക്കളയണമെ." അദ്ദേഹത്തിനു തീരെ സഹിക്കാൻ പാടില്ലാത്തവിധത്തിൽ വേദന അതികഠിനമായിരുന്നു; തനിക്കു വേണ്ട കരുത്തും ശക്തിയും നൽകുന്നതിനുമാത്രം ദൈവത്തോട് അഭ്യർത്ഥിച്ചിട്ട്, അദ്ദേഹം ഏറെനേരം നിശ്ചലനായിരുന്നു. അവസാനമായി അദ്ദേഹം സകലവും ദൈവത്തിങ്കൽ സമർപ്പിച്ചു: "എൻെറ അഭിമതമല്ല, അങ്ങേയുടെ അഭിമതം നിർവഹിക്കപ്പെടട്ടെ!"

അനന്തരം അദ്ദേഹം ആശ്വാസം അന്വേഷിച്ച് ശിഷ്യന്മാരുടെ അടുക്കലേക്കു ചെന്നു; അപ്പോൾ അദ്ദേഹത്തിൻെറ നിസ്സഹായത കുറേക്കൂടി രൂക്ഷതരമായി പ്രത്യക്ഷമായതേയുള്ളു. അദ്ദേഹത്തോടുകൂടി ഉണൎന്നിരിക്കുന്നതിനോ, അദ്ദേഹത്തിൻെറ സങ്കടത്തിൽ സഹതപിക്കുന്നതിനോ ഒരൊററ മനുഷ്യഹൃദയംപോലുമുണ്ടായിരുന്നില്ല. സ്വല്പംമുമ്പു തൻെറ സ്ഥൈര്യവീര്യങ്ങളെ ആഭടിച്ചു പ്രദർശിപ്പിച്ച പീററും, സാക്ഷാൽ ധീരനായ ജേം

സ്സും, ക്രിസ്തുവിൻെറ പ്രിയതമശിഷ്യനായ ജോണും, ഇവരെല്ലാവരും— അവക്ക് അദ്ദേഹത്തോട് എത്രത്തോളം സ്നേഹമുണ്ടായിരുന്നിട്ടും, അവരുടെ മുമ്പാകെവച്ചുതന്നെ അദ്ദേഹം അതിദാരുണമായ വേദന അനുഭവിച്ചിട്ടും, തന്നെ തനിച്ചാക്കികളയരുതെന്നും അവരുടെ സാന്നിദ്ധ്യത്താലും പ്രാത്ഥനയാലും തന്നെ താങ്ങികൊള്ളണമെന്നും അദ്ദേഹം അവരോട് അപേക്ഷിച്ചിട്ടും— സുഖമായി കിടന്നുറങ്ങുകയായിരുന്നു!

അവർ മൂന്നുപേരിലും ഏററവും ധീരോദ്ധതനായ മനുഷ്യനെ വിളിച്ചിട്ടു, ഭഗവാൻ പറഞ്ഞു:—

„സൈമൻ, നീ ഉറങ്ങുന്നുവോ? എന്നോടുകൂടി നിനക്ക് ഒരു മണിക്കൂർ ഉറക്കിളച്ചിരിക്കാൻ സാധിക്കയില്ലേ? നിങ്ങൾ പ്രലോഭനത്തിൽ അകപ്പെടാതിരിക്കാനായി ഉണന്നിരുന്നു പ്രാത്ഥിക്കുവിൻ. അന്തരംഗം സന്നദ്ധമായിരിക്കുന്നു; എന്നാൽ മാംസം ബലഹീനമാകുന്നു.”

യേശു വീണ്ടും പോയി സാഷ്ടാംഗപ്രണാമംചെയ്തു, മുമ്പിലത്തെപ്പോലെ പ്രാത്ഥിച്ചു:—

“പിതാവെ, ഞാൻ കുടിച്ചല്ലാതെ ഈ പാത്രം ഒഴികയില്ലെങ്കിൽ അങ്ങേ അഭിമതം നിവ്വഹിക്കപ്പെടട്ടെ.”

യേശു വീണ്ടും മടങ്ങിവന്നപ്പോൾ അപ്പോസ്തലന്മാർ ഗാഢനിദ്ര ചെയ്യുന്നതു കണ്ടു. “അദ്ദേഹത്തോട് എന്തു മറുപടി പറയണമെന്ന് അവർ അറിഞ്ഞില്ല,” എന്നു വി: മാക്കു പറയുന്നു. ഭഗവാൻ ഒടുവിലത്തെ പ്രാവശ്യം അവരെ വിട്ടു പോയി; അപ്പോൾ നടന്ന ആത്മീയസമരം ഏററവും വേദനാവഹമായിരുന്നു.

ആ സമയം ക്രിസ്തുവിൻെറ അന്തരംഗത്തിൽ എന്തു സംഭവിച്ചു? ലോകത്തിൻെറ പാപങ്ങളെ വഹിച്ച ആട്ടിൻകുട്ടിയെ നാരകീയശക്തികൾ വിഴുങ്ങിക്കളയാൻ ഭാവിച്ചോ? സവ്വകാലങ്ങളിലെയും, കഴിഞ്ഞുപോയതും ഇനി വരാനിരിക്കുന്നതുമായ എല്ലാ പാപങ്ങളുടെയും ഭാരംകൊണ്ടു് അദ്ദേഹത്തെ മർദ്ദിച്ചുകളയാമെന്നു നരകസമ്രാട്ടു് അഹങ്കരിച്ചോ? ഏതാദൃശങ്ങളായ ഊഹാപോഹങ്ങൾ ഇവിടെ അപ്രകൃതമാണ്. ഭഗവാൻെറ നയനങ്ങൾ അശ്രുപൂണ്ണമായിരുന്നതിനുപുറമെ രക്തകണങ്ങൾ അദ്ദേഹത്തിൻെറ രോമദ്വാരങ്ങളിൽക്കൂടി പ്രവഹിച്ചിരുന്നുവെന്നു മാത്രം നമുക്ക് അറിയാം. “അദ്ദേഹം അസഹ്യമായ വേദന അ

നുഭവിച്ചപ്പോൾ അദ്ദേഹത്തിൻെറ ശരീരത്തിൽനിന്നു വിയൎപ്പ് രക്തബിന്ദുക്കളായി ഒഴുകി തറയിൽ വീണു."

അദ്ദേഹം കുറേക്കൂടി ഊൎജ്ജിതമായി മുമ്പിലത്തെ പ്രാൎത്ഥനയെത്തന്നെ ആവൎത്തിക്കുകമാത്രം ചെയ്തു:

"പിതാവെ, ഞാൻ കുടിച്ചല്ലാതെ ഈ പാനപാത്രം ഒഴിയുകയില്ലെങ്കിൽ, അങ്ങേ അഭിമതം നിൎവ്വഹിക്കപ്പെടട്ടെ."

ഈ രക്തപ്രവാഹവും, ഈ അശ്രുകണങ്ങളും, ഈ പരിദേവനങ്ങളും ദൈവസന്നിധിയെ പ്രാപിച്ചു. നിൎമ്മലനായ ഈ സ്നേഹമൂൎത്തിയുടെ പ്രാൎത്ഥന കേട്ടപ്പോൾ, ആദാമിൻെറ അധഃപതനംമുതൽ പാപകലുഷിതമായ മനുഷ്യവൎഗ്ഗത്തിനായി അടയ്ക്കപ്പെട്ടിരുന്ന സ്വൎഗ്ഗകവാടങ്ങൾ തുറക്കപ്പെടുകയും, രക്ഷാനാഥനു ശക്തിയും ആശ്വാസവും നൽകുന്നതിനായി ഒരു ദൈവദൂതൻ ആവിൎഭവിക്കുകയുംചെയ്തു. യേശു വേദനയെ അടക്കിയിട്ടു, "വരാനിരിക്കുന്ന സംഗതികളെല്ലാം അറിഞ്ഞുകൊണ്ടും," എങ്കിലും, പീഡാനുഭവവും മരണവും എത്രയും പ്രശാന്തമനസ്കനായി പ്രതീക്ഷിച്ചുകൊണ്ടും എഴുന്നേററു.

അനന്തരം അദ്ദേഹം വീണ്ടും സുഷുപ്തിയിൽ ലയിച്ചിരുന്ന ശിഷ്യന്മാരുടെ അടുക്കൽ തിരിച്ചുചെന്നു. തങ്ങളുടെ ഗുരുനാഥൻ തീവ്രവേദന അനുഭവിച്ച സമയം ഉറക്കിളച്ചു കാത്തിരിക്കുക എന്ന കൎത്തവ്യത്തെ അവർ അനുഷ്ഠിച്ചില്ല. അവർ നഷ്ടപ്പെടുത്തിയ ഈ സുവൎണ്ണാവസരം ഇനി ഒരിക്കലും അവൎക്കു സിദ്ധിക്കയില്ല. ശാസനയും കരുണയും അത്ഭുതകരമാംവണ്ണം സമ്മിളിതമായ ഈ വാക്കുകൾ അദ്ദേഹം പറഞ്ഞു: "സുഖമായി ഉറങ്ങി, നിങ്ങൾ വിശ്രമം അനുഭവിക്കുവിൻ. എന്നോടുകൂടി ജാഗരണം അനുഷ്ഠിക്കുന്നതിനു് ഇനി അവസരമില്ല." അനന്തരം യൂദാസ്സിൻെറ വരവിൻെറ ലക്ഷ്യങ്ങൾ കണ്ടുതുടങ്ങുകയാൽ, അദ്ദേഹം പറഞ്ഞു:— "അതു മതി; മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏൾപ്പിക്കപ്പെടാനുള്ള സമയം വന്നിരിക്കുന്നു; എഴുന്നേല്പുവിൻ, വരുവിൻ! എന്നെ ഒററിക്കൊടുക്കാൻ പോകുന്നവൻ ഇതാ വന്നിരിക്കുന്നു."

യേശു സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ആയുധപാണികളായ ഒരു സംഘം ജനങ്ങൾ ആ ഉദ്യാനത്തെ സമീപിച്ചു. അതു സൻഹെദ്രിൻസഭാംഗങ്ങൾ, ദേവാലയവേത്രികൾ, മഹാപുരോഹിതന്മാരുടെ കിങ്കരന്മാർ തുടങ്ങിയ വിവിധതരക്കാരായ

യഹൂദരുടെ ഒരു വലിയ സമൂഹത്താൽ അനുഗതരായ ഒരു റോമൻസൈനികോദ്യോഗസ്ഥനും ഭടന്മാരുമായിരുന്നു; അവരുടെ മുമ്പായി 'പന്ത്രണ്ടുപേരിൽ ഒരുവ'നായ യൂദാസ്സുമുണ്ടായിരുന്നു. അവർ പന്തങ്ങളും വിളക്കുകളും വഹിച്ചിരുന്നു. തോട്ടത്തിൻെറ വാതുക്കൽ വന്നപ്പോൾ അവിടെ നിന്ന് അനന്തരകരണീയത്തെപ്പററി അവർ ഒരു കൂട്ടാലോചന നടത്തി. ഒരു ചുംബനംകൊണ്ടു താൻ ദിവ്യഗുരുവിനെ കാണിച്ചുകൊടുക്കാമെന്നു യൂദാസ്സ പറഞ്ഞു. ആ പരിരംഭണത്തോടുകൂടിത്തന്നെ അവർ അദ്ദേഹത്തെ പിടികൂടി ബന്ധിക്കണം. ഇതെല്ലാം, അദ്ദേഹത്തിൻെറ അമാനുഷശക്തിയെ ഭയപ്പെട്ടു, വളരെ സൂക്ഷിച്ചും, കരുതലോടുകൂടിയുംവേണം അവർ ചെയ്യേണ്ടതു്.

അവർ ഇങ്ങനെ കൂടിയാലോചിച്ചുകൊണ്ടു നിന്നപ്പോൾ ഭഗവാൻ പൊടുന്നനവെ അവരുടെ മുമ്പാകെ പ്രത്യക്ഷനായി. അദ്ദേഹത്തെ കണ്ടപ്പോൾ യൂദാസ്സ ഞെട്ടിഞ്ഞി; അവൻെറ ദുരുപായങ്ങളെല്ലാം വിഫലീഭവിച്ചതുപോലെ അവനു തോന്നി.

"നിങ്ങൾ ആരെ അന്വേഷിക്കുന്നു?" എന്നു യേശു ചോദിച്ചു. അപ്പോസ്തലനും, അവനെപ്പോലെ രക്ഷാനാഥനെ അറിയാവുന്നവരും അവരുടെ ദുരുദ്ദേശ്യം വെളിപ്പെട്ടുപോയതുകൊണ്ടു വിസ്മയാന്ധതയാൽ മൂകീഭവിച്ചുപോയി. ബാക്കിയുള്ളവർ യൂദാസ്സ നിശ്ശബ്ദനായും നിശ്ചലനായും നിൽക്കുന്നതു കണ്ടു, ആഗന്തുകൻ ഒരു അപരിചിതനായിരിക്കാമെന്നു വിചാരിച്ച്, ഉടൻ ഇങ്ങനെ പ്രതിവചിച്ചു:—

"നസറത്തിലെ യേശുവിനെ."

"ഞാൻ അവനാകുന്നു," എന്നു ഭഗവാൻ പറഞ്ഞു.

ഭയവിവശരായി അവർ എല്ലാവരും പിൻവാങ്ങി, അദ്ദേഹത്തിൻെറ പാദങ്ങളിൽ പ്രണമിച്ചു.

"നിങ്ങൾ ആരെ അന്വേഷിക്കുന്നു?" എന്നു ഭഗവാൻ വീണ്ടും ചോദിച്ചു. അവരുടെ മുമ്പാകെ നിൽക്കുന്നതു് ആരാണെന്നു് ഒടുവിൽ അവക്കു മനസ്സിലായി; എന്നിട്ടു "നിന്നെത്തന്നെ" എന്നു പറയുന്നതിനു് അവക്കു ധൈയ്യമുണ്ടായില്ല; വീണ്ടും അവർ ഈ മറുപടി മാത്രം പറഞ്ഞു:

"നസറത്തിലെ യേശുവിനെ"

"നസറത്തിലെ യേശു ഞാനാകുന്നുവെന്നു ഞാൻ നിങ്ങളോടു പറഞ്ഞുകഴിഞ്ഞുവല്ലോ".

രണ്ടാംപ്രാവശ്യവും ക്രിസ്തു സ്വമേധയാ അവരുടെ കരങ്ങളിൽ അകപ്പെട്ടുകൊടുക്കുന്നു; എന്നാൽ അദ്ദേഹം തൻെറ അനുയായികളുടെ കാൎയ്യം വിസ്മരിക്കുന്നില്ല: "നിങ്ങൾ എന്നെ അന്വേഷിക്കുന്നുവെങ്കിൽ, ഇവർ അവരുടെ പാട്ടിനുപോകട്ടെ," എന്നുകൂടി അദ്ദേഹം പറഞ്ഞു.

താൻ അഭിഭൂതനായിട്ടും, ശത്രുക്കളാൽ ബന്ധനസ്ഥനായിട്ടും, അവരുടെ അക്രമത്തിനു് അദ്ദേഹം അതിരു നിൎണ്ണയിക്കുന്നു; ആ അതിരു് അവർ ആദരിക്കുകയുംവേണം. "പിതാവേ, അങ്ങു് എനിക്കു തന്നവരിൽ ഒരുത്തനെയും ഞാൻ നഷ്ടപ്പെടുത്തിയിട്ടില്ല," എന്ന ഭഗവാൻെറ പ്രതിശ്രുവം ഇപ്രകാരം നിൎവ്വഹിക്കപ്പെട്ടു.

ഈ വിചികിത്സയ്ക്കും തൎക്കത്തിനും ഒരു അവസാനം വേണം. സേനാനായകനും ഭടന്മാരും അക്ഷമരായി യൂദാസ്സിൻെറ കരാറിൻപ്രകാരമുള്ള സംജ്ഞ പ്രതീക്ഷിച്ചെന്നോണം അവനെ നോക്കി. ഝടിതി, ആ സ്വാമിദ്രോഹി അവൻെറ സ്വാമിയെ സമീപിച്ചു.

"സ്വാമിൻ, സ്വാമിൻ, ജയ! ജയ!!" എന്നു് അവൻ ഘോഷിച്ചുകൊണ്ടു ഭഗവാൻെറ കവിൾത്തടത്തിൽ ചുംബിച്ചു.

"യൂദാസ്സേ, സ്നേഹിതാ, ഇതിനായിട്ടാണോ നീ ഇവിടെ വന്നതു്? മനുഷ്യപുത്രനെ ഒരു ചുംബനത്താൽ ഒററിക്കൊടുക്കുന്നതിനോ?" എന്നു യേശു ചോദിച്ചു.

ഉത്തരക്ഷണത്തിൽ ഭടന്മാർ വന്നു യേശുവിനെ പിടികൂടി. അപ്പോസ്തലന്മാർ അദ്ദേഹത്തിൻെറ ചുററും അവരുടെ രണ്ടു വാളുകളും ഊരിപ്പിടിച്ചു തയാറായി നിൽക്കുന്നുണ്ടായിരുന്നു. എന്തു സംഭവിക്കാൻ പോകുന്നുവെന്നു കണ്ടിട്ടു, അവരിൽ ഒരുത്തൻ വിളിച്ചുപറഞ്ഞു:

"സ്വാമിൻ, ഞങ്ങൾ അവരെ വെട്ടിക്കളയട്ടോ?"

ആ മാത്രയിൽത്തന്നെ സൈമൻെറ ഖഡ്ഗം പന്തവെളിച്ചത്തിൽ മഹാപുരോഹിതൻെറ പരിചാരകനായ മാൽക്രൂസ്സ് എന്നൊരുവൻെറ തലയ്ക്കുമീതെ തിളങ്ങുന്നതായി കാണപ്പെട്ടു. അവൻ ഒരു വശത്തോട്ടു ഒഴിയുകയാൽ വെട്ടു അവൻെറ വലതുകാതിൽ ഏൾക്കുകയും, അതു ഛേദിക്കപ്പെടുകയുംചെയ്തു.

"ഇത്രത്തോളം നിങ്ങൾ കടന്നുപോയോ?" എന്നു യേശു സഗൗരവം ചോദിച്ചു. മാൽക്രൂസ്സിൻെറ രക്തപ്രവാഹം കണ്ടിട്ടു്, അറസ്റ്റു്ചെയ്യപ്പെട്ടുവെങ്കിലും, അപ്പോഴും ബന്ധിക്ക

പ്പെട്ടിട്ടില്ലാതിരുന്ന തൻെറ കരങ്ങൾകൊണ്ട് അദ്ദേഹം അവൻെറ ചെവിയിൽ തൊടുകയും, അതു പൂൎവ്വവൽ സുഖം പ്രാപിക്കുകയും ചെയ്തു.

അനന്തരം പീററിൻെറ നേരെ തിരിഞ്ഞു, തൻെറ പീഡാനുഭവത്തിൻെറ പ്രശാന്തതയെ വ്യതിചലിപ്പിച്ചതിനും, തന്നെയും തൻെറ ശിഷ്യസംഘത്തെയും അധികൃതന്മാരാൽ പിടിക്കപ്പെട്ട ഒരു തസ്കരസംഘത്തോടു സമാനമാക്കിക്കളഞ്ഞതിനും ഭഗവാൻ ആ അപ്പോസ്തലവീരനെ ശാസിച്ചു.

"നിൻെറ വാൾ നിൻെറ ഉറയിൽ തിരിച്ചിടുക; എന്തെന്നാൽ വാളെടുക്കുന്ന ഏവനും വാൾകൊണ്ടു മരിക്കും."

അനന്തരം അദ്ദേഹത്തിൻെറ യാതനയെയും പീഡാനുഭവത്തെയുംപററിയുള്ള ചിന്ത പുനരുജ്ജ്വലിച്ചു:—

"എന്ത്! എൻെറ പിതാവ് എനിക്കു തന്നിരിക്കുന്ന പാനപാത്രത്തെ കുടിച്ചൊഴിക്കാതിരിക്കയോ? എനിക്ക് അദ്ദേഹത്തോട് അപേക്ഷിക്കാൻ പാടില്ലെന്നും, അദ്ദേഹം ഇവിടെ എനിക്കായി മാലാഖമാരുടെ പന്ത്രണ്ടു സൈന്യങ്ങളെ അയച്ചുതരികയില്ലെന്നും നീ വിചാരിക്കുന്നോ? പക്ഷെ അപ്രകാരമായാൽ, ഈ വിധമെല്ലാം സംഭവിച്ചേതീരു എന്നു പ്രവചിക്കുന്ന വേദവാക്യങ്ങൾ എങ്ങനെ നിൎവ്വഹിക്കപ്പെടും?"

ഏതാദൃശമായ ആത്മപരിത്യാഗം പീററിനെ വിഷമിപ്പിച്ചു; എങ്കിലും ഈ പരാഭവസമയത്തും ഭഗവാൻ ദൈവത്തെ പിതാവെന്നു വിളിച്ചുവെന്നും, ഭയവിഹ്വലരായ പന്ത്രണ്ട് അപ്പോസ്തലന്മാൎക്കു പകരം തൻെറ ശത്രുക്കളെ വിദ്രാവണം ചെയ്യുന്നതിന് അത്രയും മാലാഖാസൈന്യങ്ങളെ വരുത്തുന്നതിന് അദ്ദേഹത്തിനു കഴിയുമെന്നും ആ ശുദ്ധൻ മനസ്സിലാക്കി.

ദിവ്യഗുരുവിൻെറ ദിവ്യോപാധികളെ നിൎദ്ധാരണം ചെയ്യുക അശക്യമെന്നു ബോദ്ധ്യമായി പീററർ മൗനം അവലംബിച്ചു.

അപ്പോൾ ഏതാനും സൻഹെദ്രിൻ സഭാംഗങ്ങൾ അവരെ സമീപിക്കുന്നതു യേശു കണ്ടു. അവരുടെ കൂട്ടത്തിൽ ദേവാലയത്തിലെ ചില ഉദ്യോഗസ്ഥന്മാരും, പുരോഹിതപ്രമാണികളും ജ്യായാന്മാരും ഉണ്ടായിരുന്നു. അവർ തന്നോടു കാണിച്ച അക്രമത്തെ വീതരോഷമായ സ്വരത്തിൽ യേശു പ്രതിഷേധിച്ചു.

"ഒരു മോഷ്ടാവിനെ എന്നപോലെ എന്നെ പിടികൂടുന്നതിനു വാളുകളോടും വടികളോടുംകൂടി നിങ്ങൾ വന്നിരിക്കുന്നു.

ഞാൻ ഓരോദിവസവും നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ടായിരിക്കുകയും, ദേവാലയത്തിൽ ധർമ്മോപദേശം ചെയ്യുകയും ചെയ്തിരുന്നു; എന്നിട്ടു നിങ്ങൾ എന്നെ തടഞ്ഞില്ല; എന്നാൽ ഇതാ! ഇതു് നിങ്ങളുടെ സമയവും, അന്ധകാരത്തിന്റെ ശക്തിയും ആകുന്നു!”

ഇപ്രകാരം യേശു തന്നെ ബന്ധിക്കുന്നതിനു ദൈവത്താൽ നിശ്ചയിക്കപ്പെട്ട സമയം വരുന്നതുവരെ കാക്കുന്നതിനു ശത്രുക്കൾ നിർബന്ധിതരായിരുന്നുവെന്നു അവരുടെ മുമ്പാകെ തന്നെ പ്രസ്താവിച്ചു.

“ദീർഘദർശികളാൽ എഴുതപ്പെട്ടിരുന്നതു നിറവേറുന്നതിനായി ഇതെല്ലാം സംഭവിക്കുന്നു,” എന്നു് അദ്ദേഹം പറഞ്ഞു.

ഈ വാക്കുകൾ കേട്ടപ്പോൾ ശിഷ്യന്മാർ പലായനം ചെയ്യുകയും ആയുധപാണികളായ ഭടന്മാർ നിർബാധം അദ്ദേഹത്തെ വളയുകയും ചെയ്തു. അവരും ജനസമൂഹവും അദ്ദേഹത്തെ ഉടൻ ബന്ധിക്കുന്നതിനു് ഉദ്യമിച്ചു; അദ്ദേഹത്തിന്റെ വാക്കിന്റെ അനിരോധ്യമായ ശക്തി അപ്പോഴും അവരെ വിറപ്പിച്ചു. സ്വശിഷ്യന്മാരാൽ പരിത്യക്തനായ യേശുവിനെ അവർ ഉന്തിയും, തള്ളിയും, വലിച്ചും യരുശലേമിലേക്കു കൊണ്ടുപോയി, ഒരു യുവാവുമാത്രം അദ്ദേഹത്തിന്റെ കാലടികളെ പിന്തുടർന്നു; ഗത്സെമിനീവൃക്ഷവാടികയുടെ സമീപസ്ഥമായ ഏതോ ഭവനത്തിൽ താമസിച്ചിരുന്ന ഈ തരുണൻ അരവം കേട്ടു പെട്ടെന്നു് ഉണർന്നു, ബദ്ധപ്പെട്ടു പുറപ്പെട്ടുകയാൽ ഒരു മുണ്ടുമാത്രം പുതച്ചിട്ടുണ്ടായിരുന്നു. അവന്റെ ബദ്ധപ്പാടും വ്യഗ്രതയും കണ്ടു, ഭടന്മാർ സംശയിച്ചു, അവനെ പിടികൂടാൻ ശ്രമിച്ചു; അവൻ മുണ്ടു് അവരുടെ കൈയിൽ വിട്ടുകൊടുത്തിട്ടു്, ഇരുട്ടത്തു് ഓടിമറഞ്ഞു.

# അദ്ധ്യായം വ്യ.

## യേശുവിൻെറ വിസ്താരം.

## I.

### യേശു അന്നാസ്സിൻെറ സന്നിധിയിലേക്ക ആനയിക്കപ്പെടുന്നു.

(ജോൺ xviii, 13-14, 19-24; ലൂക്ക് xxii, 54;
മാർക്ക് xiv, 53 )

ഗത്സെമനിയിൽനിന്നു സിയോണിലേക്കുള്ള റോഡു് കെഡ്റോൻനദി കടന്നു, മൊറിയാമലയുടെ അടിവാരത്തുള്ള ശവകുടീരങ്ങളുടെ ഇടയിൽക്കൂടി വക്രഗതിയായി ഒഫേൽഗിരിയെ ആരോഹണം ചെയ്തു, നഗരത്തിൻെറ ദക്ഷിണകവാടങ്ങളിലൊന്നിൽക്കൂടി അതിൽ പ്രവേശിക്കുന്നു. യേശുവിനെ മഹാപുരോഹിതന്മാരായ കൈഫാസ്സിൻെറയും അന്നാസ്സിൻെറയും അരമനയിലേക്ക് ആനയിക്കുന്നതിനായി ഭടന്മാർ ഈ മാർഗ്ഗത്തെ അവലംബിച്ചു.

ഈ കാലഘട്ടത്തിൽ അന്നാസ്സിനുണ്ടായിരുന്ന പ്രാമുഖ്യത്തെപ്പററി—വലേറിയസ്സ് ഗ്രാത്തുസ്സിനാൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടുവെങ്കിലും, പൊതുകാര്യങ്ങളിൽ അയാളുടെ പ്രാമാണികത്വം എങ്ങനെ നഷ്ടപ്പെടാതിരുന്നുവെന്നും, മഹാപുരോഹിതസ്ഥാനം സ്വകുടുംബത്തിൽനിന്നു വെളിക്കു പോകാതെ എങ്ങനെ അയാൾ സൂക്ഷിച്ചുവെന്നും, സ്വജനങ്ങളുടെ ദൃഷ്ടിയിൽ നിയമപ്രകാരമുള്ള ഏകമഹാപുരോഹിതനായി അയാൾ എങ്ങനെ സർവ്വദാ പരിലസിച്ചുവെന്നും—അന്യത്ര പ്രസ്താവിക്കപ്പെട്ടിട്ടുണ്ടു്. സൻഹെദ്രിൻസഭ സകലവിധ ബഹുമാനങ്ങളും അയാൾക്കു നൽകുന്നതായി സുവിശേഷത്തിൽ നാം കാണുന്നു. യേശുവിൻെറ മേലുള്ള അപരാധാരോപണത്തെയും ബന്ധനത്തെയും പററി ഒന്നാമതായി അറിയിക്കപ്പെടുന്നതു് അയാളാണു്; അയാളുടെ ജാമാതാവും റോമൻഭരണാധികാരികളാൽ മഹാപുരോഹിതനായി നിയമിതനുമായ കൈഫാസ്സിൻെറ അവകാശങ്ങൾ അവഗണിക്കപ്പെടുന്നു. ഈ രണ്ടു പുരോഹിതപ്രമാണികളും ഒരു ഹർമ്മ്യത്തി

ൻെറതന്നെ രണ്ടു ഭാഗങ്ങളിലായി താമസിച്ചിരുന്നതുകൊണ്ടു യഹൂദന്മാരുടെ നിയമാനുസൃതമല്ലാത്ത ഈ പെരുമാററം അത്ര പ്രത്യക്ഷമാകാൻ ഇടയില്ലായിരുന്നു; വേണ്ടിവന്നാൽ യേശുവിനെ അന്നാസ്സിൻെറ അടുക്കൽനിന്നു കൈഫാസ്സിൻെറ സന്നിധിയിലേക്കു കൊണ്ടുപോകുന്നതിനു് അവക്കു ഒരു ഇടമുററം കടന്നാൽ മതിയായിരുന്നു.

അപ്രകാരം, ദിവ്യരക്ഷകൻ ഒന്നാമതായി അന്നാസ്സിൻെറ സന്നിധിയിൽ ആനീതനായി. അയാൾ സൻഹെദ്രിൻ സഭ കൂടുന്നതിനു മുമ്പായി "അദ്ദേഹത്തിൻെറ ശിഷ്യന്മാരെയും ബോധനത്തെയും പററി" അദ്ദേഹത്തോടു വിസ്തരിച്ചു ചോദിച്ചു. ഈ അനുയോഗങ്ങളിൽനിന്നു പ്രഷ്ടാവിൻെറ ആന്തരമായ ഉദ്ദേശ്യം വെളിവാകുന്നു. ഒരു നവീന പ്രസ്ഥാനത്തെപ്പററി വിധിപറയുകയെന്നതിനേക്കാൾ ഒരു രഹസ്യോദ്യമത്തെ കണ്ടുപിടിച്ചു പരസ്യപ്പെടുത്തി വിഫലീഭവിപ്പിക്കുകയെന്നുള്ളതാണു് മഹാപുരോഹിതൻെറ പ്രധാനോദ്ദേശ്യമെന്നു സുസ്പഷ്ടമാണു്. പൗരസ്ത്യരാജ്യങ്ങളെ ആകമാനവും, യൂദയാദേശത്തെ വിശേഷിച്ചും പ്രക്ഷോഭിപ്പിച്ചുകൊണ്ടിരുന്ന അനേകം ഭ്രമാത്മകങ്ങളായ പ്രസ്ഥാനങ്ങളിൽ ഒന്നായി സവ്വത്ര സംഭാഷണവിഷയമായിത്തീന്നിരുന്ന യേശുവിൻെറ 'സാമ്രാജ്യ'ത്തെ അയാൾ പരിഗണിച്ചു. ഈ പ്രസ്ഥാനങ്ങൾ റോമാഗവൺമെൻറിനു വിപരീതമായി ഏതു നിമിഷവും ബഹളങ്ങളുണ്ടാക്കുന്നതിനു പയ്യാപ്തങ്ങളായിരുന്നു. അതിനാൽ യേശുവിൻെറ സഹചരന്മാരിൽ ചിലരെ കണ്ടുപിടിച്ചു, അവരുടെ മൊഴികളിൽനിന്നു് അദ്ദേഹത്തിനു വിപരീതമായ ഒരു വിധി സമ്പാദിക്കത്തക്കവണ്ണം എന്തെങ്കിലും തെളിവുകൾ ശേഖരിക്കാൻ കഴിയുമെന്നു് അയാൾ വിചാരിച്ചു.

ക്രിസ്തു ഒരു ദ്രോഹോദ്യുതൻ എന്ന നിലയിൽ ലോകസമക്ഷം പ്രത്യക്ഷനാവുകയെന്നുള്ളതു സമഞ്ജസമായിരിക്കയില്ല. തൻെറ ശിഷ്യന്മാരെപ്പററി യാതൊന്നും പ്രസ്താവിക്കാതെ അന്നാസ്സിനാൽ അപ്രതിക്ഷിതമായ ഒരു പ്രത്യുത്തരം അദ്ദേഹം നൽകി:

"ഞാൻ പരസ്യമായാണു പ്രസംഗിച്ചിട്ടുള്ളതു്; യഹൂദർ സമ്മേളിക്കുന്ന പ്രാത്ഥനാലയങ്ങളിലും ദേവാലയത്തിലുമാണു ഞാൻ എല്ലായ്പോഴും പഠിപ്പിച്ചിട്ടുള്ളതു്; ഞാൻ രഹസ്യമായി യാതൊന്നും പറഞ്ഞിട്ടില്ല. എന്നെ എന്തുകൊണ്ടു് അനുസന്ധാനം ചെയ്യുന്നു? ഞാൻ പറഞ്ഞതു കേട്ടിട്ടുള്ളവരോടു് ഞാൻ അവ

രോട്ട് എന്തു പറഞ്ഞിട്ടുണ്ടെന്നു ചോദിക്കുക. ഞാൻ അവരെ എന്തു പഠിപ്പിച്ചിട്ടുണ്ടെന്ന് അവക്ക് അറിയാം."

ഈ പ്രതിവാക്യത്തിൻെറ അന്യാദൃശമായ ശക്തിയും ഊൎജ്ജസ്സും ശരിയായി മനസ്സിലാകണമെങ്കിൽ മൂലഗ്രന്ഥം തന്നെ നാം വായിക്കണം; അപ്രകൃതമായ സകലവിചാരങ്ങളിൽനിന്നും അന്നാസ്സിൻെറ മനസ്സിനെ പ്രതിനിവൎത്തിപ്പിച്ചിട്ട്, അദ്ദേഹം അവൻെറ ശ്രദ്ധയെ മുഴുവനും തൻെറ പക്കലേക്കു സമാകൎഷിച്ചു. "നിങ്ങൾക്ക് അറിയാനുള്ളതു് എന്നെ, എന്നെമാത്രമാണ്. എൻെറ ബോധനം ഞാൻതന്നെയാണ്. എന്നെ സംബന്ധിച്ചു ഞാൻ ലോകത്തോടു സ്വതന്ത്രമായി, കാപട്യലേശംകൂടാതെ പ്രസ്താവിച്ചിട്ടുമുണ്ട്. ഞാൻതന്നെ—എല്ലായിടത്തും, എല്ലാക്കാലത്തും, ജപാലയങ്ങളിലും, ദേവാലയമണ്ഡപങ്ങളിലും, യഹൂദർ സമ്മേളിക്കുന്ന എല്ലാസ്ഥലങ്ങളിലും ഞാൻതന്നെ—ഇതുതന്നെയായിരുന്നു എൻെറ ബോധനം. ഗോപ്യതയെപ്പററി എന്തുകൊണ്ടു സംസാരിക്കുന്നു? ഞാൻ പറഞ്ഞ ഒന്നിനെയും ഞാൻ ഒളിച്ചുവച്ചിട്ടില്ല. ആ സ്ഥിതിക്കു നിങ്ങൾ എന്തുകൊണ്ട് എന്നോട്ട് അനുയോജിക്കുന്നു? എൻെറ ശിഷ്യന്മാരെ അനുസന്ധാനം ചെയ്യരുതു്; എൻെറ പ്രസംഗം കേട്ടിട്ടുള്ളവരോടു ചോദിക്കുവിൻ." തൻെറ ചുററും നിൽക്കുന്ന മനുഷ്യരെ കാണിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു: "നോക്കുവിൻ, ഇവിടെയുള്ള ഈ മനുഷ്യൎതന്നെയും ഞാൻ പറഞ്ഞിട്ടുള്ളതു് എന്താണെന്ന് അറിയാം."

ഈ വചനങ്ങളിൽനിന്നു യേശുവിനു നേരെ സമാധാനം പറയാൻ ഭാവമില്ലെന്ന് അടുത്തു നിന്നവർ ധരിച്ചു. അന്നാസ്സിൻെറ സേവകന്മാരിൽ രക്ഷാനാഥൻെറ സമീപസ്ഥിതനായ ഒരുവൻ ഇപ്രകാരം പറഞ്ഞുകൊണ്ട് അദ്ദേഹത്തിന് ഒരടികൊടുത്തു. "മഹാപുരോഹിതനോടു നീ സമാധാനം പറയുന്നതു് ഇങ്ങനെയാണോ?"

"ഞാൻ ചീത്ത പറഞ്ഞുവെങ്കിൽ ഞാൻ എന്തു ചീത്തയാണു പറഞ്ഞിരിക്കുന്നതെന്നു കാണിക്കുക. എന്നാൽ ഞാൻ നല്ലതു പറഞ്ഞുവെങ്കിൽ താൻ എന്നെ അടിക്കുന്നതെന്തിന്?"

ഈ അജയ്യമായ ശാന്തസ്വഭാവത്തെ കണ്ടിട്ട്, അന്നാസ്സ് ഉടൻ അനുസന്ധാനം മതിയാക്കി, യേശുവിനെ ബന്ധിച്ചു, കൈഫാസ്സിൻെറ സന്നിധിയിലേക്കു—'കക്ഷിയെ വിസ്തരിക്കേണ്ട ആവശ്യമില്ല, വിധിപറഞ്ഞാൽ മതി' എന്നുള്ള സന്ദേശത്തോടു

കൂടി— അയച്ചു. ഈ കരുതലിൻെറ ആവശ്യമുണ്ടായിരുന്നില്ല; എന്തെന്നാൽ, വി. ജോൺ നമ്മെ അനുസ്മരിപ്പിക്കുന്നതുപോലെ, ഈ കൈഫാസ്സുതന്നെയായിരുന്നു ഏതാനും ദിവസങ്ങൾക്കുമുമ്പ് ഇങ്ങനെ ഉദ്ഘോഷിച്ചത്.

"എല്ലാജനങ്ങൾക്കുംവേണ്ടി ഒരു മനുഷ്യൻ മരിക്കണമെന്നുള്ളതു ന്യായമല്ലയോ?"

## II.

### യേശു കൈഫാസ്സിൻേറയും സൻഹെദ്രിൻ സഭയുടേയും മുമ്പാകെ ഹാജരാക്കപ്പെടുന്നു.

(മാത്യു xxvi, 59-68; മാർക്ക് xiv, 55-65.)

യേശു സൻഹെദ്രിൻ സഭയിലേക്കു കൊണ്ടുവരപ്പെട്ട പ്രസ്തുതരാത്രിയിൽകൂടിയ ആ മഹാജനയോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചതു കൈഫാസ്സ് ആയിരിക്കണമെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. സൻഹെദ്രിൻെറ അദ്ധ്യക്ഷസ്ഥാനത്തിനു മുറപ്രകാരമുള്ള അവകാശി റാബാൽഗമാലിയെൽ ആയിരുന്നു; തൻെറ പിതാവായ സൈമൻെറ മരണംമുതൽ അതു വഹിച്ചുവന്നിരുന്നതു് അയാളായിരുന്നു. അയാളെ അന്നത്തെ യോഗത്തിൽ വരുത്താതിരുന്നതു മനഃപൂർവ്വമായിരുന്നുവെന്നതിനു സംശയമില്ല. വിശാലമനസ്കനും, ഹില്ലേലിൻെറ ഉപദേശങ്ങളെ നിഷ്കളങ്കമായി അവലംബിച്ചിട്ടുള്ളവനും ആയ ആ മനുഷ്യൻ ഷാമായിയുടെയും വേദശാസ്ത്രികളുടെയും കുടിലവും കർക്കശവുമായ നിയമസംഹിതയെ അവഗണിച്ചിരുന്നു; കുറേക്കഴിഞ്ഞു് അയാൾ ക്രിസ്തുമതാനുയായികൾക്കുവേണ്ടി വാദസമരം ചെയ്യുന്നതായും നാം കാണുന്നു. താദൃശനായ ഒരു മനുഷ്യൻ യേശുവിൻെറ വിസ്താരത്തിൽ സംബന്ധിക്കുന്നതിനു ക്ഷണിക്കപ്പെടുകയെന്നുള്ളതു സംഭാവ്യമല്ലതന്നെ. മഹാപുരോഹിതൻതന്നെ അതിൽ അഗ്രാസനാധിപത്യം സ്വീകരിച്ചു. ഇതിനുള്ള അധികാരം വിശേഷിച്ചു യഹോവായുടെ മതത്തെ സംബന്ധിച്ചുള്ള കേസ്സുകളിൽ മഹാപുരോഹിതന്മാർക്കുണ്ടായിരിക്കുകയും, ചില സന്ദർഭങ്ങളിൽ അവർ അതിനെ ഉപയോഗിക്കുകയും ചെയ്തിരുന്നു.

യേശുവിനെ വിസ്തരിക്കാൻപോകുന്ന ഈ മഹാജനയോഗം യൂദയായിലെ നീതിന്യായമേൽക്കോടതിയായിരുന്നു. അതിൽ

എഴുപത്തിയൊന്നു സാമാജികന്മാരുണ്ടായിരുന്നു. എങ്കിലും അതിൻെറ അധികാരയുക്തതയ്ക്കും തീരുമാനങ്ങളുടെ സാധുതയ്ക്കും ഇരുപത്തിമൂന്നുപേരുടെ സാന്നിദ്ധ്യം മാത്രമേ ആവശ്യമുണ്ടായിരുന്നുള്ളു. അദ്ധ്യക്ഷൻ ഒരു ഉയൎന്നപീഠത്തിലിരുന്നു യോഗനടപടികളെ നിയന്ത്രിക്കുന്നു; അയാൾക്കുചുററും അൎദ്ധവൃത്താകാരത്തിൽ നിരത്തിയിടപ്പെട്ടിട്ടുള്ള ആസനങ്ങളിൽ മററുള്ള ജഡ്ജിമാർ ഇരിക്കുന്നു. അദ്ധ്യക്ഷൻെറ വലതുഭാഗത്തു വാദപ്രതിവാദങ്ങളെ നയിക്കുന്ന ഒരു് ഉപാദ്ധ്യക്ഷനും, സമീപത്തായി കോടതിയുടെ നിയമോപദേഷ്ടാക്കളായ സൂരികളും ഉപവിഷ്ടരായിരിക്കുന്നു. ഈ സ്ഥലത്തിൻെറ രണ്ടററത്തായി രണ്ടു സെക്രട്ടറിമാർ ഇരിക്കുന്നു: ഒരാൾ പ്രതിക്കു് അനുകൂലമായതു സകലവും, മറേറയാൾ പ്രതികൂലമായതു സകലവും രേഖപ്പെടുത്തുന്നു.

ഇവരെക്കൂടാതെ മററു പലതരം കീഴുദ്യോഗസ്ഥന്മാർ പ്രതിയുടെ ചുററും കയറും, ചമ്മട്ടിയും വഹിച്ചുകൊണ്ടു, കോടതി ഉത്തരവിടുന്ന മാത്രയിൽ അദ്ദേഹത്തെ കെട്ടുന്നതിനൊ അടിക്കുന്നതിനൊ സന്നദ്ധരായി നിൽക്കുന്നുണ്ടു്. ക്രിസ്തു ഹാജരായ കോടതിയുടെ ഘടനയും പ്രകൃതവും ഈ വിധമായിരുന്നു.

പ്രതിയോടു പ്രതികൂലമായ വിധികൎത്താക്കന്മാരുടെ മനഃസ്ഥിതി അവരുടെ വിസ്താരത്തെയും തീരുമാനത്തെയും എത്രത്തോളം വ്യഭിചരിപ്പിക്കാൻ പൎയ്യാപ്തമായിരുന്നുവെന്നു് ആദ്യമേതന്നെ സുസ്പഷ്ടമായിരുന്നു. സൻഹെദ്രിൻസഭയുടെ ചട്ടങ്ങളെ ഏതെങ്കിലും വിധത്തിൽ അവർ ആദരിച്ചിട്ടുള്ളതായി യാതൊരു ലക്ഷ്യവുമില്ല; നിയമപ്രകാരം വധശിക്ഷയ്ക്കൎഹമായ കുററങ്ങളെ സംബന്ധിച്ച പ്രതിഭാഗം തെളിവുകൾ ആദ്യമായി എടുക്കണമെന്നുണ്ടായിരുന്നു. എന്നാൽ ഈ കേസ്സിൽ പ്രതിഭാഗത്തേക്കു വക്കീലോ സാക്ഷിയോ ഉണ്ടായിരുന്നില്ല. ആരോപിതമായ കുററത്തിൻെറ സ്വഭാവം തന്നെ ഇപ്പോൾ വ്യത്യാസപ്പെട്ടിരുന്നു; ഇപ്പോൾ വാദവിഷയമായിത്തീൎന്നതു് ഏതോ ചില നിഗ്രൂഢബോധനങ്ങളല്ല അദ്ദേഹത്തിൻെറ പരസ്യമായ ഉപദേശങ്ങളും ദൈവദൂഷണങ്ങളുമായിരുന്നു.

"അവർ തൻെറ ശ്രോതാക്കളോടു് അനുയോജനം ചെയ്യണ"മെന്ന യേശുവിൻെറ അപേക്ഷയെ അവഹേളിക്കാനെന്നവണ്ണം സൻഹെദ്രിൻസഭാനാഥൻ അനേകം കൃത്രിമസാക്ഷികളെ വരുത്തി വിസ്തരിച്ചു; അദ്ദേഹം ദോഷകരങ്ങളായ സംഗതി

കളെപ്പററി പ്രസംഗിക്കുന്നതു കേട്ടുവെന്ന് അവർ സത്യംചെയ്തു പറഞ്ഞു. അദ്ദേഹത്തിൻെറ ചില ഉക്തികളെ തെററിദ്ധരിച്ചും വികലപ്പെട്ടത്തിയും അവർ ഉദ്ധരിച്ചു.

മുറപ്രകാരമുള്ള ചടങ്ങുകളെല്ലാം അനുഷ്ഠിച്ചശേഷം അദ്ധ്യക്ഷൻ ഈ സത്യവാചകം സാക്ഷികളെ മുൻനിത്തി ഉച്ചരിച്ചു:—

"നിർദോഷനായ മനുഷ്യൻെറയും ആഗാമിസന്തതികളുടെയും രക്തം ഇപ്പോഴും എന്നേക്കും നിങ്ങളുടെ ശിരസ്സിന്മേൽ പ്രത്യാഗമിക്കുമെന്നു നിങ്ങൾ അറിഞ്ഞാലും."

നിഷ്ഠുരങ്ങളായ ദൂഷണങ്ങൾ കോടതി മുമ്പാകെ പറയുന്നതിനു് അവർ ബദ്ധകങ്കണന്മാരായിരുന്നുവെങ്കിലും, അവരുടെ മൊഴികൾക്ക് ഐകരൂപ്യമുണ്ടായിരുന്നില്ല; സാക്ഷിക്കൂട്ടിൽ ഓരോരുത്തനായി കയറി അവർ കൊടുത്ത തെളിവുകൾ പരസ്പരവിരുദ്ധങ്ങളായിരുന്നു. തൻെറ വൈരികളുടെ കൃത്രിമങ്ങൾ സ്വയം വെളിപ്പെട്ടു വിഫലീഭവിക്കുന്നതു യേശു നിശ്ശബ്ദനായി കണ്ടുകൊണ്ടു നിന്നു.

അവസാനമായി രണ്ടുപേർ, "ഞാൻ ദൈവത്തിൻെറ ക്ഷേത്രം നശിപ്പിക്കുന്നതിനും, മൂന്നു ദിവസംകൊണ്ടു അതിനെ വീണ്ടും പണിയുന്നതിനും ശക്തനാകുന്നു," എന്നു യേശു പറയുന്നതു കേട്ടതായി സാക്ഷീകരിച്ചു. ഈ സാക്ഷ്യത്തെ വി. മാർക്കു വേറൊരു രൂപത്തിൽ ഉദ്ധരിക്കുന്നു:–

"മനുഷ്യഹസ്തനിർമ്മിതമായ ഈ ദേവാലയത്തെ ഞാൻ നശിപ്പിക്കുകയും, മൂന്നു ദിവസംകൊണ്ടു മനുഷ്യനിർമ്മിതമായിരിക്കാത്ത വേറൊന്നു ഞാൻ പണിയുകയുംചെയ്യും."

ഈ സംഗതിയിൽപോലും അവർക്കു പരസ്പരം യോജിക്കാൻ കഴിഞ്ഞില്ല.

ഈ പരസ്പരവിരുദ്ധങ്ങളായ സാക്ഷ്യങ്ങളാൽ വാദിഭാഗം ദുർബലപ്പെട്ടു; ഒടുവിലത്തെ തെളിവിൻെറ സത്യവൈരുദ്ധ്യം പ്രത്യക്ഷവുമായിരുന്നു; എന്തെന്നാൽ പരസ്യമായും ദേവാലയത്തിൽ കൂടിയിരുന്ന ജനതാമദ്ധ്യത്തിൽവച്ചും ആയിരുന്നു യേശു ഇങ്ങനെ പറഞ്ഞതു്: "ഈ പരിശുദ്ധങ്ങളിൽ പരിശുദ്ധമായതിനെ നശിപ്പിക്കുവിൻ,"— നിങ്ങളുടെ വിശ്വാസരാഹിത്യത്താലും, പാപങ്ങളാലും നിങ്ങൾ അപ്രകാരം ചെയ്യുന്നുണ്ടു്— എന്നാൽ "മൂന്നുദിവസംകൊണ്ടു ഞാൻ അതിനെ ഉയർത്തിനിർത്തും." ഇതി

നാൽ അദ്ദേഹം മനുഷ്യവർഗ്ഗത്തോടുള്ള ഒരു അഭിനവപ്രതിശ്രവ പ്രകാരമുള്ള പരിശുദ്ധങ്ങളിൽ പരിശുദ്ധമായ തന്റെ തിരുശ്ശരീരത്തെയാണു സൂചിപ്പിച്ചതെന്നു നാം ധരിക്കണം.

കേവലമായ സത്യത്തിൽനിന്നു സഞ്ജാതമായ സാക്ഷ്യത്താൽ ബലസംയുക്തനായി യേശു തൂഷ്ണീകനായിത്തന്നെ അവിടെ നിന്നു. വിധികർത്താക്കന്മാരുടെയും സാക്ഷികളുടെയും സ്ഥിതി കുഴപ്പത്തിലായി; അവർ വിഷമിച്ചു. ഭഗവാന്റെ ഈ മൌനംതന്നെ ഏററവും വാഗ്ധാടിയോടുകൂടിയ ഒരു പ്രതിവാദമായി പരിണമിച്ചിരിക്കുന്നുവെന്നു കൈഫാസിനു ബോദ്ധ്യമായി. അവൻ പെട്ടെന്നു ന്യായാധിപ പീഠത്തിൽനിന്ന് ഇറങ്ങി, ഹാളിന്റെ മദ്ധ്യത്തിൽ ചെന്നു, പ്രതിയുടെ നേരെ നോക്കിക്കൊണ്ടു രൂക്ഷമായി പറഞ്ഞു:

"നീ യാതൊന്നും മറുവടി പറയുന്നില്ല! ഇവർ നിനക്കു വിപരീതമായി തെളിയിക്കുന്നതെല്ലാം എന്താണ്?"

എന്നിട്ടും യേശു നിശ്ശബ്ദനായിരുന്നു. പരിഭ്രതനായ ആ മഹാപുരോഹിതൻ കേസ്സിന് ഉടൻതന്നെ ഒരു തീരുമാനം ഉണ്ടാക്കണമെന്നു നിശ്ചയിച്ചു. മുറപ്രകാരമുള്ള വിസ്താരവും ചോദ്യങ്ങളും മതിയാക്കിയിട്ട് അയാൾ, യേശു മറുവടി പറയാൻ നിർബന്ധിതനാകത്തക്കവണ്ണം, ഗംഭീരതരമായ സ്വരത്തിൽ ശപഥംചെയ്തു പറഞ്ഞു:

"നീ ഈശ്വരന്റെ കുമാരനാണോ എന്നു ഞങ്ങളോടു പറയുക എന്നു ചൈതന്യസ്വരൂപനായ ഈശ്വരന്റെ നാമത്തിൽ ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു."

കൈഫാസിന്റെ ഭാഷ അവന്റെ വിചാരത്തെ അതിലംഘിച്ചു. "നീ വാസ്തവത്തിൽ ദൈവപുത്രനാണെന്നു നടിക്കുന്നോ എന്നു ഞങ്ങളോടു പറയുക," എന്ന് അവർ അവശ്യപ്പെട്ടില്ല. "നീ മംഗലസ്വരൂപനായ ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണോ" എന്നായിരുന്നു അവന്റെ വാക്കുകൾ.

"അവനാകുന്നു ഞാൻ," എന്നായിരുന്നു യേശുവിന്റെ പ്രത്യുക്തി. ഈ പ്രഖ്യാപനത്തെ തുടൎന്ന് അദ്ദേഹം ഒരു ചെറിയ പ്രഭാഷണം നടത്തി. അതിൽനിന്ന് ഈ ഒരു വാക്യം മാത്രമേ സുവിശേഷകാരൻ രേഖപ്പെടുത്തിയിട്ടുള്ളു:—

"അതുകൂടാതെ മനുഷ്യപുത്രൻ മഹത്വമുള്ള ദൈവത്തിന്റെ വലത്തുഭാഗത്ത് ഉപവിഷ്ടനായിരിക്കുന്നതും, ആകാശത്തെ

മേഘങ്ങളിൽ അഭ്യാഗമിക്കുന്നതും ഒരു ദിവസം നിങ്ങൾ കാണുമെന്നു ഞാൻ നിങ്ങളോടു പറയുന്നു."

ഈ വാക്കുകളാൽ വേദപ്രോക്തങ്ങളായ രണ്ടു ദീർഘദർശനങ്ങൾ എങ്ങനെ സൂചിതമായിരിക്കുന്നുവെന്നു വേദശാസ്ത്രികൾക്കു നിഷ്പ്രയാസം ഗ്രഹിക്കാൻ കഴിഞ്ഞിരിക്കണം. ഒന്ന്, ക്രിസ്തുവിന്റെ ഈശ്വരത്വത്തെപ്പററി പ്രവചിക്കുന്ന ഈ സങ്കീർത്തന വാക്യമാകുന്നു: " 'നീ എന്റെ വലത്തുഭാഗത്തിരിക്കുക', എന്നു ജഗന്നാഥൻ എന്റെ നാഥനോടു പറഞ്ഞിരിക്കുന്നു." മറേറതു, മ്ശിഹാ "ജീമൂതവാഹനനായി വയോധികന്റെ അടുക്കലേക്ക് അഭിഗമിക്കുന്ന"തായി കാണിക്കുന്ന ദാനിയേലിന്റെ ദർശനമാകുന്നു. അതിനാൽ, താൻ ഇസ്രായേൽ ചിരകാലമായി പ്രതീക്ഷിച്ചുകൊണ്ടിരുന്ന ക്രിസ്തുവാണെന്നും, തന്റെ സ്ഥാനം ദൈവത്തിന്റെ വലത്തുഭാഗത്താണെന്നും, കാലാവസാനത്തു ലോകത്തെ വിധിക്കാൻ വരുന്നതാണ് തന്റെ ഉദ്യോഗമെന്നും യേശു പ്രഖ്യാപനംചെയ്തു.

എന്നാൽ സൻഹെദ്രിൻ സഭ ഈ സാക്ഷ്യത്തെ ഒട്ടുംതന്നെ ആദരിച്ചില്ല. മഹാപുരോഹിതന്റെ പ്രത്യുത്തരം തന്റെ ഉടുപ്പു വലിച്ചുകീറുക മാത്രമായിരുന്നു.

"ഇനി നമുക്കു സാക്ഷികളുടെ ആവശ്യമെന്തുള്ളു? നിങ്ങൾ ഈ ദൈവദൂഷണം കേട്ടിരിക്കുന്നു. ഈ സംഗതിയേപ്പററി നിങ്ങൾക്ക് എന്തു തോന്നുന്നു?" എന്ന് അവൻ അലറിക്കൊണ്ടു പറഞ്ഞു.

"അവൻ വധ്യനാണ്!" എന്ന് അവർ ഏകകണ്ഠമായി ഉദ്ഘോഷിച്ചു.

ഉത്തരക്ഷണത്തിൽ അവിടെ നടന്ന അവമർദ്ദനവും അക്രമവും വർണ്ണനാതീതമായിരുന്നു. ദിവ്യഗുരുവിനെ എന്തും ചെയ്തുകൊള്ളുന്നതിനുള്ള അനുവാദസൂചനയായി മഹാജനസഭയിലെ മേലുദ്യോഗസ്ഥന്മാർതന്നെ ഒന്നാമതായി അദ്ദേഹത്തിന്റെ മുഖത്തു നിറയെ തുപ്പിക്കൊടുത്തു; അതു കണ്ടു മററുള്ളവർ അദ്ദേഹത്തെ പ്രഹരിച്ചുതുടങ്ങി. "ക്രിസ്തുവേ! നിന്നെ ആരു അടിച്ചുവെന്നു ദീർഘദർശനം ചെയ്യുക," എന്നു ഗർജ്ജിച്ചുകൊണ്ട് അവർ ഇഷ്ടംപോലെ അദ്ദേഹത്തെ തല്ലി.

അവരുടെ കോപം താനേ അടങ്ങിയപ്പോൾ സൻഹെദ്രിൻയോഗക്കാർ യേശുവിനെ തങ്ങളുടെ കിങ്കരന്മാരെ ഏൽപ്പി

ച്ചു. തങ്ങളുടെ വടികൾകൊണ്ടുള്ള ഒരു പ്രഹരവഷത്താൽ അവർ അദ്ദേഹത്തെ സ്വീകരിച്ചു. അദ്ദേഹത്തെ സകലവിധത്തിലും അവർ ഉപദ്രവിക്കുകയും അടിച്ചോടിക്കുകയും ചെയ്തു.

## III.

### പീററിൻെറ നിഹ്നവം.

(ജോൺ xviii, 12-18, 25-27; ലൂക്ക് xxii, 54-62; മാത്യു xxvi, 58, 69-75; മാർക്ക് xiv, 54. 66-72.)

യേശു ശിഷ്യന്മാരോടു പ്രവചിച്ചിട്ടുണ്ടായിരുന്നതു പ്രസ്തുത രാത്രിതന്നെ നിർവ്വഹിക്കപ്പെട്ടു: അദ്ദേഹം അന്നാസ്സിൻെറയും കൈഫാസ്സിൻെറയും സന്നിധാനത്തിൽ വിസ്തരിക്കപ്പെട്ടപ്പോൾ അപ്പോസ്തലവരേണ്യനായ പീററർ അദ്ദേഹത്തെ മൂന്നുപ്രാവശ്യം നിഷേധിച്ചു പറഞ്ഞു.

ഈ പ്രത്യാദേശങ്ങളുടെ സന്ദർഭം ഒരുവിധം ശ്രദ്ധാപൂർവ്വം സുവിശേഷകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവയുടെ ഭാഷയേയും സാഹചര്യങ്ങളേയും പരസ്പരം ഭിന്നമായ രീതിയിലാണ് അവർ ഉദ്ധരിച്ചിരിക്കുന്നതു്. ഓരോ സന്ദർഭത്തിലും പീററർ ഉപയോഗിച്ച വാക്കുകൾതന്നെയാണ് സുവിശേഷങ്ങളിൽ കാണപ്പെടുന്നതെന്നു ഗണിക്കുവാൻ പാടില്ലാത്തവിധത്തിൽ അവ അന്യോന്യം വ്യത്യാസപ്പെട്ടിരിക്കുന്നു. ഈ രാത്രി മൂന്നുപ്രാവശ്യം പീററിനെ വിവിധരായ ജനങ്ങൾ കണ്ടറിഞ്ഞുവെന്നും, ഈ മൂന്നുപ്രാവശ്യവും പീററർ സ്വഗുരുവിനെ നിഷേധിച്ചുവെന്നും ഓരോ തവണയും ആ നിഹ്നവം വിഭിന്നമായ ഭാഷയിലും, ഒന്നിലധികം സാക്ഷികളുടെ മുമ്പാകെവച്ചും അയാൾ ആമ്രേഡനംചെയ്തുവെന്നും ഉള്ളതു നിസ്സംശയമാണ്. തങ്ങളുടെ ഓമ്മയിൽ സ്ഥിരമായി പതിഞ്ഞിരിക്കുന്ന വചനങ്ങളിലും പ്രവൃത്തികളിലുംനിന്നു സുവിശേഷങ്ങളിലേക്കാവശ്യമുള്ളവയെ തിരഞ്ഞെടുക്കുന്നതിൽ സുവിശേഷകാരന്മാർ പ്രയോഗിക്കുന്ന സ്വാതന്ത്ര്യവും, ഏതാദൃശങ്ങളായ സംഗതികളിൽ അവരുടെ അഖ്യാനങ്ങൾക്കു പരസ്പരം ആനുരൂപ്യം വരുത്തുന്ന വിഷയത്തിൽ അവർ പ്രദശിപ്പിക്കുന്ന അശ്രദ്ധയും അവരുടെ പരസ്പരാശ്രയാഭാവത്തിനു് ഉത്തമലക്ഷ്യങ്ങളത്രേ. ഈ സംഗതി മനസ്സിൽവച്ചുകൊണ്ടും അവരുടെ സാക്ഷ്യങ്ങളെ കുഴയ്ക്കാതെയും

അവരുടെ ആഖ്യാനങ്ങളെ താരതമ്യപ്പെടുത്തിനോക്കിയാൽ, അവയിൽ ഓരോന്നിലും മററുള്ളവയിലില്ലാത്ത ചില പ്രത്യേകതകൾ നമുക്കു കാണാൻ കഴിയും. അവ പീററിൻെറ വിശപാസചാഞ്ചല്യത്തെയും അധഃപതനത്തെയും സ്പഷ്ടതരമായി പ്രകാശിപ്പിക്കുന്നു. സംഭവങ്ങളുടെ ക്രമം വ്യക്തമായി ഗ്രഹിക്കുന്നതിനായി ഗത്സെമിനിതോട്ടത്തിലേക്കുതന്നെ നമുക്കു മടങ്ങിപ്പോകാം.

അപ്പോസ്തലന്മാരിൽ രണ്ടുപേർ തങ്ങളുടെ ഭയവൈവശ്യത്തിൽനിന്നു വിമുക്തരായശേഷം ശത്രുക്കൾ ഗുരുനാഥനെ ബന്ധനസ്ഥനാക്കിക്കൊണ്ടുപോയ വഴിയെ പിന്തുടന്നു. അവരിൽ ഒരുവൻ പീററായിരുന്നു. അയാൾ കുറെദൂരം ചെന്നപ്പോൾ സ്വല്പം താറിനിന്നു. മറേറയാൾ ആയുധപാണികളായ ആ ഭടന്മാരെ സമീപിച്ചു. അതു ജോൺ ആയിരുന്നു. അയാൾ ഈ സമയംമുതൽ ഗുരുനാഥനെ ഒരിക്കലും വിട്ടുപിരിയാതെ എന്തു ആപത്തും കഷ്ടപ്പാടും സഹിക്കുന്നതിനു സന്നദ്ധനായി അദ്ദേഹത്തിൻെറ അടുക്കൽ നിൽക്കുന്നതായി നാം കാണുന്നു. അയാൾ മഹാപുരോഹിതന്മാരുടെ അരമനയിൽ സുപരിചിതനായിരുന്നതുകൊണ്ടു യേശുവിനോടുകൂടി അതിനുള്ളിൽ കടന്നു. തൻെറ കൂട്ടുകാരൻ കൂടെ ഉണ്ടായിരുന്നില്ലെന്നുള്ളതു് അയാൾ ശ്രദ്ധിച്ചിരുന്നില്ല. കച്ചേരിവളപ്പിൽ കടക്കുന്നതിനുള്ള ഭയംമൂലം ആ കാതരൻ ഇരുട്ടത്തു വെളിക്കെവിടെയോ പതുങ്ങിക്കളഞ്ഞു. അയാളുടെ അസാന്നിദ്ധ്യത്തെപ്പററി അറിഞ്ഞപ്പോൾ ജോൺ വെളിക്കു വന്നു്, അവിടെ നിന്ന വാതിൽകാവൽക്കാരിയോടു പറഞ്ഞു, അയാളെ അകത്തു കയററി.

ആ പരിചാരിക അപരിചിതനായ പീററിനെ സകൌതുകം നോക്കിയിട്ടു്, "നീയും ആ മനുഷ്യൻെറ ശിഷ്യന്മാരിൽ ഒരുവനല്ലയോ?" എന്നു ചോദിച്ചു.

"അല്ല, ഞാനല്ല!" എന്നു പീററർ മറുപടിപറയുകയും അവളുടെ കൺവെട്ടത്തുനിന്നും ബദ്ധപ്പെട്ടു മാറിക്കളയുകയുംചെയ്തു.

ഈ മാസങ്ങളിൽ യൂദയാദേശത്തു പകൽ അതികഠിനമായ ഉഷ്ണവും രാത്രിയിൽ അതികഠിനമായ തണുപ്പുമായിരുന്നു. ശൈത്യനിവാരണത്തിനായി കാവൽക്കാരും ഇതരഭൃത്യന്മാരുംകൂടി, യറൂശലേമിനു ചുററും ധാരളമായുണ്ടായിരുന്ന മുൾച്ചെടികൾ വെട്ടിയുണക്കിയ വിറകുകൊണ്ടു് കച്ചേരിമുററത്തു തീക്കുണ്ഡമിട്ടി

രുന്നു. പീററർ അവരുടെ കൂട്ടത്തിൽ പോയി തീ കാഞ്ഞുകൊണ്ടിരുന്നു. രണ്ടാം പ്രാവശ്യവും ആ കാവൽക്കാരി അയാളെ കണ്ടു; അവൾ അയാളെ സ്വല്പംനേരം സൂക്ഷിച്ചും തുറിച്ചും നോക്കിനിന്നുകൊണ്ടു പറഞ്ഞു: "തീർച്ചയായിട്ടും, നീ നസറത്തിലെ യേശുവിനോടുകൂടി ഉണ്ടായിരുന്നു."

അപ്പോൾ അവിടെ ഉണ്ടായിരുന്ന എല്ലാവരുടെയും മുമ്പാകെവച്ചു പീററർ യേശുവിനെ നിഷേധിച്ചു പറഞ്ഞു: "നീ എന്തുദ്ദേശിച്ചു പറയുന്നുവെന്നു, ഞാൻ അറിയുന്നില്ല."

അവൾ പറഞ്ഞതു ശരിയാണെന്നു അവൾ ശഠിച്ചു. "ഇവൻ അയാളോടുകൂടിയുണ്ടായിരുന്നുവെന്നു തീർച്ചയായും എനിക്കറിയാം," എന്ന് അവൾ അടുത്തുനിന്നവരോടു വാദിച്ചു.

"സ്ത്രീയെ, ഞാൻ അയാളെ അറിയുകപോലും ഇല്ല," എന്നു പീററർ വീണ്ടും പ്രതിവദിച്ചു.

അനന്തരം മനസ്സിൽ വലുതായ അസ്വാസ്ഥ്യത്തോടുകൂടി അയാൾ കുതൂഹലഭരിതരായ ആ അപേക്ഷകരുടെ ഇടയിൽനിന്നു പോയിക്കളഞ്ഞു. അപ്പോൾ പൂവൻകോഴിയുടെ ഒന്നാമത്തെ കൂവൽ കേട്ടു.

അയാൾ വലിയ വാതിലിനടുത്തു ചെന്നപ്പോൾ വേറൊരു പരിചാരികയെ കണ്ടു. മറേറ ഭൃത്യ അവളോടു തന്റെ സംശയങ്ങളെപ്പററി പറഞ്ഞിട്ടുണ്ടായിരുന്നിരിക്കണം. അവൾ ചുററും നിന്നവരോടു പറഞ്ഞു:—

"ഈ മനുഷ്യൻ നസറത്തിലെ യേശുവിനോടുകൂടി ഉണ്ടായിരുന്നു." പീററർ അതിനെ ആണയിട്ടു നിഷേധിച്ചു.

വാതിൽകാവൽക്കാരിയായ ആ പരിചാരിക അയാളെ പിന്തുടൎന്നുകൊണ്ടു വീണ്ടും പറഞ്ഞു:

"തീർച്ചയായിട്ടും ഇതു് അവരിൽ ഒരുവനാകുന്നു."

വീണ്ടും അയാൾ നിഷേധിച്ചു പറഞ്ഞു.

കണ്ടുനിന്നവരിൽ ഒരുത്തൻ അപ്പോൾ പീറററിനോടു ചോദിച്ചു: "എന്തു്! നീ ആ സംഘത്തിൽപെട്ട ഒരുവനാണോ"?

"മനുഷ്യാ, ഞാൻ അവരിൽ ഒരുത്തനല്ല," എന്നു പീററർ പ്രതിഷേധിച്ചു.

ജോൺ അരമനയുടെ വാതിലിൽവച്ചുണ്ടായ അദ്ദ്യത്തെ നിഷേധം കേട്ടിരുന്നു. എന്നാൽ യേശുവിന്റെ വിസ്താരം കാണുന്നതിൽ ദത്തശ്രദ്ധനായിരുന്ന അദ്ദേഹം മററു സുവിശേഷകാര

ന്മാർ മാത്രം രേഖപ്പെടുത്തിയിട്ടുള്ള അനന്തരസംഭവങ്ങൾക്ക സാക്ഷിയായിരുന്നില്ല. അദ്ദേഹം മുററത്തേക്ക് എത്തിനോക്കിയപ്പോൾ ദുസ്സഹമാംവണ്ണം വദ്ധിച്ചിരുന്ന ശൈത്യബാധയെ പരിഹരിക്കുന്നതിനായി പരിജനങ്ങൾ തീകാഞ്ഞുകൊണ്ടിരിക്കയായിരുന്നു. പീററർ അവരുടെ അടുക്കലിരുന്ന്, അപ്പോഴും തീ കായുന്നതായി കാണപ്പെട്ടു. ഉപദ്രവകാരികളായ പ്രഷ്ടാക്കളാൽ വിദ്രാവിതനായി അയാൾ മുമ്പു നിന്നിരുന്ന സ്ഥാനത്തേക്ക മടങ്ങിവന്നിരുന്നു: ആരോ അയാളോട് ഇപ്രകാരം പറയുന്ന ശബ്ദം ജോൺ കേട്ടു: "നീയും അവൻെറ ശിഷ്യന്മാരിൽ ഒരുവനാകുന്നു." അയാൾ അതിന്, "അല്ല, ഞാനല്ല," എന്നു മറുപടി പറഞ്ഞു.

അയാളോടു ചോദിച്ചുചോദിച്ചു മുഷിഞ്ഞു, അവർ അയാളെ ഏകദേശം ഒരു മണിക്കൂർ നേരത്തേക്ക നിർബ്ബാധനായി വിട്ടു. ഒടുവിൽ അയാൾ ചുററും നില്ക്കുന്നവരോടു സംഭാഷണം ചെയ്യുന്നതു കേട്ടിട്ട്, അവർ ഇങ്ങനെ ഉദ്ഘോഷിച്ചു:-

"തിർച്ചയായും നീ അവൻെറ ശിഷ്യന്മാരിൽ ഒരുവനാകുന്നു; നിൻെറ സംഭാഷണരീതി നീ ആരാണെന്നു തെളിയിക്കുന്നു. നീ ഒരു ഗലീലേയാക്കാരൻ തന്നെയാണ്."

മഹാപുരോഹിതൻെറ കിങ്കരന്മാരിൽ ഒരുവനും, പീററർ കാതറുത്തുകളഞ്ഞ മാൽക്കൂസിൻെറ ബന്ധുവുമായ ഒരു മനുഷ്യൻ, "ഞാൻ നിന്നെ തോട്ടത്തിൽവച്ച് അവനോടുകൂടി കണ്ടില്ലയോ?" എന്നു ചോദിച്ചു.

പീററർ വീണ്ടും നഷ്ടധൈര്യനായി. "നിങ്ങൾ എന്തിനെപ്പററി സംസാരിക്കുന്നുവെന്നു ഞാൻ അറിയുന്നില്ല. നിങ്ങൾ പറയുന്ന ആ മനുഷ്യനെ എനിക്കറിഞ്ഞുകൂടാ." അയാളുടെ ഭയം ശപഥങ്ങളുടെയും ആക്രോശങ്ങളുടെയും ഒരു ത്ധരികയായി ബഹിർഗ്ഗമിച്ചു. അയാൾ സംഭ്രാന്തചിത്തനായി തൻെറ നിഹ്നവവചനങ്ങളെ ആമ്രേഡനം ചെയ്തുകൊണ്ടിരുന്നപ്പോൾ പൂവൻകോഴി രണ്ടാം പ്രാവശ്യം കൂകി.

അപ്പോഴായിരുന്നു യേശു തിരിഞ്ഞു, അയാളെ നോക്കിയതു്. ഇതു പീറററിനു സഹിക്കാവുന്നതായിരുന്നില്ല. "പൂവൻകോഴി കൂവുന്നതിനു മുമ്പു നീ എന്നെ മൂന്നു തവണ നിഷേധിച്ചു പറയും" എന്നു ഗുരുനാഥൻ അയാളോടു പറഞ്ഞിട്ടുണ്ടായിരുന്നതു് അയാൾ ഇപ്പോൾഓർത്തു.

നൈരാശ്യത്തിനു വശംവദനായും, അനുതാപത്താൽ പരവശനായും അയാൾ ആപൽകരങ്ങളായ പരിസ്ഥിതികളെയെല്ലാം വിസ്മരിച്ചു. ഈ കൂലംകഷമായ ദുഃഖപ്രവാഹം കണ്ടു്, ആശ്ചര്യപരതന്ത്രമായി, ജനതതി പുറകോട്ടു മാറി അയാളെ സ്വച്ഛന്ദനായി വിട്ടു. അയാൾ ആൾക്കൂട്ടത്തിന്റെ ഇടയിൽകൂടി ഓടി അരമനയ്ക്കു വെളിയിൽ ചാടി; യേശുവിന്റെ വചനങ്ങളെപ്പററി ഓർത്തോർത്തു് അയാൾ പരിദേവനം ചെയ്തു.

## IV.

### സൻഹെഡ്രിൻസഭയുടെ ദ്വിതീയസമ്മേളനം.

(ലൂക്ക് XXII, 63-71; XXIII 1; മാത്യു XXVII 1. 2, മാർക്ക് XV, 1; ജോൺ XVIII, 28.)

സൻഹെഡ്രിൻസഭാകിങ്കരന്മാരുടെ പക്കൽ ഏല്പിക്കപ്പെട്ടതുമുതൽ യേശു അനുഭവിച്ച പീഡയും അവമാനവും അവർണ്ണ്യമത്രെ. രാത്രി കൈഫാസ്സിന്റെ ആദ്ധ്യക്ഷ്യത്തിൽകൂടിയയോഗത്തെപ്പററി മൂകനായിരിക്കുന്ന സെയിൻറ് ലൂക്ക് ഭഗവാനെ, അദ്ദേഹം ഈ നീചന്മാരുടെമദ്ധ്യേ അവരാൽനിർദ്ദയം പ്രഹരിക്കപ്പെട്ടും അവഹേളിക്കപ്പെട്ടും നിൽക്കുന്നതായിട്ടാണു്, ആദ്യമായി നമുക്കു കാണിച്ചുതരുന്നതു്. "അവർ അദ്ദേഹത്തിന്റെ കണ്ണുകെട്ടുകയും മുഖത്തു് അടിച്ചുംകൊണ്ടു ദീർഘദർശനംചെയ്യട്ടെ എന്നു സാവജ്ഞം ക്രന്ദിക്കുകയും, മററനവധി ശകാരങ്ങളും പരിഹാസങ്ങളും അദ്ദേഹത്തിന്റെ മേൽവർഷിക്കുകയും ചെയ്തു," എന്നു് അദ്ദേഹം പറയുന്നു.

ഈ ചണ്ഡാലവൃന്ദത്തിന്റെ നിഷ്ഠുരങ്ങളായ കരങ്ങളാൽ യേശു ഒരു മണിക്കൂറിലധികം പീഡിപ്പിക്കപ്പെട്ടു; അടുത്ത ദിവസം പുലർച്ചയായപ്പോൾ മാത്രമേ സൻഹെഡ്രിൻസഭ വീണ്ടും യോഗംകൂടി അദ്ദേഹത്തെ തങ്ങളുടെ മുമ്പാകെ ആനയിപ്പിച്ചുള്ളു.

അതിരാവിലെതന്നെ അവർ യേശുവിന്റെമേൽ വിധിച്ച വിധി നടത്തുന്നതിനുള്ള ഏററവും സുകരമായ മാർഗ്ഗത്തെപ്പററി രഹസ്യമായി ഒരു കൂടിയാലോചന നടത്തിയിരുന്നു. ആദ്യമായി വേണ്ടതു് റോമൻഭരണാധികാരിയായ പോന്തിയസ്സ്

പീലാത്തോസ്സിന്റെ അംഗീകരണം സമ്പാദിക്കുകയാണ്. അർക്കേലാവൂസ്സിനെ നാടുകടത്തി, യൂദയാമുഴുവനും അവസാനമായി റോമാക്കാർ കീഴടക്കിയശേഷം സൻഹെദ്രിൻസഭയ്ക്കു വധശിക്ഷ നടത്തുന്നതിനുള്ള അധികാരം നഷ്ടീഭവിച്ചിരുന്നു. കീഴടക്കപ്പെട്ട ജനങ്ങളുടെ മതാചാരങ്ങളെപ്പററി റോമൻമാർ എല്ലായ്പോഴും സഹിഷ്ണുതയും ദാക്ഷിണ്യബുദ്ധിയും പ്രദർശിപ്പിച്ചിരുന്നുവെങ്കിലും നീതിപാലനത്തിനുള്ള അധികാരം പൂർണ്ണമായി അവരുടെ കരങ്ങളിൽതന്നെ സ്ഥിതിചെയ്തിരുന്നു. അവർ പ്രാദേശികഭരണാധികാരികളോട് ഓരോ ദേശത്തേ ആചാരങ്ങളേയും മാമൂലുകളേയും സൂക്ഷ്മമായി പഠിച്ചു മനസ്സിലാക്കുന്നതിനും, അവയ്ക്കു നിവൃത്തിയുള്ളിടത്തോളം റോമൻനിയമസംഹിതയോട് ആനുരൂപ്യം വരുത്തുന്നതിനും ആജ്ഞാപിച്ചു. അപ്രകാരം ഓരോ സംസ്ഥാനത്തിനും യോജിച്ച ചട്ടങ്ങൾ നൽകപ്പെട്ടിരുന്നു. സാധാരണ സംഗതികളിൽ പ്രാദേശികജഡ്ജിമാർ അധികൃതരായിരുന്നുവെങ്കിലും, അപ്പീൽ കേൾക്കുന്നതിനും, പ്രധാനവും വധശിക്ഷാർഹവുമായ കേസ്സുകൾ വിസ്തരിക്കുന്നതിനുമുള്ള അധികാരം റോമൻഗവർണ്ണർക്കുള്ളതായിരുന്നു. അതിനാൽ സൻഹെദ്രിൻസഭക്കാർ എത്രയും അധികാരപ്രമത്തന്മാരായിരുന്നുവെങ്കിലും, അക്കാലത്ത് സാർവ്വത്രികവും അജയ്യവുമായ പ്രതാപത്തോടെ പരിലസിച്ചിരുന്ന ആ മഹാശക്തിക്കു വിധേയരാകുന്നതിനു അവർ നിർബ്ബന്ധിതരായിരുന്നു. എന്നാൽ പ്രസ്തുതസംഗതിയിൽ അവർ ഈ വിദേശീയാധികാരത്തിന് അസാമാന്യമായ സന്തോഷത്തോടെ വശംവദരായി; എന്തെന്നാൽ പോന്തിയസ്സ് പിലാത്തോസ്സിന്റെ സഹകരണവും അംഗീകരണവും അവരെ നിരുത്തരവാദികളാക്കുകയും, ജനങ്ങളുടെ ഇടയിൽ ക്ഷോഭബഹളങ്ങളെ ഇല്ലാതാക്കുകയും ചെയ്യുമായിരുന്നു. അഞ്ചുദിവസത്തിനുമുമ്പ് രക്ഷാനാഥന്റെ പട്ടണപ്രവേശത്തെ അത്യാഹ്ളാദപൂർവ്വം കൊണ്ടാടിയ ആ ജനതതിയിൽ അദ്ദേഹത്തിന്റെ വചനശക്തിയാൽ സുഖപ്രാപ്തരായ അനേകം പേരിലൊരുവൻ, യഹൂദപ്രമാണികളുടെ വിദ്വേഷത്തിനിരയായിത്തീർന്നിരിക്കുന്ന ആ പരമസാധുവിന്റെ പരിതാപകരമായ സ്ഥിതി കണ്ടിട്ട്, ഒരു പ്രതിഷേധസ്വരം പുറപ്പെടുവിച്ചുവെങ്കിൽ, അദ്ദേഹത്തെ മോചിപ്പിക്കുന്നതിനായി ഒരു ബഹളമുണ്ടാക്കുന്നതിന് അതു പര്യാപ്തമാകുമായിരുന്നില്ലേ? റോമനാധികാരിയുടെ ബലവത്തായ അവലംബത്തെ ശരണീകരിക്കുന്ന

തിന് അവരെ ഉൽക്കണ്ഠിതരാക്കിയതു് ഈ സംഗതിയായിരുന്നു. തങ്ങളുടെ വിധിയെ ആ ഗവർണ്ണരെക്കൊണ്ടു അംഗീകരിപ്പിക്കാമെന്ന് അവർക്ക പ്രത്യാശയുമുണ്ടായിരുന്നു.

അവരുടെ ശ്രമങ്ങളുടെ സാഫല്യത്തിനു ഗണ്യമായ വൈഷമ്യങ്ങൾ നേരിട്ടു; ബഹളങ്ങളും ലഹളകളുമുണ്ടാകുമ്പോൾ പീലാത്തോസ്സ് എത്രയും നിഷ്ഠുരണമായും ക്രൂരമായും പ്രവൎത്തിക്കമായിരുന്നെങ്കിലും, പൊതുക്കാൎയ്യ പൎയ്യവേക്ഷണത്തിൽ അയാൾ റോമൻമാൎക്ക സഹജമായ നീതിതല്പരതയും വ്യവസ്ഥിതിപ്രിയത്വമുള്ളവനായിരുന്നു. പ്രസ്തുത കേസ്സിൽ നിയമപ്രകാരമുള്ള സകല ചടങ്ങുകളും അവഗണിക്കപ്പെട്ടിരുന്നു. വിധികൎത്താക്കന്മാർ പരിപക്വമായ പൎയ്യാലോചനക്കു ശേഷമേ വിധി പ്രസ്താവിക്കാവൂ എന്നും, വധശിക്ഷാർഹമായ കേസുകളെ തീരുമാനിക്കുന്നതു വിസ്താരത്തിനുശേഷം ഒരു ദിവസമെങ്കിലും കഴിഞ്ഞിട്ടു മാത്രമേ പാടുള്ളു എന്നും മററും ബുദ്ധിപൂൎവ്വകവും കാരുണ്യപരവുമായ ചില നിയമങ്ങളുണ്ടായിരുന്നു. സൻഹെദ്രിൻസഭായോഗം രാത്രികാലത്തോ. പ്രഭാതബലിക്കുമുമ്പോ കൂടുന്നതിനുതന്നെയും നിയമം അനുവദിച്ചിരുന്നില്ല. കൈഫാസ്സും സഹകാരികളും ഈ നിയമങ്ങളെപ്പററിയോ, ഏതാദൃശ പ്രവൃത്തികളാൽ തങ്ങൾ അവയോടു പ്രദൎശിപ്പിക്കുന്ന അനാദരത്തെപ്പററിയോ കേവലം അജ്ഞരായിരുന്നിരിക്കയില്ല.

ഇത്തരം ക്രമക്കേടുകളേയും വ്യതിയാനങ്ങളേയും ഗോപനം ചെയ്യുന്നതിനായിരുന്നു, പുലർച്ചയായപ്പോൾ സൻഹെദ്രിൻസഭക്കാർ വീണ്ടും യോഗംകൂടി, യേശുവിനെ അവരുടെ മുമ്പാകെ ഹാജരാക്കിച്ചതു്. ഒരു കേസ്സിൻെറ വിധിയുടെ സാധുതക്കു വിസ്താരത്തിനുശേഷം ഒരു ദിവസത്തെ വിളംബനം അപേക്ഷിതമാണെന്നുള്ള ചട്ടം ലംഘിക്കപ്പെട്ടുവെന്നുള്ള ആക്ഷേപത്തെ ഈ ഉപായം ഒട്ടും പരിഹരിക്കുന്നില്ല; എന്തെന്നാൽ യഹൂദ നിയമപ്രകാരം വൈകുന്നേരംമുതൽ വൈകുന്നേരംവരെയാണ് ഒരു ദിവസമെന്നു കണക്കാക്കപ്പെടുന്നതു്. എങ്കിലും രാത്രിയും പകലുമെന്നുള്ള ഈ വ്യത്യാസം അവരുടെ ക്രമംകെട്ട നടപടികൾക്കു സ്വല്പം ഒരു നിയമാനുസാരിത്വത്തെ നൽകിയില്ലെന്നില്ല; സൻഹെദ്രിൻ സഭാംഗങ്ങളുടെ വിദ്വേഷനിമഗ്നമായ ഹൃദയം ഈ നാട്യത്താൽ സംതൃപ്തവുമായി.

ഈവിധം യേശു തൻെറ വിധികൎത്താക്കളുടെ മുമ്പാകെ

ആനീതനായി; "നീ ക്രിസ്തുവാണോ എന്നു ഞങ്ങളോടു പറയുക" എന്ന അനുയോഗം കൈഫാസ്സ് ആവർത്തിച്ചുതുടങ്ങി.

"ഞാൻ നിങ്ങളോടു പറഞ്ഞാൽ നിങ്ങൾ എന്നെ വിശ്വസിക്കുകയില്ല; ഞാൻ നിങ്ങളോടു ചോദിച്ചാൽ നിങ്ങൾ എനിക്കു മറുപടി തരുകയോ, എന്നെ വിട്ടയക്കുകയൊ ചെയ്യുകയുമില്ല," എന്നു യേശു ഉത്തരം പറഞ്ഞു.

ഏതാനും മണിക്കൂറുകൾക്കു മുമ്പും, അവരുടെ മുമ്പാകെ വച്ചും താൻ മ്ശിഹായാണെന്നു പ്രഖ്യാപനം ചെയ്തുവെന്നും, അവർ തന്നെ വിശ്വസിച്ചില്ലെന്നും അദ്ദേഹം ഈ ഭരണധുർവഹന്മാരെ ഇങ്ങനെ അനുസ്മരിപ്പിച്ചു. ആ സ്ഥിതിക്ക് അദ്ദേഹത്തെ അവർ ഇപ്പോൾ വിശ്വസിക്കേണ്ട ആവശ്യമെന്ത്? താൻ യരുശലേമിൽ പ്രത്യാഗമിച്ചശേഷം, ക്രിസ്തുവിനെ സംബന്ധിച്ചായാലും, യോഹന്നാൻെറ ജ്ഞാനസ്നാനത്തെ സംബന്ധിച്ചായാലും അദ്ദേഹം ചോദിച്ച ചോദ്യങ്ങൾക്കൊന്നിനും അവർ ഇതുവരെ സമാധാനം പറഞ്ഞിട്ടില്ല; ഇതുവരെ പറഞ്ഞതിൽ കൂടുതലായി ഇനിയൊരു സമാധാനവും അവർ പറവാൻ ഭാവിച്ചിട്ടുമില്ല; തന്നെ വിട്ടയക്കുകയെന്നുള്ളതാണെങ്കിൽ അതു് അവർ ഒരിക്കലും ചെയ്യുകയില്ലതന്നെ. എങ്കിലും കഴിഞ്ഞരാത്രി താൻ പ്രസ്താവിച്ചതിനെ—താൻ മനുഷ്യപുത്രനും ദൈവപുത്രനുമാണെന്നുള്ളതിനെ—ഒരിക്കൽക്കൂടി അതേഭാഷയിൽ അനുഭാഷണം ചെയ്യുന്നതിനു് അദ്ദേഹം സമ്മതിച്ചു. അവർ അദ്ദേഹത്തെ അടിക്കുകയും ഇടിക്കുകയും, തുപ്പലും ശകാരവഷവുംകൊണ്ടു് അഭിഷേചിക്കുകയും ചെയ്തതുകൊണ്ടൊന്നും യാതൊരു ഫലവുമുണ്ടായില്ല. അദ്ദേഹം മുമ്പിലത്തെപ്പോലെ ഇപ്പോഴും, തൻെറ പീഡകന്മാർക്കു് അവരുടെ ഈ സാധുവായ ബലി വിദൂരത്തിൽ സ്വർഗ്ഗീയമഹിമാവോടും വിജയശ്രീയോടുംകൂടി അത്യുന്നതൻെറ ദക്ഷിണഭാഗത്തു് ഉപവിഷ്ടനായി എങ്ങനെ പ്രത്യക്ഷപ്പെടുമെന്നു വെളിപ്പെടുത്തിക്കൊടുത്തു.

"നീ, അപ്പോൾ, ദൈവത്തിൻെറ പുത്രനാകുന്നു, അല്ലേ?" എന്നു് ആ മഹാസഭ ചോദിച്ചു.

"നിങ്ങൾ അതു പറഞ്ഞിരിക്കുന്നു; ഞാൻ അവൻ തന്നെ," എന്നായിരുന്നു യേശുവിൻെറ മറുപടി.

"ഇനി നമുക്കു സാക്ഷികളുടെ ആവശ്യമെന്തുള്ളൂ? നാം

തന്നെ അതു് അവൻെറ സ്വന്തം നാവിൽനിന്നു കേട്ടിരിക്കുന്നു," എന്നു അവർ ഉടൻ ഉദ്ഘോഷിച്ചു.

ഇങ്ങനെ പറഞ്ഞുംകൊണ്ടു് അവർ ഓടിയെഴുന്നേററു, യേശുവിനെ പൂർവ്വാധികം ദൃഢതരമായി ബന്ധിക്കുന്നതിനു് ആജ്ഞാപിക്കുകയും, പീലാത്തോസ്സിൻെറ കച്ചേരിയിലേക്കു സത്വരം കൊണ്ടുപോവുകയും ചെയ്തു.

V.

## യൂദാസ്സിൻെറ മരണം.

(മാത്യു xxvii, 3-10; നടപടികൾ i, 16-19)

മനുഷ്യപ്രകൃതിയുടെ ഘടനാവിശേഷംകൊണ്ടു്, ഈ നീതികെട്ട വിധിയുടെ ഫലം ഒന്നാമതായി അനുഭവിച്ചതു് അതിൻെറ സൂത്രധാരനും കാരണഭൂതനുമായ ആ മനുഷ്യൻ തന്നെയാണു്. പ്രേക്ഷകരുടെ കൂട്ടത്തിൽ കേവലം ഗണനാനർഹനായി, നിശ്ശബ്ദനായി, വ്യാകുലചിത്തനായി താൻ ദ്രോഹിച്ചുപേക്ഷിച്ച സ്വാമിയെ ദീർഘനേരം യൂദാസ്സു നോക്കിക്കൊണ്ടു നിന്നു. അവൻ അസ്വസ്ഥചിത്തനായിരുന്നുവെങ്കിലും, ആ മഹാപുരുഷൻ പക്ഷെ വിധികർത്താക്കന്മാരെ പരാജിതരാക്കി ഒടുവിൽ രക്ഷപ്രാപിച്ചേക്കുമെന്നൊരു അസ്പഷ്ടമായ പ്രത്യാശ അവൻെറ ഉള്ളിലുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിൻെറമേലുള്ള വിധിപ്രസ്താവന അവൻ കേൾക്കുകയും, ഗവർണരുടെ അരമനവരെ അദ്ദേഹത്തെ പിന്തുടരുകയും ചെയ്യപ്പോൾ അവൻെറ പശ്ചാത്താപവും നൈരാശ്യവും സീമാതീതമായി വദ്ധിച്ചു. താൻ അനുദിനം കണ്ടറിഞ്ഞുകൊണ്ടിരുന്ന യേശുവിൻെറ ആ പരിപാവനമായ ജീവിതം തൻെറ കൺമുമ്പാകെ പൂർണ്ണമായും സുവ്യക്തമായും നൃത്തം ചെയ്യുന്നതായും, ദിവ്യഗുരുനാഥൻെറ അവസാനവചനങ്ങൾ തൻെറ കർണ്ണപുടങ്ങളിൽ അപ്പോഴും സുശ്രവമായ ഒരു ശാസനയെന്നവണ്ണം മുഴങ്ങുന്നതായും അവനു തോന്നി. ലജ്ജാപാരവശ്യത്താലും നൈരാശ്യവേഗത്താലും സംഭ്രാന്തചിത്തനായി അവൻ ഉടൻ അവിടെനിന്നു പുറപ്പെട്ടു; അവനു ശാന്തിയും മുക്തിയും പ്രദാനം ചെയ്യുമായിരുന്ന ആ പരമപുരുഷനെ അന്വേഷിക്കാതെ, അവൻെറ മഹാപാപത്തിൽ സഹകാ

രികളായ പുരോഹിതന്മാരെ തിരഞ്ഞായിരുന്നു അവൻ ഓടിപ്പോയതു്.

കൈഫാസ്സിന്റെ അരമനയിൽനിന്നു് അവർ ദേവാലയത്തിലേക്കുള്ള ഒരു വീഥിയിലേക്കു തിരിയുന്നതായി അവൻ കണ്ടിരുന്നു; അവൻ അവിടെ ചെന്നു, ശ്രീകോവിലിനും വിജാതിയരുടെ വളപ്പിനും മദ്ധ്യേയുള്ള കോണിപ്പടികയറി. ആചാര്യമണ്ഡപത്തിനും യഹൂദന്മാരുടെ പൊതുമണ്ഡപത്തിനും ഇടക്കു ഗാസിത്ത്ഹാൾ സ്ഥിതിചെയ്തിരുന്നു. അതു് അപ്പോൾ സൻഹെഡ്രിൻസഭയുടെ യോഗസ്ഥലമായിരുന്നില്ലെങ്കിലും, അവിടെയായിരുന്നു യൂദാസ്സ് പുരോഹിതന്മാരും ജ്യായാന്മാരും സമ്മേളിച്ചിരിക്കുന്നതായി കണ്ടതെന്നു പലതുകൊണ്ടും നാം വിശ്വസിക്കേണ്ടിയിരിക്കുന്നു.

"ഞാൻ പാപം ചെയ്തുപോയിരിക്കുന്നു, ഞാൻ നീതിമാന്റെ രക്തത്തെ ഒററിക്കൊടുത്തിരിക്കുന്നു," എന്നു് അവൻ കരഞ്ഞുപറഞ്ഞുകൊണ്ടു വേപിതഹസ്തനായി ആ മുപ്പതു വെള്ളിയും അവരുടെനേരെ വച്ചുനീട്ടി.

ഈ അതിദയനീയമായ നിവേദനത്തിനു് അവരുടെ മറുപടി അവജ്ഞാപൂർണ്ണമായിരുന്നു:

"അതിനു ഞങ്ങൾക്കെന്തു്? അതു നിന്റെ കാര്യം."

യൂദാസ്സ് വെള്ളി പിൻവലിച്ചു; അനന്തരം നൈരാശ്യജന്യമായ വിഭ്രാന്തിയിൽ, അവൻ ദേവാലയത്തിന്റെ വലിയ വാതിൽ കടന്നപ്പോൾ അവന്റെ സ്വാമിദ്രോഹത്തിന്റെ നിഷ്ക്രിയയെ അവിടെത്തന്നെ വലിച്ചെറിഞ്ഞിട്ടു് അപ്രത്യക്ഷനായി.

പുരോഹിതന്മാർ ആ നാണയങ്ങളെ പെറുക്കിയെടുത്തു. നേർച്ചകൾ നിക്ഷേപിക്കുന്ന വലിയ പെട്ടികൾ അടുക്കലിരിക്കുന്നുണ്ടായിരുന്നു.

"രക്തത്തിന്റെ വിലയായതുകൊണ്ടു് ഈ പണം നേർച്ചപ്പെട്ടിയിൽ ഇടുന്നതിനു നമുക്കു് അനുവാദമില്ല," എന്നു് അവർ പറഞ്ഞു.

സ്വന്തം ദുരാശകളുടെ പ്രചോദനത്തിനുമാത്രം വശംവദരാണെങ്കിലും, മുപ്പതു വെള്ളിക്കാശിന്റെ വിനിയോഗത്തിൽ ഇത്ര പര്യാലോചന കഴിക്കേണ്ട ആവശ്യമുണ്ടെന്നു ഭാവിക്കുന്ന ഇസ്രായലിലെ ഈ മഹാതീർത്ഥന്മാരുടെ മനഃസാക്ഷിയുടെ മൂട

ലത അതിവിചിത്രവും വിസ്മയജനകവുമായിരിക്കുന്നു! ഭാഗ്യവശാൽ യൂദാസ്സ് അവരുടെ വൈഷമ്യത്തെ പരിഹരിച്ചു.

ദേവാലയം വിട്ടശേഷം ആ ഹതഭാഗ്യൻ സീലോവെന്ന ഉറവിലേക്കിറങ്ങുന്ന വഴിയേ നടന്നു കെദ്രോൺ, ഹിന്നോം എന്നീ നദികളുടെ സംഗമസ്ഥലത്തു ചെന്നിട്ട്, അവിടെനിന്നു ഹിന്നോമിൻെറ തീരത്തുകൂടി മുകളിലോട്ടു പോയി. അവിടത്തെ പ്രകൃതി അവൻെറ വിപ്രതീസാരപരവശമായ ഹൃദയത്തെ ആശ്വസിപ്പിക്കത്തക്കതായിരുന്നില്ല. ഇന്നും യറൂശലേമിൽ ഇതിനെക്കാൾ അപ്രസന്നവും അനാകർഷകവുമായ ഒരു ഭാഗമില്ല. ഇതു് ആഴമേറിയതും, ഇടുങ്ങിയതും, ഒരുനിരപ്പില്ലാതെ കിടക്കുന്ന പാറക്കൂട്ടങ്ങളാൽ ദുർഗ്ഗമവും, അങ്ങുമിങ്ങും ഒലിവുവൃക്ഷങ്ങളാൽ പ്രച്ഛന്നവുമായ ഒരു വിവരമത്രെ. അതീതകാലത്തു യറൂമിയാദിഋഷിദർശിയാൽ അഭിശപ്തമായ ഈ മലയിടുക്കിൽ നില്ക്കുന്ന ഒരുവൻെറ മനസ്സിൽ മോലോക്കിനായി അർപ്പിച്ചിരുന്ന ആ ബലികളെപ്പററിയുള്ള അനുസ്മരണ ഇപ്പോഴും തിങ്ങിപ്പൊങ്ങിവരും. യൂദാസ്സു സീയോൺഗിരിയുടെ എതിർവശത്തുള്ള ചരിവിൽകൂടി കുറെ ചെന്നപ്പോൾ അയൽപക്കത്തുള്ള ഒരു കുശവൻെറ വകയായ ഒരു ചെളിക്കണ്ടത്തിൽ എത്തി. അവിടെനിന്നു നോക്കിയാൽ അവനു, കഴിഞ്ഞ രാത്രി ഗത്സെമനിയിൽനിന്നു മഹാപുരോഹിതൻെറ അരമനയിലേക്ക് അവൻെറ സാധുവായ ഗുരുവിനെ അവർ വലിച്ചിഴച്ചുകൊണ്ടുപോയ ആ വഴി മുഴുവനും ഒരേനോട്ടത്തിൽ കാണാമായിരുന്നു; അവൻ അങ്ങനെ ആ അദ്ധ്വാവിനെ അഭിവീക്ഷണം ചെയ്യുമ്പോൾ നിരാശതാഭാരത്താൽ സംഭ്രാന്തമായ അവൻെറ ഹൃദയം നിശ്ശേഷം തകർന്നുപോയി. അപ്പോൾ, വി. മാത്യു പറയുന്നു, "അവൻ പോയി, താനേ തൂങ്ങിച്ചത്തുകളഞ്ഞു." "കയറുപൊട്ടി; അവൻെറ ശരീരം തലകുത്തി തറയിൽ വീണു രണ്ടായി പിളർന്നുപോകയും, അവൻെറ കുടലുകൾ ആ 'രക്തനില'ത്തിൽ ചിതറുകയും ചെയ്തു," എന്നു കൂട്ടതലായി അപ്പോസ്തലനടവടികളിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അവൻെറ മരണത്തെപ്പററി അറിഞ്ഞപ്പോൾ സൻഹെദ്രിൻസഭാംഗങ്ങൾ തങ്ങളുടെ സഹകാരിയുടെ ശവത്തെ മറവുചെയ്യുന്നതിനായി ഓടിയെത്തി; മനഃസാക്ഷിയുടെ പ്രഹരണംമൂലമുണ്ടായ അവൻെറ ദുർമരണം യേശുവിൻെറ നിർദ്ദോഷതയെ തെളിയിക്കുന്നതിനു പര്യാപ്തമാണെന്നു് അവർ ഭയപ്പെട്ടു. യൂദാസ്സിൻെറ സ

ന്വാദ്ര്യമായിരുന്ന മുപ്പതുവെള്ളി അപ്പോഴും അവരുടെ കൈയിലുണ്ടായിരുന്നു. അതു കൊടുത്തു് അവർ കുശവന്റെ വകയായ ആ നിലം വാങ്ങി, മൃതശരീരം കുടൽ വെളിക്കു ചാടിക്കിടന്ന സ്ഥലത്തുതന്നെ മറവു ചെയ്തു; അനന്തരം ആ സ്വാമിദ്രോഹിയുടെ മഹാപാതകത്തിന്റെ സ്മരണയെ പ്രമാജ്ജനം ചെയ്യുന്നതിനായി വിദേശീയരായ യഹൂദമതാവലംബികൾക്കു പ്രത്യേകമായ ഒരു ശവക്കോട്ടയായി ആ നിലത്തെ പ്രതിഷ്ഠിച്ചു. എന്നാൽ യരുശലേംപുരവാസികൾ യൂദാസിന്റെ അപമൃത്യുവിനെപ്പററി അറിയുകയും ആ ശപിക്കപ്പെട്ട സ്ഥലം സ്വാമിദ്രോഹിയുടെ രക്തം പാനംചെയ്തിരിക്കയാൽ അവർ അതിനെ അച്ചേൽദാമാ—ചോരനിലം—എന്നു നാമകരണം ചെയ്യുകയും ചെയ്തു.

വി. മാത്യൂ, തന്റെ പതിവനുസരിച്ചു, പ്രാചീന ദീഘദശിയുടെ പ്രവചനങ്ങളെ ഇവിടെ വീണ്ടും ഉദ്ധരിക്കുന്നു. യെരുമിയാസ്സു ദീഘദശി ഹിന്നോം താഴ്വരയിലേക്കു് ഇറങ്ങിവന്നപ്പോൾ തന്റെ ദീഘദൃഷ്ടിയിൽ കണ്ടതും, ഒടുവിൽ ദൈവശാപത്താൽ നശിപ്പിക്കപ്പെട്ടതുമായ സ്ഥലം ഇതായിരുന്നു. അക്കാലത്തു് അതു ചേതോഹരവും ആനന്ദപ്രദവുമായ ഒരു ഉദ്യാനമായിരുന്നുവെന്നതിനു സംശയമില്ല; അതിന്റെ വൃക്ഷപൂർണ്ണമായ തീരങ്ങൾ സീലോവിലെ ജലത്താൽ ആസിക്തങ്ങളായിരുന്നു; എന്നാൽ അവിടത്തെ സാന്ദ്രമായ തരുച്ഛായയിൽ മോലോക്കിന്റെ പൂജയ്ക്കായി സജ്ജീകൃതമായ ഇന്ധനശേഖരത്തിനു ചുററും അപരിശുദ്ധമായ ഗീതങ്ങളുടെ പ്രതിധ്വനി സദാ മുഴങ്ങിക്കൊണ്ടിരുന്നു. ദീഘദശി പുരോഹിതശ്രേഷ്ഠന്മാരാലും, പൌരപ്രമാണികളാലും അനുഗതനായി കൈയിൽ അനന്തരകാലത്തു യൂദാസ്സിന്റെ മൃതശരീരത്തെ സംസ്കരിക്കാനുള്ള ആ മണ്ണുകൊണ്ടുതന്നെ നിമ്മിതമായ ഒരു പാത്രവും വഹിച്ചുകൊണ്ടു പുരോഗമനം ചെയ്തു.

"ഈ കഷണങ്ങളെ—ഇനിയൊരിക്കലും കൂട്ടിച്ചേക്കാൻ സാധിക്കാത്ത ഈ പാത്രത്തെ—എന്നപോലെ, ഈ നഗരത്തേയും ഈ ജനങ്ങളേയും ഞാൻ ഉടയ്ക്കും; ടോഫെററു് ഒരു ശവക്കോട്ടയായി ഭവിക്കും," എന്നു പറഞ്ഞുകൊണ്ടു ആ മൺപാത്രത്തെ അവരുടെ മുമ്പാകെവച്ചു് അദ്ദേഹം ഉടച്ചു.

അതുപോലെതന്നെ, സഖരിയാസ്സു ദീഘദശി യഹോവായുടെ തിരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിന്റെ കൃതഘ്ന

തയെപ്പററി പ്രസ്താവിച്ചപ്പോൾ, അവർ അവരുടെ നേതാവിനു പ്രതിഫലമായി ഒരു അടിമയുടെ വിലയായ മുപ്പതുവെള്ളി കൊടുക്കുന്നതായി കാണിച്ചിരിക്കുന്നതും, യൂദാസ്സിൻെറ പാതകത്തെപ്പററിയുള്ള പ്രവചനമാണ്. യൂദന്മാർ യേശുവിനു നിശ്ചയിച്ച വിലയും മുപ്പതു വെള്ളിയാണല്ലൊ.

ഈ ദീർഘദർശനങ്ങൾവഴി സർവ്വദർശിയായ ഭഗവാൻ തന്നോടു പ്രവർത്തിക്കപ്പെട്ട ഈ സ്വാമിദ്രോഹം വളരെ കാലേക്കൂട്ടി വെളിപ്പെടുത്തുകയും, ഇപ്പോൾ അദ്ദേഹം അതിൻെറ നിർവ്വഹണം അനുവദിക്കുകയും ചെയ്തു.

# അദ്ധ്യായം ൻ.

## യേശു പിലാത്തോസ്സിൻെറ കച്ചേരിയിലും, ഹേറോദേസ്സിൻെറ സന്നിധിയിലും ആനയിക്കപ്പെടുന്നു.

(ജോൺ xviii, 28-40 മാത്യൂ, xxvii, 2, 11- 25;)
(മാർക്ക് xv, 1- 44; ലൂക്ക് xxviii. 1- 25.)

യേശുവിനെ സംബന്ധിച്ചുണ്ടായ വിധിയെ സ്ഥിരപ്പെടുത്തുന്നതിനായി അദ്ദേഹത്തെ പീലാത്തോസ്സിൻെറ അടുക്കൽ കൊണ്ടുപോകണമെന്നുള്ള സൻഹെദ്രിൻസഭയുടെ തീരുമാനത്തെപ്പററി നാം വായിച്ചുവല്ലൊ ഉഷഃകാലപൂജയ്ക്കായി തങ്ങളുടെ സാന്നിദ്ധ്യം ദേവാലയത്തിൽ അപേക്ഷിതമായിരുന്നതിനാൽ പുരോഹിതന്മാക്ക് അദ്ദേഹത്തെ അനുഗമിക്കാൻ സാധിച്ചില്ല. എന്നാൽ ആ മഹാജനസഭയുടെ ബാക്കിയുള്ള അംഗങ്ങൾ ഒരു വലിയ പരിവാരത്താൽ അനുഗതരായി യേശുവിനെ നഗരത്തിനടുത്തുള്ള റോമൻകച്ചേരിയിലേക്കു കൊണ്ടുപോയി.

റോമൻഗവർണർമാർ തങ്ങളാൽ സ്ഥാനഭ്രഷ്ടരായ രാജാക്കന്മാരുടെ അരമനകളെ തങ്ങളുടെ വാസസ്ഥലമാക്കുക പതിവായിരുന്നു. സാധാരണമായി അവർ സീയോൺമലയുടെ

മുകളിലുള്ള ഹേറോദേസ്സിൻെറ രാജകീയസദനത്തിൽ താമസി ച്ചുവന്നു; എന്നാൽ പെസഹാകാലത്തു പിലാത്തോസ്സ് ദേവാല യത്തിൻെറ വടക്കുവശത്ത് അതിൻെറ മണ്ഡപങ്ങൾക്കഭിമുഖ മായി പണിചെയ്യപ്പെട്ടിരുന്ന അൻെറാണിയാ എന്ന കോട്ടയ്ക്കു ള്ളിലേക്കു തൻെറ വാസം മാററിയിരുന്നു. ഈ പ്രാസാദത്തി ൻെറ മുകളിൽ നിന്നുകൊണ്ട് അയാൾക്ക് ഏതു ലഹളയേയും ശ മിപ്പിക്കുന്നതിന് എളുപ്പമുണ്ടായിരുന്നതുകൂടാതെ, അതിലെ വി സ്താരമേറിയതും രാജോചിതവുമായ എടുപ്പുകളും, ഉന്നതങ്ങളാ യ സോപാനങ്ങളും, കുളിക്കാനുള്ള സൗകര്യങ്ങളും, തൻെറ ഭട ന്മാരെ സൈ്വരമായി താമസിപ്പിക്കത്തക്കവണ്ണം വിസ്തൃതമായ വളപ്പുകളും മററും അയാൾക്ക് ആകർഷകങ്ങളായിരുന്നു.

ഈ ശാലകളിലൊന്നിലേക്കു കൊണ്ടുപോയി യേശുവി നെ അവർ പിലാത്തോസ്സിൻെറ മുമ്പിൽ നിറുത്തി. അദ്ദേഹം ഗ വർണർക്കു തീരെ അപരിചിതനായിരുന്നില്ല; അദ്ദേഹത്തിൻെറ ലോകസേവനരംഗമായിരുന്ന ഗലീലേയായും പീരിയായും റോമാ സമ്റാജ്യത്തിൻെറ അധികാരസീമയ്ക്കു വെളിയിലായിരുന്നുവെ ങ്കിലും, അദ്ദേഹത്തിൻെറ പ്രബോധനങ്ങളുടെയും അപദാനങ്ങ ളുടെയും കീർത്തി വളരെ മുമ്പുതന്നെ സെസെറിയായിലും എത്തി യിരുന്നു. ഇതുകൂടാതെ, പിലാത്തോസ്സിൻെറ ഭാര്യ യഹോവായു ടെ മതത്തിലേക്കു പരോക്ഷമായി ആകർഷിക്കപ്പെട്ടിരുന്നു; താൻ 'നീതിമാൻ' എന്നു വിളിച്ചുവന്ന ആ ദിവ്യപുരുഷൻെറ ജീവിതപ വിത്രതയാൽ സ്പൃഷ്ടഹൃദയയായ അവൾ അദ്ദേഹത്തെപ്പററി ഭ ർത്താവിനോടു പലപ്പോഴും സംഭാഷണം ചെയ്തിട്ടുണ്ടായിരുന്നു. ഈ വിധം അയാൾക്കു യേശുവിനെപ്പററിയുള്ള പൂർണ്ണവിവരങ്ങൾ— അദ്ദേഹത്തിൻെറ ക്രിസ്തുവെന്ന അപരനാമം, സൻഹെദ്രിൻസഭ യുടെ നിഷ്ഠുരമായ വിദ്വേഷം അദ്ദേഹത്തെ അടിപ്പെടുത്താൻ അ വരെ ബദ്ധകങ്കണരാക്കിയ മതഭ്രാന്ത് എന്നിവ—അറിയാമായിരുന്നു.

പീലാത്തോസ്സിൻെറ മുമ്പിൽ പ്രതി മാത്രമേ നില്ക്കുന്നു ണ്ടായിരുന്നുള്ളു. അദ്ദേഹത്തിൻെറ പ്രതിപക്ഷികൾ കച്ചേരിയു ടെ വാതിൽ കടന്നില്ല. അദ്ദേഹത്തിൻെറ പേരിലുള്ള കുററങ്ങ ളെ കൂടെനിന്നു തെളിയിച്ചു സ്ഥാപിക്കുന്നതിന് എത്ര ശക്തിമ ത്തായ അഭ്യഗ്രഹം അവർക്കുണ്ടായിരുന്നുവെങ്കിലും, അകത്തു കട ന്നാൽ അശുദ്ധിയുണ്ടാകുമെന്നും, തന്മൂലം പെസഹായിൽ പ ങ്കുകൊള്ളാൻ സാധിക്കാതെ വന്നേക്കുമെന്നുമുള്ള ഭയം അതിനേ

ക്കാൾ പ്രബലതരമായിരുന്നു. എങ്കിലും സൻഹെദ്രിൻസഭ പ്രതിയെ വധത്തിനു വിധിച്ചിരിക്കയാണെന്നുള്ള വസ്തുത അദ്ദേഹത്തിന്റെ കരങ്ങളെ ബന്ധിച്ചിരിക്കുന്ന വിലങ്ങുകളിൽനിന്നു പീലാത്തോസ്സു മനസ്സിലാക്കുമെന്ന് അവർ വിചാരിച്ചു. വധ്യരായ് മഹാപരാധികളെ മാത്രമേ ഇവ്വിധം വിലങ്ങിട്ടു, റോമൻ ന്യായാധിപനെ അവർ ഏല്പിക്കുമായിരുന്നുള്ളു.

യേശുവിനെ കണ്ടപ്പോൾ ആ വിധികർത്താവിനുണ്ടായ പ്രഥമവികാരം അനുകമ്പയായിരുന്നു; രാജദ്രോഹോദ്യതനായ ഒരു ലഹളക്കാരന്റെ ഔദ്ധത്യത്തേയും ശിക്ഷാർഹമായ മററു യാതൊന്നിനെയും ദ്യോതിപ്പിക്കുന്നതായി അദ്ദേഹത്തിന്റെ മുഖഭാവത്തിൽ എന്തെങ്കിലുമുണ്ടായിരുന്നില്ല. റോമൻരാജ്യഭരണധുർവ്വഹന്മാർക്കു സഹജമായുണ്ടായിരുന്ന ധിഷണാശക്തിയാൽ അനുഗൃഹീതനായ പീലാത്തോസ്സ് ഏതോ ഒരു കൂട്ടുകെട്ടിന്റെ ഫലമായിരിക്കണം ഈ കേസ്സ് എന്നു സംശയിച്ചു; അതുകൊണ്ടു സൻഹെദ്രിൻസഭയുടെ വിധിയെ സ്ഥിരപ്പെടുത്താൻ ഇടയാകാതെ, അതിനെ പുനരായി ഒന്നു വിസ്തരിച്ചു ശിക്ഷയെ ഭേദപ്പെടുത്താൻ അവസരം ലഭിക്കുമെന്ന് അയാൾ വിചാരിച്ചു. എങ്കിലും ആ സദനപ്രവേശത്തെ നിരോധിച്ച അവരുടെ ആചാരനിഷ്ഠയെ ആദരിച്ച്, അയാൾ വെളിക്ക് അവർ നിന്ന സ്ഥലത്തു ചെന്ന് അവരെ കണ്ടു.

„എന്തുകുററം നിങ്ങൾ ഈ മനുഷ്യന്റെ മേൽ ആരോപിക്കുന്നു?" എന്ന് അയാൾ ചോദിച്ചു.

അവരുടെ അത്യുൽകണ്ഠയും അവർ വന്ന ആ അസമയവും അവരുടെ കാര്യത്തിന്റെ ഗൗരവത്തെയും അടിയന്തിരസ്വഭാവത്തെയുംപീലാത്തോസ്സിനെ ബോധ്യപ്പെടുത്തുമെന്ന് അവർ പ്രതീക്ഷിച്ചിരുന്നു. അവരുടെ ആശാഭംഗത ഈ പരുഷവാക്കുകളാൽ ആവിഷ്കരിക്കപ്പെട്ടു:—

„ഈ മനുഷ്യൻ ഒരു ഉപദ്രവകാരി ആയിരുന്നില്ലെങ്കിൽ അവനെ അങ്ങേയുടെ പക്കൽ ഞങ്ങൾ ഏല്പിക്കുമായിരുന്നില്ല."

ഔദ്ധത്യസങ്കലിതമായ ഈ പ്രത്യുത്തരം ആ ഭരണാധികൃതനു അത്ര രസിച്ചില്ല: അതിന് അയാൾ നൽകിയ സമാധാനം അവജ്ഞയും പരിഹാസവും നിറഞ്ഞതായിരുന്നു.

“നിങ്ങൾതന്നെ അയാളെ കൊണ്ടുപോയി, നിങ്ങളുടെ

ചട്ടങ്ങളനുസരിച്ചു വിധിച്ചുകൊൾക," എന്നു പീലാത്തോസ്സു പറഞ്ഞു.

അവരുടെ ആചാരവിധികളെ വിധ്വംസിച്ച മനുഷ്യനു സമുദായബഹിഷ്കാരവും, പ്രാർത്ഥനാലയത്തിൽവച്ചു ചാട്ടകൊണ്ടു മുപ്പത്തിയൊമ്പതു് അടിയും മതിയായ ശിക്ഷയാകുമായിരുന്നില്ലേ?

"വധശിക്ഷ നടത്തുന്നതിനുള്ള അധികാരം ഞങ്ങൾക്ക് ഇല്ലാതായിരിക്കുന്നുവല്ലോ," എന്ന് അവർ പറഞ്ഞു; ഈ മറുവടിയിൽനിന്ന് അവരുടെ ഉദ്ദേശ്യം എന്തായിരുന്നുവെന്നു വെളിവായി. പരാശക്തിയുടെ പ്രവർത്തനരീതികൾ എത്ര ദുരവഗാഹങ്ങളായിരിക്കുന്നു! വധശിക്ഷയ്ക്കുള്ള അധികാരം ദൈവം അവരിൽനിന്ന് എടുത്തുകളഞ്ഞതു്, അവർ അവരുടെ നിയമമനുസരിച്ചു ക്രിസ്തുവിനെ കല്ലെറിഞ്ഞു കൊല്ലാനിടയാകാതെ റോമൻഗവമ്മെണ്ടു് അദ്ദേഹത്തെ, "അദ്ദേഹം എല്ലാ മനുഷ്യരെയും തൻെറ പക്കലേക്ക് ആകർഷിക്കുന്നതിനായി," കുരിശിന്മേൽ ഉയർത്തിനിർത്തുന്നതിനു മാത്രമായിരുന്നു! താൻ മരിക്കേണ്ട വിധത്തെപ്പററിയുള്ള യേശുവിൻെറ പ്രവചനം നിർവ്വഹിക്കപ്പെടുന്നതിന് അതു് ആവശ്യകവുമായിരുന്നു.

സൻഹെദ്രിൻസഭ യേശുവിനായി തിരുമാനിച്ച ശിക്ഷാവിധിയെ സ്ഥിരപ്പെടുത്താൻ പിലാത്തോസ്സ് വിചാരിച്ചിരുന്നില്ലെന്നു പ്രത്യക്ഷമാണ്; അതിനെ സംബന്ധിച്ച നടപടികൾ മുഴുവനും പരിശോധിച്ചു തന്നത്താൻ ഒരു വിധി പറയുന്നതിന് അയാൾ ഉദ്ദേശിച്ചു. അവരുടെ കേസിലെ പ്രധാനവാദമുഖങ്ങളെ ക്രോഡീകരിക്കുന്നതിനായി അയാൾ ആവശ്യപ്പെട്ടപ്പോൾ അവർ പരാഭവത്തോടുകൂടി അതിനു, ഗത്യന്തരമില്ലാതെ, വിധേയരായി. ഭഗവാൻ അവലംബിച്ച "ദൈവപുത്രൻ" എന്ന നാമധേയം—അതായിരുന്നു അദ്ദേഹത്തിൻെറ ഈ ദുഃസ്ഥിതിയുടെ സാക്ഷാത്തായ കാരണമെങ്കിലും—അവർ ഇപ്പോൾ വാദവിഷയമാക്കിയില്ല. എന്നാൽ താൻ ക്രിസ്തുവാണെന്നു പ്രസ്താവിക്കുകയാൽ അദ്ദേഹം ഇസ്രായേൽരാജാവെന്നു സ്വയം പ്രഖ്യാപനംചെയ്തുവെന്നും, അതുതന്നെയും ഒരു മഹാപരാധമാണെന്നും അവർ വാദിച്ചു. യേശുവിൻെറമേൽ ആരോപിതമായ അപരാധങ്ങളെ പിലാത്തോസിനെ ക്രുദ്ധനാക്കാൻ തക്കവണ്ണം അവർ മൂന്നുതരമായി തിരിച്ചു.

"അവൻ ജനങ്ങളെ ക്ഷോഭിപ്പിക്കുന്നതായും, സീസറിനു കപ്പംകൊടുക്കുന്നതിനെ വിരോധിക്കുന്നതായും, ക്രിസ്തുരാജൻ എന്നു സ്വയം ഘോഷിക്കുന്നതായും ഞങ്ങൾ കണ്ടിട്ടുണ്ട്," എന്ന് അവർ പറഞ്ഞു.

എന്നാൽ പിലാത്തോസ്സിനു യഹൂദന്മാരെ നല്ലവണ്ണം അറിയാമായിരുന്നു. റോമിനെ ദ്രോഹിക്കുന്നവരെ ശിക്ഷിക്കുന്ന വിഷയത്തിൽ അവൎക്കു പെട്ടെന്നുണ്ടായ ഈ അഭിനിവേശത്താൽ അയാൾ വഞ്ചിതനായില്ല. ഇതുകൂടാതെ, എന്തെങ്കിലും രാജദ്രോഹോദ്യമത്തെപ്പററിയോ, സിവിലാജ്ഞാലംഘനത്തെപ്പററിയോ തൻെറ കീഴുദ്യോഗസ്ഥന്മാരിൽനിന്ന് അയാൾക്കു യാതൊരു അറിവും കിട്ടിയിരുന്നില്ല. അതുകൊണ്ടു തനിക്കു നിഷ്പ്രയാസം ശമിപ്പിക്കാൻ സാധിക്കുമായിരുന്ന രാജദ്രോഹസംരംഭത്തെപ്പററിയുള്ള നിവേദനം അയാൾക്കു തീരെ വിശ്വാസയോഗ്യമായി തോന്നിയില്ല; എന്നാൽ 'ക്രിസ്തു' എന്ന ആ പദം അയാളുടെ ശ്രദ്ധയെ ആകൎഷിച്ചു. രാഷ്ട്രീയവും മതാത്മകവുമായ ഒരു അധികാരത്തെ ദ്യോതിപ്പിക്കുന്ന ഈ പേരിൻെറ വിവക്ഷിതം എന്തായിരിക്കും? തൻെറ മുമ്പാകെ നിൽക്കുന്ന ആ ജയിൽപുള്ളിക്ക് എന്തു രാജത്വമാണ് അവകാശപ്പെടാനുള്ളത്? ഈ പ്രശ്നങ്ങൾക്കു തക്കതായ സമാധാനം സിദ്ധിക്കുമെന്നുള്ള പ്രത്യാശയോടുകൂടി പിലാത്തോസ്സ് ന്യായാസനത്തിൽ ഉപവേശിച്ച്, യേശുവിനെ വിളിച്ചു.

ഭഗവാൻ തൻെറ വിധികൎത്താവിൻെറ മുമ്പാകെ ഏകനായി, "ആ നസ്രാണിയെ കൊല്ലണം!" എന്ന ശബ്ദകോലാഹലം തൻെറ കൎണ്ണപുടങ്ങളിൽ എത്തത്തക്കവണ്ണം അനുസ്യൂതമായി പുറപ്പെടുവിച്ചുകൊണ്ടിരുന്ന ആ ജനസഞ്ചയത്തിൽനിന്ന് അകലെയായി, നിന്നു. അവരുടെ കോപാന്ധമായ വിക്രിയകളിൽനിന്നു പിലാത്തോസ്സു തൽക്കാലം അദ്ദേഹത്തെ രക്ഷിക്കുകയും, ഏതാദൃശമായ ഒരു ദുരവസ്ഥയിൽ തൻെറ ഹൃദയം അനുകമ്പാരഹിതമല്ലെന്നു തെളിയിക്കുകയും ചെയ്തു. തനിക്കു പറയാനുള്ളതു മുഴുവനും പറഞ്ഞു കേൾപ്പിക്കുന്നതിന് ഇതു ശരിയായ ഒരു സന്ദൎഭമായിരുന്നുവെങ്കിലും, ഭഗവാൻ ഒററയക്ഷരം മിണ്ടിയില്ല; തൻെറ ശ്രദ്ധമുഴുവനും സനാതനമായ സത്യത്തിൽ ഏകതാനമായിരുന്നു; തൻെറ മുമ്പിൽ സംശയാകുലനായും, അസ്വാസ്ഥചിത്തനായും, അന്ധകാരനിമഗ്നനാണെങ്കിലും ഏതോ സ്വൎഗ്ഗീയ

ജ്യോതിസ്സിൻെറ കിരണസ്പൎശത്താൽ അനുഗൃഹീതനായും സ്ഥിതി ചെയ്യുന്ന ആ മനുഷ്യൻെറ ഹൃദയത്തിൽ അനന്തസത്യത്തെ നിവേശിപ്പിക്കുന്നതിനുമാത്രം അദ്ദേഹം ദത്തശ്രദ്ധനായിരുന്നു. സംഭാഷണം ആരംഭിച്ചതു പിലാത്തോസ്സായിരുന്നു.

"അങ്ങു വാസ്തവത്തിൽ യഹൂദന്മാരുടെ രാജാവാണോ?" എന്ന് അയാൾ യേശുവിനോടു ചോദിച്ചു.

പ്രഷ്ടാക്കളുടെ വാക്കുകളെക്കാൾ വിചാരഗതിയെക്കുറിച്ചു കൂടുതൽ ശ്രദ്ധാലുവായ ഭഗവാൻ ഇങ്ങനെ മറുവടി പറഞ്ഞു:

"നിങ്ങൾ ഇതു സ്വമേധയാ പറയുന്നതാണോ, അതോ മററുള്ളവർ എന്നേപ്പററി നിങ്ങളോടു പറഞ്ഞിട്ടുള്ളതാണോ?"

തൻെറ ചിത്തവൃത്തിയെ യേശു അത്ര എളുപ്പം ഗ്രഹിച്ചതിൽ അത്ഭുതപ്പെട്ടു്, ആ ഭരണാധികാരി പറഞ്ഞു:

"ഞാൻ ഒരു യഹൂദനാണോ? അങ്ങയുടെ സമുദായവും മഹാപുരോഹിതന്മാരും അങ്ങേ എൻെറ പക്കൽ ഏൽപ്പിച്ചു. അങ്ങു് എന്തു പ്രവൎത്തിച്ചിട്ടുണ്ടു്?"

ഈ ചോദ്യത്തിനു സമാധാനം ഒന്നും ലഭിച്ചില്ല. പിലാത്തോസിനെ അപ്പോൾ വിഷമിപ്പിച്ചുകൊണ്ടിരുന്ന ആ ആന്തരമായ സമരത്തിൽ നിക്ഷിപ്തവീക്ഷണനായിരുന്ന യേശു, അയാളെ സത്യത്തിലേക്കു നിമന്ത്രണംചെയ്തുകൊണ്ടിരുന്ന ദിവ്യചോദനങ്ങളെ അയാൾ അമൎത്താൻ ശ്രമിക്കുന്നതായി അനന്തസഹതാപപൂൎവ്വം ദൎശിച്ചു; അയാളുടെ അന്തഃകരണത്തെ "അദ്ദേഹത്തിൻെറ ഈ രാജ്യം എന്താണു?" എന്ന പ്രശ്നം അസ്വസ്ഥമാക്കുന്നുണ്ടായിരുന്നു, അനുക്തവും അന്തൎഗ്ഗതവുമായ ആ ചോദ്യത്തിനായിരുന്നു അദ്ദേഹം മറുപടി പറഞ്ഞതു്:—

"എൻെറ രാജ്യം ഐഹികമല്ല. എൻെറ രാജ്യം ഐഹികമായിരുന്നുവെങ്കിൽ എൻെറ പരിചാരകന്മാർ ഞാൻ യഹൂദന്മാരുടെ കൈയിൽ ഏൽപ്പിക്കപ്പെടാതിരിക്കുന്നതിനു ശ്രമിക്കുമായിരുന്നു." എന്നാൽ—എൻെറ വിലങ്ങുകളിൽ നിന്നും, എൻെറ നിസ്സഹായസ്ഥിതിയിൽനിന്നും നിങ്ങൾക്കു മനസ്സിലാക്കാൻ കഴിയുന്നതുപോലെ!—എൻെറ രാജ്യം ഭൗമമല്ല.

"അപ്പോൾ അങ്ങു് ഒരു രാജാവാണോ?" എന്നു പിലാത്തോസ്സ് ഉദ്ഘോഷിച്ചു.

"നിങ്ങൾ അതു പറഞ്ഞിരിക്കുന്നുവല്ലോ," എന്നായിരുന്നു യേശുവിൻെറ പ്രത്യുത്തരം. ഇതിനെ തുടൎന്നുള്ള അദ്ദേഹത്തിൻെറ

വചനങ്ങൾ സെയിൻറു ജോൺ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും, അവ ഈ പ്രഖ്യാപനത്തെ സ്ഥിരീകരിക്കുന്നതിനു പശ്ചാല്പൂണ്ടങ്ങളായിരുന്നിരിക്കണമെന്നതു തീർച്ചയാണ്:—

"ഞാൻ ജാതനായിരിക്കുന്നതും, ഈ ലോകത്തേക്കു വന്നിരിക്കുന്നതും സത്യത്തിനു സാക്ഷ്യം വഹിക്കുന്നതിനാണ്. സത്യതല്പരനായ ഏവനും എൻെറ ശബ്ദം കേൾക്കുന്നു!"

"സത്യം എന്താകുന്നു?" എന്നു പിലാത്തോസ്സ് ചോദിക്കുകയും യേശുവിനു തൻെറ മേൽ വദ്ധിച്ചുവരുന്ന ശക്തിയിൽ നിന്ന് ഒഴിയുന്നതിനായി അവിടെനിന്നു മാറിപ്പോവുകയും ചെയ്തു.

ഈ വിചാരത്തോടുകൂടി അയാൾ വെളിക്കു യഹൂദന്മാരുടെ അടുക്കൽചെന്നു, വീണ്ടും ധൈര്യപൂർവ്വം ഇപ്രകാരം പറഞ്ഞു:

"ഈ മനുഷ്യനിൽ വധശിക്ഷാർഹമായി ഞാൻ യാതൊന്നും കാണുന്നില്ല."

അവരുടെ നിവേദനങ്ങൾക്കു സിദ്ധിച്ച മറുവടികേട്ട്, അവർ പൂർവ്വാധികം ക്രുദ്ധരായി ബഹളംകൂട്ടി. പുരോഹിതന്മാരും ജ്യായാന്മാരും ഉത്തരോത്തരം അസ്പഷ്ടതരവും, പിലാത്തോസ്സിനു ദുർഗ്രഹവും, പരസ്പരവിരുദ്ധവുമായിബ്ഭവിക്കുന്ന ദോഷാരോപണബഹുലതയാൽ അയാളുടെ ശ്രോത്രേന്ദ്രിയങ്ങളെ ബധിരീകരിക്കുമാറു ഉച്ചൈസ്സ്വരം അട്ടഹാസം മുഴക്കി. അയാൾ യേശുവിനെ അവിടെ ആനയിപ്പിച്ചു. അദ്ദേഹത്തിൻെറ സാന്നിദ്ധ്യം ബഹളത്തെയും ശകാരവർഷത്തെയും വദ്ധിപ്പിച്ചു. സൻഹെദ്രിൻ സഭാംഗങ്ങൾ അദ്ദേഹത്തെ നേരിട്ടു വീണ്ടും അനുസന്ധാനം ചെയ്തു. ഒന്നുകൊണ്ടും ഫലമുണ്ടായില്ല.

പിലാത്തോസ്സ് അദ്ദേഹത്തിൻെറ നേരെതിരിഞ്ഞു ചോദിച്ചു "എത്ര വളരെ കുററങ്ങൾ ഇവർ അങ്ങേയുടെമേൽ ആരോപിക്കുന്നുവെന്ന് അങ്ങു കേൾക്കുന്നില്ലേ?"

എന്നിട്ടും യേശു ഒററവാക്കു മറുപടി പറഞ്ഞില്ല. സംഭ്രാന്തചിത്തരായി അലറുന്ന ഒരു പുരുഷാരത്തിൻെറ മദ്ധ്യത്തിൽ ഈ അമാനുഷമായ നിശ്ശബ്ദതയും പ്രശാന്തമായ ആത്മദമനവും കണ്ടപ്പോൾ പിലാത്തോസ്സ് ആശ്ചര്യപരതന്ത്രനായി. ഈ ദുരവസ്ഥയിൽനിന്ന് ഒരു രക്ഷാമാർഗ്ഗത്തെപ്പററി അയാൾ ആലോചിച്ചുകൊണ്ടുനിന്നപ്പോൾ യഹൂദന്മാരുടെ വാദകോലാഹലം മുമ്പിലത്തെക്കാൾ പ്രചണ്ഡതരമായിവന്നു.

"ഗലീലേയായിൽ തുടങ്ങി ഈ സ്ഥലംവരെ യൂദേയാദേശമൊട്ടുക്ക പ്രബോധനംചെയ്തു ജനങ്ങളെ ഇവൻ ക്ഷോഭിപ്പിക്കുന്നു," എന്നു് അവർ ഗർജ്ജിച്ചു.

"ഗലീലേയാ" എന്ന നാമം ഒരു സൂചനയായിരുന്നു. ആ ദേശത്തെ സമാധാനരഹിതമായ സ്ഥിതിയെയും, രാജദ്രോഹോദ്യുക്തന്മാരായ തദ്ദേശീയർ ഒട്ടധികംപേർ ദേവാലയത്തിൽവച്ചു് അയ്യിടെ വധിക്കപ്പെട്ടതിനെയും വിധികർത്താവിനെ അനുസ്മരിപ്പിക്കുന്നതിനായി പ്രയോഗിക്കപ്പെട്ട അർത്ഥഗർഭമായ ഒരു പദമായിരുന്നു അതു്. എന്നാൽ, ഇതികർത്തവ്യതാമൂഢനായ പിലാത്തോസ്സിനു തൽക്കാലവൈഷമ്യനിവൃത്തിക്കു് അതു് ഉപകരിച്ചു. ഉത്തരക്ഷണത്തിൽ യേശു ഒരു ഗലീലേയാക്കാരനാണോ എന്നു ചോദിക്കുകയും, അദ്ദേഹം ഹെറോദേസ്സിൻെറ അധികാരസീമയിൽ പെട്ടവനാണെന്നു മനസ്സിലാക്കുകയാൽ അദ്ദേഹത്തെ ആ സാമന്തരാജാവിൻെറ അടുക്കലേക്കു കൊണ്ടുപോകാൻ ഉത്തരവിടുകയും ചെയ്തു.

ഈ രാജാവും പരിവാരവും മക്കാബികളുടെ പുരാതനമന്ദിരത്തിൽ താമസിക്കുകയായിരുന്നു; പരേതനായ ഹെറോദേസ്സിൻെറ പുത്രന്മാർ തങ്ങളുടെ പിതാവിൻെറ കൊട്ടാരം റോമൻഭരണാധികാരികളുടെ വാസത്തിനായി അന്യാധീനപ്പെട്ടുപോയപ്പോൾ, പ്രസ്തുത മന്ദിരത്തിലേക്കു മാറിത്താമസിച്ചു. ശത്രുക്കളാൽ ആവൃതനായ യേശുവിനെ ഭടന്മാർ അവിടത്തേക്കു കൊണ്ടുപോയി. മേരീസുതൻെറ ദുഃഖഭൂയിഷ്ഠമായ അഭിനിര്യാണത്തിൻെറ ഈ ഘട്ടത്തിൽ നാം അദ്ദേഹത്തെ പിന്തുടരുന്നില്ല. ഭടന്മാർ മോറിയാമലയുടെ കിഴക്കാംതൂക്കായ ചരിവിൽകൂടി ഇറങ്ങി, സീയോൺഗിരിയെ ആരോഹണംചെയ്യുന്നതിനു് അദ്ദേഹത്തെ നിർബന്ധിച്ചിരിക്കാൻ ഇടയില്ല; ദേവാലയത്തിൻെറ പശ്ചിമമണ്ഡപത്തിൽകൂടി തൈരപ്യോൺപാലം കടന്നു്, അവർക്കു് എളുപ്പം രാജാവിൻെറ അരമനയിൽ എത്താമായിരുന്നു.

യേശുവിൻെറ ആഗമനം അന്തസ്സാരവിഹീനമായ ഒരു കുതൂഹലം മാത്രമേ ഹെറോദേസ്സിൽ ഉളവാക്കിയുള്ളു; അവൻെറ ഭോഗാസക്തവും നികൃഷ്ടവുമായ ഹൃദയം പിലാത്തോസ്സിൻെറ മനഃസാക്ഷിയെ അസ്വസ്ഥമാക്കിയ ഗുരുതരങ്ങളായ ചിന്തകളെ വഹിക്കുന്നതിനു് അശക്തമായിരുന്നു. വളരെക്കാലമായി ക്രിസ്തുവിനെ സംബന്ധിച്ചുള്ള സകല വിവരങ്ങളും അവൻ അറിഞ്ഞു

കൊണ്ടിരിക്കയായിരുന്നു: അദ്ദേഹത്തിൻെറ വിശ്രുതമായ അപദാനങ്ങളിൽ ചിലതിനെ കാണുന്നതിനു മാത്രം അവൻ ഉൽകണ്ഠ പ്രദശിപ്പിച്ചു— വധശിക്ഷയിൽനിന്നു മോചനം പ്രാപിക്കാനായി അത്ഭുതസിദ്ധികൾക്കു വിഖ്യാതനായ ആ യുവഭിഷഗ്വരൻ എന്തെങ്കിലും അത്ഭുതം പ്രവത്തിച്ചു തൻെറ കൗതുഹലത്തെ സന്തർപ്പണംചെയ്യുമെന്ന് അവൻ തീർച്ചപ്പെടുത്തി. ഈദൃശമായ പ്രതീക്ഷകൾമൂലം ഹെറോദേസ്സു പ്രതിയോടു സ്വല്പം ആദരം ഭാവിക്കുകയും, അനേകം ചോദ്യങ്ങൾ ചോദിച്ച് അദ്ദേഹത്തിൻെറ അമാനുഷശക്തി പ്രത്യക്ഷപ്പെടുത്താൻ ഉത്സാഹിപ്പിക്കുകയും ചെയ്തു.

എന്നാൽ യേശു ആ രാജഹൃദയത്തിൻെറ ഉത്താനത നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. പിലാത്തോസ്സിനോടു സംഭാഷണം ചെയ്യുന്നതിന് അനുകമ്പാഗർഭമായ വാക്കുകൾ മാത്രമുണ്ടായിരുന്ന ആ പുരുഷോത്തമൻ ഹെറോദേസ്സിനോട് ഒററയക്ഷരം ശബ്ദിച്ചില്ല. ഈ അഭാഷണം രാജാവിന് അഭിഭവകരമായിരുന്നു. സൻഹെദ്രിൻസഭക്കാർക്കു പററിയ തോൽവിയും ഒട്ടും പ്രതീക്ഷിതമായിരുന്നില്ല. സജാതീയനായ ഒരു നരപതിയുടെ സന്നിധിയിൽ തങ്ങളുടെ പ്രഭാവത്തിനു ലോപം സംഭവിക്കാതെയും മിഥ്യാഭിയോഗങ്ങളുടെ സഹായമില്ലാതെയും വാദിച്ചു വിജയം നേടാമെന്നും, അവർക്ക് ഏററവും വിദ്വേഷജനകങ്ങളായ യേശുവിൻെറ ബോധനങ്ങളും മ്ശിഹാത്വപ്രഖ്യാപനവും അവനും നീരസപ്രദങ്ങളായിരിക്കുമെന്നും അവർ വിശ്വസിച്ചിരുന്നു; എന്നാൽ അവരുടെ രോഷാകുലങ്ങളായ നിവേദനങ്ങളാകട്ടെ, അഭിശാപങ്ങളാകട്ടെ ഹെറോദേസ്സിനെ അശേഷം സ്പശിച്ചില്ല.

ഈ സാമന്തരാജാവു ജനനാൽ യഹൂദനായിരുന്നുവെങ്കിലും അവൻെറ പൂവ്വികന്മാർ ഇദൂമിയന്മാരായിരുന്നു; അതിനാൽ അവൻ ആസ്തിക്യവിഷയത്തിൽ സദൂച്യരുടെ വിചികിത്സയോടു പ്രകൃത്യാ പ്രവണതയുള്ളവനായിരുന്നു; മതസംബന്ധമായ കാര്യങ്ങളിൽ അവന് അശേഷം രസവും ചിന്താശീലവുമില്ലാതായിട്ട് ഏറെക്കാലമായി. ഇതിനുപുറമേ, അവൻ യേശുവിനെ വധശിക്ഷയ്ക്കു വിധിച്ചാൽ ജനതതിയുടെ ഇടയിൽ അദ്ദേഹത്തിന് അനുകൂലമായി ബഹളങ്ങളും പ്രക്ഷോഭണങ്ങളുമുണ്ടാകയില്ലേ? ഏതായാലും സ്നാപകയോഹന്നാൻെറ വധത്തിനുശേഷം അവൻ അനുഭവിച്ച മനഃപീഡകളും പരിഭ്രമങ്ങളും വീണ്ടും ഉണ്ടായേ

ക്കാനിടയുണ്ട്! സർവ്വോപരി അവൻ സ്വസുഖത്തിനു ഹാനികരമായ യാതൊന്നും ചെയ്യണമെന്നു വിചാരിക്കുകയില്ല. എല്ലാംകൊണ്ടും അവൻ ഒട്ടും താമസിയാതെ യേശുവിനെ പിലാത്തോസ്സിൻെറ അടുക്കലേക്കു മടക്കിയയച്ച് അയാൾ തനിക്കു ചെയ്തു ബഹുമതി തിരിച്ചു നൽകുന്നതിനുതന്നെ തീർച്ചപ്പെടുത്തി. എങ്കിലും ക്രിസ്തു അവനോടു പ്രദർശിപ്പിച്ച അവജ്ഞാനത്താൽ കുപിതനായി അവൻ അദ്ദേഹത്തെയും ഒന്ന് അവഹേളിക്കണമെന്നു ആഗ്രഹിച്ചു. അവൻെറ നിന്ദാബുദ്ധി പ്രകടിപ്പിക്കാനായി അവൻ അദ്ദേഹത്തെ പരിഹാസസൂചകമായ വെള്ളയുടുപ്പു ധരിപ്പിച്ചു. ഈ വസ്ത്രംകൊണ്ട് ഉദ്ദേശിക്കപ്പെട്ടതെന്തായിരിക്കും? നാടകശാലയിലെ രാജാപാർട്ടുകാരനെന്നു തോന്നിക്കുമാറു റോമൻഭരണാധികാരിയുടെ സ്ഥാനവസ്ത്രമായ ആപ്പ്രപദീനം അദ്ദേഹത്തെ അവൻ ധരിപ്പിച്ചതായിരിക്കുമോ? അതോ അവൻ യേശുവിനെ യാതൊരു കുററവും ചെയ്യുന്നതിന് ശക്തനല്ലാത്ത ഒരു യഥാജാതനായി ഗണിച്ചു വിട്ടിരിക്കുന്നതായി കാണിക്കാൻ വധശിക്ഷയിൽനിന്നു വിമോചിതരായ യഹൂദന്മാർ ധരിക്കുന്ന ശ്വേതാംബരത്തെ ധരിപ്പിച്ചതായിരിക്കുമോ? പിലാത്തോസ്സു രണ്ടാമത്തെ അർത്ഥത്തിലാണ് ഇതിനെ മനസ്സിലാക്കിയതെന്നു, ക്രിസ്തുവിൻെറ ജീവരക്ഷയ്ക്കുവേണ്ടി അയാൾ വാദിച്ചപ്പോൾ ഹെറോദേസ്സ് അദ്ദേഹത്തെ ഈവിധം വിട്ടയച്ചതു് ഒരു അനുകൂലസാക്ഷ്യമായി ഉദ്ധരിച്ചതിൽനിന്നു വെളിവാകുന്നു.

തനിക്കു വിസ്തരിക്കാൻ കാര്യമില്ലെന്നുപറഞ്ഞു തള്ളിക്കളഞ്ഞ കേസ്സു വീണ്ടും സ്വീകരിക്കുന്നതു പിലാത്തോസ്സിനു് ഇഷ്ടമായിരുന്നില്ലെങ്കിലും ഹെറോദേസ്സിൻെറ ഈ ആദരപ്രകടനത്താൽ അയാൾ സന്തുഷ്ടനാവുകയും, അവർ ഇങ്ങനെ പരസ്പരം മാനിച്ചതിൻെറ ഫലമായി അവർ തമ്മിലുണ്ടായിരുന്ന ഈർഷ്യയും വിരോധവും നിശ്ശേഷം നീങ്ങിപ്പോവുകയും ചെയ്തു. ആ രാജാവിൻെറ അധികാരത്തിനു വിരോധമായി റോമൻഭരണകർത്താവ് ഇതുവരെ ചെയ്തിട്ടുള്ള സകല പ്രവൃത്തികളും വിസ്മരിക്കപ്പെടുകയും അന്നുമുതൽ അവർ വളരെ സൌഹാർദ്ദപൂർവ്വം വർത്തിക്കുകയും ചെയ്തു.

യേശു വീണ്ടും അൻേറാണിയായിലേക്കുള്ള വഴിയേ ത്വരിതമായി നയിക്കപ്പെട്ടു. പരിഹാസസൂചകമായ ആഡംബരത്തോടും മോടിയോടും കൂടിയുള്ള വസ്ത്രധാരണം യേശുവിൻെറ ദുഃസ്ഥി

തിയുടെ ദയനീയതയെ വദ്ധിപ്പിച്ചു. പിലാത്തോസ്സ് അതു ക ണ്ടു് അനുകമ്പാർദ്രനാവുകയും ഹെറോദേസ്സിൻെറ തീരുമാനത്താൽ പ്രോത്സാഹിതനായിട്ടു സൻഹെദ്രിൻസഭക്കാരുടെ പിടിയിൽനിന്നു യേശുവിനെ വിട്ടവിക്കുന്നതിനു ശ്രമിക്കുകയും ചെയ്തു. അയാൾ പുരോഹിതശ്രേഷ്ഠന്മാരുടെയും ഉദ്യോഗസ്ഥന്മാരുടെയും ഒരു യോഗം വിളിച്ചുകൂട്ടി; എന്നാൽ അവരാകട്ടെ, വധശിക്ഷ നൽകുന്നതിന്നു് അയാളെ നിർബന്ധിക്കുന്നതിനായി ഒരു പുരുഷാരത്തെ ശേഖരിച്ചിട്ടുണ്ടായിരുന്നു.

യേശുവിനെ അടുത്തു നിറുത്തിക്കൊണ്ടു പിലാത്തോസ്സ് അവരോടു പറഞ്ഞു:—

"നിങ്ങൾ ഈ മനുഷ്യനെ എൻെറ മുമ്പിൽ കൊണ്ടുവന്നു്, അദ്ദേഹം ജനങ്ങളെ ക്ഷോഭിപ്പിക്കുന്നുവെന്നു ദോഷാരോപണം ചെയ്യുന്നു; എന്നാൽ ഞാൻ അദ്ദേഹത്തെ നിങ്ങളുടെ മുമ്പാകെവച്ചു് അനുസന്ധാനം ചെയ്തിട്ടു് അദ്ദേഹത്തിൻെറമേൽ നിങ്ങൾ ആരോപിക്കുന്നതായ കുററമൊന്നും അദ്ദേഹത്തെ സ്പശിക്കുന്നതായി കാണുന്നില്ല. ഞാൻ നിങ്ങളെ ഹെറോദേസ്സിൻെറ അടുക്കൽ അയച്ചു. അയാളും വധത്തിനു യോഗ്യമായി ഇദ്ദേഹത്തിൽ ഒന്നും കണ്ടില്ല."

ഈ അഭിഭാഷണത്തിനു മറുപടി ഭയങ്കരമായ നിശ്ശബ്ദതയൊ നവമായ ഒരു അഭിക്രന്ദനമോ ആയിരുന്നിരിക്കാം. ഏതായാലും അവരുടെ സങ്കടപരിഹാരത്തിനായി എന്തെങ്കിലും പ്രവത്തിക്കുന്നതാണു് ഉത്തമമെന്നു വിചാരിച്ചു പിലാത്തോസ്സ് ഒടുവിൽ ഇങ്ങനെ പറഞ്ഞു:

"ഞാൻ അദ്ദേഹത്തെ ലഘുവായി ശിക്ഷിച്ചു വിട്ടുകളയാം."

അയാൾ ഉദ്ദേശിച്ച ശിക്ഷ തുലോം ലഘുവായിരുന്നുവെങ്കിലും അതു് ഒട്ടും ക്ഷന്തവ്യമല്ലാത്ത ഒരു അനീതിയും സൻഹെദ്രിൻസഭക്കാരുടെ ശ്രദ്ധ ഉടൻ പതിഞ്ഞ ഒരു ദൗർബല്യപ്രകടനവുമായിരുന്നു. തങ്ങൾക്കു കിട്ടിയ വിജയാംകുരത്തെ സവ്വശക്തിയും പ്രയോഗിച്ചു പരിപൂണ്ണവൃദ്ധിയെ പ്രാപിപ്പിക്കുന്നതിന്നു് അവർ തീർച്ചപ്പെടുത്തി.

ഇതിനിടയ്ക്കു, പുരുഷാരം അൻേറാണിയാപ്രാകാരത്തിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളെ ആരോഹണം ചെയ്യുന്നതിന്നു് ആരംഭിച്ചിരുന്നു. അവരെ അവിടുത്തേക്കു് ആകർഷിച്ചതു റോമ

ൻകച്ചേരിയിൽ സമ്മേളിച്ച മഹാജനയോഗമോ, ആ സന്ദർഭത്തിൽ എല്ലാ വർഷങ്ങളിലും അവിടെ നടക്കാറുണ്ടായിരുന്ന ഏതോ ഒരു കർമ്മവിശേഷമോ ആയിരിക്കണം. പെസഹാമഹോത്സവദിവസം കാലത്തു്, ആ മഹത്തിൻെറ മാഹാത്മ്യവർദ്ധനയ്ക്കായി, റോമൻഭരണാധികാരികൾ യഹൂദന്മാരാൽ നിശ്ചയിക്കപ്പെടുന്ന ഒരു ജയിൽപുള്ളിക്കു മോചനം നൽകുക പതിവുണ്ടായിരുന്നു. യഹൂദന്മാരുടെ ഐതിഹ്യങ്ങളിലോ വേദപുസ്തകത്തിലോ യാതൊരു രേഖയുമില്ലാത്ത ഈ ആചാരം ഏതോ റോമൻഭരണാധികാരി പരാജിതരായ ജനങ്ങളുടെ സ്നേഹം സമ്പാദിക്കുന്നതിനായി ഏർപ്പെടുത്തിയ ഒന്നാണെന്നുള്ളതിനു സംശയമില്ല. മഹാവിപത്തുകൾ നേരിടുമ്പോഴും, ചക്രവർത്തിമാരുടെ ജന്മനക്ഷത്രമഹങ്ങൾ പ്രമാണിച്ചും കുററക്കാർക്കു മാപ്പുകൊടുക്കുന്നതിനു സദാ സന്നദ്ധമായിരുന്ന റോമാ അതിൻെറ രാജപ്രതിനിധികളിൽ ഒരുവൻ ചെയ്ത ഈ സൗജന്യത്തെ ഒരു നിയമമാക്കിത്തീർത്തു. അങ്ങനെ, പിലാത്തോസ് അതിനെ ഒരു അലംഘനീയമായ ചട്ടമെന്നവണ്ണം അനുഷ്ഠിക്കുന്നതായി നാം കാണുന്നു. നിയമപ്രകാരമുള്ള ഈ സൌജന്യത്തിനുവേണ്ടി മുറവിളികൂട്ടിക്കൊണ്ടു ഗബാത്താ എന്ന അങ്കണത്തിൽ തിങ്ങിക്കൂടി നില്ക്കുന്ന ജനസഞ്ചയത്തെ കണ്ടപ്പോൾ പിലാത്തോസ്സിനു് ഒരു നവമായ ഉപായം തോന്നി. പെസഹാകാലത്തു മുറപ്രകാരം വധശിക്ഷയ്ക്കു വിധിക്കപ്പെട്ടിരുന്നവരുടെ കൂട്ടത്തിൽ മഹാദുഷ്ടനെന്നു കുപ്രസിദ്ധനും ബറബാസ്സ് എന്നു പേരുള്ളവനുമായ ഒരുവനുണ്ടായിരുന്നു. ഒരു അക്രമസംഘത്തിൻെറ നേതാവായ അവൻ യറൂശലേമിൽ അനേകം കൊലപാതകങ്ങൾ ചെയ്യുകയും റോമൻഗവർമ്മെണ്ടിനു മാത്രമല്ല, സൻഹെദ്രിൻസഭയ്ക്കും വിപരീതമായി ഒട്ടധികം ലഹളകൾ നടത്തുകയും ചെയ്തിരുന്നു; ആ സംഭവകാലത്തു കാരാഗൃഹത്തിലായിരുന്ന അവൻ ബദ്ധനായിരുന്നതും. ജനങ്ങളാൽ എത്രയും അപകൃഷ്ടനായി ഗണിക്കപ്പെട്ടിരുന്ന ആ ഖലശിരോമണിയോടു ദിവ്യരക്ഷാനാഥനെ ഉപമിച്ചതോർത്തു വി: ജോൺ ഇങ്ങനെ ആശ്ചര്യോദ്ഘോഷം ചെയ്യുന്നു: "എന്നാൽ ബറബാസ്സ് ഒരു കവർച്ചക്കാരനായിരുന്നു!"

ഈ ദുഷ്ടനെ അപേക്ഷിച്ചെങ്കിലും ശിഷ്ടാഗ്രണിയായ യേശു യഹൂദജനങ്ങൾക്കു പ്രിയതരനായിരിക്കുമെന്നു പിലാത്തോസ്സു പ്രതീക്ഷിച്ചു.

"ഞാൻ നിങ്ങൾക്ക് ആരെ വിട്ടുതരണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നു? ബറബാസ്സിനെയോ, മ്ശിഹായെന്നു വിളിക്കപ്പെടുന്ന യേശുവിനെയോ?" എന്ന് അയാൾ ചോദിച്ചു. ഈ പ്രശ്നത്തോടുകൂടി അയാൾ ന്യായാസനത്തെ ആരോഹണം ചെയ്തു.

അയാൾ അതിൽ ഇരുന്നു കഴിഞ്ഞപ്പോൾ തൻെറ ഭാര്യയാൽ നിയോഗിക്കപ്പെട്ട ഭൃത്യന്മാർ അയാളെ അന്വേഷിച്ചു വന്നു.

പ്രാസാദത്തിലുള്ള അവളുടെ മുറിയിൽ അവൾ ഈ ബഹളത്തെ കണ്ടുകൊണ്ടു നിൽക്കുകയായിരുന്നു. അവളുടെ പേരു ക്ലോഡിയാപ്രോക്കുലാ എന്നായിരുന്നുവെന്നും, അവൾ റോമൻപ്രഭുവർഗ്ഗത്തിൽപെട്ട മററു പലരെയുംപോലെ യഹൂദമതത്തിൽ വിശ്വാസമുള്ള ഒരു ഈശ്വരഭക്തയായിരുന്നുവെന്നും ഇതിഹാസം ഘോഷിക്കുന്നു. യഹൂദമതതത്ത്വങ്ങളെക്കാൾ യേശുവിൻെറ ബോധനങ്ങൾ ശ്രേഷ്ഠതരങ്ങളാണെന്നു ദൈവം അവൾക്കു വെളിപ്പെടുത്തിക്കൊടുത്തിരുന്നു. ആ യുവഗുരു ബദ്ധനാകാൻ പോകുന്നു എന്ന വാർത്ത അവൾ കേൾക്കയാൽ ഒരു അഭൂതപൂർവ്വമായ അസ്വാസ്ഥ്യം തലേരാത്രിമുഴുവനും അവളെ ഗ്രസിച്ചിരുന്നു; മനോവേദന ശമിക്കത്തക്കവണ്ണം അവൾക്കു സുഖനിദ്ര ഉണ്ടായില്ല; ഭയങ്കരങ്ങളായ ദുഃസ്വപ്നങ്ങൾ അവളുടെ സുഷുപ്തിക്കു ബാധകമായിരുന്നു. ഏതദ്ഫലമായി, യേശുവിനെ കോപാന്ധമായ പുരുഷാരത്താൽ സംവൃതനായും പീലാത്തോസ്സിനെ സന്ദേഹവിവശനായും ശിക്ഷാവിധി സ്ഥിരപ്പെടുത്തുന്നതിന് അർദ്ധസമ്മതനായും അവൾ കണ്ടപ്പോൾ, തൻെറ ഭർത്താവിന് ഈ സന്ദേശം എത്തിക്കുന്നതിനായി നിയോജ്യരോട് ആജ്ഞാപിച്ചു:—

"അങ്ങും ആ നീതിമാനും തമ്മിൽ യാതൊരു അഹിതവും സംഭവിക്കാതിരിക്കട്ടെ; ആ മനുഷ്യനെ അധികരിച്ച് ഇന്നു ഞാൻ സ്വപ്നത്തിൽ വലിയ അസ്വാസ്ഥ്യം അനുഭവിച്ചിരിക്കുന്നു."

ഈ അസത്തുക്കളായ ന്യായാധിപന്മാരുടെയും, അസത്യവക്താക്കളായ സാക്ഷികളുടെയും, ആസുരമൂർത്തികളായ മൂർഖന്മാരുടെയും ഏകോപിച്ചുള്ള സത്യവിധ്വംസനസംരംഭമദ്ധ്യത്തിൽ ഒരു വിമതസ്ഥയായ അബലാരത്നത്തിനു മാത്രം യേശുവിൻെറ ഭാഗം പിടിച്ചു വാദം ചെയ്യുന്നതിനു വേണ്ട മനോബല

വും ആർദ്രതയും ഉളവായി. ഈ ഉദാരവും സമഞ്ജസവുമായ കൃത്യം ക്രിസ്ത്യാനികളുടെ അനശ്വരവും കൃതജ്ഞതാപൂർവ്വകവുമായ സ്മരണയ്ക്കു പാത്രീഭവിച്ചിട്ടുണ്ട്; ഗ്രീക്കുകാർ ആ വനിതാമണിക്ക് അവരുടെ പുണ്യാത്മാക്കളുടെ ഗണത്തിൽ ഒരു സ്ഥാനം നൽകുകകൂടി ചെയ്തിട്ടുണ്ട്.

ഈ ഏതാനും നിമിഷങ്ങളെ പുരോഹിതന്മാരും മററും തങ്ങൾക്കു വളരെ ഗുണകരമായി വിനിയോഗിച്ചു. തങ്ങളുടെ അഭിപ്രായങ്ങളെ ജനസഞ്ചയത്തിൻെറ ഇടയിൽ പ്രചരിപ്പിച്ചിട്ട്, അവരുടെ അധമങ്ങളായ വികാരങ്ങളെ ഉത്തേജിപ്പിക്കുകയും, യേശുവിനെ യഥാസ്ഥിതി വിട്ടിട്ടു, ബറബ്ബാസ്സിൻെറ മോചനം ആവശ്യപ്പെടുന്നതിന് അവരെ പ്രേരിപ്പിക്കുകയും ചെയ്തു.

അതുകൊണ്ടു, പിലാത്തോസ്സ് രണ്ടാംപ്രാവശ്യം, "യഹൂദന്മാരുടെ രാജാവിനെ മോചിപ്പിച്ചു നിങ്ങളെ ഏൽപ്പിക്കുന്നതിനു നിങ്ങൾ ആഗ്രഹിക്കുന്നോ?" എന്നു ചോദിച്ചപ്പോൾ ഏകകണ്ഠമായ ഒരു ഗർജ്ജനം ആ ജനസമ്മർദ്ദത്തിൽനിന്ന് ഉദ്ഗമിച്ചു:

"അവനിൽനിന്നു ഞങ്ങളെ വിമുക്തരാക്കുക. ബറബ്ബാസ്സിനെ വിട്ടയക്കുക."

"നിങ്ങൾ യഹൂദന്മാരുടെ രാജാവെന്നു വിളിക്കുന്ന മനുഷ്യനെ അപ്പോൾ ഞാൻ എന്തു ചെയ്യണം!" എന്നു ഗവർണർ ചോദിച്ചു.

"അവനെ കുരിശിൽ തറച്ചു കൊല്ലുക, അവനെ കുരിശിൽ തറച്ചു കൊല്ലുക!" എന്നു ജനതതി ഏകസ്വരമായി പ്രതിവചിച്ചു.

"എന്നാൽ അദ്ദേഹം എന്തു ദോഷം ചെയ്തിട്ടുണ്ട്?" എന്നു പ്രതിയുടെ അഭിഭാഷകനെന്നവണ്ണം ജഡ്ജി ചോദിച്ചു. "ഞാനാകട്ടെ, അദ്ദേഹത്തിൽ വധശിക്ഷയ്ക്കു കാരണം കാണുന്നില്ല. അതുകൊണ്ടു ഞാൻ അദ്ദേഹത്തെ ലഘുവായി ശിക്ഷിച്ചു വിട്ടേക്കാം."

അപ്പോൾ പുരുഷാരം അസുരമായ അട്ടഹാസത്തോടുകൂടി "അവനെ കുരിശിൽ തറച്ചു കൊല്ലുക, കുരിശിൽ തറച്ചു കൊല്ലുക!" എന്നു വീണ്ടും അലറി.

അദ്ദേഹത്തിനു വിപരീതമായുള്ള അവരുടെ ബീഭത്സയത്നങ്ങൾ ഉത്തരോത്തരം ശക്തിമത്തരമായിത്തീർന്നു; അദ്ദേഹം കുരിശിൽ തറയ്ക്കപ്പെടട്ടെ എന്ന് അവർ മുറവിളികൂട്ടിക്കൊണ്ടി

രുന്നു; അവരുടെ അട്ടഹാസങ്ങൾ ഒന്നിനൊന്നു കൂടുതലായി തുടൻകൊണ്ടുതന്നെയിരുന്നു.

തന്റെ വൈഷമ്യത്തിന്ന് ഒട്ടും പരിഹാരമുണ്ടാകുന്നില്ലെന്നും, പ്രത്യുത, ബഹളം വർദ്ധിച്ചുകൊണ്ടുതന്നെയിരിക്കുന്നുവെന്നും കണ്ടിട്ട പിലാത്തോസ്സ്, താൻ യേശുവിനെ ഒരു നീതിയുള്ള മനുഷ്യനായി പരിഗണിക്കുന്നുവെന്നും, തനിക്ക് അദ്ദേഹത്തിന്റെ മരണത്തിൽ യാതൊരു ഉത്തരവാദിത്വവുമില്ലെന്നും നേരെ പ്രസ്താവിക്കാൻ ആഗ്രഹിച്ചു. ഒരു നരഹത്യയുടെ കർത്താവിനെ കണ്ടുപിടിക്കാൻ സാധിക്കാതെ വരുമ്പോൾ, മജിസ്ട്രേട്ടു തന്റെ നിർദ്ദോഷതയുടെ സാക്ഷ്യമായി മൃതശരീരസന്നിധിയിൽ വച്ചു കൈ കഴുകിക്കളയുന്ന ഒരു സമ്പ്രദായം ഇസ്രായലിൽ നടപ്പുണ്ടായിരുന്നു. ആവർത്തനഗ്രന്ഥത്തിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഈ കർമ്മം അനുഷ്ഠിച്ചാൽ പിലാത്തോസ്സിനു തന്റെ പെരുമാററങ്ങളെ ശ്രദ്ധാപൂർവ്വം സൂക്ഷിച്ചുകൊണ്ടിരിക്കുന്ന ജനസമൂഹത്തോട്ടു കൂടുതലായി വാഗ്വാദം ചെയ്യാതെ കഴിയാമായിരുന്നു. അതുകൊണ്ട് അയാൾ വെള്ളം വരുത്തി കൈകൾ കഴുകിക്കൊണ്ടു പറഞ്ഞു:

"ഈ നീതിമാനായ മനുഷ്യന്റെ രക്തത്തെസ്സംബന്ധിച്ചു ഞാൻ നിർദ്ദോഷനാണ്; ആകയാൽ ഇപ്പോൾ അതു നിങ്ങളുടെ കാര്യമാണ്."

ഉത്തരക്ഷണത്തിൽ എല്ലാ ജനങ്ങളും ഇങ്ങനെ ഉത്തരം പറഞ്ഞു:

"അവന്റെ രക്തം ഞങ്ങളുടെ മേലും, ഞങ്ങളുടെ സന്തതികളുടെ മേലും ആയിരിക്കട്ടെ."

പിലാത്തോസ്സിന്റെ പ്രതിരോധശക്തിയും ധൈര്യവും അസ്തമിച്ചു; ബറബാസ്സിനെ വിലങ്ങഴിച്ചു വിട്ടശേഷം അയാൾ ക്രിസ്തുവിനെ ഭടന്മാരെ ഏൽപ്പിച്ചു. അദ്ദേഹത്തെ നിശ്ശേഷം സന്ത്യജിക്കണമെന്ന് അയാൾ ഇനിയും വിചാരിച്ചിട്ടില്ലായിരുന്നു. കുരിശുവധത്തിന്റെ പ്രാരംഭമായ ചമ്മട്ടികൊണ്ടുള്ള പ്രഹരം കഴിയുമ്പോൾ ആ തിരുമേനിയിൽനിന്നു പുറപ്പെടുന്ന രക്തപ്രവാഹം കണ്ടു ശത്രുക്കൾ സംതൃപ്തരാകുമെന്നും, അപ്പോഴെങ്കിലും അദ്ദേഹത്തെ രക്ഷപ്പെടുത്തുന്നതിനു താൻ ശക്തനാകുമെന്നും അയാൾ പ്രത്യാശിച്ചിരുന്നു.

# അദ്ധ്യായം ൧൦.

## യേശു വധശിക്ഷയ്ക്കു വിധിക്കപ്പെടുന്നു.

(മാത്യു xxvii, 26-30; മാർക്ക് xv,15; ജോൺ xix, 1-16.)

യേശുവിനു സിദ്ധിച്ച കശാഭിഘാതം അതിനിഷ്ഠുരമായ ഒരു അഭിമർദ്ദനം തന്നെ ആയിരുന്നു. കശ്യനായ മനുഷ്യൻെറ ഉടുപ്പു നീക്കി, അവനെ ഒരു പൊക്കം കുറഞ്ഞ തൂണിൽ നെഞ്ചു ചേർത്തു കെട്ടിയിട്ടു, ഭടന്മാർ മുതുകിൽ മാംസം പൊളിഞ്ഞുപോകത്തക്കവണ്ണം നിർദ്ദയം പ്രഹരിക്കുന്നു. റോമൻപൌരന്മാരെ ശിക്ഷിക്കുന്നതിനു പ്രത്യേകമായി കരുതപ്പെട്ടിട്ടുള്ള നേർത്ത വടിയായിരുന്നില്ല ഇതരന്മാരെ പീഡിപ്പിക്കുന്നതിന് ഉപയോഗിക്കപ്പെട്ടതു്; ഇതു് അസ്ഥികൊണ്ടുള്ള കൂർത്ത മുഴകളും ഈയംകൊണ്ടുള്ള കുമിഴകളും വച്ചു പിടിപ്പിച്ച തോൽവാറുകൊണ്ടുള്ള ഒരുതരം ചമ്മട്ടിയായിരുന്നു. ഈ ഭയങ്കരമായ കൊരടാവുകൊണ്ടടിക്കുന്ന ഓരോ അടിക്കും തൊലി വരഞ്ഞുപൊട്ടുകയും രക്തം പ്രവഹിക്കുകയും, ചിലപ്പോൾ സാധുവായ പീഡിതൻ ആരാച്ചാരന്മാരുടെ പാദങ്ങളിൽ കമഴ്ന്നു വീഴുകയും ചെയ്യുന്നു. മുതുകു മുഴുവനും പൊട്ടി, അടിക്കാൻ ഇടമില്ലാതാകുമ്പോൾ അവനെ തിരിച്ചു നിറുത്തി പ്രഹരം തുടരും. ഈ പ്രാരംഭമർദ്ദനത്താൽ തന്നെ ദണ്ഡിതൻ ഗതജീവനാകുന്നതു് അസാധാരണമല്ലായിരുന്നു; അടിയുടെ എണ്ണം ക്ലിപ്തപ്പെടുത്തിയിരുന്നില്ല; ആരാച്ചാരന്മാരുടെ ഇഷ്ടം മാത്രമായിരുന്നു അതിനു പ്രമാണം; അവർ മുഷിയുകയോ ക്ഷീണിക്കുകയോ ചെയ്യുന്നതുവരെ പ്രഹരത്തിനു നിറുത്തില്ല.

സുവിശേഷങ്ങൾ ഈ കശാദണ്ഡനത്തെ രേഖപ്പെടുത്തുന്ന ഘട്ടത്തിൽ അതിനെ കൂലംകഷമായി വിവരിക്കുന്നില്ല. എന്നാൽ ആരാച്ചാരന്മാരുടെ ക്രോധത്തെ മൃഗീയമാംവണ്ണം വിജൃംഭിപ്പിച്ച യേശുവിൻെറ അഭാഷണം, ദണ്ഡിതനായ സാധുവിൻെറ തീവ്രവേദന കണ്ടിട്ടെങ്കിലും യഹൂദന്മാർക്ക് അലിവുതോന്നുമെന്നുള്ള പിലാത്തോസ്സിൻെറ പ്രത്യാശ, ചമ്മട്ടിപ്രയോഗത്തിനുശേഷം കുരിശു ചുമക്കാൻ സാധിക്കാത്തവണ്ണം ബന്ദി ക്ഷീണപരവശനായിപ്പോയി എന്നുള്ള വസ്തുത- ഇവയെല്ലാം ഒത്തുവച്ചുനോക്കിയാൽ സുദീർഘീകൃതമായ ഒരു യാതനയാണു ആ ദിവ്യാജപോതം അനു

ഭവിച്ചതെന്ന് നമുക്ക മനസ്സിലാക്കാം. ഇതു നടന്നതു കച്ചേരിമു
ററത്തു ജനങ്ങളുടെ മുമ്പിൽവച്ചാണ്. ഈ പ്രാരംഭശിക്ഷ നട
ത്തിയശേഷം ഉടൻതന്നെ ഭടന്മാർ അദ്ദേഹത്തെ വീണ്ടും ന്യായാ
ധിപസന്നിധിയിൽ കൊണ്ടുപോയി.

അവിടെവച്ച് അവർ ഹെറോദേസ്സിനെ അനുകരിച്ചു,
യേശുവിനെ രാജവേഷം അണിയിക്കുകയും, നിന്ദാഗർഭങ്ങളായ
ആപ്പുവിളികളോടും ജയജയഘോഷങ്ങളോടുംകൂടി ഈ 'യഹൂദ
ന്മാരുടെ അഭിനവരാജാവിൻെറ' മുമ്പാകെ നമസ്കാരനടനം
ചെയ്യുകയും ചെയ്തു. അവജ്ഞാദ്യോതകമായ ഒരു സിംഹാസന
ത്തിൽ അവർ ആ ധർമ്മരാജാവിനെ ആരോഹണം ചെയ്യിച്ചശേ
ഷം, ഒരു റോമൻയുദ്ധവീരനെപ്പോലെ, ശോണവർണ്ണമായ ഒരു ഉ
ത്തരീയം ധരിപ്പിച്ചു. അതിനിടക്ക് ഏതാനും ഖലന്മാർ മുള്ളുകൊ
ണ്ടു് ഒരു കിരീടം നിർമ്മിക്കുകയും അതു് അദ്ദേഹത്തിൻെറ തലയിൽ
വച്ചുകെട്ടുകയും ചെയ്തു; അനന്തരം ബലമുള്ള ഒരു മുളംകോൽ
അദ്ദേഹത്തിൻെറ കൈയിൽ പിടിപ്പിച്ചു. ഒരു സിംഹാസനവും,
ഒരു കിരീടവും, ഒരു ചെങ്കോലും ആയപ്പോഴേക്ക് ഈ അഭിനവ
നരാധിപൻെറ രാജകീയപദവിക്ക് എല്ലാം തികഞ്ഞു; ഒരു കുറ
വുമാത്രം: പ്രജകളുടെ ഭക്തിപൂർണ്ണമായ സമാരാധനം; ആ പോ
രായ്മയും ഉടൻ പരിഹരിക്കപ്പെട്ടു.

"യഹൂദന്മാരുടെ രാജാവെ, നമസ്കാരം!" എന്നു് അവർ
അദ്ദേഹത്തിൻെറ മുമ്പാകെ ഭക്തിനടിച്ചു മുട്ടുകുത്തിക്കൊണ്ടു് ഉ
ച്ചൈസ്തരം ഘോഷിച്ചു; പക്ഷെ ഉത്തരക്ഷണത്തിൽ ഏഴുന്നേററു്,
അദ്ദേഹത്തെ വീണ്ടും കഠിനമായി പ്രഹരിക്കുകയും തുപ്പൽകൊ
ണ്ടു് അദ്ദേഹത്തിൻെറ മുഖത്തെ അഭിഷേകം ചെയ്യുകയുംചെയ്തു.

ഈ പീഡനസംരംഭത്തിൽ, അപ്പോഴും സുദൃഢമായി ബ
ന്ധിക്കപ്പെട്ടവനും, തീരെ നിസ്സഹായനുമായിരുന്ന യേശുവിൻെറ
കൈയിൽനിന്നു മുളംകമ്പു താഴെ വീണുപോയി; ഉടനടി അവർ
അതിനെ എടുത്തു് ആ പരിപാവനമായ ഉത്തമാംഗത്തിൽ മുൾ
മുടിയിലെ മുള്ളുകൾ തറച്ചുകയറത്തക്കവണ്ണം ഊക്കോടെ അടിച്ചു.
പിലാത്തോസ്സ് എപ്പോഴും ക്രിസ്തുവിനോടു പ്രദർശിപ്പിച്ച അനുക
മ്പയെപ്പററി ചിന്തിച്ചു നോക്കുമ്പോൾ ആ ഭരണാധികാരി ഈ
നിഷ്ഠുരകൃത്യങ്ങൾക്കു സാക്ഷിയായിരുന്നുവെന്നു വിശ്വസിക്കാൻ
നിവൃത്തിയില്ല. ഏതായാലും തൻെറ കല്പനകൾ ശരിക്കും, ക്രൂര
തലായും നിർവ്വഹിക്കപ്പെട്ടുവെന്നു് അറിഞ്ഞപ്പോൾ അയാൾ അ

പ്പോഴെങ്കിലും ജനതതിയുടെ ഭൂതദയയെ തട്ടിയുണൎത്താമെന്ന് ആശിച്ചു; ഒരിക്കൽക്കൂടി ഗബേഥാ എന്ന അങ്കണത്തിൽ പ്രത്യക്ഷനായി അയാൾ അവരുടെ ശ്രദ്ധയെ അൎത്ഥിച്ചു.

"കാണുവിൻ, ഞാൻ അദ്ദേഹത്തിൽ കുററമൊന്നും കാണുന്നില്ലെന്നു നിങ്ങൾ അറിയുന്നതിന്നായി അദ്ദേഹത്തെ വീണ്ടും നിങ്ങളുടെ അടുക്കൽ കൊണ്ടുവരുന്നു."

അപ്പോൾ യേശു മുന്നോട്ടു വന്നു; മുൾമുടി അദ്ദേഹത്തിന്റെ തലയിലുണ്ട്; അദ്ദേഹത്തിന്റെ രക്തസിക്തമായ ശരീരത്തെ ആവരണം ചെയ്യുന്ന രോഹിതാംബരം തൂങ്ങിക്കിടക്കുന്നു. അവരുടെ നിർബന്ധപ്രകാരം അദ്ദേഹം വിസ്താരപീഠത്തിൽ കയറി.

"ആ മനുഷ്യനെ നോക്കുവിൻ!" എന്നു പിലാത്തോസ്സ് പുരുഷാരത്തോട് ആക്രന്ദിച്ചു.

എന്നാൽ അവരുടെ ഹൃദയങ്ങൾ വജ്രകൎക്കശങ്ങളും, അനുകമ്പയ്ക്കു തീരെ ദുഷ്പ്രവേശങ്ങളുമായിരുന്നു.

"അവനെ കുരിശിൽ തറയ്ക്കുക! അവനെ കുരിശിൽ തറയ്ക്കുക!" എന്ന് അവർ നിഷ്ഠുരണം ഗൎജ്ജിച്ചു.

അവരുടെ നിഷ്ഠുണ്ടകത്വം റോമൻഗവൎണ്ണരുടെ കോപത്തെ ഉജ്ജ്വലിപ്പിച്ചു; യേശുവിനെ രക്ഷപ്പെടുത്തുന്നതിന്ന് ഒരു നിശ്ചയം അയാൾക്കുണ്ടായതുപോലെ തോന്നി:

"അദ്ദേഹത്തെ കൊണ്ടുപോയി നിങ്ങൾ തന്നെ കുരിശിൽ തറയ്ക്കുവിൻ; എന്തെന്നാൽ ഞാൻ അദ്ദേഹത്തിൽ വധശിക്ഷയ്ക്കു കാരണം കാണുന്നില്ല."

ഇതൊരു കാൎയ്യമായ അനുവാദമായി യഹൂദന്മാൎക്കു വ്യാഖ്യാനിക്കാൻ കഴിഞ്ഞില്ല; അതുകൊണ്ടായിരുന്നു അവരുടെ ദോഷാരോപണങ്ങളെല്ലാം വിഫലീഭവിച്ചുവെന്നു കണ്ടപ്പോൾ യേശുവിനോടുള്ള അവരുടെ അശാമ്യമായ വിദ്വേഷത്തിന്റെ സാക്ഷാത്തായ കാരണം അവർ വെളിപ്പെടുത്തിയതു്: അദ്ദേഹം താനെ ദൈവത്തിനു സമാനനായി എന്നുള്ളതു്, അപരാധികല്ലെറിഞ്ഞു കൊല്ലപ്പെടത്തക്കവണ്ണമുള്ള, ഒരു മഹാപാപമായിരുന്നു. റോമൻസാമ്രാജ്യം അതിന്റെ പ്രജകളുടെ മതാചാരങ്ങളോട് അത്യധികമായ ആദരം പ്രദൎശിപ്പിച്ചിരുന്നു. അതുകൊണ്ടു പിലാത്തോസ്സ് അവസാനമായി തങ്ങളുടെ അഭിലാഷങ്ങൾക്കു വഴിപ്പെടുമെന്ന് അവർ പ്രത്യാശിച്ചിരുന്നു.

"ഞങ്ങൾക്ക് ഒരു ചട്ടമുണ്ട്; ആ ചട്ടപ്രകാരം അവൻ മരിക്കുകതന്നെ വേണം; എന്തെന്നാൽ അവൻ സ്വയമേ ദൈവ പുത്രനായി," എന്ന് അവർ പറഞ്ഞു.

ഈശ്വരൻെറ കുമാരൻ! ഈ പദങ്ങൾ കേട്ടപ്പോൾ പിലാത്തോസിൻെറ മനസ്സിനു മുമ്പിലത്തേക്കാൾ അധികം അ സ്വാസ്ഥ്യമുണ്ടായി. ഭാരമേറിയ ചമ്മട്ടികൾകൊണ്ടു തൻെറ ഭടന്മാരാൽ നിർദ്ദയം പ്രഹരിക്കപ്പെട്ട ആ പരമസാധുവിൽനി ന്നു മനസ്സും മുഖവും തിരിച്ചുകളയുന്നതുകൊണ്ടു ഫലം ഒന്നുമില്ല. ഇതുവരെ ഒരു രാജാവു എന്നു പറയപ്പെട്ട യേശു ഇപ്പോൾ പെ ട്ടെന്നു മനുഷ്യവർഗ്ഗത്തിനു ദുഷ്പ്രാപമാംവണ്ണം അത്യുന്നതനായി രിക്കുന്നു. പക്ഷെ താൻ ദൈവപുത്രനാണെന്നുപറഞ്ഞു എന്നുള്ള ഏകാപരാധം മാത്രം ആരോപിതമായിരിക്കുന്ന ഈ യഹൂദൻ തൻെറ സമുന്നതങ്ങളായ അവകാശങ്ങളെ ദണ്ഡകന്മാരുടെ മൃ ഗീയമായ നൈഷ്ഠുര്യത്തെ സഹിക്കുന്നതിൽ പ്രദർശിപ്പിച്ച അമാ നുഷമായ പ്രശാന്തതയും നിർവേദവും മൂലം സാധൂകരിച്ചില്ല യോ? ശൈശവകാലത്തു പിലാത്തോസ് പരിചയിച്ചിട്ടുണ്ടായി രുന്ന ഇതിഹാസകഥകളും, തലേരാത്രി യേശുവിൻെറ വാ ഗൈഭവത്താൽ തങ്ങൾ കമഴ്ന്നുവീണുപോയി എന്നു ഭടന്മാർ പറഞ്ഞ വിശേഷവും, തൻെറ ഭാര്യ കണ്ട സ്വപ്നവും അയാ ളുടെ മനസ്സിൽ തിങ്ങിക്കേറിവന്നു.

"അവർ ഈ 'ദൈവപുത്രൻ' എന്നു പറഞ്ഞതിൻെറ അർത്ഥം എന്തു? അദ്ദേഹം എവിടെനിന്നു വന്നു?"

അസ്വസ്ഥചിത്തനായി പിലാത്തോസ്സ് ബന്ദിയെ വീ ണ്ടും തൻെറ മുമ്പിൽ ആനയിക്കുന്നതിന് അവരോടു ആജ്ഞാ പിച്ചു. അനന്തരം ഏകനായി അദ്ദേഹത്തോട് അഭിമുഖമായി നിന്നുകൊണ്ട് അയാൾ ചോദിച്ചു:

"അങ്ങ് എവിടെ നിന്നാകുന്നു?"

യേശു ഉത്തരം പറഞ്ഞില്ല.

"എന്തു! അങ്ങ് എന്നോടു സംസാരിക്കയില്ലയോ? അ ങ്ങേ കുരിശിൽ തറയ്ക്കുന്നതിനും, അങ്ങേ വിലങ്ങു മുറിച്ചു വിടുന്ന തിനുമുള്ള അധികാരം എനിക്കുണ്ടെന്നുള്ളത് അങ്ങു അറിയുന്നി ല്ലേ?" എന്ന് ആ ഭരണധുരന്ധരൻ ആശ്ചര്യോദ്ഘോഷം ചെയ്തു.

"നിങ്ങൾക്ക് ഉയരെനിന്നു പ്രദാനം ചെയ്യപ്പെട്ടില്ലെ

ങ്കിൽ എൻെറമേൽ നിങ്ങൾക്ക് അധികാരമുണ്ടാകയില്ല," എന്നു യേശു പ്രതിവദിച്ചു.

അനന്തരം പിലാത്തോസ്സിൻെറ തെററിനെ യഹൂദന്മാരുടേതുമായി താരതമ്യപ്പെടുത്തിയിട്ടു, വൈരജന്യമായ അപരാധത്തെ ദൗർബല്യംമൂലം ഉണ്ടാകുന്ന അപരാധത്തിൽനിന്ന് അദ്ദേഹം വ്യാവൎത്തിച്ചു:—

"അതുകൊണ്ടാണ് എന്നെ നിങ്ങളുടെ പക്കൽ ഏല്പിക്കുന്നവൻെറ കുററം നിങ്ങളുടെതിനേക്കാൾ വല്യതായിരിക്കുന്നത്."

അവസാനമായി മനസ്സാക്ഷിയുടെ ചോദനയ്ക്കു വശംവദനായി അയാൾ യേശുവിനെ മോചിപ്പിക്കുന്നതിനുതന്നെ തീർച്ചപ്പെടുത്തി, വീണ്ടും കച്ചേരിയിൽനിന്നു മുമ്പോട്ടു വന്നു; അപ്പോൾ നവമായൊരു പ്രചണ്ഡഗർജ്ജനകോലാഹലം അയാളെ ഭയവിഹ്വലനാക്കി:—

"അങ്ങ് ഈ മനുഷ്യനെ മോചിപ്പിക്കുകയാണെങ്കിൽ അങ്ങു സീസറിൻെറ മിത്രമല്ല; ആരു തന്നെത്താൻ രാജാവാകുന്നുവോ അവൻ സീസറിൻെറ ശത്രുവാകുന്നു."

അതിഭയങ്കരമായ ഒരു ആപൽസൂചന! അന്നത്തെ സീസർ തിബേരിയസ്സായിരുന്നു; അപസൎപ്പകന്മാൎക്ക് അന്ന് എത്രത്തോളം ശക്തിയുണ്ടായിരുന്നുവെന്ന് ആൎക്കും നിൎണ്ണയിക്കാൻ സാധിക്കുമായിരുന്നില്ല. ഈ യഹൂദരുടെ നിവേദനങ്ങളിൽനിന്നു രക്ഷനേടാൻ ഹേറോദേസ്സിനു തന്നെയും കഴിഞ്ഞിരുന്നില്ല. അവൻെറ മകൻ ആയിടയ്ക്കു തന്നെ ആയിരുന്നു അവരുടെ ശ്രമം മൂലം സ്ഥാനഭ്രഷ്ടനായതു്. പിലാത്തോസ്സിനെ പരാജിതനാക്കുന്നതിന്ന് ഇതിൽ കൂടുതലായി ഒന്നും ആവശ്യമുണ്ടായിരുന്നില്ല. തൽക്ഷണം യേശുവിൻെറ കാൎയ്യം അയാൾ വിസ്മരിക്കുകയും, കപ്രീയായിലെ ശിലാമയമായ അധിത്യകളിലുള്ള തൻെറ ആസ്ഥാനത്തിൽ നിന്നുകൊണ്ടു ഭൂലോകത്തെ വിറപ്പിക്കുന്ന ആശങ്കാവശഗനായ ആ സാൎവ്വഭൗമൻെറ ചിത്രംമാത്രം അയാളുടെ മനോനേത്രത്തിൽ നൃത്തം ചെയ്യുകയും ചെയ്തു; യഹൂദന്മാർ തന്നെ ഈ നിർദ്ദാക്ഷിണ്യനായ വിധികൎത്താവിൻെറ മുമ്പാകെ ആനയിക്കുന്നതും, രാജദ്രോഹകുററം തന്നിൽ ആരോപിക്കുന്നതും, തൻെറ വസ്തുവകകൾ അന്യാധീനപ്പെടുന്നതും, താൻ സ്വരാജ്യത്തുനിന്നു ബഹിഷ്കരിക്കപ്പെടുന്നതും, വധിക്കപ്പെടുന്നതും എല്ലാം ഒരു വിദ്യുത് പ്രപാതത്താലെന്നപോലെ അയാൾ ദർശിച്ചു. സ്വന്തം

ഭാവനാസൃഷ്ടങ്ങളായ ഈ ഭയങ്കരചിത്രങ്ങളെ നിരോധിക്കുന്നതിന് അയാൾക്കു കഴിവില്ലായിരുന്നു. ഭാവിയെപ്പററിയുള്ള ഭയം മററു സകല വികാരങ്ങളെയും ജയിക്കയാൽ അയാൾ യേശുവിനെ തൻെറ മുമ്പാകെ ഹാജരാക്കുന്നതിന് ആജ്ഞാപിച്ചിട്ടു, ന്യായാധിപപീഠത്തെ ആരോഹണംചെയ്തു. അതു പെസഹാസ്സു (കാലത്തു പത്തരസ്സും പതിനൊന്നിനും മദ്ധ്യേയുള്ള സമയത്തിനു) സ്വല്പം മുമ്പായിരുന്നു. യഹൂദജനതതി അക്ഷമരായി അസ്വരചിത്തരായി ന്യായാസനത്തെ വലയം ചെയ്തിരുന്നു. പിലാത്തോസ്സ് അവരുടെ ഹിതാനുവത്തനത്തിനു വശംവദനായെങ്കിലും, അവരുടെ ആദരത്തെ ആവജ്ജിക്കുന്നതിനും, തൻെറ ഭയാകുലതയെ ഉദ്ധതമായ അവജ്ഞാപ്രകടനത്താൽ ആച്ഛാദനം ചെയ്യുന്നതിനും അപ്പോഴും ശ്രമിക്കയായിരുന്നു.

"അപ്പോൾ ഇതു നിങ്ങളുടെ രാജാവാണോ?" എന്ന ചോദ്യംകൊണ്ട് അയാൾ വീണ്ടും വിസ്താരം ആരംഭിച്ചു.

എന്നാൽ അയാളുടെ ശബ്ദം ജനതതിയുടെ ആക്രന്ദനങ്ങളിൽ നിമഗ്നമായിപ്പോയി:

"അവനെ കൊന്നുകളയുക, അവനെ കൊന്നുകളയുക! അവനെ കുരിശിൽ തറയ്ക്കുക!"

"ഇതു നിങ്ങളുടെ രാജാവാണല്ലോ; ഞാൻ നിങ്ങളുടെ രാജാവിനെ കുരിശിൽ തറയ്ക്കുകയോ?"

"സിസർ അല്ലാതെ ഞങ്ങൾക്കു രാജാവില്ല," എന്നു പുരോഹിതപ്രമുഖന്മാർ നിലവിളിച്ചതോടുകൂടി പിലാത്തോസ്സിൻെറ സന്ദേഹം മുഴുവനും തീൎന്നു.

നിശ്ശേഷം പരാജിതനായി, അയാൾ യേശുവിനെ കുരിശിൽ തറച്ചുകൊല്ലുന്നതിനായി അവരുടെ കരങ്ങളിൽ ഏൾപ്പിച്ചു.

പിലാത്തോസ്സിൻെറ അപരാധം കഠിനമായി ശിക്ഷിക്കപ്പെട്ടു; മൂന്നുവൎഷം തികയുന്നതിനുമുമ്പു, ഏതാനും സമേരിയാക്കാരുടെ നിവേദനം അനുസരിച്ച് അയാൾ ഉദ്യോഗത്തിൽനിന്നു ഭ്രഷ്ടനാവുകയും, അയാളുടെ പേരിലുണ്ടായ ദോഷാരോപണങ്ങൾക്കു സമാധാനം പറയുന്നതിനായി റോമിലേക്ക് ആഹൂതനാവുകയുംചെയ്തു. യേശുവിനെ ബലികഴിക്കുന്നതിൽ അയാൾക്കുണ്ടായ ഭയംകരങ്ങളായ സംശയങ്ങൾ ഇപ്പോൾ സാക്ഷാൽകരിക്കപ്പെട്ടു. ഇപ്പോൾ അയാൾതന്നെ ശിക്ഷിക്കപ്പെട്ടു; നിർധനനാക്കപ്പെ

ട്ടശേഷം ആ കാതരൻ നാട്ടിൽനിന്നു ബഹിഷ്കരിക്കപ്പെട്ടു. റോൺനദീതീരത്തുള്ള ഒരു ഉന്നതസ്തംഭം പിലാത്തോസ്സിൻെറ ശവകുടീരസ്മാരകമാണെന്നു ഗണിക്കപ്പെടുന്നു. പശ്ചാത്താപാന്ധനായ ആ ഭാഗ്യഹീനൻ ഇവിടെവച്ച് ആത്മഹത്യചെയ്യുവെന്നു പറയുന്ന അനേകം ഐതിഹ്യങ്ങളുണ്ട്. എന്നാൽ മററു ചില കഥകൾ, അയാൾ തൻെറ അരിഷ്ടതകൾക്കിടയിൽ യേശുവിൻെറ വരപ്രസാദത്താൽ അനുഗ്രഹിക്കപ്പെട്ടുവെന്നും പ്രസ്താവിക്കുന്നു. അബിസീനിയൻസഭ പുണ്യവാന്മാരുടെ നിരയിൽ ഒരു സ്ഥാനം ഈ ദുർബലനായ മനുഷ്യനു നൽകുന്നു. അന്തരമായി—ആത്മാവു ശക്തിഹീനമായിരുന്നുവെങ്കിലും—അയാൾ ഒരു ക്രിസ്ത്യനായിരുന്നുവെന്നു തെർത്തുല്യൻ പറയുന്നു.

---

# അദ്ധ്യായം ൧൧.

## യേശു കുരിശിൽ തറയ്ക്കപ്പെടുന്നു.

(ജോൺ xix, 16–22; മാത്യു xxvii, 31–34; 37, 38; മാർക്ക് xv, 20–23; 25, 27; ലൂക്ക് xxiii, 26–34, 38.)

ഇരുപതു ശതവർഷക്കാലമായി പരിക്ലിഷ്ടപന്ഥാവ് എന്ന നാമധേയത്താൽ അറിയപ്പെടുന്നതും സമാദരിക്കപ്പെടുന്നതുമായ ഒരു ദീർഘസരണി യേശുവിൻെറ മുമ്പിൽ സ്ഥിതിചെയ്യു. ആധുനികകാലത്തു, ദണ്ഡിതനായ ദൈവത്തിൻെറ കാലടികളെ കണ്ടുപിടിക്കുന്നതിനോ, അനവധിക്രിസ്ത്യാനികൾ അനുദിനം പിന്തുടരുന്നതായ ആ കുരിശുപാതയെ പദംപ്രതി അനുസന്ധാനം ചെയ്യുന്നതിനോ സാദ്ധ്യമാണോ? അതു സാദ്ധ്യമാണെന്നു നാം വിചാരിക്കുന്നില്ല; എങ്കിലും പരംപരയാ വിശ്വസിച്ചുപോരുന്ന പദ്ധതിയെ നിശ്ശേഷം ഖണ്ഡിക്കുന്നതിന് അതിനു വിപരീതമായി പുറപ്പെട്ടിട്ടുള്ള വിമർശനങ്ങൾക്കു കഴിഞ്ഞിട്ടില്ല. ദേവാലയത്തിൻെറ തൊട്ടുവടക്കായി സ്ഥിതിചെയ്യുന്ന റോമൻ കച്ചേരി കുരിശുപാതയുടെ തുടക്കത്തെ സൂചിപ്പിക്കുന്നുവെന്നുള്ളതു നിസ്തർക്കമാണ്; പരിശുദ്ധ ശവകുടീരദേവാലയം— ഇതിൻെറ

മതിലുകൾ കൽവാരിയെ സംവരണംചെയ്യുന്നു—അതിൻെറ അവസാനത്തെയും കാണിക്കുന്നു. യേശു തൻെറ മരണത്തിനായുള്ള ക്ലേശഭൂയിഷ്ഠമായ യാത്രയിൽ സഞ്ചരിച്ച ആ അദ്ധ്വാവ് ഈ രണ്ടു സ്ഥാപനങ്ങളുടെയും ഇടയ്ക്കായിരുന്നുവെന്നുള്ളതു നിസ്സംശയമാണ്.

റോമാക്കാരുടെയും, പെർഷ്യാക്കാരുടെയും, മുഹമ്മദീയരുടെയും അടിക്കടിയുണ്ടായ ആക്രമണങ്ങളുടെയും അഭ്യാസാദനങ്ങളുടെയും ഫലമായി യറുശലേമിലെയും പരിസരങ്ങളിലെയും സകലസ്ഥാപനങ്ങളും അഗ്നിക്കിരയായും മററും നശിച്ചു ചാമ്പലായിപ്പോയിട്ടുണ്ട്. അറുപതും എൺപതും അടിയോളം പൊക്കത്തിലുള്ള ഭസ്മവും അവശിഷ്ടങ്ങളും ദിവ്യരക്ഷകൻെറ രക്തസ്യന്ദമായ പാദങ്ങളാൽ വിന്യസ്തമായ ആ ഉപരിതലത്തെ സമാവരണം ചെയ്യുന്നു. എങ്കിലും, യേശുവിൻെറ കാലത്തെ യറുശലേമിൻെറ ബാഹ്യപ്രകൃതികൾ തന്നെ ഇന്നും അവിടെ കാണാൻ ശ്രമിക്കുന്നതു് അസംഗതമാണെങ്കിലും, പൗരസ്ത്യജനങ്ങൾക്ക് സ്ഥലങ്ങളെയും സംഭവങ്ങളെയും പററിയുള്ള ശരിയായ ഓർമ്മ നിലനിറുത്തിപ്പോരുന്നതിന് ഒരു സാമർത്ഥ്യവിശേഷമുണ്ടെന്നുള്ളതു വിസ്മരിക്കാവുന്നതല്ല. ഈ വിശീർണ്ണങ്ങളായ അവശിഷ്ടങ്ങൾക്കിടയിൽ ശ്രീകോവിൽ യേശുവിൻെറ ശവകുടീരം മുതലായി പുരാതനങ്ങളും സ്മരണാർഹങ്ങളുമായ എല്ലാ സ്ഥാപനങ്ങളും എവിടെയായിരുന്നുവെന്ന് അവർ തിർച്ചപ്പെടുത്തി പറയും. അതുകൊണ്ടു കുരിശുപാതയെപ്പററിയുള്ള പരമ്പരാഗതമായ ഈ വിശ്വാസം വളരെ അർത്ഥവത്താണ്. യേശുവിൻെറ കഷ്ടാനുഭവരംഗങ്ങൾ നഗരത്തിൻെറ ഏതു ഭാഗത്തായിരുന്നുവെന്നെങ്കിലും സംശയരഹിതമായി അതിൽനിന്ന് അറിയാൻ കഴിയും.

ഈ റോഡ് റോമൻകച്ചേരിയിൽനിന്നു തിറോപ്പീയോൺ താഴ്വരയിലേക്ക് ഇറങ്ങി പടിഞ്ഞാറോട്ടു ചെന്നു, ഉന്നതാനതമായ ഒരു കുന്നിൻചരിവിൽ കയറുന്നു. നഗരവരണങ്ങൾ അതിൻെറ ഉപരിഭാഗത്തുക്കൂടി കടന്നുപോകുന്നു. അവിടെനിന്നു കുറേക്കൂടി അകലെയായി ഉദ്യാനങ്ങളാലും ഗൃഹങ്ങളാലും പരിവൃതമായി ഗോൽഗോഥാ എന്ന വധസ്ഥലം സ്ഥിതിചെയ്യുന്നു. ഈ പേരിൻെറ അർത്ഥം തലയോട്ടി എന്നാണ്; സമനിരപ്പിൽനിന്ന് ഉയൻറു കപാലാകൃതിയിൽ സ്ഥിതിചെയ്യു ഏതോ നഗ്നവും വിവി

ക്തവുമായ ഒരു ശിലാതലമായിരുന്നിരിക്കണം ഈ സംജ്ഞയാൽ അറിയപ്പെട്ടതു്. ആദാമിൻെറ ശിരസ്സ് ഈ സ്ഥലത്തു സംസ്കരിക്കപ്പെട്ടുവെന്നും, ഈ പേരിനു കാരണം അതാണെന്നും പറയുന്ന യഹൂദന്മാരുടെ ചില ഐതിഹ്യങ്ങളുണ്ടു്. ഈ കഥ അതിൻെറ ഭയാനകതയെ വദ്ധിപ്പിച്ചു. യരൂശലേം പട്ടണത്തിൻെറ പ്രാകാരങ്ങളിൽനിന്നു വളരെ ദൂരത്തായിരിക്കയില്ല ഗോൽഗോഥാ സ്ഥിതിചെയ്യുന്നതു്; ഗ്രീക്കകാരും റോമാക്കാരും വധ്യരായ അപരാധികളെ സാധാരണമായി വധിച്ചതു്, അതു് ഒരു മാതൃകാശിക്ഷയായി എല്ലാവരാലും കാണപ്പെടുന്നതിനായി, നഗരവാതിലുകളുടെ സമീപത്തിലും, ജനസഞ്ചാരം ധാരാളമുള്ള സ്ഥലങ്ങളിലും വച്ചായിരുന്നു.

സെയിൻറുജോണിൻെറ ആഖ്യാനം അനുസരിച്ചു, വിധിക്കശേഷം യേശു യഹൂദന്മാരുടെ കൈയിൽ ഏൾപ്പിക്കപ്പെട്ടു. “പിലാത്തോസ്സ് യേശുവിനെ കുരിശിൽ തറയ്ക്കുന്നതിനായി അവരുടെ പക്കൽ ഏൾപ്പിച്ചു; അനന്തരം അവർ അദ്ദേഹത്തെ വധിക്കാനായി കൊണ്ടുപോയി,” എന്നു അദ്ദേഹം പറയുന്നു. മററു മൂന്നു സുവിശേഷകാരന്മാരുടെയും സാക്ഷ്യംകൂടി ഇതുമായി ഒത്തുനോക്കിയെങ്കിൽ മാത്രമേ തെളിവു പരിപൂണ്ണമാകയുള്ളു. ഏതാനും റോമൻഭടന്മാരും ഒരു ശതാധിപനും ആയിരുന്നു വിധിനടത്തിപ്പിന്നു് അധികൃതന്മാരായ ആരാച്ചാരന്മാരെന്നു് അവരിൽനിന്നു നാം അറിയുന്നു. മഹാപുരോഹിതന്മാർ അവരുടെ സാന്നിധ്യംകൊണ്ടുമാത്രം ഈ നടപടികളിൽ ഭാഗഭാക്കുകളായി.

വിധി പ്രസ്താവിക്കപ്പെട്ടശേഷം ഒട്ടും താമസിയാതെ തന്നെ അതു നിവ്വഹിക്കപ്പെട്ടു. റോമൻമാരുടെ പതിവും ഇപ്രകാരമായിരുന്നുവെന്നു മാത്രമല്ല, വധ്യൻെറ ശരീരം കുരിശിന്മേൽ അധികനേരം കിടന്നുപോയാൽ തങ്ങളുടെ ഉത്സവം അശുദ്ധമായിപ്പോകുമെന്നുള്ള ഭയം നിമിത്തം യഹൂദന്മാരും കാൎയ്യങ്ങൾ സത്വരം കലാശിപ്പിക്കുന്നതിൽ ഉൽകണ്ഠിതരായിരുന്നു. അതനുസരിച്ചു വധസ്ഥലത്തേക്കുള്ള യാത്ര ഝടിതി പുറപ്പെട്ടു. ആ സംഘത്തിൻെറ മുമ്പിലായി അശ്വാരൂഢനായ ഒരു ശതാധിപനും അവൻെറ പിന്നാലെ യേശുവിനെയും അദ്ദേഹത്തോടൊന്നിച്ച് വധത്തിനായി നിശ്ചയിക്കപ്പെട്ട രണ്ടു മോഷ്ടാക്കളെയും വലയംചെയ്തു നാലു ഭടന്മാരും നില്ക്കുന്നു. ദിവ്യരക്ഷകൻ രക്താംബരം ഇപ്പോൾ ധരിച്ചിട്ടില്ല; ആരാച്ചാരന്മാർ അതു മാററി അദ്ദേഹത്തി

ൻെറ സ്വന്തം വസ്ത്രം തന്നെ അദ്ദേഹത്തെ ഉടുപ്പിച്ചിരിക്കുന്നു. എങ്കിലും അദ്ദേഹത്തിൻെറ ശിരസ്സ് ഇപ്പോഴും കണ്ടകമകുടത്താൽ ആവൃതമായിരിക്കുകയും, കഴുത്തിൽ അദ്ദേഹത്തിൻെറ വിധി എഴുതപ്പെട്ടിട്ടുള്ള ഒരു പട്ട കെട്ടിത്തൂക്കിയിരിക്കുകയും ചെയ്യുന്നു.

വധോപകരണം ഉടനടി കൊണ്ടുവരപ്പെട്ടു. പാരംപര്യവിശ്വാസപ്രകാരമുള്ള അതിൻെറ ആകൃതി ക്രോസ്സ് (കുരിശു) എന്ന സംജ്ഞയാൽ നമുക്കു വിദിതമായിരിക്കുന്നു. അതിൻെറ മേൽഭാഗത്തു വധത്തിനുള്ള കാരണം എഴുതുന്നു. ഈ കുരിശിനു ക്രിസ്ത്യാനികളുടെ പ്രതിമകളിൽ നാം സാധാരണമായി കാണാറുള്ള വലുപ്പം ഇല്ലെങ്കിലും, ദിവ്യരക്ഷകൻെറ ദാരിതമായ സ്കന്ധങ്ങൾക്ക് അതു ദുർവ്വഹമായിരുന്നു. വധശിക്ഷയ്ക്കു വിധിക്കപ്പെട്ട ബന്ദികൾ തന്നെ തങ്ങളുടെ വധോപകരണങ്ങളെ കൊലക്കളത്തിലേക്കു ചുമന്നുകൊണ്ടുപോകണമായിരുന്നു. പ്രാരംഭപ്രഹരം എത്ര കഠിനമായിരുന്നാലും, ഈ ഭാരത്തെ വഹിക്കുന്നതിന് ആവശ്യമായ ശക്തി അവർക്കു ശേഷിച്ചിട്ടുണ്ടായിരിക്കും; എന്നാൽ യേശുവാകട്ടെ, ഗത്സെമിനിയിൽവച്ച് അനുഭവിച്ച തീവ്രവേദനയും, രക്തസ്വേദവും, കശാപ്രഹരണവുംകൊണ്ടു നിശ്ശേഷം ക്ഷീണിച്ചു പരവശനായിരുന്നു

എല്ലാം തയാറായി; ആ സംഘം സത്വരം ഗോൽഗോഥായിലേക്കു നടന്നുതുടങ്ങുന്നു. ഭൂതാനുകമ്പയില്ലാത്ത ഒരു ദ്വിപാദസമൂഹത്താൽ അവേക്ഷിതനായി യേശു ആ ജുഗുപ്സാവഹമായ വധോപകരണത്തെ യരുശലേമിലെ കർക്കശങ്ങളായ തെരുവീഥികളിൽക്കൂടിയും അനന്തരം കൽവാരിയിലേക്കു കയറുന്ന റോഡിൽക്കൂടിയും കഷ്ടപ്പെട്ടു ചുമന്നും വലിച്ചും കൊണ്ടുപോകുന്നു; കൊലക്കളത്തെ സമീപിച്ചപ്പോൾ അദ്ദേഹത്തിനു ശക്തി അശേഷമില്ലാതാകുന്നു; അദ്ദേഹം കുരിശുമായി നിലത്തു വീഴുന്നു; അതു പൊക്കിയെടുത്തുകൊണ്ട് ഒരടി മുന്നോട്ടു വയ്ക്കാൻ അദ്ദേഹത്തിനു കഴിയുന്നില്ല. ആ രാക്ഷസവൃന്ദത്തിൻെറ അടിയും, ഇടിയും, കുത്തും, ശകാരവും എല്ലാം നിഷ്ഫലമായി പരിണമിക്കുന്നു.

ഈ വിഷമഘട്ടത്തിൽ ഒരു മനുഷ്യൻ എതിരേ വരുന്നതായി കാണുന്നു; അവൻ നാട്ടുംപുറത്തുനിന്നു വരുന്ന ഒരു സിറേനിയനായ യഹൂദനാണ്. അവൻെറ ഉടുപ്പും മററും കണ്ടിട്ട്, അവൻ ദാസ്യവൃത്തി ചെയ്യുന്ന ഒരു പാവപ്പെട്ട വിദേശീയനാണെന്നു ഭടന്മാർ മനസ്സിലാക്കുന്നു. റോമൻ സേനാനികൾ പ്രാദേശി

കനിവാസികളെക്കൊണ്ടു നിർബന്ധിച്ചു വേലയെടുപ്പിക്കുന്ന പതിവനുസരിച്ച് ഈ എതിരേ വരുന്ന ഭാഗ്യഹീനനെ അഥവാ ഭാഗ്യവാനെ യേശുവിൻെറ കുരിശു ചുമക്കുന്നതിന് അവർ നിർബന്ധിക്കുന്നു.

ഗത്യന്തരമില്ലാതെ രക്ഷകനു ചെയ്ത ഈ ഉപകാരം സിറേനീയനായ സൈമൻെറ നാമത്തിന് അനശ്വരത്വം നൽകി. "അവൻ ക്രിസ്തുവിൻെറ ഒരു ശിഷ്യനായിരുന്നുവോ?" സുവിശേഷം അതിനെപ്പററി ഒന്നും പ്രസ്താവിക്കുന്നില്ല; എങ്കിലും അവൻ ആദിമക്രിസ്ത്യാനികളുടെ കൂട്ടത്തിൽ സുവിദിതനാമാക്കളായ അലക്സാണ്ഡറിൻെറയും റൂഫസ്സിൻെറയും പിതാവായിരുന്നുവെന്നു വി. മാക്കു പറയുന്നു.

കുരിശു സൈമൻ വഹിച്ചിട്ടും യേശുവിനു താനേ എഴുന്നേററു നടക്കുന്നതിനു കഴിവുണ്ടാകുന്നില്ല; ഭടന്മാർ കൽവാരിവരെ അദ്ദേഹത്തെ താങ്ങിക്കൊള്ളേണ്ടിവരുന്നു. ഈ നിർദ്ദേമൂർത്തിയെ വധിക്കുന്നതിനായി ആരാച്ചാരന്മാർ ഇഴച്ചുവലിച്ചുകൊണ്ടുവരുന്ന കാഴ്ച ജനതതിയെ അനുകമ്പാകുലമാക്കുന്നു. യേശുവിൻെറ സമീപത്തുനിന്നിരുന്ന ഒരു വനിതാസംഘം മാറത്തടിച്ച്, ഉച്ചത്തിൽ വിലപിക്കുന്നു. ഈ വിധം മരിക്കാൻപോകുന്ന മനുഷ്യനോടു യാതൊരുപ്രകാരത്തിലും അനുകമ്പ പ്രദർശിപ്പിക്കാൻ പാടില്ലെന്നു നിയമം വിധിച്ചിട്ടുണ്ട്; എങ്കിലും ദണ്ഡിതനും ആസന്നമരണനുമായ ആ സച്ചിന്മയനെ കണ്ടപ്പോൾ അവക്കുണ്ടായ കരുണാപ്രവാഹം യാതൊരു നിയമത്താലും നിരോദ്ധ്യമാകുന്നില്ല.

ഈ സ്ത്രീകളുടെ അത്യധികമായ സങ്കടം കണ്ടു് സ്പൃഷ്ടഹൃദയനായ യേശു അവരുടെനേരെ തിരിഞ്ഞു, ഇപ്രകാരം പറയുന്നു:—

"യറൂശലേംപുത്രികളെ, എന്നെക്കുറിച്ചു വിലപിക്കേണ്ടാ; എന്നാൽ നിങ്ങൾക്കുവേണ്ടിയും, നിങ്ങളുടെ കുഞ്ഞുങ്ങൾക്കുവേണ്ടിയും കരയുവിൻ; എന്തുകൊണ്ടെന്നാൽ, വന്ധ്യകൾ അനുഗ്രഹീതരാകുന്നു! 'ഗർഭം ധരിച്ചിട്ടില്ലാത്ത ഉദരങ്ങളും, പാലുകൊടുത്തിട്ടില്ലാത്ത മാറിടങ്ങളും അനുഗ്രഹീതങ്ങളാകുന്നു,' എന്നു് അവർ ആക്രോശിക്കുന്ന കാലം വേഗം വരും. അപ്പോൾ അവർ പവ്വതങ്ങളോടു, 'ഞങ്ങളുടെമേൽ വീഴുക' എന്നും, കുന്നുകളോടു, 'ഞങ്ങളെ മൂടുക' എന്നും പറഞ്ഞുതുടങ്ങും. എന്തെന്നാൽ

മനുഷ്യൻ പച്ച മരത്തോട് ഇങ്ങനെ പെരുമാറുന്നുവെങ്കിൽ ഉണങ്ങിയതിനോട് എന്തു ചെയ്യും?"

ഈ വചനങ്ങൾ കേട്ട് യരുശലേമിലെ അബലകൾ വിസ്മയിക്കാതെ എന്തുചെയ്യും? പ്രശാന്തഗംഭീരവും മിക്കവാറും നിർദ്ദാക്ഷിണ്യവുമായ ഈ സ്വരം അവരുടെ സഹതാപപ്രകടനത്തോടു നന്ദിയെ ദ്യോതിപ്പിക്കുന്നതിനു പകരം, അവരോടു പശ്ചാത്താപത്തെയും പാപപരിഹാരത്തെയും നിഷ്കർഷിക്കുന്നതായി കാണുന്നു. യേശു അവരെ സംബന്ധിച്ച് തന്നെ സംബന്ധിച്ചുള്ളതിനേക്കാൾ കൂടുതൽ ഉൽകണ്ഠ പ്രദർശിപ്പിക്കുന്നു; എന്തെന്നാൽ ഈ സ്ത്രീകളോടു തന്നെയാണ് ദൈവം മുമ്പ് ഓസിയുടെ പ്രവചനങ്ങൾ വഴിയായി ഈ ആഖ്യാപനം ചെയ്തിട്ടുള്ളത്:—

"കർത്താവെ, അവർക്കു കൊടുക്കുക! എന്നാൽ അങ്ങു അവർക്ക് എന്തു കൊടുക്കും? അവർക്ക് അനപത്യമായ ഉദരങ്ങളെയും ശുഷ്കമായ മാറുകളെയും കൊടുക്കുക... അവർ പർവ്വതങ്ങളോടു 'ഞങ്ങളെ മൂടുക' എന്നും, കുന്നുകളോടു 'ഞങ്ങളുടെമേൽ വീഴുക' എന്നും പറയും."

ഇപ്പോൾ യേശുവിന്റെ വചനങ്ങളെ കേട്ട ഈ തരുണികൾ നാല്പതുവർഷം കഴിഞ്ഞു യരുശലേമിന്റെ അഭ്യവസ്കന്ദനത്താൽ ദുഃഖിതരാകും. അപ്പോൾ ഈ യുവമാതാക്കൾ ഇസ്രായൽസന്തതികൾ വാളിനും തീയ്ക്കും ഇരയാകുന്നതും, ഭൂഗർഭസ്ഥങ്ങളായ അഭയസ്ഥാനങ്ങൾപോലും തങ്ങളുടെ ശിശുക്കളെ ശത്രുക്കളുടെ കോപാഗ്നിയിൽനിന്നു മോചിക്കുവാൻ അപര്യാപ്തങ്ങളാകുന്നതും, പൗരജനങ്ങളുടെ മൃതശരീരങ്ങൾ ആയിരക്കണക്കിനു കൂടികിടക്കുന്നതും കാണുമാറാകും; ക്ഷുധാപാരവശ്യത്താൽ മൂർഛിതരായി അവർ തങ്ങളുടെ ഗർഭഫലങ്ങളെത്തന്നെ ഭക്ഷിച്ചുപോകും. ഇത്തരം അതിഭയങ്കരങ്ങളായ അത്യാഹിതങ്ങളുടെ സത്വരമായ ഉപഗമത്തെ ദർശിച്ച രക്ഷാനാഥൻ ഈ ഭാഗ്യഹീനകളായ സ്ത്രീകളോട് സഹതപിച്ച്, അവരോടു പാപപരിഹാരം ചെയ്യുന്നതിന് അഭ്യർത്ഥിച്ചതിൽ നാം എന്തിന് അത്ഭുതപ്പെടുന്നു? ക്ഷീണിച്ചു വശംകെട്ട യേശു അവസാനത്തു കൊലനിലത്തിലെത്തി. ഭടന്മാർ അദ്ദേഹത്തിനു നറുമ്പശയും കയ്പും കലർത്തി തിക്തീകരിച്ച ദ്രാക്ഷാരസം കുടിക്കാൻ കൊടുത്തു; അതു യഹൂദന്മാർ അസന്നമരണരായ ബന്ദികൾക്കു ശരീരത്തെ സ്തംഭി

ല്പിച്ച് അവരുടെ പീഡാനുഭവബോധത്തെ ലഘൂകരിക്കുന്നതിനാ യി കൊടുക്കുന്ന ഒരു പാനീയമായിരുന്നു. പ്രഭുകുടുംബങ്ങളിലുള്ള ഉദാരശീലകളായ സ്ത്രീകളായിരുന്നു ഇതു തയാറാക്കി കൊലക്കളത്തിൽ കൊണ്ടുവരുന്നതു്. അങ്ങനെ യഹൂദാചാരമനുസരിച്ച് ഭടന്മാർ ഈ കഷായം യേശുവിനു വച്ചുനീട്ടി.

യേശു അതു വാങ്ങി, സ്വാദു നോക്കിയിട്ട്, കുടിക്കാതെ കഴിച്ചുകൂട്ടി; വധശിക്ഷയുടെ സകല കഷ്ടപ്പാടുകളും പൂർണ്ണമായ സുബോധത്തോടെ അനുഭവിക്കാൻ തന്നെ അദ്ദേഹം തീർച്ചപ്പെടുത്തി; അതിൻെറ പ്രാരംഭകർമ്മങ്ങൾ—കുരിശു തറയിൽ കുഴിച്ചുനിറുത്തുന്നതും, ഏണികൾ നിവർത്തുന്നതും, വടങ്ങൾ മുറുക്കി സജ്ജീകരിക്കുന്നതും—അദ്ദേഹം കണ്ണിമയ്ക്കാതെ നോക്കിക്കൊണ്ടു നിന്നു. യാതനാസമയം സമാഗതമായപ്പോൾ അദ്ദേഹത്തിൻെറ അവയവങ്ങൾക്കു സ്വല്പം വേപഥു ഉണ്ടായിരുന്നിരിക്കാമെങ്കിലും, ആത്മാവു് അചഞ്ചലമായിത്തന്നെ മരണത്തിനു സ്വാഗതം പറഞ്ഞു.

അവസാനമായി ആരാച്ചാരന്മാർ അദ്ദേഹത്തെ കടന്നുപിടിച്ച്, അദ്ദേഹത്തിൻെറ ഉടുപ്പുകളെല്ലാം ഊരി; ക്രൂശിതനായ ബന്ദി നഗ്നനായിവേണം തൂക്കമരത്തിൽ തൂങ്ങേണ്ടതു്. ഭടന്മാർ വടങ്ങളിൽ പിടിച്ചു വലിച്ചപ്പോൾ അദ്ദേഹത്തിൻെറ ശരീരം കുരിശിൻെറ മദ്ധ്യഭാഗത്തു ഉന്തിനില്ക്കുന്ന കുററിവരെ പൊങ്ങി. ഈ തടിക്കഷണം ഭാരംകൊണ്ടു ശരീരം ഇരുമ്പാണിയിൽനിന്നു പറിഞ്ഞുപോകാതെ താങ്ങിക്കൊള്ളത്തക്കവണ്ണം ബലമുള്ളതായിരുന്നു. ഈ കുററിയിൽ തറച്ചുനിറുത്തിയപ്പോൾ യേശു കൈകളെ രണ്ടുവശത്തേക്കും നീട്ടി. കൈകാലുകൾ ആണിയിൽനിന്നു തെററിപ്പോകാതിരിക്കുന്നതിനു അവയെ കുരിശിനോടു ചേർത്തുവച്ചു കെട്ടേണ്ടതാവശ്യമായിരുന്നു. ഒന്നാമതായി കരങ്ങളെ ബന്ധിക്കുകയും, ആണി കരതലത്തിൽ തറയ്ക്കുകയും ചെയ്യു. ചിലപ്പോൾ പാദങ്ങളെ കയറുകൊണ്ടു കെട്ടുകമാത്രമെ ചെയ്യുകയുള്ളു എങ്കിലും ദണ്ഡനാധികൃതൻ അവയിൽ ആണിയുംകൂടി അടിച്ചു കയററുക സാധാരണമാണു്. അവർ യേശുവിൻെറ പാദങ്ങളിലും അപ്രകാരംതന്നെ ചെയ്യു. പുനരുത്ഥാനശേഷം അദ്ദേഹം തൻെറ പാദങ്ങളും കരങ്ങളെപ്പോലെ തുളയ്ക്കപ്പെട്ടതായി ശിഷ്യന്മാർക്കു കാണിച്ചുകൊടുക്കുന്നു; "അവർ എൻെറ പാദങ്ങളെയും കരങ്ങളെയും തുളച്ചിരിക്കുന്നു,"

എന്ന സങ്കീൎത്തനകാരൻെറ പ്രവചനം ദിവ്യരക്ഷകനെ സംബന്ധിച്ചതാണെന്നു പരമ്പരയാ വിശ്വസിക്കപ്പെട്ടും പോരുന്നു.

അതേ സമയംതന്നെ, "അദ്ദേഹം അപരാധികളോട് ചേൎത്ത് എണ്ണപ്പെട്ടു," എന്ന ഇസയ്യാസ്സിൻെറ ദീൎഘദൎശനവും നിൎവ്വഹിക്കപ്പെട്ടു.

യേശുവിൻെറ ഇടത്തും വലത്തും ഭാഗത്തായി രണ്ടു കുരിശുകൾകൂടി നാട്ടപ്പെട്ടു; അവ അദ്ദേഹത്തോടുകൂടി വധത്തിനു വിധിക്കപ്പെട്ട രണ്ടു കള്ളന്മാരെ വഹിച്ചു.

ഇനി പീലാത്തോസ്സിനാൽ നൽകപ്പെട്ട കുററപത്രം യേശുവിൻെറ ശിരസ്സിനു മുകളിലായി പതിക്കുക മാത്രമേ ഭടന്മാർക്കു ചെയ്യേണ്ടതുള്ളു. അതിന്മേൽ "ഇതു യഹൂദന്മാരുടെ രാജാവായ നസറത്തിലെ യേശുവാകുന്നു," എന്ന വചനങ്ങൾ ഹീബ്രു, ഗ്രീക്ക്, ലാററിൻ എന്നീ മൂന്നു ഭാഷകളിൽ എഴുതപ്പെട്ടിരുന്നു.

ഈ നിന്ദാസൂചകമായ ലിഖിതത്തെയും ക്രിസ്തുരാജൻെറ ഇരുവശത്തും അദ്ദേഹത്തിന്ന് അനുരൂപരായ സചിവന്മാരെന്നവണ്ണം നിറുത്തപ്പെട്ടിരുന്ന ആ മോഷ്ടാക്കളെയും കണ്ടപ്പോൾ പിലാത്തോസ്സ് തങ്ങളെ പരിഹസിക്കയാണു ചെയ്യുതെന്നു യഹൂദന്മാർ മനസ്സിലാക്കി. യേശു രാജാവാണെങ്കിൽ അവർ പ്രജകളും, അവരുടെ രാജാവിൻെറ അവസ്ഥ ഇതും ആണല്ലോ! ക്ഷുബ്ധമായി ലഹളകൂട്ടുന്ന ജനതതിക്കെതിരായി അധികാരശക്തിയെ പ്രയോഗിക്കുന്നതിനു ഭീരുതകൊണ്ടു സാധിക്കാതിരുന്ന റോമൻഗവർണർക്ക് അവസാനത്തു യഹൂദന്മാരോടുള്ള അവജ്ഞയെ പ്രദൎശിപ്പിക്കുന്നതിനു വേണ്ട ധൈൎയ്യമുണ്ടായി; യേശുവിനെ വധശിക്ഷയ്ക്ക് അർഹനാക്കിയ അപരാധം രേഖപ്പെടുത്തിക്കൊടുക്കാൻ അയാളോടു യഹൂദർ ആവശ്യപ്പെട്ടപ്പോൾ അയാൾ എഴുതിക്കൊടുത്തതു് ഈ പരിഹാസസൂചകമായ വാക്യമായിരുന്നു; അതു് എല്ലാവൎക്കും സുഗ്രഹമാകുന്നതിന്നായി രാഷ്ട്രീയഭാഷയായ ലാററിനിൽ മാത്രമല്ല, വിദേശവാസികളായ യഹൂദന്മാർക്കു കൂടുതൽ പരിചയമുണ്ടായിരുന്ന ഗ്രീക്കിലും ജനസാമാന്യത്തെ ഉദ്ദേശിച്ചു ഹീബ്രു ഭാഷയിലുംകൂടി എഴുതപ്പെട്ടിരുന്നു. അതിൽ പ്രത്യക്ഷമായി വിവക്ഷിക്കപ്പെട്ടിരുന്ന അവഹേളനം പ്രകടതരമാക്കുന്നതിനു യേശുവിൻെറ രണ്ടു വശത്തുമായി രണ്ടു കള്ളന്മാരെക്കൂടി അനുയായികളായി കൊണ്ടുപോയി കുരിശിൽ തറയ്ക്കണമെന്നും അയാൾ ഉത്തരവിട്ടു. യഹൂദജാതിയേയും, സ്വരാജ്യപ്രാപ്തിക്കായു

ള്ള അവരുടെ മോഹങ്ങളെയും ശ്രമങ്ങളെയും പിലാത്തോസ്സ് എത്രത്തോളം പുച്ഛിച്ചുവെന്ന് ഈവിധം സ്പഷ്ടമായി കാണിച്ചു.

കൊലക്കളത്തിലേക്കുള്ള യാത്രയുടെ ബദ്ധപ്പാടിലും ബഹളത്തിലും ആരും ആ ലിഖിതത്തെ അത്ര ശ്രദ്ധിച്ചില്ല; എന്നാൽ ആ വിധിപ്പട്ട കുരിശിന്മേൽ പ്രതിഷ്ഠിക്കപ്പെട്ടമാത്രയിൽ അതിൻെറ നിന്ദാഗർഭത അവരുടെ ശ്രദ്ധയെ ഹഠാദാകർഷിച്ചു. ഉടൻ അതു യരൂശലേമൊട്ടുക്ക പരന്നു; ഗോൽഗോഥാ നഗരകവാടത്തിനു തൊട്ടടുത്തായിരുന്നതിനാൽ ജനങ്ങൾ ക്രുട്ടംക്രുട്ടമായി കഴുമരത്തിനു മുമ്പിൽക്കൂടി കടന്നുപോകുന്നുണ്ടായിരുന്നു. പുരോഹിതശ്രേഷ്ഠന്മാർ തങ്ങളുടെ പെസഹാസന്നാഹങ്ങളെല്ലാം നിറുത്തിവച്ചിട്ടു ത്വരയോടെ ഗവർണ്ണരെ അന്വേഷിച്ചുപോയി.

"യഹൂദന്മാരുടെ രാജാവിനെ കാണുവിൻ!" എന്നതു മാററി "യഹൂദന്മാരുടെ രാജാവെന്നു തന്നത്താൻ വിളിച്ചവനെ കാണുവിൻ!" എന്ന് എഴുതണമെന്ന് അവർ അയാളോട്ട് ആവശ്യപ്പെട്ടു.

"എഴുതപ്പെട്ടതു് എഴുതപ്പെട്ടതുതന്നെ," എന്നായിരുന്നു പിലാത്തോസ്സിൻെറ മറുപടി.

# അദ്ധ്യായം ൧൧.

## യേശുവിൻെറ മരണം.

(ജോൺ xix, 23-30; മാത്യു xxvii, 33, 35, 39-50; മാർക്ക് xv, 24 29-37; ലൂക്ക് xxiii, 34-37, 39-46.)

ഭടന്മാർ യേശുവിനെ കുരിശിൽ തറയ്ക്കുന്ന വേല മുഴുവനും ചെയ്തുതീർത്തു; ഒടുവിലത്തെ ആണിയും തിരുശ്ശരീരത്തിൽ അടിച്ചുകയററിക്കഴിഞ്ഞു. ആ സന്ദർഭത്തിൽ രക്ഷാനാഥൻെറ പ്രഥമവിചാരം അവർക്കുവേണ്ടി ദൈവത്തോട്ട് ക്ഷമാപണം ചെയ്യുന്നതിനായിരുന്നു.

"പിതാവേ, ഇവരോടു ക്ഷമിക്കേണമെ; എന്തെന്നാൽ

അവർ എന്തു ചെയ്യുന്നുവെന്ന് അവർ അറിയുന്നില്ല," എന്ന് അദ്ദേഹം പ്രാർത്ഥിച്ചു.

ഈ ഹൃദയസ്പൃക്കായ വചനങ്ങൾ ആ ആസുരചിത്തരായ ഭടന്മാർ കേട്ടിരിക്കയില്ല; അവർ കൃത്യാന്തരങ്ങളിൽ ദത്തശ്രദ്ധരായിരുന്നു. ബന്ദികളിൽനിന്ന് എടുക്കപ്പെടുന്ന സാമാനങ്ങൾക്ക, റോമൻനിയമപ്രകാരം, ഭടന്മാർതന്നെ അവകാശികളായിരുന്നതിനാൽ അവർ യേശുവിൻെറ വസ്ത്രങ്ങളെ വീതിച്ചെടുത്തു. മേലങ്കി പല തുണ്ടുകൾചേർത്തു തുന്നപ്പെട്ടതായിരുന്നതിനാൽ അവർ എളുപ്പം അതിനെ നാലു സമഭാഗങ്ങളായി വിഭജിച്ചു; എന്നാൽ ഉള്ളങ്കി ഭാഗിച്ചാൽ ഉപയോഗശൂന്യമായിപ്പോകുമായിരുന്നു. അതുകൊണ്ടു ഭടന്മാർ പറഞ്ഞു: "അതു കീറെണ്ടാ; അതിനായി നമുക്ക ചിട്ടിയിടാം." അവർ അപ്രകാരം ചെയ്യുകയും, നറുക്ക വന്നവനു അതു് സിദ്ധിക്കയും ചെയ്തു.

"ഇതു് 'അവർ എൻെറ വസ്ത്രങ്ങളെ ഭാഗിച്ചെടുക്കുകയും, എൻെറ ഉടുപ്പിനായി ചിട്ടിയിടുകയും ചെയ്തു' എന്ന ദീർഘദർശിയുടെ വചനങ്ങളുടെ നിർവ്വഹണമായിരുന്നു" എന്നു സെയിൻറു് ജോൺ പ്രസ്താവിക്കുന്നു.

ഭടന്മാർ തങ്ങളുടെ കൃത്യം മുഴുവനും നിർവ്വഹിച്ചശേഷം, ക്രൂശിക്കപ്പെട്ട ശരീരങ്ങളെ പ്രാണൻപോകുന്നതിനു മുമ്പായി ആരും മാററിക്കളയാതിരിക്കുന്നതിനായി കുരിശിൻെറ ചുവട്ടിൽതന്നെ കാവലിരുന്നു.

സാധാരണമായി തൂക്കമരത്തിൽ ആസന്നമരണരായിക്കിടക്കുന്ന ദണ്ഡ്യന്മാരോട് അവസാന നിമിഷത്തിൽ അനുകമ്പയും, ആദരവും പ്രദശിപ്പിക്കപ്പെടാറുണ്ടായിരുന്നു. യേശുവിനു് ഈ ആശ്വാസംപോലും സിദ്ധിച്ചില്ല; വിധി പ്രസ്താവിക്കുന്നതിനു റോമൻഗവൎണ്ണരുടെ നീതിതൽപരതമൂലമുണ്ടായ താമസത്താൽ അക്ഷമരായിത്തീൎന്നിരുന്ന മിശിഹായുടെ ശത്രുക്കൾ ഈ സന്ദൎഭത്തിൽ കൂട്ടംകൂട്ടമായി കുരിശിൻെറ അടുക്കൽ വന്നു്, അദ്ദേഹത്തെ നിഷ്കരുണം ആക്ഷേപിക്കുകയും അപഹസിക്കുകയും ചെയ്തു. ഇവരിൽ മുമ്പന്മാർ തലേരാത്രി അദ്ദേഹത്തിനു വിപരീതമായി സാക്ഷി പറയാൻ സൻഹെദ്രിൻസഭമുമ്പാകെ ഹാജരായിരുന്നവരാണ്. അവർ കുരിശിൻെറ മുമ്പിൽ വന്നുനിന്നു, നിന്ദാസൂചകമായി തലകുലുക്കുകയും, അദ്ദേഹത്തിൻെറ പേരിലു

ണ്ടായ അപവാദങ്ങളെയും ദോഷാരോപണങ്ങളെയുംപററി കുത്തുമൊഴികൾ പറയുകയും ചെയ്തു:

"ദൈവത്തിൻെറ ക്ഷേത്രത്തെ നശിപ്പിക്കുകയും, അതിനെ മൂന്നുദിവസംകൊണ്ടു വീണ്ടും പണിയുകയും ചെയ്യുന്ന നീ സ്വയം രക്ഷിക്കുക! കുരിശിൽനിന്ന് ഇറങ്ങിവരിക!"

ഇതരന്മാർ അദ്ദേഹത്തിൻെറ പ്രഥമപ്രലോഭനഘട്ടത്തിൽ സാത്താനിൽനിന്നു പുറപ്പെട്ട ആ അഭിയോഗം തന്നെ ആവർത്തിച്ചു:—

"നീ ദൈവത്തിൻെറ പുത്രനാകുന്നുവെങ്കിൽ കുരിശിൽനിന്ന് ഇറങ്ങിവരിക!"

എന്നാൽ ജനതതിയാകട്ടെ അപ്പോഴും ദിവ്യരക്ഷകനോടു വിദ്വേഷത്തെക്കാൾ കുതൂഹലം പ്രദർശിപ്പിച്ചുകൊണ്ടു നിശ്ചലമായി നില്ക്കുകയായിരുന്നു. ഈ നിശ്ശബ്ദത സൻഹെദ്രിൻസഭക്കാക്കു സുഖകരമായിരുന്നില്ല; പുരുഷാരത്തിൻെറ ഹൃദയങ്ങളിൽ അന്തർല്ലീനമായിരിക്കുന്ന നീതിബോധത്തിന് ഉണർച്ചയുണ്ടാക്കി പ്രവൃത്യുന്മുഖമാക്കുന്നതിനു താദൃശമായ ഒരു ഔദാസീന്യം പര്യാപ്തമാണെന്ന് അവർ ഭയപ്പെട്ടു. അതിനാൽ ഈ യഹൂദപ്രമാണികളും അവരുടെ അടിമകളും ഭൃത്യന്മാരുംകൂടി പ്രസ്തുത അധിക്ഷേപബഹളത്തിൽ വേഗം ഭാഗഭാക്കുകളായി. അഹങ്കാരപ്രമത്തതകൊണ്ടു, ക്രിസ്തുവിന് അഭിമുഖമായി നിന്ന് അധിക്ഷേപിക്കുന്നതു തങ്ങളുടെ അന്തസ്സിനു ചേൎന്നതല്ലെന്ന് അവർ നടിച്ചു. ആ ക്ഷമാമൂർത്തി നിശ്ശബ്ദമായി അനുഭവിക്കുന്ന തീവ്രവേദനയെ പുരോഹിതന്മാരും, വേദശാസ്ത്രികളും, ജ്യായാന്മാരുംകൂടിച്ചേൎന്നു പരിഹസിച്ചു. ആ ഗലീലേയാക്കാരൻെറ അത്ഭുതസിദ്ധികളെ ജനതയുടെ മുമ്പാകെവച്ചു നിഷേധിക്കുക ശക്യമല്ലാതിരുന്നതിനാൽ അവർ അവയുടെ മാഹാത്മ്യത്തെ താഴ്ത്തുന്നതിനായി, അവയെ എല്ലാവക്കും പരസ്യമായി കാണാവുന്ന അദ്ദേഹത്തിൻെറ തല്ക്കാലശക്തിഹീനതയോടും നിസ്സഹായതയോടും ഉപമിച്ചു.

"അവൻ അന്യരെ രക്ഷിച്ചു, എന്നാൽ അവനു തന്നെത്താൻ രക്ഷിക്കാൻ കഴിയുന്നില്ല!" എന്ന് അവർ അപഹസിച്ചു.

അനന്തരം കുരിശ്ശിൻെറ മുകളിൽ അവരെ അഭിഭൂതരാക്കിയ പിലാത്തോസ്സിൻെറ വിധിസാരലിഖിതം കണ്ടിട്ട് അവർ ഇങ്ങനെ നിലവിളിച്ചു:

"'ഇസ്രായൽരാജവായ' 'ക്രിസ്തു', നാം കണ്ടു് അദ്ദേഹത്തിൽ വിശ്വസിക്കുന്നതിനായി, ഝടിതി കുരിശ്ശിൽനിന്നു് ഇറങ്ങി വരട്ടെ!"

"ക്രിസ്തു" എന്ന ഈ നാമോദീരണം കഴിഞ്ഞ രാത്രിയിലെ വിസ്താരത്തെയും, രാജാവിൻെറ മുമ്പാകെ താൻ ആനയിക്കപ്പെട്ടതിനെയും, തന്നെ രക്ഷിക്കുന്നതിനു കാതരനായ പിലാത്തോസ്സുപോലും ചെയ്ത ശ്രമങ്ങളുടെ പരാജയത്തേയും, താൻ അനുഭവിച്ച കശാഭിഘാതത്തെയും പീഡയേയും, വധസ്ഥലത്തേക്കുള്ള ദീൎഘമായ പന്ഥാവിനെയും യേശുവിനെ അനുസ്മരിപ്പിച്ചു. അവരുടെ ക്രോധാവേഗം അനുക്ഷണം ഘോരതരമായിത്തീൎന്നു. ഇപ്പോൾ അവർ യേശുവിനു സ്വപിതാവിനോടുള്ള സ്നേഹത്തെ അപലപിക്കുന്നതിനും, ആ അഖണ്ഡശക്തിയെ അഭിയോഗിക്കുന്നതിനുംകൂടി മുതിൎന്നു:

"അവൻ ദൈവത്തിൽ അവൻെറ വിശ്വാസത്തെ നിക്ഷേപിച്ചുവല്ലോ; ദൈവം അവനെ സ്നേഹിക്കുന്നുവെങ്കിൽ അദ്ദേഹം അവനെ മോചിപ്പിക്കട്ടെ; എന്തെന്നാൽ 'ഞാൻ ദൈവത്തിൻെറ സുതനാണു്' എന്നു് അവൻ പറഞ്ഞു."

ഈ അധിക്ഷേപസംരംഭം അനിയന്ത്രിതമായിരുന്നു. ക്ഷണനേരംകൊണ്ടു് അതു കണ്ടും കേട്ടും നിന്ന സകലരും അതിൽ പങ്കുകൊണ്ടു. ഉന്മത്തരായ ഭടന്മാർ തങ്ങൾ പാനംചെയ്തുകൊണ്ടിരുന്ന ഒയിൻപാത്രത്തെ അദ്ദേഹത്തിൻെറനേരെ നിന്ദാപൂൎവ്വം വച്ചുനീട്ടുകയും, പുരുഷാരത്തോടു ചേൎന്നു ക്രിസ്തുവിനോടു് ഇങ്ങനെ ഗൎജ്ജിക്കുകയും ചെയ്തു:

"നീ യഹൂദന്മാരുടെ രാജാവാണെങ്കിൽ, ഇപ്പോൾ തന്നത്താനെ രക്ഷിക്കുക!"

ഈ ആക്ഷേപകോലാഹലം ഇനിയും അതിൻെറ പരമാവധിയെ പ്രാപിച്ചിരുന്നില്ല. യേശുവിനു തൻെറ പീഡാനുഭവങ്ങളിൽ കൂട്ടാളികളെ ലഭിച്ചിരുന്നു; അവരും തൻെറ ഇരുഭാഗത്തും പ്രതിഷ്ഠിക്കപ്പെട്ടിരുന്ന കുരിശുകളിൽ തൂങ്ങിക്കിടന്നുകൊണ്ടു് ഇങ്ങനെ ആക്രോശിച്ചു:—

"നീ ക്രിസ്തുവാണെങ്കിൽ നീ സ്വയം രക്ഷിച്ചു, ഞങ്ങളെയും രക്ഷിക്കുക."

ഈ ചോരന്മാരിൽ ഒരുവൻ മാത്രമേ ഇങ്ങനെ പരിഹസിച്ചുള്ളു; അപരൻ ദിവ്യരക്ഷകൻെറ അമാനുഷമായ തിതിക്ഷ

യാൽ സ്പൃഷ്ടഹൃദയനായി അദ്ദേഹത്തെ നോക്കി, അവൻെറ ക്രൂട്ടുകാരൻ അദ്ദേഹത്തെ നിന്ദിക്കുന്നതു കേട്ടപ്പോൾ അവനെ ശാസിച്ചിട്ട് ഇപ്രകാരം പറഞ്ഞു:—

"നീ, ഒരേ വിധിക്കുതന്നെ വശഗനാണെങ്കിലും, ദൈവത്തെ ഭയപ്പെടുന്നില്ല! നമ്മെ സംബന്ധിച്ച് ഇതു നീതിതന്നെയാണ്; നാം അർഹിക്കുന്ന പീഡകളാണു നാം അനുഭവിക്കുന്നതു്; എന്നാൽ ഈ മനുഷ്യനാകട്ടെ യാതൊരു തിന്മയും ചെയ്തിട്ടില്ല."

അപ്പോൾ അവൻെറ ഈ സ്വയമേവാഗതമായ സാക്ഷ്യത്തിനു നിദാനമായ വിശ്വാസം ഉജ്ജ്വലീഭവിച്ച്, അവൻ ഇങ്ങനെ ഉദ്ഘോഷിച്ചു:

"സ്വാമിൻ, അങ്ങ് അങ്ങേയുടെ രാജ്യത്തെ പ്രാപിക്കുമ്പോൾ എന്നെ ഓക്കണേ!"

ദൈവാനുഗ്രഹം ഒരു പാപാത്മാവിനെ ഇത്ര പെട്ടെന്നു ധമ്മവീരനായി രൂപാന്തരപ്പെടുത്തുകയോ, വിശ്വാസപ്രകടനം ഇത്ര സ്തുത്യർഹമായ വിധത്തിൽ നിവ്വഹിക്കപ്പെടുകയോ ഒരിക്കലും ഉണ്ടായിട്ടില്ല: എന്തെന്നാൽ എല്ലാവരാലും തിരസ്കൃതനായി, അസഹായനായി, മൃത്യുഗ്രസ്തനായി യേശു കുരിശ്ശിൽ തൂങ്ങിക്കിടന്നപ്പോഴായിരുന്നു ഈ മോക്ഷാർഹനായ തസ്കരൻ അദ്ദേഹത്തിൻെറ ദിവ്യരാജത്വത്തിനു സാക്ഷ്യം വഹിച്ചതു്.

ആ സ്ഥിതിയിൽ ശരീരത്തെ സ്വല്പമായെങ്കിലും അനക്കുന്നതു യേശുവിൻെറ പ്രാണവേദനയെ തീവ്രതരമാക്കുമായിരുന്നു; എങ്കിലും പ്രസ്തുത പ്രാർത്ഥന കേട്ടപ്പോൾ അദ്ദേഹം വക്താവിൻെറ നേരെ തൻെറ ശിരസ്സിനെ നമിച്ചിട്ടു പറഞ്ഞു:—

"ഇന്നു നീ എന്നോടുകൂടി പറുദീസായിൽ ഉണ്ടായിരിക്കുമെന്നു സത്യമായി ഞാൻ നിന്നോടു പറയുന്നു."

ആ വിനീതനായ മുമുക്ഷു ദിവ്യരക്ഷകൻ തന്നെ ഓമ്മിക്കണമെന്നു മാത്രമേ അപേക്ഷിച്ചുള്ളു; എന്നാൽ അവനു സമ്പ്രദത്തമായ ആ സമുൽകൃഷ്ടവരമെന്താണെന്നു നോക്കുക. ദിവ്യസാലോക്യസാമീപ്യസായൂജ്യസൗഭാഗ്യം! ഒരു ശരണകിരണംകൊണ്ടു മാത്രം അവൻ സന്തുഷ്ടനാകുമായിരുന്നുവെങ്കിലും ആ ദിവസം മുതൽ അനന്തമായ പരമാനന്ദവൈപുല്യത്തിന് അവൻ അവകാശിയായിരിക്കുന്നു. മൂന്നാമത്തെ സുവിശേഷഗ്രന്ഥത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന ഈ സംഭവത്തെപ്പററി വി. മാത്യുവിനും,

വി. മാക്കിനും അറിവുണ്ടായിരുന്നില്ലെന്നു തോന്നുന്നു. അവർ പ്ര സ്തുത തസ്കരദ്വയം ദൈവദൂഷണം പറഞ്ഞുവെന്നു അസ്പഷ്ടമായി സൂചിപ്പിക്കുന്നതേയുള്ളൂ. സുവിശേഷരചനയിൽ വി. ലൂക്ക് എത്ര മാത്രം മേരിക്കു കടപ്പെട്ടിട്ടുണ്ടെന്നു നമുക്കു അറിയാവുന്നതാണ്. കുരിശ്ശിന്മേലുണ്ടായ ഈ സംഭാഷണത്തെപ്പററി അദ്ദേഹത്തിന്ന് അറിവു കിട്ടിയത് അവരിൽനിന്നാണെന്നുള്ളതു നിസ്സംശയമാ ണ്; മരണവേദന അനുഭവിക്കുന്ന തൻെറ ഏകകുമാരൻെറ ക ഴുമരച്ചുവട്ടിൽ വ്യസനാക്രാന്തയായി നിന്ന ആ മാതാവ് ആ വ ചനങ്ങളെ നല്ലവണ്ണം കേട്ടിരുന്നു.

ഇതിനിടയ്ക്കു നിശ്ശബ്ദനായ ക്രിസ്തുവിനു ചുററും മുഴ ങ്ങിക്കൊണ്ടിരുന്ന അധിക്ഷേപാരവത്തിൻെറ പ്രചണ്ഡതയ്ക്ക് അ ല്പമൊരു ശമനം—ഇടയ്ക്കിടയ്ക്കു പുനർജ്ജൃംഭണമുണ്ടായിക്കൊ ണ്ടിരുന്നെങ്കിലും—വന്നു. ഭൂമിയിൽനിന്ന് ഉയൎന്നുവന്ന ഒരു മൂടാ വിപടലം കുരിശ്ശിനെ സമാവരണം ചെയ്തു. ഇതു കണ്ട് ഭയാ കുലരായ ജനങ്ങൾ ഓരോരുത്തരായി അവിടെനിന്നു പോയിത്തു ടങ്ങി. മൂന്നു കുരിശ്ശിൻെറയും ചുററുമുള്ള സ്ഥലം ക്ഷണേന വി വിക്തമായി. അപ്പോൾ ഒരു ചെറുസംഘം അവയെ സമീപിച്ചു; അതിലെ അംഗങ്ങൾ മൂന്നു സ്ത്രീകളും ദിവ്യഗുരുവിൻെറ ശിഷ്യ ന്മാരിൽ ഒരുത്തനുമായിരുന്നു. സൗഭാഗ്യവതിയായ കന്യകാമറി യവും, അവരുടെ സഹോദരിയും ക്ലെയോഫാസ്സിൻെറ ഭാൎയ്യയു മായ മറിയയും, ദുശ്ചരിതയായിരുന്ന മഗ്ദലേനായും, ഈ വനി താരത്നത്രയത്തെ തുടൎന്ന് അനുഗോത്തംസമായ ജോണും ആ കുരിശ്ശിൽ തറയ്ക്കപ്പെട്ട ജഗദ്ഗുരുവിൻെറ അടുക്കലെത്തി. അദ്ദേ ഹത്തിൻെറ പേരു സുവിശേഷത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടില്ല; എങ്കിലും അത് അദ്ദേഹമായിരുന്നുവെന്നുള്ളത് അസന്ദിഗ്ദ്ധ മാണ്. ക്രിസ്തുവിൻെറ പ്രിയതമനായ ഈ ശിഷ്യൻ അപ്പോഴും അദ്ദേഹത്തെ വിട്ടുപിരിഞ്ഞില്ലെന്നുള്ളതിൽ ഒട്ടും അസംഭാവ്യത യില്ല.

ദുഃഖവിവശരായ അവർ കുരിശിന്ന് അഭിമുഖമായി ത ങ്ങളുടെ സ്നേഹഭാജനമായ ആ ലോകപരിത്രാതാവിനെ നിർനി മേഷരായി നോക്കിക്കൊണ്ടു നിന്നു. തന്നെ ദുസ്സഹമാംവണ്ണം ഉപ ദ്രവിച്ച ആ അസുരന്മാൎക്കുവേണ്ടിയും ദൈവത്തോടു ക്ഷമായാച നം ചെയ്യുകയും, കഷ്ടാനുഭവത്തിൽ തനിക്കു കൂട്ടുകാരനായി ല ഭിച്ച ആ സാധുവായ കള്ളനു സ്വൎഗ്ഗകവാടങ്ങളെ ഉദ്ഘാടനം

ചെയ്തുകൊടുക്കുകയുംചെയ്തശേഷം യേശു അവസാനമായി തന്റെ നയനങ്ങളെ തന്നോടു ചരമയാത്ര പറയുന്നതിനായി വന്നുനിൽക്കുന്ന സ്വമിത്രങ്ങളുടെ നേരെ തിരിച്ചു; അപ്പോൾ, വന്ദ്യവയോധികനായ സിമിയോൺ അനേക വഷങ്ങൾക്കു മുമ്പേതന്നെ ദീഘദശനം ചെയ്തിരുന്ന ആ ഖഡ്ഗത്താൽ പ്രദാരിതയായി നില്ക്കുന്ന തന്റെ പ്രിയമാതാവിനെ അദ്ദേഹം കണ്ടു. "വ്യാകുലമാതാവി"നെപ്പററിയുള്ള ഏററവും ഹൃദയസ്പൃക്കായ ആ ഗീതംതന്നെയും ഈ അതിദാരുണമായ കാഴ്ചയിൽ ആ കന്യാജനനിയുടെ ഹൃദയത്തെ പിളന്ന അതിതിവ്രമായ വേദനയെ ശക്തിഹീനമായി മാത്രമേ പ്രതിദ്ധ്വനിപ്പിക്കുന്നുള്ളു. അതിന്റെ ഉഗ്രതയെ യേശു ഗ്രഹിച്ചതുപോലെ ആക്കും ഗ്രഹിക്കാൻ കഴിയുകയില്ല. സത്വരം സമീപിച്ചുവരുന്ന തന്റെ മരണത്തെ അദ്ദേഹം നിർഭയം സമീക്ഷണം ചെയ്തുവെങ്കിലും തന്റെ അമ്മയുടെ വ്യസനഭാരവും അനന്യശരണതയും അദ്ദേഹത്തെ അസ്വസ്ഥചിത്തനാക്കി. അപ്പോസ്തലന്മാരിൽ ജോൺ മാത്രമേ അപ്പോൾ അദ്ദേഹത്തിന്റെ സമീത്തുണ്ടായിരുന്നുള്ളു. ഗുരുനാഥന്റെ പീഡകൾ വദ്ധിക്കുംതോറും ആ ശിഷ്യന്റെ വിശ്വാസവും വദ്ധിച്ചുവന്നു. മറിയയെ പരിചരിക്കുന്നതിനു ബദ്ധാഞ്ജലിയായി അയാൾ അവരുടെ അടുക്കൽ നിൽക്കുകയായിരുന്നു.

അവർ ആരാണെന്നു വെളിപ്പെട്ടാൽ അവർ പരിഹാസവിഷയമാകുമെന്നു ശങ്കിച്ചിട്ടു, യേശു പ്രശാന്തമായി ഇങ്ങനെ പറഞ്ഞു:

"സ്ത്രീയെ, നിങ്ങളുടെ മകനെ കാണുക!"

അനന്തരം അദ്ദേഹം ജോണിനോടായി, "നിന്റെ അമ്മയെ കാണുക," എന്നു പറഞ്ഞു.

ആ സമയംമുതൽ ആ ശിഷ്യൻ മറിയയെ സ്വഗൃഹത്തിൽ സ്വീകരിക്കുകയും, അവരെ തന്റെ അമ്മയായി വരിക്കുകയും ചെയ്തു.

തന്നെ ലോകത്തോടു ബന്ധിച്ച ഈ അവസാനകണ്ണിയെ ഛേദിച്ചശേഷം യേശു സ്വപ്രാണനെ ദൈവത്തിൽ സമപ്പിച്ചു. ഗോൽഗോഥായിൽ ആദ്യമായി അന്ധകാരം വ്യാപിച്ചതു് ഉച്ചസമയത്തായിരുന്നു; അപ്പോൾമുതൽ അതു് ഉയന്നുയന്നു യറൂശലേമും യൂദയായും ഒട്ടുക്കു പടരുകയും, ഒടുവിൽ ലോകമാസകലം കാർമേഘപടലങ്ങളാൽ ഭയാനകമാംവണ്ണം സമാവൃതമാവുക

യുംചെയ്തു. പ്രകൃതിയുടെ ഈ പെട്ടെന്നുള്ള പരിവർത്തനത്തിനു സ്വാഭാവികമായ യാതൊരു കാരണവുമുണ്ടായിരുന്നില്ല. അന്നു വെളുത്തവാവായിരുന്നതിനാൽ സൂര്യഗ്രഹണമുണ്ടാകാൻ നിവൃത്തിയില്ലായിരുന്നു. ഭൂകമ്പത്തിനു മുമ്പായി ഇമ്മാതിരി അവിപൊങ്ങുക പതിവുണ്ട്; ലോകം അതിൻെറ സ്രഷ്ടാവിൻെറ പീഡാനുഭവത്തിൽ അനുകമ്പാകുലമായി ക്ഷോഭിക്കുകയും അതുമൂലമുണ്ടായ ധൂമയോനിപടലങ്ങളാൽ മൂടപ്പെടുകയുംചെയ്തു. ക്രിസ്തു തൂങ്ങിക്കിടന്ന ആ കുരിശു സാന്ദ്രമായ ഒരു കാർമേഘത്താൽ ആച്ഛാദനം ചെയ്യപ്പെട്ടു; മനുഷ്യാരവങ്ങളെല്ലാം നിശ്ശേഷം ശമിച്ചു. "ഒന്നുകിൽ ജഗദീശൻ കഷ്ടപ്പെടുന്നു, അല്ലെങ്കിൽ അദ്ദേഹം ഏതോ മഹാവിപത്തിൽ അനുകമ്പാകുലനായിരിക്കുന്നു," എന്ന ഡയണിഷ്യസ്സിൻെറ പുരാണപ്രസിദ്ധമായ അത്ഭുതോദ്ഘോഷം, മനുഷ്യഹൃദയങ്ങളെ ഭയവിഹ്വലമാക്കിയ ആ ദുഃസ്ഥിതിയെ നല്ലവണ്ണം പ്രകാശിപ്പിക്കുന്നു.

കുരിശിൽ തൂങ്ങിക്കിടക്കുന്ന മനുഷ്യൻെറ യാതന പ്രതിക്ഷണം തീവ്രതരമായി വർദ്ധിക്കുന്നു. ആവിദ്ധങ്ങളായ കരചരണങ്ങൾ, അതിനിഷ്ഠുരമായി പീഡിപ്പിക്കപ്പെട്ട ശരീരം, മാംസപേശികളുടെ അസഹ്യമായ വേദനയോടുകൂടിയ ഹ്രാസവികാസങ്ങൾ, ദാഹപാരവശ്യം, സർവ്വാംഗക്ഷീണം, ഇതെല്ലാംകൂടി ചേരുമ്പോൾ കുരിശ്ശിൽ തറയ്ക്കപ്പെട്ട ബന്ദി മരണത്തെ മോക്ഷദാതാവായി ശരണം പ്രാപിക്കുന്നു.

ഇപ്രകാരമായിരുന്ന മൂന്നുമണിക്കൂർനേരം യേശു നിശ്ശബ്ദനായി മരണവേദനയോട് സമരം ചെയ്യുന്നു്. ആ അഭേദ്യമായ തിമിരാവരണത്തിനുള്ളിൽ എന്തെല്ലാം നടന്നു? ഗത്സെമിനീത്തോട്ടത്തിൽവച്ചുണ്ടായ പീഡാനുഭവത്തെ വർണ്ണിച്ചിരിക്കുന്ന സുവിശേഷകാരന്മാർ കുരിശ്ശിന്മേൽ ദിവ്യരക്ഷകൻ അനുഭവിച്ച യാതനയെപ്പററി തൂഷ്ണീകരായിരിക്കുന്നു. എങ്കിലും ഒടുവിൽ ഒരു പരിദേവനം ആ വേദനയുടെ സ്വഭാവം ശരിയായി സ്പഷ്ടീകരിക്കുമാറു കേൾക്കപ്പെട്ടുവെന്നു നാം അറിയുന്നു. വി. മാർക്ക് ആ വചനങ്ങളെ യേശുവിൻെറ അധരങ്ങളിൽ നിന്നു പുറപ്പെട്ടതുപോലെ അദ്ദേഹത്തിൻെറ ഭാഷയിൽതന്നെ ഉദ്ധരിക്കുന്നു:—

"എലോയി! എലോയി!! ലാമാ സബക്താനി"

"എൻെറ ദൈവമേ! എൻെറ ദൈവമേ! എന്തുകൊണ്ടു നീ എന്നെ ഉപേക്ഷിച്ചിരിക്കുന്നു?"

മ്ശിഹായുടെ കഷ്ടാനുഭവത്തെപ്പററിയുള്ള പരിപൂൎണ്ണമായ ദീർഘദൎശനം അടങ്ങിയിരിക്കുന്ന സങ്കീൎത്തനത്തിന്റെ (സങ്കീ. xxi, 2, 15–16.) പ്രാരംഭം ഈ പ്രരോദനമാകുന്നു. അദ്ദേഹത്തിന്റെ ശക്തി, ധാരികധാരികയായി നിൎഗ്ഗമിക്കുന്ന രക്തം വഴി, സത്വരം ക്ഷയിക്കുന്നതും, ശരീരത്തിലെ മുറിവുകൾ അദ്ദേഹത്തെ അസഹ്യമായി വേദനിപ്പിക്കുന്നതും, അത്യാസന്നമരണനുമാത്രം അനുഭവവേദ്യമാകുന്ന അത്യുഗ്രമായ ദാഹത്താൽ അദ്ദേഹം വിവശനാകുന്നതും പ്രസ്തുത സങ്കീൎത്തനത്തിൽ മുൻകൂട്ടി വൎണ്ണിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ആ ശാരീരപീഡകൾ അദ്ദേഹത്തിന്റെ ആത്മവേദനയോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ എത്ര നിസ്സാരം! "ദൈവമെ! നീ എന്നെ എന്തുകൊണ്ട് ഉപേക്ഷിച്ചു!" എന്ന ആ വിലാപം വഴി ബഹിൎഗ്ഗമിച്ചതു് അദ്ദേഹത്തിന്റെ അന്തരംഗവേദനയായിരുന്നുവെന്നുള്ളതിനു സംശയമില്ല.

മരണസമയത്തു ദൈവത്താൽ ഉപേക്ഷിക്കപ്പെടുകയാൽ യേശുവിനുണ്ടായതുപോലുള്ള അനുഭവം മററാൎക്കും ഉണ്ടായിട്ടില്ല; എന്തെന്നാൽ അദ്ദേഹം മാത്രമേ ദൈവത്തോടും ദൈവത്തിലും അനവരതം സഹവസിക്കുകയും നിവസിക്കുകയും ചെയ്തിട്ടുള്ളു. ലോകത്താൽ അധിക്ഷിപ്തനായും ദൈവത്താൽ തിരസ്കൃതനായും കുരിശ്ശിൽ തൂങ്ങിക്കിടന്നു്, അദ്ദേഹം ഏകനായി, ഗത്സെമിനിയിൽവച്ചുണ്ടായതുപോലെ, ഒരു തീവ്രവേദന ദീർഘനേരം അനുഭവിച്ചു. ഇപ്രകാരം അദ്ദേഹം യാതനാപാനപാത്രം നിശ്ശേഷം കുടിച്ചൊഴിച്ചു. ഈ നിസ്സഹായസ്ഥിതിയിൽ അദ്ദേഹത്തിനുണ്ടായ ദുഃഖത്തെപ്പററി ഊഹിക്കാനെങ്കിലും നാം ശക്തരാകണമെങ്കിൽ, നിൎദ്ദോഷനായ അദ്ദേഹം നമ്മുടെ പാപങ്ങളുടെ ഭാരം—ലോകത്തിന്റെ ദൗഷ്ട്യംമുഴുവനും—ചുമന്നുംകൊണ്ടാണു കുരിശ്ശിൽ തൂങ്ങിയതെന്നു നാം ഓൎക്കണം. ലോകാരംഭംമുതൽ അവസാനംവരെയുള്ള മനുഷ്യവൎഗ്ഗത്തിന്റെ സകല പാപങ്ങളെയും ദൈവം ഇപ്പോൾ അദ്ദേഹത്തിന്റെമേൽ ചുമത്തിയതിനാൽ അവയെ എല്ലാം, അവയുടെ ഏററവും നിസ്സാരമായ പരിസ്ഥിതികളോടുകൂടി, ഓരോന്നായി അദ്ദേഹം ദൎശിച്ചു. വഞ്ചന, പ്രതികാരം, വ്യഭിചാരം, ഭോഗാസക്തി, കള്ളം, പരദൂഷണം, ദൈവദൂഷണം ഇത്യാദി മനുഷ്യൻ ചെയ്യുന്ന സകല മനോവാക്കായ പാപകൎമ്മങ്ങളും അദ്ദേഹത്തിന്റെ ആത്മാവിനെ കലുഷമാക്കുകയും ഇവയുടെ തിര

ത്തള്ളലിൽ മററു വികാരങ്ങളെല്ലാം നിമഗ്നമാവുകയും ചെയ്തു. ഈ ആസുരമായ അക്രമണത്താൽ അദ്ദേഹം വിവശനായ സന്ദർഭത്തിലായിരുന്ന അദ്ദേഹത്തെ നിശ്ശേഷം പരാഭൂതനാക്കുന്നതിനായി ദൈവം തൻെറ സാന്നിധ്യത്തെ പിൻവലിച്ചത്. നമ്മുടെ പാപഫലമായ ദൈവശിക്ഷയുടെ ഘോരതയാൽ യേശു അനുഭവിച്ച വേദന വാചാമഗോചരമായിരുന്നു. ആ സമയം സ്വർഗ്ഗം അന്ധകാരത്തിൽ അന്തർദ്ധാനം ചെയ്തു; നരകം മാത്രം ദിവ്യരക്ഷകൻെറ ദൃഷ്ടിപഥത്തിൽ സ്ഥിതിചെയ്തു; അവിടെ, ശിക്ഷാകർത്താവായ ദൈവം എങ്ങനെ നിത്യനും അനന്തനുമായിരിക്കുന്നുവോ, അതുപോലെ നിത്യവും അനന്തവുമായ നൈരാശ്യത്തെയും ദുഃഖത്തെയും അദ്ദേഹം അവലോകനം ചെയ്തു.

ദുഃഖത്തിൻെറ പരമകാഷ്ഠയിൽ അദ്ദേഹം ഇനിയും എത്തിയിരുന്നില്ല; വളരെ ചുരുക്കം ജനങ്ങൾ മാത്രമെ തൻെറ പീഡാനുഭവജന്യമായ നന്മകളുടെ അനുഭോക്താക്കളാവുകയുള്ളു എന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. നിത്യശിക്ഷാർഹരായ പാപികൾ കൂട്ടംകൂട്ടമായി അദ്ദേഹത്തിൻെറ ദൃഷ്ടിമാർഗ്ഗത്തെ തരണംചെയ്തു. എത്ര അയോഗ്യരാണെങ്കിലും അവർ അദ്ദേഹത്തിൻെറ സൂക്ഷ്മശരീരത്തിൻെറ അംഗങ്ങളായിരുന്നുവല്ലോ; അവരുടെ വിഘടനം അദ്ദേഹത്തിന് അത്യന്തം വേദനാജനകമായിരിക്കത്തക്കവണ്ണം അവരും അദ്ദേഹവും തമ്മിലുള്ള സംസക്തി അത്ര സുദൃഢമായിരുന്നു. തനിക്ക് എത്രയും സ്നേഹഭാജനങ്ങളായിരുന്ന ഈ സ്വശരീരാവയവങ്ങൾ തന്നിൽനിന്ന വിഭക്തമാകാൻപോകുന്നുവെന്ന കണ്ടപ്പോൾ താനും അവരെപ്പോലെതന്നെ നിരന്തരമായ ശിക്ഷയ്ക്കു വിധേയനും അശരണനുമാണെന്ന് അദ്ദേഹത്തിനു തോന്നി.

അർണോൾഡ് ഡി ചാർത്രി പറയുന്നതുപോലെ, "താൻ ആർക്കുവേണ്ടി ഈ കഷ്ടപ്പാടുകളെല്ലാം അനുഭവിച്ചുവോ, അവർ നിത്യമായ നാശഗർത്തത്തിലേക്ക തള്ളപ്പെട്ടതിനാൽ, തൻെറ പീഡാനുഭവങ്ങളുടെ ഫലം നഷ്ടപ്പെട്ടുപോയതിനെപ്പററി അദ്ദേഹം വിലപിച്ചു; തൻെറ വിയർപ്പും, അദ്ധ്വാനങ്ങളും, മരണവും അവരെ സംബന്ധിച്ചിടത്തോളം നഷ്ടമായിപ്പോയല്ലോ എന്ന് അദ്ദേഹം ഉച്ചത്തിൽ രോദനംചെയ്തു." ഇതുകൊണ്ടായിരുന്നു, "എൻെറ ദൈവമേ! എൻെറ ദൈവമേ! നീ എന്നെ ഉപേക്ഷിക്കുന്നോ?" എന്ന് അദ്ദേഹം സവ്യസനം പരിദേവനം ചെയ്തത്.

എന്നാൽ, യേശുവിനെ വിവശനാക്കിയ ഈ പ്രത്യക്ഷമായ നൈരാശ്യത്തെ അദ്ദേഹത്തിൻെറ ദിവ്യത്വത്തിനു സ്വതസ്സിദ്ധമായ പരമാനന്ദത്തോടും സൗഭാഗ്യപൂൎണ്ണതയോടും നാം എങ്ങനെ യോജിപ്പിക്കും? ഇവിടെ വീണ്ടും ദുരവഗാഹമായ ഒരു പ്രമേയം— മാനുഷാവതാരത്തെ സംബന്ധിച്ച പരമരഹസ്യങ്ങളിൽ ഒന്നു— പ്രത്യക്ഷമാകുന്നു. സൎവ്വേശ്വരൻ തൻെറ പിതാവിനാൽ സന്ത്യക്തനായി എന്നു പറയുന്നതു് എങ്ങനെയെന്നു നമുക്കു സുഗ്രഹമാകണമെങ്കിൽ, ആദ്യമായി അനാദ്യനും, അനന്തനും, അരൂപനും, നിൎഗ്ഗുണനും, നിൎവ്വികാരനുമായ ആ സച്ചിന്മയൻ എങ്ങനെ നശ്വരവും, സരൂപവും, സഗുണവും, സവികാരവുമായ ഒരു പ്രകൃതിയെ അവലംബിച്ചുവെന്നു വിശദമാകണം. എന്തെന്നാൽ ഈ രണ്ടു അഭിഭവങ്ങളുടെയും സ്വഭാവത്തിനു വ്യത്യാസമില്ല; അവയുടെ പരിമാണത്തിനു മാത്രമേ ഭേദമുള്ളു. കുരിശിന്മേൽവച്ചു യേശു പരിത്യജിക്കപ്പെട്ടുവെന്നു തോന്നുന്നതു ദൈവം മനുഷ്യനായി അവതരിച്ചപ്പോൾ നടന്ന സംഭവത്തിൻെറ വെറും തുടൎച്ചയും അവശ്യഫലവും മാത്രമാണു്. ഈ അമേയങ്ങളായ രണ്ടു സംഭവങ്ങളിലും ദിവ്യത്വം അക്ഷയമായിത്തന്നെ വൎത്തിക്കുന്നു. പരമവേദനാവിവശനായ ക്രിസ്തുവിനെ അഭ്രംകഷങ്ങളായ ഉത്തുംഗശൃംഗങ്ങളോടുകൂടിയ പൎവ്വതപംക്തികളോടു തുലനം ചെയ്യാം. കൊടുംകാററുകളും ചക്രവാതങ്ങളും അവയുടെ നിമ്നോന്നതങ്ങളായ ഉപത്യകകളെ അടിക്കടി ഘോരഘോരം ആക്രമിക്കുകയും, അവയുടെ നാശനഫലങ്ങളെ അവിടവിടെ വിതറുകയും ചെയ്യുന്നു; എന്നാൽ പ്രകൃതിയുടെ സകലവിധ ക്ഷോഭങ്ങൾക്കും ദുഷ്പ്രാപമായി, ആ ഹിമാവൃതങ്ങളായ ശിഖരങ്ങൾ പ്രശാന്തഗംഭീരമായും പ്രകാശവിഭൂഷിതമായും നിൎബാധം പരിലസിക്കുന്നു.

ആ സമയം തന്നെ അന്ധകാരം നീങ്ങുകയും, അതോടുകൂടി ജനങ്ങൾ ഭയവിമുക്തരാവുകയും ചെയ്തു. അവർ 'ഏലി' എന്ന ദിവ്യസംജ്ഞ എലിയാസ്സു ദീൎഘദൎശിയുടേതാണെന്നു ധരിച്ചതായി ഭാവിച്ചു്, ഇങ്ങനെ ഉദ്ഘോഷിച്ചു:

"അവൻ എലിയാസ്സിനെ വിളിക്കുന്നു."

ഈ വാക്കുകൾ നിന്ദാഗൎഭങ്ങളാണെങ്കിലും, അവൎക്കുണ്ടായ ഭയപാരവശ്യത്തെ അവ പ്രഖ്യാപനം ചെയ്തു. എന്തെന്നാൽ, സകല ഇസ്രായൽജനങ്ങളും ആ ഗംഭീരനായ ദീൎഘദൎശി, അ

ന്നിവഷ്മുള്ള ഒരു ഭയങ്കരദിവസം ചന്ദ്രൻ രക്തസങ്കാശമായിരിക്കുകയും ആകാശത്തിലെ ജ്യോതിസ്സുകൾക്കു സ്ഥാനഭ്രംശം വരുകയും ചെയ്യുമ്പോൾ, മേഘച്ഛന്നമായ നഭോമണ്ഡലത്തിൽ വീണ്ടും പ്രത്യക്ഷനാകുമെന്നു വിശ്വസിച്ചിരുന്നു.

ഉത്തരക്ഷണത്തിൽ വേറൊരു ശബ്ദം കേട്ടു.

"എനിക്കു ദാഹിക്കുന്നു," എന്നു പറഞ്ഞ്, കുരിശുമരണത്തിൻെറ ഏററവും അസഹനീയമായ വികാരത്തെ യേശു ആവിഷ്കരിച്ചു.

അടുത്തു നിന്നവരിൽ ഒരുത്തൻ ഒരു നീപ്പഞ്ഞി ഭടന്മാർ കുടിക്കുന്ന തിക്തപാനീയത്തിൽ മുക്കി യേശുവിനു വച്ചുനീട്ടി. അവൻെറ കൈ അദ്ദേഹത്തിൻെറ തലവരെ എത്താതിരുന്നതുകൊണ്ട് ആ നീപ്പഞ്ഞിയെ ഒരു മുളംകമ്പിൻെറ അററത്തു തൊടുത്തി അദ്ദേഹത്തിൻെറ അധരങ്ങളിലേക്കു നീട്ടിക്കൊടുത്തു. ഈ ഭൂതദയാജന്യമായ കൃത്യം കണ്ടപ്പോൾ പുരുഷാരം വിദ്വേഷപൂർവ്വം ഇങ്ങനെ അട്ടഹസിച്ചു:

"മതി! മതി! എലിയാസ്സ് അവനെ രക്ഷിക്കാൻ വരുമോ എന്നു കണ്ടുകൊൾക!"

"എന്നെ ഉപദ്രവിക്കാതിരിപ്പിൻ; എലിയാസ്സ് അവനെ രക്ഷിക്കുമോ എന്നു നമുക്കു കാണാം," എന്ന് ആ മനുഷ്യൻ പറഞ്ഞു.

ദിവ്യരക്ഷകൻ നീപ്പഞ്ഞിയിൽനിന്നു വിനീഗർ ഊററിക്കുടിച്ചു; അപ്പോൾ പുനർജ്ജൃംഭിതമായ ശക്തിയോടുകൂടി അദ്ദേഹം താഴെ നില്ക്കുന്ന പുരുഷാരത്തെ ഒന്നു നോക്കി. ഒററനോട്ടത്തിൽ അദ്ദേഹം അനന്തകാലത്തെയും തൻെറ സകല സൃഷ്ടികളെയും കണ്ടു. തൻെറ മുൻഗാമികളായ നീതിമാന്മാരെയും, അനന്തരകാലങ്ങളിൽ തന്നിൽ വിശ്വസിച്ച്, തൻെറ കുരിശുമാർഗ്ഗത്തെ അനുഗമിച്ച്, മോക്ഷം പ്രാപിക്കാനുള്ള സകല മനുഷ്യരെയും അദ്ദേഹം ദർശിച്ചു.

"പൂർത്തിയായിരിക്കുന്നു!" എന്ന് അദ്ദേഹം പറഞ്ഞു; എൻെറ പീഡാനുഭവവും എൻെറ ജീവിതവും മനുഷ്യവർഗ്ഗത്തിൻെറ രക്ഷയും എല്ലാം പരിപൂർണ്ണമായി നിർവ്വഹിക്കപ്പെട്ടിരിക്കുന്നു.

ലോകത്തോട് ഇങ്ങനെ അവസാനമായി യാത്രപറ

ഞ്ഞ ശേഷം അദ്ദേഹം തന്റെ സ്വർഗ്ഗീയപിതാവിന്റെ സമക്ഷത്തിൽ തന്നത്താൻ സമൎപ്പിച്ചു.

"പിതാവെ, അങ്ങേ കരങ്ങളിൽ ഞാൻ എന്റെ ആത്മാവിനെ തിരിച്ചേൽപ്പിക്കുന്നു," എന്ന് അദ്ദേഹം ഉറക്കെ വിളിച്ചുപറഞ്ഞു.

അതു പിതാവിന്റെ കരങ്ങളിൽ അഭയം പ്രാപിക്കുന്ന ഒരു മകന്റെ സ്വരമായിരുന്നു; എന്നാൽ അതേ സമയം അതു "തന്റെ ആത്മാവിനെ തന്നിൽനിന്നു വേറെ ആക്കും എടുത്തുകളയാൻ സാധിക്കാത്ത നിലയിലുള്ള ഒരുവന്റെ-യഥേഷ്ടം തന്നത്താൻ അതിനെ വേർപെടുത്തുന്ന ഒരുവന്റെ-"വാക്കുകളുമായിരുന്നു.

വളരെ ദൂരത്തുനിന്ന് ഈ കാഴ്ച കണ്ടുകൊണ്ടുനിന്നിരുന്ന ശിഷ്യന്മാർ വി. മാത്യുവും വി. മാർക്കും പ്രസ്താവിച്ചിരിക്കുന്ന "വലിയവിളി"മാത്രമേ കേട്ടുള്ളു. അതുകൊണ്ടു കുരിശ്ശിനു വളരെ അടുത്തു നിന്നിരുന്ന ഏതോ സാക്ഷിയിൽ നിന്നായിരിക്കണം-പക്ഷെ, മേരിയുടെ അധരങ്ങളിൽനിന്നുതന്നെ ആയിരിക്കാം- വി. ലൂക്കിനു യേശുവിന്റെ ഈ അവസാനവചനങ്ങൾ ലഭിച്ചതു്. കുരിശ്ശിന്മേൽ നിന്നിമേഷനായി നോക്കിക്കൊണ്ടു ജോണും അവിടെ നിന്നിരുന്നു. ഭഗവാൻ ശിരസ്സിനെ വക്ഷസ്സിലേക്കു നമിപ്പിച്ചതും അദ്ദേഹത്തിന്റെ പ്രാണൻ പിരിഞ്ഞതും ആ ശിഷ്യൻ കണ്ടു.

# അദ്ധ്യായം ൧൩.

## യേശുവിന്റെ ശവകുടീരം.

(മാത്യു xxvii, 51 56; മാർക്ക് xv 38-47; ലൂക്ക് xx.iii 45, 47.56; ജോൺ xix, 31-42.)

"പെട്ടെന്നു ദേവാലയയവനിക രണ്ടായി കീറി; ഭൂമി കുലുങ്ങി, പാറകൾ പിളൎന്നു; കല്ലറകൾ തുറക്കുകയും, മരണനിദ്രയിൽ ലയിച്ചിരുന്ന ഒട്ടധികം പുണ്യവാന്മാരുടെ ശരീരങ്ങൾ അവരുടെ ശവകുടീരങ്ങളിൽനിന്ന് ഉത്ഥാനം ചെയ്യുകയും ചെയ്തു."

ഈ അത്ഭുതപൂർവ്വങ്ങളായ മഹാത്ഭുതങ്ങൾ കണ്ടു പരേതനായ മഹാപുരുഷൻെറ ദിവ്യത്വത്തിന് ആദ്യമായി പ്രണാമംചെയ്തതു റോമൻശതാധിപനായിരുന്നു. ഭടന്മാരോടുകൂടി അയാൾ കൽവാരിയിൽ യേശുവിനെ നോക്കിക്കൊണ്ടു നില്ക്കുകയായിരുന്നു; എന്നാൽ താൻ നിന്ന ഭൂമി ഇളകുന്നതായി തോന്നുകയും യേശുവിൻെറ മരണസമയത്തെ അത്യുച്ചത്തിലുള്ള വിലാപം കേൾക്കുകയും ചെയ്തപ്പോൾ അവൻ "ഭയവിവശനാവുകയും, അവൻെറ നയനങ്ങൾ തുറക്കപ്പെടുകയും, അവൻ ദൈവത്തെ വാഴ്ത്തുകയുംചെയ്തു."

"അതേ, സത്യമായി ഈ മനുഷ്യൻ ഒരു നീതിമാനായിരുന്നു; ഇവൻ സാക്ഷാൽ ദൈവപുത്രൻ തന്നെയായിരുന്നു," എന്ന് അവൻ ഘോഷിച്ചു.

ഭയാന്ധരായ ഭടന്മാരിലും അവൻെറ വിശ്വാസം സംക്രമിച്ചു. അവരും ഇങ്ങനെ ആശ്ചര്യോദ്ഘോഷം ചെയ്തു: "സത്യമായി ഇതു ദൈവപുത്രനായിരുന്നു!"

ദേഹവിയോഗം ചെയ്യുന്ന ക്രിസ്തുവിൻെറ സന്നിധിയിൽ വച്ച് 'അജ്ഞാനിക'ളുടെ അധരങ്ങളിൽനിന്നു പുറപ്പെട്ട ഈ വിശ്വാസപ്രഖ്യാപനം യഹൂദന്മാരുടെ മൗഢ്യത്തെയും ഹതവിധിയെയും സ്ഥിരീകരിച്ചു. അവർ നിരാശതാനിമഗ്നരായി മാറത്തറഞ്ഞുകൊണ്ട് അവിടെനിന്നു പിൻവലിഞ്ഞു. അല്പനേരം കഴിഞ്ഞപ്പോൾ ഗോൽഗോഥായിൽ സ്ത്രീകളുടെയും പുരുഷന്മാരുടെയും രണ്ടു ചെറിയ സംഘങ്ങൾ മാത്രമേ ശേഷിച്ചുള്ളു. പൗരസ്ത്യാചാരം അനുസരിച്ച് ആ സംഘങ്ങൾ രണ്ടും വേർതിരിഞ്ഞായിരുന്നു നിന്നതു്. ഒരു ഭാഗത്തു ദിവ്യരക്ഷകനെ നല്ലവണ്ണം പരിചയിച്ചറിഞ്ഞിട്ടുണ്ടായിരുന്ന ശിഷ്യന്മാർ സ്വഗുരുവിനോടുള്ള ഭക്തിയാൽ ഏകീകൃതരായി നിന്നു. സ്വല്പം അകലെയായി ഗലീലേയായിൽനിന്ന് അദ്ദേഹത്തോടുകൂടി വന്നിരുന്ന സ്ത്രീകളും യരുശലമിൽവച്ച് അദ്ദേഹത്തിൻെറ അനുയായിനീസംഘത്തിൽ ചേർന്ന മററു വനിതകളും കാണപ്പെട്ടു. എല്ലാവരും നിശ്ശബ്ദരായി തങ്ങളുടെ സാക്ഷാൽ പ്രിയതമനായ ആ പരമപുരുഷനെ ഇമവെട്ടാതെ നോക്കിനില്ക്കുകയായിരുന്നു. അവരുടെ കൂട്ടത്തിൽ മഗ്ദലേനായേയും, ജേംസ്സിൻെറ അമ്മയും കന്യകാമാതാവിൻെറ സഹോദരിയുമായ മറിയയേയും 'സെബീദിയുടെ പുത്രന്മാരുടെ അമ്മ'യായ സലോമിയേയും നാം വീണ്ടും കാണുന്നു. എല്ലാവരു

ടേയും നോട്ടം ദിവ്യരക്ഷാനാഥൻെറ ശരീരത്തിന്മേലായിരുന്നു; എന്തെന്നാൽ അപ്പോൾ അവിടെ നടന്നതും യഹൂദന്മാരെ അന്ധാളിപ്പിച്ചതുമായ അത്ഭുതങ്ങൾ കണ്ടിട്ട് ഇനിയും എല്ലാം അവസാനിച്ചിട്ടില്ല എന്നൊരു പ്രത്യാശ അവരെ ഉൽകണ്ഠിതരാക്കിയിരുന്നു.

മൂന്നുമണിയോടുകൂടി ആയിരുന്നു യേശുവിൻെറ പ്രാണൻ പിരിഞ്ഞത്. എന്നാൽ അദ്ദേഹത്തിൻെറ സഹബന്ദികൾ മരിക്കുന്നതിന് ഇനിയും കൂടുതൽ സമയം വേണ്ടിയിരുന്നു. വധ്യനായ മനുഷ്യൻ ഒരു പകലിലധികം ക്രൂശമരത്തിൽ കിടന്നുകൂടാ എന്നു നിയമമുണ്ടായിരുന്നു. ശബത്തിനത്തിൻെറ പരിശുദ്ധത കുരിശിൽ തറയ്ക്കപ്പെട്ട ശരീരങ്ങളുടെ ദശനത്താൽ മലിനീകരിക്കപ്പെടാതിരിക്കുന്നതിനായി പ്രസ്തുത നിയമം അതിൻെറ തലേദിവസം അതിനിഷ്കൃഷ്ടയോടെ പരിപാലിക്കപ്പെട്ടുവന്നു. അതിനാൽ യഹൂദന്മാർ പിലാത്തോസ്സിൻെറ അടുക്കൽ പോയി, ക്രൂശമരത്തിൽ കിടക്കുന്ന ആ മനുഷ്യരുടെ കാലുവെട്ടിക്കളഞ്ഞിട്ടു മൃതശരീരങ്ങളെ വേഗം മാററുന്നതിനായി അനുവാദം അപേക്ഷിച്ചു.

അതനുസരിച്ച് ആ ഗവൎണ്ണർ കൽവാരിയിലേക്കു ഒരു സംഘം ഭടന്മാരെ നിയോഗിച്ചു. അവർ വലിയ ഗദകൾകൊണ്ടു രണ്ടു കള്ളന്മാരുടെയും കാലുകളെയും തുടകളെയും അടിച്ചൊടിച്ചു; അനന്തരം യേശുവിനെ സമീപിച്ചപ്പോൾ അദ്ദേഹം നിശ്ശേഷം ഗതജീവനായി എന്ന് അവർ കണ്ടു. അദ്ദേഹത്തിൻെറ അവയവങ്ങളെ മുറിക്കുന്ന ശ്രമം അവശ്യമില്ലാതായി. ഭടന്മാരിൽ ഒരുത്തൻ അദ്ദേഹം മരിച്ചുവെന്നു തീർച്ചവരുത്തുന്നതിനായി വലതുവിലാവിൽ കുന്തംകൊണ്ടു കുത്തിനോക്കി.

കുരിശ്ശിൻെറ ചുവട്ടിൽ നിന്നിരുന്ന വി. ജോൺ രക്ഷാനാഥൻെറ വക്ഷസ്സിൽനിന്നു രക്തവും ജലവും പ്രവഹിക്കുന്നതു കണ്ടു.

അദ്ദേഹം തന്നെപ്പററിത്തന്നെ ഇപ്രകാരം പറയുന്നു: "അതു കണ്ടവൻ അതിനെപ്പററി സാക്ഷിപറഞ്ഞു; അവൻെറ സാക്ഷ്യം സത്യമാകുന്നു; നിങ്ങളും വിശ്വസിക്കുന്നതിനായി അവൻ പറയുന്നതു സത്യമാണെന്ന് അവൻ അറിയുന്നു; ഈ സംഗതികൾ ചെയ്യപ്പെട്ടതു് ഈ വേദവാക്യം നിവൃത്തിക്കപ്പെടുന്നതിനായിരുന്നു: 'നിങ്ങൾ അവൻെറ എല്ലു് ഒടിക്കുകയില്ല' (പുറ

പ്പാട് xii 46)' അവർ കുത്തിപ്പിളന്നതായ അദ്ദേഹത്തെ അവർ നോക്കം,' എന്നുകൂടി വേദാഗമത്തിലുണ്ട്'' (സക്കറിയാ xii 10)

വി. ജോണിൻെറ ദൃഷ്ടിയിൽ ക്രിസ്തുവിൻെറ പ്രപീഡാപരമ്പരയിലെ ഈ അവസാനകർമ്മം ഒരു ദീർഘദർശനത്തിൻെറ നിർവ്വഹണവും, ആഗാമിസൗഭാഗ്യത്തിൻെറ ഒരു സൂചനയുമായിരുന്നു. അദ്ദേഹത്തിൻെറ എല്ലുമുറിയാതുള്ള ആ കുന്തക്ഷതം അദ്ദേഹത്തെ സാക്ഷാൽ പെസഹോചിതമായ അജപോതം- അഭിനവ ഇസ്രായേലിൻെറ ഭോജനം-ആക്കിത്തീർത്തു. അദ്ദേഹത്തിൻെറ മുറിവിൽനിന്നു നിർഗ്ഗളിച്ച ആ ജലവും രക്തവും ഒരു പ്രകാരത്തിൽ നിത്യജീവസന്ദായകമായ അനുഗ്രഹവരങ്ങൾക്കു നിദാനമായ അദ്ദേഹത്തിൻെറ ജ്ഞാനസ്നാനത്തെയും, മററു പ്രകാരത്തിൽ വിശുദ്ധ കർബാനയിലെ അദ്ദേഹത്തിൻെറ രക്തത്തെയും ദ്യോതിപ്പിക്കുന്നു.

സായാഹ്നസന്ധ്യ സമീപിക്കാറായപ്പോൾ അതുവരെ കൽവാരിയിൽ കാണപ്പെടാതിരുന്ന ഒരു യഹൂദൻ പെട്ടെന്ന് അവിടെ പ്രത്യക്ഷനായി. അയാളുടെ പേര് അരിമെത്യായിലെ ജോസഫ് എന്നായിരുന്നു. അയാൾ ക്രിസ്തുവിനെ വധശിക്ഷക്കു വിധിച്ച സംഘത്തിലെ ഒരു അംഗമായിരുന്നു. ധനാഢ്യനും, പ്രബലനും, കുലീനനുമായ അയാൾക്ക് ഇതുവരെ രക്ഷാനാഥന് അനുകൂലമായി നില്ക്കുന്നതിനു ധൈര്യമുണ്ടായിരുന്നില്ല. സൻഹെദ്രിൻമഹാസഭയെപ്പററിയുള്ള ഭയവും ദുരഭിമാനവും അയാളെ മുന്നോട്ടു വരുന്നതിന് അനുവദിച്ചിരുന്നില്ല. എങ്കിലും അയാൾ ദൈവരാജ്യത്തെ പ്രതീക്ഷിച്ചുകൊണ്ടിരുന്ന ഒരു നീതിമാനും, രഹസ്യമായി ദിവ്യഗുരുവിൻെറ ശിഷ്യത്വത്തെ കാംക്ഷിച്ച ഒരു ധർമ്മിഷ്ഠനുമായിരുന്നു. തൻെറ സതീർത്ഥ്യരുടെ നിർദ്ദേശങ്ങളോടും പ്രവൃത്തികളോടും അനുകൂല്യം പ്രദർശിപ്പിക്കാതിരുന്നതിനാൽ അയാളുടെ അഭിപ്രായങ്ങളുടെ ഗതിയും സ്വഭാവവും പരസ്യമായിക്കഴിഞ്ഞിരുന്നു. ദിവ്യഗുരുനാഥൻെറ മരണം അയാളെ അവസാനമായി നിശ്ശേഷം കീഴടക്കി. എല്ലാവരും ഭയവിഹ്വലരായിരുന്ന ആ സന്ദർഭത്തിൽ അയാൾ ആശ്ചര്യകരമാംവണ്ണം ധൈര്യസംയുക്തനായി.

ജോസഫ് കൽവാരിയിൽ വന്നപ്പോൾ ഭടന്മാർ മൃതശരീരങ്ങളെ കുരിശുകളിൽ നിന്നിറക്കി, വധോപകരണങ്ങളോടുകൂടി സംസ്കരിക്കുന്നതിന് ഒരുങ്ങുകയായിരുന്നു. എന്നാൽ അയാ

ൾ സ്വല്പം മുമ്പു ക്രിസ്തുവിൻെറ ഈശ്വരത്വത്തിൽ വിശ്വാസം പ്രകടിപ്പിച്ച ആ ശതാധിപനോടു ശവസംസ്കാരത്തിനു അല്പം സമയംകൂടി ആവശ്യപ്പെടുകയും ആ ഉദ്യോഗസ്ഥൻ അനുവദിക്കുകയും ചെയ്തു. അനന്തരം ജോസഫ് ധൈര്യസമേതം പിലാത്തോസ്സിൻെറ സന്നിധിയിൽ ചെന്ന് യേശുവിൻെറ പ്രേതം അടക്കുന്നതിനായി അയാൾക്കു വിട്ടുകൊടുക്കണമെന്ന് അപേക്ഷിച്ചു.

യേശു മരിച്ചുവെന്നു കേട്ടപ്പോൾ പിലാത്തോസ്സിനുണ്ടായ പ്രഥമവികാരം വിസ്മയമായിരുന്നു. കുരിശിന്മേലുള്ള പീഡകൾ അത്ര വേഗം അവസാനിക്കുകയെന്നുള്ളതു് അതിനു മുമ്പു കേട്ടിട്ടില്ലാത്ത ഒരു സംഭവമായിരുന്നു. അയാൾ ശതാധിപനെ വരുത്തി, യേശു വാസ്തവത്തിൽ മരിച്ചുകഴിഞ്ഞോ എന്നു ചോദിച്ചു. വിവരം പൂർണ്ണമായി ബോധ്യമായപ്പോൾ ഗവർണർ യേശുവിൻെറ ശരീരം കൊണ്ടുപൊയ്ക്കൊള്ളുന്നതിനു ജോസഫിനു് അനുവാദം കൊടുത്തു. ന്യായവിധിപ്രകാരം വധിക്കപ്പെട്ട ഒരുത്തൻെറ പ്രേതം സ്വജനങ്ങൾ ആവശ്യപ്പെട്ടാൽ കൊടുക്കുന്നതു റോമാക്കാരുടെ പതിവായിരുന്നു. ശബ്ബത്തിനത്തിൻെറ ആരംഭത്തെ ദ്യോതിപ്പിക്കുന്ന നക്ഷത്രകിരണങ്ങൾ ഇനിയും പ്രസരിച്ചു തുടങ്ങിയിരുന്നില്ല. ശവസംസ്കാരത്തിനു വേണ്ട തുണികളും മററും വാങ്ങുന്നതിനു ജോസഫിനു സമയമുണ്ടായിരുന്നു. വേഷ്ടനസാമഗ്രികളോടുകൂടി അയാൾ കൽവാരിയിലേക്കു മടങ്ങി, ശിഷ്യന്മാരുടെ സഹായത്തോടുകൂടി യേശുവിൻെറ ശരീരത്തെ കുരിശിൽനിന്നിറക്കി.

പരാഭവങ്ങളുടെ ഘട്ടം ഇപ്പോൾ അവസാനിച്ചു. ഒരു തുക്കുമരത്തിൽ തറയ്ക്കപ്പെട്ട അദ്ദേഹത്തിൻെറ ശരീരം ബഹുമാനപൂർവ്വം സംസ്കരിക്കപ്പെടാൻ പോകുന്നു. ഇസ്രായേലിലെ വേറൊരു പ്രഭുവും അദ്ദേഹത്തിൻെറ ശവസംസ്കാരത്തെ സഹായിക്കാൻ പുറപ്പെട്ടിരിക്കുന്നു. അതു യേശുവിനോടു സംഭാഷണം ചെയ്യുന്നതിനായി ഒരു രാത്രി ഒളിച്ചു വന്നിട്ടുണ്ടായിരുന്ന നിക്കോദിമസ്സാണു്. സൻഹെദ്രിൻസഭയെപ്പററിയുള്ള ഭയാധിക്യം നിമിത്തം ഇതുവരെ അയാൾ തൻെറ വിശ്വാസത്തെ മറച്ചുവച്ചിരുന്നു. എന്നാൽ ക്രിസ്തുവിൻെറ മരണസമയത്തുണ്ടായ അത്ഭുതസംഭവങ്ങളും ജോസഫിൻെറ മാതൃകയും അയാളുടെ കാതരതയെ ദൂരീകരിച്ചു; അയാൾ ആ ദിവ്യഗുരുവിൻെറ ഹതവിധിയെപ്പററി

വിലപിച്ചുകൊണ്ട് അദ്ദേഹത്തിൻെറ മൃതശരീരത്തെയെങ്കിലും തൻെറ സമൃദ്ധമായ സമ്പത്തിനാൽ പരിചരിക്കുന്നതിനായി കൽവാരിയിൽ ഓടിയെത്തി. ഉടൻ വിലപിടിക്കുന്ന പരിമളതൈലങ്ങളും സുഗന്ധദ്രവ്യങ്ങളും അയാളുടെ ആജ്ഞപ്രകാരം അവിടെ ഉടൻ കൊണ്ടുവരപ്പെട്ടു. അവയെ മുറിവുകളിലും, പിന്നീട് ദേഹമാസകലവും ധാരാളമായിപ്പുരട്ടി. അതിവിശേഷമായ തുണിത്തരങ്ങൾകൊണ്ടു ദേഹവും കൈകാലുകളും തലയും പൊതിഞ്ഞു. ഇപ്രകാരം വിലയേറിയതും സുരഭിലവുമായ തൈലങ്ങളാൽ പരിലിപ്തമായും വിശിഷ്ടാംബരങ്ങളാൽ പരിവേഷ്ടിതമായും യേശുവിൻെറ മൃതശരീരം ശവകുടീരത്തിലേക്കു കൊണ്ടുപോകപ്പെട്ടു. ശബത്തിവസാരംഭം അത്യാസന്നമായിപ്പോയതുകൊണ്ട് അവർ ഝടിതി കാൎയ്യങ്ങളൊക്കെ നിൎവ്വഹിക്കേണ്ടിവന്നു; ശവസംസ്കാരം പൂൎത്തിയാക്കുന്നതിന് അവൎക്ക് ഇനി ഏതാനും നിമിഷങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു.

ശവകുടീരം തയാറാക്കപ്പെട്ടിരുന്നു. കുരിശ്ശിൻെറ അടുത്ത് അരിമത്ത്യായിലെ ജോസഫിൻെറ വകയായി ഒരു തോട്ടവും അതിൽ മുമ്പ് ഉപയോഗിച്ചിട്ടില്ലാത്തതും പാറതുരന്നുണ്ടാക്കിയിരുന്നതുമായ ഒരു കല്ലറയുമുണ്ടായിരുന്നു. ശബത്തിൻെറ അത്യാസന്നതകൊണ്ടു പ്രേതം അകലെ കൊണ്ടുപോകാതെ അതിൽത്തന്നെ അടക്കാമെന്ന് അവർ തീൎച്ചപ്പെടുത്തി. മൃതശരീരങ്ങളെ നിക്ഷേപിക്കത്തക്കവണ്ണം തട്ടുകളോടും ദ്വാരങ്ങളോടും കൂടിയ ഇടുങ്ങിയ മുറികളുടെ രൂപത്തിൽ പാറക്കുന്നുകളുടെ ചരിവുകൾ തുരന്നുണ്ടാക്കിയിട്ടുള്ള അത്തരം ഗുഹകൾ യൂദയായിൽ സാധാരണമായിരുന്നു, അവയുടെ അടിത്തട്ടു തറനിരപ്പായോ, സ്വല്പമൊന്നു താണോ ഇരിക്കും; അതിൻെറ വക്ത്രം ഇളക്കാൻ പ്രയാസമുള്ള ഒരു വലിയ കല്ലുകൊണ്ടു മൂടപ്പെടുന്നു. ഇത്തരം ഒരു കല്ലറയിൽ യേശുവിൻെറ മൃതശരീരം വയ്ക്കപ്പെട്ടു. കൂട്ടുകാരുടെ സഹായത്തോടുകൂടി ഭക്തന്മാരായ ഈ സൻഹെദ്രിൻസഭാംഗങ്ങൾ വാതലിലെ ഭാരമേറിയ വലിയ കല്ലു വലിച്ചു ശരിയായി വച്ച്, ശവകുടീരത്തെ ഭദ്രമായി അടച്ചു. അനന്തരം എല്ലാവരും വീട്ടിലേക്കു മടങ്ങി. അപ്പോൾ നഗരം മുഴുവനും ശബത്തിവസത്തിൻെറ പരിശുദ്ധമായ പ്രശാന്തതയിൽ മുഴുകിക്കഴിഞ്ഞിരുന്നു.

ഈ സമയമെല്ലാം പുണ്യവതികളായ ആ സ്ത്രീരത്നങ്ങൾ

ജോസഫിൻെറകൂടെ ഉണ്ടായിരുന്നു. ദിവ്യരക്ഷകൻെറ ശരീരം സംസ്കരിക്കപ്പെട്ട സ്ഥലം സൂക്ഷ്മമായി ഗ്രഹിച്ചശേഷം അവരും വ്യസനാക്രാന്തരായി സുഗന്ധദ്രവ്യങ്ങളെ തയാറാക്കുന്നതിനായി മടങ്ങിപ്പോയി. "ശബത്ദിവസം മതശാസനങ്ങൾ അനുസരിച്ച് അവർ വിശ്രമിച്ചു."

അവർ പോയശേഷവും ആ തോട്ടം നിശ്ശേഷം ജനശൂന്യമായിരുന്നില്ല. പിന്നെയും രണ്ടു സ്ത്രീകൾ ശവകുടീരത്തിൻെറ വാതുക്കൽ ഇരുന്നിരുന്നു. അവർ മഗ്ദലേനാ മറിയവും കന്യാമാതാവിൻെറ സഹോദരിയായ മറിയയും ആയിരുന്നു.

യേശുവിൻെറ ശത്രുക്കൾ അദ്ദേഹത്തിൻെറ മരണത്തോടുകൂടി തങ്ങളുടെ ഭയകാരണങ്ങളെല്ലാം അസ്തമിക്കുമെന്നു പ്രത്യാശിച്ചിരുന്നതു് അസംഗതമായി പരിണമിച്ചു. ശവസംസ്കാരം കഴിഞ്ഞമാത്രയിൽതന്നെ അവർ അദ്ദേഹത്തിൻെറ പ്രവചനങ്ങളെപ്പററി അനുസ്മരിച്ചു. മൂന്നാംദിവസം താൻ പുനരുത്ഥാനം ചെയ്യുമെന്നും, സമുദ്രത്തിൻെറ അടിയിൽ മൂന്നുദിവസം അമഗ്നനായിരുന്നശേഷം പൂർവ്വാധികം പ്രസരിപ്പോടുകൂടി പുനരാവിർഭവിച്ച യോനാസ്സ ദീർഘദർശിയുടെ അടയാളം മാത്രമേ താൻ അവക്കു കാണിച്ചുകൊടുക്കു എന്നും, മൂന്നു ദിവസംകൊണ്ടു വീണ്ടും പണിയപ്പെടുന്നതിനായി ഒരു ക്ഷേത്രവിശേഷം നശിപ്പിക്കപ്പെടുമെന്നും അദ്ദേഹം പ്രഖ്യാപനം ചെയ്തിരുന്നില്ലേ?

ഇത്തരം ചിന്തകൾ പ്രസ്തുത രാത്രിയിൽ അവരുടെ സ്വസ്ഥതയെ നശിപ്പിച്ചു: ഭയവും വ്യഗ്രതയുംനിമിത്തം അവർ അതിരാവിലെതന്നെ വീണ്ടും യോഗംകൂടുന്നതായി നാം കാണുന്നു. പെസഹാമഹത്തിൻെറ മഹാശബത്തായിരുന്നിട്ടും അവർ അതിൻെറ പരിശുദ്ധമായ സ്വസ്ഥതയെ സംഭ്രമപാരവശ്യത്താൽ അവഗണിക്കാൻ നിർബന്ധിതരായി; സംവത്സരത്തിലെ ഏററവും പരിപാവനമായ ആ ദിവസം ഒരു വിമതസ്ഥാനമായി അതിനിഷിദ്ധമായ ഒരു സമാഗമത്തിന് അവർ സന്നദ്ധരായി.

ഉടൻ, മഹാപുരോഹിതന്മാരും ഫരിസ്യന്മാരും പീലാത്തോസ്സിൻെറ അരമനയിൽ എത്തി, അയാളോട് ഇപ്രകാരം പറഞ്ഞു: "പ്രഭോ, ഈ ദാംഭികൻ ജീവിച്ചിരുന്നപ്പോൾ, 'മൂന്നുദിവസം കഴിഞ്ഞു ഞാൻ പുനരുത്ഥാനം ചെയ്യും' എന്നു പറഞ്ഞതായി ഞങ്ങൾ ഇപ്പോഴാണ് ഓർമ്മിച്ചതു്. അവൻെറ ശിഷ്യന്മാർ വന്നു് അവനെ മോഷ്ടിച്ചുകൊണ്ടുപോയിട്ട്, 'അവൻ മര

ണശേഷം ഉയിൎത്തെഴുന്നേററിരിക്കുന്നു' എന്നു ജനങ്ങളോടു പറയാതിരിക്കുന്നതിനായി, മൂന്നാംദിവസംവരെ ശവകുടീരം ബന്ധോവസ്തുചെയ്യുന്നതിനു് ഉത്തരവുണ്ടാകണം. അല്ലെങ്കിൽ ഒടുവിലത്തെ വിഡ്ഢിത്തം ആദ്യത്തെ വിഡ്ഢിത്തത്തെക്കാൾ മോശമായിത്തീരും."

"കാവൽഭടന്മാരിൽ കുറേപ്പേരെ കൊണ്ടുപോയി നിങ്ങൾക്കു് എങ്ങനെ കഴിയുമോ, അങ്ങനെ സൂക്ഷിക്കുക," എന്നു പിലാത്തോസ്സു് ഉത്തരം പറഞ്ഞു.

അവർ ഉടൻ പുറപ്പെട്ടു; ശവകുടീരത്തെ ആരും ഒളിവിൽ തുറക്കാതിരിക്കുന്നതിനായി അവർ അതിൻെറ പ്രവേശനദ്വാരത്തെ അടച്ചിരുന്ന വലിയ കല്ലിനെ മുദ്രവെച്ചു ബന്ധിക്കുകയും, അതിൻെറ മുമ്പിൽ റോമൻഭടന്മാരെ കാവൽനിറുത്തുകയും ചെയ്തു.

# അദ്ധ്യായം ൧൪.

## പുനരുത്ഥാനം.

### I
### പ്രാരംഭദൎശനങ്ങൾ.

(മാത്യൂ xxviii 1-15; മാൎക്കു് xvi 1-11; ലൂക്കു് xxiv 1-12
ജോൺ xx, 1-18.)

സൻഹെദ്രിൻസഭക്കാർ യേശുവിനെ സംബന്ധിച്ചു വേണ്ട മുൻകരുതലുകളെല്ലാം ചെയ്യുന്നതിൽ ബദ്ധശ്രദ്ധം ഏൎപ്പെട്ടിരുന്നപ്പോൾ, യഹൂദജനസാമാന്യം കൽവാരിയിൽനിന്നു പിരിഞ്ഞു് പെസഹാസംബന്ധിച്ച അനുഷ്ഠാനങ്ങൾക്കു് ഒരുങ്ങുകയായിരുന്നു. ഈ ദിവസം മുഴുവനും ശിഷ്യന്മാരുടെ ഹൃദയങ്ങളെ ഭരിച്ച വികാരങ്ങൾ എന്തായിരുന്നു? അവരെസ്സംബന്ധിച്ചിടത്തോളം സകലവും അവസാനിച്ചിരുന്നില്ലേ? അവരുടെ വ്യാമോഹങ്ങളൊക്കെ ശിഥിലീകൃതമായി; അവരുടെ പ്രത്യാശകളും പ്ര

തീക്ഷകളും എത്രത്തോളം ഊൎജ്ജസ്വലങ്ങളും ശക്തിമത്തുകളും ആയിരുന്നുവോ, അത്രത്തോളം ഉഗ്രവും ദുസ്സഹവുമായിരുന്നു അവരുടെ കുണ്ഠിതവും നൈരാശ്യവും. ഈ പതനത്തിൽ അവരുടെ സംഭാഷണങ്ങളെന്തായിരുന്നു എന്ന് അറിയുന്നതിനും, അവരുടെ പ്രരോദനങ്ങളെ കേൾക്കുന്നതിനും, അവരോടുകൂടി സഹതപിക്കുന്നതിനും സ്വാഭാവികമായ ഒരു മോഹം നമുക്കുണ്ടാകുന്നു. എന്നാൽ അവരുടെ അന്നത്തെ സന്തപ്താവസ്ഥയെപ്പററി സുവിശേഷഗ്രന്ഥം യാതൊന്നും പ്രസ്താവിക്കുന്നില്ല; വേദവിധികളോടുള്ള അവരുടെ പ്രതിപത്തിയെ മാത്രമെ അതു സൂചിപ്പിക്കുന്നുള്ളു. "വേദപ്രമാണമനുസരിച്ചു ശബത്ത് സ്വസ്ഥത പരിപാലിക്കപ്പെട്ടു."

തങ്ങളുടെ പരേതനായ ഗുരുവിൽനിന്ന് അവർ ശവസംസ്കാരാനന്തരം യാതൊന്നും പ്രതീക്ഷിച്ചിരുന്നില്ലെങ്കിലും അവൎക്ക് അപ്പോഴും അദ്ദേഹത്തോടു നിർവ്യാജമായ സ്നേഹമുണ്ടായിരുന്നു. പ്രേതാലയത്തെ എല്ലാററിലും ഒടുവിൽ മാത്രം വിട്ടുപിരിഞ്ഞ ഗലീലേയരായ അനുയായികളായിരുന്നു രക്ഷാനാഥന്റെ ശരീരത്തെ നിക്കോദിമസ്സിനു കഴിവുണ്ടായിരുന്നതിൽകൂടുതൽ ശ്രദ്ധാപൂൎവ്വം പരിമളതൈലങ്ങൾകൊണ്ടു പൂശുന്നതിനായി ആദ്യം മടങ്ങിവന്നത്. കുരിശുവധത്തിനുശേഷം മീറയും സുഗന്ധദ്രവ്യങ്ങളും സജ്ജീകരിക്കുന്നതിന് അവരിൽ മിക്കപേൎക്കും വേണ്ടുവോളം സമയമുണ്ടായിരുന്നു; എന്നാൽ കൽവാരിയിൽനിന്നു മടങ്ങിവന്നപ്പോൾ നേരം വളരെ വൈകി, ശബത്ത് ആരംഭിച്ചു കഴിഞ്ഞിരുന്നതിനാൽ മഗ്ദലേനാമറിയത്തിനും, ജേംസ്സിന്റെ മാതാവായ മറിയത്തിനും, സലോമിക്കും അടുത്തദിവസം സായാഹ്നം വരെ യാതൊന്നും വാങ്ങുന്നതിനു കഴിഞ്ഞില്ല. എങ്കിലും ശബത്തുകഴിഞ്ഞു പാതിരാത്രിയായപ്പോഴേക്ക് ഒരുക്കങ്ങളെല്ലാം പൂൎത്തിയാവുകയും അവർ മരിച്ചുപോയ തങ്ങളുടെ ഗുരുനാഥനോടുള്ള അവസാനകടമ നിറവേററുന്നതിനായി പുറപ്പെടുകയുംചെയ്തു.

അവർ നഗരകവാടങ്ങളെ തരണം ചെയ്തപ്പോൾ അരുണോദയമായെങ്കിലും, ഇരുട്ടിനും മൂടൽമഞ്ഞിനും ഒട്ടും കുറവില്ലായിരുന്നു.

"കല്ലറയുടെ വാതിലിനെ അടച്ചിരിക്കുന്ന കല്ലു മാററുന്നതിനു നമ്മെ ആരു സഹായിക്കും?" എന്നു പരസ്പരം പറഞ്ഞുകൊണ്ട് അവർ ത്വരിതമായി നടന്നു.

ഈ വാക്യങ്ങളിൽനിന്ന മഗ്ദലേനാമറിയവും, ജേംസ്സി ൻെറ മാതാവായ മറിയയും, സലോമിയും മാത്രമേ ഈ സന്ദർഭത്തിൽ ഉണ്ടായിരുന്നുള്ളു എന്ന നമുക്ക് ഊഹിക്കാം. എന്തെന്നാൽ മററുള്ളവരും കൂടി ഉണ്ടായിരുന്നുവെങ്കിൽ ആ പുണ്യവതികൾ എല്ലാവരും ഒത്തുചേൎന്ന ശ്രമിച്ചാൽ ശവകുടീരദ്വാരത്തിലെ വലിയ കല്ല പിടിച്ചു മാററുന്നതിന്ന യാതൊരു വൈഷമ്യവും അവർ കാണുമായിരുന്നില്ല. അവരുടെ സഹകാരിണികൾ കുറെ പിമ്പിലായി പിന്തുടരുന്നുവെന്ന വസ്തുത അവർ പക്ഷെ അറിഞ്ഞിരിക്കുകയില്ല.

ഈ വനിതാത്രയം യേശുവിൻെറ ശവകുടീരം സ്ഥിതിചെയ്യു തോട്ടത്തിന്ന കുറച്ചകലെ എത്തിയപ്പോൾ തിമിരാവൃതമായ ഭൂമി പെട്ടെന്നൊന്ന കുലുങ്ങി. ഒരു മാലാഖ സ്വൎഗ്ഗത്തിൽനിന്നുഇറങ്ങിവന്നു പ്രേതാലയകവാടത്തിലെ ശിലയെ തള്ളി മാററി. അതു പ്രേതശൂന്യമായിട്ട സമയം കുറെ കഴിഞ്ഞിരുന്നു; നേരം വെളുക്കുന്നതിന്നുമുമ്പ തന്നെ യേശു പുനരുത്ഥാനം ചെയ്തിരുന്നു. മാലാഖ ആ കല്ലിന്മേൽ ഇരുന്നു; അവൻെറ മുഖം വിദ്ദ്യുത്പ്രഭയെ വെല്ലുമാറു ജാജ്വല്യമാനവും, അവൻെറ വസ്ത്രം തിളങ്ങുന്ന ഹിമധാവള്യത്തെ അതിശയിക്കുമാറു അതിശുഭ്രവുമായിരുന്നു. അതു കണ്ടപ്പോൾ കാവൽഭടന്മാർ ഭയവിവശരായി നിലം പതിച്ചു. അവർ കഴിയുന്നവേഗത്തിൽ എഴുന്നേററു, പട്ടണത്തിലേക്ക് ഓടിപ്പോയി.

പ്രസ്തുത സ്ത്രീകൾ കുറെ ദൂരത്തായിരുന്നതിനാൽ ഈ സംഭവത്തിന്ന ദൃക്സാക്ഷികളാകാൻ അവൎക്ക കഴിഞ്ഞില്ല. അവൎക്ക ക്ഷണനേരത്തേക്ക സ്വല്പം പരുങ്ങലുണ്ടായിരുന്നുവെങ്കിലും, അവർ വീണ്ടും ധൈൎയ്യം അവലംബിച്ച്, അന്ധകാരനിമഗ്നമായ ആ തോട്ടത്തിൽ കടന്നുചെന്നു; അപ്പോൾ കല്ലറയെ അടച്ചിരുന്ന ആ വലിയ കല്ല തള്ളി മാററിയിരിക്കുന്നതായി അവർ കണ്ടു.

ഈ കാൎയ്യ കണ്ടമാത്രയിൽ മഗ്ദലേനാ യറൂശലേമിലേക്ക ബദ്ധപ്പെട്ടു മടങ്ങി.

"ഗുരുനാഥൻെറ ശവകുടീരം ആക്രമിക്കപ്പെട്ടുകയും, അദ്ദേഹത്തിൻെറ ശരീരം ശത്രുക്കൾക്കായി ഉപേക്ഷിക്കപ്പെട്ടുകയും ചെയ്തിരിക്കുന്നു; ഒട്ടും സംശയമില്ല!" എന്ന വിചാരിച്ചുകൊണ്ട് അവൾ അതിവേഗത്തിൽ ഓടി, യേശുവിൻെറ ശിഷ്യന്മാരായ ജോണിൻെറയും പീററിൻെറയും അടുക്കലെത്തി. പീററർ

ഈ സമയം ജോണിൻെറ വസതിയിൽ മേരിയുടെ പാദപത്മ ങ്ങളിൽ പശ്ചാത്താപപൂൎവ്വം നമസ്കരിക്കയായിരുന്നു. യേശുവി ൻെറ നിൎയ്യാണംമൂലം അവർ മഹാദുഃഖത്തിൽ മുഴുകിയിരുന്നു.

"അവർ രക്ഷാനാഥനെ കല്ലറയിൽനിന്ന് എടുത്തുകൊണ്ടു പോയിരിക്കുന്നു; അവർ അദ്ദേഹത്തെ എന്തു ചെയ്തുവെന്നു നാം അറിയുന്നില്ല," എന്നു മഗ്ദലേനാ വിലപിച്ചു.

ഉടൻ ആ ശിഷ്യന്മാർ ശവകുടീരത്തിലേക്ക് ഓടിപ്പോ യി. അവിടെ ജേംസ്സിൻെറ മാതാവായ മറിയത്തെയോ സലോ മിയെയോ അവർ കണ്ടില്ല. "ഭയാകുലരായും സന്തോഷഭരിതരാ യും അവർ അവിടം വിട്ടിരുന്നു."

ഈ രണ്ടു സ്ത്രീകളും, മഗ്ദലേനാമറിയം അവിടെനിന്നു പോയശേഷം, പ്രേതാലയത്തിനുള്ളിൽ പ്രവേശിക്കുകതന്നെ എ ന്നു തീർച്ചപ്പെടുത്തി. ആ ഇരുട്ടുനിറഞ്ഞ ഗുഹയുടെ വലതുഭാഗ ത്തായി ഒരു മാലാഖാ ഇരിക്കുന്നുണ്ടായിരുന്നു. വെളുത്ത ഉടുപ്പോ ടുകൂടിയ ഒരു യുവാവിൻെറ വേഷമായിരുന്നു ആ ദൈവദൂതൻ ധരിച്ചിരുന്നതു്.

മാലാഖായെ കണ്ടു് അവർ വളരെ ഭയപ്പെട്ടു; അവരുടെ നാക്കു സ്തംഭിച്ചുപോയി; അപ്പോൾ ആ സ്വൎഗ്ഗീയ പാരിഷദൻ അവരെ ധൈൎയ്യപ്പെടുത്തി:

"നിങ്ങൾ ഭയപ്പെടേണ്ട! കുരിശ്ശിന്മേൽ വധിക്കപ്പെട്ട നസറെത്തിലെ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നുവെന്ന് എനിക്കറിയാം. അദ്ദേഹം ഉത്ഥാനം ചെയ്തിരിക്കുന്നു. അദ്ദേഹം ഇപ്പോൾ ഇവിടെ ഇല്ല! അവർ അദ്ദേഹത്തെ അടക്കിയ സ്ഥ ലത്തെ വന്നു കാണുവിൻ. വേഗം പോയി, അദ്ദേഹം മരിച്ചവ രുടെ ഇടയിൽനിന്ന് ഉത്ഥാനം ചെയ്തിരിക്കുന്നുവെന്നു പീററി നേയും ശിഷ്യന്മാരേയും അറിയിക്കുവിൻ. അദ്ദേഹം നിങ്ങൾക്കു മുമ്പു ഗലീലേയായിലേക്കു പോകും; അദ്ദേഹം നിങ്ങളോടു പ്രവ ചിച്ചിട്ടുള്ളതനുസരിച്ച് അവിടെവച്ചാണു നിങ്ങൾ അദ്ദേഹത്തെ കാണാൻ പോകുന്നതു്. ഇതാ, അതിനെപ്പററി നിങ്ങളെ ഞാൻ മുൻകൂട്ടി അറിയിച്ചിരിക്കുന്നു," എന്നു മാലാഖ പറഞ്ഞു:

ആ സ്ത്രീകൾ രണ്ടുപേരും, സന്തോഷമോ ഭീതിയോ അവരുടെ ഹൃദയത്തിൽ കൂടുതൽ കുടികൊണ്ടിരുന്നതെന്നു പറ യാൻ നിവൃത്തിയില്ലാത്തവിധത്തിൽ വേഗം അവിടെനിന്നു പോ യി. ഉത്തരക്ഷണത്തിൽ ഭയം സന്തോഷത്തെ അതിക്രമിച്ചു;

കണ്ടതും കേട്ടതും വെളിക്ക പറയുന്നതിനുപോലും ധൈൎയ്യമില്ലാതെ അവർ പാഞ്ഞുപോയി.

ഈ സമയം പ്രസ്തുത അപ്പോസ്തലദ്വന്ദ്വം കല്ലറയിലേക്ക ദ്രുതഗതിയിൽ വരുകയായിരുന്നു. രണ്ടുപേരും ഓടുകയായിരുന്നുവെങ്കിലും, ജോണാണ് ആദ്യം സ്ഥലത്തെത്തിയത്. ഗുഹാദ്വാരത്തിൽക്കൂടി ഉള്ളിൽ കടക്കുന്നതിനു പേടിയുണ്ടായിരുന്നതിനാൽ അയാൾ വെളിക്കനിന്ന് അകത്തോട്ടു കുനിഞ്ഞുനോക്കി. തറയിൽ കുറെ തുണി കിടക്കുന്നതു മാത്രമേ അയാൾക്ക് ഇരുട്ടത്തു കാണാൻ നിവൃത്തിയുണ്ടായിരുന്നുള്ളു. അപ്പോഴേക്ക പിററവും വന്നുചേൎന്നു; അയാൾ സംശയം കൂടാതെ അകത്തു കടന്നു. മേല്പറഞ്ഞ തുണികൂടാതെ, ദിവ്യരക്ഷകൻെറ ശിരസ്സ് പൊതിഞ്ഞിരുന്ന തുവാല മടക്കി ഒരു മൂലയിൽ പ്രത്യേകം വച്ചിരിക്കുന്നതായി അയാൾ കണ്ടു. ജോണും ധൈൎയ്യസമേതം തൻെറ കൂട്ടുകാരനോടൊപ്പം ഗുഹസ്സുള്ളിൽ കടക്കുകയും അയാളുടെ സന്തോഷാത്ഭുതങ്ങളിൽ പങ്കുകൊള്ളുകയും ചെയ്തു. അക്രമത്തിൻെറയോ ബലപ്രയോഗത്തിൻെറയോ യാതൊരു ലക്ഷ്യവും അവിടെയെങ്ങും കണ്ടില്ല. ജഡം പൊതിഞ്ഞിരുന്ന വസ്ത്രങ്ങൾ വലിച്ചെറിഞ്ഞിരിക്കുന്നതായോ, അശ്രദ്ധയാൽ താഴെ വീണുപോയിരിക്കുന്നതായോ അല്ല കാണപ്പെട്ടത്; നേരെമറിച്ച്, അവ ഭദ്രമായി മടക്കി സൂക്ഷിക്കപ്പെട്ടിരുന്നു. ഈ ലക്ഷണം കണ്ടപ്പോൾ അപ്പോസ്തലന്മാരുടെ ഹൃന്നേത്രങ്ങൾ തുറക്കപ്പെട്ടു; അവസാനമായി, വേദാഗമപരിജ്ഞാനം വേണ്ടുംവണ്ണം ഉണ്ടായിരുന്നുവെങ്കിൽ അവക്ക വളരെ മുമ്പേ ഗ്രഹിക്കാൻ കഴിയുമായിരുന്ന ആ സംഗതി—"ക്രിസ്തു മരിച്ചവരുടെ ഇടയിൽനിന്നു പുനരുത്ഥാനം ചെയ്യേണ്ടതു് ആവശ്യമാണെന്നുള്ളതു്"–അവക്ക മനസ്സിലായി. അവർ അവിടെനിന്ന് ഉടൻ മടങ്ങിപ്പോയി; അവരുടെ സന്തോഷത്തിനും വിസ്മയത്തിനും അതിരില്ലായിരുന്നു.

മേല്പറഞ്ഞ ഗലിലേയരായ വനിതകളും രണ്ടു അപ്പോസ്തലന്മാരും മാലാഖായുടെ സാക്ഷ്യത്തിൽ വിശ്വസിച്ചു. എന്നാൽ പുനരുത്ഥിതനായ യേശുവിനെ ഒന്നാമതായി കാണുന്നതിനു ഭാഗ്യമുണ്ടായതു മഗ്ദേലായിലെ മറിയത്തിനായിരുന്നു.

ശവകുടീരത്തിലേക്ക മടങ്ങിവന്നിട്ട് അവൾ അശ്രുപൂൎണ്ണങ്ങളായ നേത്രങ്ങളോടുകൂടി അവിടെ ചുററിത്തിരിഞ്ഞു. പല

പ്രാവശ്യം അവൾ ഇരുട്ടുനിറഞ്ഞ ഗുഹയുടെ ദ്വാരത്തിൽക്കൂടി സൂക്ഷിച്ചുനോക്കി. പെട്ടെന്ന്, ശ്വേതാംബരധാരികളായ രണ്ടു മാലാഖാമാർ യേശുവിൻെറ മൃതശരീരം നിക്ഷേപിക്കപ്പെട്ടിരുന്ന സ്ഥലത്ത്, ഒരുവൻ തലസ്ഥലും, മററവൻ കാല്ക്കലുമായി, ഇരിക്കുന്നത് അവൾ കണ്ടു.

"സ്ത്രീയേ, നീ എന്തിനു കരയുന്നു?" എന്ന് അവർ അവളോടു ചോദിച്ചു.

"എന്തെന്നാൽ അവർ എൻെറ രക്ഷാനാഥനെ എടുത്തുകൊണ്ടുപോയിരിക്കുന്നു; അവർ അദ്ദേഹത്തെ എവിടെ നിക്ഷേപിച്ചിരിക്കുന്നുവെന്ന് എനിക്ക് അറിയാൻ പാടില്ല," എന്ന് അവൾ ഉത്തരംപറഞ്ഞു.

ഈ സംഭാഷണത്തിനിടയിൽ അവിടെ ഒരു മനുഷ്യൻെറ സാന്നിധ്യത്തെപ്പററി ആകസ്മികമായി ഉണർവുണ്ടായി അവൾ തിരിഞ്ഞുനോക്കുകയും, "സ്ത്രീയേ, നീ എന്തിനു കരയുന്നു? നീ ആരെ അന്വേഷിക്കുന്നു?" എന്ന് ആ മനുഷ്യൻ ചോദിക്കുന്നതായി കേൾക്കുകയും ചെയ്തു.

"അതു തോട്ടക്കാരനാണ്; പക്ഷെ അവൻ മൃതശരീരത്തെ അവമാനത്തിൽനിന്നു രക്ഷിക്കുന്നതിനായി എടുത്തുകൊണ്ടുപോയതായിരിക്കാം," എന്ന് അവൾ വിചാരിച്ചു.

"ശ്രീമൻ, നിങ്ങൾ അദ്ദേഹത്തെ ഇവിടെനിന്ന് എടുത്തുകൊണ്ടുപോയെങ്കിൽ, എവിടെ സൂക്ഷിച്ചിരിക്കുന്നുവെന്നു പറയുക. ഞാൻ പോയി അദ്ദേഹത്തെ എടുത്തുകൊള്ളാം," എന്ന് അവൾ മറുപടി പറഞ്ഞു.

യേശു പ്രത്യുത്തരമായി ഒരു വാക്കുമാത്രം ഉച്ചരിച്ചു:

"മറിയം"

അവളുടെ ഹൃദയത്തെ അനേകപ്രാവശ്യം ആശ്വസിപ്പിച്ച ആ സ്വരത്തെ അവൾ തിരിച്ചറിഞ്ഞു. അവൾ "സ്വാമിൻ," എന്നു വിളിച്ചുകൊണ്ട് യേശുവിൻെറ പാദങ്ങളിൽ സാഷ്ടാംഗപ്രണാമം ചെയ്തു.

ഹർഷപാരവശ്യത്താൽ അവൾ ആ രൂപാന്തരീഭവിച്ച ശരീരത്തെ ഗാഢമായി ആശ്ലേഷിച്ചു.

തൻെറ സ്വർഗ്ഗാരോഹണത്തിനുമുമ്പ് അവൾ തന്നെ ഒന്നിലധികം പ്രാവശ്യം ഇനിയും കാണുമെന്ന് അവളെ അനുസ്മ

രിപ്പിച്ചുകൊണ്ടു യേശു അവളോട് അപ്പോസ്തലന്മാരുടെ അടു ക്കൽ ഉടൻ മടങ്ങിപ്പോകുന്നതിന് ആജ്ഞാപിച്ചു.

"തൊടരുത് എന്നെ; ഞാൻ ഇനിയും എൻെറ പിതാവി ൻെറ സന്നിധിയിൽ പോയിട്ടില്ല. നീ പോയി എൻെറ ശിഷ്യ ഗണത്തെ തിരക്കിപ്പിടിച്ചു, 'എൻെറ പിതാവിൻെറയും നിങ്ങളു ടെ പിതാവിൻെറയും, എൻെറ ദൈവത്തിൻെറയും നിങ്ങളുടെ ദൈവത്തിൻെറയും അടുക്കലേക്കു ഞാൻ പോകുന്നു,' എന്ന് അവ രോടു പറയുക."

ഈ അതിശ്രേഷ്ഠമായ സന്ദേശത്താൽ ഭഗവാൻ, എല്ലാ മനുഷ്യരോടും അവക്കു മേലാൽ തൻെറ പിതാവല്ലാതെ വേറെ പിതാവില്ലെന്നും, ഒരു ദിവസം അവർ തൻെറ സ്വർഗ്ഗീയഗേഹ ത്തിലേക്കു തന്നെ അനുഗമിക്കേണ്ടവരാണെന്നും പറയുന്നു.

മഗ്ദലേനാ മറിയം എഴുന്നേററു ഈ ദൗത്യവും വഹിച്ചു കൊണ്ടു ശിഷ്യന്മാരുടെ അടുക്കലേക്ക് ഓടിപ്പോയി:

"ഞാൻ രക്ഷാനാഥനെ കണ്ടിരിക്കുന്നു; അദ്ദേഹം എന്നോ ടു പറഞ്ഞിരിക്കുന്നതു് എന്താണെന്നു കേൾക്കുവിൻ."

പീററും ജോണും ഇനിയും തങ്ങളുടെ കൂട്ടുകാരുടെ അടു ക്കൽ മടങ്ങിവന്നിട്ടില്ലായിരുന്നു. അതിനാൽ ഇവർ അപ്പോഴും വ്യസനാക്രാന്തരായി ഇരിക്കുന്നതായിട്ടാണു മഗ്ദലേനാ കണ്ടതു്. യേശു ജീവിച്ചിരിക്കുന്നുവെന്നും, അവൾക്കു പ്രത്യക്ഷപ്പെട്ടുവെ ന്നും അവൾ പ്രഖ്യാപനം ചെയ്തു് അവർ ചെവിക്കൊണ്ടില്ല. അവളുടെ സോന്മേഷമായ സ്വരധാടിയും, സമുജ്ജ്വലമായ വി ശ്വാസദാർഢ്യവും അവളുടെ രക്ഷകനായ ജഗൽകർത്താവിൻെറ ദർശനത്താൽ പ്രചലിതമായ അവളുടെ ഹൃദയത്തിൻെറ ആന ന്ദപാരവശ്യവും അവരുടെ ഹൃദയത്തെ സ്പർശിക്കുന്നതിനു പര്യാ പ്തങ്ങളായിരുന്നില്ല; അവളെ വിശ്വസിക്കാൻ അവർ സന്നദ്ധരാ യിരുന്നില്ല.

ക്രിസ്തുവിനാൽ നിയുക്തയായ ഈ സന്ദേശവാഹിനിക്കു യ രൂശലേമിൽ സിദ്ധിച്ച സ്വീകരണം ഈവിധമായിരിക്കേ, ഗലീ ലേയാക്കാരായ മററു യേശുഭക്തകൾ ശവകുടീരത്തെ സമീപിക്കു യായിരുന്നു. മേരീദ്വാന്ദ്വാത്തെയും സലോമിയെയും പോലെ അവ രും ദിവ്യരക്ഷകൻെറ ശരീരത്തെ പരിമള തൈലങ്ങൾകൊണ്ടു അഭിഷേകം ചെയ്യുന്നതിനായിരുന്നു പുറപ്പെട്ടതു്. അവരുടെ കൂ ട്ടത്തിൽ ഹെറോദേസ്സ് അന്തിപ്പാസ്സിൻെറ അരമനയിലെ ഒരു ഉ

യന്ന ഉദ്യോഗസ്ഥനായ ഛൂസായുടെ ഭാര്യ ജോവാനായും ഉണ്ടാ യിരുന്നു.

കല്ലറ തുറന്നു കിടക്കുന്നതു കണ്ടപ്പോൾ അവർ ശീഘ്ര ഗതിയായി നടന്നു. അതിനുള്ളിൽ കടന്നു നോക്കിയപ്പോഴാണു രക്ഷകൻെറ ജഡം അവിടെ ഇല്ലെന്ന് അവക്കു മനസ്സിലായ തു്. അവർ ഭയവൈവശ്യത്താൽ സ്തബ്ധരായി നിന്നപ്പോൾ വി രാജമാനമായ വസ്ത്രങ്ങളാൽ പരിവേഷ്ടിതരായ രണ്ടു ദൈവദൂ തന്മാർ പെട്ടെന്ന് അവിടെ പ്രത്യക്ഷരായി. ഈ ആഭാസുര ന്മാരുടെ അതിദീപ്രമായ പ്രതാപമഹിമകൾ കണ്ടു് അവരു ടെ നയനങ്ങൾ അടഞ്ഞുപോയി.

"ജീവിച്ചിരിക്കുന്ന ആളിനെ ചരമം പ്രാപിച്ചവരുടെ ഇ ടയിൽ നിങ്ങൾ എന്തിനു തിരക്കുന്നു? അദ്ദേഹം ഇപ്പോൾ ഇവി ടെ ഇല്ല. അദ്ദേഹം ഉയിർത്തെഴുന്നേററിരിക്കുന്നു! അദ്ദേഹം ഗ ലീലേയായിൽവച്ചു നിങ്ങളോടു പറഞ്ഞതിനെ ഓർമ്മിക്കുവിൻ: 'മനുഷ്യപുത്രൻ പാപിഷ്ഠന്മാരുടെ കരങ്ങളിൽ ഏൽപ്പിക്കപ്പെടു കയും, കുരിശിന്മേൽ വധിക്കപ്പെടുകയും, മൂന്നാം ദിവസം പുന രുത്ഥാനം ചെയ്യുകയും ചെയ്യണം."

ഇതു കേട്ടമാത്രയിൽ അപ്പോസ്തലന്മാരെയും ശിഷ്യന്മാ രെയും വിവരം അറിയിക്കുന്നതിനായി അവർ ധൃതിയിൽ മടങ്ങി പ്പോയി. അവർ പോകുന്ന വഴിക്കു ഉദ്യാനവീഥിയിൽവച്ചു യേ ശു അവക്കു പ്രത്യക്ഷനായി.

"മംഗളം ഭവിക്കട്ടെ!" എന്നു് അദ്ദേഹം പറഞ്ഞു.

അവർ ഭയവിഹ്വലരായി അടുത്തുചെന്നു, അദ്ദേഹത്തി ൻെറ പാദങ്ങളെ ചുംബിക്കുകയും അദ്ദേഹത്തെ ആരാധിക്കുക യും ചെയ്തു.

രക്ഷകൻ തുടൎന്നു പറഞ്ഞു:- "ഭയപ്പെടരുതു്. നിങ്ങൾ പോയി എൻെറ ശിഷ്യഗണത്തോടു ഗലീലേയായിലേക്കു പോ കാൻ പറയണം; അവർ എന്നെ കാണാൻ പോകുന്നതു് അവി ടെവച്ചാണു്."

തങ്ങൾ പുനരുത്ഥിതനായ യേശുവിനെ കണ്ടുവെന്നും അദ്ദേഹത്തിൻെറ ശരീരത്തെ തൊട്ടുവെന്നും, ഈ പുണ്യവതിക ൾ അപ്പോസ്തലന്മാരോടു പ്രസ്താവിച്ചു. എന്നാൽ അവരുടെ വ ചനങ്ങളെ മഗ്ദലേനായുടേതിനേക്കാൾ കൂടുതൽ വിശ്വാസ യോഗ്യമായി അവർ ഗണിച്ചില്ല. അവർ പറയുന്നതെല്ലാം വെ

മും ഭ്രാന്തായിട്ട് അവൎക്കു തോന്നുകയാൽ വിശ്വസിക്കാൻ നിവൃത്തിയില്ലെന്ന് അവർ ശഠിച്ചു.

യേശുവിന്റെ വൈരികൾക്ക് അവരുടെ വിദ്വേഷം,ഈ ശിഷ്യന്മാൎക്കുള്ളതിനേക്കാൾ കൂടുതൽ സൂക്ഷ്മദൎശനശക്തിയെ പ്രദാനംചെയ്തു. നടന്ന സംഭവത്തെപ്പററി കാവൽഭടന്മാരിൽനിന്ന് അറിവു കിട്ടുകയാൽ മഹാപുരോഹിതന്മാർ ഇസ്രായേലിലെ പ്രമാണികളുടെ ഒരു യോഗം വിളിച്ചുകൂട്ടി, ഈ അഭിനവാത്ഭുതത്തിൽ ജനസാമാന്യത്തിന്റെ വിശ്വാസപ്രാചുര്യത്തെ നിരോധിക്കുന്നതിനു വേണ്ട ഉപായങ്ങളെപ്പററി ആലോചിച്ചു. പ്രശസ്തമായ ഒരു കഥകെട്ടിച്ചമയ്ക്കുന്നതിന് അവൎക്കു സമയമുണ്ടായിരുന്നില്ല. കുറെ പണം ശേഖരിച്ചു, ഭടന്മാൎക്കു കൈക്കൂലികൊടുത്ത് അവരോടു ഇപ്രകാരം ചട്ടംകെട്ടി അവർ തൃപ്തിയടഞ്ഞു:—

"നിങ്ങൾ രാത്രി ഉറങ്ങിക്കിടന്നപ്പോൾ അവന്റെ ശിഷ്യന്മാർ ശരീരത്തെ മോഷ്ടിച്ചുകൊണ്ടുപോയി എന്നു നിങ്ങൾ സാക്ഷിപറയണം; ഗവർണർ അതിനെപ്പററി അറിയാനിടയാകുന്നുവെങ്കിൽ അദ്ദേഹത്തെ ഞങ്ങൾ അനുനയിച്ചു നിങ്ങളെ രക്ഷിച്ചുകൊള്ളാം."

ഭടന്മാർ പണം വാങ്ങിക്കൊണ്ട് അവരോട് ആജ്ഞാപിച്ചതുപോലെ പ്രവൎത്തിച്ചു; അവരുടെ കൃത്രിമകഥ കണ്ണാകണ്ണികിയായ യഹൂദന്മാരുടെ ഇടയിൽ പരന്നു എന്നു മാത്രമല്ല, ഇന്നും അവർ അതിനെ വിശ്വസിക്കുന്നു.

## II

ശിഷ്യന്മാർ എമ്മാവുസ്സിലേക്കു പോകുന്ന വഴിക്കു യേശുവിനെ കാണുന്നു— യേശു അവരോടുകൂടി ഭക്ഷണം കഴിക്കുന്നു.

(ലൂക്ക് xxiv, 13-43; മാൎക്ക് xv,- 12-14; ജോൺ xx, 19-29.)

നേരം ഉച്ചതിരിഞ്ഞു. പീററിനെയും ജോണിനെയും ഒഴിച്ചാൽ ശിഷ്യന്മാരിൽ ആരുംതന്നെ തങ്ങളുടെ ഗുരുനാഥന്റെ പുനരുത്ഥാനത്തിൽ ഇനിയും വിശ്വസിച്ചിട്ടില്ല. സായാഹ്നമായപ്പോൾ അവരിൽ രണ്ടുപേർ പട്ടണത്തിനു വെളിക്കു നടക്കുന്നതിനായി പുറപ്പെട്ടു. അവർ പടിഞ്ഞാറോട്ട് ഉദ്ദേശം മൂന്നുമൈൽ അകലെയുള്ള എമ്മാവുസ്സ് എന്ന ഗ്രാമത്തിലേക്കു പോകുന്ന വഴിയേ നടന്നു. കുരിശുവധം, കല്ലറയിൽ നടന്ന അതിവിസ്മയ

നീയങ്ങളായ സംഗതികൾ, സ്ത്രീകൾ പരത്തിയ കിംവദന്തികൾ ഇവയായിരുന്ന അവരുടെ ഗൗരവാവഹമായ സംഭാഷണവിഷയം. ഇത്തരം സംഭാഷണത്തിൽ മുഴുകി അവർ നടന്നപ്പോൾ യേശു അടുത്തുവന്ന, അവരോടൊത്തു നടന്നു; എന്നാൽ "അവക്ക് അദ്ദേഹത്തെ അറിയാൻ സാധിക്കാതിരിക്കത്തക്കവണ്ണം അവരുടെ നേത്രങ്ങൾ ആച്ഛാദിതങ്ങളായിരുന്നു." വന്നുചേന്നതു് ഒരു അപരിചിതനാണെന്നു വിചാരിച്ച് അവർ സംഭാഷണം നിത്തി.

"നിങ്ങൾ എന്തു പറയുകയായിരുന്നു? വഴിയിൽവച്ച് അത്ര ഉൽകണ്ഠിതരായി നിങ്ങൾ വാദപ്രതിവാദം ചെയ്തതു് എന്തിനെപ്പററി ആയിരുന്നു?" എന്നു രക്ഷാനാഥൻ ചോദിച്ചു.

ശിഷ്യന്മാർ അവിടെ നിന്നു, ദുഃഖത്തോടും ശങ്കയോടും കൂടി അദ്ദേഹത്തിൻെറ നേരെ നോക്കി.

"ഹേ! സ്നേഹിതാ! ഈ ദിവസങ്ങളിൽ ഇവിടെ നടന്നിരിക്കുന്ന സംഗതികളെപ്പററി അറിയാത്തവനായി നിങ്ങൾ മാത്രമേയുള്ളോ?" എന്ന് അവരിൽ ക്ലെയോഫാസ്സ് എന്നു പേരുള്ള ഒരുവൻ പ്രതിവദിച്ചു.

"എന്തു സംഗതികൾ?" എന്നു ഭഗവാൻ ചോദിച്ചു.

"എന്തെന്നോ? നസറെത്തിലെ യേശുവിനെ സംബന്ധിച്ച വിശേഷങ്ങൾ," എന്ന് അവർ പ്രതിവചിച്ചു. അനന്തരം ഈ യേശു എന്തുമാതിരി മനുഷ്യൻ— ദൈവത്തിൻെറയും എല്ലാ ജനങ്ങളുടെയും മുമ്പാകെ വാക്കിലും പ്രവൃത്തിയിലും അതിശക്തിമാനായ ഒരു ദീഘദശി— ആയിരുന്നുവെന്നു സ്ഥാപിക്കുന്നതിനു വിസ്മിതരായ അവർ അഹമഹമികയാ ഉദ്യമിച്ചു.

"പുരോഹിതപ്രഭുക്കന്മാരും നമ്മുടെ പ്രമാണികളും അദ്ദേഹത്തെ മരണവിധിക്കായി ഏൽപ്പിച്ചതും, അദ്ദേഹം കുരിശിൽ തറയ്ക്കപ്പെട്ടതും തനിക്ക് അറിഞ്ഞുകൂടെ? അദ്ദേഹം ഇസ്രായലിനെ മോചിപ്പിക്കുമായിരുന്നുവെന്നു ഞങ്ങൾ തീർച്ചയായി വിശ്വസിച്ചിരുന്നു. ഈ സംഗതികൾ നടന്നിട്ട് മൂന്നു ദിവസമായി. ഞങ്ങളുടെ സംഘത്തിലുള്ള ഏതാനും സ്ത്രീകൾ ഞങ്ങളെ ഒട്ടുവളരെ ഭയപ്പെടുത്തിയിരിക്കുന്നുവെന്നതു വാസ്തവം. പുലർച്ചയ്ക്കു മുമ്പു കല്ലറയിൽ ചെന്നപ്പോൾ അവർ അവിടെ അദ്ദേഹത്തിൻെറ ശരീരത്തെ കണ്ടില്ല; അവക്കു മാലാഖാമാരുടെ ദശ്നമുണ്ടായി എന്നും, അദ്ദേഹം ജീവിച്ചിരിക്കുന്നുവെന്നു മാലാഖാമാർ അറിയിച്ചു

എന്നും പറഞ്ഞുകൊണ്ട് അവർ മടങ്ങി വന്നു. ഞങ്ങളുടെ ആളുകളിൽ ചിലർ കല്ലറയിൽ പോവുകയും, സ്ത്രീകൾ പറഞ്ഞതൊക്കെ വാസ്തവം തന്നെയെന്നു കാണുകയുംചെയ്തു; എന്നാൽ അദ്ദേഹത്തെ അവർ കണ്ടില്ല.”

ഇതിൽനിന്നു വ്യക്തമാകുന്നതു് അവർ അപ്പോൾ യേശുവിൽ വിശ്വസിച്ചിരുന്നില്ലെന്നും, മററനേകംപേരെപ്പോലെ അവരുടെ ഇടയിൽ ക്ഷണനേരത്തേക്കു പ്രകാശപ്രസരണം ചെയ്തശേഷം അന്തർദ്ധാനം ചെയ്ത ഒരു ദീർഘദർശിയായി മാത്രമേ അദ്ദേഹത്തെ അവർ പരിഗണിച്ചിരുന്നുള്ളു എന്നുമാണ്. മരിച്ചുപോയ ഒരു നേതാവിൽ നഷ്ടവിശ്വാസരായി, തങ്ങളുടെ സുമധുരങ്ങളായ പ്രത്യാശകളെല്ലാം നിഷ്ഫലങ്ങളായി പരിണമിച്ചുവെന്ന ചിന്തയാൽ പര്യാകുലരായി, അവർ സംഭാഷണത്തിൽനിന്നു വിരമിക്കാൻ ആഗ്രഹിച്ചു.

“ദീർഘദർശികൾ പറഞ്ഞിട്ടുള്ളതിനെ വിശ്വസിക്കുന്നതിന് അശക്തരായ, ഓ, മൂഢരും മന്ദഹൃദയരുമായുള്ളോരെ! ഈ പീഡകളെ അനുഭവിക്കുന്നതും അതുവഴി തൻെറ മഹത്വത്തെ പ്രാപിക്കുന്നതും ക്രിസ്തുവിനു ഉചിതമല്ലയോ?” എന്ന് അവരുടെ സഹാദ്ധ്വനീനൻ ഉദീരണംചെയ്തു.

മോസസ്സുതുടങ്ങി എല്ലാ ദീർഘദർശികളും തന്നെപ്പററി പ്രവചിച്ചിട്ടുണ്ടായിരുന്നതു് അദ്ദേഹം അവർക്കു വിശദമാക്കിക്കൊടുത്തു. മ്ശിഹായുടെ അവതാരത്തെ പ്രദ്യോതിപ്പിക്കുന്ന ഈ ഈശ്വരനിവിഷ്ടങ്ങളായ ദീർഘദർശനവേദാഗമങ്ങളിൽ തൻെറ പീഡാനുഭവത്തിൻെറയും, മരണത്തിൻെറയും, പുനരുത്ഥാനത്തിൻെറയും ലക്ഷണങ്ങൾ എങ്ങനെ അന്തർഭവിച്ചിരിക്കുന്നുവെന്ന് അവർക്കു സമ്യക്കായി തെളിയിച്ചുകൊടുക്കുന്നതിന് അദ്ദേഹത്തിന് ഒട്ടും പ്രയാസമുണ്ടായിരുന്നില്ല. എന്നാൽ ആ പരിശുദ്ധ ഗ്രന്ഥങ്ങൾക്കു ദിവ്യാധരങ്ങളാൽ വ്യാഖ്യാനിക്കപ്പെട്ടാൽതന്നെയും, സ്വയമേ എന്തു സാധിക്കും? വിശ്വാസജ്യോതിസ്സിൻെറ പ്രാരംഭകിരണങ്ങളാൽ നമ്മുടെ നയനങ്ങളെ പ്രകാശിപ്പിക്കാൻ മാത്രം അവയ്ക്കു കഴിയും; ആത്മാവു പ്രബുദ്ധവും ജ്ഞാനസംപുഷ്ടവുമാകണമെങ്കിൽ അതു ദിവ്യപ്രസാദത്താൽ അഭിഗ്രസ്തമാകണം.

ഈ പഥികത്രയം എമ്മാവൂസ്സ് എന്ന ഗ്രാമത്തിൽ എത്തി. യേശു യാത്രതുടരാൻ ഭാവിച്ചു. എന്നാൽ ശിഷ്യന്മാർ സ

ത്യത്തെപ്പററി അത്രത്തോളം കേട്ടതുമൂലമുള്ള ഉത്സാഹപ്രകഷം കൊണ്ടു തങ്ങളോടുകൂടി താമസിക്കുന്നതിനു് അദ്ദേഹത്തെ നിർബന്ധിച്ചു.

"നേരം വൈകി, പകൽ അവസാനിക്കാൻ പോകുന്നു. അതുകൊണ്ടു് അങ്ങു ഞങ്ങളോടുകൂടി താമസിക്കുക" എന്നു് അവർ അപേക്ഷിച്ചു.

അവരുടെ പ്രാർത്ഥനയനുസരിച്ചു യേശു അവരുടെ വിശ്രമസ്ഥലത്തു പ്രവേശിച്ചു. അവിടെ മാന്യസ്ഥാനം അദ്ദേഹത്തിനു നൽകപ്പെട്ടു. എല്ലാവരും ഭക്ഷണത്തിനായി ഇരുന്നപ്പോൾ, അദ്ദേഹം അപ്പം എടുത്തു് ആശിർവ്വദിച്ചു മുറിച്ചു, തൻെറ കൂട്ടുകാർക്കു കൊടുത്തു. അനന്തശക്തിയായ ആ ദിവ്യാചാര്യൻെറ കരങ്ങളിൽ ഭൗമവും മനുഷ്യനിർമ്മിതവുമായ ആ ധാന്യഭോജനം സ്വർഗ്ഗീയാമൃതമായി പരിണമിക്കുകയും, ആ രണ്ടു ശിഷ്യന്മാരുടെയും ഹൃദയങ്ങൾ ദിവ്യവരപ്രസാദത്താൽ ഝടിതി പരിപൂരിതമാവുകയും ചെയ്തു. അവരുടെ നയനങ്ങൾ തുറക്കപ്പെടുകയും, അവർ യേശുവിനെ തിരിച്ചറിയുകയും ചെയ്തു. അദ്ദേഹം ഉടൻ അവിടെനിന്നു തിരോധാനം ചെയ്തുവെങ്കിലും അദ്ദേഹത്തിൻെറ പുനരുത്ഥാനത്തിൽ അവരുടെ വിശ്വാസം അക്ഷയമായിത്തന്നെ നിലനിന്നു.

"അദ്ദേഹം വഴിയിൽവച്ചു നമ്മോടു സംസാരിക്കുകയും, വേദാഗമങ്ങളുടെ അർത്ഥം നമുക്കു വെളിപ്പെടുത്തിത്തരുകയും ചെയ്തപ്പോൾ നമ്മുടെ ഹൃദയങ്ങൾ പ്രോജ്വലിക്കയായിരുന്നുവെന്നുള്ളതു വാസ്തവമല്ലേ?" എന്നു് അവർ പരസ്പരം ചോദിച്ചു.

അപ്പോൾത്തന്നെ അവർ എഴുന്നേററു, അവിടെ നടന്ന സംഭവത്തെപ്പററി അപ്പോസ്തലന്മാരെ അറിയിക്കുന്നതിനായി, യരുശലേമിലേക്കു മടങ്ങിപ്പോയി.

അപ്പോസ്തലന്മാർ പതിനൊന്നുപേരും അവരുടെ ഭോജനശാലയിൽ സമ്മേളിച്ചിരിക്കുന്നതായി അവർ കണ്ടു. അവർ അതിൽ പ്രവേശിച്ചപ്പോൾ, "ഭഗവാൻ സത്യമായി ഉയിർത്തെഴുന്നേററിരിക്കുന്നു. അദ്ദേഹം ശിമെയോനു പ്രത്യക്ഷപ്പെട്ടിരിക്കുന്നു," എന്ന പ്രഖ്യാപനത്താൽ സ്വീകരിക്കപ്പെട്ടു.

അപ്പോൾ, വഴിമദ്ധ്യേ നടന്ന സംഗതികളും, അവരോടുകൂടി സംഭാഷണം ചെയ്തു യാത്രചെയ്ത ദിവ്യരക്ഷകനെ അവർക്കു മനസ്സിലാക്കാൻ സാധിക്കാതെപോയതും അപ്പവിഭജന

ഷേത്താട്ടക്കുടി അവർ അദ്ദേഹത്തെ തിരിച്ചറിഞ്ഞതും അവരും പ
റഞ്ഞുകേൾപ്പിച്ചു. എന്നാൽ അവരുടെ കഥ സൈമൻപീററി
ന്റേതുപോലെ വിശ്വസിക്കപ്പെട്ടില്ല. അവരോട്ടക്കുടി വഴിയി
ൽ അനുയാത്രചെയ്യുകയും, അവക്ക് അപ്പം ഭാഗിച്ചുകൊടുക്കുകയും
ചെയ്ത പ്രസ്തുത സഞ്ചാരി സൈമനും ആ ഭാഗ്യവതികളായ
സ്ത്രീകളും കണ്ടാരാധിച്ച ആ വിജയശ്രീലാളിതനായ യേശുനാ
ഥൻ ആയിരിക്കാൻ ഇടയില്ല. ഈ പുതിയ തെളിവു സദ്യോജാ
തമായ അവരുടെ വിശ്വാസത്തെ സ്ഥിരീകരിക്കുന്നതിനുപകരം
അവരുടെ ഹൃദയത്തെ അപ്പോഴും ചഞ്ചലിപ്പിച്ചുകൊണ്ടിരുന്ന
സംശയങ്ങളെ വർദ്ധിപ്പിച്ചതേയുള്ളു. അപ്രകാരം അവിശ്വാസ
ത്താലും വിചികിത്സയാലും വ്യാകുലീഭൂതമായ ആ ഭക്ഷണശാല
യിൽ യേശു പെട്ടെന്നു പ്രത്യക്ഷനായി നിലകൊണ്ടു.

"നിങ്ങൾക്കു ശാന്തി ഭവിക്കട്ടെ!" എന്ന് അദ്ദേഹം ആ
ശംസിച്ചു.

അവരുടെ പ്രഥമവികാരം വലുതായ ഭയമായിരുന്നു. എ
ന്നാൽ അവരുടെ ശാരീരനേത്രങ്ങൾക്കു ഗോചരീഭവിച്ചുനില്ക്കുന്ന
തു രക്ഷാനാഥൻതന്നെയാണ്. സുപരിചിതമായിരുന്ന അദ്ദേഹ
ത്തിന്റെ ബാഹ്യപ്രകൃതികൾ, സ്വരം, സഹജമായ അഭിവാദ
നരീതി ഇവയെല്ലാം യാഥാർത്ഥ്യത്തെ അസന്ദിഗ്ദ്ധമാക്കിത്തീ
ർത്തു.

"യഹൂദന്മാരെ ഭയന്നു വാതിലുകൾ അടച്ചിരുന്നുവെങ്കി
ലും അദ്ദേഹത്തിനു യാതൊരു ശബ്ദവും കൂടാതെ എങ്ങനെ അ
കത്തു കടക്കാൻ കഴിഞ്ഞിരിക്കണം? അതു് ഒരു ഭൂതം ആയിരിക്കു
യില്ലേ?" അവരുടെ സംഭ്രമം വർദ്ധിച്ചു.

യേശു അവരെ ധൈര്യപ്പെടുത്തി.

"ഞാനാണ്; ഒട്ടും ഭയപ്പെടേണ്ട! നിങ്ങൾ എന്തുകൊ
ണ്ട് അസ്വസ്ഥരായിരിക്കുകയും, അന്തരംഗത്തിൽ ഈ വിധം യു
ക്തിവാദം ചെയ്യുകയും ചെയ്യുന്നു? എന്റെ കരചരണങ്ങളെ ക
ണ്ടാലും! തീർച്ചയായും ഞാൻ തന്നെയാണ്. ഒരു അരൂപന്,
നിങ്ങൾ എനിക്കുണ്ടെന്നു കാണുന്നതുപോലെയുള്ള മാംസമോ അ
സ്ഥികളോ ഇല്ലെന്ന് എന്നെ തൊട്ടു മനസ്സിലാക്കുവിൻ," എന്ന്
അദ്ദേഹം പറഞ്ഞു.

തന്റെ കുത്തിപ്പിളർക്കപ്പെട്ട കരതലങ്ങളും, പാദങ്ങളും,
വിലാവും അവരെ കാണിച്ചിട്ടു, തന്റെ ദേഹത്തെയും മുറിവുക

ളെയും സ്പശിച്ച് അവയെപ്പററി ധ്യാനിക്കാൻ അവരോട് ആ ജ്ഞാപിച്ചു.

അപ്പോസ്തലന്മാർ ഇപ്പോഴും ഭയവിസ്മയപാരതന്ത്ര്യ ത്താൽ അന്ധാളിച്ചുനിന്നു. അവരിൽ പൂണ്ണമായ വിശ്വാസം ജ നിപ്പിക്കാൻ അവസാനമായി ഒരു അടയാളംകൂടി വേണ്ടി വന്നു.

"നിങ്ങൾക്കു ഭക്ഷണത്തിനായി ഇവിടെ എന്തെങ്കിലുമു ണ്ടോ?" എന്നു യേശു ചോദിച്ചു.

ഒരു തുണ്ടം പൊരിച്ച മീനും കുറെ തേനും മേശപ്പുറത്തു ണ്ടായിരുന്നു. യേശു അതെടുത്തു ഭക്ഷിച്ചു. വിശപ്പു കാരണമല്ല, തൻെറ പുനരുത്ഥിതമായ ശരീരം സ്വാഭാവികസ്ഥിതിയിൽത ന്നെ ഇരിക്കുന്നുവെന്നു കാണിക്കുന്നതിനായിരുന്നു അദ്ദേഹം അപ്ര കാരം ചെയ്തതു്. അനന്തരം അദ്ദേഹം ബാക്കിയുള്ള കഷണങ്ങ ളെ എടുത്തു് അപ്പോസ്തലന്മാക്കു കൊടുത്തു.

സംഭ്രാന്തമായ അവരുടെ മനസ്സിനു സ്വാസ്ഥതയും സമാ ധാനവും പ്രദാനംചെയ്തശേഷം യേശു, കല്ലറയിൽനിന്നു് ഉയി ത്തെഴുന്നേററു വന്ന തന്നെ അവർ പ്രത്യക്ഷമായിക്കണ്ടിട്ടും വി ശ്വസിക്കുന്നതിനു് അവരെ അനുവദിക്കാതിരുന്ന അവരുടെ ഹൃ ദയകാക്കശ്യത്തെ ശാസിച്ചു. എങ്കിലും അദ്ദേഹം ലൗകികമാനസ രായ ഈ മനുഷ്യരുടെമേൽ ഉടൻ അനുകമ്പാർദ്രനാവുകയും, ആ ശ്വാസപ്രദങ്ങളായ പ്രതിശ്രുവങ്ങളാൽ അവരുടെ ധൈര്യവും ഉത്സാഹവും വദ്ധിപ്പിക്കുന്നതിനു ശ്രമിക്കുകയും ചെയ്തു.

"നിങ്ങൾക്ക് എല്ലാവക്കും സമാധാനമുണ്ടാകട്ടെ; എ ൻെറ പിതാവ് എന്നെ അയച്ചതുപോലെ ഞാൻ നിങ്ങളെ അ യക്കുന്നു," എന്നു യേശു വീണ്ടും പറഞ്ഞു.

അനന്തരം തൻെറ ശക്തിയെ താൻ അവരിൽ സംക്രമി പ്പിക്കുന്നുവെന്നതിൻെറ ലക്ഷണമായി അദ്ദേഹം അവരുടെമേൽ നിശ്വസിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു:

"നിങ്ങൾ പരിശുദ്ധാത്മാവിനെ ഉൾക്കൊള്ളുവിൻ, നി ങ്ങൾ പൊറുക്കുന്ന പാപങ്ങൾ പൊറുക്കപ്പെടും; നിങ്ങൾ പൊ റുക്കാത്തവ പൊറുക്കപ്പെടുകയില്ല."

ഇതിനെക്കാൾ ഉൽകൃഷ്ടതരമായ ഒരു അധികാരം മനു ഷ്യനു് ഒരിക്കലും സമ്പ്രദത്തമായിട്ടില്ല; എന്തെന്നാൽ ഈ വചന ങ്ങളാൽ യേശു കുമ്പസാരം (പാപപരിഹാരകമ്മം) എന്ന

ദൈവാനുഗ്രഹസ്രോതസ്സിനെ സ്ഥാപിക്കുകയും നിത്യസമ്മാനശിക്ഷകളെ വിധിക്കുന്നതിനുള്ള അധികാരം—മോക്ഷവാതിലുകളെ തുറക്കുന്നതിനും അടയ്ക്കുന്നതിനുമുള്ള അവകാശം—മനുഷ്യനു നൽകുകയും ചെയ്തു.

അപ്പോസ്തലന്മാരിൽ ഒരാളായ തോമസ്സ്, യേശു ഭോജനശാലയിൽ പ്രത്യക്ഷനായ സന്ദർഭത്തിൽ, അവിടെ ഉണ്ടായിരുന്നില്ല. അയാളുടെ മനസ്സു മററുള്ളവരുടേതിനെക്കാൾ സംശയോൻമുഖമായിരുന്നു; അതിനാൽ അവർ സന്തോഷഭരിതരായി, "ഞങ്ങൾ ക്രിസ്തുഭഗവാനെ കണ്ടിരിക്കുന്നു," എന്ന ഉദ്ഘോഷത്താൽ അയാളെ അഭിവാദ്യം ചെയ്തപ്പോൾ അയാൾ ഇപ്രകാരം സമാധാനം പറഞ്ഞു:

"അദ്ദേഹത്തിൻെറ കൈകളിലെ ആണികളുടെ അടയാളം ഞാൻ കാണുകയും, ആണികളുടെ ക്ഷതത്തിൽ എൻെറ വിരൽ പതിക്കുകയും, അദ്ദേഹത്തിൻെറ വിലാവിൽ എൻെറ കൈ വയ്ക്കുകയും ചെയ്താലല്ലാതെ ഞാൻ വിശ്വസിക്കുകയില്ല."

തോമസ്സ് എളുപ്പം വിശ്വസിക്കുന്നവനായിരുന്നില്ലെങ്കിലും തൻെറ ഗുരുനാഥനോടു ഗാഢമായ ഭക്തിയും, സതീർത്ഥ്യരോടു നിർവ്യാജമായ സ്നേഹവും ഉള്ളവനായിരുന്നു. രക്ഷാനാഥൻെറ മരണത്തിൽ അയാൾ അപ്പോഴും ദുഃഖനിമഗ്നനായിരുന്നു; കൂട്ടുകാരുടെ പുനരാഗതമായ വിശ്വാസോന്മേഷങ്ങൾ അയാൾക്കുണ്ടാകുന്നില്ലല്ലോ എന്ന് അയാൾ വ്യസനിച്ചു. എട്ടു ദിവസം കഴിഞ്ഞ് അയാളെ വീണ്ടും നാം അവരുടെ സംഘത്തിൽ കാണുന്നു. അപ്പോഴും അയാൾ വിശ്വാസഹീനനും വ്യസനാക്രാന്തനുമായിത്തന്നെയിരിക്കുന്നു.

ആ സന്ദർഭത്തിൽ മുമ്പിലത്തെപ്പോലെതന്നെ ആ മുറിയുടെ വാതിലുകൾ ഭദ്രമായി അടയ്ക്കപ്പെട്ടിരുന്നുവെങ്കിലും യേശു ശിഷ്യന്മാരുടെ ഇടയിൽ വന്നുനിന്നു.

"നിങ്ങൾക്കു സമാധാനം ഉണ്ടായിരിക്കട്ടെ!" എന്ന് അദ്ദേഹം ആശീർവദിച്ചു. അനന്തരം തോമസ്സിനോടായി അദ്ദേഹം പറഞ്ഞു:

"നിൻെറ വിരൽ ഇങ്ങോട്ടു നീട്ടുക; എൻെറ കൈകൾ കാണുക; നിൻെറ കൈ ഇവിടെ എത്തിച്ച്, അത് എൻെറ വിലാവിൽ വയ്ക്കുക; വിശ്വാസശൂന്യനായിരിക്കരുതു, വിശ്വാസമുള്ളവനായിരിക്കുക."

"എൻെറ നാഥാ, എൻെറ ദൈവമേ," എന്ന് ആ അപ്പോസ്തലൻ സന്തോഷോദ്ഘോഷം ചെയ്തു.

രക്ഷാനാഥൻെറ മുറിവുകളെ സ്പർശിക്കണമെന്ന് അയാൾ ഇപ്പോൾ ആവശ്യപ്പെട്ടില്ല. അദ്ദേഹത്തിൻെറ പാദങ്ങളിൽ സാഷ്ടാംഗംവീണ് അദ്ദേഹത്തെ ആരാധിക്കുകയും ക്ഷമായാചനം ചെയ്യുകയും ചെയ്തു.

ഈ സാവധാനമായ വിശ്വാസത്തെ, തന്നെ കാണാതെ തന്നിൽ വിശ്വസിക്കുന്ന അനവധി ആത്മാക്കളുടെ മഹാസൌഭാഗ്യത്തോടും യോഗ്യതയോടും അദ്ദേഹം ഇപ്രകാരം താരതമ്യപ്പെടുത്തി.

"തോമസ്സ്, നീ എന്നെ കണ്ടിട്ടുള്ളതുകൊണ്ടു വിശ്വസിച്ചു; കാണാതെ വിശ്വസിക്കുന്നവർ അനുഗൃഹീതരാകുന്നു."

# അദ്ധ്യായം ൧൭.

## നാല്പതു ദിവസങ്ങൾ.

### 1.

### യേശു ഗലീലേയായിൽവച്ചു ശിഷ്യന്മാൎക്കു പ്രത്യക്ഷനാകുന്നു.

(ജോൺ xxi 1-24; മാത്യു xxviii 16-20; മാൎക്ക് xvi 15-28.)

പെസഹാകാലം അവസാനിച്ചപ്പോൾ ക്രിസ്തുവിൻെറ ശിഷ്യന്മാർ ഗലീലേയായിലുള്ള അവരുടെ വീടുകളിലേക്കു മടങ്ങി യാത്രയായി. അവൎക്കു മുമ്പായി ഭഗവാൻ ആ ദേശത്തേക്കു പോകുമെന്നും, അവരെ കാണുമെന്നും മരണത്തിനു മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ദൈവദൂതന്മാരും പുനരുത്ഥിതനായ യേശുവും ആ പ്രതിജ്ഞയെ ആവൎത്തിച്ചിരുന്നു. അതിനാൽ പ്രത്യേക ഉദ്ദേശ്യത്തോടുകൂടി ക്രിസ്തുവിനാൽ തിരഞ്ഞെടുക്കപ്പെട്ട ആ നാട്ടിലേക്ക് അവരെല്ലാവരും ദ്രുതഗതിയായി പോയി. തൻെറ സാന്നിധ്യം അവിടത്തേക്കു മാററിയതുകൊണ്ടു സൻമ്പ

ഢ്രീൻസഭക്കാരുടെ ഉപദ്രവത്തിൽനിന്ന് ഒരുവിധം ഒഴിയുന്നതിന് അദ്ദേഹത്തിനു സാധിച്ചു. അവിടെ അദ്ദേഹം യഥായോഗ്യം പ്രത്യക്ഷനാകുന്നതു യരുശലേമിലെപ്പോലെ ആപൽകരമായിരിക്കയില്ല. വിശുദ്ധനഗരത്തിൽ അദ്ദേഹത്തിൻെറ ജാഗരൂകരായ ശത്രുക്കൾ നവജാതമായ തിരുസ്സഭയെ, അതിൻെറ നാഥൻെറ വിജയത്തെ അതു പ്രഖ്യാപനം ചെയ്താൽ, ഉടൻ നിശ്ശേഷം നശിപ്പിക്കുന്നതിനു സന്നദ്ധരായിരുന്നു.

അപ്പോസ്തലന്മാരായിരുന്ന ഭഗവാൻെറ അഭീഷ്ടത്തെ അദ്ധ്യമായി അനുസരിച്ചതു്. ഏറെത്താമസിയാതെ അവരിൽ ഏഴുപേർ ജനാസറെത്തു തടാകത്തിൻെറ തിരത്തു സമ്മേളിക്കുന്നതിനു സംഗതിയായി. "സൈമൻപീററും, ഡിഡിമസ്സ് എന്നു വിളിക്കപ്പെടുന്ന തോമസ്സും, ഗലീലേയായിൽ കാനായിലെ നഥാനിയിലും, സെബിദിയുടെ രണ്ടു പുത്രന്മാരും അവിടെയുണ്ടായിരുന്നു." മററു ശിഷ്യന്മാരുടെ പേരുകൾ പ്രസ്താവിക്കപ്പെടുന്നില്ല; എന്നാൽ ഒന്നു പീററിൻെറ സഹോദരനായ അൻഡ്രൂവും, മറേറതു് അവരുടെ സ്വദേശിയും അൻഡ്രൂവിൻെറ കൂട്ടുകാരനുമായ ഫിലിപ്പുമായിരിക്കുമെന്നു നാം അനുമാനിക്കുന്നതു് അസംഗതമായിപ്പോകയില്ല.

അപ്പോസ്തലസംഘത്തിൻെറ പൊതുമുതൽ യൂദാസ്സിനോടുകൂടി നഷ്ടമായിപ്പോയി. അവക്ക് ഇപ്പോൾ നിത്യച്ചിലവിനു യാതൊന്നുമുണ്ടായിരുന്നില്ല. ആ ദുരവസ്ഥയിൽ പീററർ അവൻെറ വള്ളവും വലയും കണ്ടു.

"ഞാൻ മീൻപിടിത്തത്തിനു പോകുന്നു," എന്ന് അയാൾ പറഞ്ഞു.

"ഞങ്ങളും നിന്നോടുകൂടി വരുന്നു," എന്ന് ഉടൻ എല്ലാവരും ഒത്തുചേന്നു പറഞ്ഞു.

അപ്പോൾ സന്ധ്യയായിരുന്നു; അതു മീൻ പിടിക്കുന്നതിന് ഏററവും നല്ല സമയമാണല്ലോ. അവർ വള്ളം തള്ളിവിട്ടു, വളരെ നേരം തുഴഞ്ഞു; ആ കായലിൽ മീൻപിടിക്കാൻ സൗകയ്യമുള്ള ഭാഗങ്ങൾ അവക്കു സുപരിചിതമായിരുന്നു. എന്നാൽ അവരുടെ പ്രയത്നങ്ങൾ ഒട്ടും ഫലിച്ചില്ല: ആ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും അവക്ക് ഒന്നും കിട്ടിയില്ല. നേരം വെളുത്തു; അവർ കരയിൽനിന്ന് അധികം അകലെയല്ലാതെ മന്ദംമന്ദം തുഴ

ഞ്ഞുകൊണ്ടിരുന്നു; അപ്പോൾ ഒരു മനുഷ്യൻ തിരത്തു നില്ക്കുന്നതായി അവർ കണ്ടു.

അതു യേശു ആയിരുന്നു; അവർ അദ്ദേഹത്തെ ഇപ്പോഴും തിരിച്ചറിഞ്ഞില്ല.

"കുഞ്ഞുങ്ങളെ, നിങ്ങൾക്കു തിന്നാൻ എന്തെങ്കിലും ഉണ്ടോ?" എന്ന് അദ്ദേഹം ചോദിച്ചു.

"ഇല്ല," എന്ന് അവർ ഉത്തരം പറഞ്ഞു.

"വല വള്ളത്തിൻെറ വലത്തുവശത്തു വീശുക; അപ്പോൾ നിങ്ങൾക്കു മീൻ കിട്ടും," എന്ന് അദ്ദേഹം പറഞ്ഞു.

ഈ വാക്കുകളുടെ പ്രശാന്തമായ അധികാരസ്വരം അപ്പോസ്തലന്മാരെ വിസ്മയിപ്പിച്ചു. ഈ കായലിൽവച്ച് ഇതേ സമയത്ത് ഇതുപോലെതന്നെ ഒരു രാത്രിമുഴുവനുമുള്ള നിഷ്ഫലമായ അത്യദ്ധ്വാനശേഷം ഏതാദൃശമായ ഒരു മഹാത്ഭുതം ഉണ്ടായതിൻെറ അനുസ്മരണ അവരുടെ മനസ്സിൽ പെട്ടെന്ന് ഉദിച്ചു. ഉത്തരക്ഷണത്തിൽ അവർ, അദ്ദേഹം പറഞ്ഞതുപോലെ, വലവീശി; അതു തിരിയെ വലിച്ചുകയററുന്നതിന് അവക്കു പ്രയാസമായിരുന്നു. ഈ അടയാളം കണ്ടപ്പോൾ യേശുവിൻെറ പ്രിയതമനായ ശിഷ്യൻ പീററിനോട് പറഞ്ഞു:

"അതു രക്ഷാനാഥനാണ്."

അതു ഭഗവാനാണെന്നറിഞ്ഞപ്പോൾ സൈമൻപീററർ വേലസമയത്തു മാററിയിട്ടിരുന്ന മേലങ്കി എടുത്തു ചുററിക്കെട്ടി, തൻെറ ഗുരുവിൻെറ അടുക്കൽ ശീഘ്രതരമായി എത്തുന്നതിനായി കായലിൽ എടുത്തുചാടി. മററുശിഷ്യന്മാർ വള്ളത്തിൽ തന്നെ വലയും വലിച്ചുകൊണ്ടു പീററിനെ തുടന്നു കരയിലേക്കു തിരിച്ചു. കരയ്ക്കു നൂറുവാര അകലമുണ്ടായിരുന്നു.

അവർ കരയ്ക്കിറങ്ങിയപ്പോൾ തന്നെ ഒരു തിക്കുണ്ഡവും അതിൽ ഒരു മീൻ കിടക്കുന്നതും കണ്ടു.

"നിങ്ങൾ പിടിച്ച മീനിൽ കുറെ ഇങ്ങു കൊണ്ടുവരുവിൻ," എന്നു യേശു അവരോടു പറഞ്ഞു.

സൈമൻപീററർ വീണ്ടും വള്ളത്തിൽ കയറി വല വലിച്ചേററി; അതിൽ നൂററിയമ്പത്തിമൂന്നു വലിയ മീനുണ്ടായിരുന്നു; അത്രയധികം മീനുണ്ടായിരുന്നുവെങ്കിലും വല പൊട്ടിയില്ല!

അനന്തരം യേശു പറഞ്ഞു: "വന്നു ഭക്ഷിക്കുവിൻ!"

ശിഷ്യന്മാർ തീയുടെ ചുററും ഇരുന്നു; അപ്പോൾ ഗുരുനാഥൻ മുമ്പോട്ടു കടന്നു, അപ്പവും മീനും എടുത്തു് അവർക്കെല്ലാവൎക്കും വീതിച്ചു കൊടുത്തു.

മുമ്പു വളരെനേരം പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തശേഷം അദ്ദേഹം അവരെമാത്രം പ്രത്യേകം ഒരു സ്ഥലത്തു വിളിച്ചുകൊണ്ടുപോയി, തൻെറ പരസ്യപ്രഭാഷണങ്ങളുടെ അന്തരമായ സാരം പറഞ്ഞു മനസ്സിലാക്കിക്കൊടുക്കാറുണ്ടായിരുന്നുവല്ലോ; ഇപ്പോൾ അവർ തങ്ങളുടെ ഗുരുനാഥൻെറ അടുക്കൽ ഇരിക്കുന്നതു് അതുപോലെയുള്ള ഒരു സ്ഥലത്തും സന്ദർഭത്തിലും ആണെന്നു് അവൎക്കു തോന്നി. എന്നാൽ ഇപ്പോൾ അവൎക്കു മുമ്പിലത്തെപ്പോലെ പെരുമാററത്തിൽ സ്വാതന്ത്ര്യവും സ്വൈരതയും ഉണ്ടാവാൻ പാടില്ല; എന്തെന്നാൽ, "അദ്ദേഹം ഐഹലൌകികനല്ല," എന്നു് ഇപ്പോൾ പൂർവാധികമായ യാഥാർത്ഥ്യത്തോടു പറയാൻ അദ്ദേഹത്തിനു കഴിയും. ഈ വിചാരവും പുനരുത്ഥിതനായ രക്ഷാനാഥൻെറ ദർശനവും അവരെ അന്ധാളിപ്പിച്ചു; അതിനാൽ ഈ പ്രഭാതഭക്ഷണം നിശ്ശബ്ദതയിൽ കഴിഞ്ഞുകൂടി.

ഭക്ഷണം കഴിഞ്ഞയുടനെ യേശു പീററിൻെറ നേരെ തിരിഞ്ഞു് ഇങ്ങനെ പറഞ്ഞു:

"യോനാസ്സിൻെറ മകനായ സൈമൻ, ഇവരെക്കാൾ കൂടുതലായി നീ എന്നെ സ്നേഹിക്കുന്നോ?"

"ഇവരെക്കാൾ കൂടുതലായി?" 'എല്ലാവരും അങ്ങേ ഉപേക്ഷിച്ചാലും ഞാൻ ഉപേക്ഷിക്കുകയില്ല!' എന്നു വമ്പു പറഞ്ഞ ആ അപ്പോസ്തലനു് എത്ര മർമ്മഭേദകമായ പരിഹാസമാണു് ഇതു്!

സൈമനു് അതു മനസ്സിലായി; യേശുവിൻെറ ദൃഷ്ടിയിൽ അയാൾ ഇപ്പോൾ വെറും യോനാസ്സിൻെറ മകൻ മാത്രമായതുപോലെ തോന്നി. 'പീററർ', ആ പേരിൽ അന്തർഭൂതമായിരുന്ന ദാർഢ്യവും തിരോധാനം ചെയ്തിരിക്കുന്നു. ഈ വിചാരത്താൽ അയാൾ സവ്യസനം തലതാഴ്ത്തി:

"സ്വാമിൻ, അങ്ങേ ഞാൻ സ്നേഹിക്കുന്നുവെന്നു് അങ്ങു് അറിയുന്നു," എന്നു് അയാൾ എളിമയോടെ പറഞ്ഞു.

"എൻെറ ആട്ടിൻകുട്ടികളെ തീററുക," എന്നായിരുന്നു യേശുവിൻെറ മറുപടി. ഇതിനാൽ ആത്മാക്കളുടെ ഇടയൻ എന്ന നിലയിൽ പീററിനെ അദ്ദേഹം സ്ഥിരപ്പെടുത്തി.

ഇത്ര സമുന്നതമായ അധികാരസമവാപ്തിക്ക് അതിനനു ഗുണമായ യോഗ്യത ഉണ്ടായിരിക്കണമെന്നുള്ളതുകൊണ്ടു പീററ റിൻെറ ഹൃദയഗാഢതയെ ഒന്നുകൂടി യേശു പരിശോധിച്ചു.

"യോനാസ്സിൻെറ മകനായ സൈമൻ, നീ എന്നെ സ്നേ ഹിക്കുന്നോ?" എന്ന് അദ്ദേഹം വീണ്ടും ചോദിച്ചു.

ഇപ്രാവശ്യം അദ്ദേഹം തൻെറ അപ്പോസ്തലനെ മററു ള്ളവരോടു താരതമ്യപ്പെടുത്തുകയോ, അയാളുടെ അധഃപതന ത്തെ സൂചിപ്പിക്കുകയോ ചെയ്തില്ല. പീററർ ഒരിക്കൽകൂടി ശി രസ്സിനെ വിനയപൂർവ്വം നമിച്ചു:

"സ്വാമിൻ, ഞാൻ അങ്ങേ സ്നേഹിക്കുന്നുവെന്ന് അങ്ങ് അറിയുന്നു," എന്ന മറുപടി അയാൾ ആവർത്തിച്ചു.

പരീക്ഷിക്കുംതോറും കൂടുതൽ കൂടുതലായി വെളിവാകുന്ന പീറററിൻെറ വിനയത്തെ സമ്മാനിക്കാനെന്നോണം യേശു ഒ രിക്കൽ കൂടി ഇപ്രകാരം പറഞ്ഞു:

"എൻെറ ചെറിയ ആടുകളെ സൂക്ഷിക്കുക." ഇതിനാൽ ആട്ടിൻകുട്ടികളെ മാത്രമല്ല, കുറേക്കൂടി വളൎന്ന ആടുകളെയും അ ദ്ദേഹം പീറററിൻെറ സംരക്ഷണത്തിൽ ഏൾപ്പിച്ചു; മേലാൽ അ യാൾ അവയെയും മേയ്ക്കുകയും നയിക്കുകയും എല്ലാ ആപത്തുക ളിൽനിന്നും രക്ഷിക്കുകയും വേണം.

പീററർ മ്ശിഹായെ മൂന്നു തവണ നിഷേധിച്ചു പറഞ്ഞ തിനുള്ള പരിഹാരം പൂർണ്ണമാകണമെങ്കിൽ അയാളുടെ സ്നേഹ ത്തെയും മൂന്നുപ്രാവശ്യം പ്രകാശിപ്പിക്കുന്നതു് ആവശ്യമാണ്.

"യോനാസ്സിൻെറ മകനായ സൈമൻ, നീ എന്നെ സ്നേഹിക്കുന്നോ? എന്നു രക്ഷാനാഥൻ ഒരിക്കൽകൂടി ചോദിച്ചു.

തന്നെ ദൈവമായി ആരാധിക്കുന്നോ എന്നല്ല, നിഷ്കള ങ്കമായും പൂർണ്ണമായും സ്നേഹിക്കുന്നോ എന്നാണ് യേശു അപ്പോൾ അപ്പോസ്തലനോടു ചോദിച്ചതു്.

യേശു വീണ്ടും വീണ്ടും തന്നെ അനുസന്ധാനം ചെയ്യുന്ന തിൽ പീററർ അത്യധികം വ്യസനിച്ചു. എങ്കിലും സ്വശക്തിയി ലുള്ള അഹംകാരപൂർവ്വമായ വിശ്വാസം ആപൽകരമാണെന്നുള്ള പാഠം അവസാനമായി ഗ്രഹിച്ചിട്ട്, സർവ്വജ്ഞനും സർവ്വാന്തര്യാമി യുമായി തൻെറ മുമ്പിൽ നില്ക്കുന്ന ആ മഹാപുരുഷൻെറ നിസ്സീ മമായ കരുണയെ അയാൾ അഭയം പ്രാപിച്ചു.

"സ്വാമിൻ, അങ്ങ് എല്ലാ സംഗതികളെയും അറിയും;

ഞാൻ അങ്ങേ സ്നേഹിക്കുന്നുവെന്ന് അങ്ങ് അറിയുന്നു," എന്ന് അയാൾ നിലവിളിച്ചു.

യോനാസ്സിൻെറ മകൻെറ വിനയം നിസ്സംശയമാംവണ്ണം തെളിയിക്കപ്പെടുകയും, അയാളുടെ സ്നേഹം ഈശ്വരൻെറ അത്യുൽകൃഷ്ടമായ വരദാനങ്ങൾക്കു യോഗ്യമായി ഗണിക്കപ്പെടുകയും ചെയ്തു. അതിനാൽ അടുത്ത പ്രവചനംകൊണ്ടു യേശു അയാളെ അനന്തകാലത്തേക്കും സൎവ്വലോകത്തിൻെറയും പ്രമാദരഹിതനായ ഉപാദ്ധ്യായനായും, അപ്പീലില്ലാത്ത വിധികൎത്താവായും, ക്രൈസ്തവസഭയുടെ പരമാധികാരിയായും പ്രതിഷ്ഠിച്ചു.

"എൻെറ ആടുകളെ തീറ്റുക," എന്നു യേശു പറയുന്നു; ആട്ടിൻകുട്ടികളെ മാത്രമല്ല, പിന്നെയോ, ആട്ടിൻകുട്ടികളേയും ആടുകളേയും— തള്ളയാടുകളേയും അവയുടെ കുട്ടികളേയും—ഭരണീയജനങ്ങളെ സംബന്ധിച്ചിടത്തോളം ഇടയന്മാരെങ്കിലും പീററൎറിൻെറ ദൃഷ്ടിയിൽ ആടുകളായ ആചാൎയ്യന്മാരെയും" ആ അപ്പോസ്തലൻ സൂക്ഷിക്കുകയും, രക്ഷിക്കുകയും വേണം. ഈ ആടുകളും ഈ നാനാജാതിക്കാരുടെയും ആചാൎയ്യന്മാരും സകല സംഗതികളിലും ആ അപ്പോസ്തലസാർവഭൗമനെ അവലംബിക്കണം. അയാളിൽ നിന്നുവേണം അവൎക്കു ഭരണാധികാരവും, മതബോധനവും, ശക്തിയും സിദ്ധിക്കേണ്ടതു്. ചുരുക്കത്തിൽ, ഇതുവരെ അവൎക്കു യേശു നായകനായിരുന്നതുപോലെ മേലാൽ പീററർ ആയിരിക്കും അവരുടെ നായകൻ. ഭാവിയിൽ ബഹുശതവൎഷക്കാലത്തെ വിശ്വാസപാരമ്പൎയ്യത്താൽ സുപ്രതിഷ്ഠിതമാകാനുള്ള 'ക്രിസ്തുവിൻെറ പ്രതിപുരുഷൻ' (the Vicar of Christ)എന്ന മഹനീയാഭിധാനം പീറററിന് ഇപ്പോൾ നൽകപ്പെട്ടു. പക്ഷേ ഈ അധികാരത്തിനു കൊടുക്കേണ്ടിവന്ന നിഷ്ക്രിയ അനന്യസാധാരണമായിരുന്നു; എന്തെന്നാൽ ക്രിസ്തുവിൻെറ പ്രതിഛായയാകുന്നതിന് ഈ അപ്പോസ്തലധീവരൻ തൻെറ ജീവിതത്തിൽ ആ പരമപുരുഷൻെറ പീഡാനുഭവങ്ങളെ പ്രതിഫലിപ്പിക്കേണ്ടതും, കുരിശുമരണം പ്രാപിക്കുന്നതുവരെ തൻെറ മാതൃകയെ പൂൎണ്ണമായി അനുകരിക്കേണ്ടതും ആവശ്യമായിരുന്നു.

"നീ ചെറുപ്പമായിരുന്നപ്പോൾ നീ തന്നെത്താനെ നിൻെറ അര മുറുക്കുകയും, നിനക്ക് ഇഷ്ടമുള്ളേടത്തു നടക്കുകയും ചെയ്തു; എന്നാൽ നീ വൃദ്ധനാകുമ്പോൾ നീ നിൻെറ കൈകൾ നീട്ടുകയും, വേറൊരുവൻ നിൻെറ അരമുറുക്കി നിനക്ക് ഇഷ്ടമി

ല്ലാത്ത സ്ഥലത്തേക്ക നിന്നെ കൊണ്ടുപോവുകയും ചെയ്യുമെന്നു ഞാൻ സത്യമായി നിന്നോടു പറയുന്നു," എന്നുംകൂടി ദിവ്യരക്ഷകൻ പറഞ്ഞു.

ഈ വാക്കുകളാൽ പീററർ 'ദൈവത്തെ വാഴ്ത്തുന്നതിനായി' പ്രാപിക്കേണ്ട ആ വീരമരണത്തെ ക്രിസ്തു സൂചിപ്പിച്ചുവെന്നു വി. ജോൺ പറയുന്നു; അതേ സമയംതന്നെ ആ അപ്പോസ്തലശ്രേഷ്ഠൻെറ ജീവിതത്തെ മുഴുവനും അവ പ്രതിബിംബിപ്പിക്കുന്നു. അയാളുടെ യൗവ്വനത്തിലെ അനിയന്ത്രണീയമായ സ്വഭാവപ്രസരിപ്പ്, എന്തും പ്രവർത്തിക്കുന്നതിനുള്ള സന്നദ്ധത, പ്രതിബന്ധവിദ്വേഷം മുതലായ ഗുണവിശേഷങ്ങളും, വാർദ്ധക്യത്തിലെ പക്വതയും, ഏററവും കഠിനവും ദീർഘിതവുമായ പീഡകളും ദണ്ഡനങ്ങളും സഹിക്കുന്നതിനുള്ള തിതിക്ഷയും, പരിപൂർണ്ണമായ ആത്മത്യാഗവും, അവസാനമായി തൻെറ ദിവ്യഗുരുവിൻെറ ദൃഷ്ടാന്തത്തിനു് അനുരൂപമായ കുരിശുമരണവും അവയിൽ അന്തർഭവിച്ചിരിക്കുന്നു.

ഭഗവാൻ ഉപസംഹാരമായി "എന്നെ പിന്തുടരുക" എന്നു പറഞ്ഞു. ഈ വാക്കുകളിൽ ക്രിസ്തുവിൻെറ ജീവിതത്തോട് അനുരൂപ്യമുള്ള പീറററിൻെറ ജീവിതം മുഴുവനും സംക്ഷിപ്തമായിരിക്കുന്നു.

അനന്തരം അദ്ദേഹം എഴുന്നേററു്, അപ്പോസ്തലന്മാരുടെ കൂട്ടത്തിൽനിന്നു പിൻവലിഞ്ഞു. പിന്നാലെ ചെല്ലുന്നതിനാണു യേശു ആജ്ഞാപിച്ചതെന്നു ധരിച്ചു, പീററർ അദ്ദേഹത്തിൻെറ പുറകെ നടന്നു. ക്രിസ്തുവിൻെറ പ്രിയതമനായ ശിഷ്യനും അവരെ അനുഗമിച്ചു.

പീററർ തിരിഞ്ഞുനോക്കിയപ്പോൾ അയാളെ കണ്ടു.

"സ്വാമിൻ, അപ്പോൾ ഇവൻെറ കാര്യം എങ്ങനെ?" എന്നു പീററർ ചോദിച്ചു.

"ഞാൻ വരുന്നതുവരെ അവൻ ഇവിടെത്തന്നെ നില്ക്കുന്നതു് എനിക്കിഷ്ടമാണെങ്കിൽ അതുകൊണ്ടു നിനക്കെന്തു്? നീ എന്നെ പിന്തുടരുന്നോ?" എന്നായിരുന്നു രക്ഷനാഥൻെറ മറുപടി.

ഈ അവസാനവചനങ്ങൾ ആദിമക്രിസ്ത്യാനികൾക്കു ദുർഗ്രഹമായിരുന്നു. രസാവഹങ്ങളായ പല തെററിദ്ധാരണകൾക്കും മൂഢവിശ്വാസങ്ങൾക്കും അതു് ഇടയാക്കി; യേശുവിൻെറ പ്രിയതമനായ ശിഷ്യൻ ഒരിക്കലും മരിക്കുകയില്ലെന്നുള്ള പ്രസ്താ

വം നാടെങ്ങും പരന്നു. ഈ മൗഢ്യത്തിനു ജനസാമാന്യത്തിന്റെ ഇടയിൽ പ്രചുരപ്രചാരം സിദ്ധിച്ചിരിക്കുന്നതു കണ്ടു്, ജോൺ വാൎദ്ധക്യകാലത്തു സുവിശേഷത്തിന്റെ അവസാനവാക്യം എഴുതിയപ്പോൾ, "അവൻ മരിക്കുകയില്ല" എന്നു ക്രിസ്തു പറഞ്ഞുവെന്നതിനെ പ്രതിഷേധിക്കുകയും, "ഞാൻ വരുന്നതുവരെ അവൻ ഇവിടെത്തന്നെ നില്ക്കുന്നതു് എനിക്കു മനസ്സാണെങ്കിൽ അതുകൊണ്ടു് നിനക്കെന്തു്?" എന്നാണു് അദ്ദേഹത്തിന്റെ വാക്കുകളെന്നു രേഖപ്പെടുത്തുകയും ചെയ്തു. എന്നാൽ മരണസമയത്തും ജനങ്ങളുടെ തെററിദ്ധാരണയെ തിരുത്തുന്നതിനുള്ള അപ്പോസ്തലന്റെ ഈ ശ്രമം നിഷ്ഫലമായതേയുള്ളൂ. അയാളുടെ ശവകുടീരം കണ്ടിട്ടും അവരുടെ അബദ്ധം ശരിപ്പെട്ടില്ല.

"ജോൺ അദ്ദേഹത്തിന്റെ കല്ലറയിൽ ഉറങ്ങുന്നതേയുള്ളു; അവിടെ അദ്ദേഹം രക്ഷകന്റെവരവിനെ കാക്കുന്നു; അദ്ദേഹത്തിന്റെ കല്ലറയ്ക്കു മുകളിൽ ചുഴന്നുകൊണ്ടിരിക്കുന്ന പാംസുപടലങ്ങൾ, ഒരു ചൈതന്യപ്രവാഹം അദ്ദേഹത്തിന്റെ ശരീരാവശിഷ്ടങ്ങളെ സദാ സചേതനമാക്കിക്കൊണ്ടിരിക്കുന്നുവെന്നുള്ളതിനു, സാക്ഷ്യം വഹിക്കുന്നു" എന്നു് അവർ പറഞ്ഞു.

രക്ഷാനാഥനു് ഇനി ലോകത്തു സാധിക്കാനുണ്ടായിരുന്നതു് തന്റെ ശിഷ്യന്മാരുടെ എല്ലാവരുടെയും സമ്മേളനത്തിൽ താൻ പ്രത്യക്ഷനാകുമെന്നുള്ള തന്റെ പ്രതിശ്രുവത്തിന്റെ നിൎവ്വഹണം മാത്രമായിരുന്നു. ക്രൈസ്തവലോകത്തിന്റെ ഇദംപ്രഥമമായ ഈ മഹായോഗം കൂടുന്നതിനു് അദ്ദേഹം ഒരു ഉന്നതതടം നിൎദ്ദേശിച്ചിട്ടുണ്ടായിരുന്നു; ഇവിടെ പതിനൊന്നു അപ്പോസ്തലന്മാർ മാത്രമല്ല, യരൂശലേമിലും, യൂദയായിലും, ഗലീലേയായിലും ഉള്ള എല്ലാ ക്രിസ്തുമതാനുയായികളും വന്നുകൂടിയിരുന്നു; എന്തെന്നാൽ എല്ലാവൎക്കുമായിട്ടായിരുന്നു ദിവ്യഗുരുവിന്റെ ഈ സന്ദേശം നല്കപ്പെട്ടതു്:— "അവർ എന്നെ കാണാൻ പോകുന്നതു് അവിടെ വച്ചാണു്, എന്നു് എന്റെ സഹോദരങ്ങളോടു പറയുക.„ (മാത്യു xxviii. 20.)

അവിടെ അഞ്ഞൂറിൽപരം ജനങ്ങൾ സമ്മേളിച്ചിരുന്നുവെന്നു വി. പൌലോസ്സു സാക്ഷിക്കുന്നു.

യേശു പ്രത്യക്ഷനായപ്പോൾ അപ്പോസ്തലന്മാർ അദ്ദേഹത്തിന്റെ മുമ്പാകെ പ്രണാമം ചെയ്തു; എന്നാൽ ആ ഭക്തസംഘം സംശയസംരംഭത്താൽ ചഞ്ചലിതമായിരുന്നു; "ചിലർ സംശയി

ച്ച." അവരെ ആ സ്ഥലത്തേക്ക ക്ഷണിച്ചതു് ഒരു സ്വൎഗ്ഗീയശബ്ദമായിരുന്നിട്ടും, അപ്പോസ്തലന്മാർ ആ ദിവ്യഗുരുവിനെ നമസ്കരിക്കുന്നതു് അവർ കണ്ടിട്ടും, പുനരുത്ഥിതനായ ക്രിസ്തുവിൻെറ ദശ്നംമൂലം ഉളവായ ഹൃദയാസ്വാസ്ഥ്യത്തിനു ശമനമുണ്ടായില്ല. സശരീരനായ ദൈവത്തെ പരിപൂൎണ്ണമനുഷ്യത്വത്തോടെ കണ്ടിട്ടും അവർ സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ തയാറില്ലാതെ മൂകീഭൂതരായി നിന്നുപോയി.

യേശു ഉൽകണ്ഠാവിവശമായ ഈ അജഗണത്തിൻെറ അടുക്കലേക്ക വന്നു.

അദ്ദേഹം പറഞ്ഞു:—"സ്വൎഗ്ഗത്തും ഭൂമിയിലുമുള്ള സകല അധികാരവും എനിക്ക ദത്തമായിട്ടുണ്ടു്. അതുകൊണ്ടു നിങ്ങൾ പോയി എല്ലാ ജാതികളേയും പഠിപ്പിക്കുകയും, പിതാവിൻെറയും, സുതൻെറയും, പരിശുദ്ധാത്മാവിൻെറയും നാമത്തിൽ അവൎക്ക ജ്ഞാനസ്നാനം നൽകുകയും ചെയ്യുവിൻ. ഞാൻ നിങ്ങളോടു് അനുശാസിച്ചിട്ടുള്ള എല്ലാ കാൎയ്യങ്ങളെയും അനുഷ്ഠിക്കുന്നതിനു് അവരെ പഠിപ്പിക്കുവിൻ; ഇതാ, എല്ലാ സമയവും, കല്പാന്തകാലം വരെയ്ക്കും, ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും".

സുവാൎത്തകളുടെ വാഹകന്മാരായി അദ്ദേഹം അവരെ നിയോഗിച്ചതു മനുഷ്യരുടെ അടുക്കലേക്ക മാത്രമല്ല, പിന്നെയോ, "എല്ലാ സൃഷ്ടികളുടെയും അടുക്കലേക്കു്;" (മാൎക്ക xvi, 15 18;) എന്തുകൊണ്ടെന്നാൽ, "സൃഷ്ടി മുഴുവനും," ആദാമിൻെറ കൂടെ അധഃപതിച്ചിട്ടു്, "ഒരുമിച്ചു വിലപിക്കുകയും, വേദനയാൽ കഷ്ടപ്പെടുകയും ചെയ്യുന്നു." താൻ സൃഷ്ടിച്ച യാതൊന്നിനെയും യേശു മറന്നുപോയിരുന്നില്ല; കുരിശുമാൎഗ്ഗേണ സമ്പാദിതമായ പരിരക്ഷയ്ക്കു സകല സൃഷ്ടികളെയും അദ്ദേഹം അവകാശികളാക്കുകയും, തൻെറ കൃപാപൂൎണ്ണമായ കരങ്ങളാൽ അവയ്ക്കെല്ലാററിനും അദ്ദേഹം ശാന്തിയും ശരണവും പ്രദാനം ചെയ്യുകയുംചെയ്തു. ഈ ലോകനവീകരണം സുവിശേഷപ്രചരണത്താൽ എങ്ങനെ നിൎവ്വഹിക്കപ്പെടുന്നുവെന്നു— 'യേശുവിൻെറ നാമശ്രവണമാത്രയിൽ പിശാചുക്കൾ പലായനം ചെയ്യുന്നതും, സൎപ്പങ്ങളും വിഷവും അപ്പോസ്തലന്മാൎക്ക ദോഷം ചെയ്വാൻ അശക്തങ്ങളായിത്തീരുന്നതും, അവരുടെ കരസ്പൎശത്താൽ സകല രോഗങ്ങൾക്കും പൂൎണ്ണശമനമുണ്ടാകുന്നതും,— വി. മാൎക്ക വിവരിക്കുന്നു.

"ലോകത്തെല്ലായിടത്തും പോയി സന്തോഷവാൎത്തയെപ്പ

ററി പ്രസംഗിക്കുവിൻ. വിശ്വസിച്ചു ജ്ഞാനസ്നാനം സ്വീകരിക്കുന്നവൻ രക്ഷിക്കപ്പെടും; എന്നാൽ വിശ്വസിക്കാത്തവൻ ശിക്ഷയ്ക്കു വിധിക്കപ്പെടും. വിശ്വസിക്കുന്നവക്കുണ്ടായിരിക്കുന്ന ലക്ഷണങ്ങളെ കാണുവിൻ; അവർ എൻെറ നാമത്തിൽ പിശാചുക്കളെ ഒഴിക്കും; അവർ പുതിയഭാഷകൾ സംസാരിക്കും; അവർ സപ്പങ്ങളെ, വിഷഭയം കൂടാതെ, പിടിച്ചെടുക്കും. അവർ മരണകരമായ എന്തെങ്കിലും കുടിച്ചാൽ അതു് ഒരു വിധത്തിലും അവക്കു ദോഷം ചെയ്യുകയില്ല; അവർ രോഗികളുടെ മേൽ കൈ വയ്ക്കും; അപ്പോൾ രോഗികൾ സുഖം പ്രാപിക്കും."

ഈ ദിവസങ്ങളിൽ യേശു നൽകിയ ദശ്നങ്ങളിൽ ഒന്നുമാത്രമായിരുന്നു ഇതു്. "രക്ഷാനാഥൻെറ സഹോദരനായ" ജേംസ്സിനു് അദ്ദേഹം ഒരിക്കൽ പ്രത്യക്ഷനായി എന്നു നാം അറിയുന്നു. നിർഭാഗ്യവശാൽ ആ സംഭവത്തിൻെറ സ്മരണ ഒരു വികൃതമായ രൂപത്തെ അവലംബിക്കുകയും, "നസ്രാണികളുടെ സുവിശേഷത്തിൽ"നിന്നു വി. ജെറോം ഉദ്ധരിക്കുന്ന ഈ കഥയ്ക്കു കാരണമാവുകയും ചെയ്തു:

"യരൂശലമിലെ ഒന്നാമത്തെ മെത്രാനായ ജേംസ്സ്, ചരമം പ്രാപിച്ചവരുടെ ഇടയിൽനിന്നു പുനരുത്ഥിതനായ യേശുവിനെ താൻ കാണുന്നതുവരെ, ഒന്നും തിന്നുകയോ കുടിക്കുകയോ ചെയ്യുകയില്ലെന്നു് അന്തിമഭോജനത്തിനുശേഷം ശപഥം ചെയ്തു. പുനരുത്ഥാനദിവസം കാലത്തു് ആഹാരം നിരത്തിയിരുന്ന ഒരു മേശ അയാളുടെ മുമ്പാകെ പ്രത്യക്ഷമായി; അപ്പോൾ ദിവ്യരക്ഷകൻ അപ്പം അശീവ്വദിച്ചു്, ഇങ്ങനെ പറഞ്ഞുകൊണ്ടു ജേംസ്സിനു കൊടുത്തു: "എൻെറ സഹോദരാ, ഇപ്പോൾ ഈ അപ്പം തിന്നുക; എന്തെന്നാൽ മനുഷ്യപുത്രൻ മരിച്ചവരുടെ ഇടയിൽനിന്നു് ഉയിത്തെഴുന്നേററിരിക്കുന്നു."

## II.

## സ്വഗ്ഗാരോഹണം.

(നടവടികൾ 1, 3–12; ലൂക്ക് xxiv, 44–53; മാക്ക് xiv, 19–20.)

പുനരുത്ഥാനശേഷം നാല്പതുദിവസം കഴിഞ്ഞു; യേശുവിനു ഭൂലോകം വിട്ടുപോകേണ്ട സമയമായി. അപ്പോഴേക്കു് അ

പ്പോസ്തലന്മാർ യറൂശലമിലേക്ക വീണ്ടും വന്നു. അവൎക്ക ഗുരുനാഥനിൽനിന്നു മുന്നറിവു കിട്ടിയിരിക്കാം. പക്ഷെ, പെന്തക്കോസ്തു പെരുനാളായിരിക്കാം അവരെ അവിടത്തേക്ക് ആകൎഷിച്ചത്. അവരെ എല്ലാവരെയും ഭഗവാൻ ഒരിക്കൽക്കൂടി ഒരു സ്ഥലത്തു—മിക്കവാറും ആ പരിപൂതമായ ഭോജനശാലയിലായിരിക്കണം—വിളിച്ചുകൂട്ടി. ദിവ്യകാരുണ്യസ്ഥാപനത്താൽ പരിപാവനമാക്കപ്പെട്ടിരുന്ന ആ ശാലയിലെ അഗ്രാസനത്തിൽ രക്ഷാനാഥൻ അവസാനമായി ഉപവേശിച്ചു; "അവരുമായി ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ, യറൂശലേം വിട്ടുപോകാതെ പിതാവിൻെറ പ്രതിജ്ഞാനത്തെ പ്രതീക്ഷിച്ചിരിക്കണമെന്ന് അവരോട്ട് അദ്ദേഹം ആജ്ഞാപിച്ചു."

അദ്ദേഹം പറയുന്നു: "എന്നിൽനിന്ന് നിങ്ങൾ കേട്ട ആ പ്രതിജ്ഞതന്നെ അതു; എന്തെന്നാൽ യോഹന്നാൻ വെള്ളംകൊണ്ടു ജ്ഞാനസ്നാനം നൽകി. എന്നാൽ ഏറെ ദിവസങ്ങൾ കഴിയുന്നതിനുമുമ്പു പരിശുദ്ധാത്മാവിനെക്കൊണ്ടുള്ള ജ്ഞാനസ്നാനം നിങ്ങൾക്ക സിദ്ധിക്കും."

"ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരുന്നപ്പോൾ പറഞ്ഞിട്ടുള്ളതിൻെറ നിൎവ്വഹണം നോക്കുക! എന്നാൽ എന്നെ സംബന്ധിച്ചു മോസസ്സിൻെറ നിയമത്തിലോ, ദീൎഘദൎശനങ്ങളിലോ, സങ്കീൎത്തനങ്ങളിലോ എഴുതപ്പെട്ടിട്ടുള്ള എല്ലാ സംഗതികളും നിൎവ്വഹിക്കപ്പെടണം" എന്ന് അദ്ദേഹം വീണ്ടും പറഞ്ഞു. ഈ സംഭാഷണത്താൽ വേദാൎത്ഥഗ്രഹണത്തിനായി അദ്ദേഹം അവരുടെ ഹൃദയങ്ങളെ തുറന്നു. അനന്തരം അദ്ദേഹം പറഞ്ഞു:—

"നോക്കുക! ഇപ്രകാരം എഴുതിയിരിക്കുന്നു: ക്രിസ്തു പീഡ അനുഭവിക്കണമെന്നും, മരിച്ചവരുടെ ഇടയിൽ നിന്നു മൂന്നാം ദിവസം വീണ്ടും ഉയിൎത്തെഴുന്നേൽക്കണമെന്നും, അതിനാൽ പശ്ചാത്താപജന്യമായ പ്രായശ്ചിത്തവും പാപപരിഹാരവും അദ്ദേഹത്തിൻെറ നാമത്തിൽ, യറൂശലേമിൽ തുടങ്ങി, ലോകമൊട്ടുക്ക പ്രസംഗിക്കപ്പെടണമെന്നും ഉള്ളതു് അവശ്യമാണ്. എൻെറ പിതാവു നിങ്ങൾക്ക പ്രതിജ്ഞചെയ്തിട്ടുള്ള ആ വരം ഞാൻ നിങ്ങൾക്ക് അയച്ചുതരും; എന്നാൽ നിങ്ങൾക്ക് ഉയരെനിന്നു ശക്തി സിദ്ധിക്കുന്നതുവരെ നിങ്ങൾ പട്ടണത്തിൽതന്നെ താമസിക്കുക."

അനന്തരം യേശു എഴുന്നേററു ഒലിവസ്സ്മലയിലേക്ക

നടന്നു. ലൗകികസൌഭാഗ്യത്തെയും പ്രതാപമഹിമകളേയും പററി പൂർവ്വാധികം ആകർഷകങ്ങളായ വ്യാമോഹങ്ങളാൽ പരിഗ്രസ്തരായി അപ്പോസ്തലന്മാർ പിന്നാലെ ചെന്നു്; പുനരുത്ഥിതനായ രക്ഷാനാഥന്റെ ദർശനം അവരുടെ അതീതകാലത്തെ പ്രത്യാശകളെയെല്ലാം പുനരുജ്ജ്വലിപ്പിച്ചു. ചിരപ്രതീക്ഷിതമായ ക്രിസ്തുവിന്റെ വിജയത്തിനുള്ള സമയം സമാഗതമായിരിക്കുന്നുവെന്നു് അവർ വിചാരിച്ചു. കുറേക്കൂടി അടുത്തുചെന്നു് അവർ ഇപ്രകാരം ചോദിച്ചു:

"ഗുരോ, അങ്ങ് ഇപ്പോൾതന്നെ ഇസ്രായലിന്റെ രാജത്വം പുനഃസ്ഥാപിക്കുമോ?"

ഒരിക്കൽക്കൂടി—അവസാനമായി—രക്ഷാനാഥൻ തന്റെ ശിഷ്യഗണത്തിന്റെ വൻമോഹങ്ങളെ അമർത്തുകയും, സുവാർത്തകളെ ലോകമെങ്ങും പ്രചരിപ്പിക്കുന്നതിനു വേണ്ട ശക്തി അവൎക്കു നൽകുന്നതിനായുള്ള പരിശുദ്ധാത്മാവിന്റെ വരവിനെ കാത്തിരിക്കുന്നതിനു് അദ്ദേഹം മുമ്പു നൽകിയ ആ ശാസനയെ ആവർത്തിക്കുകയും ചെയ്തു.

"പിതാവു തന്റെ അധികാരത്തിനുള്ളിലടക്കിയിരിക്കുന്ന കാലങ്ങളെയും നിമിഷങ്ങളെയും നിങ്ങൾ അറിയേണ്ടതില്ല; എന്നാൽ നിങ്ങളിൽ നിവേശിക്കാൻ പോകുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയെ നിങ്ങൾ സ്വീകരിക്കുകയും, യറൂശലേമിലും, യൂദയാ ഒട്ടുക്കും, സമേരിയായിലും, ഭൂമിയിലെ ഏററവും ദൂരസ്ഥമായ ഭാഗങ്ങളിൽപോലും നിങ്ങൾ എന്റെ സാക്ഷികളായിരിക്കുകയും ചെയ്യും," എന്നു് അദ്ദേഹം അവരോടു പറഞ്ഞു.

യഹൂദരുടെ ദൃഷ്ടിയിൽ മദ്യപാനാസക്തിയുടെയും പരമാന്ധതയുടെയും ദംഭത്തിന്റെയും വിളനിലമായ സമേരിയായിൽപോലും, അജ്ഞാനാന്ധകാരത്തിൽ നിമഗ്നമായിരിക്കുന്ന ഭൂലോകം മുഴുവനും യേശുവിന്റെ സാമ്റാജ്യം വ്യാപിക്കണം. അപ്പോൾ ദിവ്യഗുരുനാഥനോടു സംഭാഷണം ചെയ്യാനുള്ള സമയമല്ല അതെന്നു് അപ്പോസ്തലന്മാർക്കു മനസ്സിലായി; അതുകൊണ്ടു് അവർ നിശ്ശബ്ദരായി നടന്നു.

യറൂശലേമിന്റെയും ബഥനിയുടെയും നടുവിലുള്ള ഒരു കുന്നിന്റെമുകളിൽ അവർ എത്തി. അവിടെ യേശു നിശ്ചലനായി നിന്നു; അപ്പോസ്തലന്മാരെ ആശീർവദിക്കുന്നതിനു് അദ്ദേഹം കൈകളുയർത്തി. അപ്പോൾ കണ്ടാലും! ആശീർവദിച്ചുകൊണ്ടു

നിൽക്കവേ അദ്ദേഹം പർവതാഗ്രങ്ങളുടെ ഉപരിഭാഗത്തേക്ക് ഉദ്ധൃതനായി. ഒരു മേഘപടലം അദ്ദേഹത്തെ അവരുടെ ദൃഷ്ടിയിൽനിന്ന മറസ്സുകയും, അദ്ദേഹം നീലവൎണ്ണമായ നഭോമണ്ഡലത്തിൻെറ അനന്തതയിൽ അന്തർദ്ധാനം ചെയ്യുകയും ചെയ്തു.

ശിഷ്യന്മാർ അവിടെ സന്തോഷവിസ്മയപാരവശ്യത്താൽ അന്ധാളിച്ചു നിന്നുപോയി. അപ്പോൾ പെട്ടെന്ന് അതിധവളവും ചേതോഹരവുമായ വസ്ത്രങ്ങൾ ധരിച്ചു, മനുഷ്യരൂപാവലംബികളായ രണ്ടു മാലാഖാമാർ അവരുടെ സമീപത്തു വന്നു നിന്നു.

അവർ പറഞ്ഞു: “ഗലീലേയാദേശികളായ മനുഷ്യരെ, ആകാശത്തിലോട്ടു തുറിച്ചുനോക്കിക്കൊണ്ടു നിങ്ങൾ ഇനിയും ഇവിടെത്തന്നെ നിൽക്കുന്നതെന്തിന്? സ്വൎഗ്ഗാരോഹണം ചെയ്യുന്നതിനായി നിങ്ങളെ വേർപെട്ടുപോയ ഈ യേശു അങ്ങോട്ടു കയറിപ്പോയതായി നിങ്ങൾ കണ്ടതുപോലെ ഇറങ്ങിവരികയും ചെയ്യും.”

“ഞാൻ നിങ്ങളെ അനാഥരായി ഉപേക്ഷിക്കുകയില്ല; നിങ്ങളെ എന്നോടുകൂടി കൊണ്ടുപോകുന്നതിനായി താമസിയാതെ മടങ്ങിവരും,” എന്ന രക്ഷനാഥൻെറ പ്രതിജ്ഞയെ ഈ ആഭാസ്വരന്മാരുടെ വചനങ്ങൾ അവരെ അനുസ്മരിപ്പിച്ചു. “അനന്തരം അദ്ദേഹത്തെ ആരാധിച്ചിട്ട് അവർ ആനന്ദഭരിതരായി യരൂശലേമിലേക്ക മടങ്ങിപ്പോയി; അവർ ഇടവിടാതെ ദേവാലയത്തിൽ ദൈവത്തെ സ്തുതിച്ചും വാഴ്ത്തിയും ഇരുന്നു.”

ശുഭം.

# ശ്രീയേശുക്രിസ്തു.

## അഭിപ്രായങ്ങൾ.

**The Most Rev. Dr. Angel Mary Perez Cicilia, D. C.,**
**Archbishop of Verapoly.**

*Archbishop's House,*
*Ernakulam, 14th June 1928.*

Dear Mr. John,

It has been very kind of you to present me with a copy of Volume I of the Life of Jesus Christ by the Abbe' Constant Fouard which you are translating into Malayalam, and I thank you very sincerely for it.

I hope the Catholics of Malabar will all greatly appreciate your work and will be very grateful to you for your undertaking that will enable them to read in their language the beautiful life of Our Lord and Saviour Jesus Christ written in French by the Abbe' Fouard.

Yours is a work of love indeed. I bless you and your work with all my heart, and warmly recommend your book to all the Catholics of Malabar.

Wishing you success in finishing your publication and hoping the book will be welcome in all the Catholic homes of Malabar.

I am,
Yours sincerely in Our Lord,
† **A. M. Perez Cicilia,**
Archbishop of Verapoly.

തര്ജ്ജിമ.

മെത്രാപ്പോലീത്തൻ മന്ദിരം,
എറണാകുളം, ജൂൺ 14, 1928.

പ്രിയപ്പെട്ട മി. ജോൺ,

നിങ്ങൾ മലയാളത്തിലേക്ക തർജ്ജിമചെയ്യുന്ന ആബെ കോൺസ്റ്റൻറ് ഫൌവാർഡിൻെറ ക്രിസ്തുചരിതം ഒന്നാംഭാഗത്തിൻെറ ഒരു പ്രതി

എനിക്കു സദയം അയച്ചുതന്നതിനു ഞാൻ വളരെ നിർവ്യാജമായി നന്ദി പറയുന്നു.

കേരളത്തിലെ കത്തോലിക്കർ എല്ലാവരും നിങ്ങളുടെ കൃതിയെ സമാദരിക്കുമെന്നും ആബെ ഫുവാർഡ് ഫ്റെഞ്ചു ഭാഷയിൽ എഴുതിയ നമ്മുടെ നാഥനും രക്ഷകനുമായ യേശുക്രിസ്തുവിൻെറ മനോഹരമായ ജീവചരിത്രം സ്വഭാഷയിൽ വായിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്ന നിങ്ങളുടെ ഉദ്യമത്തിനു നിങ്ങളോടു വളരെ കൃതജ്ഞതയുള്ളവരായിരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

നിങ്ങളുടേതു് ഒരു സ്നേഹപരമായ പ്രവൃത്തിതന്നെയാണ്. നിങ്ങളെയും നിങ്ങളുടെ ഉദ്യമത്തെയും ഞാൻ പൂൎണ്ണഹൃദയത്തോടു് അനുഗ്രഹിക്കുകയും കേരളത്തിലെ സകല കത്തോലിക്കരോടും നിങ്ങളുടെ പുസ്തകം വായിക്കുന്നതിനായി ഹാർദ്ദമായി ശുപാൎശ ചെയ്യുകയും ചെയ്യുന്നു.

നിങ്ങളുടെ പ്രസിദ്ധീകരണം പൂൎത്തിയാകുന്നതിൽ നിങ്ങൾക്കു വിജയം ആശംസിക്കുകയും പുസ്തകം കേരളത്തിലെ എല്ലാ കത്തോലിക്കഭവനങ്ങളിലും സ്വീകരിക്കപ്പെടുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

† ഏഞ്ചൽമേരി പീരിസ്സ്സെസീലിയാ,
വരാപ്പുഴ മെത്രാപ്പോലീത്താ.

## എർണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു:—

“. . . മാൎഗ്ഗവും സത്യവും ജീവനുമായ നമ്മുടെ കൎത്താവിനെ കേരളമൊട്ടുക്കു് സുവിദിതനാക്കുന്നതിനായുള്ള നിങ്ങളുടെ ശ്രേഷ്ഠമായ പരിശ്രമത്തിൽ അത്യന്തം സന്തോഷിക്കുന്നു. . . . . നിങ്ങളെയും നിങ്ങളുടെ പുസ്തകത്തെയും ആശീർവദിക്കുന്നു. . . .”

## കൊല്ലം മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു:—

“ശ്രീയേശുക്രിസ്തു”വെന്ന പുസ്തകം വളരെ ഗുണം ചെയ്യുമെന്നു എനിക്കു വിശ്വാസമുണ്ടു്; അതു് എല്ലാവരും വായിക്കണമെന്നു ഞാൻ ഹൃദയപൂൎവ്വം ശുപാൎശ ചെയ്യുന്നു.”

## തൃശ്ശൂർ മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു്:—

“യേശുക്രിസ്തു” എന്ന നിങ്ങളുടെ പുസ്തകം ഉപയോഗസൌകൎയ്യമുള്ളതും ഏതഭിരുചിയെത്തെ സംമ്പാദിച്ചു് പരിപൂൎണ്ണവുമായിരിക്കും. നിങ്ങൾ ഇപ്പോൾ എനിക്കു അയച്ചിരിക്കുന്ന ഒന്നാംഭാഗത്തിൽ ഒരു ജീവചരിത്രത്തിൻെറ പാരായണം ഹൃദയംഗമവും രസകരവും ആകുന്ന സ്ഥ

ലങ്ങളെയും മററു സാഹചര്യങ്ങളെയും പററിയുള്ള വൎണ്ണനകൾ ധാരാളമുണ്ട്. നിങ്ങളെയും നിങ്ങളുടെ പുസ്തകത്തെയും ആശീർവദിക്കുന്നു."

## കോട്ടയം മെത്രാനച്ചൻ തിരുമനസ്സുകൊണ്ട്:—

"... പുസ്തകത്തെപ്പററി സന്തോഷിക്കുന്നു.... നിങ്ങളെയും നിങ്ങളുടെ പുസ്തകത്തെയും ആശീർവദിക്കുന്നു."

## അഡ്മിനിസ്ത്രേററർ അപ്പസ്തോലിക്ക തിരുമനസ്സുകൊണ്ട്, ചങ്ങനാശേരി:—

........ പല യൂറോപ്യൻഭാഷകളിലും പണ്ടേ തന്നെ വിവൎത്തനം ചെയ്യപ്പെട്ടിട്ടുള്ളതും സുപ്രസിദ്ധവുമായ ആബോ ഫ വാർഡിന്റെ ഗ്രന്ഥത്തെ നിങ്ങൾ മലയാളഭാഷയിലേക്ക പരിഭാഷപ്പെടുത്തിയിരിക്കുന്നതു ഉചിതവും ശ്ലാഘനീയവുമായ ഒരു പ്രവൃത്തിയാകുന്നു. ലോകൈകരക്ഷകനായ ഈശോമ്ശിഹായുടെ ജീവചരിത്രപാരായണം പാശ്ചാത്യഭാഷാനഭിജ്ഞന്മാരായ കേരളീയജനങ്ങൾക്ക സുലഭമാക്കിത്തീർത്തതിൽ നിങ്ങളെ ഞാൻ ഹൃദയപൂൎവ്വം അഭിനന്ദിക്കുകയും മൂലകൃതിയുടെ ഇതരഭാഗങ്ങൾ നിങ്ങൾ അചിരേണ പ്രസിദ്ധപ്പെടുത്തി കാണ്മാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

## മഹാകവി ഉള്ളൂർ, എസ്സ്. പരമേശ്വരയ്യർ അവർകൾ.

"I have now finished reading your book on Jesus Christ. Let me heartily congratulate you on your valuable literary production which is sure to be appreciated by the reading public of Kerala, to whom it is bound to be a perennial source of inspiration."

തൎജ്ജിമ.

യേശുക്രിസ്തുവിനെപ്പററിയുള്ള നിങ്ങളുടെ പുസ്തകം ഞാൻ ഇപ്പോൾ വായിച്ചു തീൎന്നു. ഗ്രന്ഥപാരായണപരായണരായ കേരളീയരുടെ അഭിനന്ദനത്തിനു പാത്രീഭവിക്കാമെന്നു തീർച്ചയുള്ള നിങ്ങളുടെ വിലയേറിയ സാഹിത്യകൃതിക്കായി നിങ്ങളെ ഞാൻ ഹാർദ്ദമായി അഭിനന്ദിച്ചുകൊള്ളട്ടെ; അവൎക്ക് അതു് അക്ഷയമായ ഒരു ചിന്താമണിതന്നെയായിരിക്കുമെന്നുള്ളതിനു സംശയമില്ല.

## മഹാകവി വള്ളത്തോൾ:—

നിങ്ങളുടെ "ശ്രീയേശുക്രിസ്തു" എന്ന ഗദ്യപ്രബന്ധത്തിന്റെ ഒന്നാംഭാഗം എന്നെ വളരെ സന്തോഷിപ്പിച്ചു. പുണ്യശ്ലോകനായ യേശുഭഗവാന്റെ പരിശുദ്ധചരിതം കേരളത്തിലെ ഹിന്തുക്കളിൽ മിക്കപേരും വായിച്ചിട്ടില്ലെന്നാണ് എന്റെ പരിചയത്തിൽ എനിക്ക തോന്നിയിട്ടുള്ളതു്. ഇതിന്റെ പ്രധാന കാരണം മലയാളബൈബിളിലെ ഭാഷാവൈകല്യമാണെന്നുള്ളതിൽ സംശയമില്ല. നിങ്ങളുടെ ഈ കൃതിയാകട്ടെ, നല്ല ഭാഷയിൽ ലളിതമായി നിമ്മിക്കപ്പെട്ടതാകയാൽ ഹിന്തുക്കൾ ആദരവോടെ കൈക്കൊള്ളുമെന്നും, വായിച്ച് ആ ജഗദ്ഗുരുവിന്റെ ധമ്മശാസനം ഹൃദിസ്ഥമാക്കുമെന്നും ഞാൻ വിശ്വസിക്കുന്നു.

നിങ്ങളുടെ ഈ സദ്യമത്തിന്ന സൗഭാഗ്യം സിദ്ധിക്കുമാറാകട്ടെ.

## കെ. നാരായണക്കുരുക്കൾ ബി. ഏ:—

"....ഈ ഗ്രന്ഥം മലയാളത്തിൽ ഇദംപ്രഥമമായിട്ടുള്ളതും, വിലയേറിയതും ഇതിന്റെ ഭാഷ ലളിതവും, സാധാരണന്മാക്കുപോലും സുഗ്രഹവുമാണ്. ...... ഇങ്ങനെയുള്ള ജീവിതചരിതങ്ങൾ മലയാളസാഹിത്യത്തിൽ ദുർല്ലഭമാണ് ... എല്ലാ മലയാളികളും മലയാളഭാഷ അറിയാവുന്ന ഇതരന്മാരും ഈ പുസ്തകം വായിച്ചു നോക്കേണ്ടതാണ്."

## സീ. അന്തപ്പായി ബി. ഏ:—

"......... പുസ്തകം ദീർഘമല്ലാത്തതും ഊജ്ജസ്വലവുമായ വാക്യങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു. ഭാഷ പ്രായേണ മധുരവും ലളിതവുമാണ്; ഇക്കാലത്തു മലയാളമായി കഴിഞ്ഞുകൂടുന്ന ഒരുതരം സങ്കരഭാഷയല്ലാ......"

## റാവുസാഹിബ്, ഒ. എം. ചെറിയാൻ ബി. ഏ., എൽ. റ്റി. അവർകൾ:-

............ പണ്ഡിതസമ്മിതി സിദ്ധിച്ചിട്ടുള്ള ഈ ഗ്രന്ഥത്തിന്റെ വിഷയവികാസരീതിയെക്കുറിച്ചു ഞാൻ ഒന്നും തന്നെ പറയേണ്ടതായിട്ടില്ല. യാഥാത്ഥ്യത്തെ വിസ്മരിക്കാതെയും ഭാവന നിമിത്തം ആശയങ്ങളെ ഹൃദയംഗമമാക്കിയും കഥാഗതിയെ വളത്തിക്കൊണ്ടുപോകുന്ന ഈ ഗ്രന്ഥം ഭക്തപാരായണത്തിനും സാഹിത്യഗുണാനുഭോഗത്തിനും ഒന്നുപോലെ ഉപയോഗപ്പെടുന്നതാണ്. മി. ജോണിന്റെ രചനാരീതി ശുഭവും ലളിതവും അനുകരണീയവും തന്നെ. സാഹിത്യ

ഗുണമുള്ള ക്രൈസ്തവഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ കുറവാണെന്നുള്ള ന്യൂനതയെ പരിഹരിക്കുന്നതിനു സാരമായി ഉപയോഗപ്പെടുന്ന ഈ പുസ്തകം എല്ലാവരും വായിക്കേണ്ടതാണ്. സമീപകാലത്തിൽ തന്നെ അതിനു വലുതായ പ്രചാരം സിദ്ധിക്കാതിരിക്കയില്ല . . . . . . .

## രാജശ്രീ സി. വി. കുഞ്ഞുരാമൻ അവർകൾ:—

. . . . . . . ഗ്രന്ഥകാരന്റെ അനന്യസാധാരണമായ കഥാകഥനചാതുരിയിൽ ഒരു റോമാൻസ് വായിച്ചാലുണ്ടാകുന്ന രസത്തോടും ഉപരിചരിതം അറിവാൻ ഉൽക്കടമായിത്തീരുന്ന ജിജ്ഞാസയോടുംകൂടി മുമ്പോട്ടു പായുന്ന വായനക്കാരന്റെ മനസ്സ് സാക്ഷാൽ ശ്രീയേശുക്രിസ്തുവിന്റെ സംപൂർണ്ണമനോഹരമായ വിശ്വരൂപത്തിൽ ലയിക്കതന്നെ ചെയ്യുമെന്നുള്ളതിന് എന്റെ സ്വന്തം അനുഭവം സാക്ഷിയാകുന്നു . . . . "വിണ്ണിനു മണ്ണിനോടു"ള്ള ഭഗിനിബന്ധത്തെ അകൃത്രിമമനോഹരമായ വിധം കൂട്ടിയിണക്കിയിരിക്കുന്ന ക്രിസ്തുചരിത്രത്തെപ്പോലെ മനുഷ്യജീവിതത്തെ മണ്ണിൽനിന്നു വിണ്ണിലേക്കു ഉയർത്തുവാൻ ഉപയുക്തമായിത്തീർന്നിട്ടുള്ള മറെറാരു ജീവചരിത്രം ഭൂഗോളസാഹിത്യം മുഴുവനും തിരഞ്ഞാലും കണ്ടുകിട്ടുന്നതല്ല..................................................
സരളമധുരമായ ഭാഷാഗദ്യത്തിൽ നിർമ്മിക്കപ്പെട്ടിരിക്കുന്ന ശ്രീയേശുക്രിസ്തുവിന്റെ ഈ മനോജ്ഞമായ ജീവചരിത്രഗ്രന്ഥം കൈരളിയുടെ ഒരു അമൂല്യസമ്പാദ്യമായിക്കരുതി അക്രൈസ്തവരായ മലയാളഭാഷാഭിമാനികളും ഇതിനെ വേണ്ടപോലെ ആദരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഇതിനെ അവരുടെ സമക്ഷം സസന്തോഷം അവതരിപ്പിച്ചുകൊള്ളുന്നു . . . . . . .

## റവ. ഫാദർ ജേക്കബ് നടുവത്തുശ്ശേരി (സത്യദീപം):—

ലോകരക്ഷകനായ ഈശോമ്ശിഹായുടെ ചരിത്രം പ്രധാനമായി അടങ്ങിയിരിക്കുന്നതു സുവിശേഷഗ്രന്ഥങ്ങളിലാണ്. ആ ഗ്രന്ഥങ്ങളാകട്ടെ, സംഭവങ്ങളുടെ കാലക്രമമനുസരിച്ചും സ്ഥലകാലാദിസാഹചര്യങ്ങളുടെ വിവരണത്തോടുകൂടിയും ഒരു ശരിയായ ജീവചരിത്രത്തിന്റെ രീതിയിൽ എഴുതപ്പെട്ടവയല്ല. ആ രീതിയിൽ എഴുതിയ ഗ്രന്ഥം വായിച്ചെങ്കിൽ മാത്രമെ മ്ശിഹായുടെ ജീവിതം ദൃക്സാക്ഷികളായ അദ്ദേഹത്തിന്റെ ശിഷ്യന്മാർ അനുഭവപ്പെട്ടതുപോലെ, അനന്തരകാലത്തുള്ളവർക്കും അനുഭവപ്പെടുകയുള്ളു. ഭക്തന്മാരും പണ്ഡിതന്മാരുമായ പലേ മഹാന്മാരും അനേകകൊല്ലത്തെ പഠനത്തിന്റെയും പരിശ്രമത്തിന്റെയും ഫലമായി ഏതാദൃശഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. അവയിൽ ഒന്നാണ്, അബ്ബെ ഫുവാർഡ് എന്ന പേരിൽ അറിയപ്പെടുന്ന ഒരു വൈദികൻ ഫ്റഞ്ചുഭാഷയിൽ എഴുതി

യതും പല യൂറോപ്യൻ ഭാഷകളിലേക്കു തർജ്ജമ ചെയ്തിട്ടുള്ളതുമായ "Christ, the Son of God" (ദൈവപുത്രനായ ക്രിസ്തു) എന്ന വിശ്വവിഖ്യാതമായ ഗ്രന്ഥം.

മ്ശിഹായുടെ ജീവചരിത്രത്തിന്റെ നിവൃത്തിയുള്ളടത്തോളം പൂർണ്ണമായ ഒരു ചിത്രം ഈ ഗ്രന്ഥത്തിൽ അടങ്ങിയിട്ടുണ്ട്. ചമൽക്കാരസംപൂർണ്ണവും ജിജ്ഞാസാസംവർദ്ധകവും ഭക്തിപരിപോഷകവുമായ ഒരു ഒന്നാംതരം നോവൽ എന്നപോലെ ആരും അതു വായിക്കുന്നതാണ്. ഇതെഴുതുന്നാൾക്കു, വൈദികവിദ്യാർത്ഥിയായിരുന്ന കാലത്ത് ഈ ഗ്രന്ഥം അനേകപരിവർത്തി വായിക്കാൻ ഭാഗ്യം സിദ്ധിച്ചു. കേരളീയരെല്ലാം അതു വായിച്ച് അതിന്റെ ഗുണമനുഭവിക്കത്തക്കവിധം അതിനെ മലയാളത്തിലേയ്ക്കു ഭാഷാന്തരം ചെയ്തു കണ്ടാൽ കൊള്ളാമെന്നുള്ള അതിയായ മോഹം അക്കാലം മുതൽക്കുണ്ടായിരുന്നു. എന്നാൽ മൂലത്തിന്റെ സ്വാരസ്യം അശേഷം വിടാതെയും സുഗമമായ ഭാഷയിലും അതിനെ വിവർത്തനം ചെയ്യുന്നതു വളരെ ദുഷ്കരമായ കൃത്യമായിട്ടാണ് എപ്പോഴും തോന്നിയിരുന്നതു്. ഭാഷാപണ്ഡിതന്മാർക്കു ആ കൃത്യം സുകരമാണെങ്കിലും അവരിലാരും അതിനെ നിർവ്വഹിക്കുന്നില്ലല്ലോ എന്നു വിചാരിച്ച് അത്യന്തം ദുഃഖിക്കാറുമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ, ഒരു പണ്ഡിതൻ ആ കൃത്യം സ്തുത്യർഹമായവിധം നിർവ്വഹിച്ചുകാണുന്നതിൽ അനിർവ്വചനീയമായ സന്തോഷമുണ്ട്.

അബേ ഫൂവാർഡിന്റെ മേല്പറഞ്ഞ ഗ്രന്ഥം മയ്യനാട്ടു ഏ. ജോൺ ബി. ഏ. അവർകൾ മലയാളത്തിലേയ്ക്കു തർജ്ജമ ചെയ്ത് "ശ്രീയേശുക്രിസ്തു" എന്ന അഭിധാനത്തിൽ പ്രസിദ്ധം ചെയ്തിരിക്കുന്നു. അതിന്റെ ഒന്നാംഭാഗമായി നല്ല കടലാസ്സിൽ വലിയ അക്ഷരത്തിൽ തെളിവായി അടിച്ചതും ൩൱൬ വശങ്ങളുള്ളതുമായ ഒരു പുസ്തകം വെളിപ്പെട്ടു വന്നിട്ടുണ്ട്. മൂലത്തിലെ ആശയങ്ങൾക്കു യാതൊരു ഭേദം കൂടാതെയും അനാവശ്യമായി കഠിനപദങ്ങൾ ഉപയോഗിക്കാതെയും സാധാരണ വായനക്കാർക്കു ഗ്രഹിക്കത്തക്കവിധം ലളിതമായ രീതിയിലും ശുദ്ധമായ ഭാഷയിലുമാണ് തർജ്ജമ ചെയ്തിട്ടുള്ളതെന്നു ഗ്രന്ഥത്തിന്റെ ഏതു ഭാഗം വായിച്ചാലും കാണാവുന്നതാണ്................................................ ഈ പുസ്തകം വായിക്കാൻ തുടങ്ങിയാൽ അവസാനിച്ചല്ലാതെ അതിനെ മാററിവയ്ക്കുകയില്ലെന്നുള്ളതു വായിച്ചുനോക്കിയവരുടെ അനുഭവമാണ്. "എന്റെ നാമം ലോകരുടെ മുമ്പിൽ ഏററു പറയുന്നവനെ ഞാൻ എന്റെ പിതാവിന്റെ മുമ്പിൽ ഏററുപറയും" എന്നു അരുളിച്ചെയ്ത ദിവ്യരക്ഷകൻ, തന്റെ ജീവചരിത്രം കേരളീയർക്കു സുഖമായും ഗുണകരമായും വായിച്ചറിയാൻ സംഗതി വരുത്തിയ മിസ്റ്റർ ജോണിനെ പ്രത്യേകം അനുഗ്രഹിക്കാതിരിക്കയില്ല. "ശ്രീയേശുക്രിസ്തു" എന്ന പുസ്തകം വളരെ ഗുണം ചെയ്യുമെന്നു എനിക്കു വിശ്വാസമുണ്ട്. അതു എല്ലാവരും വായിക്കേണ

മെന്നു ഞാൻ ഹൃദയപൂർവ്വം ശുപാർശ ചെയ്യുന്നു" എന്നുള്ള കൊല്ലം മെത്രാനച്ചൻ തിരുമനസ്സിലെ വിലയേറിയ അഭിപ്രായത്തെ അനുഗമിച്ചു, ഇതിൻെറ ഓരോ പ്രതി ഓരോ കത്തോലിക്കകുടുംബത്തിലും ഉണ്ടായിരിക്കേണ്ടതാണെന്നു ഞങ്ങൾ ശുപാർശ ചെയ്യുന്നു. ഈ ഒന്നാംഭാഗത്തിനു വില രൂപാ ഒന്നര. ഇനിയുള്ള ഭാഗത്തിനും ആ വില തന്നെ. "മാർഗ്ഗവും സത്യവും വഴിയു"മായ തൻെറ ദിവ്യരക്ഷകൻെറ ജീവചരിത്രം നിത്യം വായിക്കുന്നതിന് ഏററവും കടപ്പെട്ട ഒരു ക്രിസ്ത്യാനി അതിലേയ്ക്കുവേണ്ടി മൂന്നു രൂപാ ചിലവു ചെയ്യുവാൻ മടിക്കുന്നെങ്കിൽ അതു മഹാ സാഹസം തന്നെയായിരിക്കും.

## നസ്രാണിദീപിക:-

. . . . . ശ്രീയേശുക്രിസ്തുവിൻെറ ചരിത്രം അനേകം മഹാന്മാരാൽ അനവധി ഭാഷകളിൽ എഴുതപ്പെട്ടിട്ടുണ്ട്. എന്നാൽ ആബേ ഫ്വൊവർഡിനാൽ എഴുതപ്പെട്ടതിനോളം വിശദവും വിസ്തൃതവുമായ ഒരു ചരിത്രം വേറെ അധികം ഉണ്ടായിട്ടില്ലെന്നു തന്നെ പറയാം. തൻമൂലം ഈ ഗ്രന്ഥത്തിനു പ്രധാനപ്പെട്ട സകല ഭാഷകളിലും വിവർത്തനമുണ്ടാകയും അങ്ങനെ പ്രചുരമായ പ്രചാരം സിദ്ധിക്കയും ചെയ്തിട്ടുണ്ട്. . . . . . മി. ജോൺ ഒരു നല്ല ഭാഷാഗദ്യകാരനാണെന്നും അദ്ദേഹത്തിനു ഭാഷാന്തരീകരണത്തിന്നു പ്രത്യേകമൊരു വൈദഗ്ദ്ധ്യമുണ്ടെന്നുമുള്ളതു് ഈ കൃതി സ്പഷ്ടീകരിക്കുന്നു. മിക്കവാറും സ്വതന്ത്രമെന്നു തോന്നത്തക്ക നിലയിൽ അത്രത്തോളം ലാളിത്യവും പ്രസാദവും ഭാഷയ്ക്കും വാചകങ്ങൾക്കും കാണുന്നുണ്ട്. ശ്രേഷ്ഠമായ ഈ ഗ്രന്ഥം ഇതേ നിലയിൽ പൂർത്തിയാക്കിക്കിട്ടുന്നതു് മലയാളഭാഷയ്ക്കും ക്രിസ്തീയ സാഹിത്യത്തിനും ഒരുപോലെ ഒരു നല്ല സമ്പാദ്യമായിരിക്കുന്നതാണ്. മി. ജോണിനെ ഈ സദുദ്യമത്തിൽ സഹായിച്ചു പ്രോത്സാഹിപ്പിക്കേണ്ടതു ക്രിസ്ത്യാനികളുടെ പ്രത്യേകധർമ്മമാകുന്നു. മൂന്നു രൂപാ വില നിശ്ചയിച്ചിട്ടുള്ളതു പുസ്തകത്തിൻെറ വലിപ്പവും പ്രയോജനവും കടലാസ്സിൻെറയും അച്ചടിയുടെയും ഭംഗിയും ഓർമ്മിക്കുമ്പോൾ ഒട്ടും അധികമെന്നു പറയാനില്ല. ഈ ഉത്തമകൃതിക്കു മലയാളത്തിൽ നല്ല പ്രചാരം സിദ്ധിക്കട്ടെ എന്നു ഞങ്ങൾ ആശംസിച്ചുകൊള്ളുന്നു. . . . . . . . മി. ജോൺ ഈ പദ്ധതിയിൽ കൂടുതലായി പ്രവർത്തിച്ചുകാണ്മാൻ ഞങ്ങൾക്കു് ആഗ്രഹമുണ്ട്.

## മലയാള മനോരമ.

"........വളരെ ഭംഗിയായി വിവരിച്ചിരിക്കുന്നു........ ...വളരെ ഹൃദയംഗമമായിരിക്കുന്നു. ഈ ഗ്രന്ഥത്തിൻെറ ഒരു വലിയ മെച്ചം ഇതിലെ ഭാഷാരീതിയുടെ അക്ലിഷ്ടതയാകുന്നു..............പ്രസ്തുത ഗ്രന്ഥ

ത്തിൽ അവ്യാകൃതങ്ങളായ പദങ്ങൾ യാതൊന്നും കാണുന്നില്ല... പ്രൌഢിക്കും വിഷയഗാംഭീര്യത്തിനും യോജിക്കുന്ന പദപ്രയോഗം ചെയ്യുന്ന കാര്യത്തിൽ വളരെ ശ്രദ്ധിച്ചിട്ടുണ്ട്.........പ്രതിപാദ്യവിഷയത്തെപ്പററി മലയാളഭാഷയിൽ ഉണ്ടായിട്ടുള്ള ഏററവും നല്ല പുസ്തകമെന്ന് ഇതിനെക്കുറിച്ചു പ്രസ്താവിക്കുന്നതിൽ ആക്ഷേപത്തിനു വഴി കാണുന്നില്ല. ഈ ഗ്രന്ഥകാരൻ ക്രൈസ്തവസാഹിത്യത്തിൻെറ പരിപോഷണത്തിൽ ദത്തശ്രദ്ധനായിത്തീരുന്നുവെങ്കിൽ അതു മലയാളഭാഷയ്ക്കു് ഒരു വലിയ അനുഗ്രഹമായിരിക്കും...............”

പ്രതിദിനം:–

..............ക്രിസ്തുദേവൻെറ അവതാരം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള ജീവചരിത്രം സരളകോമളവും ഹൃദയസ്പൃക്കവുമായ രീതിയിൽ വിവരിക്കുന്ന ഒരു ഉൽകൃഷ്ടഗ്രന്ഥം ഇതുപോലെ മററൊന്നില്ലെന്നു വിദഗ്ദ്ധജനങ്ങൾ ഒന്നുപോലെ അഭിപ്രായപ്പെടുന്നുണ്ട്......... വിശുദ്ധ വേദപുസ്തകത്തിൽ നിന്നും ലഭിക്കുന്ന ക്രിസ്തുനാഥൻെറ ചരിത്രം അപൂർണ്ണവും സംക്ഷിപ്തവുമാണെന്നു കണ്ടിതപ്പെടുന്നവർക്കു ഈ ഗ്രന്ഥം വലിയൊരു അനുഗ്രഹമായിരിക്കുമെന്നുള്ളതിനു സംശയമില്ല. ബൈബിളും മററു ക്രിസ്തുമതഗ്രന്ഥങ്ങളും പ്രായേണ ഒരുതരം ഘനം കുറഞ്ഞ ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്നവയാണെന്നും അവ വായിച്ചാൽ ഭാഷാശുദ്ധി നശിക്കുമെന്നും ക്രൈസ്തവേതരന്മാർ പറയാറുണ്ട്. എന്നാൽ ഈ ഗ്രന്ഥം ഇതിനു വ്യത്യസ്തമായ ഒന്നാണെന്നു ഭാഷാപണ്ഡിതന്മാർപോലും സമ്മതിക്കുന്നതാണ്. ലളിതവും സുന്ദരവുമായ ഭാഷയിൽ ഇങ്ങനെ ഒരു വലിയ ഗ്രന്ഥം ചമയ്ക്കാൻ കഴിയുന്ന ഒരു ഗ്രന്ഥകാരനു കൈരളി വശംവദയാണെന്ന് ആരാണു സമ്മതിക്കാത്തതു്? മതഗ്രന്ഥമെന്ന നിലയിൽ ഉൽകൃഷ്ടസ്ഥാനത്തിനു അവകാശം സിദ്ധിച്ചിട്ടുള്ള ഈ ഗ്രന്ഥത്തെ അക്രൈസ്തവർപോലും സാഹിത്യഗുണത്തെക്കരുതി സമാദരിക്കുമെന്നു നിശ്ചയമായും പറയാം. ഈ ഗ്രന്ഥകാരൻ ബാക്കിഭാഗങ്ങൾകൂടി പ്രസിദ്ധീകരിച്ചു മലയാളികളേയും മലയാളഭാഷയേയും അനുഗ്രഹിച്ചു കാണ്മാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. കെട്ടും മട്ടും അച്ചടിയും വളരെ വിശേഷമായിരിക്കുന്ന ഈ വലിയ പുസ്തകത്തിനു വച്ചിരിക്കുന്ന വില ഒട്ടും തന്നെ അധികമായിട്ടില്ല..............

കോട്ടയം പത്രിക.:—

പാശ്ചാത്യ സാഹിത്യലോകത്തു സുപ്രസിദ്ധി നേടീട്ടുള്ള അബെഫ്. വാർഡിൻെറ പുസ്തകം പല യൂറോപ്യൻ ഭാഷകളിലേക്കും പണ്ടേ ഭാഷാന്തരം ചെയ്യിട്ടുള്ളതാണ്. “കത്തോലിക്കാദൂതനി”ൽ ഈ

പുസ്തകത്തിൻെറ ഏതാനും ഭാഗം തർജ്ജമ ചെയ്തു മി. സി. എം. ഫിലിപ്പ് ബി. ഏ. ബി. എൽ. ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിക്കണ്ടിട്ടുണ്ട്. എങ്കിലും ഏതോ കാരണവശാൽ അദ്ദേഹം അതു പൂർത്തിയാക്കിയില്ല. ആത്മപോഷിണിയുടെ ഉടമസ്ഥനും സാഹിതീരസജ്ഞനും ആയ റെവ. ഡീക്കൻ പി. ജോസഫ് അവർകൾ പ്രസ്തുത പുസ്തകത്തെ ഏതോ ഒരു ഹൈന്ദവപണ്ഡിതനെക്കൊണ്ടു മലയാളത്തിലാക്കുവാൻ ശ്രമിച്ചതായും അറിയാം.

ഇങ്ങനെ ഈ വിശിഷ്ട പുസ്തകം മലയാളത്തിലാക്കുവാൻ പലരും ഇതിനു മുൻപു ശ്രമിച്ചിട്ടുണ്ടെങ്കിലും ഇദംപ്രഥമമായി ഇതു പുസ്തകരൂപേണ പ്രസിദ്ധപ്പെടുത്താൻ സാധിച്ച മിസ്റ്റർ ജോൺ സർവ്വഥാ ശ്ലാഘാർഹനാണെന്നു പ്രസ്പഷ്ടമാണ്......... ഭാഷ ഹൃദ്യവും നിർദ്ദോഷവുമാണെന്നു നിസ്സംശയം അഭിപ്രായപ്പെടാം...............

ദാസൻ:—

......... ഭാഷാരീതി ലളിതവും സുഗ്രഹവുമാകുന്നു. ക്ലിഷ്ടപദങ്ങളും അബദ്ധപ്രയോഗങ്ങളും ഈ ഗ്രന്ഥത്തിൽ ഇല്ല തന്നെ...... വലിപ്പവും ഉപയോഗവും മെച്ചവും നോക്കുമ്പോൾ വില വളരെ നിസ്സാരം......മിസ്റ്റർ ജോണിൻെറ ഈ സാഹിത്യപരിശ്രമം അത്യന്തം ഉചിതവും കത്തോലിക്കാലോകത്തിൻെറ അഭിനന്ദനത്തിനു അദ്ദേഹം അർഹനുമാണ് ............. സാഹിത്യാഭിവൃദ്ധിയിൽ കാംക്ഷയുള്ളവരെല്ലാവരും ഇദ്ദേഹത്തെ യഥാശക്തി സഹായിക്കേണ്ടതാണ്...... ഈ......... സാഹിത്യസമ്പത്തിൻെറ ഓരോ പ്രതി എല്ലാ ഗൃഹങ്ങളിലും ഉണ്ടായിരിക്കണം.

കേരളകൌമുദി:—

... കേരളത്തിൽ ഇപ്പോൾ വളരെ ശക്തിയോടു കൂടി പ്രചരിച്ചുകൊണ്ടിരിക്കുന്ന ക്രിസ്തുമതത്തിൻെറ സ്ഥാപകനായ ശ്രീയേശുക്രിസ്തുവിൻെറ പൂർണ്ണമായ ഒരു ജീവചരിത്രം അറിയാനുള്ള കൌതുകം ക്രൈസ്തവേതരന്മാൎക്കും ഉള്ളതാണ്. ബൈബിളിലെ നാലു സുവിശേഷങ്ങളിൽനിന്നു ഗ്രഹിക്കാവുന്ന ക്രിസ്തുവിൻെറ ജീവചരിത്രം വളരെ അപൂർണ്ണവും ക്രൈസ്തവേതരന്മാൎക്കു തീരെ രസിക്കാത്ത ബൈബിൾഭാഷയിൽ അതു വായിച്ചറിയുന്നതു അസാധാരണ ജിജ്ഞാസയില്ലെങ്കിൽ നീരസപ്രദവുമാണ്. മി. ജോൺ വളരെ നല്ല മലയാളത്തിൽ ആൎക്കും രസകരമായ വായനക്കു ഉപയോഗപ്പെടത്തക്കവണ്ണം ക്രിസ്തുവിൻെറ വിശദവും പൂർണ്ണവുമായ ഒരു ജീവചരിത്രമാണ് മലയാളികളായ ക്രൈസ്തവൎക്കും അല്ലാത്തവൎക്കും ഇപ്പോൾ സമ്മാനിച്ചിരിക്കുന്നത്. സാഹിത്യകോടിയിൽ

ഗണിക്കപ്പെടാവുന്ന ക്രൈസ്തവഗ്രന്ഥങ്ങൾ മലയാളത്തിൽ ദുർല്ലഭമാകുന്നു. ഭാഷാസാഹിത്യം മുഴുവനുംതന്നെ ഹൈന്ദവസാഹിത്യമാണെന്നു പറയാം. ക്രിസ്തുമതത്തോടു ഇതരമതക്കാരായ മലയാളികൾക്കു ആ മതം അർഹിക്കുന്നവിധം ബഹുമാനാദരങ്ങൾ തോന്നാതിരിക്കുന്നതിനുള്ള കാരണം തന്നെ ഭാഷയിൽ ക്രിസ്തുമതസംബന്ധമായ നല്ല സാഹിത്യഗ്രന്ഥങ്ങൾ ഇല്ലാത്തതാകുന്നു എന്നാണു ഞങ്ങൾക്കു തോന്നുന്നതു്. ഇതു ഒരു ന്യൂനതയാണെന്നു ക്രൈസ്തവരിൽ തന്നെ പലരും ഗ്രഹിച്ചുകഴിഞ്ഞിരിക്കുന്നു എന്നു് സംസ്കൃതവിദ്യാഭ്യാസം തന്നെ ക്രൈസ്തവൎക്കു് ആവശ്യമാണെന്നുപോലും അവൎക്കു അഭിപ്രായമുണ്ടായിരിക്കുന്നു എന്നു കാണുന്നതിൽ നിന്നു അനുമാനിക്കാവുന്നതാകുന്നു. ക്രൈസ്തവസാഹിത്യവൎദ്ധനയിൽ കൌതുകമുള്ളവരെല്ലാവരും നല്ല ഒന്നാംതരം സാഹിത്യവാസനയുള്ള മിസ്റ്റർ ജോണിന്റെ ഈ ഉദ്യമം കഴിയുന്ന വേഗത്തിൽ പൂൎണ്ണമായിത്തീരുവാൻ അദ്ദേഹത്തെ വേണ്ടപോലെ പ്രോത്സാഹിപ്പിക്കുമെന്നു വിശ്വസിക്കുന്നു. ഇതിലെ ഗദ്യരീതി സരളവും മാധുൎയ്യമുള്ളതുമാകുന്നു. വിഷയഗൌരവത്തിനു ഹാനികരമായ ലാളിത്യത്തിനോ പാണ്ഡിത്യപ്രകടനത്തിനുവേണ്ടി മാത്രമായുള്ള ശബ്ദാഡംബരങ്ങൾക്കോ ശ്രമിക്കാതെ, പറയാനുള്ള കാൎയ്യം നേരെ പറഞ്ഞുപോകുന്ന ഒരു നല്ല ഗദ്യരീതി, ധാരാളം എഴുതി പഴക്കം വന്നവരെപ്പോലെ, മിസ്റ്റർ ജോണിനു സ്വാധീനപ്പെട്ടിട്ടുണ്ടെന്നു പുസ്തകത്തിന്റെ ഏതുഭാഗം വായിച്ചുനോക്കിയാലും കാണാവുന്നതാണ്. ഗ്രന്ഥത്തിനും ഗ്രന്ഥകൎത്താവിനും ഞങ്ങൾ സൎവ്വവിജയവും ആശംസിച്ചുകൊള്ളുന്നു.

# അന്തോനി പാദുവാ.

വില ണ. 10.

## അഭിപ്രായങ്ങൾ.

### മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകൾ.

My dear Mr. John,

I have read, with great interest, your Life of St. Antony of Padua, written in beautiful Malayalam. It is a valuable addition to the biographical literature of Kerala. There are interesting episodes in the lives of several early Christian Saints which our country should certainly heed and benefit by. I wish you every success.

Yours sincerely,

(Sd.) S. Parameswara Iyer.

തർജ്ജിമ.

നിങ്ങളുടെ മനോഹരമായ മലയാളത്തിൽ എഴുതപ്പെട്ടിരിക്കുന്ന പാദുവായിലെ സെയിൻറ് അൻറണിയുടെ ജീവചരിത്രം ഞാൻ ഉൽകടമായ രസത്തോടെ വായിച്ചു. കേരളത്തിലെ ജീവചരിത്രസാഹിത്യത്തിന് അതു് ഒരു അമൂല്യസമ്പാദ്യമാണ്. പുരാതന ക്രൈസ്തവപുണ്യവാന്മാരിൽ പലരുടെയും ജീവചരിത്രങ്ങളിൽ നമ്മുടെ നാട്ടുകാരുടെ ശ്രദ്ധയെ തീർച്ചയായും അർഹിക്കുന്നതും അവൎക്കു ഗുണത്തെ ചെയ്യുന്നതുമായ രസകരങ്ങളായ ഘട്ടങ്ങളുണ്ടു്. നിങ്ങൾക്കു ഞാൻ സൎവ്വ വിജയങ്ങളും ആശംസിക്കുന്നു.

### ജി. രാമൻമേനോൻ, എം. ഏ., ബി. എൽ. (നസ്രാണി ദീപികയിൽ)

......... ഭാഷയുടെ ഭംഗിയിലും സുഗ്രാഹ്യതയിലും ഈ പുസ്തകം മയ്യനാട്ടു ദേശത്തിന്റെ ഖ്യാതിക്കു ചേർന്നതു തന്നെ. കേരളീയഭാഷാപ്രണയികൾക്കു സുപരിചിതരായ മയ്യനാട്ടു മി. സി. വി. കുഞ്ഞുരാമന്റെയും

പരേതനായ മി. മയ്യനാട്ടു ജോസഫിന്റെയും ഭാഷാപ്രയോഗചാതുര്യം മി. ജോണിനും അന്യൂനമായി സിദ്ധിച്ചിട്ടുണ്ടെന്നു കാണുന്നതിൽ സന്തോഷിക്കുന്നു. എന്റെ പഴയ സ്നേഹിതന്മാരായ ആദ്യം പറഞ്ഞ രണ്ടുപേരും മയ്യനാടിനു നൽകിയിട്ടുള്ള പ്രശസ്തിയെ സംരക്ഷിക്കുന്നതിന് പുതിയ സ്നേഹിതനും യുവാവുമായ മി. ജോൺ എല്ലാവിധത്തിലും ശക്തനാണ്. സ്വല്പ കാലത്തിനിടയ്ക്കു തന്നെ ഇദ്ദേഹം പല മഹാ ഗ്രന്ഥങ്ങൾ രചിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ട്.

മഹാനുഭാവന്മാരും വിശുദ്ധരുമായ ക്രൈസ്തവഭക്തന്മാരിൽ ഒരാളാണ് സെയിന്റ് ആൻറണി. അദ്ദേഹം ക്രിസ്തുവർഷം ൧൧൯൫-ൽ പോർട്ടുഗൽ എന്ന യൂറോപ്യൻരാജ്യത്തിൽ ലിസ്ബൻ നഗരത്തിൽ ജനിച്ചു. ൧൨൩൧-ൽ ഇററലി രാജ്യത്തിൽ പാദുവാനഗരത്തിൽ വച്ചാണു ഈ പുണ്യവാൻ ദിവംഗതനായത്. ഈ ചുരുങ്ങിയ കാലത്തെ അദ്ദേഹം ജനങ്ങളുടെ ഇടയിൽ ഈശ്വരചിന്തയേയും ആത്മീയജീവിതത്തേയും ഉദ്ബുദ്ധമാക്കുന്നതിൽ വിജയപ്രദമായി വിനിയോഗിച്ചു. ഒരു നിത്യബ്രഹ്മചാരിയും സന്യാസിവര്യനും മതാചാര്യനുമായിരുന്ന സെയിന്റ് ആൻറണിയുടെ ജീവിതത്തിൽ പല അത്ഭുതങ്ങളും നടന്നതായി ഐതിഹ്യങ്ങളുണ്ട്. ഏകദേശം എഴുനൂറു കൊല്ലങ്ങൾക്കു മുമ്പു നടന്ന സംഭവങ്ങളെപ്പററിയുള്ള ഐതിഹ്യങ്ങളിൽ, പക്ഷേ, അതിശയോക്തികളും കലൎന്നിട്ടുണ്ടായിരിക്കാം. എന്നാൽ യഥാൎത്ഥമായ ഈശ്വരഭക്തിയും മനശ്ശുദ്ധിയുമുള്ളവരുടെ ജീവിതത്തിൽ അത്ഭുതങ്ങൾ ഉണ്ടാകുന്നത് അസാധാരണമല്ലെന്ന് ചരിത്രവും ഇപ്പോഴുള്ളവരുടെപോലും ദൃക്സാക്ഷിയും തെളിയിക്കുന്നു. ഇത്തരം അത്ഭുതങ്ങൾ പ്രകൃതിനിയമങ്ങൾക്കു വിരുദ്ധമാണെന്നും അതു കൊണ്ടു സത്യമായിരിക്കുകയില്ലെന്നും പറയുന്നത് അല്പജ്ഞതയുടെ ഫലം മാത്രമാണ്. പ്രകൃതിനിയമങ്ങളെല്ലാം നാം അറിഞ്ഞിട്ടില്ല. നമ്മുടെ സാധാരണങ്ങളായ അനുഭവങ്ങളിൽ കവിഞ്ഞുള്ള പ്രകൃതിനിയമങ്ങൾ ധാരാളമുണ്ടെന്നു ശാസ്ത്രജ്ഞന്മാരെല്ലാം സമ്മതിക്കുന്നു. ഇത്തരം നിയമങ്ങളിൽ ചിലതനുസരിച്ചാണ് വിശുദ്ധരായ മഹാത്മാക്കളുടെ ജീവിതത്തിലെ അത്ഭുതങ്ങൾ സംഭവിച്ചിട്ടുള്ളത് എന്നു വിചാരിക്കുന്നതാണ് അധികം യുക്തിയുക്തമായിട്ടുള്ളത്. ഈ പ്രപഞ്ചത്തിൽ ആന്തരികവും അദ്ധ്യാത്മവുമായ ഒരു ശക്തിയുണ്ടെന്നും അതിന്റെ പ്രവൎത്തനപദ്ധതികളാണ് പ്രകൃതിനിയമങ്ങളെന്നും ഭൗതികശാസ്ത്രജ്ഞന്മാരിൽപോലും പ്രഥമഗണനീയന്മാൎക്കു ബോധ്യമായിട്ടുണ്ട്. ആ സ്ഥിതിക്കു സൎവേശ്വരനിൽ ദത്തപ്രാണരായ മഹാത്മാക്കൾക്കു പ്രകൃതിവസ്തുക്കളെ ഇതരന്മാൎക്ക് അസാദ്ധ്യമായവിധത്തിൽ നിയന്ത്രിക്കാൻ സാധിക്കുന്നതു പ്രകൃത്യനുസൃതം തന്നെയാണ്. അദ്ധ്യാത്മജീവിതത്തിൽ താല്പൎയ്യമുള്ള എല്ലാവൎക്കും ഈ പുസ്തകം എത്രയും ഉൽബോധകവും പ്രയോജനപ്രദവുമായിരിക്കും.........................

നസ്രാണിദീപിക.

'ശ്രീ യേശുക്രിസ്തു' എന്ന വിശിഷ്ടവും വിപുലവുമായ ഗ്രന്ഥതല്ല ജത്താൽ പ്രസിദ്ധനായിത്തീന്നിട്ടുള്ള മയ്യനാട്ടു മി. എ. ജോൺ ബി. ഏ. യുടെ പുതിയ കൃതിയാണ് അന്തോനി പാദുവാ എന്നു പറഞ്ഞാൽ ഉത്തമമായ ഉള്ളടക്കംകൊണ്ടെന്നപോലെതന്നെ ഉൽകൃഷ്ടമായ ഭാഷാരീതികൊണ്ടും ആദരണീയമായിരിക്കും എന്നു ആരും അനുമാനിക്കാതിരിക്കുകയില്ല. വാസ്തവവും അങ്ങനെതന്നെയാണെന്നു അതിശയോക്തിസ്പർശം കൂടാതെ പറയാം......................സാക്ഷാത്തായ മനുഷ്യമഹത്വത്തിൻെറയും പരിപൂൎണ്ണതയുടെയും മൂൎദ്ധാഭിഷിക്ത ദൃഷ്ടാന്തങ്ങളായി എക്കാലവും പരിശോഭിക്കുന്നവരും ക്രിസ്തുവിൻെറ ധൎമ്മോപദേശങ്ങളുടെ അന്യാദൃശമായ മാഹാത്മ്യത്തേയും പ്രയോഗക്ഷമതയേയും സുസ്പഷ്ടമായി തെളിയിച്ചിട്ടുള്ളവരുമായ മഹാത്മാക്കളാണ് സാക്ഷാൽ മഹാത്മാക്കൾ. അവരുടെ സാഹിത്യഗുണം തികഞ്ഞ ജീവചരിത്രഗ്രന്ഥങ്ങൾ മലയാളഭാഷയിൽ തുലോം വിരളമാണ്. ഈ കുറവിനെ പരിഹരിക്കുന്നതിനുള്ള ശ്രമംതന്നെ അഭിനന്ദനാർഹമാണെന്നിരിക്കെ, അക്കാൎയ്യത്തിലുള്ള വിജയകരമായ സഫലശ്രമത്തെപ്പററി എന്തു പറയട്ടെ...............ജീവചരിത്രങ്ങൾ പൊതുവായും, പുണ്യവാന്മാരുടേതു പ്രത്യേകമായും രസശൂന്യമാണെന്നു വിചാരിക്കുന്നവർ ഈ ഗ്രന്ഥം ഒരാവൎത്തി വായിച്ചുനോക്കുകതന്നെവേണം. ഒന്നാംതരം നോവലുകളിൽ മാത്രമുള്ള പരിണാമഗുപ്തിയാണ് പ്രസ്തുത ഗ്രന്ഥത്തിൽ കാണുന്നതു്.

മലയാളരാജ്യം:—

'ശ്രീയേശുക്രിസ്തു എന്ന വിശിഷ്ടഗ്രന്ഥത്തിൻെറ കൎത്താവായ മയ്യനാട്ടു മി. എ. ജോൺ ബി. ഏ—യെ മലയാളവായനക്കാരെ പറഞ്ഞു പരിചയപ്പെടുത്തേണ്ട ആവശ്യമില്ല ........ അക്ലിഷ്ടമനോഹരമായ ഒരു ഗദ്യരീതി വശമാക്കിയിരിക്കുന്ന ഈ യുവാവായ ഗ്രന്ഥകാരൻ 'മഹാത്മാക്കൾ' എന്ന പേരിൽ ത്രൈമാസികയായി പ്രസിദ്ധപ്പെടുത്തുവാൻ നിശ്ചയിച്ചിരിക്കുന്ന ഒരു ജീവചരിത്രപരമ്പരയിലെ ൧—ാം നമ്പർ പുസ്തകമാണ് സെയിൻറു അൻറണി എന്ന വിശുദ്ധൻെറ ജീവിതകഥയടങ്ങിയ ഈ പുസ്തകം............൨൦ അദ്ധ്യായങ്ങളായി അന്തോനിപാദുവായുടെ ജീവിതകഥ അതിമനോഹരമായ രീതിയിലും ഭാഷയിലും ഇതിൽ വിവരിച്ചിട്ടുണ്ട്............ ഫ്രാൻസിസ്കൻ സന്യാസിസംഘത്തിൽചേൎന്നു പ്രസിദ്ധമായ കുരിശുയുദ്ധകാലത്തു് ആ യുദ്ധത്തിനു അനഭിമുഖനായി സമുദായശുശ്രൂഷചെയ്തു് ക്രിസ്ത്യാനികളെ ക്രിസ്തുവിൻെറ ജീവിതരീതിയിലേക്ക് ഉയൎത്തുവാൻ അശ്രാന്തപരിശ്രമം ചെയ്തിരുന്ന ഈ സിദ്ധൻെറ ജീവിതം മലയാളത്തിലെ ക്രൈസ്തവസന്യാസിമാരും ഹിന്ദുസന്യാസിമാ-

രും മാതൃകയാക്കിയിരുന്നുവെങ്കിൽ മലയാളം ഇതിനു മുമ്പുതന്നെ മനോഹരമായിത്തീരുമായിരുന്നു. ഈ സിദ്ധൻെറ ജീവചരിത്രം എഴുതിയിരിക്കുന്ന ഗദ്യരീതി ക്രൈസ്തവഗ്രന്ഥങ്ങൾ മാതൃകയാക്കിയിരുന്നെങ്കിൽ അവയിലെ മലയാളവും മനോഹരമായിത്തീരുമായിരുന്നു. മതവിഷയകമായ ഒരു ഗ്രന്ഥമാണിതെങ്കിലും ഇതിലെ കഥ ഒരു റോമൻസുപോലെ മതഭക്തരല്ലാത്തവക്കും വായിക്കുവാൻ രസമുള്ളതാണ്. ................ .....

കോട്ടയം പത്രിക:-

"................ ക്രൈസ്തവക്ക് സാഹിത്യഗുണം നിറഞ്ഞ കൃതികൾ രചിക്കുന്നതിനറിയാമോ എന്ന് ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ അവർ ഞങ്ങളുടെ ഇന്നത്തെ വിമശ്നവിഷയമായ 'അന്തോനിപാദുവാ' എന്ന കൃതിയൊ ഇതിൻെറ കത്താവായ മി. ഏ. ജോൺ ബി. ഏ. ഏതാനും കൊല്ലങ്ങൾക്കു മുമ്പ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 'ശ്രീ യേശുക്രിസ്തു' എന്ന വിശിഷ്ടഗ്രന്ഥതല്ലജമോ ഒരാവത്തി വായിക്കുന്നതുകൊള്ളാം. 'ശ്രീ യേശുക്രിസ്തു' എന്ന കൃതി ജാതിമതഭേദമെന്യേ സകലരുടെയും ഹൃദയംഗമമായ അഭിനന്ദനത്തിനു വിഷയീഭവിച്ചിട്ടുള്ളതാണ് ............ 'മഹാത്മാക്കളുടെ പ്രവൃത്തിയാകുന്ന കാററ് ഏതു ഭാഗത്തേക്കു വീശുന്നുവോ ആ ഭാഗത്തേക്കു ജനസാമാന്യത്തിൻെറ പ്രവൃത്തിയാകുന്ന പുൽച്ചെടിയുടെ തല ചായിക്കുന്നു'വെന്നാണ് മഹാന്മാരുടെ സിദ്ധാന്തം......... അക്ലിഷ്ടമനോഹരവും സാഹിത്യഗുണം തികഞ്ഞതുമായ ഈ കൃതി കേവലം ഒരു ജീവചരിത്രരീതിയിലല്ല രചിച്ചിരിക്കുന്നത്. ഇതിനു ഒരു ആഖ്യായികയുടെ പല ഗുണങ്ങളുമുള്ളതുകൊണ്ട് വായിക്കുന്നതിനു് ഒരു പ്രത്യേക കൌതുകമുണ്ടെന്നുള്ളത് ഇതിനുള്ള ഒരു വിശേഷഗുണമാണ്. മി. ജോൺ ഗവമ്മെൻറിൻെറയും പ്രത്യേകം ക്രൈസ്തവരുടെയും എല്ലാ വിധത്തിലുമുള്ള പ്രോത്സാഹനങ്ങളെ സവിശേഷം അർഹിക്കുന്നുണ്ട്. മി. ജോണിൻെറ സാഹിത്യപരിശ്രമം പുണ്യവാന്മാരുടെ ജീവചരിത്രപ്രസിദ്ധീകരണവിഷയത്തിൽ പതിഞ്ഞതിൽ അദ്ദേഹത്തെ ഞങ്ങൾ ഹാർദ്ദമായി അഭിനന്ദിക്കുകയും പരിശ്രമസ്വഭാവനായ ഗ്രന്ഥകാരനു ഞങ്ങൾ സകല വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

സത്യനാദം:-

"............അന്തോനി പാദുവായെന്നും പാദുവായിലെ അന്തോനിയെന്നും പറയപ്പെടുന്ന സവ്വലോകവന്ദ്യനായ ആ പുണ്യപുരുഷൻെറ ചരിത്രത്തെ സമ്യക്കായി പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം ക്രൈസ്തവ കൈരളിക്കു ഒരു കനകാഭരണമായിത്തന്നെ കരുതേണ്ടിയിരിക്കുന്നു.......... അത്ഭുതപ്രവത്തകനായ വി. അന്തോനിയുടെ ചരിത്രത്തോടു സംബന്ധ

മുള്ളതായി ഇടയ്ക്കിടെ ഉദ്ധരിക്കപ്പെടുന്ന സംഭവങ്ങൾ ഈ ഗ്രന്ഥത്തിന്റെ പാരായണത്തെ രസകരമാക്കിത്തീർക്കുകയും ചെയ്യുന്നു.............. ഇങ്ങനെ ഈ പുസ്തകത്തിലെ അർത്ഥസമർത്ഥങ്ങളും രസകരങ്ങളുമായ ഉള്ളടക്കങ്ങളെ എടുത്തു പറയുകയാണെങ്കിൽ വളരെയുണ്ട്. മി. ജോണിന്റെ ഭാഷാരീതി 'ശ്രീ യേശുക്രിസ്തു' എന്ന ഗ്രന്ഥംകൊണ്ടു തന്നെ സുസമ്മതമായിത്തീർന്നിട്ടുള്ള ഒന്നാകയാൽ അതിനെപ്പററി വിശേഷിച്ചൊന്നും ഇവിടെ പറയേണ്ട ആവശ്യമില്ല.

---

# കന്യകാമറിയം.

## ഒരു ജീവചരിത്രം.

വില അണ ൧൪.

---

## അഭിപ്രായങ്ങൾ.

---

നസ്രാണിദീപിക:-

'ശ്രീ യേശുക്രിസ്തു'വെന്ന പ്രൌഢമായ ഗ്രന്ഥത്തിന്റെ പ്രണേതാവുതന്നെയാണ് 'കന്യകാമറിയ'ത്തിന്റെയും രചയിതാവ്. പുത്രന്റെ ജീവചരിത്രം പരിപൂർണ്ണമാകണമെങ്കിൽ മാതാവിന്റെ ജീവചരിത്രം കൂടി വേണമല്ലോ. അതിനാൽ മി. ജോൺ തന്റെ 'മഹാത്മാക്കൾ' എന്ന ജീവചരിത്ര പരമ്പരയുടെ രണ്ടാംഭാഗമായി യേശുനാഥന്റെ ജനനിയായ ആ മഹാസുകൃതിനിയുടെ പാവനചരിതം പ്രസിദ്ധപ്പെടുത്തിയതിന്റെ ഉചിതജ്ഞതയെപ്പററി വിശേഷവിധിയായി ഒന്നുംതന്നെ പറയേണ്ടതില്ല. മഹത്തുക്കളുടെ ജീവചരിത്രങ്ങൾ എക്കാലവും ഏതു ഭാഷയ്ക്കും ഒരു നിധിതന്നെയാണ്. 'കന്യകാമറിയം'പോലുള്ള പവിത്ര ചരിത്രങ്ങൾ ഭാഷാസാഹിത്യനഭോമണ്ഡലത്തിൽ അക്ഷയഭാസ്സോടെ പരിലസിച്ച് അന്ധകാരനിബിഡിതമായ സംസാരസാഗരത്തെ തരണം ചെയ്യുന്ന പ്രാപഞ്ചികന്മാൎക്കു മാർഗ്ഗരക്ഷയെ പ്രദാനം ചെയ്യുന്ന ദിവ്യജ്യോതിസ്സുകളത്രെ. പക്ഷെ, മലയാളഭാഷക്ക് ഇത്തരം സാഹിത്യസമ്പത്തില്ലുള്ള ദാരിദ്ര്യം ശോചനീയമാണ്. ഈ പോരായ്മയെ ഗണ്യമായവിധം പരിഹരിക്കുന്ന ഒരു കാവ്യതല്ലജമാണ് 'കന്യകാമറിയം' ഇതിന്റെ ദാതാവ് കേരളീയരുടെ അകൈതവമായ അഭിനന്ദനത്തിനും കൃതജ്ഞതയ്ക്കും തികച്ചും അർഹൻതന്നെ.........................

പ്രശാന്തഗംഭീരവും എന്നാൽ പ്രൌഢസുന്ദരവുമായ ഗദ്യത്തിൽ വിരചിതമായ ഈ പവിത്ര ചരിത്രത്തിന്റെ പ്രഥമപക്ഷത്തിൽ അക്ഷിപതിക്കുവാൻ ഭാഗ്യമുണ്ടാകുന്ന വാചയിതാക്കൾ നിശ്ചയമായും അതിന്റെ അവസാനം കാണാതെ വിരമിക്കുകയില്ല. രസകരമായ ഒരു നോവലിനു ചേന്ന കഥാകഥനരീതിയിലും, സാഹിതീരസം കവിഞ്ഞൊഴുകുന്ന ഭാഷയിലും ഈ കൃതിയിൽ തൽകത്താവു കന്യകാമറിയത്തിന്റെ അമലോത്ഭവം മുതലുള്ള അമലമനോഹരമായ ജീവചരിത്രം ഏററവും യുക്തിയുക്തം പ്രതിപാദിച്ചിരിക്കുന്നു. ക്രിസ്ത്യേതരർക്കു ക്രിസ്ത്രീയസാഹിത്യത്തോടുള്ള അവജ്ഞ അതിന്റെ ഭാഷാവൈകല്യമാണെങ്കിൽ ആ കാരണവും കന്യകാമറിയത്തിന്റെ ആവിർഭാവത്തോടുകൂടി അസ്തമിച്ചിരിക്കുന്നു എന്നു പറയാം. ഇത്ര ലാളിത്യമേറിയ ഭാഷയിൽ നിമ്മിതമായ കൃതികൾ മലയാളത്തിൽ അത്രധാരാളമില്ല. സാഹിത്യകുശലനായ മി. സി. വി. കുഞ്ഞുരാമന്റെ അവതാരിക 'കന്യകാമറിയ'ത്തെ കേരളീയരെല്ലാം ജാതിമതഭേദമെന്യേ വേണ്ടപോലെ ആദരിക്കുവാൻ സഹായിക്കുമെന്നു വിശ്വസിക്കുന്നു. ഇത്ര ഉപകാരപ്രദമായ ഒരു കൃതിയെ മലയാളഭാഷക്കു സമ്മാനിച്ച ഗ്രന്ഥകത്താവിനെ ഹാർദ്ദമായി അഭിനന്ദിച്ചുകൊള്ളുന്നു. മേലിലും മി. ജോൺ ഈദൃശകൃതികൾ ധാരാളം എഴുതി ഭാഷായോഷയെ അലങ്കരിക്കുവാൻ കന്യകാമറിയം സഹായിക്കട്ടെ.

മലയാള മനോരമ:—

'മഹാത്മാക്കൾ' എന്ന ഗ്രന്ഥാവലിയിലെ രണ്ടാംനമ്പരായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഒരു നല്ല പുസ്തകമാണിതു്. ക്രൈസ്തവലോകം ഒരു തരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ, ശ്രീയേശുക്രിസ്തുവിന്റെ മാതാവാകാൻ ഭാഗ്യമുണ്ടായ വിശുദ്ധ കന്യകമറിയാമിൽ ദിവ്യത്വം ദശിക്കുന്നുണ്ടല്ലോ. ആ പുണ്യവതിയുടെ ജീവിതചരിത്രം മലയാളഭാഷയിൽ തന്നെ ഇതിനു മുൻപു പ്രസിദ്ധീകൃതമായിട്ടുണ്ടു്. അവയിൽ മൂന്നുനാലെണ്ണം ഞങ്ങൾക്കു കാണ്മാനിടയായിട്ടുമുണ്ടു്. ഭാഷാശുദ്ധിയേ സംബന്ധിച്ചിടത്തോളം മാത്രമല്ല, ആ പുസ്തകങ്ങളെ ഈ പുതിയ പുസ്തകം അതിശയിക്കുന്നതു്. ഹൃദയസ്പർശകമായ പല വണ്ണനകളും വളരെ തന്മയത്വത്തോടുകൂടി ഇതിൽ ചെയ്തിരിക്കുന്നു. 'കർവാരിമലയിൽ' എന്ന ൧൨-ാമദ്ധ്യായം ക്രൈസ്തവഭക്തന്മാക്കു തരളഹൃദയരാകാതെ വായിക്കുവാൻ സാധിക്കാത്തവണ്ണം അത്രമാത്രം നന്നായിട്ടുണ്ടു്. ഈ പുസ്തകം പല ഇംഗ്ലീഷ് ഗ്രന്ഥങ്ങളെ ഉപജീവിച്ചെഴുതിയിട്ടുള്ളതാണെന്നു കാണുന്നു. കന്യകാമറിയാമിനെപ്പററി പല പുതിയ അറിവുകളും ഈ പുസ്തകത്തിൽ നിന്നു ലഭിക്കുന്നുണ്ടു്. ആദ്ധ്യാത്മികമായ ഒരു പ്രബുദ്ധതയും, ആദശശുദ്ധിയും വായനക്കാരിൽ പ്രതിഫലിപ്പിക്കുവാൻ പയ്യാപ്തമായ ഈ പുസ്തകത്തിന്റെ അവതാരിക മി. സി. വി. കുഞ്ഞുരാമനാണെഴുതിയിട്ടുള്ളതു്.

മലയാളരാജ്യം.

മയ്യനാട്ട് മി. ഏ. ജോൺ ബി. ഏ. 'ശ്രീയേശുക്രിസ്തു' എന്ന് വിശിഷ്ട ഗ്രന്ഥംവഴി സാഹിത്യലോകത്തിൽ ബഹുമാനകരമായ ഒരു സ്ഥാനം സമാർജ്ജിച്ചിട്ടുള്ള ഒരു യുവാവാകുന്നു. ക്രിസ്തുവിന്റെ മാതാവായ കന്യകാമറിയത്തിന്റെ ജീവചരിത്രവും ആ വിശുദ്ധവനിതയെ കത്തോലിക്കർ നിത്യകന്യകയും ദേവമാതാവുമായി പൂജിച്ചുവരുന്നതിനെക്കുറിച്ച് അകത്തോലിക്കരായ പ്രോട്ടസ്റ്റാൻറുകാരും മററുമുള്ള ആക്ഷേപങ്ങൾക്കു സപ്രമാണമായ സമാധാനങ്ങളും അടങ്ങിയ ഈ പുസ്തകം ക്രിസ്തുവിനെക്കുറിച്ചു പൂർണ്ണമായി അറിയണമെന്നു ആഗ്രഹമുള്ളവരെല്ലാം വായിച്ചിരിക്കേണ്ടതാണെന്നുള്ളതിനു യാതൊരു സംശയവുമില്ല.......................................ക്രിസ്തുചരിത്രം ബൈബിളിൽ എത്ര അപൂർണ്ണമാണോ അതിലധികം അപൂർണ്ണമാണ് കന്യകാമറിയത്തിന്റെ ചരിത്രം. ഈ അപൂർണ്ണചരിത്രങ്ങൾ രണ്ടും ഗ്രന്ഥാന്തരങ്ങളെ പരിശോധിച്ചു കഴിവുള്ളിടത്തോളം പൂർണ്ണമാക്കി മലയാളികളായ ക്രൈസ്തവർക്കും ഇതരന്മാർക്കും സുഖകരമായി വായനയ്ക്കു ഉപയുക്തമായിത്തീരത്തക്കവണ്ണം സരളമധുരമായ മലയാളഗദ്യത്തിൽ രണ്ടു പുസ്തകങ്ങൾ നിർമ്മിക്കാൻ മി. ജോൺ ചെയ്തിട്ടുള്ള ശ്രമം അഭിനന്ദനീയമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ലോകത്തിലുള്ള അനേകകോടി ജനങ്ങൾക്കു ആരാധ്യനായിത്തീർന്നിരിക്കുന്ന ക്രിസ്തുദേവന്റെ ജനനിയെന്നുള്ള ഏകകാരണത്താൽതന്നെ ദേവമാതാവായിത്തീർന്നിരിക്കുന്ന ഒരു അസാധാരണ സുകൃതിനിയാണ് കന്യകാമറിയം എന്ന് നിസ്സംശയം പറയാവുന്നതാണ്.......................................യുക്തിവാദങ്ങൾ, നിയമം വിട്ടടിക്കുന്ന കാററു സമുദ്രത്തിന്റെ മുകൾപ്പരപ്പിൽ ചില ചലനങ്ങൾ ഉണ്ടാക്കുന്നതുപോലെ, അല്പപക്ഷക്കാരടങ്ങിയ പണ്ഡിതലോകത്തിൽ ചില ചലനങ്ങൾ ഉണ്ടാക്കുമെങ്കിലും ആഴിയുടെ അഗാധമായ അടിത്തട്ടുപോലെ ജനസമുദായത്തിന്റെ അടിത്തട്ടും നിശ്ചലമായിത്തന്നെയിരിക്കും. ദേവമാതാവിന്റെ പൂജയാണ് കത്തോലിക്ക് മതത്തിന്റെ അടിത്തട്ടിനെ നിശ്ചലമായി സൂക്ഷിക്കുന്നത്. സ്ത്രീലോകത്തിന് ഉൽകർഷം നൽകുന്ന ഈ നിർദ്ദോഷമായ പൂജയുടെനേരേ രൂക്ഷതയോടെ പ്രയോഗിക്കുന്ന അകത്തോലിക്കരുടെ യുക്തിവാദത്തെ ദേവമാതാവിന്റെ പരിശുദ്ധാത്മാവിൽനിന്നുള്ള ഗർഭധാരണത്തിന്റെ നേരേ തിരിച്ചുവച്ചാലത്തെ കഥയെന്തെന്നു അവർ ഓർക്കാത്തതു ആശ്ചര്യമായിരിക്കുന്നു. പുസ്തകത്തിൽ ചേർത്തിട്ടുള്ള കന്യകാമറിയത്തിന്റെയും ബാലനായ ക്രിസ്തുവിന്റെയും മനോഹരചിത്രങ്ങൾക്കു ബ്ലോക്കുനിർമ്മിച്ച ശ്രീരാമവിലാസം ബ്ലോക്കുമേക്കർ മി. ഏ. ചെല്ലപ്പൻ പിള്ളയുടെ സാമർത്ഥ്യവും പ്രശംസനീയമായിരിക്കുന്നു. ൧൪ അണ വിലയ്ക്കു കിട്ടുന്ന ഈ പുസ്തകത്തിന്റെ ഓരോപ്രതി എല്ലാ ക്രൈസ്തവഗൃഹങ്ങളിലും ഉത്തമസാഹിത്യഗ്രന്ഥങ്ങൾ ഏതുമതത്തെ സംബന്ധിച്ചുള്ളതായാലും വായിച്ചിരിക്കേണ്ടതാണെന്നഭിപ്രായമുള്ളവരുള്ള ഇതരഗൃഹങ്ങളിലും ഉണ്ടായിരിക്കേണ്ടതാണ്.

അതുകൊണ്ടു ആ ഗ്രഹങ്ങളിലുള്ള ഗ്രന്ഥശേഖരത്തിന്റെ വിലയും പ്രയോജനവും വൎദ്ധിക്കുമെന്നുള്ളതിനു സംശയമില്ല. ക്രിസ്തുമതസംബന്ധമായ സാഹിത്യഗ്രന്ഥങ്ങൾക്കു മലയാളഭാഷയിൽ ഉള്ള ദാരിദ്ര്യത്തെ പരിഹരിക്കുവാൻ മി. ജോൺ ചെയ്തുവരുന്ന വിജയകരമായശ്രമം പൊതുജനങ്ങളുടെ മാത്രമല്ല, ഗവൎമ്മെന്റിന്റെയും വിദ്യാഭ്യാസമേലധികാരികളുടെയും പ്രോത്സാഹനത്തിനൎഹമാണ്.

കോട്ടയം പത്രിക.

............... കന്യകാമറിയത്തെപ്പററി വിദേശഭാഷകളിൽ രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ സംഖ്യാതീതങ്ങളാണെങ്കിലും ക്രൈസ്തവമതത്തെപ്പററിയോ കന്യകാമറിയത്തെക്കുറിച്ചോ ഇവിടെയുള്ള അക്രൈസ്തവൎക്കു ഒന്നുംതന്നെ അറിഞ്ഞുകൂടാ. നേരെമറിച്ചു ക്രൈസ്തവൎക്കു ഹിന്ദുമതത്തെപ്പററിയും ഇസ്ലാംമതത്തെപ്പററിയും ബുദ്ധമതത്തെപ്പററിയും സാമാന്യമായ ജ്ഞാനമെങ്കിലുമുണ്ട്. ഈ വ്യത്യാസത്തിനുള്ള കാരണം ക്രൈസ്തവമതസിദ്ധാന്തങ്ങൾക്കു ആശയവൈശിഷ്ട്യമില്ലാത്തതല്ല,—പരിപാവനമായ ക്രൈസ്തവമതത്തിലെ നിസ്സാരങ്ങളായ സിദ്ധാന്തങ്ങൾപോലും വിശിഷ്ടാശയങ്ങളാൽ അലംകൃതമാണു—സാഹിത്യഗുണമുള്ള ക്രൈസ്തവഗ്രന്ഥങ്ങൾ നമ്മുടെ ഭാഷയിൽ തുലോം കുറവായിരിക്കുന്നതാണ്. ഹിന്ദുമതപുരാണങ്ങളെയും മററും ക്രോഡീകരിച്ചു എഴുതിയിട്ടുള്ള പുസ്തകങ്ങൾക്കു പാഠപുസ്തകങ്ങളുടെ പട്ടികയിൽ നിൎബാധം സ്ഥലം പിടിക്കാമെങ്കിൽ ജിജ്ഞാസാസംവൎദ്ധകവും ചമൽകാരസംപൂൎണ്ണവും, ഭക്തിപരിപോഷകവുമായ ക്രൈസ്തവകൃതികൾക്കും അവിടെ സ്ഥലമുണ്ടാകാതെ വരികയില്ലെന്നാണു ഞങ്ങൾ വിചാരിക്കുന്നത്. 'ശ്രീയേശുക്രിസ്തു', 'അന്തോനിപാദുവാ' എന്നീ വിശിഷ്ടഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്താൽ പ്രസിദ്ധനായിത്തീൎന്നിട്ടുള്ള മയ്യനാട്ടു മി. എ. ജോൺ ബി. ഏ യുടെ വേറൊരു കൃതിയാണു 'കന്യകാമറിയം' എന്ന ഈ ഗ്രന്ഥതല്ലജം .................................
.................മി. ജോണിന്റെ മററു കൃതികൾപോലെ തന്നെ 'കന്യകാമറിയം' എന്ന ഈ ഗ്രന്ഥതല്ലജവും സാഹിത്യഗുണം നിറഞ്ഞതും, അക്ലിഷ്ടമനോഹരവുമായ ഒരു കൃതിയാണെന്നു അഭിപ്രായപ്പെടുന്നതിനു ഞങ്ങൾക്കു വളരെ സന്തോഷമുണ്ട്. ഗവൎമ്മെണ്ടിന്റെയും പൊതുജനങ്ങളുടെയും സൎവ്വവിധസഹായസഹകരണങ്ങളും, മി. ജോൺ അൎഹിക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ സാധാരണയായി പ്രോത്സാഹനങ്ങളും മററും ലഭിച്ചുകൊണ്ടിരിക്കുന്നത് അതിനൎഹന്മാൎക്കല്ല; മററു ചില ഗുണമുള്ളവൎക്കാണെന്നു ഞങ്ങൾക്കറിയാമെങ്കിലും ആ ദുഃസ്ഥിതി എന്നും നിലനിൽക്കുകയില്ലെല്ലോ എന്നോൎത്തു ഞങ്ങൾ സമാശ്വസിക്കുകയും മി. ജോണിന്റെ പ്രശംസനീയമായ ശ്രമത്തെ ഞങ്ങൾ സൎവ്വാത്മനാ ശ്ലാഘിക്കയും അദ്ദേഹത്തിനു സകലവിജയങ്ങളും ആശംസിക്കയും ചെയ്യുന്നു.

DHARMARAM LIBRARY
BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

DC Library
*00002144*
K04 M45

# ക്രിസ്തുവിന്റെ

## ചരമകാലം

മല്ലനാട്ട് ജോൺ

TRAL LIBRARY
04
455
AM BANGALORE

Indic Digital Archive Foundation
gpura.org